# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

**2018 ജൂൺ 4, തിങ്കൾ**

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 172 -നമ്പർ 1

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 4, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

700/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവുംവിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം)
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടക്കൽ)
8. ശ്രീ. വി. എസ്. അച്യുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
17. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
18. ശ്രീ. പി.വി. അൻവർ (നിലമ്പൂർ)
19. ശ്രീ. അൻവർ സാദത്ത് (ആലുവ)
20. ശ്രീ. എ. എം. ആരിഫ് (അരൂർ)
21. പ്രൊഫ. കെ.യു. അരുണൻ (ഇരിങ്ങാലക്കുട)

22. ശ്രീമതി സി.കെ. ആശ (വൈക്കം- എസ്.സി.)
23. ശ്രീ. കെ. ബാബു (നെന്മാറ)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി.)
25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)
26. ശ്രീ. വി. ടി. ബൽറാം (തൃത്താല)
27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
28. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)
29. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
30. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
31. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
32. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)
33. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
34. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)
35. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
36. ശ്രീ. കെ.ബി.ഗണേഷ് കുമാർ (പത്തനാപുരം)
37. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)
38. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)
39. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
40. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)
41. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
42. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
43. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
44. ഡോ. കെ. ടി. ജലീൽ (തവനൂർ)
45. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

46. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
47. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
48. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)
49. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)
50. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
51. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
52. ശ്രീ. വി. ജോയി (വർക്കല)
53. ശ്രീ. ഒ.ആർ. കേളു (മാനന്തവാടി-എസ്.ടി.)
54. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)
55. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)
56. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
57. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
58. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി)
59. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)
60. ശ്രീ. സി. മമ്മൂട്ടി (തിരൂർ)
61. ശ്രീ. കെ. എം. മാണി (പാലാ)
62. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
63. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)
64. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
65. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)
66. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
67. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
68. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)
69. ശ്രീ. എം. മുകേഷ് (കൊല്ലം)

70. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

71. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

72. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

73. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

74. ശ്രീ. സി. കെ. നാണു (വടകര)

75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

77. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

78. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

79. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

80. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

81. ശ്രീമതി യു. പ്രതിഭ ഹരി (കായംകുളം)

82. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

83. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

84. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

85. ശ്രീ. ഒ. രാജഗോപാൽ (നേമം)

86. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

87. ശ്രീ. കെ. രാജൻ (ഒല്ലൂർ)

88. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

89. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

90. . ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

91. ശ്രീ. കെ. രാജു (പുനലൂർ)

92. ശ്രീ. രാജു എബ്രഹാം (റാന്നി)

93. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

94. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

95. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

96. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

97. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

98. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

99. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

100. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

101. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

102. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

103. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)

104. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)*

105. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

106. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

107. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

108. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

109. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

110. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

111. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

112. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

113. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

114. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

115. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

116. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

117. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

---

* 4-6-2018-ന് സത്യപ്രതിജ്ഞ ചെയ്ത് നിയമസഭാംഗമായി ചുമതലയേറ്റു

118. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

119. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

120. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

121. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

122. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

123. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

124. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

125. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

126. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

128. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

129. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

130. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

131. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

132. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

133. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

134. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

135. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

136. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

137. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി)

138. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

139. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

140. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

141. ശ്രീ. എം. വിൻസെന്റ് (കോവളം).

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

ഡോ. കെ. ടി. ജലീൽ, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

ശ്രീ. മാത്യു ടി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

ശ്രീ. എ. സി. മൊയ്തീൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ളാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി

പൊതുവിദ്യാഭ്യാസം

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

സാക്ഷരതാ പ്രവർത്തനം

എൻ.സി.സി.

അസാപ് (ASAP)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..80

II. **ചരമോപചാരം**

ഡോ. എ. വി. ഐസക്കിന്റെ നിര്യാണം ..506

**III. സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ** ..506

**IV. ചെയർമാൻമാരുടെ പാനൽ** ..507

**V. അടിയന്തരപ്രമേയം**

കെവിന്റെ കൊലപാതകം

(അവതരണാനുമതി നിഷേധിച്ചു) ..507

**VI. ശ്രദ്ധ ക്ഷണിക്കൽ**

(1) കടലാക്രമണ പ്രതിരോധ നടപടികൾ

-ശ്രീ. എ. എൻ ഷംസീർ ..532

**രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ**

(അവതരിപ്പിച്ചിട്ടില്ല.) ..532

**VII. സബ്മിഷൻ**

1. ശബരിമല വിമാനത്താവളം

- ശ്രീ. രാജു എബ്രഹാം ..537

2. ജെസ്ന മരിയ ജയിംസിന്റെ തിരോധാനം

- ശ്രീ. പി. സി. ജോർജ് ..538

*പേജ്*

3. ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനുമുള്ള തടസ്സം നീക്കൽ

- ശ്രീ. ജോർജ് എം. തോമസ് ..539

4. സിനിമാ തിയേറ്ററുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച്

- ശ്രീ. എം. രാജഗോപാലൻ ..540

5. നെയ്യാറ്റിൻകര താലൂക്ക് തിരുവനന്തപുരം ആർ.ഡി.ഒ.-യിൽ നിലനിർത്തുന്നത് സംബന്ധിച്ച്

- ശ്രീ. കെ. ആൻസലൻ ..542

6. യു.ജി.സി.യുടെ പുതിയ നിബന്ധന

- ശ്രീ. റ്റി. വി. രാജേഷ് ..544

7. തസ്തിക സൃഷ്ടിക്കലും സ്ഥലം ഏറ്റെടുക്കലും

- ശ്രീ. ആർ. രാജേഷ് ..545

**VIII. മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ ..546

**IX. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ..549

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി)ബിൽ ..549

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ..549

**അനുബന്ധം I&II&III** ..552

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*2018 ജൂൺ 4, തിങ്കൾ*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2018 ജൂൺ മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചോദ്യം നമ്പർ (*1)

### സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ

1 (*1) ശ്രീ. പി. ഉണ്ണി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംവിധാനം എന്താണെന്നും ഇതിനായുള്ള മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) വർഗ്ഗീയ വിഭജനം ലക്ഷ്യമാക്കി വാട്സ്ആപ്പ് ഹർത്താൽ നടത്തിയവരെ ശക്തമായി അടിച്ചമർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) കലാപം നടത്തിയവരെയും ആഹ്വാനം ചെയ്തവരെയും മാത്രമല്ല ആയതിന് നിർദ്ദേശം നൽകിയ ബുദ്ധികേന്ദ്രങ്ങളെക്കുറിച്ചും അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലും ജില്ലാ പോലീസ് മേധാവികളുടെ കീഴിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലുകൾ, ടെക്നോപാർക്ക് ആസ്ഥാനമായുള്ള സൈബർ ഡോം, പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഹൈടെക് സെൽ എന്നീ സംവിധാനങ്ങളിലൂടെ നടപടി എടുത്തുവരുന്നു. സൈബർ സെല്ലിന്റെയും ജനമൈത്രി പോലീസിന്റെയും സഹായത്തോടെ പൊതുജനങ്ങൾക്കും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും സൈബർ സുരക്ഷയെപ്പറ്റി സാമൂഹ്യ മാധ്യമങ്ങൾവഴി ബോധവൽക്കരണവും അലെർട്ട് മെസ്സേജുകളും നൽകിവരുന്നു.

(ബി) വർഗ്ഗീയ വിഭജനം ലക്ഷ്യമാക്കി വാട്സ്ആപ്പ് ഹർത്താൽ നടത്തിയവർക്കെതിരെ കുറ്റകൃത്യത്തിന്റെ സ്വാഭാവത്തിനനുസരിച്ച് അനുയോജ്യമായ വകുപ്പുകൾ ചുമത്തി നാളിതുവരെ 385 ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടവരിൽ 1595 പേരെ അറസ്റ്റ് ചെയ്യുകയും വിശദമായ അന്വേഷണം നടത്തിവരികയും ചെയ്യുന്നു. വാട്സ്ആപ്പ് ഹർത്താലിന് ഗൂഢാലോചന നടത്തിയതുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ മഞ്ചേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 191/2018 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലെ പ്രതികളിൽ ഉൾപ്പെട്ട 5 പേർ, ഒത്തൊരുമിച്ചും കൂട്ടായും കുറ്റകരമായ ഗൂഢാലോചന നടത്തി സോഷ്യൽ മീഡിയയിലൂടെ സന്ദേശം പ്രചരിപ്പിച്ചതായി വെളിവായിട്ടുണ്ട്. ടി കേസ്സുകളിൽ ഉൾപ്പെട്ട പ്രതികളെക്കുറിച്ച് വിശദമായ അന്വേഷണവും അറസ്റ്റും നടന്നുവരുന്നു.

(സി) അന്വേഷണം നടത്തിയിരുന്നു. ഇക്കാര്യത്തിൽ മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 191/2018 ആയി രജിസ്റ്റർ ചെയ്ത കേസ്സിലെ 9 മുതൽ 13 വരെയുള്ള പ്രതികൾ ഹർത്താലിന്റെ സൂത്രധാരന്മാരാണെന്ന് വെളിവായിട്ടുണ്ട്. ഒമ്പതാം പ്രതി കൊല്ലം സ്വദേശി അമർനാഥ് ബൈജു ആർ.എസ്.എസ്-ന്റെ ഭാരവാഹിയും സജീവ പ്രവർത്തകനുമായിരുന്നു. പത്താം പ്രതി തിരുവനന്തപുരം സ്വദേശിയായ സുധീഷ് ആർ.എസ്.എസ്. അനുഭാവിയാണ്. പതിനൊന്നാം പ്രതി തിരുവനന്തപുരം സ്വദേശി അഖിൽ വിദ്യാർത്ഥിയായിരിക്കെ എ.ബി.വി.പി.-യുടെ സജീവ പ്രവർത്തകനായിരുന്നു.

ശ്രീ. പി. ഉണ്ണി: സർ, സംഘപരിവാറും സമാനമായ മറ്റ് തീവ്രവാദ നിലപാടുകളുള്ള മതസംഘടനകളും സോഷ്യൽ മീഡിയയെ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സോഷ്യൽ മീഡിയ വഴിയുള്ള വാട്സ് ആപ്പ് ഹർത്താലിന്റെ പ്രചരണം ഒരു പുതിയ മുന്നറിയിപ്പാണ് നമുക്ക് നൽകുന്നത്. പക്ഷേ, സോഷ്യൽ മീഡിയയുമായി ബന്ധപ്പെട്ട നടപടികളിലേയ്ക്ക് കടക്കുന്നതിന് കുറച്ച് പരിമിതികളുണ്ട്. അത് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടിയാണ്. ഇത്തരമൊരു സംഭവം നടന്നത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം ശ്രദ്ധയിലുണ്ടെന്നുള്ള മറുപടിയും കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഏതായാലും നമ്മുടെ സമൂഹം അതീവ ജാഗ്രത പാലിക്കേണ്ട ഒരു പ്രശ്നമാണിത്.

<u>ശ്രീ. പി. ഉണ്ണി</u>: സർ, സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണെന്നുള്ള യാഥാർത്ഥ്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ സോഷ്യൽ മീഡിയയെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് പുതിയതായി ഏർപ്പെടുത്താനുദ്ദേശിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സൈബർ കുറ്റകൃത്യങ്ങൾ വലിയതോതിൽ വളർന്നുവരികയാണ്. കുറ്റകൃത്യങ്ങളിൽ നല്ലൊരുഭാഗം സൈബർ കുറ്റകൃത്യങ്ങളാണ്. പലതരത്തിലുള്ളവർ, പല പ്രായക്കാർ സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുണ്ട്. നല്ലരീതിയിലുള്ള സൈബർ അന്വേഷണങ്ങൾക്കുള്ള സംവിധാനങ്ങളാണ് പോലീസ് ഒരുക്കിക്കൊണ്ടിരിക്കുന്നത്. അതിൽ മികവ് സമ്പാദിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കാലത്തിനനുസരിച്ച് ഇനിയും നല്ല മികവ് സമ്പാദിക്കാനുള്ള ശ്രമമാണ് പോലീസ് നടത്തിക്കൊണ്ടിരിക്കുന്നത്. സോഷ്യൽ മീഡിയയുമായി ബന്ധപ്പെട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റിനുമാത്രമായി തീരുമാനിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. നല്ലരീതിയിലുള്ള ബോധവൽക്കരണം ആവശ്യമാണ്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, കഴിഞ്ഞ മാസം 16-ാം തീയതി സൈബർ ഹർത്താൽ എന്ന പേരിൽ ഒരു ഹർത്താൽ നടക്കുകയുണ്ടായി. അതിന്റെ പിന്നിൽ ആർ.എസ്.എസ്സും., അതിനെ പ്രയോജനപ്പെടുത്തിയത് എസ്.ഡി.പി.ഐ. പോലുള്ള മുസ്ലീം തീവ്രവാദ സംഘടനകളുമാണ്. അത് കണ്ടെത്താനും മുളയിലേ നുള്ളിക്കളയാനും കഴിഞ്ഞതിന് കേരള ഇന്റലിജൻസിനും പ്രത്യേകിച്ച് ആഭ്യന്തര വകുപ്പിനും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നാടിന്റെ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. എന്നാൽ, ഇത്തരമൊരു സംഗതി മുൻകൂട്ടി കണ്ടെത്താനും അത് തടയാനുമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ഇന്റലിജൻസിന് വീഴ്ച സംഭവിച്ചോ എന്നുള്ള സംശയം നിലനിൽക്കുകയാണ്. ഹൈദരാബാദിലേയ്ക്ക് പോകാനായി എയർപോർട്ടിലേയ്ക്ക്

പോകുന്ന വഴിയിൽ നാല് സ്ഥലങ്ങളിൽവച്ച് എന്നെ തടയുകയും ഒരു സ്ഥലത്തുവച്ച് അവർ എന്നോട് പ്രാർത്ഥിക്കാൻ പറയുകയും ചെയ്തു. പരിചയമുള്ള മുഖങ്ങളായിരുന്നതിനാൽ അവർ എന്നെ വിട്ടയച്ചു. മറ്റൊരു എം.എൽ.എ.-യോട് പറഞ്ഞത് 'താൻ എന്ത് എം.എൽ.എ. ആണ്; ഇക്കാര്യങ്ങളൊന്നും മനസ്സിലാക്കാതെ, ഇര മരിച്ചവിവരം അറിയാതെ, എയർപോർട്ടിലേയ്ക്ക് പുറപ്പെട്ടോ' എന്നൊക്കെ ചോദിച്ചുകൊണ്ട് തടയുകയും ചെയ്തു. എന്നാൽ വഴിയിൽ വേണ്ടത്ര പോലീസ് കാവൽ ഉണ്ടായിരുന്നില്ല. ഇന്റലിജൻസ് വിവരം ലഭിച്ചതിനുശേഷവും പോലീസ് വേണ്ടത്ര ജാഗ്രത പാലിച്ചില്ലെന്ന തോന്നൽ ജനങ്ങൾക്കിടയിലുണ്ട്. ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിൽ പ്രതിചേർക്കപ്പെട്ടവർക്ക് മതിയായ ശിക്ഷ ലഭിക്കുമെന്ന് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് നമ്മുടെ സമൂഹം അതീവ ഗൗരവമായി കാണേണ്ട ഒരു പ്രശ്നമാണ്. ജമ്മുകാശ്മീരിൽ നടന്ന അതീവ ദൗർഭാഗ്യകരമായ സംഭവത്തിൽ കേരളീയ സമൂഹം ഒറ്റക്കെട്ടായി പ്രതികരിച്ചതാണ്. ഇത്തരം കാര്യങ്ങളിൽ തീവ്രവാദ വിഭാഗങ്ങളൊഴികെ നമ്മുടെ സമൂഹത്തിന് എപ്പോഴും ഏകാഭിപ്രായമാണുണ്ടാകാറുള്ളത്. അത്തരത്തിൽ ശക്തമായ പ്രതിഷേധവും സമൂഹത്തിന്റെ പൊതുവായ രോഷവും ഉയർന്നുവന്നതാണ്. ഈ രോഷം, പ്രതിഷേധം മറ്റൊരുവഴിക്ക് തിരിച്ചുവിടാനുള്ള ശ്രമമാണ് നടന്നത്. ആ ശ്രമം മുൻകൂട്ടി മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നുള്ളത് വസ്തുതയാണ്. നമ്മളെല്ലാവരും സജീവമായി രാഷ്ട്രീയ രംഗത്തുള്ളവരും രാജ്യത്ത് നടക്കുന്ന കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കുന്നവരുമാണ്. ജമ്മുകാശ്മീരിലെ പ്രശ്നത്തിൽ കൊല ചെയ്യപ്പെട്ട, അതിഹീനമായി പിച്ചിച്ചീന്തപ്പെട്ട കുട്ടിയുടെ കൊലപാതകികളെ സംരക്ഷിക്കാൻ ആദ്യം മന്ത്രിമാരും പിന്നീട് ജനപ്രതിനിധികളും രംഗത്തുവന്നു. കോടതി നടപടികളെപ്പോലും തടസ്സപ്പെടുത്തുന്ന രീതിയിൽ അഡ്വക്കേറ്റുമാരിൽ ഒരു വിഭാഗം രംഗത്തുവന്നു. ഒരു പ്രത്യേകത, അവരെല്ലാവരും സംഘപരിവാറിൽപ്പെട്ട വരായിരുന്നു എന്നുള്ളതാണ്. ഇവിടെ പറയുന്ന ഹർത്താലിന് ആഹ്വാനം നൽകിയവരും ഇതേ സംഘ് പരിവാറുകാരാണ്. പെൺകുട്ടിയെ ഹീനമായി കൊലപ്പെടുത്തിയതിലുള്ള പ്രതിഷേധത്തിന്റെ ഭാഗമായല്ല അവർ ഇത്തരമൊരു കാര്യത്തിന് മുൻകയ്യെടുത്തത്. അവർ ഈ നാടിനെ മറ്റൊരുതരത്തിലേയ്ക്ക് എത്തിക്കാനായിരുന്നു ശ്രമിച്ചത്. നാം ആരും വിചാരിക്കാത്ത ഒരവസ്ഥയിലേയ്ക്ക് നാടിനെ തള്ളിവിടാനായിരുന്നു അവരുടെ നീക്കം. ആ ഘട്ടത്തിൽ നടന്ന കാര്യങ്ങൾ നമ്മൾ മനസ്സിലാക്കണം. ഇത്തരമൊരു ആഹ്വാനം ആദ്യം വന്നപ്പോൾ വിവിധ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും ഭാഗമായി നിൽക്കുന്ന ആളുകളിൽ പലരും ഹർത്താലിന്റെ ഭാഗമായി മാറി. ഏത് സംഘടനയും

ഏത് രാഷ്ട്രീയ പ്രസ്ഥാനവുമാണ് ഇത്തരമൊരു ഹർത്താലിന് ആഹ്വാനം ചെയ്തത്? ഒരു രാഷ്ട്രീയ പ്രസ്ഥാനവും ഒരു സംഘടനയും ആഹ്വാനം ചെയ്യാത്ത ഒരു ഹർത്താലിന്റെ പിന്നാലെ എങ്ങനെ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും ഒരു സംഘടനയുടെയും അണികൾ പോയി? ഇതിനെക്കുറിച്ചാണ് നമ്മൾ എല്ലാവരും ഗൗരവമായി ചിന്തിക്കേണ്ടത്. എന്താണ് ഇതിന്റെ യഥാർത്ഥ ഉദ്ദേശ്യമെന്ന് മനസ്സിലാക്കാതെ തെറ്റായ വഴിയിലേയ്ക്ക് ഒരു കൂട്ടർ ഒഴുകിപ്പോകുകയായിരുന്നു. അതിന്റെ ഭാഗമായി നടന്ന അക്രമ സംഭവങ്ങളിൽ ഇവിടെ എം.എൽ.എ. വിവരിച്ച തരത്തിൽ വഴി തടയുക മാത്രമല്ല, മറ്റുതരത്തിലുള്ള സംഭവങ്ങളുമുണ്ടായി. അവിടെ നിൽക്കുമായിരുന്നില്ല, ഒരു ഘട്ടംകൂടി കടന്ന് നമ്മുടെ നാടിനുതന്നെ അപമാനകരമാകുന്ന രീതിയിലേയ്ക്ക് സംഭവങ്ങൾ എത്തുമായിരുന്നു. അപ്പോഴേക്കും ഇതിന്റെ പിന്നിലെ യഥാർത്ഥ ആളുകളെ കണ്ടെത്താൻ പോലീസിന് കഴിഞ്ഞു. ആ കണ്ടെത്തലാണ് ഈ സംഭവങ്ങളെ മറ്റൊരുതരത്തിൽ പൊതുസമൂഹം മനസ്സിലാക്കുന്നതിനിടയാക്കിയത്. ഇവർ ആരാണെന്നും ഇവരുടെ ബന്ധം എന്താണെന്നും വ്യക്തമായതോടെ സമൂഹത്തിൽ എല്ലാവർക്കും കാര്യങ്ങൾ മനസ്സിലായി. ഇതിന്റെ ഭാഗമായവർക്ക് ജാഗ്രത അനുഭവപ്പെട്ടിട്ടുണ്ടാകും. ഇക്കാര്യങ്ങളിൽ പോലീസ് കൃത്യമായ നടപടിതന്നെയാണ് സ്വീകരിച്ചത്. അതിന്റെ ഭാഗമായുള്ള കാര്യങ്ങൾ തന്നെയാണ് ചെയ്തത്. ഇക്കാര്യങ്ങളിൽ നാം, പൊതുസമൂഹം തുടർന്നും അതീവ ജാഗ്രത പാലിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇത്തരത്തിൽ ഒരു ഹർത്താൽ ആദ്യമായിട്ടാണ് നടന്നത്. എങ്കിൽകൂടി ഇന്ത്യയിലുടനീളം, പല സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള വർഗ്ഗീയ കലാപങ്ങൾക്ക് കോപ്പുകൂട്ടാൻ ആർ.എസ്.എസ്സും സംഘപരിവാറും നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റുചെയ്തിട്ടുള്ള ചെറുപ്പക്കാരായ ആളുകൾക്ക് ഇത്തരത്തിലുള്ള ഒരു ഹർത്താലിന് നിർദ്ദേശം നൽകിയ ബുദ്ധികേന്ദ്രങ്ങളെക്കുറിച്ച് കൃത്യമായ അന്വേഷണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവരുടെ ബന്ധങ്ങൾ മനസ്സിലായിട്ടുണ്ട്. മറ്റു കാര്യങ്ങൾ പോലീസിന്റെ അന്വേഷണത്തിലാണ്.

ശ്രീ. ആന്റണി ജോണിനുവേണ്ടി ശ്രീ. എം. സ്വരാജ് : സർ, വാട്സ്ആപ്പ് ഹർത്താലിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ ആർ.എസ്.എസ്. ആഹ്വാനം ചെയ്യുകയും എസ്.ഡി.പി.ഐ. നടപ്പാക്കുകയും ചെയ്ത ഹർത്താൽ കൂടുതൽ അപകടകരമായ നിലയിലേയ്ക്ക് വളരുന്നതിനുമുൻപ് ഫലപ്രദമായി ഇടപെടാൻ

നമ്മുടെ പോലീസ് സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്. അതിനെ അഭിനന്ദിക്കുകയാണ്. എന്നാൽ കുറ്റകൃത്യങ്ങളുടെയും കുറ്റവാളികളുടെയും ലോകമായി സൈബർ ലോകം മാറിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഉയർന്നുവരുന്ന പരാതികളിന്മേൽ ഉടനടി ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻമാത്രം കാര്യക്ഷമത ഇപ്പോഴത്തെ സംവിധാനങ്ങൾക്ക് ആർജ്ജിക്കാനായിട്ടില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഉയർന്നുവരുന്ന പരാതികളുടെ ഗൗരവവും പ്രശ്നത്തിന്റെ രൂക്ഷതയും കണക്കിലെടുത്ത് ഇപ്പോഴുള്ള സൈബർ കേസ്സുകൾ അന്വേഷിക്കുകയും നടപടിയെടുക്കുകയും ചെയ്യുന്ന സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമോ; അതോടൊപ്പം ഇവിടെ സൈബർ ഫോറൻസിക് ലാബ് സ്ഥാപിക്കണമെന്ന് നമ്മൾ തീരുമാനിച്ചതാണ്, അത് അത്യന്താപേക്ഷിതവുമാണ്. അതിന്റെ പുരോഗതിയെക്കുറിച്ച് വിശദീകരിക്കാനാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, സൈബർ കേസ്സുകൾ പലതരത്തിലാണ് ഉയർന്നുവരുന്നത്. ഒരു കുട്ടി തെറ്റ് ചെയ്തതിനെ ഒരു ടീച്ചർ ആക്ഷേപിച്ചാൽ, ചിലപ്പോൾ ഈ കുട്ടി സൈബർ വഴിയായിരിക്കും ആ ടീച്ചറെ ആക്ഷേപിക്കാൻ പുറപ്പെടുന്നത്. ആ ആക്ഷേപമാണെങ്കിൽ നമ്മളൊന്നും പ്രതീക്ഷിക്കാത്ത തരത്തിലുമായിപ്പോകും. ഇത്തരത്തിലുള്ള ഒട്ടേറെ സംഭവങ്ങളുണ്ട്. ഒരു ഉദാഹരണം പറഞ്ഞെന്നേയുള്ളൂ. പലതരത്തിലാണ് സൈബർ കുറ്റങ്ങൾ വരുന്നത്. ഇതിനെ നേരിടാനുള്ള അതിവിപുലമായ സന്നാഹമാണ് സൈബർ മേഖലയിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇന്നത്തെ കാലഘട്ടത്തിൽ സോഷ്യൽ മീഡിയയുടെ ഉപയോഗത്തിൽനിന്ന് ആളുകളെ പുറകോട്ട് കൊണ്ടുപോകാൻ കഴിയില്ല. 15 വയസ്സിനും 25 വയസ്സിനും ഇടയ്ക്കുള്ള കുട്ടികളാണ് കൂടുതലും ഇത് ഉപയോഗപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ അതിന്റെ ഉപയോഗം പോസിറ്റീവായി, സമൂഹത്തിന് ഗുണകരമായ രൂപത്തിലാക്കി മാറ്റുന്നതിനുവേണ്ടി, പുറംരാജ്യങ്ങളിലൊക്കെ നടന്നുകൊണ്ടിരിക്കുന്ന കൗമാര ക്ലബ്ബുകളെ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള പരിശീലകരെ അല്ലെങ്കിൽ കേരളത്തിൽ ഏറ്റവും സ്തുത്യർഹമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടുംബശ്രീ പോലെയുള്ള സംവിധാനങ്ങളെ വ്യവസ്ഥാപിതമായി ഉപയോഗപ്പെടുത്തിക്കൊണ്ട്, അതിനാവശ്യമായ പരിശീലനം നൽകാനോ, ബോധവൽക്കരണം നടത്താനോ ഗവൺമെന്റിന് ആകുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, സൈബർ മേഖലയിലാകെ നടക്കുന്നത് മോശമായ കാര്യങ്ങളാണെന്ന് പറയാൻ കഴിയില്ല. പോസിറ്റീവായ ഒരുപാട് കാര്യങ്ങൾ സൈബർ മേഖലയിൽ നടക്കുന്നുണ്ട്. എന്നാൽ അതിന്റെ കൂട്ടത്തിൽ ചിലർ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിലും ഏർപ്പെടുന്നുവെന്നുള്ളതാണ് വസ്തുത. അതിന്റെ ഭാഗമാകാതിരിക്കാൻ ആവശ്യമായ ജാഗ്രത പുലർത്തുന്നതിനുള്ള ബോധവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. അത് തുടർന്നും നടത്താവുന്നതാണ്.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, വാട്സ്ആപ്പ് ഹർത്താലുകാർക്ക് വലിയ ലക്ഷ്യങ്ങളുണ്ടായിരുന്നു. വർഗ്ഗീയ വിഭജനം, വർഗ്ഗീയ കലാപം, പിന്നീട് കൂട്ടക്കുരുതികൾ, അതിന്റെ രാഷ്ട്രീയ നേട്ടങ്ങൾ തുടങ്ങിയ ലക്ഷ്യങ്ങളാണ്. ഇത്തരം ഘട്ടങ്ങളിൽ സേവനദാതാക്കളോട് ഇന്റർനെറ്റ് സേവനങ്ങൾ റദ്ദ് ചെയ്യാൻ സാധാരണഗതിയിൽ ആവശ്യപ്പെടാറുണ്ട്. അത്തരത്തിലുള്ള നടപടി നമുക്കും സ്വീകരിക്കാൻ കഴിയുമോ; കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ നടപടിയെടുക്കേണ്ടത്. അവർ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇന്റർനെറ്റ് സംവിധാനം തൽക്കാലം സസ്പെന്റ് ചെയ്ത് നിർത്തുക എന്നുപറയുന്നത് വളരെ കടുത്ത നടപടിയാണ്. അത് എപ്പോഴും നമുക്ക് സ്വീകരിക്കാവുന്നതാണ്. പക്ഷെ കടുത്ത നടപടികൾ അങ്ങനെ പെട്ടെന്ന് സ്വീകരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് അത്തരം നടപടികളിലേയ്ക്ക് പോകാതിരിക്കുന്നത്. അങ്ങനെ പോകുന്നത് വ്യത്യസ്ത അഭിപ്രായങ്ങളിലേയ്ക്ക് എത്തിക്കുകയും ചെയ്യും. അതുകൊണ്ട് ആ വഴിയിലേയ്ക്ക് പെട്ടെന്ന് പോകാനല്ല, എന്നാൽ അതിനെതിരെ ബോധവൽക്കരണം നടത്തുകയും മറ്റും ചെയ്യുന്നതിനുള്ള നടപടികൾ ജാഗ്രതയോടെ സ്വീകരിച്ചുവരുന്നു. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവർ ഇക്കാര്യം ഗൗരവമായി നിരീക്ഷിച്ചു വരികയാണെന്ന് മറുപടിയും തന്നിട്ടുണ്ട്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, സുപ്രീംകോടതിയുടെ 66 (A) എന്ന സെക്ഷൻ നീക്കം ചെയ്തതിനുശേഷം വ്യാപകമായ തോതിലാണ് സൈബർ ലോകത്തുള്ള ആക്രമണങ്ങൾ നടക്കുന്നത്. പ്രത്യേകിച്ചും സ്ത്രീകൾക്കെതിരെ. പോലീസ് മേധാവികൾക്കിടയിൽ സൈബർ നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും ട്രെയിൻഡായിട്ടുള്ള ഓഫീസേഴ്സിന്റെ പോരായ്മയും ഈ മേഖലയെ കൂടുതൽ ദുർബ്ബലമാക്കുകയാണ്. അതുകൊണ്ട് സൈബർ കേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ നിയമങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാനും ഡെഡിക്കേറ്റഡായിട്ടുള്ള ഓഫീസേഴ്സിനെ സൈബർ സെല്ലിന് നൽകാനും ഗവൺമെന്റ് തയ്യാറാകുമോ; അതുപോലെ പരിഗണനയിലുണ്ടായിരുന്ന, കൊച്ചിയിലെ സൈബർ ഡോമിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സൈബർ രംഗത്തുള്ള കാര്യങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു. അത് കൂടുതൽ ശക്തിപ്പെടുത്താൻ തന്നെയാണ് നീക്കം. ഇപ്പോൾ പോലീസിന്റെ ഭാഗമായുള്ള സൈബർ സെല്ലിനെ കൂടുതൽ കരുത്താർജ്ജിപ്പിക്കാനും അതിൽ കൂടുതൽ ആളുകളെ വിന്യസിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. സൈബർ ഡോമുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവൺമെന്റ് ഗൗരവമായി നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. വി. ജോയി: സർ, അങ്ങയുടെ മറുപടിയിൽ ജില്ലാ പോലീസ് മേധാവികൾക്ക് കീഴിലെ സൈബർ സെല്ലിന്റെയും ഹൈടെക് സെല്ലിന്റെയും കാര്യം സൂചിപ്പിച്ചു. ഇവിടെ പല അക്കൗണ്ടുകളും ഫേക്ക് ആയിട്ടാണ് ഉണ്ടാക്കുന്നത്. ഫേക്ക് അക്കൗണ്ടുകൾ വഴിയാണ് വ്യാജ സന്ദേശങ്ങളും ആവശ്യമില്ലാത്ത കാര്യങ്ങളും പ്രചരിപ്പിക്കുന്നത്. ഇത് കണ്ടുപിടിക്കാൻ എക്സ്പെർട്ടുകളുടെ കുറവുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പലതരം മാർഗ്ഗങ്ങൾ ഈ കൂട്ടത്തിലുണ്ട്. ചിലത് ഇവിടെ പറഞ്ഞതുപോലെ വ്യാജമാണ്. വർഗ്ഗീയ താൽപ്പര്യത്തോടെ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് മറ്റുചില വിഭാഗത്തിന്റെ പേരുകൾ വേണം. 'നിങ്ങൾ ഇത് ഞാനല്ലെന്നു പറയാതിരുന്നാൽ മതി' എന്നുപറഞ്ഞ് ഇപ്പോൾ പേര് വിലയ്ക്കെടുക്കുന്നവരുണ്ട്. അതൊരു പേമെന്റ് രീതിയാണ്. അത്തരത്തിലുള്ള പല സമ്പ്രദായങ്ങളും ഇതിനുള്ളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാത്തിനു മെതിരായി നാം ജാഗ്രത പാലിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, വിധ്വംസകവാദം ആശയമാക്കിയ ചില സംഘടനകളും വിദ്വേഷ രാഷ്ട്രീയ പ്രചാരകരും പ്രത്യേക ഐ.ടി.സെല്ലുകൾ രൂപീകരിച്ച് വ്യാജ പ്രൊഫൈലുകളുണ്ടാക്കി സമൂഹത്തിൽ ഭിന്നതയും വിദ്വേഷവും സൃഷ്ടിക്കുന്നുണ്ട്. ഇത്തരം പ്രചരണങ്ങൾ രാജ്യത്തെ ഭിന്നിപ്പിക്കുന്നതിനുമാത്രമേ ഉപകരിക്കുകയുള്ളൂ. അതുപോലെ ആരോഗ്യ രംഗത്ത് തെറ്റിദ്ധാരണ പരത്തുന്ന ധാരാളം കുപ്രചരണങ്ങളും സോഷ്യൽ മീഡിയ ഉപയോഗിച്ച് നടത്തുന്നുണ്ട്. ഇത്തരം തെറ്റായ പ്രവണതകൾ പ്രചരിപ്പിക്കുന്നതിനും സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരുടെ സാമൂഹ്യ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പറഞ്ഞതരത്തിലുള്ള ചില അനാരോഗ്യകരമായ പ്രവണതകളുണ്ടെന്നുള്ളത് വസ്തുതയാണ്. അദ്ദേഹം

സൂചിപ്പിച്ച തരത്തിലുള്ള ശക്തികൾ ഈ രംഗത്ത് മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെക്കാളും സജീവമാണെന്നതന്നെ പറയാം. അതിനുവേണ്ടി പ്രത്യേക സംവിധാനങ്ങളും പ്രത്യേകം ട്രെയിൻ ചെയ്ത ആളുകളും പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ സമൂഹത്തെ വല്ലാതെ വിഷലിപ്തമാക്കുക എന്നുള്ളതാണ് അവരുടെ ഉദ്ദേശ്യം. അതിനെതിരെ പൊതുവായ ജാഗ്രത പാലിക്കേണ്ടതായിട്ടുണ്ട്. നിയമപരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്നുള്ളത് ഗൗരവമായി പരിശോധിക്കുകയും ചെയ്യും.

ശ്രീ. പി. ടി. തോമസ്: സർ, അദൃശ്യരായി ഇരുന്നവർ നടത്തിയ വാട്സ്ആപ്പ് ഹർത്താലിൽ കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ മിക്കവാറും പ്രതിനിധികളൊക്കെത്തന്നെ പങ്കെടുത്തുവെന്നത് എല്ലാവരെയും ഞെട്ടിപ്പിച്ച ഒരു സംഭവമാണ്. ഇത്തരം നടപടികൾ തടയുന്നതോടൊപ്പം ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പത്തൊമ്പത് പോലീസ് ജില്ലകളിലുള്ള സൈബർ വിംഗ്, സൈബർ ഡോം, ഹൈടെക് സെൽ തുടങ്ങിയവ പ്രവർത്തിക്കുന്നുവെന്നും അതിനെ വിപുലീകരിക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. എന്റെ പ്രധാനപ്പെട്ട ചോദ്യം, ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ പേരിൽ സോഷ്യൽ മീഡിയയിൽ പോസ്റ്റിട്ടതിന്റെ പേരിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; സർക്കാർ ഉദ്യോഗസ്ഥർ ആരെങ്കിലും അതിൽ ഉൾപ്പെട്ടിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ എത്രപേരെ സസ്പെന്റ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ ആളുകൾ പങ്കെടുത്തുവെന്ന് പറയുന്നത് പ്രധാനപ്പെട്ട ആളുകളാണെന്ന് തെറ്റിദ്ധരിക്കരുത്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെകൂടെ ആയിരക്കണക്കിനും പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും ആളുകളാണുള്ളത്. ആ അനുഭാവിവൃന്ദത്തിൽ ചിലർ ഇതിന്റെ ഭാഗമായിപ്പോയി എന്നതാണ് വസ്തുത. സാധാരണഗതിയിൽ അത്തരം ആളുകൾ ആ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആഹ്വാനം വന്നാലാണ് അതിന്റെ ഭാഗമായി നിൽക്കേണ്ടത്. ആരെങ്കിലും ആഹ്വാനം ചെയ്താൽ അതിന്റെ പിന്നാലെ പോകേണ്ടവരല്ല അവർ. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യം. ഈ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കാകെ നിയന്ത്രണം വിട്ടുപോയി എന്ന ഒരു തെറ്റിദ്ധാരണ നമുക്കുണ്ടാകാൻ പാടില്ല. ഇതാണ് യഥാർത്ഥ വസ്തുത. അദ്ദേഹം പറഞ്ഞ മറ്റ് കാര്യങ്ങൾ പ്രത്യേകം ചോദ്യമായി വന്നാൽ മാത്രമേ എനിക്ക് മറുപടി പറയാൻ കഴിയൂ.

## പോക്സോ കോടതികൾ

2(*2) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോക്സോ നിയമം അനുശാസിക്കും പ്രകാരം അതിവേഗ പ്രത്യേക വിചാരണയ്ക്കായി ശിശു സൗഹൃദ കോടതികൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള പോക്സോ കോടതികൾ എവിടെയൊക്കെയാണ്; ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) നിലവിൽ പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചശേഷം വിചാരണ ആരംഭിക്കുന്നതിന് എത്രത്തോളം കാലതാമസം നേരിടുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആറുവർഷംവരെ പഴക്കമുള്ള കേസ്സുകൾ ഇപ്പോഴും തീർപ്പാക്കാതെ കിടക്കുന്നതിനാലും കുറ്റപത്രം നൽകി വർഷങ്ങൾ കഴിഞ്ഞശേഷം മാത്രം വിചാരണ ആരംഭിക്കുന്നതിനാലും പ്രതികൾക്ക് അനുകൂലമായ സാഹചര്യവും ഇരകൾക്ക് കഷ്ടപ്പാടും നൽകുന്ന അവസ്ഥമൂലം ശിക്ഷാനിരക്ക് ഇരുപത് ശതമാനത്തിൽ താഴെ മാത്രമാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസ്സുകൾ കൈകാര്യം ചെയ്യുന്ന എറണാകുളത്തെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ പോക്സോ ആക്ട് പ്രകാരമുള്ള സ്പെഷ്യൽ കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളും ലൈംഗികാതിക്രമങ്ങളും ഉൾപ്പെടുന്ന കേസ്സുകൾ കൈകാര്യം ചെയ്യുന്ന തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളെ Commission for Protection of Child Rights Act 2005 പ്രകാരം കുട്ടികൾക്കുള്ള കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. മറ്റ് പതിനൊന്ന് ജില്ലകളിലെ ഒന്നാം അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ Commission for Protection of Child Rights Act 2005 പ്രകാരം കുട്ടികൾക്കായുള്ള കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) നിയമം അനുശാസിക്കുംവിധം എല്ലാ ജില്ലകളിലും ഈ കേസ്സുകളുടെ വിചാരണയ്ക്കായി കോടതികളെ അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) കുറ്റപത്രം സമർപ്പിച്ച കേസ്സുകളിൽ ചെറിയ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ വിചാരണ വേഗത്തിലാക്കുന്ന കാര്യം ബഹു. ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(ഡി) കുറ്റപത്രം നൽകിയശേഷം 6 വർഷത്തിലധികമായി വിചാരണ ആരംഭിച്ച് തീർപ്പാക്കാത്ത ചുരുക്കം കേസ്സുകൾ മാത്രമേ സംസ്ഥാനത്ത് നിലവിലുള്ളൂ. പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനായി എല്ലാ കോടതികളിലും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിമിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ പോക്സോ കേസ്സുകൾ എല്ലായിടങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്യാറുണ്ട്. അത് കൈകാര്യം ചെയ്യുന്ന കോടതികൾ എറണാകുളത്തും തിരുവനന്തപുരത്തും മാത്രമാണ് നിലവിലുള്ളത്. ബാക്കി ജില്ലകളിലും അതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. സ്പെഷ്യൽ കോടതികൾ മലബാർ ഭാഗത്ത് ഒരിടത്തുമില്ല. ഈ കേസ്സുകൾ കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ കോടതികൾ മലബാർ ഭാഗങ്ങളിൽ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, എല്ലാ ജില്ലകളിലും അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികളെ ഇതിനായി ചുമതലപ്പെടുത്തുന്ന നിലയാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോക്സോ കേസ്സുകൾ കണ്ടെത്തിയാലും അത് റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം. നമ്മുടെ നിയമപാലകർതന്നെ

ഇത്തരം കേസ്സുകൾ ഉണ്ടായാൽ അത് ഒതുക്കിത്തീർക്കാനാണ് ശ്രമിക്കുന്നതെന്ന് ഈ അടുത്തകാലത്ത് കേരളത്തിലുണ്ടായ പല സംഭവങ്ങളും സൂചിപ്പിക്കുന്നുണ്ട്. അതിന് ഏറ്റവും വലിയ ഉദാഹരണം, പാലക്കാട്ട് ഈ കേസ്സിന് ഇരയായ ഒരു പെൺകുട്ടിക്ക് ആറ് മണിക്കൂർ കാത്തിരുന്നതിനുശേഷമാണ് വൈദ്യപരിശോധന നടത്തിയത്. അതുപോലെ എടപ്പാൾ തിയേറ്റർ കേസ്സിലും യഥാസമയം പോലീസ് ഇടപെട്ടില്ലെന്നത് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് ഇത്തരം കേസ്സുകളിൽ യഥാസമയം പോലീസും ബന്ധപ്പെട്ട ആളുകളും ഇടപെടാനുള്ള സംവിധാനം ഉറപ്പുവരുത്താൻ സർക്കാർ ശ്രമിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ നമ്മുടെ സമൂഹം കൂടുതൽ ജാഗ്രത കാണിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ബന്ധപ്പെട്ട സംഭവങ്ങളിൽ നല്ലതോതിൽ പരാതികളും ഉയർന്നുവരുന്നുണ്ട്. പോലീസായാലും മറ്റ് ബന്ധപ്പെട്ട അധികാരികളായാലും പെട്ടെന്നുതന്നെ നടപടികൾ സ്വീകരിക്കുന്നതിനുള്ള കാര്യങ്ങളിലേയ്ക്കാണ് ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും മേഖലയിൽ എന്തെങ്കിലും അനാവശ്യ കാലതാമസം വന്നിട്ടുണ്ടെങ്കിൽ അക്കാര്യം ഗൗരവമായിത്തന്നെ സർക്കാർ പരിശോധിച്ചിട്ടുണ്ട്. ഇനിയും എന്തെങ്കിലും ഉണ്ടായാൽ പരിശോധിക്കുന്നതാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിലെ നിരവധിപേർ പോക്സോ കേസ്സുകളിൽ ഉൾപ്പെടുന്നുവെന്നും കുടുംബാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ഗോത്രാചാരപ്രകാരമുള്ള വിവാഹം കഴിച്ചവർവരെ കേസ്സുകളിലുൾപ്പെട്ട് ജയിലിലാകുന്നുവെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരമ്പരാഗത ആചാരപ്രകാരം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ വിവാഹം കഴിച്ച എത്രപേർക്കെതിരെ സംസ്ഥാനത്ത് പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത്തരം കേസ്സുകൾ പ്രത്യേകം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; കേസ്സുകളിൽ ഉൾപ്പെട്ടവർക്കെതിരെയുള്ള നടപടികൾക്ക് എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊരു സാമൂഹിക പ്രശ്നമാണ്. പ്രത്യേകിച്ച് ആ സമൂഹത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. ആദിവാസി സമൂഹത്തിന്റെ പ്രത്യേകത അനുസരിച്ച് ഗോത്രാചാരപ്രകാരമുള്ള ചില നടപടികൾ അവർ സ്വീകരിക്കുന്നതിന്റെ ഭാഗമായി നാം കണക്കാക്കിയ പ്രായത്തിൽ കുറഞ്ഞ കുട്ടികൾ വിവാഹം ചെയ്യാറുണ്ട്. എന്നാൽ നിയമപ്രകാരം അത് കുറ്റകരമായി വരികയും ജയിലിലടയ്ക്കുകയും ചെയ്യുന്നുണ്ട്. ഇത് ഗൗരവമായി പരിഗണിക്കേണ്ട ഒരു പ്രശ്നം തന്നെയാണ്. അതിൽ കർക്കശമായി നീങ്ങാനല്ല സർക്കാർ ഉദ്ദേശിക്കുന്നത്. നിയമം ചിലപ്പോൾ നിയമത്തിന്റേതായ വഴിക്ക് പോകും. എന്താണ് ചെയ്യാൻ കഴിയുക എന്നുള്ളത് ഗൗരവമായി പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഇപ്പോൾ ചോദിച്ച ചോദ്യംതന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. വയനാട്ടിൽ നിരവധി ആദിവാസി യുവാക്കൾ ബാല വിവാഹം നടത്തിയതിന്റെ പേരിൽ ജയിലിൽ കിടക്കുന്നുണ്ട്. അവർക്കെതിരെ പോക്സോ നിയമം അനുസരിച്ചാണ് കേസ് എടുക്കുന്നത്. അത് ഒഴിവാക്കി ബാലവിവാഹം എന്ന രീതിയിൽ ഇടപെടാൻ സർക്കാരിന് നിർദ്ദേശം കൊടുക്കാൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊരു മാനുഷിക പ്രശ്നംകൂടിയായി ഉയർന്നുവരികയാണ്. അവിടത്തെ പാവങ്ങൾ അവരുടേതായ വിശ്വാസവും ആചാരവുമൊക്കെ അനുസരിച്ചാണ് വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നത്. ഇത് നിയമപ്രകാരം കുറ്റകരമായി വരികയും കേസ്സുവരികയും ചിലപ്പോൾ ജയിലിൽ അടയ്ക്കുകയും ചെയ്യുന്നു. കേസ്സെടുത്താൽ സാധാരണ നിലയ്ക്ക് ജാമ്യം കിട്ടുന്നതാണ്. പക്ഷെ, ജാമ്യത്തിലിറക്കാൻ ഈ പാവങ്ങൾക്ക് ആരുമില്ല. കാരണം, ഉദ്യോഗസ്ഥർ ജാമ്യം നിൽക്കാൻ തയ്യാറാകില്ല. ഇതിനുവേണ്ടി സ്വത്ത് കൊടുക്കാനുമില്ല. ഉള്ള സ്വത്ത് കേന്ദ്ര വനാവകാശ നിയമപ്രകാരമുള്ളതായിരിക്കും. അപ്പോൾ ആ സ്വത്ത് പണയം വയ്ക്കാൻ കഴിയില്ല. ഇങ്ങനെയെല്ലാമുള്ള പ്രശ്നം അതിനകത്തുണ്ട്. ഇത് ഗൗരവമായി പരിഗണിച്ച് ചില നടപടികളിലേയ്ക്ക് നമുക്ക് കടക്കാം. ആ കാര്യം പരിശോധിക്കുകയും ചെയ്യാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കുപ്രസിദ്ധമായ നിർഭയ കേസ്സിനുശേഷം നമ്മുടെ നിയമത്തിനൊരു മാറ്റമുണ്ടായി. പീഡനത്തിന് വിധേയയാകുന്ന പെൺകുട്ടി ഒരു പോലീസ് സ്റ്റേഷനിൽപോയി പെറ്റീഷൻ കൊടുത്താൽ ആ പെറ്റീഷന് പുറത്ത് ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ കേസ്സെടുക്കുന്നില്ലെങ്കിൽ ആ പെറ്റീഷൻ സ്വീകരിച്ച പോലീസ് ഉദ്യോഗസ്ഥനെക്കൂടി പ്രതിയാക്കി കേസ് കൊടുക്കാമെന്ന് നിയമത്തിനകത്ത് മാറ്റമുണ്ടാക്കി. അതിനെക്കാൾ സീരിയസ്സാണ് പോക്സോ കേസ്സിനകത്തെ പ്രതികൾ. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പരാതി പറഞ്ഞിട്ടും ആറും എട്ടും മണിക്കൂർ അത് മാറ്റിവയ്ക്കുക, ചില സന്ദർഭങ്ങളിൽ പരാതി സ്വീകരിക്കാതിരിക്കുക, ഒത്തുതീർപ്പിനുള്ള പരിശ്രമം നടത്തുക ഇതൊക്കെ കേസ്സെടുക്കേണ്ട ഉദ്യോഗസ്ഥൻ ചെയ്തുകൊണ്ടിരിക്കുന്ന ചില നടപടികളാണ്. അത് ഒഴിവാക്കാൻ വേണ്ടി, നിർഭയ കേസ്സിന് ശേഷം ഇന്ത്യൻ ജനതയുടെ പൊതുവികാരമനുസരിച്ച് നിയമത്തിൽ മാറ്റമുണ്ടാക്കിയതുപോലെ പോക്സോ കേസ്സിലെ വാദികളായ പാവപ്പെട്ട കുട്ടികൾ പെറ്റീഷൻ കൊടുത്താൽ അതിന് ഇമ്മീഡിയറ്റായി നടപടിയെടുക്കുന്നില്ലെങ്കിൽ ആ പോലീസ് ഉദ്യോഗസ്ഥൻകൂടി പ്രതിയാകത്തക്ക വിധത്തിൽ നിയമത്തിൽ മാറ്റമുണ്ടാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സമൂഹത്തിൽ ഈ കാര്യങ്ങളിൽ നല്ലരീതിയിൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തുവരുന്നു. നേരത്തെയുള്ളതുപോലെയല്ല, ഉള്ളകാര്യങ്ങളെല്ലാം റിപ്പോർട്ട് ചെയ്യത്തക്ക ഒരു ബോധം പൊതുവിൽ സമൂഹത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അതിന്റെ ഭാഗമായി കേസ്സുകളെടുക്കുന്നതിലും നല്ല പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. പൊതുവെ ഇത്തരത്തിലുള്ള ഒരു ആക്ഷേപവും ഇവിടത്തെ കേസ്സെടുക്കലുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായപ്പോൾ അതിൽ ഗൗരവമായി നടപടികളെടുത്തിട്ടുമുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള പ്രശ്നങ്ങളിൽ കർക്കശമായ നടപടികളിലേയ്ക്ക് നീങ്ങണമെന്ന് നമുക്ക് ആവശ്യപ്പെടാവുന്നതുമാണ്.

**ആർ.എസ്.എസ്. നടത്തുന്ന കായികാക്രമണ പരിശീലനങ്ങൾ**

3(*3) ശ്രീ. ജെയിംസ് മാത്യു:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. കെ. കുഞ്ഞിരാമൻ:

പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസമ്മതി നേടിയ പൊതുപ്രവർത്തകരെ നിഷ്ഠൂരമായി വധിച്ച് കേരളത്തെ സംഘർഷഭരിതമാക്കാൻ സംഘപരിവാർ നടത്തുന്ന ശ്രമത്തിന് തടയിടാൻ വേണ്ട ശക്തമായ ഇടപെടൽ നടത്താൻ പോലീസിന് കർശന നിർദ്ദേശം നൽകുമോ;

(ബി) പ്രഥമ വർഷ ശിക്ഷാ വർഗ്, ദ്വിതീയ വർഷ ശിക്ഷാ വർഗ് തുടങ്ങി ആർ.എസ്.എസ്. നടത്തിവരുന്ന കായികാക്രമണ പരിശീലനം പോലീസ് നിരീക്ഷിക്കാറുണ്ടോ;

(സി) എയ്ഡഡ് സ്കൂളായ കൂത്തുപറമ്പ് തൊക്കിലങ്ങാടി എച്ച്.എസ്.എസ്., അൺഎയ്ഡഡ് സ്കൂളായ പാറശ്ശാല ഭാരതീയ വിദ്യാപീഠം സെൻട്രൽ സ്കൂൾ തുടങ്ങിയ സ്കൂളുകളിൽ മൂന്നാഴ്ച നീണ്ടുനിന്ന ഇത്തരത്തിലുള്ള ആക്രമണ പരിശീലനം നടത്തിയെന്ന മാദ്ധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ നിയമവിരുദ്ധ പ്രവർത്തനത്തിന് കൂട്ടുനിന്ന സ്കൂൾ മാനേജ്മെന്റുകൾക്കെതിരെയും പരിശീലനം സംഘടിപ്പിച്ചവർക്കെതിരെയും പരിശീലനം നേടിയവർക്കെതിരെയും നിയമ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കർശന നടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആർ.എസ്.എസ്. നടത്തിവരുന്ന എല്ലാ കായികാക്രമണ പരിശീലന പ്രവർത്തനങ്ങളെ സംബന്ധിച്ചും പോലീസ് നിരീക്ഷണം നടത്തിവരുന്നു.

(സി) കൂത്തുപറമ്പ് തൊക്കിലങ്ങാടി എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലും പാറശ്ശാല ഭാരതീയ വിദ്യാപീഠം അൺ എയ്ഡഡ് സെൻട്രൽ സ്കൂളിലും ആർ.എസ്.എസ്. പ്രവർത്തകർക്കും കുട്ടികൾക്കുമായി പഠനക്യാമ്പും പരിശീലന കളരിയും സ്കൂൾ അധികൃതരുടെ അനുമതിയോടെ നടത്തിയതായി അറിവായിട്ടുണ്ട്. 5-4-2000-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിപ്രകാരം സ്കൂൾവക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ലെന്ന കാര്യം ഉറപ്പുവരുത്താനുള്ള വിദ്യാഭാസ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം നിലനിൽക്കേ ഇത്തരത്തിൽ അനുമതി നൽകിയ അധികൃതർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, 2011-ലെ പോലീസ് ആക്ട് പ്രകാരം ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ സംഘർഷം ഒഴിവാക്കുന്നതിനും അത്തരം സാഹചര്യംതന്നെ പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ മജിസ്ട്രേറ്റിന് അധികാരം നൽകുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ആരാധനാലയങ്ങളെയും കേന്ദ്രീകരിച്ച് ആർ.എസ്.എസ്., സംഘപരിവാർ സംഘടനകൾ നടത്തുന്ന ഇത്തരം ചില പരിശീലനങ്ങൾ, പരിശീലന സന്ദർഭത്തിൽ മാത്രമാണ് ആയുധമേന്തിയുള്ള പരിശീലന മുറകളാണെന്ന് അനുമതി കൊടുക്കുന്ന അധികൃതർക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അതിനുമുമ്പ് സെമിനാർ, ശില്പശാല എന്നിങ്ങനെയുള്ള സാധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതി പത്രമാണ് ഇവർ ആവശ്യപ്പെടുന്നത്. അതിന്റെ മറവിലാണ് ഇത്തരം ആയുധ പരിശീലനങ്ങൾ നടത്തുന്നത്. സ്കൂളുകൾപോലെതന്നെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചും ആയുധ പരിശീലനങ്ങൾ നടത്തുന്നത് ഇപ്പോൾ വർദ്ധിച്ചുവരികയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പൂർണ്ണമായും തടയുന്നതിനാവശ്യമായ ഒരു സമഗ്ര നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ അവരുടെ സാധാരണ പ്രവർത്തനത്തിന്റെ ഭാഗമായുള്ള ക്യാമ്പുകൾ നടത്തുന്നുവെന്ന മട്ടിലാണ് പലപ്പോഴും ഇതിനുള്ള പ്രചരണങ്ങൾ നടത്താറുള്ളത്. എന്നാൽ അങ്ങനെയുള്ള പല ക്യാമ്പുകളിലും ആയുധ പരിശീലനം നടത്തുമ്പോഴാണ് കുറ്റകരമായ സ്ഥിതിവരുന്നത്. ആയുധ പരിശീലനം നടക്കുന്നുണ്ടോ എന്നുള്ളത് പോലീസ്, സ്പെഷ്യൽ ബ്രാഞ്ച് എന്നിവർ ഗൗരവമായി നിരീക്ഷിച്ചുവരുന്നു. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടിയെടുക്കാനുതകുമാറുള്ള നിയമ നടപടികളെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ആയുധപരിശീലനം പോലെ, ഒരുപക്ഷെ അതിലേറെ ഗൗരവതരമായ മറ്റൊരു പ്രവണതയാണ് ഇത്തരം സംഘടനകൾ നടത്തിവരുന്ന ആത്മീയ പ്രഭാഷണത്തിന്റെ മറവിലുള്ള വർഗ്ഗീയ വിദ്വേഷ പ്രചരണം. അതിരൂക്ഷമായ വർഗ്ഗീയ വിദ്വേഷമാണ് നമ്മുടെ സംസ്ഥാനത്തുൾപ്പെടെ പ്രചരിപ്പിക്കുന്നതിന് ഇത്തരം ചില സംഘപരിവാർ സംഘടനകളുടെയും മറ്റുചില ന്യൂനപക്ഷ വർഗ്ഗീയ സംഘടനകളുടെയും പ്രചാരകർ സ്വീകരിച്ചുവരുന്നത്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിനും പൂർണ്ണമായും തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, യഥാർത്ഥ ആത്മീയ പ്രഭാഷണത്തിൽ വർഗ്ഗീയതയുടെ അംശമുണ്ടാകാറില്ല. പക്ഷെ, നമ്മുടെ സമൂഹത്തിൽ ചില ശക്തികൾ വർഗ്ഗീയതയ്ക്കാണ് മുൻതൂക്കം നൽകുന്നത്. ആ വർഗ്ഗീയ പ്രചരണത്തിനുവേണ്ടി ഒരു മറയായി ആത്മീയത ഉപയോഗിക്കുന്നവരുണ്ട്. അങ്ങനെ ആത്മീയ പ്രഭാഷണത്തിനിടയ്ക്ക് വർഗ്ഗീയതയും കടന്നുവരുന്ന സ്ഥിതിയുണ്ട്. അത് നമ്മുടെ സമൂഹത്തിൽ ജനങ്ങളെ വിഭജിക്കുന്നതും ആപത്കരവുമാണ്. അത് തടയുന്നതിന് ആവശ്യമായ കർക്കശ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 1970 മുതൽ ആർ.എസ്.എസ്. സംഘടന 218 പച്ചമനുഷ്യരെയാണ് കേരളത്തിൽ കൊന്നുതള്ളിയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സി.പി.ഐ.(എം.)-ന് എതിരായി ആർ.എസ്.എസ്. നടത്തുന്ന പതിനഞ്ചാമത്തെ കൊലപാതകമാണ് മാഹിയിലെ ബാബുവിന്റേത്. ഇക്കഴിഞ്ഞ ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ ഗായികയായി മണ്ഡലത്തിലെത്തിയ പേരൂർക്കട സ്വദേശി പ്രാർത്ഥന എന്ന എട്ടുവയസ്സുകാരിയെ ആക്രമിക്കുകയുണ്ടായി. ഞാൻ ഇത് സൂചിപ്പിച്ചത്, അതിനുള്ള പശ്ചാത്തലമൊരുക്കുന്നതിനും ഈ ആക്രമണം സംഘടിപ്പിക്കുന്നതിനും അവരെ സഹായിക്കുന്നത് കേരളത്തിൽ സരസ്വതി വിദ്യാലയം എന്ന പേരിൽ ആരംഭിച്ചിട്ടുള്ള ചില സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ്. ഈ ക്രിമിനലുകൾക്ക് വളർന്നുവരാനുള്ള അവസരം ഒരുക്കുന്നതും അവർക്കുള്ള സംരക്ഷണം ഉറപ്പുനൽകുന്നതും ഇതിന്റെ നിയന്ത്രണവും ആർ.എസ്.എസ്.-ന്റെ കയ്യിലാണ്. ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആർ.എസ്.എസ്. എന്ന സംഘടനയ്ക്ക് അവരുടേതായ പ്രവർത്തനത്തിന്റെ വ്യാപനത്തിന് ഒട്ടേറെ സംവിധാനങ്ങളുണ്ട്. ആ സംവിധാനങ്ങളിൽ ഏതെങ്കിലും ഒന്നിനെയെടുത്ത് അതാണ് ആർ.എസ്.എസ്. എന്ന് നമ്മൾ തെറ്റിദ്ധരിച്ചാൽ കാര്യം വലിയ കുഴപ്പത്തിലാകും. അവരുടെ വ്യാപനത്തിനും സംഘടന ശക്തിപ്പെടുത്തുന്നതിനുംവേണ്ടി പല മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ആർ.എസ്.എസ്., സംഘപരിവാർ സംഘടനകൾ നടത്തുന്ന ചില സ്കൂളുകൾ ഇതിനുവേണ്ടി ഉപയോഗിക്കുകയാണ്. പുറമേനിന്ന് ഒരാൾ നോക്കിയാൽ ഒരു വിദ്യാഭ്യാസ സ്ഥാപനം നടത്തുന്നു, വേറെ ഒരു പ്രശ്നവുമില്ല എന്ന് തോന്നുമെങ്കിലും അതിന്റെകൂടെ അവർക്കാവശ്യമായ വർഗ്ഗീയതകൂടി കുത്തിനിറയ്ക്കുകയാണ്. ഇത്തരം കാര്യങ്ങൾ സംഘപരിവാറിന്റെ ഒരു നീക്കമാണെന്ന് മനസ്സിലാക്കാനും അതിനെതിരെ ജാഗ്രത പാലിക്കാനും നമുക്ക് കഴിയണം.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കേരളത്തിലെ പല ജില്ലകളിലും, പല പ്രദേശങ്ങളിലും സംഘപരിവാർ, ആർ.എസ്.എസ്. സംഘടനകൾ ആയുധ പരിശീലനം നടത്തുന്നത് ക്ഷേത്രങ്ങളും സ്കൂളുകളും കേന്ദ്രീകരിച്ചാണ് എന്നത് വസ്തുതയാണ്. അത് ഏറ്റവും കൂടുതൽ നടക്കുന്നത് കാസർഗോഡ് ജില്ലയിലാണ്. പ്രത്യേകിച്ച് കന്നട മേഖലയിലെ സ്കൂളുകളിലും ക്ഷേത്ര പ്രദേശങ്ങളിലും സംഘ് പരിവാർ ശക്തികൾ ആയുധ പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. പരാതിപ്പെട്ടാലും പോലീസ് വേണ്ടത്ര പ്രതികരിക്കുന്നില്ലെന്ന ഒരു ആക്ഷേപവും നമ്മുടെ നാട്ടിലുണ്ട്. കഴിഞ്ഞ പ്രാവശ്യം അവിടത്തെ ഒരു മുസ്ലിയാരെ കൊന്നതും ഇതേ സംഘത്തിൽപ്പെട്ടവർ തന്നെയാണെന്നാണ് അവിടത്തെ പോലീസ് നിഗമനം. അത് അമർച്ചചെയ്യാനും കാസർഗോഡ് ജില്ലയുടെ കാര്യം പ്രത്യേകമായി ശ്രദ്ധിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ആർ.എസ്.എസ്. നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണ് അവരുടെ ക്യാമ്പുകളും അതിലുള്ള പരിശീലനങ്ങളും. ആരോഗ്യം നന്നാക്കാനുള്ള വ്യായാമ മുറകളാണെങ്കിൽ തടയേണ്ട കാര്യമില്ല. ആയുധ മുറകൾ, അതിന്റെ ഭാഗമായുള്ള പരിശീലനങ്ങൾ എന്നിവ വരുമ്പോഴാണ് പ്രശ്നം വരുന്നത്. ഇത് ഫലപ്രദമായി അവർ ഉപയോഗിക്കുന്നുവെന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അത് തടയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. പോലീസ് അക്കാര്യത്തിൽ ജാഗ്രതയോടെ നീങ്ങുന്നുണ്ട്. എന്നാൽ ഏതെങ്കിലുമൊരു സംഭവം അവിടെ നടന്ന പരിശീലനത്തിന്റെ ഭാഗമാണ് എന്ന് ധരിച്ചാൽ അതും കുഴപ്പത്തിലാകും. ഇത്തരം സംഘടനകൾക്ക് പ്രത്യേകമായ സംഘങ്ങളുണ്ട്. ആ സംഘങ്ങളിൽപ്പെട്ടവരെ പല സംഭവങ്ങൾക്കും അയയ്ക്കുകയാണ്. ആ തരത്തിലും കാര്യങ്ങൾ നടത്തുന്നുണ്ടെന്നതും നാം കാണേണ്ടതായിട്ടുണ്ട്.

പ്രൊഫ. കെ. യു. അരുണൻ: സർ, ആർ.എസ്.എസ്. സംഘടനയോടൊപ്പം സംസ്ഥാനത്ത് മറ്റേതെങ്കിലും സംഘടനകൾ ആയുധപരിശീലനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇത് തീവ്രവാദ സ്വഭാവമാണ്. തീവ്രവാദ സംഘടനകളാണ് ആയുധ പരിശീലനത്തിനുവേണ്ടി കാര്യങ്ങൾ ചെയ്യുന്നത്. കേരളത്തിൽ പ്രവർത്തിക്കുന്ന തീവ്രവാദ സംഘടനകൾ ഏതൊക്കെയുണ്ടോ അവയൊക്കെ ആയുധ പരിശീലനംകൂടി നടത്തുന്നുണ്ട് എന്നുതന്നെയാണ് അറിവ്.

ശ്രീ. കെ. സി. ജോസഫ്: സർ, ആർ.എസ്.എസ്. സംഘടന സംസ്ഥാന വ്യാപകമായി നിയമം ലംഘിച്ചുകൊണ്ട് കായിക പരിശീലനം നടത്തുകയാണ്. അതാണ് ഈ ചോദ്യങ്ങൾ സൂചിപ്പിക്കുന്നത്. പാലക്കാട് ഒരു സ്കൂളിൽ ആർ.എസ്.എസ്.ന്റെ സർസംഘ് ചാലക് ശ്രീ. മോഹൻ ഭഗവത് നിയമം ലംഘിച്ച് ദേശീയ പതാക ഉയർത്തി. അതുസംബന്ധിച്ച് കേസ്സ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ശ്രീ. പിണറായി വിജയൻ : സർ, വിദ്യാഭ്യാസ വകുപ്പ് ദേശീയ പതാക ഉയർത്തലുമായി ബന്ധപ്പെട്ട് പൊതുവായി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആ നിർദ്ദേശത്തിന് വിരുദ്ധമായി കാര്യങ്ങൾ നടന്നപ്പോൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ തന്നെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിൽ ക്ഷേത്രങ്ങൾ കയ്യടക്കി വച്ചുകൊണ്ട്, ക്ഷേത്രങ്ങളെ വർഗ്ഗീയ പ്രചരണത്തിനുള്ള ഒരു കേന്ദ്രമാക്കി മാറ്റാനാണ് ആർ.എസ്.എസ്. ശ്രമിക്കുന്നത്. പല ക്ഷേത്രങ്ങളിലും അവരുടെ കൊടികളും തോരണങ്ങളും ഓഫീസുകളും പ്രവർത്തിക്കുകയാണ്. അവിടെ ആയുധ പരിശീലനവും നടക്കുന്നു. നിലവിലുള്ള കേന്ദ്രനിയമം രാഷ്ട്രീയ പാർട്ടികളെ ഇതിൽനിന്നും വിലക്കുന്നുണ്ട്. പക്ഷേ ഇവ രാഷ്ട്രീയ പാർട്ടികളുടെ പേരിലല്ല പല സേവാ സമിതികളുടേയും പേരുകളിലാണ് അറിയപ്പെടുന്നത്. ഇത്തരത്തിലുള്ള സംഘടനകളെ ക്ഷേത്രങ്ങളിൽനിന്ന് ഒഴിവാക്കാനും ക്ഷേത്രം പൂർണ്ണമായി വിശ്വാസികൾക്ക് വിട്ടുകൊടുക്കാനും വർഗ്ഗീയ പ്രചരണം ആരാധനാലയങ്ങളിൽ നടക്കില്ലെന്ന് ഉറപ്പുവരുത്താനും സംസ്ഥാന സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ക്ഷേത്രങ്ങൾ ആരാധനയ്ക്കുള്ള സ്ഥലമാണ്, വിശ്വാസികളായിട്ടുള്ളവരാണ് അവിടെ സാധാരണനിലയിൽ ചെല്ലേണ്ടത്. ആ വിശ്വാസികളുടെ കേന്ദ്രമായിട്ടാണ് ക്ഷേത്രങ്ങൾ പ്രവർത്തിക്കേണ്ടത്. ഇത്തരം ആരാധനാലയങ്ങൾ ഒരു കാരണവശാലും തീവ്രവാദികൾക്ക് അല്ലെങ്കിൽ വർഗ്ഗീയശക്തികൾക്കുള്ള ഒരു കേന്ദ്രമാക്കി മാറ്റാൻ പാടില്ല. സർക്കാർ ഇക്കാര്യത്തിൽ ജാഗ്രത പാലിക്കുന്നതിനോടൊപ്പം പൊതുസമൂഹവും ജാഗ്രത പാലിക്കേണ്ടതായിട്ടുണ്ട്. കാരണം ആരാധനാലയം വിശ്വാസികൾക്കുള്ളതാണ് എന്നുള്ളതുകൊണ്ടുതന്നെ ഓരോ പ്രദേശത്തുമുള്ള വിശ്വാസികളാണ് ഫലപ്രദമായി ആ പ്രശ്നം കൈകാര്യം ചെയ്യേണ്ടത്. പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള ശക്തികളെ അകറ്റി നിർത്തുന്ന നിലപാട് അവിടെയുള്ള വിശ്വാസികൾ സ്വീകരിച്ചിട്ടുണ്ട്. അത് പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് പൊതുവെ സ്വീകരിക്കേണ്ടത്.

ശ്രീ. പി. ഉബൈദുള്ള: സർ, ആർ.എസ്.എസ്. സ്വാധീന മേഖലകളിൽ ആരാധനാലയങ്ങൾക്കകത്തും വിദ്യാലയങ്ങളുടെ കോമ്പൗണ്ടിലുമൊക്കെ ആയുധ പരിശീലനം സ്ഥിരമായി നടക്കുന്നുണ്ട്. എന്നാൽ ചിലയിടങ്ങളിൽ ഈ ആയുധ പരിശീലനം നടക്കുന്നതിനുപുറത്ത് രണ്ടും മൂന്നും വാഹനങ്ങളിൽ വന്ന് പോലീസ് കാവൽ നിൽക്കുകയാണ്. അപ്പോൾ പോലീസ് സംരക്ഷണത്തിലാണ് ആർ.എസ്.എസ്.ന്റെ ആയുധ പരിശീലനം നടക്കുന്നത് എന്നാണ് ജനങ്ങളുടെ ധാരണ. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംരക്ഷണം കൊടുക്കുന്ന പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ സർക്കാരിന്റെ നയമെന്താണ്, പോലീസിന്റെ നിലപാടെന്താണ് എന്ന് അറിയാത്ത ആളല്ല ബഹുമാന്യനായ അംഗം. സാമാന്യമായി കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവുള്ള ആളാണ് അദ്ദേഹം എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ആ സാമാന്യബോധം ഉണ്ടായിരുന്നുവെങ്കിൽ, അത്തരം ഒരു പ്രശ്നം ഉണ്ടായപ്പോൾതന്നെ ഉത്തരവാദപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താമായിരുന്നു. ആ ചുമതല എന്തുകൊണ്ട് നിറവേറ്റിയില്ല എന്നുള്ളതാണ്. ഇത്തരം ഒരു പ്രശ്നം വന്നാൽ എപ്പോഴും ആ ഘട്ടത്തിൽതന്നെ അത് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി എടുപ്പിക്കാനാണ് ശ്രദ്ധിക്കേണ്ടത്. മേലിലെങ്കിലും ആ കാര്യം ശ്രദ്ധിച്ചാൽ നല്ലത്.

## ഗുണമേന്മയുള്ള രോഗചികിത്സ

4(*4) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണമേന്മയുള്ള രോഗചികിത്സ കുറഞ്ഞ ചെലവിൽ സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവ കുറച്ച് വികസിത രാജ്യങ്ങളുടേതിന് സമാനമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(സി) ടൈഫോയ്ഡ്, കാലാ അസർ തുടങ്ങിയ രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ;

(ഡി) വൃക്കരോഗികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) ജനങ്ങൾക്ക് ഗുണമേന്മയുള്ള ചികിത്സ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനായി ആർദ്രം മിഷന്റെ ഭാഗമായും അല്ലാതെയും വിവിധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരികയാണ്.

(1) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ച് സമഗ്ര ആരോഗ്യ പരിപാലനം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) താലൂക്കുതല ആശുപത്രികളിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടും സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ഏകീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ്.

(3) മെഡിക്കൽ കോളേജുകൾ അടക്കമുള്ള ഗവൺമെന്റ് ആശുപത്രികളിലെ ഒ.പി. വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കി മാറ്റാനുള്ള നടപടി സ്വികരിച്ചുവരുന്നു.

(4) ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ട്, കിഫ്ബി, നബാർഡ് തുടങ്ങിയ വിവിധ മേഖലകളിൽ നിന്നായി ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും ഈ കാര്യങ്ങൾ മെച്ചപ്പെടുത്തി വരികയാണ്.

(5) കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും ഗവൺമെന്റ് ആശുപത്രികളിലേയ്ക്കും അധിക തസ്തിക അനുവദിക്കുന്നതിന് ആവശ്യമായ സമീപനം സ്വീകരിച്ചിട്ടുണ്ട്, അത്തരം തസ്തികകൾ സൃഷ്ടിച്ച് കഴിഞ്ഞിട്ടുണ്ട്.

യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യം അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ ഗോൾ പ്രഖ്യാപിച്ചിട്ടുണ്ട്. 2020, 2030 വർഷത്തേയ്ക്കുള്ള വികസന ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് 13 പ്രത്യേക ഗോളുകളെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡും ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡും തയ്യാറാക്കുന്നതിന് ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി പരിപാടികൾ നടപ്പിലാക്കിവരുന്നു.

(ബി) മാതൃമരണ നിരക്ക് കുറയ്ക്കാനുള്ള പദ്ധതിയുടെ ഭാഗമായി വിപുലമായിട്ടുള്ള പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കുന്നത്. ആരോഗ്യവകുപ്പും നാഷണൽ ഹെൽത്ത് മിഷനും KFOG (Kerala Federation of Obstetrics and Gynecology) വിഭാഗത്തിന്റേയും സഹായത്തോടെ ഗവൺമെന്റ് ഒരു ക്വാളിറ്റി സ്റ്റാൻഡേർഡ് തയ്യാറാക്കി ആശുപത്രികളിൽ പ്രചരിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്.

ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന ജീവനക്കാർ എന്നിവർക്ക് തുടർച്ചയായി പരിശീലനം നൽകിവരികയാണ്. ഇവർക്കാവശ്യമായ ക്വാളിറ്റി സ്റ്റാൻഡേർഡ് തയ്യാറാക്കുകയും പ്രത്യേക കിറ്റുകൾ കെ.എം.എസ്.സി.എൽ. മുഖേന വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ വിതരണം ചെയ്തുതുടങ്ങി. മാതൃമരണ ഓഡിറ്റ് നടത്തിക്കൊണ്ട് മാതൃമരണത്തിന്റെ കാരണം മനസ്സിലാക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ആശുപത്രികൾക്ക് ആവശ്യമായിട്ടുള്ള മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നുണ്ട്. കെ.എം.എസ്.സി.എൽ മുഖേന മാതൃമരണ നിരക്കിന്റെ ഓഡിറ്റിനായി പ്രത്യേക സംഘത്തെ നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ അവലോകനം നടത്തിവരികയാണ്. പ്രസവ മുറികൾ അണുവിമുക്തമാക്കുന്നതിനുള്ള നടപടികൾ പൂർവ്വാധികം ശക്തമായി നടത്തികൊണ്ടുവരികയാണ്. സെൻട്രൽ ഗവൺമെന്റിന്റെ സ്കീമുമായി സഹകരിച്ചുകൊണ്ട് "ലക്ഷ്യ" എന്ന പേരിൽ പ്രസവ മുറികൾ ഡെലിവറി പോയിന്റുകൾ ഏറ്റവും ആധുനികമാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഹൈ ഡിപ്പൻഡന്റ് യൂണിറ്റുകൾ എട്ട് ആശുപത്രികളിൽ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നഴ്സുമാർ, ഡോക്ടർമാർ എന്നിവർക്ക് അതിന്റെ പരിശീലനം കൊടുത്തുതുടങ്ങിയിട്ടുണ്ട്.

ശിശുമരണ നിരക്ക് കുറയ്ക്കുന്നതിന് ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും ചേർന്നുകൊണ്ട് പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്.

നവജാത ശിശുക്കളിലെ ജന്മനാ ഉണ്ടാകുന്ന മെറ്റബോളിക് രോഗങ്ങൾ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനായി "ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം" കൂടുതൽ ശക്തമായി ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള 'ഹൃദ്യം പദ്ധതി' - കൺജെനിറ്റൽ ഹാർട്ട് ഡിസീസ് വന്നിട്ടുള്ള കുട്ടികൾക്ക് ചികിത്സ നൽകുന്നതിന്, ഹൃദയ സംബന്ധമായ അസുഖങ്ങളുള്ള കുട്ടികളെ ചികിത്സിക്കുന്നതിന് ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ്. അതിലൂടെ സൗജന്യമായി ഓപ്പറേഷൻ ചെയ്തുകൊടുക്കുന്നു. പദ്ധതി ലോഞ്ച് ചെയ്തിട്ട് ആറ് മാസമേ ആയിട്ടുള്ളൂ. പക്ഷേ ഇതിനകം 460 ഓപ്പറേഷനുകൾ ചെയ്തുകഴിഞ്ഞു. 1200-ലേറെപ്പേർ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് ഇന്ത്യൻ എക്സ്പ്രസ്സ് അവാർഡും സ്കോച്ച് ഗോൾഡൻ അവാർഡും ലഭ്യമായി എന്നുള്ളതും ശ്രദ്ധേയമായിട്ടുള്ള വസ്തുതയാണ്.

പ്രസവം നടക്കുന്ന ആശുപത്രികളിൽ ന്യൂബോൺ കോർണറുകൾ സ്ഥാപിക്കുന്നതിനും എൻ.ബി.എസ്.യു., എസ്.എൻ.സി.യു തുടങ്ങിയ ശിശുരോഗ പരിചരണ വിഭാഗങ്ങൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അത് നടപ്പിലാക്കിവരികയാണ്.

(സി) ടൈഫോയ്ഡ്, കാലാ അസർ തുടങ്ങിയ രോഗങ്ങളുടെ നിർമ്മാർജ്ജനത്തെക്കുറിച്ചാണ് - സാൽമണല്ല ടൈഫി വിഭാഗത്തിൽപ്പെട്ട ബാക്ടീരിയവഴി ഉണ്ടാകുന്ന രോഗമാണ് ടൈഫോയ്ഡ്. രോഗികളുടെയോ

രോഗബാധിതരുടെയോ മലമൂത്ര വിസർജ്ജനങ്ങളിൽനിന്നാണ് രോഗാണുക്കൾ ആഹാര സാധനങ്ങളിലൂടെയും കുടിവെള്ളത്തിലൂടെയും മറ്റും മറ്റുള്ളവരുടെ ശരീരത്തിലേയ്ക്ക് പ്രവേശിക്കുന്നത്. ഇത് തടയുന്നതിനുള്ള ബോധവൽക്കരണ നടപടികൾ നടന്നുവരുന്നുണ്ട്. കിണറുകൾ ക്ലോറിനേഷൻ നടത്തിയും ജലത്തിന്റെ ശുദ്ധത ഉറപ്പുവരുത്തിയും ഈ രോഗത്തെ തടയാൻ ശ്രമിക്കുന്നു. പബ്ലിക് ഹെൽത്ത് ലാബുകൾവഴി രക്തസാമ്പിളുകളുടെ പരിശോധന ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രത്യേകം ലാബ് സെറ്റ് ചെയ്യുന്നുണ്ട്. ആ ലാബുകൾവഴിയും ഈ രോഗങ്ങളുടെ നിർണ്ണയവും അത് തടസ്സപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. കാലാ അസർ രോഗം കേരളത്തിൽ വിരളമായിട്ടാണ് കണ്ടുവരുന്നത്. ബീഹാർ, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഇതുണ്ടായിരുന്നത്. ഒരുതരം ഈച്ച, മണലീച്ചയാണ് ഈ രോഗം പരത്തുന്നത്. അത് കണ്ടുപിടിക്കാനുള്ള നടപടിക്രമങ്ങൾ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. അത് പടരാതിരിക്കാൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രിക്കോഷൻ നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. വൃക്കരോഗികളുടെ എണ്ണം കൂടിവരുന്ന സാഹചര്യത്തിൽ ആർദ്രം മിഷന്റെ ഭാഗമായി 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങി, 330 പുതിയ ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള 75 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുകയാണ്. ഇത് കൂടാതെ ആറിലേറെ ആശുപത്രികളിൽ മറ്റൊരു സ്കീം ഉപയോഗിച്ചും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് ഡയാലിസിസ് രോഗികൾക്ക് ആവശ്യമായ സഹായവും ചെയ്തുവരികയാണ്. ട്രാൻസ്പ്ലാന്റേഷൻ കഴിഞ്ഞിട്ടുള്ള വൃക്കരോഗികൾക്ക് തുടർചികിത്സയ്ക്കാവശ്യമായ സഹായം നൽകാനുള്ള തീരുമാനവും ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുണ്ട്. വൃക്കരോഗം ഉണ്ടാകാതിരിക്കാൻ ഫാമിലി ഹെൽത്ത് സെന്റർ ഓരോ വ്യക്തിക്കും പ്രത്യേകം ശ്രദ്ധ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ മുഴുവൻ ഫാമിലി ഹെൽത്ത് സെന്ററായി മാറുന്നതോടുകൂടി ഇത്തരത്തിലുള്ള നോൺ കമ്മ്യൂണിക്കബിൾ ഡിസീസസിന് പരിഹാരം ഉണ്ടാകും. ആ തരത്തിലുള്ള ശ്രദ്ധയാണ് ഫാമിലി ഹെൽത്ത് സെന്ററിലൂടെ കൊടുക്കുന്നത്.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല മാസ്ക് ധരിച്ച് സഭയിൽ എത്തിയിരിക്കുന്നത് അങ്ങയുടെ നിർദ്ദേശപ്രകാരമാണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അത് തികച്ചും അപഹാസ്യമായിട്ടുള്ള നടപടിയാണ്. നിപ വൈറസ് രോഗത്തെ തടയുന്നതിന്, ഭരണപക്ഷവും പ്രതിപക്ഷവും കൂട്ടായി പ്രയത്നിച്ച് പരിഹാരം കണ്ടെത്തിയിരിക്കുകയാണ്. അത് വ്യാപിക്കാതിരിക്കാനുള്ള കരുതൽ നടപടി സ്വീകരിച്ചിരിക്കുകയാണ്. ....(ബഹളം)......

മി. സ്പീക്കർ: ചെയറിന് അറിയാൻ വേണ്ടി ചോദിച്ചതാണ്. പ്ലീസ്.... ഇരിക്കൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എനിക്ക് ഒരു കാര്യംകൂടി പറയാനുണ്ട്. ....(ബഹളം).... ഇതൊരു തർക്കത്തിന്റെ വിഷയമല്ല. അദ്ദേഹം മാസ്ക് ധരിച്ച് വരുന്നതിൽ കുഴപ്പമില്ല. മാസ്ക് ധരിക്കുന്നതിന് ആരോഗ്യ വകുപ്പ് നൽകിയിട്ടുള്ള പ്രത്യേക നിബന്ധനയൊക്കെയുണ്ട്. ഒന്നുകിൽ ഇവിടെ നിപ വൈറസ് ബാധിതരായ രോഗികൾ ഉണ്ടാകണം. അവരിൽനിന്ന് പകരാതിരിക്കുന്നതിനാണ് മാസ്ക് ധരിക്കേണ്ടത്. അല്ലെങ്കിൽ ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്ക് നിപ വൈറസ് ബാധയുണ്ടായിരിക്കണം. അങ്ങനെയുണ്ടെങ്കിൽ അദ്ദേഹം സഭയിൽ വരാൻ പാടില്ല, രോഗം മറ്റുള്ളവരിലേയ്ക്ക് പകരും. അല്ലാത്തപക്ഷം നിപ വൈറസ് ബാധിതരായിട്ടുള്ള ആളുകൾ ഇവിടെ ഉണ്ടാകണം, അവരും സഭയിൽ വരാൻ പാടില്ല. അദ്ദേഹം ചെയ്യുന്നത് ആരോഗ്യ വകുപ്പിന്റെ തീരുമാനമനുസരിച്ച് തെറ്റാണ്.

മി. സ്പീക്കർ: ചെയറിന് മുൻകൂട്ടി വിവരം ലഭിക്കാതിരുന്നതുകൊണ്ട് ചോദിച്ചതാണ്. ....(ബഹളം)....

പ്രതിപക്ഷനേതാവ് (ശ്രീ രമേശ് ചെന്നിത്തല): സർ, മാസ്ക് ധരിച്ച് വന്നതുമായി ബന്ധപ്പെട്ട് ഞാൻ കുറ്റ്യാടി എം.എൽ.എ.യോട് ചോദിച്ചിരുന്നു. കോഴിക്കോട് ജില്ലയിൽ ഇപ്പോൾ എല്ലാവരും ഇങ്ങനെയാണ് നടക്കുന്നതെന്നും അതിന്റെ പ്രതീകാത്മകമായി വന്നുവെന്നേയുള്ളൂ എന്നുമാണ് അദ്ദേഹം എന്നോട് പറഞ്ഞത്. അതിൽ അപഹസിക്കേണ്ട കാര്യമില്ല. ....(ബഹളം)....

മി. സ്പീക്കർ: ചെയറിന് വിവരം ലഭിച്ചിരുന്നില്ല. ....(ബഹളം).... ശ്രീ. ചിറയം ഗോപകുമാർ...

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ നമ്മൾ അതീവ ജാഗ്രതയോടുകൂടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നത് ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും പൊതുവെ സമ്മതി നേടി കഴിഞ്ഞിട്ടുള്ളതാണ്. ശ്രീ. പാറക്കൽ അബ്ദുല്ലയുടെ പ്രവൃത്തി അൽപ്പം പരിഹാസത്തിന്റെ രീതി ആയിപ്പോയി. അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. നമ്മൾ ഗൗരവത്തോടെ സമീപിച്ചുകൊണ്ടിരിക്കുന്നതും സമൂഹമാകെ അതീവഗൗരവമായി സമീപിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു കാര്യത്തെ അപഹസിക്കുന്ന നിലപാട് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലായിരുന്നു. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്..... അങ്ങേയ്ക്ക് മാസ്ക് ധരിക്കേണ്ട ആരോഗ്യ പ്രശ്നമുണ്ടെങ്കിൽ അത് ചെയർ കൂടി അറിയേണ്ടതായിരുന്നു. അറിയാത്തതിൽ ഖേദമുണ്ട്. അതുകൊണ്ട് ചോദിച്ചതാണ്. ....(ബഹളം).... പ്ലീസ്..... ശ്രീ. ചിറ്റയം ഗോപകുമാർ, ചോദ്യം ചോദിക്കൂ. ....(ബഹളം).... ശ്രീ. എ. എൻ. ഷംസീർ, ശ്രീ. എം. സ്വരാജ്, ശ്രീ. എ. പ്രദീപ്കുമാർ, പ്ലീസ്..... ഇരിക്കൂ. സഭ നടത്തിക്കൊണ്ടുപോകേണ്ടത് നിങ്ങളുടെയുംകൂടി ഉത്തരവാദിത്വമാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനമാണ് നടത്തിവരുന്നത്. കഴിഞ്ഞ 5 വർഷം ബോർഡുകൾ മാറ്റിവച്ച് ഈ രംഗത്ത് ഒന്നും ചെയ്യാതിരുന്നപ്പോൾ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് വർഷംകൊണ്ട് അധിക തസ്തികകൾ സൃഷ്ടിച്ച് ആരോഗ്യ രംഗത്ത് കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായാണ് മുന്നോട്ടുപോകുന്നത്. മാരകമായ അസുഖങ്ങൾ പടർന്ന് പിടിച്ചുകൊണ്ടിരിക്കുമ്പോൾ ഈ ഗവൺമെന്റ് അതിനെ പ്രതിരോധിക്കാൻ വേണ്ട ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; അതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്; ഇത്തരത്തിലുള്ള മാരകമായ അസുഖങ്ങളെ പ്രതിരോധിക്കാൻ ഈ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കുമ്പോൾ അതിനെ അവഹേളിക്കുന്ന വിധത്തിൽ മാസ്ക് ധരിച്ച് സഭയിൽ വരുന്നത് പ്രതിഷേധകരമാണ്. അതിൽ നടപടി സ്വീകരിക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തിൽ ലെവൽ-4 സംവിധാനമടക്കമുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് തുടക്കം കുറിച്ചിട്ടുണ്ട്. അതിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചുകഴിഞ്ഞു. പ്രി-ഫാബ്രിക്കേഷൻ സംവിധാനത്തിൽ കെട്ടിടം നിർമ്മിക്കാനാണ് ആലോചിച്ചിട്ടുള്ളത്. അതുകൊണ്ട് വളരെ പെട്ടെന്നുതന്നെ ലാബിന്റെ പ്രവർത്തനം നടത്താൻ സാധിക്കുമെന്ന് ഉറപ്പാണ്. അതോടൊപ്പം ഇന്ന് കേരളത്തിലുള്ള വൈറോളജി ലാബുകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. വയനാട്, ആലപ്പുഴ ജില്ലകളിൽ വൈറോളജി ലാബുകളുണ്ട്. കോഴിക്കോട് ജില്ലയിൽ ഒരു വൈറോളജി ലാബ് തുടങ്ങാനുള്ള തീരുമാനം നേരത്തെ എടുത്തിരുന്നതാണ്. അതെല്ലാംകൂടി ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിനുള്ള തീരുമാനവും ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഗ്രാമീണ മേഖലയിലടക്കം വൃക്കസംബന്ധമായ അസുഖങ്ങൾ ഇപ്പോൾ വർദ്ധിച്ചുവരികയാണ്. അതിനെ പ്രതിരോധിക്കാൻ ഈ ഗവൺമെന്റ് ഡയാലിസിസ് യൂണിറ്റ് ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ എന്റെ മണ്ഡലത്തിലെ അടൂർ താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തിയതാണ്. കഴിഞ്ഞ ഗവൺമെന്റ് 5 വർഷവും അതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒട്ടനവധി ഡോക്ടർമാരെയും കുറച്ച് നഴ്സിംഗ് സ്റ്റാഫിനെയും തന്നിട്ടുണ്ട്. അവിടെ സ്ഥലപരിമിതിയുടെ പ്രശ്നവുമുണ്ട്. പ്രസ്തുത ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആശുപത്രിയുടെ വിപുലീകരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളുടെ സംഗമ സ്ഥാനമാണ് അടൂർ. കൂടുതൽ സ്ഥലസൗകര്യത്തെക്കുറിച്ചും ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള മതിയായ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് ഒരു ഉന്നതതല യോഗം ചേരണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. ആ യോഗം അടിയന്തരമായി ചേരുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച അടൂർ ആശുപത്രിയുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗവൺമെന്റ് ഒരു സ്റ്റാൻഡേർഡൈസേഷൻ ഉണ്ടാക്കിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു പ്രൈമറി

ഹെൽത്ത് സെന്റർ, ഒരു കമ്മ്യൂണിറ്റി വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി., ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു ജില്ലയിൽ ജില്ലാ ആശുപത്രിയും ജനറൽ ആശുപത്രി ഉള്ള സ്ഥലങ്ങളിൽ ജനറൽ ആശുപത്രിയും എന്നതാണ് സ്റ്റാൻഡേർഡൈസേഷൻ. ഇതിൽ ഓരോന്നിനും ആവശ്യമായുള്ള സ്പെഷ്യാലിറ്റിയും മറ്റ് സൗകര്യങ്ങളും നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായ തോതിൽ വന്നുകഴിഞ്ഞാൽ ഒരു ജില്ലയിൽ കൂടുതൽ ജില്ലാ ആശുപത്രികളും ഒരു താലൂക്കിൽ കൂടുതൽ താലൂക്കാശുപത്രികളും പ്രഖ്യാപിക്കേണ്ടതായി വരില്ല. ആശുപത്രിയുടെ വികസനമെന്ന് പറഞ്ഞാൽ തൊട്ടുമുകളിലത്തെ സ്റ്റെപ്പിലേയ്ക്ക് അതിനെ പ്രഖ്യാപിച്ച്, ആവശ്യമായ സ്റ്റാഫ് ഇല്ലാതെ പേര് മാത്രം വയ്ക്കലല്ല. അതുകൊണ്ടുതന്നെ ഓരോ ആശുപത്രിക്കും പറഞ്ഞ നിലവാരത്തിലുള്ള വികസനം ഉണ്ടാക്കും. അടൂർ ആശുപത്രിക്ക് അനുശാസിച്ചിട്ടുള്ള എല്ലാ വികസനവും ഉണ്ടാക്കുന്നതിന് അടിയന്തരമായി മീറ്റിംഗ് വിളിച്ചുചേർക്കാവുന്നതാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ജനങ്ങളെയാകെ ഭീതിയിലാഴ്ത്തിയ നിപ വൈറസ് ബാധയെ ഫലപ്രദമായി പ്രതിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി ഗവൺമെന്റ് പ്രഖ്യാപിച്ച കാരുണ്യ സുരക്ഷാ പദ്ധതി പ്രകാരം ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന രോഗികൾക്കാണ് പ്രയോജനം ലഭിക്കുന്നതെന്നും സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്ക് ആനുകൂല്യം ലഭ്യമാക്കുമോയെന്നും വിശദമാക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ആദ്യം സൂചിപ്പിച്ച, അവിചാരിതമായി വന്നുപെട്ട നിപ വൈറസ് ആക്രമണത്തെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് സഭയിൽ വിശദമായി പിന്നീട് പ്രഖ്യാപിക്കുന്നതാണ്. എല്ലാ ആളുകളും സഹകരിച്ച് കൂട്ടായ പ്രവർത്തനമാണ് നടന്നത്. പ്രതിപക്ഷത്തുള്ള എം.പി.-മാരും എം.എൽ.എ.-മാരും ഒക്കെ ചേർന്നാണ് കോഴിക്കോട് ഇതുസംബന്ധിച്ച യോഗം ചേർന്നത്. ശ്രീ. പാറക്കൽ അബ്ദുല്ല ആ യോഗങ്ങളിൽ പങ്കെടുത്തിട്ടില്ലെന്നുള്ളത് സങ്കടകരമായ കാര്യമാണ്. ....(ബഹളം) ... ശ്രീ. പാറക്കൽ അബ്ദുല്ലയും സഹകരിച്ചിരുന്നു.

മി. സ്പീക്കർ: കാരുണ്യ സ്കീം സ്വകാര്യ ആശുപത്രികളുമായി ബന്ധപ്പെട്ടാണ് ചോദ്യം. പ്ലീസ്.....ഇരിക്കൂ....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ഗവൺമെന്റ് ആശുപത്രികളിൽ കൃത്യമായി നടപ്പിലാക്കിവരുന്നു. ....(ബഹളം)... അതോടൊപ്പം കൂടുതൽ ആശുപത്രികളിലേയ്ക്ക് അത് വ്യാപിപ്പിക്കാനുള്ള സമീപനവും സ്വീകരിച്ചിട്ടുണ്ട്. ....(ബഹളം)....

ശ്രീമതി ഗീതാ ഗോപി: സർ, കേരളത്തിന്റെ ആരോഗ്യ മേഖല വ്യത്യസ്തമായ രീതിയിലൂടെയാണ് ശക്തിയുക്തം മുന്നോട്ടുപോകുന്നത്. ഇത് യാഥാർത്ഥ്യമാണെന്ന് തീരദേശ എം.എൽ.എ. എന്നുള്ള നിലയ്ക്ക് എനിക്ക് പറയാൻ കഴിയും. തീരദേശ ഫണ്ടിൽനിന്നും 2 കോടി രൂപ ചെലവഴിച്ച് അവിടെ പി.എച്ച്.സി. ആശുപത്രി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അവിടെ വന്നപ്പോൾ ആർദ്രം മിഷൻ പദ്ധതി നടപ്പിലാക്കുന്നു, രോഗീസൗഹൃദ ആശുപത്രികൾ പ്രവർത്തനസജ്ജമാക്കുന്നു, കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നു എന്നുപറഞ്ഞിരുന്നു. നാട്ടിക മണ്ഡലത്തിന്റെ തീരദേശ മേഖലയിൽ ഫലപ്രദമായി ഈ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ ഇതിലേറെ എന്തൊക്കെയുണ്ട്; കേരളത്തിന്റെ ആരോഗ്യ മേഖലയിൽ നിർവ്വചിച്ച പ്രഖ്യാപനങ്ങളും നയപ്രഖ്യാപനങ്ങളും വളരെയധികം ഫലപ്രദമായി നല്ല രീതിയിൽ നടപ്പിലാക്കുന്ന ഈ വകുപ്പിനെതിരെ എം.എൽ.എ.-മാർ ഈ രീതിയിൽ വന്ന് മുഖപ്രഹസനം നടത്തുന്നത് ഭൂഷണമല്ല. .....(ബഹളം)..... തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ കാൻസർ രോഗനിർണ്ണയത്തിന്, പ്രത്യേകിച്ച് സ്ത്രീകൾക്ക് താലൂക്കാശുപത്രികളിലും പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും മാമോഗ്രാം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കാൻസർ സ്ക്രീനിംഗ് നടത്തുന്നതിനും കാൻസർ ചികിത്സ ഊർജ്ജിതമാക്കുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തീരദേശത്തും കാൻസർ സ്ക്രീനിംഗ് നടത്തുന്നതിനും എളുപ്പത്തിൽ ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കും.

മി.സ്പീക്കർ: ഓർഡർ...ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വരാപ്പുഴ കസ്റ്റഡി മരണക്കേസ്സ്

5(*5) ശ്രീ. പി. ടി. തോമസ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. ഡി.സതീശൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ കസ്റ്റഡി മരണക്കേസ്സിന് വഴിയൊരുക്കിയ ദേവസ്വംപാടം വാസുദേവന്റെ വീടാക്രമണ കേസ്സിലെ പ്രതികൾ ആരൊക്കെയെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത കേസ്സിൽ ഉൾപ്പെട്ട ശ്രീജിത്ത് എന്ന തുളസീദാസ് ഉൾപ്പെടെ മൂന്ന് പ്രതികൾ കോടതിയിൽ കീഴടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട ശ്രീജിത്ത് യഥാർത്ഥ പ്രതിയായിരുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നിരപരാധിയായ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തത് ഏത് സാഹചര്യത്തിലാണെന്നും അതിനായുള്ള നിർദ്ദേശം ആരാണ് എറണാകുളം റൂറൽ ടൈഗർ ഫോഴ്സിന് നൽകിയത് എന്നും അറിയിക്കാമോ;

(ഡി) എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയായിരുന്ന എ. വി. ജോർജിന്റെ നിർദ്ദേശാനുസരണമാണോ ശ്രീജിത്തിനെ 6-4-2018-ൽ കസ്റ്റഡിയിലെടുത്തത്; ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) ജില്ലാ പോലിസ് മേധാവിയുടെ ഇക്കാര്യത്തിലുള്ള ഇടപെടലിന് പിന്നിലുള്ള രാഷ്ട്രീയ സമ്മർദ്ദം സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ):

(എ) കണ്ടെത്തിയിട്ടുണ്ട്.

(ബി) 3 പ്രതികൾ കോടതിയിൽ കീഴടങ്ങിയിട്ടുണ്ട്.

(സി) നാളിതുവരെയുള്ള അന്വേഷണത്തിൽ വാസുദേവന്റെ വീടാക്രമണ കേസ്സിൽ, മരണപ്പെട്ട ശ്രീജിത്ത് ഉൾപ്പെട്ടതായി വെളിവായിട്ടില്ല. ടിയാനെ കസ്റ്റഡിയിലെടുക്കാൻ ആരെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയതായും വെളിവായിട്ടില്ല.

(ഡി) നാളിതുവരെ നടത്തിയിട്ടുള്ള അന്വേഷണത്തിൽ അപ്രകാരം വെളിവായിട്ടില്ല. കേസ്സിന്റെ അന്വേഷണം പ്രത്യേക അന്വേഷണ സംഘത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

(ഇ) പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

**ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായുള്ള പദ്ധതികൾ**

6(*6) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ ജനസംഖ്യ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ട്രാൻസ്ജെൻഡർ വിഭാഗത്തിന് സമൂഹത്തിൽ അർഹമായ പരിഗണന ലഭിക്കുന്നതിനുതകുന്ന വിധത്തിൽ എന്തെല്ലാം പദ്ധതികളാണ് നിലവിൽ വിഭാവന ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടപ്പുസാമ്പത്തികവർഷം ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ.ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ ജനസംഖ്യ കണക്കാക്കിയിട്ടുണ്ട്. എറണാകുളത്ത് പ്രവർത്തിക്കുന്ന "സംഗമ" എന്ന മനുഷ്യാവകാശ സംഘടന സർവ്വേ നടത്തി ഏകദേശം 4000-ത്തോളം ട്രാൻസ്ജെൻഡർമാർ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പൊതു സമൂഹത്തിന്റെ നിഷേധാത്മക നിലപാടുകൾമൂലം സ്വന്തം ഐഡന്റിറ്റി

വെളിപ്പെടുത്താൻ വിമുഖത കാട്ടുന്ന ഒരു വിഭാഗം ആളുകളും ട്രാൻസ്ജെൻഡർ സമൂഹത്തിലുണ്ട്. ആയതിനാൽ കണക്കുകൾ അന്തിമമല്ല.

(ബി) ട്രാൻസ്ജെൻഡർ വിഭാഗത്തിന് സമൂഹത്തിൽ അർഹമായ പരിഗണന ലഭിക്കുന്നതിനുതകുന്ന വിധത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്.

1. <u>തിരിച്ചറിയൽ കാർഡ് വിതരണം:</u> സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നടന്നുവരുന്നു. ഇതിന്റെ ഒന്നാംഘട്ടമെന്ന നിലയിൽ സംസ്ഥാനത്ത് ഏകദേശം മുന്നൂറോളം ഐ.ഡി.കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ വ്യക്തികൾക്കും 2018 ഒക്ടോബറോടെ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2. <u>ബോധവൽക്കരണ പരിപാടികൾ:</u> സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ട്രാൻസ്ജെൻഡർ വിഭാഗത്തോടുള്ള അവഗണന ഇല്ലാതാക്കുന്നതിനായി പൊതുജനങ്ങൾ, അദ്ധ്യാപകർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകൾ, പത്രമാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ സൂക്ഷ്മ ബോധന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചു വരുന്നു.

3. <u>ട്രാൻസ്ജെൻഡർ സെൽ</u> : 2015-ൽ നടപ്പിലാക്കിയ ട്രാൻസ്ജെൻഡർ പോളിസി പ്രകാരം ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഏകോപനത്തിനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു കേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ ഒരു ട്രാൻസ്ജെൻഡർ സെൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ട്രാൻസ്ജെൻഡർ സെല്ലിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ 1 പ്രോജക്ട് ഓഫീസർ, 2 പ്രോജക്ട് അസിസ്റ്റന്റ്, 1 ഓഫീസ് അറ്റൻഡർ എന്നീ തസ്തികകളിൽ (ആകെ 4 പേർ) ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വ്യക്തികളെയാണ് നിയമിച്ചിട്ടുള്ളത്.

4. തുടർ വിദ്യാഭ്യാസ പദ്ധതി: പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടി വന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർ വിദ്യാഭ്യാസം സാദ്ധ്യമാക്കുന്നതിനായി കേരള സാക്ഷരതാ മിഷൻവഴി സർവ്വേ നടത്തുകയും അതിൻപ്രകാരം തുല്യതാപരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ളവർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനായി സമന്വയ എന്ന പേരിൽ ഒരു പദ്ധതി സാക്ഷരതാ മിഷനുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. അടിസ്ഥാന സാക്ഷരത, നാലാതരം, ഏഴാംതരം, പത്താംതരം, പന്ത്രണ്ടാംതരം, എന്നീ തുല്യതാ പരീക്ഷകൾക്ക് ആവശ്യമായ പരിശീലനമാണ് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നൽകിവരുന്നത്.

5. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്: സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രിതലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,000 രൂപയും +1, +2 വിദ്യാർത്ഥികൾക്ക് 1,500 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് 2,000 രൂപയുമാണ് സ്കോളർഷിപ്പ് തുക. കഴിഞ്ഞ സാമ്പത്തിക വർഷം 5 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. അർഹരായ മുഴുവൻ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കും വകുപ്പ്, തുക വിതരണം ചെയ്തുവരുന്നു.

6. ട്രാൻസ്ജെൻഡർമാർക്ക് ഡ്രൈവിംഗ് പരിശീലനം: സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഒരു ജില്ലയിൽ 5 പേർക്ക് വീതം ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി നടന്നുവരുന്നു.

7. 24x7 ഹെൽപ്പ് ലൈൻ: സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ഹെൽപ്പ് ലൈൻ ട്രാൻസ്ജെൻഡർമാർക്കായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പലതരത്തിലുള്ള ശാരീരിക, മാനസിക പീഡനത്തിന് ഇരയാകുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനും ആവശ്യമെങ്കിൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നതിനും ഹെൽപ്പ് ലൈൻ പര്യാപ്തമാണ്. നിലവിൽ ഓഫീസ് സമയങ്ങളിൽ മാത്രം പ്രവർത്തിച്ചുവരുന്ന ഹെൽപ്പ് ലൈൻ 2018 ജൂൺ 15 ആകുമ്പോഴേയ്ക്കും പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതാണ്. 24x7 ഹെൽപ്പ് ലൈൻ നമ്പർ-18004252147.

8. തൊഴിൽ നൈപുണ്യ പരിശീലനം: സംസ്ഥാനത്താകമാനമുള്ള ട്രാൻസ്ജെൻഡർ സമൂഹത്തിന് അവരുടെ അഭിരുചിക്കനുസരിച്ചും തൊഴിൽ ലഭ്യത, വിദ്യാഭ്യാസ യോഗ്യത എന്നിവ മുൻനിർത്തിയും സർക്കാർ അംഗീകൃതവും അല്ലാത്തതുമായ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി അക്രഡിറ്റഡായ സന്നദ്ധ സംഘടനകളുടെ സഹായം പത്രപരസ്യംവഴി വകുപ്പ് തേടിയിട്ടുണ്ട്. 2018 ജൂൺ അവസാന വാരത്തോടുകൂടി നൈപുണ്യ പരിശീലന പരിപാടികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

9. കെയർ ഹോം: സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ, മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും ചികിത്സാ കാലയളവിൽ താൽക്കാലിക താമസസൗകര്യം സജ്ജമാക്കുന്നതിനുമായി തിരുവനന്തപുരം കേന്ദ്രീകരിച്ച് ഒരു കെയർ ഹോം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതിനായി കെട്ടിടം കണ്ടെത്തുകയും അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

10. ഷോർട്ട് സ്റ്റേ ഹോം: സംസ്ഥാനത്തെ നല്ലൊരു ശതമാനം ട്രാൻസ്ജെൻഡർ വ്യക്തികളും കുടുംബത്തിൽനിന്നും പുറത്താക്കപ്പെട്ടിട്ടുള്ളവരോ, അസ്വസ്ഥമായ കുടുംബാന്തരീക്ഷവുമായി പൊരുത്തപ്പെടാൻ കഴിയാത്തവരോ ആണ്. ഇത്തരം പ്രതിസന്ധികൾ നേരിടുന്നവർക്ക് താൽക്കാലിക സുരക്ഷ ഒരുക്കുന്നതിനായി ഷോർട്ട് സ്റ്റേ ഹോമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ കെട്ടിടം കണ്ടെത്തി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് 5 ജില്ലകളിലും ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതാണ്.

(സി) ട്രാൻസ്ജെൻഡർ വിഭാഗത്തിന് അർഹമായ പരിഗണന ലഭ്യമാക്കുന്നതിനായി മുകളിൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ, നടപ്പ സാമ്പത്തിക വർഷം ചുവടെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു.

1. HIV സീറോ സർവ്വയലൻസ് സെന്റർ: ട്രാൻസ്ജെൻഡർ വ്യക്തികളിൽ ഒരു ചെറിയ വിഭാഗമെങ്കിലും തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥമൂലം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്നതിന് നിർബന്ധിതരാകുകയും തൻമൂലം HIV ഉൾപ്പെടെയുള്ള ലൈംഗിക രോഗങ്ങൾക്ക് അടിമകളാകുകയും ചെയ്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ HIV മുക്തമായ സമൂഹം സൃഷ്ടിക്കുന്നതിനായി സാമൂഹ്യക്ഷേമ ബോർഡുവഴി HIV സീറോ സർവ്വയലൻസ് സെന്റർ നടപ്പുസാമ്പത്തിക വർഷം പ്രാവർത്തികമാക്കുന്നതാണ്.

2. ബോധവൽക്കരണം-ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ചലചിത്ര അക്കാദമിയുടെ സഹകരണത്തോടെ ഹ്രസ്വ ചിത്രങ്ങൾ ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിനും ആയത് വ്യാപകമായി ജനങ്ങളിലെത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. സ്വയംതൊഴിൽ പദ്ധതിക്കായി ധനസഹായം- ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനം സാധ്യമാക്കുന്ന തരത്തിൽ നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. തൊഴിൽ നൈപുണ്യ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ ഉറപ്പാക്കുന്ന തരത്തിലുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകാനാണ് ഉദ്ദേശിക്കുന്നത്.

4. SRS സർജറി- തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾവഴി ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പ് ആവിഷ്കരിക്കുന്നതിനും ഇതിലേയ്ക്കായി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ തുടർനടപടികൾ സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

5. ട്രാൻസ്ജെൻഡർ കലോത്സവം- ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് പൊതുസമൂഹത്തിൽ കൂടുതൽ സ്വീകാര്യത ലഭ്യമാക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം എറണാകുളത്തുവച്ച് സംസ്ഥാനതല ട്രാൻസ്ജെൻഡർ കലോത്സവം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**പൊതുവിതരണ മേഖലയിൽ സ്വീകരിച്ച നടപടികൾ**

7(*7) ശ്രീ. ആർ. രാജേഷ്:

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. എം. സ്വരാജ്:

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിതരണ രംഗം അഴിമതിവിമുക്തമാക്കുന്നതിനും സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) റേഷൻ കടകളുടെ നവീകരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കടയുടമകൾക്ക് ന്യായമായ പ്രതിഫലം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) പൊതുവിതരണ സമ്പ്രദായം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച ഭക്ഷ്യധാന്യ വിഹിതം പുനഃസ്ഥാപിച്ചു കിട്ടുന്നതിനായി നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.പി.തിലോത്തമൻ): (എ) റേഷൻ പൊതുവിതരണ രംഗം അഴിമതി വിമുക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. റേഷൻ വിതരണ രംഗത്തെ അഴിമതി തടയുന്നതിനായി സംസ്ഥാനതല സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്. ഇ-പോസ് വഴിയുള്ള റേഷൻ വിതരണത്തിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 24 റേഷൻ കടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്യുകയും 60 റേഷൻ കടകളുടെ ജാമ്യ സംഖ്യ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിലെ റേഷൻ കടകളുടെ രൂപത്തിലും ഭാവത്തിലും തനതായ മാറ്റങ്ങൾ വരുത്തി റേഷൻകടകളെ ആകർഷകമാക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരേ മാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് ബോർഡ്, വില വിവരപ്പട്ടിക, ഒരേ രീതിയിലുള്ള പെയിന്റ് എന്നിവ നൽകി നവീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ, സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിൽക്കുന്ന സബ്സിഡി ഇതര/നോൺ മാവേലി സാധനങ്ങൾ തിരഞ്ഞെടുത്ത റേഷൻകടകൾവഴി വിൽക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം മേയ് മാസം 18-ാം തീയതി കണ്ണൂരിൽ വച്ച് മുഖ്യമന്ത്രി നിർവ്വഹിച്ചു.

സർക്കാരിന്റെ 10-11-2017-ലെ സ.ഉ.(കൈ) നമ്പർ 29/2017 ഭ.പൊ.വി.വ പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് 220 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. റേഷൻ വ്യാപാരികൾക്ക് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ഓഡിറ്റിംഗ് സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്)-ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് നടത്തി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സമർപ്പിക്കുന്ന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റിംഗ് ആരംഭിക്കുന്നതാണ്.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വിഹിതം സംസ്ഥാനത്തിന് അപര്യാപ്തമായതിനാൽ വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.പി. -മാരുടെ യോഗത്തിലും ഗവർണർമാരുടെ യോഗത്തിലും കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും നിവേദനങ്ങൾ നൽകിയിരുന്നു. എന്നാൽ കേന്ദ്രം അനുകൂലമായ നടപടികൾ ആയതിന്മേൽ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 15-5-2018-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വ കക്ഷിയോഗം ചേരുകയും ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്രസർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘത്തെ അയയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## പോലീസ് സേനയുടെ കാര്യക്ഷമത

8(*8) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപ്പിലാക്കിവരുന്ന ആധുനീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ തന്നെ പരാതി സമർപ്പിക്കുന്നതിനും അതിന്മേലുള്ള അന്വേഷണത്തിന്റെ സ്ഥിതി അറിയുന്നതിനും മറ്റുള്ള സേവനങ്ങൾ കാര്യക്ഷമമായി ലഭിക്കുന്നതിനും പുതുതായി ഏർപ്പെടുത്തിയ സംവിധാനത്തിന്റെ വിശദാംശം അറിയിക്കാമോ;

(സി) ആധുനികവൽക്കരണത്തോടൊപ്പം തന്നെ സ്റ്റേഷനിൽ വരുന്നവരോടും വാഹന പരിശോധനാവേളകളിലും ജനങ്ങളുടെ അന്തസ്സിനെ ഹനിക്കാത്ത രീതിയിലുള്ള പെരുമാറ്റം ഉണ്ടാകാൻ വേണ്ട ഇടപെടലും അതിനുവേണ്ട പരിശീലന പദ്ധതിയും തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സംസ്ഥാനത്തെ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ആധുനീകരണത്തിന്റെ ഭാഗമായി സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി അന്വേഷണം നടത്തി കണ്ടെത്തുന്നതിനായി 19 സൈബർ സെല്ലുകളും, ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ, സൈബർ ഡോം, സോഷ്യൽ മീഡിയ സെൽ എന്നിവയും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ നിലവിലുള്ള തിരുവനന്തപുരത്തിന് പുറമെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകൾ ആസ്ഥാനമായി പുതിയ മൂന്ന് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ പരാതി സമർപ്പിക്കുന്നതിനും അന്വേഷണ സ്ഥിതി അറിയുന്നതിനും പുതുതായി 'തുണ' എന്ന സിറ്റിസൺ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പൊതുജനങ്ങൾക്ക് സുരക്ഷയ്ക്കായി ഉപയോഗിക്കാവുന്ന 'രക്ഷ', 'ഡയൽ എ കോപ്പ്', 'സിറ്റിസൺ സേഫ്റ്റി' തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ സി.സി.ടി.എൻ.എസ് സംവിധാനം, ഡിജിറ്റൽ ഫോറൻസിക് സംവിധാനങ്ങൾ, ഓഫീസ് സേവനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് ബീറ്റ് പട്രോൾ തുടങ്ങിയവ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ആധുനീകരണ പ്രവർത്തനങ്ങളാണ്.

(ബി) ഇതിനായി ആരംഭിച്ച 'തുണ' എന്ന സിറ്റിസൺ പോർട്ടലിലൂടെ പരാതിക്കാരന് നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാനും അതിന്റെ സ്റ്റാറ്റസ് ഓൺലൈൻവഴി അറിയാനും കഴിയുന്നുണ്ട്. കൂടാതെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി), നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി.), പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആർ.-ന്റെ പകർപ്പ് എന്നിവ ഓൺലൈൻവഴി ലഭ്യമാക്കുവാനും കഴിയും. കാണാതായ വ്യക്തികളുടെ വിവരങ്ങൾ പോലീസിന് നൽകാനും, സമ്മേളനങ്ങൾ, ജാഥകൾ മറ്റ് കലാപരിപാടികൾ എന്നിവ നടത്തുന്നതിനും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നതിനുമുള്ള പോലീസ് അനുവാദം ഓൺലൈൻ അപേക്ഷയിലൂടെ ഇ- പോർട്ടൽവഴി സാധ്യമാകുന്നതാണ്.

(സി) പൊതുജനങ്ങളുമായുള്ള സമ്പർക്കത്തിൽ പോലീസുകാരുടെ പെരുമാറ്റം സൗഹൃദപരവും സഹായകരവുമാക്കുന്നതിനായി ഇൻസ്പെക്ടർ തലത്തിൽ സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സ്ട്രസ്സ് മാനേജ്മെന്റ് ട്രെയിനിംഗ് എന്നിവ കേരള പോലീസ് അക്കാഡമിയിൽ നടത്തിവരുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും അതിന്മേൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കുന്നതിനുമായി സി.പി.ഒ. മുതൽ ഡിവൈ.എസ്.പി. വരെയുള്ളവർക്ക് ആക്ടീവ് ലിസണിംഗ് സ്കിൽ ട്രെയിനിംഗ് നടത്തിവരുന്നുണ്ട്. വാഹന പരിശോധനാ വേളയിൽ ജനങ്ങളുടെ അന്തസ്സിനെ ഹനിക്കാത്ത രീതിയിലുള്ള പെരുമാറ്റം ഉണ്ടാകാൻ വേണ്ട പരിശീലനങ്ങളും നൽകിവരുന്നു. കൂടാതെ വാഹന പരിശോധനയെ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനുള്ള കർശന നിർദ്ദേശവും സംസ്ഥാന പോലീസ് മേധാവി തലത്തിൽ നൽകിയിട്ടുണ്ട്.

## ഐ.ടി. മേഖലയിൽ നൂതന പദ്ധതികൾ

9(*9) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ത്രീ-ഡി പ്രിന്റിംഗ്, മെഷീൻ ലേണിംഗ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ ഐ.ടി. മേഖലയിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള തൊഴിലുകൾക്ക് ഇത്തരം നൂതന സാങ്കേതിക വിദ്യകൾ ഭീഷണിയാകുമെന്ന് കരുതുന്നുണ്ടോ; ഇതിനെക്കുറിച്ച് പഠനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇതനുസരിച്ച് പാഠ്യപദ്ധതികളിൽ മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്. IIITM-K- യുടെ ഭാഗമായി വികസിപ്പിച്ചുവരുന്ന കോഗ്നെറ്റീവ് കമ്പ്യൂട്ടിംഗ്/മെഷീൻ ലേണിംഗ് സെന്ററിൽ നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് എന്നിവയിലുള്ള പരിശീലനവും ഗവേഷണവും വികസനവുമാണ് ലക്ഷ്യമാക്കിയിരിക്കുന്നത്. സ്റ്റാർട്ട് അപ് മിഷന്റെ കീഴിലുള്ള ഫാബ് ലാബുകളിലും IIITM-K-യുടെ കീഴിലുള്ള മേക്കർ വില്ലേജിലും റോബോട്ടിക്സ്, 3D പ്രിന്റിംഗ് എന്നീ സാങ്കേതികവിദ്യകളിൽ ഗവേഷണത്തിനും വികസനത്തിനുമുള്ള അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) തൊഴിലവസരങ്ങൾ നഷ്ടമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടുവാനിടയുണ്ട്. ഇന്ന് ഇന്ത്യയിലേയ്ക്ക് outsource ചെയ്യപ്പെട്ടിരിക്കുന്ന പല തൊഴിലുകളും Robotic progress automation പോലെയുള്ള നിർമ്മിത ബുദ്ധി ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളാൽ അധിഷ്ഠിതമായ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ചെയ്യാൻ സാധിക്കും. അതിനാൽ ഇത്തരത്തിലുള്ള പുതിയ സാങ്കേതികവിദ്യയിലേയ്ക്ക് നമ്മുടെ തലമുറയെ പരിശീലിപ്പിക്കേണ്ട ആവശ്യകതയുണ്ട്. ഈ ലക്ഷ്യത്തോടെ IIITM-K-യുടെ PG, Ph.D, ഹ്രസ്വകാല കോഴ്സുകളിൽ നിർമ്മിത ബുദ്ധി, Data Analytics, Blockchain മുതലായ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. കേരളത്തിലെ Engineering വിദ്യാഭ്യാസ രംഗത്ത് ഈ നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള അവബോധവും, അതിലേയ്ക്കുള്ള പരിശീലനവും ലക്ഷ്യമാക്കി പല പദ്ധതികളും വിഭാവന ചെയ്തുവരുന്നു.

### ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ

10(*10) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്ത് വിദേശ വനിത കൊല്ലപ്പെട്ട സംഭവത്തെത്തുടർന്ന് ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിനോദസഞ്ചാര മേഖലകളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ നിർബന്ധമാക്കുമോ;

(ഡി) വിനോദസഞ്ചാരികൾക്ക് പോലീസിന്റെ സേവനം ഏത് സമയത്തും പെട്ടെന്ന് ലഭ്യമാക്കുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) കോവളം ടൂറിസം ഡെസ്റ്റിനേഷനിലുണ്ടായ വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും, സംസ്ഥാന പോലീസ്

മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെയും ഉന്നത അധികാരികൾ പങ്കെടുത്ത അടിയന്തര യോഗം 10-5-2018-ൽ ചേരുകയുണ്ടായി. യോഗ തീരുമാന പ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും, ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് വിനോദസഞ്ചാര വകുപ്പ് അടിയന്തരമായി നടപ്പിലാക്കി വരുന്നു. സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾക്കായി 18-5-2018 ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെട്ട പോലീസ് മേധാവിയുടെ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റന്റ് സെന്ററുകൾ എത്രയും വേഗം പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ടൂറിസം മേഖലയിൽ സുരക്ഷാ മുൻകരുതലിനായി നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്കും പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനമനുഷ്ഠിക്കുന്നുണ്ട്. ടൂറിസം പോലീസിനെ ശക്തിപ്പെടുത്തി സേവനം കൂടുതൽ ആവശ്യമായ ഇടങ്ങളിൽ ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്.

(ഡി) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് മേധാവി അടിയന്തര നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## മെഡിക്കൽ കോളേജുകളുടെ വികസനം

11(*11) ശ്രീ. ബി. സത്യൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളെ ഉൽകൃഷ്ട സ്ഥാപനങ്ങൾ (Centre of Excellence) ആയി ഉയർത്തുന്ന പരിപാടിയുടെ ഭാഗമായി നടത്തി വരുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വയനാട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള അഞ്ച് ആശുപത്രികളെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) പരിയാരം മെഡിക്കൽ കോളേജിനെ ഏറ്റെടുത്ത് എയിംസിന് സമാനമായി വികസിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ): (എ) & (ബി) അനുബന്ധം-1 *ആയി ചേർത്തിരിക്കുന്നു.

(സി) പരിയാരം മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെങ്കിലും എയിംസിന് സമാനമായി വികസിപ്പിക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ടില്ല.

## സിവിൽ സർവീസിനെ കാര്യക്ഷമമാക്കുവാൻ നടപടി

12(*12) ശ്രീ. കെ. ആൻസലൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ബാബു:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന കേരളം എന്ന ലക്ഷ്യപ്രാപ്തിക്ക് സിവിൽ സർവീസിനെ കാര്യക്ഷമവും അഴിമതി വിമുക്തവുമാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സിവിൽ സർവ്വീസിന്റെ വിപുലീകരണത്തിനും ശാക്തീകരണത്തിനുമായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; സർക്കാർ ഓഫീസുകളെ ജനപക്ഷ സിവിൽ സർവ്വീസ് ഓഫീസുകളായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്താണ്; എത്ര ഓഫീസുകളെ ഇത്തരത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സർക്കാർ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ്, എം-ഗവേണൻസ് പദ്ധതികളുടെ വിശദാംശവും പുരോഗതിയും അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): (എ&ബി) സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും സിവിൽ സർവ്വീസ് ആധുനികവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആയത് സംബന്ധിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നാലാം ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. വകുപ്പുതല ചട്ടക്കൂട്ടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാന പരിശീലന നയത്തിന് രൂപം നൽകി.

സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 1-1-2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും/വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1-നകവും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളിൽ ഡിസംബർ 31-നകവും സ്ഥാപിച്ച് നടപ്പിൽ വരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നല്കണമെന്നതും സംബന്ധിച്ച് നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇ-ഗവേണൻസ്/എം.ഗവേണൻസിനായി സംസ്ഥാനത്ത് ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

1. ഇ-ഡിസ്ട്രിക്ട്

നാഷണൽ ഇ-ഗവേണൻസ് പ്ലാനിനു കീഴിലെ മിഷൻ മോഡ് പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺലൈൻവഴി പൊതുജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇ-ഡിസ്ട്രിക്ട് വഴി വിതരണം ചെയ്യുന്ന എല്ലാ സർട്ടിഫിക്കറ്റിലും അത് നല്കുന്ന ഉദ്യോഗസ്ഥന്റെ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയിട്ടുണ്ടാകും. 24 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ൽപ്പരം പണം ഒടുക്കൽ സേവനങ്ങൾ മുതലായവ ഈ പദ്ധതി മുഖേന നല്കിവരുന്നു. കൂടാതെ വിവരാവകാശം, പരാതി പരിഹാരം എന്നീ സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ലഭ്യമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ (റവന്യൂ കോർട്ട് കേസ്) സംബന്ധിച്ച സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് വഴി നല്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ വനം വകുപ്പിന്റെ ആറ് സേവനങ്ങൾ നിലവിൽ ഈ പദ്ധതി മുഖാന്തരം നല്കിവരുന്നു.

2. ഇ-ഓഫീസ് (e-office)

സർക്കാർ ഓഫീസുകൾ പേപ്പർ രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. പുറമേ 14 കളക്ടേറ്റുകളിലും മുപ്പതിലധികം വകുപ്പുകളുടെ ഡയറക്ടറേറ്റുകളിലും/കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

3. ഇ-പ്രൊക്യൂർമെന്റ്

പൊതുഭരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പുകളിൽ ഇ-സംഭരണം ഏർപ്പെടുത്തുന്നതിനുള്ള ഇ-പ്രൊക്യൂർമെന്റ് പദ്ധതി നടപ്പിൽ വരുത്തുന്നത് അന്തിമ ഘട്ടത്തിലാണ്.

4. ഫ്രണ്ട്സ് ജനസേവന കേന്ദ്രം

വിവരസാങ്കേതികവിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2000-ൽ കേരള സർക്കാർ ഐ.ടി.മിഷന്റെ കീഴിൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രം എന്ന പേരിൽ ആരംഭിച്ച ഏകജാലക സംവിധാനം 2001-ൽ മറ്റ് ജില്ലാ കേന്ദ്രങ്ങളിലും വ്യാപിപ്പിക്കുകയും ആയത് തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

5. കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (KSWAN)

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ (SWAN) ഭാഗമായി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളും 152 ബ്ലോക്ക് ആസ്ഥാനങ്ങളും സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

6. സെക്രട്ടറിയേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (SecWAN)

ഗവ. സെക്രട്ടറിയേറ്റിലെ സേവനങ്ങൾ വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ ഗുണപരമായി മെച്ചപ്പെടുത്തുക, ഇതിനായി വിവിധ വകുപ്പുകൾ തമ്മിൽ ബന്ധിപ്പിച്ച് അവയുടെ പ്രവർത്തനം ഏകോപിപ്പിക്കുക തുടങ്ങിയവ മുൻനിർത്തി ആവിഷ്കരിച്ച പദ്ധതി വിജയകരമായി പ്രവർത്തിച്ചുവരുന്നു.

7. സർക്കാർ കോൾ സെന്റർ

വിവിധ സർക്കാർ വകുപ്പുകൾ നല്കുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജനസേവന കേന്ദ്രത്തോട് ചേർന്ന് കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു.

8. സംസ്ഥാന ഡാറ്റാ സെന്റർ

സംസ്ഥാനത്തെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് സംസ്ഥാന ഡാറ്റാ സെന്റർ-1-ഉം നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്കിൽ ഡാറ്റ സെന്റർ-2-ഉം പ്രവർത്തിക്കുന്നു.

9. വീഡിയോ കോൺഫറൻസിംഗ്

ജില്ലാ കലക്ടറേറ്റുകൾ, ഐ ടി. മിഷൻ, വികാസ് ഭവൻ, സെക്രട്ടേറിയറ്റ്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്, എക്സ്സൈസ് ഡിപ്പാർട്ടുമെന്റ്, തെരഞ്ഞെടുക്കപ്പെട്ട താലൂക്കുകൾ തുടങ്ങി 30-ഓളം ഓഫീസുകളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു.

10. ആധാർ പദ്ധതി

സംസ്ഥാനത്തെ 99.8 ശതമാനത്തോളം ആളുകൾക്ക് ആധാർ നൽകിക്കഴിഞ്ഞു. സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് കൂടുതലായും ആധാർ പേര് ചേർക്കൽ നടത്തുന്നത്. കുട്ടികൾക്ക് അംഗൻവാടി വഴിയും, വയോധികർക്കും ഭിന്ന ശേഷിയുള്ളവർക്കും ശയ്യാവലംബരായവർക്കും അവരുടെ വീടുകളിൽ എത്തിയും ആധാർ എൻറോൾമെന്റ് നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള (സെർട്ട്-കേരള)

ആഗോളതലത്തിലുള്ള സൈബർ ഭീകരാക്രമണങ്ങളെ ചെറുക്കാൻ ദേശീയതലത്തിലുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ (സെർട്ട് ഇൻ)യ്ക്ക് സമാനമായ സംവിധാനം സംസ്ഥാന സർക്കാർ സെർട്ട്-കെ-യിലൂടെ ഏർപ്പെടുത്തിയിട്ടുണ്ട്.

12. <u>സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ</u>

നവീകരിച്ച വെബ് പോർട്ടൽവഴി 35-ലധികം സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

13. <u>മൊബൈൽ ഗവേണൻസ്</u>

വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയാക്കി.

14. <u>കേരള സ്പെഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഡി.ഐ)</u>

കേരളത്തിലെ ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റവുമായി (ജി.ഐ.എസ്.) ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപന ത്തിനായാണ് കെ.എസ്.ഡി.ഐ. നിലവിൽ വന്നത്. വിശ്വസനീയവും അവലംബിക്കാവുന്നതുമായ ഭൂ വിവരങ്ങൾ പാരിസ്ഥിതിക സംബന്ധിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് നൽകുന്നതിന് സഹായകരമായ രീതിയിൽ പ്രവർത്തനം തുടർന്നുവരുന്നു.

## സ്ത്രീശാക്തീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

13(*13) <u>ശ്രീ. എൻ. വിജയൻ പിള്ള:</u>
<u>ശ്രീമതി യു. പ്രതിഭ ഹരി:</u>
<u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മഹിളാ മന്ദിരങ്ങൾ, ഷെൽട്ടർ ഹോമുകൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിധവകൾക്കും അവിവാഹിതരായ അമ്മമാർക്കും ഗാർഹിക പീഡനത്തിന് ഇരയായവർക്കും സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) നിർഭയ പദ്ധതി കൂടുതൽ ശാസ്ത്രീയമായി ജനകീയമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിത ശിശു വികസന വകുപ്പ് എന്ന പുതിയ വകുപ്പ് രൂപീകരിച്ചു. പ്രസ്തുത വകുപ്പുമുഖേന താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

അഭയകിരണം

നിരാലംബരായ വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഒരംഗത്തിന് നിബന്ധനകൾക്ക് വിധേയമായി 1,000 രൂപ പ്രതിമാസം ധനസഹായം നൽകുന്നു.

കൈത്താങ്ങ് പദ്ധതി

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിള പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്നൊരു കർമ്മസേന രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

വൺ ഡേ ഹോം

വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് തനിച്ച് എത്തിച്ചേരുന്ന സ്ത്രീകൾക്കുള്ള സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

സധൈര്യം മുന്നോട്ട്

'സ്ത്രീ ശാക്തീകരണത്തിനും നിയമാവബോധം വളർത്തുന്നതിനുമായി സധൈര്യം മുന്നോട്ട് ' എന്ന പേരിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നിർഭയ സെൽ

നിർഭയ സെൽ മുഖേന ഷെൽട്ടർ ഹോം ഇല്ലാത്ത കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കൊല്ലം ജില്ലയിൽ പുതിയ ഷെൽട്ടർ ഹോം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ

ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനായി ബോധവൽക്കരണം നടത്തുന്നതിനായി പരിശീലകർക്കുള്ള പരിപാടിയും ഹാന്റ്ബുക്കും തയ്യാറാക്കി വരുന്നു. പൊതുസ്ഥലങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി റേഡിയോ, റെയിൽവേ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ്വഴി പരസ്യ പ്രചരണം നൽകിയിട്ടുണ്ട്.

<u>വനിതാ കമ്മീഷൻ</u>

2018-19 സാമ്പത്തിക വർഷം മുതൽ കേരള വനിതാ കമ്മീഷൻ വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാർക്ക് സൗജന്യ ഡി.എൻ.എ. ടെസ്റ്റും അവരുടെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുവാൻ ഉതകുന്ന രീതിയിൽ സൗജന്യ നിയമ സഹായവും നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. മലബാർ മേഖലയിലുള്ള സ്ത്രീകളുടെ പ്രശ്ന പരിഹാരത്തിനായി കോഴിക്കോട് ജില്ലയിൽ വനിതാ കമ്മീഷന്റെ ഒരു മേഖലാ ഓഫീസ് തുടങ്ങുവാനുള്ള നടപടിക്രമങ്ങൾ നടത്തിവരുന്നു. കൂടാതെ തുടർന്നുവരുന്ന പദ്ധതികളായ സ്റ്റേറ്റ് പ്ലാൻ സ്കീം, ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം എന്നിവയുടെ ഭാഗമായി അദാലത്തുകൾ, ഫാമിലി കൗൺസിലിംഗ്, ജാഗ്രതാ സമിതി പരിശീലനം, ഗവേഷണ പഠനങ്ങൾ, ശില്പശാല/സെമിനാറുകൾ ഓഡിയോ, വീഡിയോ, പ്രിന്റ് മീഡിയ വഴിയുള്ള ബോധവൽക്കരണം, കലാലയ ജ്യോതി എന്നീ പദ്ധതികൾ കേരള വനിതാ കമ്മീഷൻ മുഖാന്തരം നടപ്പിലാക്കി വരുന്നു.

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

സ്ത്രീകളുടെ സുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- മിത്ര 181(24x7) ടോൾ ഫ്രീ വിമൻ ഹെൽപ്പ് ലൈൻ പദ്ധതി.
- വനമിത്ര-കോഴിക്കോട് പേരാമ്പ്രയിൽ ആദിവാസി വനിതകൾക്ക് സമഗ്ര വികസന പദ്ധതി.
- തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി രണ്ട് വനിതാ ഹോസ്റ്റലുകൾ ആരംഭിച്ചു.
- സംസ്ഥാനത്തുടനീളം 10 ജില്ലകളിലായി 300 വിധവകൾക്ക് സംരംഭകത്വ വികസന പരിശീലനം നൽകി വരുന്നു.

(ബി) മഹിളാ മന്ദിരത്തിലെ താമസക്കാർക്ക് മാനസിക-ശാരീരിക ആരോഗ്യത്തിന് യോഗ പരിശീലനത്തിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. കൂടാതെ മഹിളാ മന്ദിരത്തിലെ താമസക്കാർക്ക് തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്.

നിർഭയ സെല്ലിന്റെ മേൽനോട്ടത്തിലുള്ള നിർഭയ ഷെൽട്ടർ ഹോമിന്റെ അടിസ്ഥാന വികസനത്തിനായി കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർഭയ ഷെൽട്ടർ ഹോം ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പരിശീലന പരിപാടി നടത്തിയിട്ടുണ്ട്.

(സി) വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും ശാക്തീകരണത്തിന്, Centre for management Development മുഖേന സ്വയം തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിധവകളുടെ പുനരധിവാസത്തിനായി അവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഒറ്റത്തവണ ഗ്രാന്റായി ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിർഭയ പദ്ധതി കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി ഷെൽട്ടർ ഹോം താമസക്കാരുടെ മാനസികവും വികസനപരവുമായ വിവരം ശേഖരിച്ച് പഠനം നടത്തി അവരുടെ വ്യക്തിത്വ വികസനം ഉറപ്പുവരുത്തുന്നതരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി സൈക്കോളജി ഡിപ്പാർട്ട്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**അർബുദരോഗ നിയന്ത്രണത്തിന് കർമ്മപരിപാടി**

14(*14) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അർബുദരോഗം നിയന്ത്രിക്കുന്നതിന് കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) അർബുദ ചികിത്സയ്ക്കായി റീജിയണൽ ക്യാൻസർ സെന്റർ നിലവാരത്തിൽ ആശുപത്രികൾ സജ്ജമാക്കുമോ; വ്യക്തമാക്കുമോ;

(സി) അർബുദരോഗം പ്രാരംഭത്തിൽ കണ്ടുപിടിക്കുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിന് താലൂക്കാശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അർബുദ രോഗനിയന്ത്രണത്തിന് ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യപ്രവർത്തകർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകുമോ; വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗം നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ആവശ്യമായ നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു. സർക്കാർ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ശാക്തീകരിക്കുക, ജില്ലാ, താലൂക്കാരോഗ്യ സ്ഥാപനങ്ങളിൽ ക്യാൻസർ നിർണ്ണയ, ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ക്യാൻസർ അവബോധം വർദ്ധിപ്പിക്കുക, സ്വകാര്യ മേഖലയിലെയും, സർക്കാർ മേഖലയിലെയും ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു ക്യാൻസർ ഗ്രിഡ് രൂപീകരിക്കുക എന്നിവയാണ് ഇതിന്റെ പ്രവർത്തന ലക്ഷ്യം.

(ബി) അർബുദ ചികിത്സയ്ക്കായി തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നിലവാരത്തിൽ ആശുപത്രികൾ സജ്ജമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മധ്യമേഖലയിൽ കൊച്ചിയിൽ ഒരു ക്യാൻസർ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ഉത്തരമേഖലയിൽ മലബാർ ക്യാൻസർ സെന്റർ ആർ.സി.സി. നിലവാരത്തിലേയ്ക്കുയർത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

(സി) മനുഷ്യ ശരീരത്തിലെ ഓരോ കോശങ്ങളിലും അർബുദം പ്രത്യക്ഷ പ്പെടാമെങ്കിലും ചില ക്യാൻസറുകൾ മുൻകൂട്ടി നിർണ്ണയിക്കാവുന്നതും ചികിത്സിച്ച് സുഖപ്പെടുത്താവുന്നതുമാണ്. ഇതിൽ പ്രധാനം വദനാർബുദം, സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവയാണ്. പ്രാരംഭദശയിൽ തന്നെ കണ്ടെത്താവുന്നതും പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്നതുമായ ഈ ക്യാൻസറുകളുടെ നിർണ്ണയത്തിന് ആശുപത്രികളെയും ആരോഗ്യകേന്ദ്രങ്ങളെയും സജ്ജ മാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരികയാണ്. ക്യാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ ക്യാൻസർ കെയർ സെന്ററുകളിൽ രോഗ നിർണ്ണയവും കീമോതെറാപ്പിയും നൽകി വരുന്നുണ്ട്. ഇതിന് പുറമെ ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് എല്ലാ സാമ്പത്തിക വർഷവും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും ക്ലിനിക്കുകളും സംഘടിപ്പിച്ചുവരുന്നു. ഈ സേവനങ്ങൾ എല്ലാ താലൂക്കാശുപത്രികളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) എല്ലാ സാമ്പത്തിക വർഷവും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ ഫണ്ടുപയോഗിച്ച് ഡോക്ടർമാർക്കും, നഴ്സുമാർക്കും തിരുവനന്തപുരം ആർ.സി.സി.-യിൽ വച്ചും, മലബാർ ക്യാൻസർ സെന്ററിൽ വച്ചും പ്രത്യേക പരിശീലനം നൽകിവരുന്നു. ഡോക്ടർമാർക്ക് 3 മാസം നീണ്ടുനിൽക്കുന്ന സമഗ്ര ക്യാൻസർ പരിശീലനവും, നഴ്സുമാർക്ക് 2 ആഴ്ച നീണ്ടുനിൽക്കുന്ന പരിശീലനവുമാണ് നൽകിവരുന്നത്. ഇങ്ങനെ പരിശീലനം ലഭിച്ച ഡോക്ടർമാർ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ക്യാൻസർ കെയർ സെന്ററുകളിലും പാലിയേറ്റീവ് കീമോതെറാപ്പി സെന്ററുകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകിവരുന്നു. ഇത് കൂടുതൽ ഡോക്ടർമാരിലേയ്ക്കും നഴ്സ്മാരിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-പോസ് സംവിധാനത്തിന്റെ നേട്ടങ്ങൾ

15(*15) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിനായി സ്ഥാപിച്ച ഇ-പോസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇ-പോസ് സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പ്രാവർത്തികമാക്കിയതിന് ശേഷമുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ;

(സി) കാർഡുടമയ്ക്ക് പകരം കുടുംബത്തിലെ മറ്റൊരാൾക്ക് റേഷൻ വാങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഇ-പോസ് മെഷീൻ സ്വിച്ച് ഓൺ ചെയ്തശേഷം റേഷൻ വ്യാപാരിയോ സെയിൽസ്മാനോ ലോഗിൻ ചെയ്യേണ്ടതുണ്ട്. ആധാർ ആതന്റിക്കേഷൻ മുഖേനയോ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ പാസ്‌വേർഡ് വഴിയോ ലോഗിൻ ചെയ്യാവുന്നതാണ്. ഇ-പോസ് മെഷീനിൽ ഉപഭോക്താവിന്റെ റേഷൻ കാർഡ് നമ്പർ നല്കുമ്പോൾ കാർഡംഗങ്ങളുടെ പേരുവിവരങ്ങൾ പ്രദർശിപ്പിക്കും. ഇതിൽനിന്ന് റേഷൻ സാധനങ്ങൾ വാങ്ങാൻ വരുന്ന കാർഡംഗത്തെ തെരഞ്ഞെടുത്ത് ഫിംഗർ പ്രിന്റ് രേഖപ്പെടുത്തി ആതന്റിക്കേഷൻ നടത്തി യഥാർത്ഥ ഗുണഭോക്താവിനുതന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താൻ സാധിക്കും. ആധാർ ആതന്റിക്കേഷൻ

പരാജയപ്പെടുകയാണെങ്കിൽ റേഷൻ കാർഡ് ഡാറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് OTP (One Time Password) അയയ്ക്കുകയും ആയത് വഴി ആതന്റിക്കേറ്റ് ചെയ്യുകയും ചെയ്യാം. മൊബൈൽ ലഭ്യമല്ലെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം നടത്താൻ സാധിക്കും. ഉപഭോക്താവിന് തന്മാസം ലഭിക്കാനുള്ള റേഷൻ സാധനങ്ങളുടെ വിഹിതം, തന്മാസം കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വിവരം, ഇനി അവശേഷിക്കുന്നത്, വില തുടങ്ങിയവ ഇ-പോസ് മെഷീനിൽ പ്രദർശിപ്പിക്കും. കൂടാതെ ശബ്ദരൂപത്തിലും വിവരങ്ങൾ അറിയാൻ സാധിക്കും. ബിൽ പ്രിന്റ് ചെയ്തു ലഭിക്കും. ഓരോ ട്രാൻസാക്ഷൻ വിവരങ്ങളും തത്സമയം തന്നെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ പ്രദർശിപ്പിക്കുകയും ചെയ്യും.

നിലവിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ് ഉപയോഗിച്ചു വരുന്നത്. നെറ്റ്‌വർക്ക് ലഭ്യമാണെങ്കിൽ മാത്രമേ ട്രാൻസാക്ഷനുകൾ നടത്താൻ സാധിക്കുകയുള്ളൂ. നെറ്റ്‌വർക്കിനായി ഇപ്പോൾ രണ്ട് മൊബൈൽ സിം കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. എന്നാൽ ഒരു മൊബൈൽ കണക്ടിവിറ്റിയും ലഭ്യമാകാത്ത 31 റേഷൻ കടകളിൽ ഇ-പോസ് മുഖേനയല്ലാതെ മാനുവൽ രീതിയിൽ റേഷൻ വിതരണം നടത്തി വരുന്നുണ്ട്. ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തി തുടങ്ങിയശേഷം ഓരോ ട്രാൻസാക്ഷനും തത്സമയം epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. 2018 ഏപ്രിൽ മാസത്തിൽ 79.53% ഗുണഭോക്താക്കൾ ഇ-പോസ് മുഖേന റേഷൻ കൈപ്പറ്റുകയുണ്ടായി. പോർട്ടബിലിറ്റി സംവിധാനം മുഖേന ഏതു റേഷൻ കടയിൽനിന്നു വേണമെങ്കിലും റേഷൻ വാങ്ങാം എന്നു വന്നു. റേഷൻ കടയിലെ സ്റ്റോക്ക് വിവരം, ഓരോ ട്രാൻസാക്ഷനും സംബന്ധിച്ച വിവരം, ഓരോ ഗുണഭോക്താവും കൈപ്പറ്റിയ വിഹിതം തുടങ്ങിയ വിവരങ്ങൾ തത്സമയം അറിയാൻ കഴിയും എന്നതിലൂടെ റേഷൻ സംവിധാനം കൂടുതൽ സുതാര്യമാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) റേഷൻ കാർഡിലുള്ള ഏതംഗത്തിനും റേഷൻ വാങ്ങാൻ സാധിക്കും. ഇതിനായി മുഴുവൻ കുടുംബാംഗങ്ങളുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

### വികസന പദ്ധതികൾ

16(*16) ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. എം. നൗഷാദ്:

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തി രണ്ട് വർഷം കൊണ്ട് നടപ്പാക്കിയ വികസന പദ്ധതികളുടെ ഫലമായി മാനവ വികസന സൂചികയിൽ

ഉണ്ടാക്കാനായ പുരോഗതിയും അതിനായി ലഭിച്ച പ്രധാനപ്പെട്ട ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ ;

(ബി) ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം നേടിയ കുണ്ടറ മണ്ഡലത്തിലെ സമഗ്ര വികസന പരിപാടിയായ 'ഇടം' പദ്ധതിയുടെ പ്രധാന സവിശേഷത അറിയിക്കാമോ ;

(സി) സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനായി പ്രാവർത്തികമാക്കി വരുന്ന ചതുർ മിഷനുകളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും ജനദ്രോഹകരമായ നടപടികളും അതിജീവിച്ചുകൊണ്ട് വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 2017-ൽ ശിശുമരണ നിരക്ക് 10 ആയി കുറഞ്ഞിട്ടുണ്ട്. സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞു പോകൽ നിരക്ക് എൽ.പി. തലത്തിൽ 0.26-ൽനിന്നും 0.20 ആയും യു.പി.തലത്തിൽ 0.15-ൽനിന്നും 0.11 ആയും ഹൈസ്കൂൾ തലത്തിൽ 0.38-ൽനിന്നും 0.33 ആയും കുറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ പ്രതിശീർഷ വരുമാനം 2015-16-മായി താരതമ്യം ചെയ്യുമ്പോൾ 2016-17-ൽ 8570 രൂപയുടെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാലയമായ ഐ.റ്റി.ഐ.-കളിലെ കുട്ടികളുടെ പ്രവേശനത്തിലെ വർദ്ധനവ് 2126 ആണ്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി 2016-17-ൽ 35756 തൊഴിലുകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന് ലഭിച്ച അംഗീകാരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സംയോജിത വികസനത്തിന്റെ ഒരു പ്രാദേശിക മാതൃകയായി കുണ്ടറ നിയോജകമണ്ഡലത്തെ മാറ്റിത്തീർക്കുന്നതിനുവേണ്ടി തയ്യാറാക്കിയ വികസന രൂപരേഖയാണ് 'ഇടം'. ഒരു നൂതന വികസന സമീപനമാണ് 'ഇടം' അവലംബിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

യു.എൻ.ഒ.-യുടെ 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' അടിസ്ഥാനമാക്കിയുള്ള സമ്പൂർണ്ണ വികസന നിർദ്ദേശങ്ങളാണ് 'ഇടം മിഷൻ 2030' എന്ന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും ഏജൻസികളുടെയും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചിട്ടുള്ളവയുടെയും നേതൃത്വത്തിൽ നടക്കുന്ന വിവിധ വികസന പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് പുതിയ ആശയങ്ങൾ യാഥാർത്ഥ്യമാക്കുവാൻ 'ഇടം മിഷൻ 2030' ലൂടെ സാധിക്കും എന്നതാണ് ഇതിന്റെ സവിശേഷത.

(സി) ഉണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാന മിഷനുകളും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റിയും സമയാസമയങ്ങളിൽ ചതുർ മിഷനുകളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. സംസ്ഥാന തലത്തിൽ സർക്കാരിന്റെ വികസന ഉപദേഷ്ടാവിന്റെ മേൽനോട്ടത്തിൽ മിഷൻ മോണിറ്ററിംഗ് ടീമും നാല് മിഷനുകളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിൽ (വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി, ജില്ലാ തദ്ദേശ സ്വയംഭരണതലങ്ങളിൽ) യഥാ സമയങ്ങളിൽ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(ഡി) സംസ്ഥാന സർക്കാർ ഹരിത കേരളം മിഷൻ, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ മിഷനുകളിലൂടെയും കിഫ്ബിയിലൂടെയും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കി വരുന്നു.

**അക്ഷയ കേന്ദ്രങ്ങളിലെ സർവ്വീസ് ചാർജ് ഏകീകരണം**

17(*17) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ അക്ഷയ കേന്ദ്രങ്ങൾവഴി ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിൽനിന്ന് ലഭ്യമാകുന്ന സർക്കാർ സേവനങ്ങളിൽ ഏകീകൃത സർവ്വീസ് ചാർജ് നിശ്ചയിക്കപ്പെട്ടിട്ടുള്ള സേവനങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) അക്ഷയ കേന്ദ്രങ്ങൾവഴി നല്കപ്പെടുന്ന സേവനങ്ങളുടെ നിരക്ക് ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ടും നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ചും അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ:

(ഡി) അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള സർക്കാർ സേവനങ്ങൾക്കുള്ള നിരക്ക് നിശ്ചയിക്കുന്നതിനും ഏകീകരിക്കുന്നതിനും നേരിടുന്ന കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) നിലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ/സർക്കാരിതര സേവനങ്ങളെ സംബന്ധിച്ച പട്ടിക അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ 26 ഇനം സേവനങ്ങളുടെ സർവ്വീസ് ചാർജ്ജ് നിരക്കുകൾ ക്രമപ്പെടുത്തി സ.ഉ.(അച്ചടി) നം.03/2018 വി.സാ.വ തീയതി 9-5-2018 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെടാത്ത സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന നിർവ്വഹിക്കുകയാണെങ്കിൽ 20 ഫീൽഡിൽ കൂടുതൽ ഡേറ്റാ എൻട്രി ആവശ്യമില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ്ജ് 20 രൂപയായും സ്കാൻ ചെയ്യുന്നതിന് പേജ് ഒന്നിന് 3 രൂപയും പ്രിന്റ് ചെയ്യുന്നതിന് 3 രൂപയും ആയി നിരക്ക് നിജപ്പെടുത്തിയിട്ടുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ രജിസ്ട്രേഷൻ 15 രൂപയും പിന്നോക്ക വിഭാഗങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്ന t-grants രജിസ്ട്രേഷന് 40 രൂപയും സർവ്വീസ് ചാർജ്ജ് നിശ്ചയിച്ച് അതാത് വകുപ്പുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി & ഡി) അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് ചാർജ് നിരക്കുകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ടും നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ചും അക്ഷയ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് സർവ്വീസ് ചാർജ്ജുകൾ കാലികമായി വർദ്ധിപ്പിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് നിരക്കുകൾ ക്രമപ്പെടുത്തിയും സ.ഉ (അച്ചടി) നമ്പർ 03/2018/വി.സാ.വ തീയതി 9-5-2018 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മെഡിക്കൽ കോളേജുകളിലെ പ്രവേശനം

18(*18) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എം. ഉമ്മർ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിലെ പ്രവേശനം സൗകര്യങ്ങളില്ലാത്തതിന്റെ പേരിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വിലക്കിയിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്താമോ;

(ബി) മഞ്ചേരി ഗവ. മെഡിക്കൽ കോളേജിലെ ഈ അദ്ധ്യയന വർഷത്തെ പ്രവേശനം വിലക്കിയിട്ടുണ്ടോ;

(സി) എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നാണ് എം.സി.ഐ ആവശ്യപ്പെട്ടിരിക്കുന്നത്;

(ഡി) ഈ മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലെ 2018-19 വർഷത്തെ മെഡിക്കൽ പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വിലക്കിയിട്ടില്ല. എന്നാൽ താഴെ പറയുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018-19 അദ്ധ്യയന വർഷത്തെ പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ/കേന്ദ്ര സർക്കാർ വിലക്കിയിട്ടുള്ളതായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വെബ് സൈറ്റിൽ പബ്ലിക് നോട്ടീസ് നൽകിയിട്ടുണ്ട്.

1. കേരള മെഡിക്കൽ കോളേജ്, പാലക്കാട്
2. S.R മെഡിക്കൽ കോളേജ്, വർക്കല
3. അൽ അസ്ഹർ മെഡിക്കൽ കോളേജ്, തൊടുപുഴ
4. DM വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, വയനാട്
5. മൗണ്ട് സിയോൻ മെഡിക്കൽ കോളേജ്, പത്തനംതിട്ട

ഗവ. മെഡിക്കൽ കോളേജ് പാലക്കാടിന്റെ അനുവാദ പത്രിക ഇതിനകം ലഭ്യമായിട്ടില്ല.

(ബി) ഇല്ല.

(സി) ചുവടെ ചേർത്തിരിക്കുന്ന കുറവുകൾ പരിഹരിക്കണമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുണ്ട്.

1. നഴ്സിംഗ് സ്റ്റാഫിന്റെ അപര്യാപ്തത പരിഹരിക്കൽ
2. ഒ.പി.ഡി. വാർഡുകൾ, കാഷ്വാലിറ്റി, ഓപ്പറേഷൻ തീയേറ്റർ എന്നിവയുടെ നവീകരണം.
3. സ്റ്റാറ്റിക് എക്സ്-റേ മെഷീനിന്റെയും സി.ടി സ്കാനിന്റെയും സ്റ്റുഡന്റ്സ്, റസിഡന്റ്സ്, നഴ്സ് ഹോസ്റ്റലുകളുടെയും അപര്യാപ്തത പരിഹരിക്കുക.
4. എം.ആർ.ഡി. കമ്പ്യൂട്ടറൈസ്ഡ് ആക്കുക.

(ഡി) 103 കോടി രൂപയുടെ ഹോസ്റ്റൽ, ക്വാർട്ടേഴ്സ്, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കും 5.6 കോടി രൂപയുടെ പുതിയ ഒ.പി. ബ്ലോക്ക് നിർമ്മാണത്തിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ലാബ് കോംപ്ലക്സ് ആന്റ് റേഡിയോളജി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനായി 2.2 കോടി രൂപ വകയിരുത്തുകയും റസിഡന്റ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 3 കോടി രൂപ അനുവദിച്ചും നൽകിയിട്ടുണ്ട്. ആശുപത്രിയിൽ സി.ടി. സ്കാൻ സൗകര്യം ഒരുക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 2.7 കോടി രൂപയും കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിനായി 7 കോടി രൂപയും ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജ് ആശുപത്രി ഒ.പി. നവീകരണം ആരംഭിച്ചിട്ടുണ്ട്.

## നിപ വൈറസ് ബാധ

19(*19) ഡോ. എം. കെ. മുനീർ :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിപ വൈറസ് ബാധമൂലം പനിമരണങ്ങൾ സംഭവിച്ചതിൽ ജനങ്ങൾ ഭീതിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകർച്ചപ്പനി വ്യാപിക്കുന്നത് തടയുന്നതിനും ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ചികിത്സാ പ്രോട്ടോക്കോൾ സംബന്ധിച്ചും ചികിത്സകരുടെ സുരക്ഷ സംബന്ധിച്ചും ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) വൈറൽ രോഗങ്ങളെ നേരിടുന്നതിനായി മികച്ച സൗകര്യമുള്ള വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് കാലവർഷത്തിനുമുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപ്പെട്ടയുടൻ ആരോഗ്യ വകുപ്പ് ഡയറക്ടർ, ആവശ്യമായ സാമ്പിളുകൾ ശേഖരിക്കുന്നതിനും അവ പരിശോധനയ്ക്കായി അയയ്ക്കുന്നതിനെ കുറിച്ചും ദ്രുതകർമ്മ സേന വിളിച്ചുകൂട്ടി അനന്തര മേൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. തുടർമരണം ശ്രദ്ധയിൽപ്പെട്ടപ്പോൾ ടി മരണം നടന്ന സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരോട് മരണപ്പെട്ട ആളുടെ പോസ്റ്റ്മോർട്ടം എല്ലാവിധ മുൻകരുതലോടുംകൂടെ ചെയ്ത് രോഗനിർണയം നടത്തുന്നതിന് ആവശ്യമായ സാമ്പിളുകൾ ശേഖരിക്കാൻ നിർദ്ദേശം നൽകി. അതോടൊപ്പം മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. നിപ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ പൊതുജനങ്ങളുടെ സംശയ നിവാരണത്തിന് കൺട്രോൾ റൂം തുടങ്ങി. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ രോഗവാഹകരെന്ന് സംശയിക്കുന്ന മൃഗങ്ങളുടെയും രോഗപ്പകർച്ച സംശയിക്കുന്ന പഴങ്ങളുടെയും സാമ്പിളുകൾ പരിശോധനയ്ക്കയച്ചു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്കായി ജില്ലയുടെ ചാർജുള്ള ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തു. നിപ വൈറസുമൂലമുള്ള പനി നേരിടുന്നതിനായി ആശുപത്രികൾ സുസജ്ജമാക്കിയിട്ടുണ്ട്. നിപ വൈറസ് ബാധമൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനി ബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. രോഗം പകരുന്നത് തടയാനും, വരാതിരിക്കാനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ/ക്ലാസ്സുകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മാസ്ക്, ഏപ്രൺ, ഹാന്റ് റബ്ബ്, ഹാന്റ് വാഷ്

(PPE Kit) തുടങ്ങിയ അടിസ്ഥാനപരമായ പ്രതിരോധ ഉപാധികൾ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന രോഗികളുടെ തിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി വരുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ പനിബാധിച്ച് ചികിത്സ തേടുന്ന ജീവനക്കാരുടെ ഫോൺ നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

(സി) നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, WHO യുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചുനൽകുകയും ചെയ്തു. ഇത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. നിപ രോഗബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളെപ്പറ്റി ആവശ്യമായ ബോധവൽക്കരണം നടത്തി വ്യക്തി സുരക്ഷാ ഉപാധികളടങ്ങിയ കിറ്റ് എൻ-95 മാസ്ക്, 3 പാളികളിലുള്ള മാസ്ക്, കയ്യുറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരിക്കുന്നു.

(ഡി) പരിഗണിച്ചുവരുന്നു.

(ഇ) പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് കാലവർഷത്തിന് മുമ്പുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ഇതര വകുപ്പുകളുടെയും വിവിധ ഏജൻസികളുടെയും സഹകരണത്തോടെയും ഏകോപനത്തോടെയുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### പ്രവാസി മലയാളികൾക്കുള്ള ക്ഷേമപദ്ധതികൾ

20(*20) ശ്രീ. രാജു എബ്രഹാം:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ ക്ഷേമം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയവയ്ക്കായി നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മടങ്ങിയെത്തിയവർക്കും ആശ്രിതർക്കുമായി നടപ്പാക്കിവരുന്ന സാന്ത്വന ധനസഹായ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) തിരിച്ചെത്തിയവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) പ്രവാസി മലയാളികളുടെ ക്ഷേമം, പുനരധിവാസം, ശാക്തീകരണം എന്നിവയ്ക്കായി നോർക്ക റൂട്ട്സ് മുഖേന നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം.
- വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം
- മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം
- ലോക കേരള സഭ
- ആഗോള സാംസ്കാരികോത്സവം
- തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി
- നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ
- സ്വപ്ന സാഫല്യം
- കാൾ സെന്റർ
- സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
- ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസ് രൂപീകരണവും
- എൻ. ആർ. കെ. ഐ. ഡി. കാർഡ്
- എൻ. ആർ. കെ. ഇൻഷ്വറൻസ് കാർഡ്
- റിക്രൂട്ട്മെന്റ്
- സാന്ത്വന പദ്ധതി
- കാരുണ്യം.

(ബി) നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും 2,10,00,000 രൂപ (രണ്ട് കോടി പത്ത് ലക്ഷം രൂപ മാത്രം) ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(സി) തിരികെയെത്തിയ പ്രവാസി കേരളീയരിൽ ദുരിതമനുഭവിക്കുന്നവർക്ക് സാന്ത്വന പദ്ധതി പ്രകാരം അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തിക സഹായം നൽകിവരുന്നു. വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1,00,000 രൂപയും പ്രവാസികളുടെ/കുടുംബാഗങ്ങളുടെ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി പരമാവധി 50,000 രൂപയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപയും പ്രവാസിക്കും കുടുംബാംഗങ്ങൾക്കും വീൽചെയർ/ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000 രൂപയും ഒറ്റത്തവണയായി ധനസഹായം നൽകിവരുന്നുണ്ട്.

(ഡി) ആരംഭിച്ചിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. ഒരു വ്യക്തിക്ക് പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്.

ഈ പദ്ധതിയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങളനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സഹായിച്ചുവരുന്നു. ആവശ്യമായ വൈദഗ്ദ്ധ്യം ഇല്ലാത്തതിനാൽ സംരംഭം തുടങ്ങാൻ സാധിക്കാത്തവർക്ക് പ്രസ്തുത പരിശീലനത്തിലൂടെ ലഭിക്കുന്ന അറിവ് പ്രയോജനപ്പെടുത്തി സ്വയം തൊഴിൽ ചെയ്ത് വരുമാനമുണ്ടാക്കാൻ സാധിക്കും.

## മനുഷ്യാവകാശ കമ്മീഷന്റെ അധികാരപരിധി

21(*21) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധികാര പരിധിയിൽ വരാത്ത കാര്യങ്ങളിൽ ഇടപെടുകയും തെറ്റായ പരാമർശങ്ങളോടെ ഉത്തരവ് നൽകുന്നതായും സർക്കാരിന് അഭിപ്രായമുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ആധാരമായ വസ്തുതകൾ വിശദമാക്കാമോ;

(ബി) ലാത്വിയൻ വനിതയുടെ കൊലപാതകം, വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി കൊലപാതകം എന്നിവയിൽ നടത്തിയ ഇടപെടൽ കമ്മീഷന്റെ അധികാര പരിധിക്ക് പുറത്തുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) മനുഷ്യാവകാശലംഘനങ്ങൾ സംബന്ധിച്ച പരാതികളോ സംഭവങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ സ്വമേധയാ ഇടപെടാനുള്ള അധികാരം പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം കമ്മീഷനിൽ നിക്ഷിപ്തമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) മേല്പറഞ്ഞ കേസ്സുകളിൽ കമ്മീഷന്റെ ഇടപെടൽ സംബന്ധിച്ച് എന്തെങ്കിലും വിമർശനം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിമർശനങ്ങൾക്കുള്ള സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ഇ) അപ്രകാരം പരസ്യമായി വിമർശിച്ചിട്ടുണ്ടെങ്കിൽ ആയത് മനുഷ്യാവകാശ സംരക്ഷണത്തിന്റെ ആവശ്യകതയും പ്രാധാന്യവും നിഷേധിക്കുന്നതിന് കാരണം ആകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അതിന്റെ അധികാര പരിധിയിൽ വരാത്ത കാര്യങ്ങളിൽ തെറ്റായ പരാമർശങ്ങളോടെ ഇടപെടുന്ന പ്രവണത അഭികാമ്യമല്ല.

(ബി) മനുഷ്യാവകാശ ലംഘനം സംബന്ധിച്ച് പരാതി ലഭിക്കുകയോ മനുഷ്യാവകാശ ലംഘനം നടന്നെന്ന് ബോധ്യപ്പെട്ടാലോ കമ്മീഷന് കേസ്സെടുത്ത് അന്വേഷണം നടത്താം. എന്നാൽ ഈ രണ്ട് കേസ്സുകളിലും യഥാവിധി അന്വേഷണം നടത്താതെ മാധ്യമ വാർത്തകൾ വന്നയുടൻ, കമ്മീഷന്റെ അധികാര പരിധി കടന്ന് അഭിപ്രായ പ്രകടനം നടത്തിയത് നീതി നിർവ്വഹണത്തിന് അനുയോജ്യമാണെന്ന് കരുതുന്നില്ല.

(സി) മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച പരാതികളോ സംഭവങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ സ്വമേധയാ ഇടപെടാനുള്ള അധികാരം പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇത്തരം കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി സ്വീകരിക്കേണ്ട നടപടി സർക്കാരിനോട് ശിപാർശ ചെയ്യാനുള്ള അധികാരമാണ് കമ്മീഷനുള്ളത്.

(ഡി) മനുഷ്യാവകാശ കമ്മീഷൻ അതിന്റെ അധികാര സ്ഥാനത്തിനും പുറത്ത് യഥാവിധിയായ അന്വേഷണം നടത്താതെ ദൃശ്യ മാധ്യമങ്ങളിൽ നേരിട്ട് അഭിപ്രായ പ്രകടനം നടത്തുന്നത് അനുചിതമാണെന്നതിനാലാണ് വിമർശനങ്ങൾ ഉണ്ടാകാനിടയായത്.

(ഇ) മനുഷ്യാവകാശം സംരക്ഷിക്കുന്നത് സർക്കാരിന്റ പ്രധാന ചുമതല തന്നെയാണ്. അതിനുണ്ടാകുന്ന കുറവുകൾ ചൂണ്ടിക്കാണിക്കുന്ന കമ്മീഷന്റ ശിപാർശകൾക്ക് അർഹമായ പരിഗണന തന്നെയാണ് സർക്കാർ നൽകുന്നത്.

**പോലീസ് സേനയുടെ നവീകരണം**

22(*22) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ ഇടപെടലിലൂടെ ക്രമസമാധാന പാലനത്തിൽ രാജ്യത്ത് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കാൻ ഈ സർക്കാരിന് സാധിച്ചുവെങ്കിലും, മാറ്റങ്ങൾ സ്വാംശീകരിക്കാൻ തയ്യാറല്ലാത്തവരോ ക്രിമിനൽ സ്വഭാവം വച്ച് പുലർത്തുന്നവരോ ആയ ചില പോലീസ് സേനാംഗങ്ങളുടെ പ്രവൃത്തികൾ പോലീസിനാകെ കളങ്കം ചാർത്തുന്നതായതിനാൽ, ഇക്കൂട്ടരെ നിയന്ത്രിക്കാൻ വേണ്ടി ഏത് രീതിയിലുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) കുറ്റകൃത്യങ്ങൾ തെളിയിക്കാൻ മൂന്നാംമുറയ്ക്ക് പകരം ശാസ്ത്രീയ രീതികൾ വ്യാപകമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) സേനാ നവീകരണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പോലീസ് പരിശീലനത്തിൽ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം വച്ചുപുലർത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ വകുപ്പുതല നടപടികളും നിയമനടപടികളും സ്വീകരിച്ചുവരുന്നു. ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരും കുറ്റമറ്റ സ്വഭാവമുള്ളവരും മാത്രമേ പോലീസ് സേനയിൽ നിയമിതരാവുകയുള്ളൂവെന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ ഉദ്യോഗാർത്ഥിയുടെ നിയമനത്തിന് മുന്നോടിയായി അവരുടെ വിവരങ്ങൾ അന്വേഷിച്ചും ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവരുടെ നിയമനം തടയുന്നതിനുള്ള ഉചിതമായ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(ബി) കുറ്റവാളികളെ ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിലേയ്ക്കായി എല്ലാ ജില്ലാ ക്രൈം ബ്രാഞ്ചുകളിലും മോഡേൺ ഇന്ററോഗേഷൻ റൂം തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്രീയമായി അന്വേഷണ രീതിയിലൂടെ തെളിവ് ശേഖരിക്കുന്നതിലേയ്ക്കായി സയിന്റിഫിക് ഓഫീസർ, ഫിംഗർ പ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ സേവനം ആവശ്യമായ എല്ലാ കേസ്സുകളിലും പ്രയോജനപ്പെടുത്തുന്നുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിലേയ്ക്കുമായി പൊതുസ്ഥലങ്ങളിലും മറ്റും വ്യാപാരി വ്യവസായികളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ റോഡ് സേഫ്റ്റി സ്കീമിൽ ഉൾപ്പെടുത്തി നഗരത്തിൽ പ്രധാന സ്ഥലങ്ങളിൽ കൂടുതൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Audio recorder, Video recorder, Aska light, Investigation Kit, Computers, Digital Professional type video camera, Digital SLR camera, Zoom stereo micro, UV light source, White light source, Digital vernier caliper, Digital Screw gauge etc. എന്നിവ ഉപയോഗിച്ച് കേസ്സന്വേഷണം ശാസ്ത്രീയമായ രീതിയിൽ നടത്തിവരുന്നു. Scientific Assistant, Finger Print Expert, Department photographer എന്നിവരുടെ സേവനവും ഉപയോഗിച്ചുവരുന്നു.

(സി) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി ക്രമസമാധാന പാലനം കാര്യക്ഷമമാക്കുന്നതിനായി സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി

ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം വ്യാപിപ്പിക്കുന്നതിനായി ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് ആന്റ് സിസ്റ്റം (സി.സി.ടി.എൻ.എസ്) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻവഴി അറിയാൻ സാധിക്കും. സീനിയർ സിറ്റിസൺ, വനിതകൾ ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ പരാതികളിൽ അടിയന്തര പരിഹാരം ലഭ്യമാക്കുന്നതിന് എ.എസ്.ഐ. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ പബ്ലിക് റിലേഷൻ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സംവിധാനം വളരെ കാര്യക്ഷമമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും 'രക്ഷ' Know your police station App, Trial monitoring App, online traffic offence reporting and Fine remittance, Women Safety and Emergency response, Dial-100, Police clearance certificate app, Virtual Police guide for Public Service and Enquiries, " തുണ" തുടങ്ങിയ മൊബൈൽ/വെബ്ബ് ആപ്ലിക്കേഷനുകൾ വികസിപ്പിച്ചു.

നിരവധി അത്യാധുനിക ഉപകരണങ്ങൾ കേരളാ പോലീസിനായി ലഭ്യമാക്കുകയുണ്ടായി. കൂടാതെ ശാസ്ത്രീയ കുറ്റാന്വേഷണത്തിന്റെ ഭാഗമായി ഫോറൻസിക് ഉപകരണങ്ങളായ Fourier Transform Infrared (FTIR), Spectrometer, Advanced equipment for document examination, Digital Zoom Stereo Microscope തുടങ്ങിയവ FSL-ന് ലഭ്യമാക്കുകയുണ്ടായി. ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar) വേഗത നിർണ്ണയ ക്യാമറകൾ (Speed Detection camera) വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle mounted global positioning system) തുടങ്ങിയവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

## നിപ വൈറസ് പനി നിയന്ത്രണം

23(*23) ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. പി. വി. അൻവർ
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഉണ്ടായ മാരകമായ നിപ വൈറസ് പനി വ്യാപകമാകാതിരിക്കുന്നതിന് കൈക്കൊണ്ട മുൻകരുതൽ നടപടികൾ വിശദമാക്കാമോ;

(ബി) രോഗബാധിതർക്ക് അടിയന്തരമായി ശുശ്രൂഷ നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) നിപ പോലുള്ള വൈറസ് പനി സ്ഥിരീകരിക്കാനായി പൂനെയിലുള്ള വൈറോളജി ഗവേഷണ കേന്ദ്രത്തിനെ ആശ്രയിക്കേണ്ടി വരുന്നതുമൂലം ചികിത്സയ്ക്ക് കാലവിളംബം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തുതന്നെ അത്യാധുനിക വൈറസ് നിർണ്ണയ സ്ഥാപനം തുടങ്ങാനുള്ള ശ്രമത്തിന്റെ പുരോഗതി അറിയിക്കാമോ;

(ഡി) മഴക്കാല വൈറസ് പനിബാധ നിയന്ത്രണ വിധേയമാക്കാനായി സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപ്പെട്ടയുടൻ ആരോഗ്യ വകുപ്പ് ഡയറക്ടർ, ആവശ്യമായ സാമ്പിളുകൾ ശേഖരിക്കുന്നതിനും അവ പരിശോധനയ്ക്കായി അയയ്ക്കുന്നതിനെക്കുറിച്ചും ദ്രുതകർമ്മ സേന വിളിച്ചുകൂട്ടി അനന്തര മേൽനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. തുടർ മരണം ശ്രദ്ധയിൽപ്പെട്ടപ്പോൾ ടി മരണം നടന്ന സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരോട് മരണപ്പെട്ട ആളുടെ പോസ്റ്റ്മോർട്ടം എല്ലാവിധ മുൻകരുതലോടുംകൂടെ ചെയ്ത് രോഗനിർണയം നടത്തുന്നതിനാവശ്യമായ സാമ്പിളുകൾ ശേഖരിക്കാൻ നിർദ്ദേശം നൽകി. അതോടൊപ്പം മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. നിപ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ പൊതുജനങ്ങളുടെ സംശയ നിവാരണത്തിന് കൺട്രോൾ റൂം തുടങ്ങി. മൃഗസംരക്ഷണ വകുപ്പിന്റെ

നേതൃത്വത്തിൽ രോഗവാഹകരെന്ന് സംശയിക്കുന്ന മൃഗങ്ങളുടെയും രോഗപകർച്ച സംശയിക്കുന്ന പഴങ്ങളുടെയും സാമ്പിളുകൾ പരിശോധനയ്ക്കയച്ചു. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയും ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്കായി ജില്ലയുടെ ചാർജ്ജുള്ള ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. നിപ വൈറസ്മൂലമുള്ള പനി നേരിടുന്നതിനായി ആശുപത്രികൾ സുസജ്ജമാക്കിയിട്ടുണ്ട്. നിപ വൈറസ് ബാധമൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനി ബാധിതരെ ചികിത്സിയ്ക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. രോഗം പകരുന്നത് തടയാനും, വരാതിരിക്കാനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ/ക്ലാസ്സുകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മാസ്ക്, ഏപ്രൺ, ഹാന്റ് റബ്ബ്, ഹാന്റ് വാഷ് (PPE Kit) തുടങ്ങിയ അടിസ്ഥാനപരമായ പ്രതിരോധ ഉപാധികൾ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന രോഗികളുടെ തിരക്ക് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന പൊതുജനങ്ങൾക്കാവശ്യമായ അവബോധം നൽകിവരുന്നു. കൂടാതെ ആശുപത്രിയിൽ പനിബാധിച്ച് ചികിത്സ തേടുന്ന ജീവനക്കാരുടെ ഫോൺ നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

(ബി) നിപ വൈറസ് ബാധമൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനി ബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) എം.സി.വി.ആർ, മണിപ്പാൽ, എൻ.ഐ.വി. പൂനെ എന്നിവിടങ്ങളിൽനിന്നും സാമ്പിൾ കൊടുത്ത് 24 മണിക്കൂറിനകം പരിശോധനാഫലം ലഭ്യമാക്കുന്നുണ്ട്. ഇത്രയും സമയം ഏതൊരു ലാബിലാണെങ്കിലും പരിശോധനയ്ക്കായി എടുക്കുന്നതാണ്. സംസ്ഥാനത്തുതന്നെ അത്യാധുനിക വൈറസ് നിർണ്ണയ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

(ഡി) കാലവർഷത്തിന് മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആശുപത്രിയിൽ പനിബാധിച്ച് ചികിത്സ തേടുന്നവർക്ക്

പ്രത്യേക ഫീവർ ക്ലിനിക് കാലവർഷാരംഭത്തോടുകൂടി തുടങ്ങുന്നതാണ്. ഇതിലേയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും അവശ്യം വേണ്ട മരുന്നുകളും ക്രമീകരിക്കുന്ന നടപടി പുരോഗമിക്കുന്നു. കൂടാതെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനായി ആരോഗ്യ വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും വിവിധ ഏജൻസികളുടെയും സഹകരണത്തോടെയും ഏകോപനത്തോടെയുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ആരോഗ്യ ജാഗ്രത 'പ്രതിദിനം പ്രതിരോധം' എന്ന കർമ്മ പരിപാടി നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും വ്യക്തി ശുചിത്വം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിടം നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം നടത്തുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം മരുന്നുകളും ടെസ്റ്റ് കിറ്റുകളും കെ.എം.എസ്.സി.എൽ. വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## വിദേശ വനിതയുടെ മരണം

24(*24) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാത്വിയൻ സ്വദേശിനിയായ വിദേശ വനിതയുടെ മരണം ആത്മഹത്യയോ കൊലപാതകമോ എന്ന് സ്ഥിരീകരിക്കുന്നതിന് കേരള പോലീസ് ഏറെ വൈകിയത് കേസ്സിനെ ദുർബ്ബലമാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ സ്വീകരിച്ചിട്ടുള്ളത്;

(സി) വിദേശ വനിതയോട് കൊടുംക്രൂരത കാണിച്ച കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ അന്വേഷണം കാര്യക്ഷമമായി നടത്തുന്നതിനും ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതൽ എടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത മരണം എന്ത് കാരണത്താലാണ് സംഭവിച്ചതെന്നതിനെക്കുറിച്ച് ശാസ്ത്രീയവും സമഗ്രവുമായ അന്വേഷണം നടത്തപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ ഏറ്റവും കുറഞ്ഞ സമയമേ സങ്കീർണ്ണമായ ഈ കേസ്സിലെ പ്രതികളെ കണ്ടെത്താൻ വേണ്ടി വന്നിട്ടുള്ളൂ.

(ബി) വിദേശ സഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര മേഖലകളിൽ ജോലി നോക്കിവരുന്ന ലൈഫ്ഗാർഡുകൾ, ചെറുകിട കച്ചവടക്കാർ, ടൂറിസ്റ്റ് ഗൈഡുകൾ എന്നിവരുടെ വിവരങ്ങൾ ശേഖരിച്ച് വിശദമായ അന്വേഷണം നടത്തി അപാകതയില്ലെന്ന് കണ്ടെത്തുന്നവർക്ക് ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസിന്റെ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്ന കോവളത്ത് വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ടൂറിസം പോലീസിനെ വിപുലപ്പെടുത്തിയിട്ടുണ്ട്. പല ജില്ലകളിലും ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റന്റ് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ക്രിമിനൽ പശ്ചാത്തലമുള്ളവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുവരുന്നു.

(സി) വിദേശ വനിതയോട് കൊടുംക്രൂരത കാണിച്ച കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ അന്വേഷണം കാര്യക്ഷമമായി നടത്തുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട മുൻകരുതൽ സ്വീകരിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേശീയ ഭക്ഷ്യഭദ്രതാ നിയമം**

25(*25) ശ്രീ. എം. നൗഷാദ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി റേഷൻ കടകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ;

(ബി) റേഷൻ സാധനങ്ങളുടെ വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി ഓരോ കാർഡിന്റെയും റേഷൻ വിതരണം, ഓരോ കടയിലെയും റേഷൻ സാധനങ്ങളുടെ അളവ്, വിതരണക്രമം മുതലായവ പൊതുജനങ്ങൾക്ക് പോർട്ടൽവഴി കാണാൻ സാധിക്കുന്ന സാങ്കേതിക സംവിധാനം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇ-പോസ് യന്ത്രങ്ങളിൽ ബയോ മെട്രിക് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നതിലൂടെ റേഷൻ സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കുമെങ്കിലും സാധനങ്ങൾ റേഷൻ കടയിൽ പോയി വാങ്ങാൻ കഴിയാത്ത സാഹചര്യമുള്ളവർക്ക് പകരക്കാരെ നിയോഗിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ & ബി) ഉണ്ട്. സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. ഓരോ കാർഡിനും അർഹതപ്പെട്ട റേഷൻ വിഹിതം, കൈപ്പറ്റിയ വിഹിതം, ഓരോ കടയിലെയും സ്റ്റോക്ക് വിവരങ്ങൾ, വിതരണക്രമം മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും.

(സി) നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത കാർഡുടമകൾക്ക് പകരക്കാരെ (പ്രോക്സി) നിശ്ചയിക്കാൻ സാധിക്കും. പ്രോക്സി ആയി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡംഗമായിരിക്കണം. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നല്കിയാൽ മതിയാകും.

**മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം**

26(*26) ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരുന്ന് വിപണിയുടെ വൈപുല്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കൗൺസിലും ഡ്രഗ്സ് കൺട്രോൾ അതോറിറ്റിയും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധന വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്തെ മരുന്ന് വിപണിയുടെ വൈപുല്യം ശാസ്ത്രീയമായ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടുള്ളതായി കാണുന്നില്ല.

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നു. ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തുടനീളമുള്ള മരുന്നുവില്പന (മൊത്ത/ചില്ലറ) ശാലകളിൽനിന്നും റാൻഡമായി തെരഞ്ഞെടുക്കുന്ന മരുന്ന് സാമ്പിളുകൾ ഈ ലാബുകളിൽ പരിശോധന നടത്തി അവ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നു. നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നു നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്ന് സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി മരുന്ന് സംഭരണത്തിനുള്ള ദർഘാസ് ക്ഷണിക്കുന്നതിന് മുമ്പുതന്നെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതിയെ നിയോഗിക്കുകയും ടി സമിതി മരുന്നു നിർമ്മാണ ഫാക്ടറികൾ സന്ദർശിച്ച് കമ്പനികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിനുമുമ്പ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് (Drugs & Cosmetics Act) പ്രകാരം ഇൻ ഹൗസ് (In-House) ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. റിപ്പോർട്ട് ക്രോസ് ചെക്ക് ചെയ്യുന്നതിനായി എൻ.എ.ബി.എൽ. അംഗീകൃത ലാബ് (NABL Accredited Lab) അല്ലെങ്കിൽ കേന്ദ്ര മരുന്നു പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നൽകേണ്ടതാണ്.

മേൽ വിവരിച്ച പരിശോധനാ ഫലങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ മരുന്ന സംഭരണശാലാ മാനേജർ സൂക്ഷ്മ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്. മാത്രമല്ല എൻ.എ.ബി.എൽ. (NABL) & ഇൻ ഹൗസ് (In-House) പരിശോധനാ ഫലങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗവും പരിശോധിക്കുന്നുണ്ട്.

ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എംപാനൽഡ് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റി ലാബുകളിൽ നിരീക്ഷണം നടത്തി അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എംപാനൽഡ് ലാബുകളെ തെരഞ്ഞെടുക്കുന്നത്. എംപാനൽഡ് ലാബുകളുടെ പരിശോധനാഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പരിശോധിക്കുന്ന സാമ്പിളുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി തൃശ്ശൂരിൽ ഒരു മരുന്ന് പരിശോധനാ ലബോറട്ടറികൂടി സജ്ജമാക്കിവരുന്നു.

## ലഹരി മാഫിയയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പോലീസ് സംവിധാനം

27(*27) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>
<u>ശ്രീ. ആർ. രാമചന്ദ്രൻ</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ലഹരി മാഫിയക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും പോലീസ് സംവിധാനം സജ്ജമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) രഹസ്യകണ്ണ് എന്ന പേരിൽ പ്രത്യേക ഇന്റലിജൻസ് സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ലഹരി മാഫിയക്കെതിരെ നടപടി സ്വീകരിക്കുന്നതിന് രൂപീകരിച്ച കൻസാഫ്, ഡൻസാഫ് എന്നിവയുടെ പ്രവർത്തനം ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) രഹസ്യകണ്ണ് എന്ന പേരിൽ ഇന്റലിജൻസ് സംവിധാനം രൂപീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ അകത്തേയ്ക്ക് വലിയ അളവിലുള്ളതും മാരകവുമായ നിരോധിത മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ കടത്തൽ, സൂക്ഷിക്കൽ, വിൽപ്പന എന്നിവ കണ്ടെത്താനും പിടികൂടാനുമാണ് കൻസാഫും ജില്ലാതലത്തിൽ ഡൻസാഫും രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനതലത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനും ജില്ലാതലത്തിൽ ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ഒരു ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുമാണ് പ്രവർത്തനം നടന്നുവരുന്നത്. ജില്ലാതലത്തിൽ എല്ലാ 10 ദിവസം കൂടുമ്പോഴും ഡൻസാഫിന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തി വരുന്നു. സംസ്ഥാനതലത്തിൽ മാസത്തിൽ ഒരു തവണ കൻസാഫിന്റെ മെമ്പർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി പുതിയ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ**

28(*28) ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള ദേശീയപാത നാലുവരിയാക്കൽ, കൊച്ചി -മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ, വിമാനത്താവള വികസനം തുടങ്ങിയ പ്രധാന പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പാരിസ്ഥിതികാഘാതം, ജനസാന്ദ്രത തുടങ്ങിയ ഘടകങ്ങളെല്ലാം കണക്കിലെടുത്ത് അംഗീകാരം നൽകുന്ന പദ്ധതികൾ അട്ടിമറിക്കാൻ നിക്ഷിപ്ത താല്പര്യക്കാർ നടത്തുന്ന നീക്കങ്ങളെ മറികടന്ന് ദേശീയപാതയ്ക്കും വാതക പൈപ്പ് ലൈനിനുമുള്ള സ്ഥലം ഏറ്റെടുപ്പ് സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ദേശീയപാതയുടെ അലൈൻമെന്റ് മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ പ്രതികരണമെന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ?.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ദേശീയപാത നാലുവരിയാക്കൽ

കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച് 66) 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ 4/6 വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും കഴക്കൂട്ടം ഫ്ളൈ ഓവറിന്റെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി, മാഹി എന്നീ ബൈപ്പാസുകളുടെയും, നീലേശ്വരം ആർ.ഒ.ബി.-യുടെയും നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്.

588.7 കി.മീ ദേശീയപാതയുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ദേശീയപാത വികസനത്തിനായി 10 ജില്ലകളിലായി 2629 Ha ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 1469 Ha ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 848 Ha-ന് 3A നോട്ടിഫിക്കേഷനും 274 Ha-ന് 3D നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്.

883.98 കോടി രൂപ എസ്റ്റിമേറ്റുമുള്ള 18.600 കി.മീ തലശ്ശേരി മാഹി ബൈപ്പാസിന്റെ നിർമ്മാണവും, 1710 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള 28.400 കി.മീ കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണവും 50.49 കോടി രൂപ എസ്റ്റിമേറ്റുള്ള 0.780 കി.മീ നീലേശ്വരം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവും 2017-18-ൽ ആരംഭിച്ചു.

1673.25 കോടി രൂപ എസ്റ്റിമേറ്റുമുള്ള 39 കി.മീ തലപ്പാടി-ചെങ്ങള പാതയും 1745.44 കോടിരൂപ എസ്റ്റിമേറ്റുള്ള 37.268 കി.മീ ചെങ്ങള-നീലേശ്വരം ടൗൺ റെയിൽവേ ഗേറ്റ് പാതയും 356 കോടി രൂപ എസ്റ്റിമേറ്റുള്ള 2.720 കി.മീ കഴക്കൂട്ടം ഫ്ളൈ ഓവറും 878.14 കോടി രൂപ എസ്റ്റിമേറ്റുള്ള 37.900 കി.മീ തുറവൂർ-പറവൂർ പാതയും 891.53 കോടി രൂപ എസ്റ്റിമേറ്റുള്ള 37.500 കി.മീ പറവൂർ-കൊറ്റൻകുളങ്ങര പാതയും ഉൾപ്പെടെ ആകെ 5544.36 കോടി രൂപയുടെ പ്രവൃത്തികൾ 2018-19 -ൽ അവാർഡിനായി സമർപ്പിച്ചിരിക്കുന്നു.

1440.11 കോടി രൂപ എസ്റ്റിമേറ്റുള്ള 41.450 കി.മീ നീലേശ്വരം ടൗൺ-തളിപ്പറമ്പ (പഴയ ദേശീയപാത) പാതയും 1354.90 കോടി രൂപ എസ്റ്റിമേറ്റുള്ള 32.700 കി.മീ തളിപ്പറമ്പ്- മുഴപ്പിലങ്ങാട് (പഴയ ദേശീയപാത) പാതയും, 1204 കോടി രൂപ എസ്റ്റിമേറ്റുള്ള 42.400 കി.മീ അഴിയൂർ-വെങ്ങളം (പഴയ ദേശീയപാത-17) പാതയും, 6667.82 കോടി രൂപ എസ്റ്റിമേറ്റുള്ള 59.200 കി.മീ രാമനാട്ടുകര-കുറ്റിപ്പുറം പാതയും, 6667.82 കോടി രൂപ എസ്റ്റിമേറ്റുള്ള 157.600 കി.മീ കുറ്റിപ്പുറം-ഇടപ്പള്ളി-തിറവൂർ (പഴയ ദേശീയപാത) പാതയും, 54 കി.മീ കൊച്ചിൻ ബൈപ്പാസ് അങ്കമാലി-കുണ്ടന്നൂർ വെല്ലിങ്ങ്ടൺ ഐലന്റ് പാതയും, 889.28 കോടി രൂപ എസ്റ്റിമേറ്റുള്ള 29.520 കി.മീ കടമ്പാട്ടുകോണം-കഴക്കൂട്ടം ജംഗ്ഷൻ പാതയും, 798.23 കോടി രൂപ എസ്റ്റിമേറ്റുള്ള 31.500 കി.മീ കൊറ്റൻകുളങ്ങര-കൊല്ലം ബൈപ്പാസ് പാതയും 900.51 കോടി രൂപ എസ്റ്റിമേറ്റുള്ള 31.800 കി.മീ കൊല്ലം ബൈപ്പാസ്-കടമ്പാട്ടുകോണം പാതയും ഉൾപ്പെടെ ആകെ 19,922.67 കോടി രൂപയുള്ള 480.170 കി.മീ പാതയുടെ പദ്ധതിരേഖ തയ്യാറാക്കി വരികയാണ്.

എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ മാതൃകയിൽ നിർമ്മിക്കുന്ന 6.8 കി.മീ ദൈർഘ്യമുള്ള 348.43 കോടി രൂപയുടെ പ്രോജക്ടായ ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണം 82% പൂർത്തിയാക്കിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ മാതൃകയിൽ നിർമ്മിക്കുന്ന 13 കി.മീ ദൈർഘ്യമുള്ള 325.05 കോടി രൂപയുടെ പ്രോജക്ടായ കൊല്ലം ബൈപ്പാസിന്റെ നിർമ്മാണം 80% പൂർത്തിയാക്കിയിട്ടുണ്ട്.

<u>കൊച്ചി-മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ</u>

കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനിരിക്കുന്ന കൊച്ചി-മാംഗ്ളൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 438 കി.മീറ്ററാണ്. ഇതിൽ 403 കി.മീ കേരളത്തിലും ബാക്കിയുള്ള 35 കി.മീ കർണാടകയിലെ ദക്ഷിണ കന്നട

ജില്ലയിലുമാണ്. 438 കിലോമീറ്ററിലും 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. മൊത്തം 438 കി.മീ 7 സെക്ഷനുകളിലായി തിരിച്ചിരിക്കുന്നു. എല്ലാ സെക്ഷനുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിനുള്ള കണക്കെടുപ്പ് ഏറെക്കുറെ പൂർത്തിയാക്കിക്കഴിഞ്ഞു. കേരളത്തിലൊട്ടുക്കും ഇതുവരെയായി 333 കി.മീ. പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയായിക്കഴിഞ്ഞു. നഷ്ടപരിഹാര വിതരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയിലെ ചമയങ്ങൾക്കും വിളകൾക്കും, ഭൂമിയുടെ വിലയായും 135,40,72,868 രൂപ നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു.

ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ രണ്ട് ഘട്ടങ്ങളിലായാണ് കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നത്.

1. കൊച്ചിയിൽനിന്നും പാലക്കാട് ജില്ലയിലെ കൂറ്റനാട് വരെ 2018 ജൂൺ 30 നകം കമ്മീഷൻ ചെയ്യാനും
2. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള പൈപ്പ് ലൈൻ 2018 ഒക്ടോബറിനകം കമ്മീഷൻ ചെയ്യുവാനുമാണ് ഗെയിൽ ഉദ്ദേശിക്കുന്നത്.

<u>വിമാനത്താവള വികസനം</u>

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയും, ഏപ്രണും (വിമാന പാർക്കിംഗ് ഏരിയ) പൂർത്തിയായി. RE Wall-ഉം അനുബന്ധ പ്രവൃത്തികളായ ചുറ്റുമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്സ് മുതലായ പ്രവൃത്തികളും പൂർത്തിയായി. പാരലൽ ടാക്സിവേ ട്രാക്ക് പൂർത്തിയായിട്ടുണ്ട്.

പാസഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവൃത്തികളും പൂർത്തിയായി. എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക് ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർ കണ്ടീഷൻ പ്രവൃത്തി, പ്ലംബിംഗ് ഫയർ അലാം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി. സ്ഥാപിക്കൽ, പബ്ലിക് അഡ്രസ്സ് സിസ്റ്റം മുതലായവയുടെ പ്രവൃത്തിയും പൂർത്തിയായി.

കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ് ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ളോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ നടപടിയിലാണ്. വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കൽ, ഹോട്ടൽ, കാറ്ററിംഗ് സർവ്വീസ്, ബസ്/കാർ/ടാക്സി പാർക്കിംഗ് സംവിധാനം, വൈഫൈ സംവിധാനം, ബാഗേജ് ട്രോളി സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനുള്ളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ റൺവെ നിർമ്മാണത്തിനും ടെർമിനൽ ബിൽഡിംഗ് നിർമ്മാണത്തിനുമുള്ള ടെണ്ടർ ചെയ്ത പ്രവൃത്തികളിലുൾപ്പെടുന്നുണ്ട്. ഇതുകൂടാതെ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ താഴെപ്പറയും പ്രകാരം പുരോഗമിക്കുകയാണ്. ടെണ്ടർ നടപടിയിലൂടെ ഏജൻസിയെ കണ്ടെത്തിയ പ്രവൃത്തിയുടെ പേരുകൾ താഴെ പറയും പ്രകാരമാണ്.

1. ഓഫീസ് ഫർണിച്ചർ.
2. പാസഞ്ചർ ബാഗേജ് ട്രോളി.
3. ഫോറിൻ എക്സ്ചേഞ്ച് കൗണ്ടർ
4. സോഷ്യൽ മീഡിയ, പബ്ലിക് റിലേഷൻസ്, മാർക്കറ്റിംഗ്
5. ഫുഡ് & ബിവറേജ്
6. എ.ടി.എം.
7. വെബ്സൈറ്റ് & മൊബൈൽ ആപ്ലിക്കേഷൻ
8. ലൈൻ മെയിന്റനൻസ്

ഇവ കൂടാതെ ടെർമിനൽ ബിൽഡിംഗിന് പുറത്തും അകത്തും ടോയ്ലെറ്റുകളുടേയും ഹൗസ് കീപ്പിംഗ്, അഡ്വർടൈസിംഗ് കൺസഷൻ, ഓപ്പറേഷണൽ റഡിനെസ് ആക്ടിവേഷൻ & ട്രാൻസിഷൻ, ഐ.എസ്.ഒ, ഡ്യൂട്ടി ഫ്രീ, റീട്ടെയിൽ ഔട്ട്ലെറ്റ്സ്, ഫ്ലൈറ്റ് കിച്ചൻ, മെഡിക്കൽ എമർജൻസി സർവ്വീസസ്, ബാഗേജ് റാപ്പിംഗ്, പെയ്ഡ് പോർട്ടർ, മീറ്റ് & ഗ്രീറ്റ് സർവ്വീസസ്, ബാഗേജ് ട്രോളി റിട്രീവൽ, വയർലെസ് ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് സർവ്വീസസ് (വൈഫൈ) എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടി പുരോഗതിയിലാണ്.

എയർപോർട്ട് അതോറിറ്റി ഇൻസ്ട്രുമെന്റ് ലാന്റിംഗ് സിസ്റ്റം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്.

ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയായി.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018-ൽ തന്നെ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയുടെയും ഉപയോഗാവകാശം 6(1) ഗസറ്റ് വിജ്ഞാപന പ്രകാരം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. ചില പ്രദേശങ്ങളിൽ ഒറ്റപ്പെട്ട എതിർപ്പുകൾ നിലനിന്നിരുന്നുവെങ്കിലും സർക്കാരിന്റെയും പൊതുജനങ്ങളുടെയും പിന്തുണയോടെ എതിർപ്പുകൾ മറികടക്കുവാൻ സാധിച്ചു.

സംസ്ഥാന സർക്കാരിന്റെ 1-12-2017-ലെ ഗവൺമെന്റ് ഉത്തരവിൻ പ്രകാരമുള്ള പുതുക്കിയ നഷ്ടപരിഹാര പാക്കേജ് ജനങ്ങളിൽ വളരെ നല്ല പ്രതികരണം ഉളവാക്കുകയും പദ്ധതി പ്രവർത്തനങ്ങൾക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു.

ഈ പദ്ധതിക്കുവേണ്ടി പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടുപോലും പൊളിച്ചുമാറ്റേണ്ട ആവശ്യമില്ല. കെട്ടിടങ്ങൾക്കോ വീടുകൾക്കോ യാതൊരു കേടുപാടും വരാത്ത വിധത്തിലാണ് പൈപ്പ് ലൈൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. പദ്ധതി കടന്നുപോകുന്ന പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കൊച്ചിയിൽനിന്നും പാലക്കാട് ജില്ലയിലെ കുറ്റനാട് വരെ 2018 ജൂൺ 30- നകം കമ്മീഷൻ ചെയ്യാനും കുറ്റനാട് മുതൽ മംഗലാപുരം വരെയുള്ള പൈപ്പ് ലൈൻ 2018 ഒക്ടോബറിനകം കമ്മീഷൻ ചെയ്യുവാനുമാണ് ഗെയിൽ ഉദ്ദേശിക്കുന്നത്.

(സി) ദേശീയപാത 66-ൽ തലപ്പാടി മുതൽ കാരോട് വരെ സ്ഥലമേറ്റെടുത്ത് വികസിപ്പിക്കുന്നത് കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. ദേശീയപാതയുടെ അലൈൻമെന്റ് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ 45 മീറ്റർ ROW യിൽ വികസിപ്പിക്കുമ്പോൾ ജനങ്ങൾക്ക് കഴിവതും ബുദ്ധിമുട്ട് കുറഞ്ഞ രീതിയിൽ സ്ഥലമേറ്റെടുക്കണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നും, ജനപ്രതി നിധികളിൽനിന്നും നിരവധി പരാതികൾ ലഭിച്ചത് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ/നാഷണൽ ഹൈവേ അതോറിറ്റീസ് ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ച് പരമാവധി നിലവിലെ ദേശീയപാതയിൽനിന്നും രണ്ട് വശങ്ങളിലും തുല്യമായി സ്ഥലമേറ്റെടുത്തും കഴിവതും ആരാധനാലയങ്ങളെ സംരക്ഷിച്ചും വികസനം നടപ്പിലാക്കാനാണ് ധാരണയായിരിക്കുന്നത്. കൂടാതെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ (MoRTH) മാനദണ്ഡങ്ങൾ പ്രകാരവും ബാധകമായ ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ കോഡുകൾ അനുസരിച്ചും സുരക്ഷിതമായ ഗതാഗതത്തിന് നിശ്ചയിച്ചിട്ടുള്ള ഘടകങ്ങൾ പാലിച്ച് ഫൈനൽ അലൈൻമെന്റ് തീരുമാനിക്കേണ്ടത് നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യയാണ്.

## ഹൃദയ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റുകളുടെ വിതരണം

29(*29) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സ്റ്റെന്റുകളുടെ വിതരണം മുടങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റെന്റുകൾ വിതരണം ചെയ്ത വകയിൽ കമ്പനികൾക്ക് എന്തെങ്കിലും തുക നൽകാനുണ്ടോ;വിശദമാക്കാമോ;

(സി) ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്റ്റെന്റുകളുടെ വിതരണം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വളരെ വേഗം ഇക്കാര്യം പരിഹരിച്ചിട്ടുണ്ട്. മറ്റ് സർക്കാർ മെഡിക്കൽ കോളേജിൽ അത്തരത്തിലുള്ള സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ഒഴികെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആറ് മാസത്തിൽ താഴെയുള്ള കാലയളവിലെ തുകകൾ മാത്രമാണ് നൽകാനുള്ളത്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ 2013 മുതൽ 2018 വരെ ഏകദേശം 13 കോടിയോളം തുക നൽകാനുണ്ടായിരുന്നതിൽ കെ.ബി.എഫ്., ചിസ്-പ്ലസ് സ്കീമുകളിൽനിന്നും കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ 5 കോടിയോളം രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 8 കോടിയോളം രൂപ വിവിധ സ്കീമുകളിൽ തുക ലഭ്യമാകുന്നതിനനുസരിച്ച് പാസ്സാക്കി നൽകുന്നതാണ്.

(സി) സ്റ്റെന്റുകളുടെ വിതരണം മുടങ്ങിയതുമായി ബന്ധപ്പെട്ട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങിയിട്ടില്ല. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ചിസ്-പ്ലസ് സ്കീമിൽനിന്നും തിരിച്ചെടുത്ത 5.26 കോടി രൂപ അനുവദിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. സ്റ്റെന്റ് വിതരണം ചെയ്യുന്ന കമ്പനികൾക്ക് 2013 മുതൽ നൽകാനുള്ള തുക

സംബന്ധിച്ച ബില്ലുകൾ വിശദ പരിശോധനയ്ക്കുശേഷം പാസ്സാക്കി നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്. KHRWS കാത്ത് ലാബിലെ ബില്ലിംഗ് മേൽനോട്ടത്തിന് ഒരു ഉദ്യോഗസ്ഥനെ പുതുതായി നിയമിച്ചിട്ടുണ്ട്. രണ്ട് ലാബുകളും കമ്പ്യൂട്ടറൈസ് ചെയ്യുകയും സൂപ്രണ്ട് ഓഫീസിലെ പേമെന്റ് സെക്ഷൻ കുറച്ചുകൂടി മെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## വരാപ്പുഴ കസ്റ്റഡി മരണം

30(*30) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കപ്പിൽ മൂന്നാം മുറ പ്രയോഗിക്കരുതെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) വരാപ്പുഴയിലേത് പോലുള്ള സംഭവങ്ങൾ എന്നിട്ടും ആവർത്തിക്കുന്നതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) പോലീസുകാർ നിയമലംഘനം നടത്തുമ്പോൾ കർശന നടപടി സ്വീകരിക്കാത്തതും പോലീസിനെ രാഷ്ട്രീയവൽക്കരിച്ചതും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിന് സഹായകമായി എന്ന് കരുതുന്നുണ്ടോ;

(ഡി) വരാപ്പുഴ കേസ്സിൽ ശ്രീജിത്തിനെ വീട്ടിൽനിന്നും പിടിച്ചിറക്കി കൊണ്ടുപോയ റൂറൽ ടൈഗർ ഫോഴ്സിന്റെ ചുമതല ആർക്കായിരുന്നു; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ കൊലക്കുറ്റം ചുമത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ഇ) വരാപ്പുഴ എസ്.ഐ., എറണാകുളം റൂറൽ പോലീസ് മേധാവി എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് കൊലക്കുറ്റത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിനുള്ള നീക്കം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന പോലീസുകാർക്ക് പ്രോത്സാഹനമാകും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പോലീസുകാർ പ്രതികളായിട്ടുള്ള ഈ കേസ്സ് സി.ബി.ഐ.-ക്ക് വിടണമെന്ന ആവശ്യത്തിന്മേൽ സർക്കാർ നിലപാട് എന്താണ്; വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വരാപ്പുഴയിലേത് പോലുള്ള കസ്റ്റഡി മരണങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വേണ്ട കർശന നിർദ്ദേശങ്ങൾ പോലീസിന് നൽകിയിട്ടുണ്ട്.

(സി) നിയമലംഘനം നടത്തുന്ന പോലീസുകാർക്കെതിരെ ശക്തമായ നിയമ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(ഡി) റൂറൽ ടൈഗർ ഫോഴ്സിന്റെ ചുമതല എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിക്കായിരുന്നു. ടി ജില്ലാ പോലീസ് മേധാവിക്കെതിരെയുള്ള അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരായുള്ള നടപടി അന്വേഷണ ഘട്ടത്തിലാണ്.

(എഫ്) വരാപ്പുഴ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ്സിന്റെ അന്വേഷണം നിലവിൽ ക്രൈംബ്രാഞ്ച് ഐ.ജി. ശ്രീജിത്ത് ഐ.പി.എസ്-ന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം കാര്യക്ഷമമായി അന്വേഷിച്ചുവരുന്നു. ഫലപ്രദമായി അന്വേഷണം നടക്കുന്ന ഈ കേസ്സ് നിലവിൽ സി.ബി.ഐ.-യ്ക്ക് വിടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എം.എൽ.എ.-എ.ഡി.എസ്. പ്രവൃത്തികൾക്ക് ഭരണാനുമതി

1 (1) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)എൽ.എസ്.ജി.ഡി. ഇതര വകുപ്പുതല നിർവ്വഹണ ഏജൻസികളായിട്ടുള്ള അടൂർ മണ്ഡലത്തിലെ എം.എൽ.എ.- എ.ഡി.എസ് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായ ശേഷം ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. ഹെഡ് ഓഫ്അക്കൗണ്ടിൽനിന്നും ഡെപ്പോസിറ്റ് ലഭ്യമാക്കുന്നതിന് നിലവിൽ നേരിടുന്ന കാലവിളംബം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടർവത്കൃത ജോലി ക്രമീകരണമായിരുന്നിട്ടുപോലും ഫയൽ നടപടിക്രമത്തിലെ സങ്കീർണ്ണതയും കാലവിളംബവും ഒഴിവാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) അടൂർ മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന എത്ര പദ്ധതികൾ ഇത്തരത്തിൽ എൽ.എസ്.ജി.ഡി. ഡെപ്പോസിറ്റിനായി നിലവിൽ പരിഗണന യിലുണ്ടെന്നറിയിക്കാമോ;

(ഡി) സമയബന്ധിതമായി അനുബന്ധ ഡിപ്പോസിറ്റ് ക്രമീകരണത്തിന് വേണ്ട നിർദ്ദേശം നൽകാമോ ?

<u>ഉത്തരം</u>

(എ) ഇല്ല. ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അലോട്ടുമെന്റും ബിൽ തയ്യാറാക്കുന്ന നടപടിയുമാണ് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളത് (BIMS). മറ്റുള്ള നടപടിക്രമങ്ങൾ കമ്പ്യൂട്ടർ വൽക്കരിച്ചിട്ടില്ല.

(സി) 7 പദ്ധതികൾ

(ഡി) ഫണ്ട് ഡെപ്പോസിറ്റിനുള്ള റിക്വിസിഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് അലോട്ട്മെന്റ് സമയബന്ധിതമായി നൽകാറുണ്ട്.

**പരീക്ഷ എഴുതുമെന്ന് ഉറപ്പുനൽകുന്നവർക്ക് മാത്രമായി പരീക്ഷാകേന്ദ്രങ്ങൾ**

2 (2) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. അപേക്ഷകരിൽ, പരീക്ഷ എഴുതുമെന്ന് ഉറപ്പ് നൽകുന്നവർക്ക് മാത്രമായി പരീക്ഷാകേന്ദ്രങ്ങൾ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യത്തിൽ ഉദ്യോഗാർത്ഥികളുടെ താൽപ്പര്യം സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2018 ആഗസ്റ്റ് മാസം മുതൽ നടത്തുന്ന OMR പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളിൽനിന്നും മുൻകൂട്ടി പരീക്ഷ എഴുതുമെന്ന് ഉറപ്പ് നൽകുവാൻ പി.എസ്.സി. ആവശ്യപ്പെടുന്നുണ്ട്. നിശ്ചിത സമയ പരിധിക്കകം ഉറപ്പ് നൽകാത്ത ഉദ്യോഗാർത്ഥികൾക്ക് പിന്നീട് അവസരം ലഭിക്കുന്നതല്ല. പരീക്ഷ എഴുതുമെന്ന് confirmation നൽകുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇത് അപേക്ഷകരുടെ പ്രൊഫൈൽവഴി ലഭ്യമാകുന്നതാണ്. ഇപ്രകാരം confirmation നൽകുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമായിരിക്കും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.

**ഫ്രണ്ട് ഓഫീസ് സംവിധാനം**

3 (3) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര വകുപ്പുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) ഫ്രണ്ട് ഓഫീസ് സംവിധാനം പൊതുജനങ്ങളുമായി ബന്ധമുള്ള വകുപ്പുകളിൽ നടപ്പിലാക്കിവരുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം ഓരോ വകുപ്പിലും, ആ വകുപ്പിന്റെ ഭരണ സംവിധാനം, ജനങ്ങൾക്ക് നൽകുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ വകുപ്പ് മേധാവികളുമായി ടി വിഷയം ചർച്ചചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

**ചികിത്സാ സഹായ തുക**

4 (4) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ചികിത്സാ സഹായമായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 മുതൽ 4-6-2018 വരെ 390,29,50,337 രൂപ (മുന്നൂറ്റിതൊണ്ണൂറ് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി അൻപതിനായിരത്തി മുന്നൂറ്റി മുപ്പത്തേഴ് രൂപ മാത്രം) വിവിധ ജില്ലകളിൽ അനുവദിച്ചിട്ടുണ്ട്.

(ബി)

| ജില്ല | തുക |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 57,41,83,949 |
| കൊല്ലം | 40,84,82,201 |
| പത്തനംതിട്ട | 12,63,61,000 |

| (1) | (2) |
|---|---|
| ആലപ്പുഴ | 28,78,65,027 |
| കോട്ടയം | 22,78,67,730 |
| ഇടുക്കി | 12,36,06,500 |
| എറണാകുളം | 34,10,40,451 |
| തൃശ്ശൂർ | 28,05,91,000 |
| പാലക്കാട് | 14,63,44,000 |
| മലപ്പുറം | 23,13,59,893 |
| കോഴിക്കോട് | 19,59,67,852 |
| കണ്ണൂർ | 20,75,37,594 |
| വയനാട് | 4,61,67,500 |
| കാസർഗോഡ് | 70,55,75,640 |
| ആകെ | 390,29,50,337 |

## ഐക്യകേരള സ്രഷ്ടാക്കൾ സ്വപ്നം കണ്ട കേരളം

5 (5) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യകേരള സ്രഷ്ടാക്കൾ സ്വപ്നം കണ്ട ജാതിമത ഭേദങ്ങൾക്കതീതമായ പ്രബുദ്ധകേരളം കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയത് സാക്ഷാത്കരിക്കാനായി വിദ്യാഭ്യാസം സാർവ്വത്രിക മാക്കാനും പ്രസ്തുത മേഖലയിലെ കച്ചവടതാല്പര്യം ഇല്ലാതാക്കാനും, ആരോഗ്യപരിപാലനരംഗം ജനകീയമാക്കാനും ആയത് ജനങ്ങൾക്ക് ലഭിക്കുന്നുവെന്നത് ഉറപ്പുവരുത്താനും, കാർഷിക മേഖലയെ സ്വയംപര്യാപ്തത യിലെത്തിക്കാനും, പാർശ്വവത്കരിക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കാനും, ക്രമസമാധാനം ഉറപ്പുവരുത്താനും, കലാ സാംസ്കാരിക മേഖലയെ സജീവമാക്കാനും, എല്ലാവർക്കും പാർപ്പിടം, കുടിവെള്ളം, വൈദ്യുതി എന്നിവ ഉറപ്പാക്കുവാനും അതുവഴി സാമൂഹ്യ പുരോഗതിയുണ്ടാക്കുവാനുമായി മുഖ്യമന്ത്രിയും സർക്കാരും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചു വരുന്നു.

## കേരളത്തിന് ലഭിച്ച ബഹുമതികൾ

6 (6) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിന് ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം ബഹുമതികളാണ് ലഭിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

കേരളത്തിന് ലഭിച്ച ബഹുമതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## സർക്കാർ സേവനങ്ങൾക്ക് ഏകജാലക സംവിധാനം

7(7) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ സേവനങ്ങളാണ് ഈ പോർട്ടലിൽക്കൂടി ലഭ്യമാക്കുന്നത്; ഇക്കാര്യത്തിന് ഏത് ബാങ്കുമായാണ് കരാർ ഒപ്പ് വച്ചിട്ടുള്ളത്;

(സി) വിവിധ സർക്കാർ ഉത്തരവുകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ അപേക്ഷകളുടെ തൽസ്ഥിതിയും പ്രസ്തുത പോർട്ടലിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സർക്കാർ സേവനങ്ങൾക്ക് ഒരു ഏകജാലക സംവിധാനം സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്. എസ്. ഡി. ജി.) പദ്ധതിയുടെ ഭാഗമായുള്ള സ്റ്റേറ്റ് പോർട്ടൽവഴി (www.kerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ എന്ന പദ്ധതി വികസിപ്പിച്ചെടുത്തത്. പൊതുവായ സേവന ലഭ്യതാ സംവിധാനത്തിലൂടെ ഇത് സാധ്യമാക്കുകയും കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും ചെയ്യും. ഈ സംവിധാനത്തിലൂടെ ഒരു സാധാരണ പൗരന് ആവശ്യമായ അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്തെടുക്കാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യമുണ്ടാകും. വിവിധ വകുപ്പുകളുടെ 58 സേവനങ്ങളാണ് എസ്.എസ്.ഡി. ജി. യിലൂടെ നൽകുന്നത്. ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമാണ് കരാർ ഒപ്പു വച്ചിരിക്കുന്നത്. സേവനങ്ങൾ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) വിവിധ സർക്കാർ ഉത്തരവുകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ അപേക്ഷകളുടെ തൽസ്ഥിതിയും സ്റ്റേറ്റ് പോർട്ടൽവഴി ലഭ്യമാണ്.

**ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി**

8(8) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ പ്രത്യേകാനുമതി വേണമെന്ന് 2005-ൽ യു.ഡി.എഫ് സർക്കാർ ഇറക്കിയ സർക്കുലറിലെ നിർദ്ദേശം ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ വ്യവസ്ഥ പഞ്ചായത്ത് രാജ് - നഗരപാലികാ നിയമത്തിലും നിയമപരമായ ബാദ്ധ്യതയായി മാറ്റിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) 14-2-2011-ലെ എസ്. ആർ.ഒ നമ്പർ 127/2011 ആയി നിലവിൽ വന്ന കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(8) പ്രകാരവും, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിൽ 21-6-2010-ലെ ജി.ഒ. (എം.എസ്) 128/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ചട്ടം 7 [6B] ആയും ഈ വ്യവസ്ഥ കൂട്ടി ചേർത്തിട്ടുണ്ട്. ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**സർക്കാരിന്റെ വാർഷികാഘോഷങ്ങൾക്കുള്ള ചെലവ്**

9(9) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ പരിപാടികൾക്കായി ചെലവാക്കിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ രണ്ടാം വാർഷികാഘോഷ പരിപാടികൾക്കായി ചെലവാക്കാനുദ്ദേശിക്കുന്ന തുക എത്രയാണെന്നറിയിക്കാമോ;

(സി) രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തുവാനുദ്ദേശിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ പരിപാടികൾക്കായി 18,32,80,673 (പതിനെട്ട് കോടി മുപ്പത്തിരണ്ട് ലക്ഷത്തി എൻപതിനായിരത്തി അറുന്നൂറ്റി എഴുപത്തി മൂന്ന് രൂപ) ചെലവായിട്ടുണ്ട്

(ബി) 17-3-2018-ലെ സ.ഉ (സാധാ) നമ്പർ 55/2018/ഐ&പി.ആർ. പ്രകാരം സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷങ്ങൾക്കായി 16.01 കോടി രൂപ വരെ ചെലവഴിക്കാനുദ്ദേശിക്കുന്നു.

(സി) രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തിയ നടത്താനുദ്ദേശിക്കുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു:

1. എല്ലാ ജില്ലകളിലും മണ്ഡലാടിസ്ഥാനത്തിലും വിവിധ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനവും പൂർത്തീകരിച്ച പദ്ധതികളുടെ ഉദ്ഘാടനവും.
2. സംസ്ഥാനത്തെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലെയും കുട്ടികൾക്കുള്ള പാഠപുസ്തക വിതരണം
3. എൽ.പി., യു.പി. വിഭാഗം ക്ലാസുകളിലെ കുട്ടികൾക്കുള്ള യൂണിഫോം വിതരണം.
4. 40 ലക്ഷം കുട്ടികൾക്കുള്ള മുഖ്യമന്ത്രിയുടെ കത്തും വൃക്ഷത്തൈയും, വിത്തും വിതരണം.
5. മെയ് 18- ന് കണ്ണൂരിൽ വച്ച് സംസ്ഥാനതല ഉദ്ഘാടനവും മെയ് 30 -ന് തിരുവനന്തപുരത്ത് സംസ്ഥാനതല സമാപനം.
6. കൊച്ചിയിൽ വച്ച് ദേശീയ സെമിനാർ.
7. എല്ലാ ജില്ലകളിലും ഒരു വാരം വീതം നീണ്ടു നിൽക്കുന്ന ഉൽപ്പന്ന പ്രദർശന വിപണന മേളയും സാംസ്കാരിക പരിപാടികളും.

കൂടാതെ വാർഷികാഘോഷങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നു:

- പത്ര പരസ്യം
- മാർക്കറ്റിംഗ് ഫീച്ചർ
- റേഡിയോ പരസ്യം

- ടി.വി പരസ്യം (ന്യൂസ് ചാനൽ )
- ഓൺ ലൈൻ പരസ്യം
- തിയേറ്റർ പരസ്യം
- കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി. ബസ് പരസ്യം
- ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ പരസ്യം
- ട്രെയിൻ റാപ്പിംഗ്, റെയിൽ വേ സ്റ്റേഷൻ ടി.വി. പരസ്യം
- എയർപോർട്ട് ട്രോളി പരസ്യം
- ഹോർഡിംഗുകളിൽ, എൽ.ഇ.ഡി. വാളുകളിൽ പരസ്യം
- പുസ്തകം, പ്രോഗ്രസ് കാർഡ്, ഫോൾഡർ, പോസ്റ്റർ എന്നിവയുടെ പ്രസിദ്ധീകരണം
- ഡോക്യുമെന്ററി പ്രദർശനം
- നവകേരളം, നാം മുന്നോട്ട് എന്നീ ടി.വി. പരിപാടികളുടെ പ്രത്യേക എപ്പിസോഡുകൾ
- പത്ര സമ്മേളനം, മാധ്യമ സെമിനാർ
- മൊബൈൽ എക്സിബിഷൻ.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

10 (10) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പ്രഖ്യാപിച്ച ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഹെൽത്ത് ഇൻഷ്വറൻസ് സ്കീം സംബന്ധിച്ച് തയ്യാറാക്കിയ ഇ.ഒ.ഐ.-യുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ "ഔട്ട് പേഷ്യന്റ്" ഫെസിലിറ്റി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ പെൻഷൻകാർക്കും/ജീവനക്കാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഇനിയും കാലതാമസം ഉണ്ടാകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) -യും തയ്യാറാക്കി വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാക്കുകയുള്ളൂ. ഒ.പി. ചികിത്സയ്ക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യം സംരക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. ഇ.ഒ.ഐ.-യുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**പുതിയ സർക്കാർ വാഹനങ്ങൾ**

11(11) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വിവിധ വകുപ്പുകൾക്കുംവേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനമോരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും ഓരോ വാഹനവും ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും പ്രതിപക്ഷ നേതാവിനും സംസ്ഥാനം സന്ദർശിക്കുന്ന വിശിഷ്ട വ്യക്തികൾക്കും വാഹന സൗകര്യമേർപ്പെടുത്തുന്നത് ടൂറിസം വകുപ്പാണ്. ഈ സർക്കാർ അധികാരമേറ്റശേഷം ഇപ്രകാരം വാങ്ങിയ വാഹനങ്ങളുടെയും വിവിധ വകുപ്പുകൾക്കുവേണ്ടി അതാതു വകുപ്പുകൾ വാങ്ങിയ വാഹനങ്ങളുടേയും വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മന്ത്രിസഭാംഗങ്ങളുടെയും ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെയും ചെലവ്

12(12) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, സംസ്ഥാന ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ എന്നിവർ കൈപ്പറ്റിയ ശമ്പളം, അലവൻസ്, യാത്രാപ്പടിതുക എന്നിവ എത്രയെന്നത് സംബന്ധിച്ച് ഓരോരുത്തരുടെയും വിശദാംശം നൽകാമോ;

(ബി) ഫോൺ ചാർജ്, വൈദ്യുത ചാർജ് എന്നീ ഇനങ്ങളിൽ ഓരോരുത്തരും ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും സംസ്ഥാന ഭരണപരിഷ്കാര കമ്മീഷന്റെയും ശമ്പളം, അലവൻസ്, യാത്രാപ്പടി തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഫോൺ ചാർജ്ജ്, വൈദ്യുത ചാർജ്ജ് എന്നീ ഇനങ്ങളിൽ ഓരോരുത്തരും ചെലവഴിച്ച തുക അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

## പുതിയ തസ്തികകൾ

13(13) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് നിയമനം

14(14) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2015 ജനുവരിക്കുശേഷം സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണം, അവരുടെ പേര്, നിയമന രീതി, നിയമന തീയതി എന്നിവ വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ

15(15) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ എന്തെങ്കിലും ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളാൻ നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ അലംഭാവം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നു.

(ബി&സി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനായി എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗ് കാമ്പെയിനിന്റെ ഭാഗമായി 2016 ഡിസംബർ മാസത്തിലും 2017 മേയ് മാസത്തിലും 2018 ജനുവരി മാസത്തിലുമായി മൂന്ന് ഘട്ടങ്ങളിൽ സംസ്ഥാനത്തെ ജില്ലാ ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന പരമാവധി ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാത്രവുമല്ല ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയുള്ള ഉദ്യോഗാർത്ഥികളുടെ പരാതികളിന്മേലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ നേരിട്ടന്വേഷണം നടത്തി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി**

16(16) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വീസിലിരിക്കെ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി ലഭിക്കുന്ന പദ്ധതി പ്രകാരം അപേക്ഷിച്ചിട്ടും ഇതുവരെയും ജോലി ലഭിക്കാത്ത എത്രപേരുണ്ടെന്നും അവർക്ക് ജോലി നല്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**ആശ്രിത നിയമനം**

17 (17) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആശ്രിത നിയമനത്തിനായി എത്ര അപേക്ഷ ലഭിച്ചു; എത്ര പേർക്ക് നിയമനം നൽകി; വ്യക്തമാക്കാമോ;

(ബി) ആശ്രിത നിയമനത്തിൽ ലഭിക്കുന്ന അപേക്ഷ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം**

18(18) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ജീവനക്കാർക്ക് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഫീൽഡ് ജീവനക്കാരുടെ അറ്റൻഡൻസും ജോലിയും നിരീക്ഷിക്കുന്നത്തിനുള്ള സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്തിയ ഓഫീസുകളിൽ ജീവനക്കാർ ഇടയ്ക്കുള്ള സമയത്ത് ഓഫീസിൽനിന്നും വിട്ടുനിൽക്കുന്നത് നിയന്ത്രിക്കാൻ നിലവിൽ ക്രമീകരണങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 1-1-2018 മുതൽ സെക്രട്ടേറിയറ്റിൽ ബയോമെടിക് പഞ്ചിംഗ് സംവിധാനം ശമ്പളവിതരണ സോഫ്റ്റ്‍വെയറായ സ്പാർക്കുമായി ബന്ധിപ്പിച്ച് കർശനമാക്കിയിട്ടുണ്ട്. കൂടാതെ 18-5-2018-ലെ സ.ഉ.(കൈ) 108/2018/പൊ.ഭ.വ. പ്രകാരം 2018 ഒക്ടോബർ 1-നകം എല്ലാ സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെടിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാനും കൂടാതെ അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി വകുപ്പിന് കീഴിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31-നകം നടപ്പിൽ വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഓഫീസുകളിലെ പോരായ്മകൾ തിരിച്ചറിഞ്ഞുകൊണ്ടാണ് സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം എല്ലാ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കാൻ അനുബന്ധ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

**വാഹന ദുരുപയോഗം**

19(19) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ നാളിതുവരെയായി ഏതെല്ലാം വകുപ്പുകളിൽ ഔദ്യോഗിക വാഹനങ്ങൾ അനുവദിക്കപ്പെട്ടവരും അല്ലാത്തവരുമായ എത്ര ജീവനക്കാർ സർക്കാർ വാഹനങ്ങൾ സ്വകാര്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്; അപേക്ഷിച്ചവരിൽ എത്രപേർക്ക് അതിനുള്ള അനുമതി നൽകിയിട്ടുണ്ട് ;

(ബി) അനുമതി ലഭിക്കാതെ എത്ര പേർ ഔദ്യോഗിക വാഹനങ്ങൾ സ്വകാര്യാവശ്യത്തിന് ഉപയോഗിച്ചുവരുന്നു; ഇതിന്റെ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; മാറിമാറി വന്ന സർക്കാരുകൾ നടപടി കർശനമാക്കാത്തതിനാലാണ് വാഹന ദുരുപയോഗം കൂടിവരുന്നത് എന്ന വസ്തുത സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(സി) ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിൽ നിയന്ത്രണം പാലിക്കാത്തത് താഴെത്തട്ടിലുള്ളവർക്കും ദുരുപയോഗത്തിന് എളുപ്പം അവസരമൊരുക്കുമെന്നത് കണക്കിലെടുത്ത് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ സാഹചര്യത്തിൽ ഫലവത്തായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്

20(20) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാദാപുരം മണ്ഡലത്തിലെ കല്ലാച്ചി ഗവ.യു.പി. സ്കൂളിലെ റിട്ടയേർഡ് അധ്യാപികയായ ശ്രീമതി രമണിയുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷയുടെ (R6/87603/2013 DPI) തൽസ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട്, കല്ലാച്ചി, ഗവ.യു.പി. സ്കൂളിലെ റിട്ടയേർഡ് പി.ഡി. ടീച്ചറായ ശ്രീമതി കെ. രമണിയുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പ്രൊപ്പോസൽ ന്യൂനതകൾ പരിഹരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 25-5-2018-ൽ സർക്കാരിന് സമർപ്പിച്ചിരുന്നു. മേൽ പ്രൊപ്പോസൽ പരിശോധിച്ചതിൽനിന്നും ശ്രീമതി രമണി ചികിത്സയ്ക്ക് വിധേയയായിരുന്ന കൊച്ചിയിലെ ലക്ഷ്മി ആശുപത്രി, ജീവനക്കാരുടെയും ആശ്രിതരുടെയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ചത് 22-4-2013-ലെ സ.ഉ.(പി.)നമ്പർ144/2013/ആ.കു.വ പ്രകാരമാണ്. എന്നാൽ 24-7-2010 മുതൽ 20-12-2012 വരെയുള്ള കാലയളവിലാണ് ടിയാൾ പ്രസ്തുത ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയയായിരുന്നത്. ആയതിനാൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ സർക്കാരിന്റെ പ്രത്യേകാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൊതുവിദ്യാഭ്യാസ (എൽ ) വകുപ്പിൽ സ്വീകരിച്ചുവരുന്നു.

## സർക്കാർ ജീവനക്കാരുടെ സർവ്വീസ് ബുക്ക്

21(21) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സർവ്വീസ് ബുക്ക് ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും ഇതിനാവശ്യമുള്ള മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സർവ്വീസ് ബുക്ക് ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് നാളിതുവരെയായി ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. അതേ സമയം സെക്രട്ടേറിയേറ്റ് ജീവനക്കാരുടെ സർവ്വീസ് പുസ്തകം ഡിജിറ്റൈസ് ചെയ്യണമെന്ന ലക്ഷ്യത്തോടെ പൊതുഭരണ വകുപ്പ് ചില നടപടികൾ കൈക്കൊള്ളുന്നുണ്ട്.

**സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം**

22(22) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ ഫയൽ നീക്കത്തിന് വളരെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫയൽ നീക്കത്തിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഓരോ ഫയലും പ്രാധാന്യത്തോടെ പരിഗണിച്ച് നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ഫയലുകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് ഒഴിവാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തിവരുന്നു. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. E-office സംവിധാനത്തിലൂടെ ഫയൽ നീക്കം ത്വരിതഗതിയിലാക്കിവരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല വഹിക്കാനാവുന്ന തരത്തിൽ ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാന വിവരാവകാശ കമ്മീഷണർ നിയമനം

23(23) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ എത്ര ഒഴിവുകളാണ് ഉണ്ടായിരുന്നത്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ ശിപാർശ ചെയ്തത് ആരെയൊക്കെയാണ്; അവരുടെ യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) സർക്കാർ ശിപാർശ ചെയ്ത ഏതെങ്കിലും വ്യക്തിയെ ഗവർണർ നിയമിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ആരുടെ നിയമന ശിപാർശയാണ് ഗവർണർ തള്ളിയത്;

(സി) പൊതുമുതൽ നശിപ്പിച്ചത് സംബന്ധിച്ച ക്രിമിനൽ കേസ്സുകളിലും നിയമനത്തട്ടിപ്പ് കേസ്സിലും ഉൾപ്പെട്ട വ്യക്തിയെ വിവരാവകാശ കമ്മീഷണറായി നിയമിക്കുവാൻ സർക്കാർ ശിപാർശ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത വ്യക്തിയെ ശിപാർശ ചെയ്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) അപ്രകാരമുള്ള ഒരു വ്യക്തിയെ വിവരാവകാശ കമ്മീഷണർ സ്ഥാനത്തേയ്ക്ക് ശിപാർശ ചെയ്തത് വിമർശനം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് ഏറ്റവും യോഗ്യരായവരെ ശിപാർശ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 5 ഒഴിവുകൾ.

1. ഡോ. കെ. എൽ. വിവേകാന്ദൻ
2. ശ്രീ. എസ്. സോമനാഥൻപിള്ള
3. ശ്രീ. എ. അബ്ദുൽ റഷീദ്
4. ശ്രീ. കെ. വി. സുധാകരൻ
5. ശ്രീമതി ശ്രീലത പി.ആർ.

യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. ശ്രീ. എ.അബ്ദുൽ റഷീദ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പൊതുപ്രവർത്തനവുമായി ബന്ധപ്പെട്ട കേസ്സുകളാണ് ശ്രീ. എ. അബ്ദുൽ റഷീദിന്റെ പേരിൽ ഉണ്ടായിരുന്നത്. യോഗ്യതകൾ ഉണ്ടായിരുന്നതുകൊണ്ടാണ് ടിയാനെ വിവരാവകാശ കമ്മീഷണർ നിയമനത്തിനായി ശിപാർശ ചെയ്തത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## സേവനാവകാശനിയമം

24(24) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം യഥാസമയത്ത് സേവനം നൽകാത്തതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ നടപടികൾക്ക് വിധേയനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഒരുദ്യോഗസ്ഥൻപോലും നടപടിക്ക് വിധേയനാകാത്തത് സേവനാവകാശനിയമത്തിന്റെ മഹത്വമാണോ സൂചിപ്പിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പല സാധാരണക്കാരും സമീപകാലത്ത് വില്ലേജ് ഓഫീസ് തീയിടലും വില്ലേജ് ഓഫീസിന്റെ കഴുക്കോലിൽ തൂങ്ങിമരിക്കലും പോലുള്ള കഠിന പ്രവൃത്തികൾ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സേവനാവകാശ നിയമത്തിന് വേണ്ടത്ര മൂർച്ചയില്ലെന്ന അഭിപ്രായം സർക്കാരിനുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) സേവനാവകാശ നിയമം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്.

(ഡി) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഇ) പിരിവിന്റെ മറുപടി കാണുക.

## ഭാഷാ ന്യൂനപക്ഷ സമിതി

25(25) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ആഗസ്റ്റ് മാസത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഭാഷാ ന്യൂനപക്ഷ സമിതിയുടെ യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിൽവരുത്താൻ ബന്ധപ്പെട്ട വകുപ്പുകൾ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതേ യോഗത്തിൽ തീരുമാനിച്ച പ്രകാരം പാലക്കാട് ജില്ലയിൽ പട്ടഞ്ചേരി ഹൈസ്കൂളിൽ ഹയർസെക്കൻഡറി വിഭാഗം അനുവദിക്കാൻ ചിറ്റൂർ എം എൽ എ മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2017 ആഗസ്റ്റ് മാസത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഭാഷാ ന്യൂനപക്ഷ സമിതി യോഗത്തിലെ പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

പട്ടഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കണം.

RMSA സ്കീമിൽ ആകെ 30 സ്കൂളുകളുള്ളതിൽ 5 സ്കൂളുകളാണ് ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് നിലവിലുള്ളത്. ഈ സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് വീണ്ടും അയച്ച് നടപടി സ്വീകരിക്കണം.

പി.എസ്.സി. പരീക്ഷകളുടെ മാതൃകാ ചോദ്യങ്ങൾ ഉൾപ്പെടുത്തി മലയാളത്തിൽ പ്രസിദ്ധീകരിച്ച പി.എസ്.സി. ബുള്ളറ്റിന്റെ വിശേഷാൽ പതിപ്പ് ഭാഷാ ന്യൂനപക്ഷ വിഭാഗക്കാർക്കും കൂടി ഉപകാരപ്പെടുന്നതിനായി ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളുള്ള എല്ലാ ജില്ലകളിലും താലൂക്കുതല ഓഫീസുകളിൽ പ്രസ്തുത ഭാഷകൾ കൈകാര്യം ചെയ്യാനറിയുന്ന ഒരു ഉദ്യോഗസ്ഥനെയെങ്കിലും നിയമിക്കുന്നതിന് നടപടിയെടുക്കണം.

പാലക്കാട് കണ്ണാടിപ്പാറയിൽ +2 വിദ്യാർത്ഥികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കണം.

മൂന്നാർ ടി.ടി.സി. DIET എന്നിവയിലേയ്ക്കുള്ള തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് നടപടി സ്വീകരിക്കണം.

കലോത്സവ മാന്വൽ പരിഷ്കരണ റിപ്പോർട്ട് ഉടൻതന്നെ സർക്കാരിൽ സമർപ്പിക്കണം

കൊഴിഞ്ഞാമ്പാറ, മഞ്ചേശ്വരം, ചിറ്റൂർ, കാസർഗോഡ്, മൂന്നാർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങാനുള്ള പ്രൊപ്പോസലുകൾ സംബന്ധിച്ച വിഷയം വീണ്ടും take-up ചെയ്യണം.

അതിർത്തി മേഖലകളിൽ KSRTC ഓർഡിനറി സർവ്വീസുകൾ ഇല്ലാത്ത അവസ്ഥയുണ്ടെങ്കിൽ പ്രസ്തുത റൂട്ടുകളിൽ കൂടുതൽ ഓർഡിനറി ബസ്സുകൾ ഓടിക്കുന്ന കാര്യം പരിശോധിക്കണം.

തൃശ്ശൂർ ബി.എഡ്. കോളേജിൽ തമിഴ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സീറ്റ് റിസർവേഷൻ നൽകണമെന്ന നിർദ്ദേശം പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണം.

തമിഴ്/കന്നഡ ഭാഷാ ന്യൂനപക്ഷങ്ങൾക്കുവേണ്ടി പ്രത്യേകമായി ഒരു കമ്മീഷൻ രൂപീകരിക്കേണ്ട ആവശ്യമില്ലെന്നും പകരം ഒരു മുതിർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു.

ഇപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് നൽകുന്ന അതേ രീതിയിൽ +2 പരീക്ഷയ്ക്കും തമിഴ്/കന്നഡ ഭാഷകളിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളണം, പരിക്ഷകൾ തമിഴ്/കന്നഡ ഭാഷകളിൽ എഴുതുവാനുള്ള സൗകര്യം നൽകുന്ന കാര്യം പരിശോധിച്ച നടപടി സ്വീകരിക്കണം.

തമിഴ്/കന്നഡ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിൽ നേരിടുന്ന ചില പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം

(ബി) ഭാഷാ ന്യൂനപക്ഷ സമിതി യോഗത്തിലെ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

RMSA പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കാത്തതും സംസ്ഥാന സർക്കാർ ചെലവിൽ ആരംഭിച്ചതുമായ 30 സ്കൂളുകളിൽ 29 സ്കൂളുകളുടെ പ്രവർത്തനം ആരംഭിക്കുകയും, ടി സ്കൂളുകളിൽ 7-10-2016 -ലെ സ.ഉ. (എം. എസ്)നമ്പർ 131/2016/പൊ.വി.വ. നമ്പർ സർക്കുലർ ഉത്തരവ് പ്രകാരം തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്കൂളുകളിൽ 24-10-2017-ലെ സ.ഉ.(കൈ) നമ്പർ 131/2017/പൊ.വി.വ. ഹെഡ് മാസ്റ്റർ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

12500 ചോദ്യങ്ങൾ ഉൾപ്പെടുത്തി പി.എസ്.സി. ബുള്ളറ്റിൻ വിശേഷാൽ പതിപ്പിന്റെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

പീരുമേട്, ഉടുമ്പൻചോല, ദേവികുളം താലൂക്ക് ഓഫീസുകളിൽ ന്യൂനപക്ഷ ഭാഷകൾകൂടി കൈകാര്യം ചെയ്യാനറിയാവുന്ന ഓരോ ഉദ്യോഗസ്ഥനെ വീതം നിയമിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ റവന്യൂ വകുപ്പിൽ 52 ക്ലെറിക്കൽ തസ്തികകൾ കന്നഡ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ താലൂക്കുതല ഓഫീസുകളിൽ പ്രസ്തുത ഭാഷകൾ കൈകാര്യം ചെയ്യാനറിയുന്ന ഒരു ഉദ്യോഗസ്ഥനെയെങ്കിലും നിയമിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കാൻ പാലക്കാട് ജില്ലാ കളക്ടർ എല്ലാ ജില്ലാതല ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

മൂന്നാർ, കുമളി എന്നീ ടി.ടി.ഐ.-കളിൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

20-10-2017-ലെ സ.ഉ. (കൈ)നമ്പർ 129/2017/പൊ.വി.വ. പ്രകാരം കേരള സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ചിട്ടുണ്ട്.

സർക്കാർ കോളേജുകളായ കൊഴിഞ്ഞാമ്പാറ, മഞ്ചേശ്വരം, ചിറ്റൂർ, കാസർഗോഡ്, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനായി സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

അതിർത്തി മേഖലകളിൽ നിലവിൽ ആവശ്യത്തിന് ബസുകൾ ഓടിക്കുന്നുണ്ട്. പുനരുദ്ധാരണ നടപടികൾ പുരോഗമിക്കുന്നതിനാൽ തൽക്കാലം ഓർഡിനറി സർവ്വീസുകൾ അയയ്ക്കുവാൻ നിർവ്വാഹമില്ല.

കേരളത്തിലെ ഭാഷ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങളും ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ (കൈരളി, കാര്യവട്ടം-പി.ഒ., തിരുവനന്തപുരം-695581) നിയമിച്ചുകൊണ്ട് 4-12-2017-ന് സ.ഉ.(കൈ)നമ്പർ 362/2017 പൊ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുവരുന്നു.

മറ്റ് തീരുമാനങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതുതായി ഹയർസെക്കണ്ടറിസ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത് അതാത് വർഷത്തെ വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ്. 5-4-2016-ലെ ജി.ഒ.(എം.എസ്.)75/2016 പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രണ്ട് കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാതല കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ട് സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് സർക്കാർ മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. 2017-18 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറിയിൽ 425695 സീറ്റുകൾ അനുവദിക്കുകയും SSLC, CBSE, ICSE, Others എന്നിവ കൂടി 381185 സീറ്റുകൾ മാത്രമാണ് ആവശ്യമായിരുന്നത്. ആകെ സീറ്റുകളിൽനിന്നും 44510 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിനാൽ 2018-19 അധ്യയന വർഷത്തേയ്ക്ക് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളോ അധിക ബാച്ചുകളോ അനുവദിക്കേണ്ടതില്ലെന്ന് സംസ്ഥാനതല കമ്മിറ്റി ഏകകണ്ഠമായി തീരുമാനമെടുക്കുകയുമുണ്ടായി. സംസ്ഥാനതല കമ്മിറ്റി നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും 7-5-2018-ലെ സ.ഉ.നമ്പർ 53/2018/പൊ.വി.വ. പ്രകാരം 2018-19 അദ്ധ്യയന വർഷം പുതിയ സ്കൂളുകളോ അധിക ബാച്ചുകളോ അനുവദിക്കേണ്ടതില്ലെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## സി.ആർ. ഇസഡ് പരിധി ഭേദഗതി

26(26) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ആർ. ഇസഡ് പരിധി ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ കരട് നിയമം പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ നിയമംമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബുദ്ധിമുട്ടുകൾ കൂടി കണക്കിലെടുത്ത് കരട് നിയമത്തിന്മേൽ എന്തെങ്കിലും ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കരട് തീരദേശ പരിപാലന വിജ്ഞാപനത്തിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി കേരള തീരദേശ പരിപാലന അതോറിറ്റി സ്വീകരിച്ചുവരുന്നു.

## വീട് നിർമ്മാണത്തിന് പെർമിറ്റ്

27(27) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന അതോറിറ്റിയിൽ വീട് നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ നിന്നായി സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ ഇപ്രകാരം തീരദേശ പരിപാലന അതോറിറ്റിയിൽ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്;

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അടിയന്തരമായി തീർപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കൊല്ലം ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ നിന്നായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിക്കപ്പെട്ട 78 അപേക്ഷകളിൽ ഭവന നിർമ്മാണത്തിനുള്ള CRZ ക്ലിയറൻസിനായി സമർപ്പിച്ചിട്ടുള്ള 55 അപേക്ഷകളിന്മേൽ ഉടൻ തീരുമാനമെടുക്കുന്നതാണ്.

## പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട രജീഷിന്റെ അപേക്ഷ

28(28) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് 2011-ൽ അഡ്വൈസ് മെമ്മോ ലഭിച്ച ശ്രീ. രജീഷ് S/o. ബാലൻ പള്ളത്താംപുള്ളി, തത്തമംഗലം, ചിറ്റൂർ, പാലക്കാട് എന്നയാൾക്ക് ബൈക്ക് അപകടത്തെ തുടർന്ന് മെഡിക്കൽ ടെസ്റ്റിന് ഹാജരാകാൻ കഴിയാത്തത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിക്ക് 5-1-2017-ന് സമർപ്പിച്ചതും ആഭ്യന്തര വകുപ്പിൽനിന്ന് 1-3-2017 ന് 16712/എ 1/17 ആഭ്യന്തരം എന്ന ഫയൽ നമ്പർ സഹിതം സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ടിനായി അയച്ചുകൊടുത്തിട്ടുള്ളതുമായ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

പ്രസ്തുത അപേക്ഷയിന്മേലുള്ള റിപ്പോർട്ട് പോലീസ് മേധാവി ലഭ്യമാക്കിയിരുന്നു. എന്നാൽ ആയതിൽ ഇക്കാര്യത്തിലുള്ള അപേക്ഷകന്റെ അപേക്ഷയടക്കമുള്ള പ്രധാനപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്തിരുന്നില്ല. ആയവ ലഭ്യമാക്കി പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ അനന്തര നടപടി അനുവർത്തിക്കുന്നതാണ്.

## ഡൽഹിയിൽ ഗസ്റ്റ് ഹൗസ് കോംപ്ലക്സ് നിർമ്മാണം

29(29) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിൽ കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല ഹൗസ് എന്നീ കേന്ദ്രങ്ങളിൽ ആധുനിക സൗകര്യങ്ങളോടെ ഗസ്റ്റ് ഹൗസ്, കോൺഫറൻസ് ഹാൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുൾപ്പെട്ട കോംപ്ലക്സ് നിർമ്മിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ മൊത്തം എസ്റ്റിമേറ്റ് തുക എത്ര കോടിയാണെന്നും ഇത് എന്നത്തേയ്ക്ക് ടെൻഡർ ചെയ്യാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ക്വാർട്ടേഴ്സ് കൂടി പണിയാൻ ഉള്ള നടപടികൾക്ക് അവസാന രൂപം നൽകിയിട്ടുണ്ടോ;

(ഡി) ഡൽഹി ഡെവലപ്മെന്റ് അതോറിറ്റി നിർമ്മിച്ച ഡി.ഡി.എ. ഹൗസുകൾ വിലയ്ക്ക് വാങ്ങാൻ തീരുമാനിക്കാനുള്ള കാരണം എന്താണ്;

(ഇ) എത്ര വീടുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും ഇതിലേയ്ക്കായി എത്ര കോടി രൂപയുടെ ചെലവ് ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡൽഹിയിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട് എന്നിവയുടെ സമഗ്ര വികസനത്തിനായി പരിചയ സമ്പന്നരായ സ്ഥാപനങ്ങളിൽനിന്ന് Request for Proposal (RFT) ക്ഷണിക്കുകയും ആയതിന്റെ Pre-bid മീറ്റിംഗ് 28-3-2018-ന് നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിച്ച Technical bid-ഉം Financial bid-ഉം പരിശോധിക്കാനുള്ള നടപടി സ്വീകരിച്ചുവരുകയാണ്.

(ബി) എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി &ഇ) കേരളഹൗസ്. ട്രാവൻകൂർ ഹൗസ്. കപൂർത്തല പ്ലോട്ട് എന്നിവ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കായി വികസിപ്പിക്കുമ്പോൾ കേരള ഹൗസ് ജീവനക്കാരുടെ താമസസ്ഥലം നഷ്ടപ്പെടാതിരിക്കാൻ അവർക്ക് ഡൽഹി സർക്കാരിന്റെ ഡൽഹി ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ ഫ്ലാറ്റുകൾ സർക്കാർ ചെലവിൽ വാങ്ങി ക്വാർട്ടേഴ്സായി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഡൽഹി ഡെവലപ്പ്മെന്റ് അതോറിറ്റിയിൽനിന്നും ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു.

## കാസർഗോഡ് വികസന പാക്കേജ്

30(30) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വികസന പാക്കേജിൽ 2018-19 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വികസന പാക്കേജിൽ ഉൾപ്പെടാത്ത ജില്ലയിലെ പ്രധാന പ്രവൃത്തികൾക്ക് പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നാളിതുവരെ ഇത്തരത്തിൽ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്; സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ഡി) പാക്കേജ് തയ്യാറാക്കിയതിനുശേഷം വിട്ടുപോയതും തുടർ വർഷങ്ങളിൽ പുതുതായി വന്നിട്ടുള്ള സ്ഥാപനങ്ങൾക്കും മേൽ പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ;

(ഇ) കാസർഗോഡ് വികസന പാക്കേജ് കാലാനുസൃതമായി പുതുക്കുന്ന വിഷയം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 95 കോടി രൂപ 2551-60-101-97 എന്ന ശീർഷകത്തിൽ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലായി ഇത്തരത്തിലുള്ള 9 പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വകാര്യ മൈക്രോഫിനാൻസ് സ്ഥാപനങ്ങളുടെ ഭീഷണി

31(31) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഗ്രാമീണമേഖലകളിൽ സ്വകാര്യ മൈക്രോഫിനാൻസ് സ്ഥാപനങ്ങളുടെ ഭീഷണിമൂലം ജനങ്ങൾ ബുദ്ധിമുട്ടിലാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മൈക്രോഫിനാൻസ് സ്ഥാപനങ്ങളുടെ ഭീഷണിയെ തുടർന്ന് തെക്കുറിച്ചി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ നാല് മാസത്തിനുള്ളിൽ ആറുപേർ ആത്മഹത്യ ചെയ്ത സംഭവത്തെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) മൈക്രോഫിനാൻസ് സ്ഥാപനങ്ങളുടെ ഭീഷണിയിൽനിന്നും ഗ്രാമവാസികളെ മോചിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമപ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

## നോളജ് സെന്റർ

32(32) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെവിടെയെങ്കിലും നോളജ് സെന്റർ ആരംഭിക്കുന്നതിന് സർക്കാരിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ എവിടെയൊക്കെ; ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്;

(ബി) ഇതിന് കേന്ദ്ര സർക്കാരിൽനിന്നോ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നോ എന്തെങ്കിലും സഹായം ലഭ്യമാണോ;

(സി) പ്രസ്തുത സെന്ററിന്റെ സേവനം ആർക്കാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽനിന്നും എന്ത് രൂപത്തിലുള്ള വരുമാനമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദവിവരം നല്കുമോ?

ഉത്തരം

(എ) ഉണ്ട്. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ 7 ഗ്രാമ പഞ്ചായത്തുകളിലും, ധർമ്മടം നിയോജകമണ്ഡലത്തിലെ 8 ഗ്രാമ പഞ്ചായത്തുകളിലും വില്ലേജ് നോളജ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പദ്ധതിക്ക് കീഴിൽ വരുന്ന മുഴുവൻ കുടുംബങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയായ "സമൃദ്ധി"-ക്കും, വരൾച്ച, പരിസ്ഥിതി നാശം, സമഗ്രവും ശാസ്ത്രീയവും ജന പങ്കാളിത്തത്തോടും കൂടിയ മണ്ണ്, ജൈവ സംരക്ഷണം നീർത്തട സംരക്ഷണം എന്നിവ ലക്ഷ്യമിട്ടുമുള്ള "നീർത്തടാധിഷ്ഠിത വികസന പദ്ധതി" യുടെയും പ്രവർത്തനങ്ങൾക്കാവശ്യമുള്ള വിവര വിജ്ഞാന വ്യാപനത്തിനായി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന ഒരു സ്ഥിരം സംവിധാനമാണ് വില്ലേജ് നോളജ് സെന്റർ.

(ബി) വില്ലേജ് നോളജ് സെന്ററിന് നബാർഡിൽനിന്നും 533.66 ലക്ഷം രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്.

(സി) വിവിധങ്ങളായ സാമൂഹിക, സാമ്പത്തിക കാരണങ്ങളാൽ നിലവിൽ പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ ആളുകളെയും ദാരിദ്ര്യം, സാമൂഹ്യ-അധഃസ്ഥിതാവസ്ഥ, തൊഴിൽപരമായ പിന്നോക്കാവസ്ഥ, ആരോഗ്യ പ്രശ്നങ്ങൾ/രോഗാതുരത തുടങ്ങിയവയിൽനിന്നും കൈപിടിച്ചുയർത്തി മെച്ചപ്പെട്ട ജീവിത നിലവാരത്തിലേയ്ക്ക് കൊണ്ടുവരിക, "സമൃദ്ധി", "നീർത്തടാധിഷ്ഠിത വികസന പദ്ധതി" എന്നീ പദ്ധതികൾക്കാവശ്യമായ വിവര വിജ്ഞാന വ്യാപനത്തിനായി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സ്ഥാപിക്കുന്ന സ്ഥിരം സംവിധാനം കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളാണ് വില്ലേജ് നോളജ് സെന്ററിലൂടെ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. വരുമാനത്തിലുപരി ജനങ്ങളുടെയും, നാടിന്റെയും സമഗ്ര വികസനമാണ് വില്ലേജ് നോളജ് സെന്റർ കൊണ്ട് ലക്ഷ്യമാക്കുന്നത്.

## ഐ.ടി.മേഖലയുടെ വിപുലീകരണത്തിനായിട്ടുള്ള പദ്ധതികൾ

33(33) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. മേഖലയുടെ വിപുലീകരണത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

വിവര സാങ്കേതികവിദ്യാ മേഖലയുടെ വികസനത്തിലൂന്നി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്നതിനും കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യം ഈ മേഖലയിൽ ഒരുക്കുന്നതിനും സഹായകരമായ രീതിയിൽ സർക്കാർ പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി. വികസനം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ

ഐ.ടി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ സംസ്ഥാനത്തെ ഏറ്റവും പുതിയ പ്രവർത്തനങ്ങൾ പൊതുജന സേവനത്തിന് പ്രയോജനകരമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനായി ഐ.ടി./വാർത്താ വിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

KFON പദ്ധതി, ടെക്നോസിറ്റിയിൽ ബ്ലോക്ക്ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, സൈബർ സെക്യൂരിറ്റി, സ്പെയിസ് സയൻസ്, ഇലക്ട്രോണിക് മൊബിലിറ്റി, ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസരഹിതവുമായി ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയായ പബ്ലിക് വൈ-ഫൈ പദ്ധതി, ടെക്നോസിറ്റിയിൽ വിഭാവന ചെയ്ത 100 ഏക്കറിലുള്ള നോളജ് സിറ്റി പദ്ധതി, കൂടാതെ ഐ.ടി. വ്യവസായത്തിലെ പുതിയ ആവശ്യകതകൾക്ക് അനുസൃതമായി യുവതീ-യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുവാൻ വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം എന്നിവയാണ് ഐ.ടി. മേഖലയുടെ വിപുലീകരണത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ.

ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഐ.ടി. പാർക്കുകൾ നടപ്പിലാക്കിയ പ്രമുഖ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നാറ്റ്പാക് ലൈബ്രറിയിലെ ജൂനിയർ സയന്റിസ്റ്റ് നിയമനം

34(34) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരാശരി 10 മുതൽ 15 വരെ പുസ്തകങ്ങൾ മാത്രം റഫർ ചെയ്യപ്പെടുന്ന നാറ്റ്പാക് ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റ് തസ്തിക സൃഷ്ടിച്ചത് എന്തിനായിരുന്നു; കേരളത്തിലെ മറ്റേതെങ്കിലും ഗവേഷണ സ്ഥാപനത്തിലെ ലൈബ്രറിയിൽ ഇതിനു സമാനമായി ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) കേരളത്തിലെ മറ്റ് ഗവേഷണ സ്ഥാപനങ്ങളിലൊന്നും ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചിട്ടില്ല എങ്കിൽ നാറ്റ്പാകിൽ മാത്രം ഇങ്ങനെ ഒരു തസ്തിക സൃഷ്ടിച്ച് സി.എസ്.ഐ.ആർ. നിരക്കിൽ വേതനം നൽകുന്നതിന്റെ ഔചിത്യം വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നാറ്റ്പാകിൽ ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റായി ജോലിചെയ്യുന്ന വ്യക്തി, നാളിതുവരെ അടിസ്ഥാന വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെ ശമ്പളമായി എത്ര രൂപയാണ് കൈപ്പറ്റിയിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) കേരളത്തിലെ ലൈബ്രറികളിലെ ലൈബ്രറി അസിസ്റ്റന്റുമാരുടെ അടിസ്ഥാന ശമ്പളം എത്രയാണ്; ലൈബ്രറി അസിസ്റ്റന്റിനുപകരം ജൂനിയർ സയന്റിസ്റ്റിനെ നാറ്റ്പാകിലെ ലൈബ്രറിയിൽ നിയമിക്കുക വഴി നാളിതുവരെ എത്ര രൂപയാണ് അധികമായി നൽകേണ്ടി വന്നിട്ടുള്ളത് ;വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) നാറ്റ്പാകിന്റെ ലൈബ്രറി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ദ്ധ്യം നേടിയ ഒരു സയന്റിസ്റ്റിനെ അടിയന്തരമായി നിയമിക്കേണ്ടതാണെന്നും ഡോക്കുമെന്റേഷൻ ഓഫീസർ എന്ന ഒരു തസ്തിക സെന്ററിന്റെ കോർ സ്റ്റാഫ് സ്ട്രെംഗ്തിൽ ഇല്ലാത്തതിനാൽ പകരം എൻട്രി ലെവലിൽ (സയന്റിസ്റ്റ് ബി) ഒരു സയന്റിസ്റ്റിനെ നിലവിലെ നിയമ പ്രകാരം അംഗീകൃത സയന്റിസ്റ്റുകളുടെ ഒഴിഞ്ഞുകിടക്കുന്ന ഒരു തസ്തികയിലേയ്ക്ക് ലൈബ്രറിയിൽ നിയമിക്കാൻ ചട്ടപ്രകാരം അനുമതി നൽകണമെന്ന് നാറ്റ്പാക് ആവശ്യപ്പെടുകയും 5-3-2012-ലെ കൗൺസിൽ കത്ത് നമ്പർ 4139/സി1/2011 കെ.എസ്.സി.എസ്.റ്റി.ഇ. പ്രകാരം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ അനുമതി നൽകുകയും ചെയ്തു. നാറ്റ്പാകിൽ നിലവിലുണ്ടായിരുന്ന സയന്റിസ്റ്റുകളുടെ ഒഴിവുകളിലാണ് നിയമിച്ചത്. അഡീഷണൽ തസ്തിക സൃഷ്ടിച്ചിട്ടില്ല. കേരളത്തിലെ മറ്റ് ഗവേഷണ സ്ഥാപനത്തിലെ ലൈബ്രറിയിൽ ഇതിന് സമാനമായി ജൂനിയർ സയന്റിസ്റ്റിനെ നിയമിച്ചുള്ളതായി കാണുന്നില്ല.

(ബി) സാങ്കേതിക മികവോടുകൂടി വിവിധ പ്രദ്ധീകരണങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിലേയ്ക്കായി വൈദഗ്ദ്ധ്യവും നൈപുണ്യവും ഉന്നത യോഗ്യതയുമുള്ള വിവിധ ശാസ്ത്രസാങ്കേതിക ഗണത്തിൽപ്പെടുന്ന വസ്തുതകളുടെ ഡോക്കുമെന്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ മികവോടുകൂടി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ സേവനം ആവശ്യമുണ്ട്. ആയത് ലൈബ്രറി സയൻസ് ശാഖയിൽനിന്നുള്ള വ്യക്തിയായാൽ ലൈബ്രറി ഡിജിറ്റൈസ് ചെയ്യുക ഉൾപ്പെടെയുള്ള നൂതന ആശയങ്ങൾ നടപ്പാക്കുന്നത് ഉചിതമായിരിക്കും. വിഷയം ഔദ്യോഗികമായി വിവിധ തലങ്ങളിൽ പരിഗണിച്ച് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടന്നിട്ടുള്ളത്.

(സി) നാറ്റ്പാക് ലൈബ്രറിയിൽ ജൂനിയർ സയന്റിസ്റ്റായി ജോലി ചെയ്യുന്ന വ്യക്തി നാളിതുവരെയായി അടിസ്ഥാന വേതനവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ 30,65,315 രൂപ കൈപ്പറ്റിയിട്ടുണ്ട്.

(ഡി) ലൈബ്രറി അസിസ്റ്റന്റുമാരുടെ അടിസ്ഥാന ശമ്പള സ്കെയിൽ 20,000-45,800 ആണ്. നാറ്റ്പാക് നടത്തിയിട്ടുള്ള നിരവധി പഠനങ്ങൾ ശാസ്ത്രീയമായി ക്രമീകരിച്ച് സൂക്ഷിക്കുന്നതിനും വിവിധ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്ന പ്രവൃത്തിക്കും ലൈബ്രറി സയൻസിൽ ഉന്നത വിദ്യാഭ്യാസ നിലവാരത്തിലുള്ള സയന്റിസ്റ്റിന്റെ സേവനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം ചട്ടപ്രകാരമാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ നാറ്റ്പാക് ലൈബ്രറിയിൽ സയന്റിസ്റ്റിനെ നിയമിച്ചതു വഴി അധിക തുക നൽകേണ്ടി വന്നിട്ടില്ല.

## നദികളുടെ സംരക്ഷണം

35(35) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കരമന നദിയെ മാലിന്യമുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) കരമന നദിയെ സംരക്ഷിക്കുന്നതിനായി ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ സർക്കാർ സന്നദ്ധമാകുമോ; ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ചെറുതും വലുതുമായ നദി/പുഴകളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ/ഏജൻസികളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ജനപങ്കാളിത്തത്തോടുകൂടി നദീ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ മാലിന്യമുക്തമാക്കി, നീരൊഴുക്ക് നിലനിർത്തി സംരക്ഷിക്കുക എന്ന ലക്ഷ്യം ഉൾക്കൊണ്ട് ഹരിത കേരളം മിഷന്റെ ഭാഗമായി ജലസമൃദ്ധി/ജലസംരക്ഷണം മുഖേന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. സമഗ്ര നീർത്തടാധിഷ്ഠിത പരിപാടികളിലൂടെ നദീതടങ്ങളിലെ ജല ലഭ്യത വർദ്ധിപ്പിച്ച് നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നിർവ്വഹിച്ചുവരുന്നത്. നദീശോഷണത്തിനിടയാക്കുന്ന പുഴമണൽ ഖനനം, ആറ്റു തീരങ്ങൾ ഇടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ

നിയന്ത്രിക്കുന്നതിനുള്ള നിയമ നടപടികൾ കർശനമാക്കിയിട്ടുണ്ട്. മലിനീകരണം തടയുന്നതിന്റെ ഭാഗമായി 2003- ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമം ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ജലം മലിനമാക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. 3 വർഷം വരെ തടവോ, രണ്ട് ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കത്തക്കതരത്തിലാണ് ഭേദഗതി.

(ബി) ജലസേചന വകുപ്പ്, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ട് (KRSM) നടപ്പിലാക്കിവരുന്നു. കരമനയാറിൽ മലിനീകരണം തടയുന്നതിനായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നഗരാതിർത്തിക്കുള്ളിലെ പാലങ്ങളിൽ ഫെൻസിംഗ് ചെയ്ത് മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിച്ചിട്ടുണ്ട്. കരമനയാറിൽ കരമന പാലത്തിന്റെ ഇടതുകരയിലുള്ള ആഴങ്കാൽ ഭാഗത്ത് നടപ്പാതയും ബയോപാർക്കും നിർമ്മിക്കുന്ന പ്രവൃത്തി കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി നടപ്പിലാക്കുന്നതോടെ ഈ ഭാഗത്തുള്ള അനധികൃത കയ്യേറ്റവും മാലിന്യ നിക്ഷേപവും ഒഴിവാക്കുവാൻ സഹായിക്കും. മലിനീകരണം തടയുന്നതിന് പൊതുജന പങ്കാളിത്തത്തോടെയും പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**തീരദേശ പരിപാലന നിയമം**

36(36) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികൾക്ക് ഭവന നിർമ്മാണം സുഗമമാക്കുന്നതിന് തീരദേശ പരിപാലന നിയമത്തിൽ (CRZ) എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് ഉണ്ടെങ്കിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തുന്നത് കേന്ദ്ര സർക്കാരാണ്. ഡോ. ഷൈലേശ് നായക് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള തീരദേശ പരിപാലന നിയമത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഒരു കരട് വിജ്ഞാപനം 18-4-2018-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല. കരട് വിജ്ഞാപനത്തിൽ തീരദേശവാസികളുടെ ഭവന നിർമ്മാണം സുഗമമാക്കുന്നതിനായി 300 $m^2$ വരെയുള്ള ഭവനങ്ങൾക്ക് തീരമേഖലയിൽ അനുമതി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ ഏർപ്പെടുത്തണമെന്ന് പറഞ്ഞിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ സി.ആർ. ഇസഡ് അപേക്ഷകൾ

37(37) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസഡ്) അപേക്ഷകളിന്മേൽ തീരുമാനം എടുക്കാൻ പുതുതായി ജില്ലാ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് സമിതി അംഗങ്ങൾ എന്ന് അറിയിക്കുമോ;

(ബി) നിലവിലെ ജില്ലാ സമിതി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കേരള തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന ഈ ജില്ലയിലെ എല്ലാ അപേക്ഷകളും തീരുമാനമെടുക്കാനായി ജില്ലാ സമിതിക്ക് സമർപ്പിച്ചിട്ടുണ്ടോ; എത്രയെണ്ണം ബാക്കിയുണ്ട് എന്നറിയിക്കാമോ;

(ഡി) എത്ര സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ അനുമതിക്കുള്ള അധികാരമാണ് ഇപ്പോൾ ജില്ലാ സമിതിക്ക് കൈമാറിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി&ഡി) അവികസിത മേഖലയിൽ $100/m^2$ വരെ പ്ലിന്ത് ഏരിയയുള്ള ഭവനനിർമ്മാണത്തിനുവേണ്ടിയുള്ള CRZ ക്ലിയറൻസിനായുള്ള അപേക്ഷകളിന്മേലും അവികസിത മേഖലയ്ക്കപ്പുറം 250 $m^2$ വരെ പ്ലിന്ത് ഏരിയയുള്ള ഭവന നിർമ്മാണത്തിനുവേണ്ടിയുള്ള CRZ ക്ലിയറൻസിനായുള്ള അപേക്ഷകളിന്മേലും തീരുമാനമെടുക്കുന്നതിനുള്ള അധികാരമാണ് നിലവിൽ ജില്ലാ കമ്മിറ്റിക്ക് കൈമാറിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 4-5-2018-ൽ കൂടിയ കോഴിക്കോട് ജില്ലാ കമ്മിറ്റി 414 അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പ്ലിന്ത് ഏരിയയിൽ കൂടുതൽ പ്ലിന്ത് ഏരിയയുള്ള ഭവന നിർമ്മാണത്തിനായുള്ള അപേക്ഷകളും വ്യവസായികാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനുള്ള CRZ ക്ലിയറൻസിനായുള്ള അപേക്ഷകളും ഉൾപ്പെടെ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ തീരുമാനമെടുക്കാനുള്ള 95 അപേക്ഷകൾ ബാക്കിയുണ്ട്.

## കോസ്റ്റൽ റെഗുലേഷൻ സോൺ ചട്ടങ്ങൾ

38(38) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ റെഗുലേഷൻ സോൺ നിയമത്തിൽ കടൽ, പുഴ എന്നിവയുടെ തീരത്തുനിന്ന് വീട് നിർമ്മിക്കുവാനുള്ള ദൂരപരിധിയിൽ എന്തെങ്കിലും ഇളവ് ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള കോസ്റ്റൽ റെഗുലേഷൻ സോൺ -ന്റെ ദൂരപരിധി ചട്ടങ്ങൾ, അപ്പീൽ ചട്ടങ്ങൾ എന്നിവ മലയാളത്തിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ദൂരപരിധി, വീടിന്റെ വിസ്തീർണ്ണം എന്നിവയിൽ തീരങ്ങളിൽ സ്ഥിര താമസക്കാരായവർക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവിന് സംസ്ഥാനം ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കോസ്റ്റൽ റെഗുലേഷൻ സോൺ ചട്ടങ്ങളിൽ ഇളവുകൾ സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും പുതുതായി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള തീരദേശ നിയന്ത്രണ നിയമം 2011 അനുസരിച്ച് കടലിൽനിന്നും വികസന നിഷിദ്ധ മേഖലയായി കണക്കാക്കുന്ന 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ പരമ്പരാഗത തീരദേശ വാസികൾക്കും മത്സ്യബന്ധന സമൂഹത്തിൽപ്പെട്ടവർക്കും 100 $m^2$ വരെയുള്ള വീടുകളുടെ നിർമ്മാണവും പുനർ നിർമ്മാണവും അനുവദനീയമാണ്. കൂടാതെ, പുഴയിൽനിന്ന് 100 മീറ്റർ അല്ലെങ്കിൽ പുഴയുടെ വീതി ഏതാണോ കുറവ് അത്രയും ദൂരം വികസന നിഷിദ്ധ മേഖലയായതിനാൽ പരമ്പരാഗത തീരദേശവാസികൾക്കും മത്സ്യബന്ധന സമൂഹത്തിൽപ്പെട്ടവർക്കും പുതിയ വീടുകളുടെ നിർമ്മണവും പഴയ വീടുകൾ പുതുക്കി പണിയുന്നതും അനുവദനീയമാണ്.

18-4-2018-ൽ പ്രസിദ്ധീകരിച്ച കരട് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ മേൽപ്പറഞ്ഞ ദൂരപരിധിയിൽ കുറവ് വരുത്തിയിട്ടുണ്ട്. ആയത് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ലഭ്യമാണ്.

(സി) 18-4-2018-ൽ പ്രസിദ്ധീകരിച്ച കരട് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ തീരദേശ മേഖലയിൽ വികസന രഹിത മേഖലയായി (NDZ) പ്രഖ്യാപിച്ചിട്ടുള്ള മേഖലയിൽ തദ്ദേശവാസികളുടെ ഭവന നിർമ്മാണം അനുവദിച്ചിട്ടുണ്ട്. കൂടാതെ, തീര നിയന്ത്രണ മേഖലയിൽ 300m$^2$ വരെയുള്ള കെട്ടിടങ്ങൾക്ക് അനുവാദം കൊടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ഡി) കരട് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 16-6-2018-ന് മുമ്പ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## കുടിവെള്ളക്കുപ്പികൾ സൃഷ്ടിക്കുന്ന മാലിന്യ പ്രശ്നങ്ങൾ

39(39) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗിച്ച കുടിവെള്ളക്കുപ്പികൾ സൃഷ്ടിക്കുന്ന മാലിന്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിനും പൊതുസ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെങ്കിൽ കൂടുതൽ സംവിധാനങ്ങൾ ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപയോഗിച്ച കുടിവെള്ളക്കുപ്പികൾ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിനും അവ പുനഃചംക്രമണം നടത്തുന്നതിനുമുള്ള സംവിധാനങ്ങൾക്കായി പഞ്ചായത്ത്, നഗരസഭ തലത്തിൽ ഹരിതകർമ്മ സേന, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി സെന്ററുകൾ എന്നിവ ആരംഭിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

കുടിവെള്ളക്കുപ്പിയടക്കമുള്ള ഖര-ദ്രവ മാലിന്യങ്ങൾ, നദികൾ, പുഴകൾ തുടങ്ങിയ ജലാശയങ്ങളിലേയ്ക്ക് വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിലേയ്ക്ക് ശിക്ഷാ നടപടികൾ കർശനമാക്കിക്കൊണ്ട് 2017-ലെ കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം 2016 പ്രകാരമുള്ള എക്സ്റ്റെന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ.) പ്രകാരം നിർമ്മാതാവ്, ഉത്പാദകർ,

വില്പനക്കാർ, ഉപഭോക്താക്കൾ എന്നിവർ തങ്ങളുടെ മാലിന്യങ്ങൾ തിരികെ എടുക്കുന്നതിനുള്ള നടപടികളും ഇ.പി.ആർ. നടപ്പിലാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പൊതു സ്ഥലങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിന് പൊതു കിണറുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും വരൾച്ചാ സമയത്ത് വാട്ടർ കിയോസ്കുകളിൽ ശുദ്ധജലം എത്തിക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകളുടെ നവീകരണവും നടത്തിയിട്ടുണ്ട്.

## കെ.എ.എസ്. പരീക്ഷ

40 (41) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പരീക്ഷ നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കെ.എ.എസ്.-ലേയ്ക്കുള്ള ആദ്യ പരീക്ഷ എന്ന് നടത്താനാണ് ഉദ്ദേശിക്കുന്നത്; നോട്ടിഫിക്കേഷൻ എന്നത്തേയ്ക്ക് ഇറക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) കെ.എ.എസ്.-ലെ രണ്ടും മൂന്നും സ്ട്രീമുകളിലെ സംവരണം, ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കുന്നത് എന്നീ വിഷയങ്ങളിൽ നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ നിയമോപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) കെ.എ.എസ്.-ലെ രണ്ടും മൂന്നും സ്ട്രീമുകളിലെ നിയമനം സംബന്ധിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ വിധി പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധിയിന്മേലുള്ള സർക്കാർ നിലപാടെന്തെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ നടത്തിപ്പിനായുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).* ഇത് സംബന്ധിച്ച് പി.എസ്. സി.-യുമായി കൂടിയാലോചന നടത്തി വരുന്നു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തീയതി നിശ്ചയിച്ചിട്ടില്ല.

(ഡി) കെ.എ.എസ്.-ലെ രണ്ടും മൂന്നും സ്ട്രീമുകളിലെ സംവരണം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിരുന്നു. നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

കെ.എ.എസ്.-ലേയ്ക്കുള്ള നിയമനത്തിന് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച് നിയമോപദേശം നേടിയിട്ടില്ല.

(ഇ) ഉണ്ട്. പ്രസ്തുത വിധി പരിശോധിച്ചുവരുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണം**

41(42) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് പരിഗണിക്കുന്ന ഡിപ്പാർട്ടുമെന്റുകളിൽ രണ്ടാം ഗസറ്റഡ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാരുടെ പ്രാതിനിധ്യം എത്ര ശതമാനം വീതമാണ് ; വ്യക്തമാക്കാമോ;

(ബി) കെ.എ.എസ്.-ന്റെ സ്ട്രീം 2-ലും കെ.എ.എസ്. സ്ട്രീം 3-ലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണഘടനയുടെ ആർട്ടിക്കിൾ 16(4A) പ്രകാരം സംവരണം നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) 1995- ലെ 77-ാം ഭരണഘടന ഭേദഗതി പ്രകാരം ഭരണഘടനയിൽ ഉൾപ്പെടുത്തിയ ആർട്ടിക്കിൾ 16(4A)യ്ക്ക് അനുസൃതമായി 1958-ൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് & സബോഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ബൈട്രാൻസ്ഫർ, ബൈപ്രമോഷൻ സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ കേരള സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ബി) ഇത് സംബന്ധിച്ച അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള നിയമോപദേശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സാമുദായിക പ്രാതിനിധ്യവും മെരിറ്റും

42(43) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സാമുദായിക പ്രാതിനിധ്യവും മെരിറ്റും 50:50 എന്ന അനുപാതം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എ.എസ്. ലെ സ്കീം 2, സ്കീം 3 റിക്രൂട്ട്മെന്റുകൾക്ക് സാമുദായിക സംവരണം ബാധകമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ എ.ജി., നിയമ വകുപ്പ് സെക്രട്ടറി എന്നിവർ നൽകിയ നിയമോപദേശം എന്തായിരുന്നു; പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നിയമനത്തിൽ എല്ലാ സ്കീമിലും സംവരണ തത്വം പാലിക്കണമെന്ന സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിച്ചിരുന്നോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സാമുദായിക പ്രാതിനിധ്യവും മെരിറ്റും 50:50 അനുപാതം ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം സ്കീം I മുഖേന നടത്തുന്ന നിയമനങ്ങൾക്ക് സംവരണതത്വം ബാധകമാക്കിയിട്ടുണ്ട്.

(ബി) ഇല്ല. ബൈ ട്രാൻസ്ഫർ നിയമനമാണ് സ്കീം II, III എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(സി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ലഭിച്ചിരുന്നു. ആയത് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ സ്കീം 2

43(44) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ സ്കീം 2-ൽ അപേക്ഷിക്കുന്നതിന് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച നയപരമായ തീരുമാനം ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് കൈക്കൊണ്ടത് എന്ന് വ്യക്തമാക്കാമോ; ആ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭരണഘടനാ സ്ഥാപനങ്ങൾ എന്ന് വിവക്ഷിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നയപരമായ തീരുമാനമെടുക്കുന്നതിന് മുമ്പോ ശേഷമോ സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നൊക്കെ എന്ന് വ്യക്തമാക്കുമോ; നിയമോപദേശം തേടി അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ആരിൽ നിന്നെങ്കിലും നിയമോപദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭിച്ച നിയമോപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കെ.എ.എസ്.-ൽ ഉൾപ്പെടാത്ത നിരവധി വകുപ്പുകളിലെ ജീവനക്കാർക്ക് സ്കീം 2-ൽ പരീക്ഷക്ക് അപേക്ഷിക്കാൻ സാധിക്കുമ്പോൾ ഒരു വിഭാഗം ജീവനക്കാർക്ക് മാത്രം നയപരമായ തീരുമാനം എന്ന പേരിൽ അവസരം നിഷേധിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 14, 16(1) എന്നിവ അനുശാസിക്കുന്ന മൗലിക അവകാശങ്ങളുടെ ലംഘനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) കെ.എ.എസ്. പരീക്ഷ സ്കീം-2-ൽ അപേക്ഷിക്കുന്നതിന് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച നയപരമായ തീരുമാനം സർക്കാർ പുനഃപരിശോധിക്കുമോ?

### ഉത്തരം

(എ) KAS രൂപീകരിക്കാൻ രണ്ടാം ഗസറ്റഡ് ജീവനക്കാരുടെ 10 % തസ്തിക കുറവ് വരുത്തിയതിൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. KAS ഉദ്യോഗസ്ഥരെ ഭരണഘടനാ സ്ഥാപനങ്ങളിൽ നിയമിക്കാനും ഉദ്ദേശിക്കുന്നില്ല.

ഈ സാഹചര്യത്തിലാണ് stream II-ൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്താതിരുന്നത്.

(ബി) ഭാരത ഭരണഘടനയുടെ ഏതെങ്കിലും അനുച്ഛേദം വിവക്ഷിക്കുന്ന പ്രകാരം ഭരണഘടനയെ അടിസ്ഥാനമാക്കി രൂപം കൊണ്ടിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങളാണ് ഭരണഘടനാ സ്ഥാപനങ്ങൾ എന്ന് അർത്ഥമാക്കുന്നത്. Finance Commissilon -Article 280 Public Service Commission-Part XIV Chapter 2 Article 315-323 National Commisssion for SC/ST-Article 338Article 338-A Comptroller Auditor General Article 148 Attorney General of India-Article 76 etc ഭരണഘടനാ സ്ഥാപനങ്ങളാണ്.

(സി &ഡി) ഇല്ല.

(ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം സ്കീം (2) ൽ സർക്കാർ വകുപ്പുകളിലെ റഗുലർ എംപ്ലോയീസ് അല്ലെങ്കിൽ Approved probationers എന്നിവർക്ക് മാത്രമെ അപേക്ഷിക്കുവാൻ അർഹതയുള്ളൂ. എന്നാൽ സ്കീം I മുഖേനയുള്ള നേരിട്ടുള്ള നിയമനത്തിന് പ്രസ്തുത സ്കീമിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് വിധേയമായി എല്ലാ വിഭാഗത്തിലുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

(എഫ്) പരിഗണനയിലില്ല.

**വിവിധ സർക്കാർ വകുപ്പുകളുടെ സംയോജനം**

44(45) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളെ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളെയാണ് സംയോജിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് ഭരണ പരിഷ്കാര കമ്മീഷൻ എന്തെങ്കിലും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതുവഴി സർക്കാർ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ഡി) വകുപ്പുകളുടെ സംയോജനം ജീവനക്കാരെ ദോഷകരമായി ബാധിക്കാതിരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി)വിവരം ശേഖരിച്ചുവരുന്നു.

**കെ.എ.എസ്. പരീക്ഷ**

45(46) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. പരീക്ഷയ്ക്കായുള്ള വിജ്ഞാപനം എപ്പോൾ പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) എത്ര തസ്തികകൾ കെ.എ.എസ്.-ൽ ഉൾപ്പെടുത്തി നോട്ടിഫൈ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) കെ.എ.എസ്. പരീക്ഷയുടെ സിലബസിന് പി.എസ്.സി. അന്തിമരൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) തീയതി നിശ്ചയിച്ചിട്ടില്ല.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ വിജ്ഞാപനം സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന നടത്തിവരുന്നു.

(സി) 29-12-2017-ലെ എസ്.ആർ.ഒ.നം. 861/2017 പ്രകാരം വിജ്ഞാപനം ചെയ്ത കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിലെ ഷെഡ്യൂൾ-II-ൽ പരാമർശിച്ചിട്ടുള്ള തസ്തികകളുടെ എണ്ണത്തിന്റെ 10% ആണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഇല്ല.

**പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ**

46(47) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം, 30-4-2018 വരെ പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പല വകുപ്പുകളിലും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30-4-2018-വരെ 72982 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് (അഞ്ച് വർഷം കൊണ്ട്) 154386 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിരുന്നു.

(സി &ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പി.എസ്.സി. വഴിയുള്ള നിയമനം

47(48) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി എത്രപേർക്ക് പുതിയതായി നിയമനം ലഭ്യമാക്കി എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ സെക്രട്ടേറിയറ്റിൽ നിയമനം ലഭിച്ചവരുടെ കണക്ക് പ്രത്യേകം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 72982 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ 399 പേർക്കും ധനകാര്യ വകുപ്പിൽ 101 പേർക്കും നിയമ വകുപ്പിൽ 85 പേർക്കും ഉൾപ്പെടെ ആകെ 585 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## പി.എസ്.സി പരിഷ്കാരങ്ങൾ മൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി

48(49) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി.-യിൽ പുതുതായി നടപ്പിലാക്കിയ പരിഷ്കാരങ്ങളിൽ ഒന്നായ, ഹാൾ ടിക്കറ്റ് നേരത്തേ ഡൗൺലോഡ് ചെയ്യണമെന്ന നിബന്ധനമൂലം ഒട്ടേറെ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ:

(ബി) ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിന് രണ്ട് തീയതികൾ കൂടി ഓപ്ഷണൽ ആയി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 26-5-2018-ന് നിശ്ചയിച്ചിരുന്ന Woman Civil Police Officer, Civil Police Office (Cat. No 653/17&657/17) എന്നീ തസ്തികകളുടെ പരീക്ഷ മുതൽക്കാണ് പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ പ്രവേശിച്ച് confirmation നൽകുകയും, confirmation നൽകിയ ഉദ്യോഗാർത്ഥികൾക്ക് പബ്ളിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന തീയതി മുതൽ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്ന രീതി ആരംഭിക്കുകയും ചെയ്തത്. സിവിൽ പോലീസ് ഓഫീസറുടെ പരീക്ഷയുമായി ബന്ധപ്പെട്ട് 7-5-2018 വരെ confirmation നൽകാത്ത ഉദ്യോഗാർത്ഥികൾക്ക് 11-5-2018 രാത്രി 11.59 -വരെയുള്ള മൂന്ന് ദിവസം കൂടി സമയം നീക്കി നൽകുകയും ചെയ്തിരുന്നു. പരീക്ഷയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും അവരുടെ പ്രൊഫൈലിലും വ്യക്തിഗത മൊബൈലിലേക്കും 3 തവണ സന്ദേശം നൽകുകയും, കൂടാതെ സംസ്ഥാനത്തിലെ എല്ലാ അച്ചടി-ദൃശ്യ മാധ്യമങ്ങൾ, കമ്മീഷന്റെ ഫെയ്സ്ബുക്ക് പേജ് എന്നിവ വഴിയും അറിയിപ്പ് നൽകുകയും ചെയ്തിരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

## പുതിയ തസ്തികകളും നിയമനവും

49(50) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ

വകുപ്പുകളിലായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഏതെങ്കിലും തസ്തികകൾ വെട്ടിച്ചുരുക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) പുതുതായി സൃഷ്ടിച്ച തസ്തികകളിലെല്ലാം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 30-4-2018-വരെ പി.എസ്.സി. 72982 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിയമനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## തസ്തിക സൃഷ്ടിക്കലും നിയമനവും

50(51) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ; വകുപ്പുകൾ തിരിച്ചുള്ള വിശദവിവരം നൽകാമോ;

(ബി) ഈ സർക്കാർ വന്ന ശേഷം പി.എസ്.സി. മുഖേന എത്ര പുതിയ നിയമനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ; വകുപ്പ് തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

## ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുന്ന ഉത്തരവുകൾ

51(52) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നിശ്ചിത സമയത്തിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുന്ന ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃത്യസമയത്ത് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 19-9-2014-ലെ 17482/ഉ.പ.സി.3/14/ഉ.ഭ.പ.വ./ 16-8-2017-ലെ 304/ഉ.പ.സി.3/17/ഉ.ഭ.പ.വ.,7-10-2017-ലെഉ.പ.സി.1/222/17/ ഉ.ഭ.പ.വ., 13-12-2017-ലെ ഉ.പ.സി.3/428/17/ഉ.ഭ.പ.വ., 20-12-2017-ലെ ഉ.പ.സി.3141/17/ഉ.ഭ.പ.വ.,7-2-2018-ലെ ഉ.പ.സി. 3/536/17/ഉ.ഭ.പ.വ., 17-3-2018-ലെ ഉ.പ.സി.3/428/17 ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം വകുപ്പ് മേധാവികൾക്കും നിയമന അധികാരകൾക്കും പി.എസ്.സി. മുഖേന നികത്തപ്പെടേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-യെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## സ്പെഷ്യൽ റൂളിൽ യഥാസമയം ഭേദഗതി വരുത്തൽ

52(53) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ചതും മോഡിഫൈ ചെയ്തിട്ടുള്ളതുമായ ഡിഗ്രി/ പി.ജി./ഡിപ്ലോമ കോഴ്സുകൾ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാത്തതിനാൽ പി.എസ്.സി.-യുടെ വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിക്കാൻ ഉദ്യോഗാർത്ഥികൾക്ക് കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി, യഥാസമയം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി, കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കാൻ അവസരമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 10-10-2014-ലെ 9481/RI/2011/P&ARD എന്ന സർക്കുലർ പ്രകാരം ഒരു യോഗ്യതയ്ക്ക് സമാനമായ/തത്തുല്യമായ യോഗ്യതകൾ ഏതൊക്കെയാണെന്ന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിനും അതിനനുസരിച്ച് ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ എക്സിക്യൂട്ടീവ് ഉത്തരവിൽ താമസംവിനാ ഭേദഗതി വരുത്തുന്നതിനുമുള്ള അധികാരം ഭരണ വകുപ്പുകളിൽ നിക്ഷിപ്തമാണ്. ഒരു വിദ്യാഭ്യാസ യോഗ്യത മറ്റൊന്നിന് തുല്യമോ ഉയർന്നതോ എന്നും കോഴ്സുകളുടെ നിലവാരം, ഘടന ഒരു കോഴ്സ് ബന്ധപ്പെട്ട തസ്തികയിലെ ചുമതല നിർവ്വഹിക്കുന്നതിന് ഗുണകരമാകുമോ എന്നും വിലയിരുത്തുന്നതിനുള്ള പൊതു മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**അന്ധർക്ക് പി.എസ്.സി. നിയമനം**

53 (54) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഉണ്ടെങ്കിലും പൂർണ്ണമായും അന്ധത ബാധിച്ച ഉദ്യോഗാർത്ഥികൾക്ക് സർക്കാർ വകുപ്പുകളിലെ പി.എസ്.സി. നിയമനത്തിന് അയോഗ്യത നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെ പ്രയാസപ്പെട്ട് പഠനം നടത്തി വിദ്യാഭ്യാസ യോഗ്യത നേടുന്ന ഇത്തരത്തിലുള്ള ഉദ്യോഗാർത്ഥികൾക്കായി എല്ലാ വകുപ്പുകളിലും തസ്തികകൾ സംവരണം ചെയ്യുവാൻ കഴിയുമോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയുള്ള അന്ധരായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമനത്തിന് അയോഗ്യത നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തിയ വിവിധ ഉത്തരവുകളിൽ പൂർണ്ണമായും അന്ധതയുള്ള വിഭാഗത്തിന് അനുയോജ്യമായ തസ്തികകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നത് ആയതിനായി രൂപീകരിക്കപ്പെട്ട എക്സ്പെർട്ട് കമ്മിറ്റികളാണ്. അന്ധത ബാധിച്ച ഉദ്യോഗാർത്ഥികൾക്കായി എല്ലാ വകുപ്പുകളിലും തസ്തികകൾ സംവരണം ചെയ്യുവാൻ കഴിയുമോ എന്നത്, അതിനായുള്ള അപേക്ഷകൾ/ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് എക്സ്പോർട്ട് കമ്മിറ്റി പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പാലക്കാട് ജില്ലയിലെ ഡ്രൈവർ ഗ്രേഡ് II ഒഴിവുകൾ

54(55) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് II ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വകുപ്പ് | ഒഴിവുകൾ | റിപ്പോർട്ട് ചെയ്ത തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഫിഷറീസ് | 1 NJD | 19-05-17 |
| 2 | സിവിൽ സപ്ലൈസ് | 2 Fresh | 12-06-17 |
| 3 | മോട്ടോർ വെഹിക്കിൾസ് | 1 Fresh(HQ) | 17-07-17 |
| 4 | അർബൻ അഫയേഴ്സ് | 1 Fresh(HQ) | 24-08-17 |
| 5 | പഞ്ചായത്ത് | 1 Fresh | 20-09-17 |
| 6 | സിവിൽ സപ്ലൈസ് | 1 Fresh | 10-11-17 |
| 7 | പഞ്ചായത്ത് | 1 Fresh | 15-11-17 |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | ജുഡീഷ്യറി | 1 NJD | 19-01-18 |
| 9 | ലേബർ | 1 Fresh | 02-02-18 |
| 10 | മോട്ടോർ വെഹിക്കിൾസ് | 1 comp(HQ) | 12-02-18 |
| 11 | സിവിൽ സപ്ലൈസ് | 1 AV | 12-02-18 |
| 12 | ക്ഷീര വികസനം | 1 Fresh | 21-03-18 |
| 13 | എൽ.എസ്.ജി.ഡി | 1 Fresh | 28-03-18 |
| 14 | അഗ്രിക്കൾച്ചർ | 1 Fresh | 09-05-18 |
| ആകെ | | 15 | |

**എൽ.ഡി. ക്ലാർക്ക് നിയമനം**

55(56) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലെ നിയമനത്തിനായി കാറ്റഗറി നമ്പർ (561/14) വിജ്ഞാപന പ്രകാരം ഒ.എം.ആർ. പരീക്ഷ നടത്തിയത് എന്നാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പരീക്ഷയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലാത്തപക്ഷം ചുരുക്കപ്പട്ടിക എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി നിലവിൽ ഉണ്ടായിരുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചത് എന്നാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 22-10-2016

(ബി) ഇല്ല. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) 31-12-2016

## പി.ജി. മാർക്കിന് നിലവിൽ നൽകിവരുന്ന വെയിറ്റേജ്

56(57) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പി. ജി. മാർക്കിന് നിലവിൽ നൽകിവരുന്ന വെയിറ്റേജ് ഏകീകരിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏകീകരണം സാദ്ധ്യമല്ല എന്ന കാരണത്താൽ പ്രസ്തുത തസ്തികയിലെ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങൾക്ക് അക്കാദമിക് വെയിറ്റേജ് നൽകാതെയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാവിയിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പി.ജി. മാർക്കിന് നൽകുന്ന വെയിറ്റേജ് നിർത്തലാക്കുവാനോ അല്ലാത്തപക്ഷം 10 ശതമാനമായി കുറയ്ക്കുന്നതിനോ പി.എസ്.സി.-ക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിരുദാനന്തര ബിരുദത്തിന് വാർഷിക സമ്പ്രദായത്തിലും ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റത്തിലും ലഭിക്കുന്ന മാർക്കിന്റെ വ്യത്യാസം ഉന്നയിച്ച് ഉദ്യോഗാർത്ഥികളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. 2011-മുതൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം എന്നിവയിലെ (ജനറൽ & പ്രൊഫഷണൽ), (മെഡിക്കൽ വിദ്യാഭ്യാസ ഒഴികെയുള്ളവ) ഒരേ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകൾക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുടെ (PG) 30%മാർക്ക് കണക്കാക്കി Academic Weightage നൽകിയും അടിസ്ഥാന യോഗ്യത വ്യത്യസ്തമാണെങ്കിൽ Academic Weightage പരിഗണിക്കാതെയുമാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്.

(ബി) കമ്പ്യൂട്ടർ സയൻസ് തസ്തികയുടെ അടിസ്ഥാന യോഗ്യത വ്യത്യസ്തമായതിനാൽ Academic Weightage നൽകാതെയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

57(58) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-4-2018 വരെ പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തിയെന്നും എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. വഴി കൂടുതൽ നിയമനം നല്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30-4-2018 വരെ 72982 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മുൻസർക്കാരിന്റെ കാലത്ത് 154386 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് സൃഷ്ടിച്ച പുതിയ തസ്തികകൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് AdvC3/304/2017/P&ARD നമ്പർ, 16-8-2017-ലെ സർക്കുലർ മുഖേനയും കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി.(വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്കുത്തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് ഉ.പ.സി.3/428/17/ഉ.പ.വ. 13-12-2017-ലെ സർക്കുലർ മുഖേനയും ഒഴിവുകൾ പി.എസ്.സി-യുടെ ഇ-വേക്കൻസി സോഫ്റ്റ്വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ ഉ.പ.സി.ത.3/141/17/ഉ.ഭ.പ.വ. 20-12-2017-ലെ സർക്കുലർ മുഖേനയും നിയമന പ്രക്രിയ

ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും ഉ.പ.സി.3/536/17/ഉ.ഭ.പ.വ. 7-2-2018-ലെ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എൽ.ഡി.സി റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനം നടത്തുന്നതിനായി നിലവിൽ ആശ്രിത നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, തസ്തിക മാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതോ, മറ്റു തരത്തിൽ നീക്കിവച്ചിട്ടുള്ളതോ ഉൾപ്പെടെ എല്ലാ ഒഴിവുകളും 27-3-2018-നകം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും ഉ.പ.സി.3/428/17/ ഉ.ഭ.പ.വ. 17-3-2018-ലെ സർക്കുലർ മുഖേനയും സർക്കാർ കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് സംസ്ഥാന വ്യാപകമായി ദ്രുതപരിശോധന നടത്തിവരുകയും ചെയ്യുന്നു.

## പി.എസ്.സി മുഖേനയുള്ള നിയമനം

58(59) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-4-2018 വരെ 72982 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

## പി.എസ്.സി. നിയമനം

59(60) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2018 ഏപ്രിൽ 30 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനും പി.എസ്.സി. സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(സി) ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ചെയ്യാതിരുന്നത് കാരണം ഏതെല്ലാം വകുപ്പുതലവന്മാർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ആയത് ഏത് വകുപ്പിലാണെന്നും, തസ്തികയുടെ പേര്, തസ്തിക സൃഷ്ടിച്ചതുമൂലമുള്ള സാമ്പത്തിക ബാധ്യത തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-4-2018 വരെ 72982 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുമേധാവികളും നിയമനാധികാരികളും എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. സമയബന്ധിതമായി നിയമന ശിപാർശ നൽകി വരുന്നു.

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ട കേസ്സുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടുകയും വീഴ്ചകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പി.എസ്.സി. ഒഴിവുകളും നിയമനവും

60(61) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയെന്നത് സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലാവധി തീർന്ന എത്ര റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി ദീർഘിപ്പിച്ചു നൽകിയെന്നും അതിലൂടെ എത്ര പേർക്ക് ഗുണം ലഭിച്ചുവെന്നും വിശദമാക്കാമോ;

(സി) യഥാസമയം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഏതെല്ലാം വകുപ്പുകളാണുള്ളത്;വിശദാംശം ലഭ്യമാക്കാമോ ?

### ഉത്തരം

(എ)

| ജില്ല | നിയമനശിപാർശ ജില്ല തിരിച്ചുള്ള എണ്ണം |
|---|---|
| തിരുവനന്തപുരം | 5586 |
| കൊല്ലം | 2532 |
| പത്തനംതിട്ട | 2673 |
| ആലപ്പുഴ | 2112 |
| കോട്ടയം | 1923 |
| ഇടുക്കി | 3066 |
| എറണാകുളം | 3728 |
| തൃശ്ശൂർ | 4171 |
| പാലക്കാട് | 3159 |

| | |
|---|---|
| മലപ്പുറം | 5309 |
| കോഴിക്കോട് | 2757 |
| വയനാട് | 1425 |
| കണ്ണൂർ | 2800 |
| കാസർഗോഡ് | 2748 |

(ബി) 30-6-2016-ന് നിലവിലുള്ളതും 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേമായി 31-12-2016 വരെ ആറുമാസത്തേയ്ക്ക് ദീർഘിപ്പിച്ചിരുന്നു. കൂടാതെ 31-12-2016-ന് നിലവിലുള്ളതും 29-6-2017- വരെയുള്ള കാലയളവിൽ കാലവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്കു വിധേയമായി 30-6-2017 വരെ ദീർഘിപ്പിച്ചിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പി.എസ്.സി. വഴി നിയമിക്കപ്പെടേണ്ട ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ**

61 (62) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ആസ്ഥാന കാര്യാലയങ്ങളിൽ പി.എസ്.സി. വഴി നിയമിക്കപ്പെടേണ്ട എത്ര ലാസ്റ്റ് ഗ്രേഡ് തസ്തികകളുണ്ട്; ഓരോ വകുപ്പിലെയും തസ്തികകളുടെ എണ്ണം തരം തിരിച്ച് വിശദമാക്കുമോ;

(ബി) ഓരോ വകുപ്പിലും പി.എസ്.സി.-യുടെ ആസ്ഥാന കാര്യാലയം വഴി ഒഴിവുകൾ നികത്തേണ്ട തസ്തികകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പിലും പി.എസ്.സി. ജില്ലാ കാര്യാലയങ്ങൾ വഴി ഒഴിവുകൾ നികത്തേണ്ട തസ്തികകൾ ഉണ്ടെങ്കിൽ അവ എത്രയെന്ന് വിശദമാക്കുമോ; ഏത് ജില്ല കാര്യാലയം വഴിയാണ് ഒഴിവുകൾ നികത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സ.ഉ.(പി) നമ്പർ 29/2016 ഉ.പ.വ.ഭ.വ. 1-11-2016-ലെ ഉത്തരവിന് വിരുദ്ധമായി ആസ്ഥാന കാര്യാലയ ഒഴിവുകളിൽ ജില്ലാതലത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരെ ട്രാൻസ്ഫർ വഴിയോ മറ്റോ നിയമിച്ച് ഒഴിവുകൾ നികത്തിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ വകുപ്പ് അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ ഉത്തരവിന് വിരുദ്ധമായി നിയമിക്കപ്പെട്ട ജീവനക്കാരുണ്ടെങ്കിൽ അവരെ അവരുടെ പഴയ ലാവണങ്ങളിലേയ്ക്ക് തിരിച്ചയക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടികൾ സ്വീകരിക്കാത്തതെന്ന് വിശദമാക്കുമോ;

(എഫ്) അപ്രകാരമുണ്ടാകുന്ന ഒഴിവുകൾ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

## എൽ.പി.എസ്.എ. (മലയാളം) പി.എസ്.സി റാങ്ക് ലിസ്റ്റ്

62(63) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 387/2014 (എൽ.പി.എസ്.എ. മലയാളം) പ്രകാരം കോഴിക്കോട് ജില്ലയിൽ നിലവിൽ വന്ന ചുരുക്കപ്പട്ടികയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ എൽ.പി.എസ്.എ. മലയാളം മീഡിയം റാങ്ക് ലിസ്റ്റ് ഇല്ലാത്തതുകൊണ്ട് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ എൽ.പി.എസ്.എ (മലയാളം) (കാറ്റഗറി നമ്പർ 387/2014) തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ തീയതി നിശ്ചയിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ആലപ്പുഴ ജില്ല എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

63(64) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും കൂടുതൽ നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള റാങ്ക് പട്ടിക 2-4-2018-ന് നിലവിൽവന്നു. പ്രസ്തുത ലിസ്റ്റിൽനിന്നും 15-5-2018-വരെ റിപ്പോർട്ട് ചെയ്ത 8 ഒഴിവുകളിലേയ്ക്കുള്ള നിയമന ശിപാർശ അയക്കുന്നതിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്.

(ബി) റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ വിവിധ വകുപ്പുകൾ എഴുതി അറിയിക്കുന്ന എല്ലാ ഒഴിവുകളിലേയ്ക്കും സമയബന്ധിതമായി പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

**ബിവറേജസ് കോർപ്പറേഷൻ ക്ലറിക്കൽ തസ്തികയുടെ റാങ്ക് ലിസ്റ്റ്**

64(65) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ക്ലറിക്കൽ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പി.എസ്.സി., കാറ്റഗറി നമ്പർ 561/2014 പ്രകാരം 22-10-2016-ൽ നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയുടെ ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സാധ്യതാപട്ടിക പ്രസിദ്ധീകരിച്ച്, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ച വരുന്നു.

**വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തിക**

65(66) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി കാറ്റഗറി 267/14 നമ്പർ പ്രകാരം പി.എസ്.സി. നടത്തിയ പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി നടത്തിയ ഉദ്യോഗാർത്ഥികളുടെ കൂടിക്കാഴ്ച എന്ന് അവസാനിച്ച എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ നിലവിൽ ആകെ 45 ഒഴിവുകളുണ്ട്.

വൊക്കേഷണൽ ഇൻസ്ട്രക്ടർ അഗ്രികൾച്ചർ -NMOG-23

വൊക്കേഷണൽ ഇൻസ്ട്രക്ടർ - അഗ്രികൾച്ചർ - PP-17

വൊക്കേഷണൽ ഇൻസ്ട്രക്ടർ - അഗ്രികൾച്ചർ - F&V-5 പ്രസ്തുത നിയമനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിലാണ് നടത്തുന്നത്. എല്ലാ ഒഴിവുകളും, നിയമനത്തിനായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി&സി) ടി തസ്തികയിലേയ്ക്ക് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ 24-11-2017-ന് അവസാനിച്ചു. എന്നാൽ ടി തസ്തികയ്ക്ക് ഒരു addendum short list പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുകൂടി ഇന്റർവ്യൂ നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ആദിവാസി വിഭാഗത്തിൽപ്പെട്ട സിവിൽ സർവ്വീസ് ജീവനക്കാർ**

66 (67) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സിവിൽ സർവ്വീസിൽ ആദിവാസിവിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാർ ഉണ്ട്; ഇതിന്റെ ശതമാനം എത്രയാണ് ;വിശദമാക്കുമോ ;

(ബി) സിവിൽ സർവ്വീസിൽ ആദിവാസി ജനവിഭാഗങ്ങളുടെ അംഗബലം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കേരള ഗവൺമെന്റ് പ്രസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ

67(68) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് പ്രസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ (ഭേദഗതി) നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി നൽകിയിരിക്കുന്ന ഭേദഗതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്പെഷ്യൽ റൂൾസിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി.-യും സബ്ജക്ട് കമ്മിറ്റിയും നിർദ്ദേശിച്ച ഭേദഗതികൾ നടപ്പിലാക്കാത്തതുകാരണം പ്രിന്റിംഗ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റൻറ് ഫോർമാൻ (മെഷീൻ) തസ്തികകളിലേയ്ക്ക്, ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-1 ന്റെയും സീനിയർ ഗ്രേഡ് പ്രിന്റർ തസ്തികകളുടേയും സംയോജിത ഗ്രഡേഷൻ ലിസ്റ്റിൽനിന്നും ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-1 നെക്കാളും ജൂനിയറായിട്ടുള്ള എത്ര സീനിയർ ഗ്രേഡ് പ്രിന്റർമാർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പി.എസ്.സി.-യും സബ്ജക്ട് കമ്മിറ്റിയും നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി കേരള ഗവ. പ്രസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി വിജ്ഞാപനം എന്നു പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ സമർപ്പിക്കുവാൻ അച്ചടി വകുപ്പ് ഡയകറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പി.എസ്.സി.-യും സബ്ജക്ട് കമ്മിറ്റിയും നിർദ്ദേശിച്ച ഭേദഗതികൾ നടപ്പിലാക്കാത്തതു കാരണം പ്രിന്റിംഗ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് ഫോർമാൻ (മെഷീൻ) തസ്തികകളിലേയ്ക്ക്, ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ് -1 ന്റെയും സീനിയർ ഗ്രേഡ് പ്രിന്റർ തസ്കികകളുടേയും സംയോജിത ഗ്രഡേഷൻ ലിസ്റ്റിൽനിന്നും

ഓഫ്സെറ്റ് ഓപ്പറേറ്റർ ഗ്രേഡ്-1 നെക്കാളും ജൂനിയർ ആയിട്ടുള്ള 21 സീനിയർ ഗ്രേഡ് പ്രിന്റർമാർക്ക് അസിസ്റ്റന്റ് ഫോർമാൻ തസ്തികയിലേയ്ക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ഇ ) സർക്കാർ പരിശോധിച്ചുവരുന്നു.

## പ്രൈം ഡ്യൂട്ടി ഓഫ് എൻട്രി ഇന്റു സർവ്വീസ്

68 (69) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ പി. എസ്. സി.-യിൽനിന്ന് അഡ്വൈസ് ലഭിച്ച് നിശ്ചിത സ്ഥലത്ത് ജോലിയിൽ പ്രവേശിച്ച് ആദ്യ ജോലി നോക്കുന്ന ദിവസത്തെ 'പ്രൈം ഡ്യൂട്ടി ഓഫ് എൻട്രി ഇന്റു സർവ്വീസ്' എന്നല്ലാതെ മറ്റേതെങ്കിലും നാമത്തിൽ സാധാരണ ഗതിയിൽ അറിയപ്പെടാറുണ്ടോ;

(ബി) ഒരാൾ ഇങ്ങനെ പ്രവേശിച്ച് ആദ്യ ദിവസം ജോലി നോക്കിയ ശേഷം ശാരീരികാസ്വാസ്ഥ്യത്താൽ ചികിത്സാർത്ഥം ലീവിൽ പോവുകയും മാസങ്ങൾക്ക് ശേഷം രോഗം ഭേദമായ ശേഷം പുനഃപ്രവേശിച്ച് ജോലിയിൽ തുടരുകയോ നിയമ പ്രകാരം രേഖകളോടെ ഡെപ്യൂട്ടേഷനിൽ തുടരുകയോ ചെയ്യുകയാണെങ്കിൽ അയാളുടെ 'ഡേറ്റ് ഓഫ് എൻട്രി ഇന്റു സർവ്വീസ്' മാറ്റം വരുമോ;

(സി) കെ.എസ്.ആർ. പ്രകാരം പ്രസ്തുത തീയതിയുടെ പ്രാധാന്യം അനുസരിച്ച് തുടർന്നുള്ള ആനുകൂല്യങ്ങൾക്ക് ഈ തീയതി ബാധകമല്ല എന്ന് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നത് നിയമപ്രകാരമാണോ;

(ഡി) എങ്കിൽ ഇപ്രകാരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയത് തിരുത്തി നൽകാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സർവ്വീസ് ചട്ടങ്ങളിൽ ഇക്കാര്യം നിർവ്വചിച്ചിട്ടില്ല.

(ബി) മാറ്റം വരുന്നതല്ല.

(സി) 'ഡേറ്റ് ഓഫ് എൻട്രി ഇന്റു സർവ്വീസ് '-ന് മാറ്റം വരുന്നില്ലാ എന്നതിനാൽ ഇത്തരത്തിൽ ഒരു രേഖപ്പെടുത്തലിന്റെ ആവശ്യമില്ല.

(ഡി) ബന്ധപ്പെട്ട ജീവനക്കാരന് ഉചിത മാർഗ്ഗേണ കോമ്പീറ്റന്റ് അതോറിറ്റിക് അപേക്ഷ നൽകി പരിഹാരം തേടാവുന്നതാണ്.

## 'ഡെപ്യൂട്ടേഷനശേഷം റിപ്പോർട്ട് ചെയ്ത ദിവസം മുതൽ ശമ്പളം'

69 (70) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന മന്ത്രിമാർ, ഗവർണർ, എം.എൽ.എ.-മാർ, എം.പി.-മാർ, പ്രതിപക്ഷനേതാവ് മുതലായവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ളവർ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ മാതൃസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്താൽ അവർക്ക് പോസ്റ്റിംഗ് നൽകേണ്ട ഉത്തരവാദിത്തം ആർക്കാണ്;

(ബി) ഇത്തരത്തിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് ഡെപ്യൂട്ടേഷന് ശേഷം റിപ്പോർട്ട് ചെയ്ത ദിവസം മുതൽ കെ.എസ്.ആർ പ്രകാരം ജോലിയിലായതായി പരിഗണിച്ച് ശമ്പളം നൽകേണ്ടതായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ദിവസം മുതലുള്ള ഫയൽ പ്രോസസ്സിംഗിന് എടുത്ത സമയത്തിന് ടിയാനാണോ ഉത്തരവാദി എന്നറിയിക്കുമോ ;

(ഡി) അപ്രകാരം അല്ലെങ്കിൽ പേഴ്സണൽ സ്റ്റാഫ് നിയമനം വിടുതൽ ചെയ്ത് അതേ ദിവസംതന്നെ മാതൃസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ദിവസം മുതൽ ടിയാന് ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളം നല്കാൻ കർശന നിർദ്ദേശം നല്കുമോ?

<u>ഉത്തരം</u>

(എ) പോസ്റ്റിംഗ് നൽകേണ്ട ഉത്തരവാദിത്തം മാതൃവകുപ്പിനാണ്.

(ബി) ബന്ധപ്പെട്ട സ്ഥാപനത്തിന് കെ.എസ്.ആർ. ബാധക മാക്കിയിട്ടുണ്ടെങ്കിൽ ഡെപ്യൂട്ടേഷനശേഷം ഡ്യൂട്ടിക്ക് റിപ്പോർട്ടുചെയ്ത ദിവസം മുതൽ ചുമതലയേറ്റെടുത്ത ദിവസം വരെ കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 12(7) ന് ചുവടെയുള്ള നോട്ട് 4 പ്രകാരം ടിയാന്റെ തസ്തികയിൽ ഒഴിവുണ്ടെങ്കിൽ ഡ്യൂട്ടിയായി ക്രമീകരിച്ച് ശമ്പളം നൽകാവുന്നതാണ്.

(സി) ടിയാൻ ഉത്തരവാദിയല്ല.

(ഡി) പ്രസക്തമല്ല.

## സർക്കാരിനെ വിമർശിച്ചതിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി

70(71) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിനെയോ മന്ത്രിമാരെയോ സമൂഹമാധ്യമങ്ങളിലൂടെയോ അല്ലാതെയോ വിമർശിച്ചതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) എത്രപേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; ഓരോ വകുപ്പിലും എത്രപേരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) കുറ്റാരോപണ പത്രിക നൽകാതെ എത്ര ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിൽ സസ്പെന്റ് ചെയ്യപ്പെട്ട എത്ര ഉദ്യോഗസ്ഥരെ ഇനി തിരിച്ചെടുക്കാനുണ്ട്;

(ഇ) ഇതിൽ ആറ് മാസത്തിൽ അധികമായി സസ്പെൻഷനിലുള്ള എത്ര ഉദ്യോഗസ്ഥരുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് HSA ആയി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള കൂടിക്കാഴ്ച

71(72) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ ജീവനക്കാർക്കും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും HSA ആയി പ്രൊമോഷൻ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് പരിശോധന കഴിഞ്ഞ് 6 മാസം (2017 നവംബറിൽ) കഴിഞ്ഞിട്ടും കൂടിക്കാഴ്ച തീയതി നിശ്ചയിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള കൂടിക്കാഴ്ച തീയതി എന്ന് നിശ്ചയിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ HSA (ബൈ ട്രാൻസ്ഫർ) തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ തീയതി നിശ്ചയിച്ച് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ആന പാപ്പാൻമാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ**

72(73) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിനെതുടർന്ന് സർവ്വീസിൽ പ്രവേശിച്ച ആന പാപ്പാൻമാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആന പാപ്പാന്മാരുടെ തസ്തിക ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ;

(സി) 2010-ൽ സർവ്വീസിൽ സ്ഥിരപ്പെട്ട ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട റൂൾ ഭേദഗതി ചെയ്യുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2010-നുശേഷം സ്ഥിര നിയമനം നൽകിയിട്ടുള്ള എല്ലാ ആന പാപ്പാൻമാർക്കും തിരുവിതാംകൂർ ദേവസ്വം ബോർഡ് 2014-ലെ ശമ്പള പരിഷ്കാര പ്രകാരമുള്ള സർവ്വീസ് ആനുകല്യങ്ങൾ നൽകുന്നുണ്ട്.

കൂടൽമാണിക്യം, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾക്ക് ഈ ഉത്തരവ് ബാധകമല്ല. നേരിട്ട് നിയമനം ലഭിക്കുന്ന എല്ലാ ആന പാപ്പാൻമാർക്കും ഗുരുവായൂർ ദേവസ്വത്തിൽനിന്നും സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നു.

(ബി) മലബാർ ദേവസ്വം ബോർഡിലൊഴികെ മറ്റെല്ലാ ദേവസ്വം ബോർഡുകളിലും ആന പാപ്പാൻ തസ്തിക ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(സി & ഡി) തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ ദേവസ്വം ബോർഡുകളിൽ അടിസ്ഥാന ശമ്പളത്തിൽ കാലോചിതമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

## പോലീസ് സൈബർ, ഇന്റലിജൻസ് വിഭാഗങ്ങളിലേയ്ക്ക് നേരിട്ടുള്ള നിയമനം

73 (74) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് സേനയിലെ സി.പി.ഒ. മുതലുള്ള ഉദ്യോഗസ്ഥർ, പ്രത്യേക അറിവും സാങ്കേതിക പരിജ്ഞാനവും ആവശ്യമുള്ള സൈബർ, ഇന്റലിജൻസ് വിഭാഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്നത് പോലീസ് സേനയെ പൊതുജന മദ്ധ്യത്തിൽ മോശമായി ചിത്രീകരിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സേനയുടെ കീഴിലെ സൈബർ, ഇന്റലിജൻസ് തുടങ്ങിയ പ്രത്യേക പരിജ്ഞാനം ആവശ്യമുള്ള വിഭാഗങ്ങളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നേരിട്ട് തെരഞ്ഞെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക അറിവും സാങ്കേതിക പരിജ്ഞാനവും ആവശ്യമായ സൈബർ കുറ്റാന്വേഷണ മേഖലയിലേയ്ക്ക് സി.പി.ഒ മുതലുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുമുമ്പ് അവർക്ക് ഈ മേഖലയിൽ അടിസ്ഥാന സാങ്കേതിക യോഗ്യതയുണ്ടോ എന്ന് പരിശോധിക്കാറുള്ളതും തുടർന്നും സാങ്കേതിക പരിജ്ഞാന പരീക്ഷകൾ നടത്തി അനുയോജ്യരായ ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്ത് വീണ്ടും ആവശ്യമായ പ്രായോഗിക പരിജ്ഞാനം നൽകിയും വേണ്ട പരിശീലനം നൽകിയുമാണ് ഈ മേഖലയിൽ നിയോഗിക്കുന്നത്.

(ബി) നിലവിൽ പരിഗണനയിലില്ല.

## ഐ.ടി. വ്യവസായം

74(75) <u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. യു. ആർ. പ്രദീപ്:</u>
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഐ.ടി. വ്യവസായ അനുകൂല കേന്ദ്രമാക്കിത്തീർക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളും തൽഫലമായി ഈ മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങളും വിശദമാക്കാമോ;

(ബി) അറിവാണ് ഭാവി കേരളത്തിന്റെ ശക്തിയെന്നതിന്റെ അടിസ്ഥാനത്തിൽ ഡിജിറ്റൽ വികസനത്തിന് ഇന്റർനെറ്റ് പൗരന്റെ അവകാശമായി പ്രഖ്യാപിച്ച സർക്കാർ, അതിനായി നടത്തി വരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) ഹാർഡ്‌വെയർ നിർമ്മാണം പ്രോത്സാഹിപ്പിക്കാനായുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഇക്കാര്യത്തിൽ ഹാർഡ്‌വെയർ മിഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) വിവര സാങ്കേതികവിദ്യാമേഖലയുടെ വികസനത്തിലൂന്നി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്നതിനും കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യം ഈ മേഖലയിൽ ഒരുക്കുന്നതിനും സഹായകരമായ രീതിയിൽ സർക്കാർ പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി. വികസനം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ ഐ.ടി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ സംസ്ഥാനത്തെ ഏറ്റവും പുതിയ പ്രവർത്തനങ്ങൾ പൊതുജന സേവനത്തിന് പ്രയോജനകരമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനായി ഐ.ടി./വാർത്താ വിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

KFON പദ്ധതി, ടെക്നോ സിറ്റിയിൽ ബ്ലോക്ക് ചെയിൻ, അർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, സ്പെയ്സ് സയൻസ്, ഇലക്ട്രോണിക് മൊബിലിറ്റി തുടങ്ങിയവ ഉൾപ്പെട്ട നൂതന സാങ്കേതികവിദ്യകളുടെ സെന്റർ ഓഫ് എക്സലൻസായി വിഭാവന ചെയ്യുന്ന നോളജ് സിറ്റി പദ്ധതിക്കുവേണ്ടി ടെക്നോപാർക്കിന്റെ വികസന ഘട്ടമായ ടെക്നോ സിറ്റിയിൽ 100 ഏക്കർ സ്ഥലം മാറ്റിവച്ചിട്ടുണ്ട്. 100% മൊബൈൽ ആക്ടിവിറ്റി, ഇ-ഗവേണൻസ് മുഖേന ലഭ്യമാകുന്ന സർക്കാർ സേവനങ്ങൾ, ഡിജിറ്റൽ ബാങ്കിംഗ് സൗകര്യങ്ങൾ, പഞ്ചായത്തുകളിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ, പഞ്ചായത്തുകളിൽ ലഭ്യമാകുന്ന ഇന്റർനെറ്റ് ബ്രോഡ്ബാൻഡ് സൗകര്യങ്ങൾ, സാങ്കേതിക സജ്ജീകരണങ്ങൾ തുടങ്ങി ഐ.ടി. വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ എല്ലാ മികച്ച

സൗകര്യങ്ങളുമുള്ള കേരളത്തെ ലോകത്തിനുമുന്നിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാരിന്റെ പിന്തുണയോടുകൂടി 2 കൊല്ലത്തിൽ ഒരിക്കൽ കേരളത്തിൽ വച്ച് ആഗോള സമ്മേളനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആഗോളതലത്തിൽ ഐ.ടി. അധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി KSITIL രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ "കേരള ഐ.ടി. പാർക്കുകൾ" എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക്-കൊച്ചി, സൈബർപാർക്ക്-കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി./ഐ.ടി.ഇ.എസ് സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

ഗവൺമെന്റ് ഐ.ടി. പാർക്കുകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഐ.ടി. മേഖലയിലെ നേട്ടങ്ങൾ**

- അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾ, ഐ.ടി. കെട്ടിട സ്ഥല സൗകര്യങ്ങൾ, പുതിയ ഐ.ടി. സംരംഭങ്ങൾ, സോഫ്റ്റ്‌വെയർ ഉത്പാദനം, കയറ്റുമതി തുടങ്ങിയവയിൽ ഉണ്ടായ ഗണ്യമായ വർദ്ധനവ്.
- കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഏകദേശം 14 ലക്ഷം ച.അടി കെട്ടിട സൗകര്യങ്ങൾ, 65 പുതിയ കമ്പനികൾ, 5000-ത്തോളം പുതിയ തൊഴിലവസരങ്ങൾ, 20% സോഫ്റ്റ്‌വെയർ കയറ്റുമതിയിലുള്ള വർദ്ധനവ് തുടങ്ങിയവയെല്ലാം ഐ.ടി. മേഖലയിലെ നേട്ടങ്ങളാണ്.
- സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവര സാങ്കേതികവിദ്യാ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖ വ്യക്തികൾ, പ്രമുഖ വ്യവസായികൾ, പ്രൊഫസർമാർ എന്നിവർ ഉൾപ്പെടെ ഏകദേശം 2000-ാളം പേർ പങ്കെടുത്ത അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനമായ ഹാഷ് ഫ്യൂച്ചറിന്റെ വൻ വിജയം.
- GITEX (ദുബായ്), മൊബൈൽ വേൾഡ് കോൺഗ്രസ് (ബാഴ്സലോണിയ) തുടങ്ങിയ അന്താരാഷ്ട്ര ഐ.ടി. സമ്മേളനത്തിൽ കേരള ഐ.ടി. പാർക്കുകളുടെ പ്രാതിനിധ്യം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കെ.എസ്.ഇ.ബി.എൽ.-മായി സഹകരിച്ച് കേരള സംസ്ഥാന ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി കെ.എസ്.ഐ.റ്റി.ഐ.എൽ. നടപ്പിലാക്കി വരുന്നു. വളർന്നുവരുന്ന നൂതന സാങ്കേതികവിദ്യകളായ ബ്ലോക്ക് ചെയിൻ, സൈബർ സെക്യൂരിറ്റി, കോഗ്നിറ്റീവ് ഫാബ്രിക് തുടങ്ങി വിവിധ മേഖലകളിൽ ഇന്നൊവേഷൻ മുൻകൂട്ടി കണ്ടെത്തി അവ വികസിപ്പിച്ച് ഈ മേഖലയിൽ മുന്നേറ്റം നടത്തുന്നതിനും കേരളം ഐ.ടി. രംഗത്ത് ആഗോള ശ്രദ്ധനേടി സെന്റർ ഓഫ് എക്സലൻസായി മാറ്റുന്നതിനും വേണ്ടിയുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു.

ഡിജിറ്റൽ ടെക്നോളജി പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഡിജിറ്റൽ ഇൻക്ലൂഷൻ തുടങ്ങി നിരവധി മേഖലകളിൽ പുതിയ വ്യവസായ സാധ്യതകൾ കണ്ടെത്താനും സംസ്ഥാനത്ത് 3 പാർക്കുകളിൽ ഇത്തരം നൂതന ടെക്നോളജി ഏരിയ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനുമായി സൈബർ പാർക്കിന് മൊബൈൽ സൊല്യൂഷൻസിന്റെ ഹബ്ബായും ഇൻഫോപാർക്കിന് IOT (Internet of Things)-യും ടെക്നോപാർക്ക് നോളജ് സിറ്റി ആന്റ് സെന്റർ ഫോർ എക്സലൻസ് ആയി പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) കമ്പനികളുടെ പ്രവർത്തനത്തിനും മാനവ ശക്തി തയ്യാറാക്കുന്നതിനായി നൈപുണ്യം വികസിപ്പിക്കൽ, സ്റ്റാർട്ടപ്പുകളെയും പുതുസംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കൽ, ഉത്പാദനത്തിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം സൃഷ്ടിക്കൽ എന്നിവയിലൂടെ കേരളത്തെ ഇ.എസ്.ഡി.എം നിക്ഷേപത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ലക്ഷ്യസ്ഥാനമായി മാറ്റുക, ഇലക്ട്രോണിക് ഡിവൈസിന്റെയും എംബഡഡ് സോഫ്റ്റ്‌വെയറിന്റെയും നിർമ്മാണത്തിൽ നേതൃത്വം വഹിക്കുക എന്നുള്ളതാണ് ഹാർഡ് വെയർ മിഷന്റെ കാഴ്ചപ്പാട്.

ഇന്റലും, യു.എസ്.ടി. ഗ്ലോബലുമായി ചേർന്ന് കേരള സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ്ടോപ്പ്, സെർവർ നിർമ്മാണ യൂണിറ്റ് കേരളത്തിൽ തുടങ്ങുവാനുള്ള നടപടികൾ നടപ്പിലാക്കി വരികയാണ്.

വൈദ്യുതി വാഹനങ്ങളുടെ നിർമ്മാണവും പ്രവർത്തിപ്പിക്കലും സംബന്ധിച്ച് നയങ്ങൾ ഉണ്ടാക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനും ഹാർഡ് വെയർ മിഷൻ മുൻകയ്യെടുത്ത് ഇ- മൊബിലിറ്റിക്കുവേണ്ടി പ്രൊഫ. ഡോ. അശോക് ജുൻജുൻവാല ചെയർമാനായ ഒരു സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ഹാർഡ് വെയർ മിഷൻ അതിന്റെ സെക്രട്ടേറിയറ്റായി പ്രവർത്തിച്ചുവരികയുമാണ്.

## ഐ.ടി. മേഖലയുടെ വികസനം

75(76) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിലെ വ്യവസായ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയെ മറ്റ് വ്യവസായ മേഖലകളുമായി ബന്ധിപ്പിച്ച് വളർച്ച ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ ലഭ്യത, ഐ.ടി. നിക്ഷേപങ്ങൾ, സോഫ്റ്റ്‌വെയർ ഉല്പാദനം, കയറ്റുമതി എന്നിവയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവര സാങ്കേതിക വിദ്യാരംഗത്തെ പ്രമുഖ വ്യക്തികൾ, വ്യവസായികൾ, അക്കാദമിക വിദഗ്ദ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് നടത്തിയ അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഏകജാലക സർക്കാർ പോർട്ടൽ, ഫ്രീ ആന്റ് ഓപ്പൺ സോഴ്സ്, മറ്റ് സാങ്കേതികവിദ്യകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ സേവന സംവിധാനങ്ങളിൽ ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങിയ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്തുനിന്നുള്ള ഐ.ടി. ഉൽപ്പന്നങ്ങളും ഐ.ടി. സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ഇ-ഗവേണൻസ് സംവിധാനങ്ങളോടൊപ്പം കൂടുതൽ പുതിയ സേവനങ്ങൾ ലഭ്യമാക്കുക, അക്ഷയ കേന്ദ്രങ്ങൾ, അക്ഷയ-ബാങ്കിംഗ് സംയുക്ത സംരംഭങ്ങൾ, കിയോസ്കുകൾ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, സിറ്റിസൺ കോൾ സെന്ററുകൾ തുടങ്ങിയ സംവിധാനങ്ങളും സജ്ജീകരിക്കാൻ പുതിയ ഐ.ടി. നയത്തിലൂടെ സർക്കാർ വിഭാവന ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക്-തിരുവനന്തപുരം, ഇൻഫോപാർക്ക്-കൊച്ചി, സൈബർപാർക്ക്-കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി/ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്ക് ആവശ്യമായ

എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ചെറുതും ഇടത്തരവുമായ ഐ.ടി. സംരംഭകർക്ക് മിതമായ നിരക്കിൽ SEZ/Non SEZ മേഖലകളിൽ ലഭ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള ഐ.ടി. കെട്ടിട സൗകര്യങ്ങൾ, ഭൂമി, ഫർണിഷ്ഡ് ഓഫീസ് സ്പെയിസുകൾ, സുതാര്യമായ കരാർ വ്യവസ്ഥകൾ, അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സജ്ജീകരണങ്ങളും, മിതമായ ജല-വൈദ്യുത നിരക്കുകൾ, മികച്ച ജല-വൈദ്യുത വിതരണ സംവിധാനങ്ങൾ, 100% പവർ ബാക്കപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്റ്റിവിറ്റി, മികച്ച മാലിന്യ സംസ്കരണ സജ്ജീകരണങ്ങൾ, ഏകജാലക സംവിധാനം, പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങൾ തുടങ്ങിയവയുൾപ്പെടെ സംസ്ഥാനത്തെ ലോകോത്തര സാങ്കേതിക പശ്ചാത്തലം ഒരുക്കിക്കൊണ്ട് ഒരു നല്ല ഐ.ടി. നിക്ഷേപ കേന്ദ്രമാക്കുന്നതിനാവശ്യമായ പദ്ധതികൾ ഐ.ടി. നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്.

കൂടാതെ വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ) കളമശ്ശേരിയിലെ കിൻഫ്രാ ഹൈ-ടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചുവരികയാണ്. നിർമ്മിച്ച സ്റ്റാർട്ടപ്പ് മോഡ്യൂളുകൾ, ഉയർന്ന നിലവാരമുള്ള ഫാബ്രിക്കേഷൻ ലാബുകൾ, ആർ & ഡി. ലാബുകൾ, വാണിജ്യ ഓഫീസുകൾ, ഡോർമെടികൾ മുതലായവ ഉൾപ്പെട്ടതും വൈവിദ്ധ്യമാർന്ന മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളും അറിവും അന്യോന്യം കൈമാറി ഉപയോഗിക്കുവാനുള്ള സൗകര്യമുള്ളതുമായിരിക്കും കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ.

(ബി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഗവൺമെന്റ് ഐ.ടി. പാർക്കുകളുടെ വിവിധ പദ്ധതികളിലായി ഏകദേശം 29 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ കൂട്ടുതലായി സജ്ജീകരിച്ചിട്ടുണ്ട്. 154 പുതിയ കമ്പനികൾ 8000-ാളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ ഏകദേശം 25% വർദ്ധനവുണ്ടായിട്ടുണ്ട്. 2016-17-ൽ 12000 കോടി രൂപയുടെ സോഫ്റ്റ്‌വെയർ കയറ്റുമതി 2017-18-ൽ ഏകദേശം 15000 കോടി രൂപയായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവരസാങ്കേതികവിദ്യാ രംഗത്തെ പ്രമുഖ വ്യക്തികൾ, വ്യവസായികൾ, അക്കാദമിക് വിദഗ്ദ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് 2018 മാർച്ചിൽ കൊച്ചിയിൽ വച്ച് ആദ്യ അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനമായ 'ഹാഷ് ടാഗ് ഫ്യൂച്ചർ' നടത്തുകയുണ്ടായി.

ഡിജിറ്റൽ സാങ്കേതികതയുടെ സാധ്യതകൾ സാമൂഹ്യ-വൈജ്ഞാനിക മേഖലകളിലെ വികസനത്തിനുപയോഗിക്കാൻ ലക്ഷ്യമിടുന്ന 'ഹാഷ് ഫ്യൂച്ചർ ഡിജിറ്റൽ ഉച്ചകോടി' ആഗോള ഐ.ടി. ബിസിനസ് രംഗത്തെ പ്രമുഖരുമായി ചേർന്ന് (HPIC-Hi-Power IT Committee) 2018 മാർച്ച് 22, 23 തീയതികളിലായി നടന്നു.

സാമ്പത്തിക രംഗത്തെ ഡിജിറ്റൽ മുന്നേറ്റത്തിന് അനുസൃതമായി വിദ്യാഭ്യാസ മേഖലയിലും കാതലായ മാറ്റങ്ങളുണ്ടാകണമെന്നും, യുവാക്കളുടെ വിദ്യാഭ്യാസ, തൊഴിൽ വൈദഗ്ദ്ധ്യങ്ങൾ വികസിപ്പിക്കേണ്ട ആവശ്യകത തുടങ്ങിയ വിഷയങ്ങൾ ചർച്ചയുടെ ഭാഗമായി. സ്റ്റാർട്ട്അപ്പുകൾ, വിവിധ ഐ.ടി. സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങി 1800-ഓളം പ്രതിനിധികളും പങ്കെടുത്തിരുന്നു. കേരളത്തിലെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും, വൈദഗ്ദ്ധ്യവുമുള്ള മാനവവിഭവശേഷിയും ലോകനിലവാരമുള്ള ഭൗതിക-ഡിജിറ്റൽ പശ്ചാത്തല സൗകര്യവും വൻകിട കമ്പനികളെ ആകർഷിക്കുവാനും ഇന്റർനെറ്റ് പൗരന്റെ അവകാശമാക്കിയ ആദ്യ സംസ്ഥാനമാണ് കേരളമെന്നും, ഡിജിറ്റൽ രംഗത്ത് മികച്ച വൈദഗ്ദ്ധ്യമുള്ള ഒട്ടേറെ പേർ കേരളത്തിലുണ്ടെന്നുമുള്ള പരിചയപ്പെടുത്തലിലൂടെ സാങ്കേതിക കുതിപ്പിന്റെ ഭാഗമാക്കുക എന്നതാണ് ഈ ഉച്ചകോടിയിൽ ഉദ്ദേശിക്കുന്നത്.

ഉച്ചകോടിയിൽ പങ്കെടുക്കുന്ന ഐ.ടി. രംഗത്തെ വിദഗ്ദ്ധരുടെയും സംരംഭകരുടെയും നിക്ഷേപകരുടെയും കൂട്ടായ്മയിലൂടെ കേരളത്തെ ഡിജിറ്റൽ രീതിയിലേയ്ക്ക് മാറ്റുക എന്നതാണ് ലക്ഷ്യം. ഡിജിറ്റൽ രംഗത്ത് നിക്ഷേപം സാധ്യമാക്കുക, ഐ.ടി. രംഗത്തെ പുതിയ സംരംഭകരെയും പ്രതിഭകളെയും പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ പൊതു സ്ഥലങ്ങളിൽ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രഖ്യാപനവും ഈ ഉച്ചകോടിയിൽ നടത്തുകയുണ്ടായി.

## അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾ

76(77) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾക്ക് നൽകേണ്ട നിരക്കുകൾ സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന വിവിധ സർക്കാർ സേവനങ്ങളിൽ നിലവിൽ നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ കാലികമായി വർദ്ധിപ്പിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ സർവ്വീസ് ചാർജ് നിരക്കുകൾ ക്രമപ്പെടുത്തിയും സ.ഉ. (അച്ചടി) നമ്പർ 03/2018/വിസവ. തീയതി 9-5-2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## വിവരസാങ്കേതിക സഹായം

77 (78) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കെ ജനങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് വിവരസാങ്കേതിക സഹായം ലഭ്യമാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പരിധിയിൽ ജനസംഖ്യാനുപാതികമായി കൂടുതൽ അക്ഷയ സെന്ററുകൾ തുടങ്ങണമെന്ന നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവര സാങ്കേതികവിദ്യ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കെ ജനങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് വിവര സാങ്കേതിക സഹായം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഓൺലൈൻ സേവനങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങളെ സമീപിക്കുന്നവർക്ക് പരാതിക്ക് ഇടനൽകാത്ത വിധം തത്സമയംതന്നെ സേവനം ലഭ്യമാക്കാൻ എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും അക്ഷയ ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ടോ എന്ന് അക്ഷയ ജില്ലാ ഓഫീസുകളിൽനിന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സെന്റർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സന്ദർശന വേളയിൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനവും നൽകി വരുന്നുണ്ട്.

ജനങ്ങളുടെ ആവശ്യമറിഞ്ഞ് വിവര സാങ്കേതിക സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ലളിതമായ രീതിയിൽ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു പോർട്ടൽ മുഖേന ലഭ്യമാക്കുന്നതിനായി "സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ" പോർട്ടലും മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന എം-കേരളം മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം വിവിധ സർക്കാർ വകുപ്പുകൾ നല്കുന്ന സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ടെലിഫോൺ മുഖേന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെ സിറ്റിസൺ കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു. നിലവിൽ കോൾ സെന്റർ സേവനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്. ഇപ്പോൾ 64 പ്രമുഖ വകുപ്പുകൾ കോൾസെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതുൾപ്പെടെ അക്ഷയ സംരംഭക എഗ്രിമെന്റുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങൾ സംബന്ധിച്ച് ഒരു സമഗ്രമായ പ്രൊപ്പോസൽ അക്ഷയ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഡാറ്റാ സെന്ററുകളുടെ ചുമതല

78(79) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്ന ഡാറ്റാ സെന്ററുകളുടെ ചുമതല 2012 മുതൽ നിർവ്വഹിച്ചുവന്നിരുന്ന പൊതുമേഖലാ സ്ഥാപനത്തെ ഒഴിവാക്കി സ്വകാര്യ കമ്പനിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; ഉണ്ടെങ്കിൽ ഏത് കമ്പനിയെ എന്ന് വ്യക്തമാക്കുമോ;

(ബി) ലോകമെമ്പാടും സ്വകാര്യ കമ്പനികൾ ശേഖരിക്കുന്ന വിവരങ്ങൾ ചോരുന്നത് സംബന്ധിച്ച് വരുന്ന വാർത്തകളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം സംബന്ധിച്ച രഹസ്യ സ്വഭാവമുള്ളതടക്കം എല്ലാ വിവരങ്ങളും ശേഖരിച്ച് വയ്ക്കുന്ന ഡാറ്റാസെന്ററുകളുടെ നടത്തിപ്പ് സ്വകാര്യകമ്പനിയെ ഏല്പിച്ചതിന്റെ ഔചിത്യവും വിശദാംശവും അറിയിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ കീഴിൽ രണ്ട് ഡാറ്റാ സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. കോ-ബാങ്ക് ടവേഴ്സിൽ പ്രവർത്തിക്കുന്ന ഡാറ്റാ സെന്റർ-1- ന്റെ നടത്തിപ്പ് ചുമതല 2012 മുതൽ കെൽട്രോണിനാണ്. ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന ഡാറ്റാ സെന്റർ-2-ന്റെ പരിപാലനം 2011 മുതൽ സിഫി ടെക്നോളജീസാണ് നിർവ്വഹിച്ചുവരുന്നത്.

രണ്ട് ഡാറ്റാ സെന്ററുകളുടെയും ഓപ്പറേറ്റർമാരുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഭരണ നിർവ്വഹണ സൗകര്യാർത്ഥമാണ് രണ്ട് ഡാറ്റാ സെന്ററുകൾക്കും കൂടി ഒരു പൊതു ഓപ്പറേറ്ററെ തെരഞ്ഞെടുക്കുവാൻ തീരുമാനിക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തത്. കേന്ദ്ര സർക്കാർ ഏജൻസിയായ സി-ഡാക്കിന്റെ സഹായത്തോടുകൂടി തയ്യാറാക്കിയ റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ക്ഷണിച്ച ടെണ്ടറിൽ കെൽട്രോൺ, സിഫി ടെക്നോളജീസ്, വിപ്രോ ടെക്നോളജീസ് എന്നീ കമ്പനികൾ പങ്കെടുക്കുകയും സി-ഡാക് ടെണ്ടറിന്റെ സാങ്കേതിക മൂല്യ നിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ L1 ബിഡ്ഡറായ സിഫി ടെക്നോളജീസിനെ തെരഞ്ഞെടുക്കുകയുമുണ്ടായി.

(ബി) വിവിധ സർക്കാർ വകുപ്പുകളുടെ വിവര ശേഖരം ഡാറ്റാ സെന്ററിൽ സൂക്ഷിച്ചിരിക്കുന്നത് വിവരങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ISO മാനദണ്ഡപ്രകാരമുള്ള നൂതന സുരക്ഷാ സംവിധാനങ്ങളോടുകൂടിയാണ്. ഇതോടൊപ്പം സെക്യൂരിറ്റി ഓഡിറ്റ്, സർവ്വൈലൻസ് ഓഡിറ്റ് എന്നിവ നിശ്ചിത ഇടവേളകളിൽ നടത്തി ഐ.ടി. മിഷന് റിപ്പോർട്ട് സമർപ്പിച്ചുവരുന്നു. ടെക്നോപാർക്കിലെ സ്റ്റേറ്റ് ഡാറ്റാ സെന്റർ-2, 2011 മുതൽ പരിപാലിച്ചുവരുന്നത് സിഫി ടെക്നോളജീസാണ്. ഈ കാലയളവിൽ ഡാറ്റാ സെന്റർ-2 പ്രവർത്തനക്ഷമമല്ലാതിരിക്കുന്ന അവസരങ്ങളുണ്ടായിട്ടില്ല. ഡാറ്റാ സെന്ററിൽ സൂക്ഷിച്ചിരുന്ന വിവരങ്ങളുടെ സുരക്ഷ സംബന്ധിച്ച് ഇതുവരെ പരാതികളൊന്നും ഉയർന്നിട്ടില്ല.

**ജി.ആർ.ഇ.എഫ് സർവ്വീസിൽനിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ**

79(80) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ആർ.ഇ.എഫ്. സർവ്വീസിൽനിന്നും വിരമിച്ചവർക്കും ആർമി സർവ്വീസിൽനിന്നും വിരമിച്ചവർക്കും ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇതിൽ എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) നിലവിൽ ഇവർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന സർക്കാർ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) വീട്ടുകരം ഇളവ്, ഇ.സി.എച്ച്.എസ്.സ്കീം, സർവ്വീസ് പേഴ്സണലിന് തുല്യമായ ശമ്പളവും പെൻഷനും തുടങ്ങിയവ പ്രസ്തുത സർവ്വീസിൽ ഉണ്ടായിരുന്നവർക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ

ഉത്തരം

(എ) ഉണ്ട്.

(ബി) വിരമിച്ച സൈനികർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ GREF-ന് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സാമ്പത്തിക ബാധ്യത കൂടാതെ നടപ്പിലാക്കാൻ കഴിയുന്നവ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി (LSGD), പ്രിൻസിപ്പൽ സെക്രട്ടറി (H&FWD), സെക്രട്ടറി (P&ARD), സെക്രട്ടറി (GAD) എന്നിവരുടെ യോഗം ആഭ്യന്തര വകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 15-7-2016-ൽ നടക്കുകയും, സർക്കാരിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകാതെ നടപ്പിലാക്കാൻ കഴിയുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുകളോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

(ഡി) ഇല്ല. പരിഗണനയിലില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് തൃശ്ശൂർ താലൂക്കിന് നൽകിയ തുക

80 (81) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ താലൂക്കിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ താലൂക്കിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 6,00,70,500 (ആറ് കോടി എഴുപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്.

(ബി) വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**ജനസാന്ത്വനം പദ്ധതി**

81 (82) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസാന്ത്വനം പദ്ധതി നടപ്പിൽവന്നതെന്നാണ്; പദ്ധതിയിൽ നാളിതുവരെ എത്ര പേർക്ക് സഹായം നൽകി; വിശദമാക്കുമോ;

(ബി) ഒന്നേകാൽ വർഷത്തിനു മുമ്പ് ഈ പദ്ധതിയിലേയ്ക്ക് അപേക്ഷിച്ച ലക്ഷക്കണക്കിന് അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി നടപ്പിൽ വരുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ജനസാന്ത്വന പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ജനസാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതിൻമേൽ നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിൽവരുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ ചികിത്സാധനസഹായം**

82(83) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ 2018 ഏപ്രിൽ മാസം വരെ മുഖ്യമന്ത്രിയുടെ ചികിത്സാധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി എത്രപേർക്ക് ചികിത്സാ സഹായം നൽകി എന്ന് പഞ്ചായത്ത്-നഗരസഭ- എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ, തിരുപുറം, ചെങ്കൽ, കുളത്തൂർ പഞ്ചായത്തുകളിലും നെയ്യാറ്റിൻകര നഗരസഭ പ്രദേശത്തും മുഖ്യമന്ത്രിയുടെ ചികിത്സാപദ്ധതി പ്രകാരം 2016 ജൂൺ മുതൽ 2018 ഏപ്രിൽ മാസം വരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ പഞ്ചായത്തിലും നഗരസഭയിലും അനുവദിച്ച തുക പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡലം/പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ പദ്ധതി-പാറശ്ശാല മണ്ഡലത്തിലെ അപേക്ഷകൾ

83 (84) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം

കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. DBT സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാർമാരെയും വില്ലേജ് ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

84 (85) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും ധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട ധനസഹായം ലഭിക്കാത്തവരുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ദുരിതാശ്വസ നിധിയിൽനിന്നുള്ള സഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ ഇക്കാലയളവിൽ നിരസിക്കപ്പെടുകയുണ്ടായി എന്നറിയിക്കുമോ?

### ഉത്തരം

(എ-സി)) അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ഡി) ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായത്തിനായി ലഭിച്ച 29866 അപേക്ഷകൾ നിലവിലുള്ള മാനദണ്ഡപ്രകാരം അർഹതയില്ലാത്ത കാരണത്താൽ നിരസിക്കപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

85 (86) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കാർത്തികപ്പള്ളി താലൂക്ക് വഴിയും കണ്ണമംഗലം, ഭരണിക്കാവ്, കറ്റാനം, പെരുങ്ങാല വില്ലേജുകളിൽ ഉൾപ്പെട്ടിട്ടുള്ളതും ആയിട്ടുള്ള ചികിത്സാ ദുരിതാശ്വാസ നിധി ലഭിച്ചവരുടെ പേരും വിലാസവും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കാർത്തികപ്പള്ളി താലൂക്ക് വഴി 7,65,24,500 (ഏഴ് കോടി അറുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. താലൂക്കുതലം വരെ അടിസ്ഥാനപ്പെടുത്തിയുള്ള കണക്കുകളാണ് സൂക്ഷിക്കാറുള്ളത്. നിലവിൽ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

86(87) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷ നടപടിക്രമങ്ങൾ പൂർത്തിയാക്കി സെക്രട്ടേറിയറ്റ് വകുപ്പിൽ എത്തിയിട്ടും ഉത്തരവ് ഇറങ്ങുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഉത്തരവിറങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം

അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് DBT (Direct Benefit Transfer) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകിവരുന്നു. DBT സംവിധാനം പ്രയോജനപ്പെടുത്തു ന്നതിലേയ്ക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും താലൂക്ക് ഓഫീസറെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. രേഖകൾ പൂർണ്ണമായും ലഭ്യമായിട്ടുള്ള അപേക്ഷയിൽ ശരാശരി ആറു ദിവസത്തിനകം അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് സാധിക്കുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

87(88) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2016 ഏപ്രിൽ മുതൽ 2018 ഏപ്രിൽ വരെ എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

218785 ഗുണഭോക്താക്കൾക്കായി 339,05,29,975 രൂപ വിതരണം ചെയ്തിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനുള്ള കാലതാമസം

88(89) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചവർക്ക്, സർക്കാർ ഉത്തരവ് ലഭിച്ചതിന് ശേഷം സഹായധനം അനുവദിച്ച് കിട്ടാൻ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കപ്പെട്ട ധനസഹായം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. DBT സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാർമാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

89(90) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായ വിതരണത്തിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തര ധനസഹായം ലഭിക്കേണ്ട കേസ്സുകളിൽ ധനസഹായം നൽകുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷ നൽകി ഒരു മാസത്തിനുള്ളിൽത്തന്നെ ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. DBT സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ

വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ജില്ലാ കളക്ടർ 10,000 രൂപ വരെ നേരിട്ട് ധനസഹായം അനുവദിക്കുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

90(91) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്ന് ഉയർത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) അപകടമരണം സംബന്ധിച്ച കേസ്സുകളിൽ ധനസഹായം ലഭിക്കുന്നതിന് മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം എന്ന വ്യവസ്ഥമൂലം പലർക്കും ആനുകൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഇതുവരെ 423.32 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) അപകടമരണം സംബന്ധിച്ച കേസ്സുകളിൽ ധനസഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി ഒരു വർഷമാണ്. ആയതിൽ മാറ്റം വരുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## ഓഖി ദുരിതാശ്വാസ ഫണ്ടിൽനിന്നും അനുവദിച്ച തുക

91 (92) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ചുഴലിക്കാറ്റിന്റെ അനന്തര ഫലമായി കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ നിരവധി റോഡുകളും പാലങ്ങളും തകർന്ന് കിടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇവ പുനരുദ്ധരിക്കുന്നതിന് ഓഖി ദുരിതാശ്വാസ ഫണ്ടിൽനിന്നും തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ കളക്ടറിൽനിന്നും എസ്റ്റിമേറ്റ് സഹിതം ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം**

92 (93) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി എം.എൽ.എ.- മാർ ശിപാർശ നൽകി അയയ്ക്കുന്ന അപേക്ഷകളിൽ എത്ര തുക അനുവദിച്ചു എന്ന വിവരം എം.എൽഎ മാരെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; അനുവദിച്ച തുക ഗുണഭോക്താക്കളെ അറിയിച്ച് അവ കൈപ്പറ്റുവാൻ നടപടി സ്വീകരിക്കുമോ; ഈ സർക്കാർ വന്നതിനുശേഷം കോട്ടയം ജില്ലയിൽ തുക അനുവദിച്ചിട്ടും കൈപ്പറ്റാത്ത എത്രപേർ ഉണ്ടെന്നറിയിക്കാമോ;

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽനിന്നും കഴിഞ്ഞ രണ്ട് വർഷമായി എം.എൽ.എ.-യുടെ ശിപാർശ സഹിതം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര അപേക്ഷകളിൽ സഹായധനം അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്രപേർക്ക് ധനസഹായം നൽകാനുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചികിത്സാ ധനസഹായങ്ങൾക്കായി എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകളുടെ തൽസ്ഥിതി അറിയുന്നതിന് എം.എൽ.എ.-മാർക്ക് പ്രത്യേക യൂസർ ഐഡി, പാസ്സ്‌വേർഡ് എന്നിവ നൽകിയിട്ടുണ്ട്. പ്രസ്തുത സംവിധാനം ഉപയോഗിക്കുന്നതിനുള്ള പരിശീലനവും എം.എൽ.എ.-മാർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്.

അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് DBT സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ഈ സർക്കാർ വന്നതിനുശേഷം കോട്ടയം ജില്ലയിൽ തുക അനുവദിച്ചിട്ടും കൈപ്പറ്റാത്തത് 116 പേർ ആണ്. ഇതിൽ 27 പേർ ശരിയായ അക്കൗണ്ട് നമ്പർ നൽകാത്തവരും 89 അപേക്ഷകർ സ്ഥലത്ത് താമസമില്ലാത്തതിനാലും, നോട്ടീസ് നടത്തിയിട്ടും ചെക്ക് കൈപ്പറ്റാത്തതിനാലും, ഒരേ ആവശ്യത്തിന് മുൻപ് തുക കൈപ്പറ്റിയിട്ടുള്ളതിനാലും, തുക വിതരണം ചെയ്യാത്തവരുമാണ്.

(ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(സി) ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിനുണ്ടാകുന്ന കാലതാമസം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 15,000 രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് DBT സംവിധാനം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാർമാരെയും വില്ലേജ് ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**ദുരന്ത നിവാരണ സേനയുടെ യൂണിറ്റ്**

93 (94) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്ത നിവാരണ സേനയുടെ യൂണിറ്റ് കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ തുടർ നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റ് പയ്യന്നൂരിൽ തന്നെ തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) നിലവിൽ പരിഗണനയിലില്ല.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ മെഡിക്കൽ പരിശോധന**

94(95) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മെഡിക്കൽ പരിശോധന ഉദാരമാക്കണമെന്നും അർഹരായ പരാതിക്കാരെ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തി എല്ലാ സഹായങ്ങളും നൽകണമെന്നും ഈയടുത്തകാലത്ത് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മെഡിക്കൽ പരിശോധന എങ്ങനെയാണ് നടത്തിവരുന്നതെന്നും ഇപ്പോഴത്തതിനേക്കാൾ പരിശോധന ഉദാരമാക്കുന്നത് എങ്ങനെയാണെന്നും വ്യക്തമാക്കാമോ;

(സി) അർഹരായ എത്ര ആളുകൾ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരെ പട്ടികയിൽ ഉൾപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇപ്പോൾ നടത്തിവരുന്ന മെഡിക്കൽ പരിശോധനയുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ പരിശോധന ഉദാരമാക്കണമെന്ന ശിപാർശയിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി&ഡി) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴി അർഹരെന്ന് കണ്ടെത്തിയ എല്ലാവരെയും ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്തുള്ള മഴവെള്ളം

95(96) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്തുനിന്ന് മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് സമീപപ്രദേശത്തെ ജനവാസ മേഖലകളിലും കൃഷിഭൂമിക്കും നാശനഷ്ടങ്ങളുണ്ടാകുന്നതിന് പരിഹാരമായി കെ.ഐ.എ.എൽ -ഉം ജലസേചന വകുപ്പും ചേർന്ന തയ്യാറാക്കിയ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പരിഹാരനടപടികൾ എന്തെല്ലാമാണെന്നും, ആകെ എത്ര തുകയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കണ്ണൂർ വിമാനത്താവള പദ്ധതി പ്രദേശത്തുനിന്ന് മഴക്കാലത്ത് വെള്ളം കുത്തിയൊലിച്ച് സമീപപ്രദേശത്തെ ജനവാസ മേഖലകളിലും കൃഷിഭൂമിക്കും നാശനഷ്ടങ്ങളുണ്ടാകുന്നതിന് പരിഹാരമായി വിമാനത്താവളത്തിന്റെ അതിർത്തിയിൽ നിലവിലുള്ള 16 ചെറു തോടുകൾ വഴി കാരത്തോട്, കോതേരിത്തോട് എന്നിവയിൽക്കൂടി അഞ്ചരക്കണ്ടി പുഴയിലേയ്ക്ക് മഴവെള്ളം ഒഴുക്കിവിടുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 16 ചെറു തോടുകളുടെ നിർമ്മാണത്തിനും, 2 തോടുകളുടെ പുനരുദ്ധാരണത്തിനുമായി യഥാക്രമം 18.09 കോടി രൂപ, 31.50 കോടി രൂപ എന്ന കണക്കിൽ ആകെ 49.59 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 16 ചെറുതോടുകളിൽ 12 എണ്ണം പൂർത്തീകരിച്ചു. 3 എണ്ണത്തിന്റെ പ്രവൃത്തി നടന്നുവരുന്നു. ഇതിൽ ഒരു തോടിന്റെ അധിക ജലം എത്തിച്ചേരുന്നതിനായി പുതുക്കിയ ഡിസൈൻ ആവശ്യമായി വന്നതിനാൽ ആയത് പ്രകാരമുള്ള പുതുക്കിയ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാരത്തോട്, കോതേരിത്തോട് എന്നിവയുടെ പാർശ്വഭിത്തി കെട്ടുന്ന പ്രവൃത്തിക്ക് എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്.

## കണ്ണൂർ വിമാനത്താവളം

96 (97) <u>ശ്രീ. ഇ. പി. ജയരാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ, ഏപ്രൺ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായോ; വ്യക്തമാക്കുമോ;

(ബി) പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, എയർ ട്രാഫിക് കൺട്രോൾ ടവർ എന്നിവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ്. ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പാരലൽ ടാക്സിവേ ട്രാക്ക് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം എപ്പോൾ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിമാനത്താവളത്തിന്റെ റൺവേയും, ഏപ്രണും (വിമാനപാർക്കിംഗ് ഏരിയ) പൂർത്തിയായി. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ലൈസൻസ് ലഭിക്കുന്നതോടുകൂടി പ്രവർത്തനക്ഷമമാകും.

(ബി) പാസ്സഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവൃത്തികളും പൂർത്തിയായി. എയർ ട്രാഫിക് കൺട്രോൾ ടവറിന്റെ പ്രവൃത്തി പൂർത്തിയാക്കി എയർപോർട്ട് അതോറിറ്റിക്ക് ഉടൻ കൈമാറും.

(സി) കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ് ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. ഏകദേശം ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.

(ഡി) പാരലൽ ടാക്സി ട്രാക്ക് നിർമ്മാണം പൂർത്തിയായി.

(ഇ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018-ൽ തന്നെ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കണ്ണൂർ വിമാനത്താവളത്തിൽനിന്നുള്ള ഫ്ലൈറ്റ് സർവ്വീസുകൾ

97 (98) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിൽനിന്ന് ഫ്ലൈറ്റ് സർവ്വീസുകൾ നടത്തുവാൻ ഏതെല്ലാം എയർലൈൻ കമ്പനികളാണ് ഇതിനോടകം കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട്സ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവച്ചത്;

(ബി) ഇതുപ്രകാരം പ്രതിദിനം എത്ര ആഭ്യന്തര സർവ്വീസുകൾ നടത്തുമെന്നും ഏതെല്ലാം ലക്ഷ്യസ്ഥാനങ്ങളിലേയ്ക്കാണ് ആഭ്യന്തര സർവ്വീസുകൾ നടത്തുകയെന്നും വ്യക്തമാക്കുമോ;

(സി) ഇവിടെനിന്ന് എത്ര അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുമെന്നും ഏതെല്ലാം ലക്ഷ്യസ്ഥാനങ്ങളിലേയ്ക്കാണ് അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുകയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി ചെന്നൈ, ബാംഗ്ലൂർ, ഹുബ്ലി, ഹിൻഡൻ (ഗാസിയാബാദ്), മുബൈ, കൊച്ചി, ഗോവ, തിരുവനന്തപുരം തുടങ്ങിയ റൂട്ടുകളിലായി 24-ഓളം അഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്നതിന് സ്പൈസ് ജെറ്റ്, ഇൻഡിഗോ എന്നീ വിമാന കമ്പനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) 2 ഇൻഡ്യൻ വിമാനക്കമ്പനികളായ ജെറ്റ് എയർവേയ്സിനും, ഗോ എയറിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും യഥാക്രമം, ദമാമിലേയ്ക്കും, അബുദാബിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അന്താരാഷ്ട്ര വ്യോമ ഗതാഗത അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്പനികൾ ധാരണാപത്രമൊന്നും ഒപ്പുവച്ചിട്ടില്ല. ഇതുകൂടാതെ, എയർ ഇൻഡ്യ എക്സ്പ്രസ് ആറ് ഗൾഫ് രാജ്യങ്ങളിലേയ്ക്കായി രണ്ട് ഫ്ലൈറ്റുകൾ വീതം സർവ്വീസ് നടത്തുന്നതിനായി പദ്ധതിയിട്ടിട്ടുണ്ട്. എയർ ഇൻഡ്യ, എമിറേറ്റ്സ്, ഖത്തർ എയർവേയ്സ്, ഇത്തിഹാദ്, ഒമാൻ എയർ, എയർ ഏഷ്യ, ഫ്ളൈ ദുബൈ, എയർ അറേബ്യ, ഗൾഫ് എയർ, ശ്രീലങ്കൻ എയർവേയ്സ്, ടൈഗർ എയർവേയ്സ് മുതലായ വിമാന കമ്പനികളും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും സർവ്വീസ് നടത്താനുള്ള അന്തിമ ചർച്ച നടന്നു വരുകയാണ്.

## എരുമേലി എയർപോർട്ട്

98(99) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട എരുമേലി എയർപോർട്ടുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) എരുമേലി എയർപോർട്ടിന് നാളിതുവരെ ഏതൊക്കെ വകുപ്പുകളുടെ അനുമതി ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇനി ഏതൊക്കെ വകുപ്പുകളുടെ അനുമതി ലഭ്യമാക്കാനുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, സാധ്യതാ പഠനം നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും കെ.എസ്.ഐ.ഡി.സി. താൽപ്പര്യ പത്രം പ്രസിദ്ധപ്പെടുത്തുകയും, സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. പ്രസ്തുത കൺസൾട്ടന്റുമായി കെ.എസ്.ഐ.ഡി.സി. ധാരണാ പത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും പ്രാരംഭ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) സാദ്ധ്യതാ പഠനത്തിനായി നിയമിച്ച കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും കരട് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരട് റിപ്പോർട്ടിൽ ആവശ്യമായ നിർദ്ദേശങ്ങളും മാറ്റങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ മാത്രമേ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## ശബരിമലയ്ക്കടുത്തുള്ള നിർദ്ദിഷ്ട വിമാനത്താവളം

99(100) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയ്ക്കടുത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ സ്ഥലം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) സാദ്ധ്യതാ പഠനം നടത്താനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ്; എത്ര നാളുകൾക്കകം സാധ്യതാപഠനം പൂർത്തിയാക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഭൂമിയാണ് വിമാനത്താവളത്തിനായി ഉപയോഗപ്പെടുത്തേണ്ടി വരികയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ തുടർ നടപടികൾക്കുള്ള ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സ.ഉ (കൈ) നമ്പർ 60/2017/ഗതാ. 21-7-2017-ലെ ഉത്തരവ് പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു.

(ബി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തി വിശദമായ പഠന റിപ്പോർട്ട് നാല് മാസത്തിനുള്ളിലും, പദ്ധതിക്കാവശ്യമായ അംഗീകാരവും അനുമതിയും ഒൻപത് മാസത്തിനുള്ളിലും ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ സ.ഉ.(കൈ) നമ്പർ 76/17/ഗതാ. 25-9-2017-ലെ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

(സി&ഡി) ശബരിമല വിമാനത്താവള പദ്ധതിയുടെ സാധ്യതാ പഠനത്തിനായി നിയമിച്ച കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും കരട് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരട് റിപ്പോർട്ടിന്മേൽ ആവശ്യമായ നിർദ്ദേശങ്ങളും മാറ്റങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ മാത്രമേ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നാവശ്യമായ അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് ലഭ്യമാക്കേണ്ട ചുമതല തിരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റിനും നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) നിലും നിക്ഷിപ്തമാണ്.

## സിയാലിന്റെ ലാഭവിഹിതം

100(101) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി അന്താരാഷ്ട്രവിമാനത്താവള കമ്പനി (സിയാൽ) 2016-17-ൽ ലാഭവിഹിതമായി സംസ്ഥാന സർക്കാരിന് നൽകിയത് എത്ര തുകയാണ് ;

(ബി) ഇത് മുൻവർഷത്തേക്കാൾ കൂടുതലോ കുറവോ; എങ്കിൽ എത്ര;

(സി) തുക സംസ്ഥാന സർക്കാർ എന്തിനാണ് വിനിയോഗിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനി (സിയാൽ) 2016-17-ൽ സംസ്ഥാന സർക്കാരിന് 31,00,73,015 രൂപയാണ് ലാഭവിഹിതമായി നൽകിയത്. ഇത് മുൻ വർഷത്തേക്കാൾ 3,16,86,507 രൂപ അധികമാണ്.

(സി) ലാഭവിഹിതമായി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന തുക സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഉൾപ്പെടുത്തി സഞ്ചിതനിധിയിൽ (Consolidated Fund) വരവ് വയ്ക്കുകയാണ് ചെയ്യുന്നത്.

## ലൈറ്റ് മെട്രോ പദ്ധതികൾ

101(102) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ സംബന്ധിച്ച് സർക്കാർ ചുമതലപ്പെടുത്തിയ സെക്രട്ടറിതല സമിതി ഇ. ശ്രീധരൻ തയ്യാറാക്കിയ പദ്ധതി രേഖ തള്ളിക്കളയുന്നതിനും പുതിയ പഠനത്തിനും ശിപാർശ നൽകിയിട്ടുണ്ടോ;

(സി) ഇ. ശ്രീധരൻ തയ്യാറാക്കിയ പദ്ധതിരേഖ തള്ളിക്കളയുവാൻ സെക്രട്ടറിതല സമിതി കണ്ടെത്തിയ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) ലൈറ്റ് മെട്രോ പദ്ധതി വേണ്ടെന്ന് വയ്ക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തി കമാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്?

<u>ഉത്തരം</u>

(എ) 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച പുതുക്കിയ മെട്രോ നിയമത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതി രേഖകളിൽ (DPR) ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2017 ഡിസംബറിൽ ഡി.എം.ആർ.സി. കേരള സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. പുതുക്കിയ പദ്ധതി രേഖകൾ പരിശോധിക്കുന്നതിനായി കേരള ഗവൺമെന്റ് ധനവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സെക്രട്ടറിതല സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയുടെ പരിശോധന പൂർത്തിയായശേഷം റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് സർക്കാർ ചുമതലപ്പെടുത്തിയ സമിതിയുടെ റിപ്പോർട്ടോ ശിപാർശയോ ഇതുവരെ സമർപ്പിച്ചിട്ടില്ല.

(സി) പദ്ധതി രേഖ തള്ളിക്കളഞ്ഞിട്ടില്ല. സെക്രട്ടറിതല സമിതിയുടെ പരിശോധന പൂർത്തിയായശേഷം മാത്രമേ അന്തിമ റിപ്പോർട്ടും സമിതിയുടെ ശിപാർശകളും ലഭ്യമാകുകയുള്ളൂ.

(ഡി) ലൈറ്റ് മെട്രോ പദ്ധതി വേണ്ടെന്ന് വയ്ക്കാൻ സർക്കാർ ആലോചിച്ചിട്ടില്ല. പദ്ധതി മുന്നോട്ട് കൊണ്ടുപോകണമെന്നതാണ് സർക്കാർ നിലപാട്. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവന ചെയ്തിരിക്കുന്ന പദ്ധതി ആയതിനാൽ കേന്ദ്ര സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കും. ഇതിനുമുന്നോടിയായി സെക്രട്ടറിതല സമിതിയുടെ പരിശോധന നടന്നുവരികയാണ്.

**കൊച്ചി ജലമെട്രോ പദ്ധതി**

102(103) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ജലമെട്രോ പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ബോട്ടുജെട്ടികൾ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട്, കടമക്കുടി, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ എന്നീ പഞ്ചായത്തുകളിലാണ് ബോട്ടുജെട്ടികൾ നിർമ്മിക്കാനുദ്ദേശിക്കുന്നത്.

(ബി) പദ്ധതി 2019 മേയ് മാസത്തോടുകൂടി ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രവാസി ക്ഷേമനിധി

103(104) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിലെ ഇപ്പോഴത്തെ അംഗസംഖ്യ എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രവാസി ക്ഷേമനിധിയിൽനിന്ന് ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള പ്രവാസി ക്ഷേമനിധിയിൽ നിലവിൽ 265559 പേർ അംഗങ്ങളായുണ്ട്.

(ബി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നാളിതുവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം ചുവടെചേർക്കുന്നു.

കുറഞ്ഞത് 2,000 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ

കുടുംബ പെൻഷൻ

മരണാനന്തര ധനസഹായം

- ചികിത്സാ ധനസഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസാനുകൂല്യം

## പ്രവാസി സ്വയംതൊഴിൽ വായ്പാ പദ്ധതി

104(105) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക, ന്യൂനപക്ഷക്ഷേമം എന്നീ വകുപ്പുകൾക്ക് ജില്ലാതലത്തിൽ ഓഫീസുകൾ തുറക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രവാസ ജീവിതം മതിയാക്കി തിരിച്ചെത്തുന്നവർക്കായി പൊതുമേഖലാ ബാങ്കുകളുമായി സഹകരിച്ച് സർക്കാർ നടപ്പാക്കുന്ന സ്വയംതൊഴിൽ വായ്പാ പദ്ധതി ഫലപ്രദമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നോർക്ക റൂട്ട്സിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ഓഫീസുകളും മറ്റ് 11 ജില്ലാ കളക്ടറേറ്റുകളിൽ നോർക്ക സെല്ലുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടുതലായി ജില്ലാതലത്തിൽ ഓഫീസുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ന്യൂനപക്ഷ ക്ഷേമവകുപ്പിന് ജില്ലാതലത്തിൽ ഓഫീസുകൾ തുടങ്ങുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്.

(സി&ഡി) തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. ഈ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനത്തെ ചില പ്രമുഖ ബാങ്കുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്ക് വായ്പ അനുവദിക്കുന്നത് പൂർണ്ണമായും ബാങ്കുകളുടെ ചട്ടങ്ങൾക്കും വായ്പാ നയങ്ങൾക്കും വിധേയമായും അപേക്ഷകന്റെ തിരിച്ചടവ് വിശ്വാസ്യത എന്നിവ പരിഗണിച്ചുമാണ്. അപേക്ഷകർക്ക് മെച്ചപ്പെട്ട സേവനം

ലഭ്യമാക്കുന്നതിലേയ്ക്കായി ദേശസാൽകൃത ബാങ്കുകൾക്ക് പുറമെ കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളേയും സഹകരണ മേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളെയുംകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

**സാന്ത്വനം പദ്ധതി**

105(106) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള സാന്ത്വനം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്നവരുടെ മൃതശരീരം നാട്ടിലെത്തിക്കുന്നതിന് എയർ ആംബുലൻസ് സംവിധാനം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ ഘടന വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരികെയെത്തിയ, ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൽ വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/കുടുംബാംഗങ്ങളുടെ ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സയ്ക്ക് പരമാവധി 50,000 രൂപയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപയും മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപയും പ്രവാസിക്കും കുടുംബാംഗങ്ങൾക്കും വീൽചെയർ/ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000 രൂപയും ഒറ്റത്തവണയായി ധനസഹായം നൽകിവരുന്നു.

(ബി&സി) വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്നവരുടെ മൃതദേഹം കൊണ്ടുവരുന്നതിനായി എയർ ആംബുലൻസ് സംവിധാനം 'സാന്ത്വന'

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വിദേശത്തുനിന്നും അസുഖ ബാധിതരായി വരുന്നവരെ ആശുപത്രിയിൽ എത്തിക്കാനും/വിദേശത്തുവച്ച് മരണമടഞ്ഞവരുടെ ഭൗതിക ശരീരം വീട്ടിൽ എത്തിക്കുന്നതിനും കേരളത്തിലെ എല്ലാ എയർപോർട്ടുകളിലും ആംബുലൻസ് സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**വിദേശത്ത് ഉണ്ടാകുന്ന മരണങ്ങൾ**

106(107) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുവച്ച് മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം നാട്ടിലെത്തിക്കുവാൻ എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സഹായം ലഭിക്കുന്നതിനായി കൈക്കൊള്ളേണ്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) വിദേശത്തുവച്ച് മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള സാമ്പത്തിക സഹായം നിലവിൽ സംസ്ഥാന സർക്കാർ നൽകിവരുന്നില്ല. എന്നാൽ മൃതദേഹം നാട്ടിലെത്തിച്ചതിനുശേഷം ചെലവാക്കിയ തുക റീ-ഇംബേഴ്സ് ചെയ്ത് നൽകുന്ന 'കാരുണ്യ' പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവാസികളായ കേരളീയരുടെ (ഇന്ത്യക്കുപുറത്തോ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലോ ഉള്ളവർ) മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനുള്ള പ്രത്യേക നിധിയാണ് 'കാരുണ്യം'.

പ്രവാസിയായ കേരളീയന്റെ മൃതദേഹം വിമാനത്തിലോ ട്രെയിനിലോ മറ്റേതെങ്കിലും വാഹനത്തിലോ ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ സ്വദേശത്തെത്തിക്കുന്നതിന് മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. മരണമടഞ്ഞ പ്രവാസിക്കോ അയാളുടെ ബന്ധുക്കൾക്കോ മറ്റൊരു ധനാഗമമാർഗ്ഗവുമില്ലാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രമേ ഈ സഹായം നൽകുകയുള്ളൂ. മൃതദേഹം നാട്ടിൽ എത്തിച്ചശേഷം ചെലവായ തുക പിന്നീട് ഈ നിധിയിൽനിന്ന് അനുവദിക്കുകയാണ് ചെയ്യുന്നത്.

വിദേശത്തുനിന്ന് മൃതദേഹം എത്തിക്കുന്നതിന് പരമാവധി 50,000 രൂപയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും മൃതദേഹം എത്തിക്കുന്നതിന് പരമാവധി 15,000 രൂപയുമാണ് റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

(ബി) അന്തരിച്ച പ്രവാസിയുടെ നിയമാനുസൃത അനന്തരാവകാശികൾ നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കണം. നോർക്ക റൂട്ട്സിന്റെ www.norkaroots.net എന്ന വെബ്സൈറ്റിൽനിന്ന് അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അപേക്ഷകന്റെയും അന്തരിച്ച ആളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിക്കുകയും അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ വ്യക്തതയുള്ള പകർപ്പുകൾ ചേർക്കുകയും ചെയ്യണം. ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകൻ പരിശോധനയ്ക്കായി അസ്സൽ രേഖകൾ ഹാജരാക്കാൻ ബാദ്ധ്യസ്ഥനാണ്.

## നോർക്ക റൂട്ട്സ് - പ്രവാസി പുനരധിവാസ പദ്ധതി

107(108) <u>ശ്രീ. പി. കെ. ബഷീർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ്വഴി സർക്കാർ നടപ്പാക്കുന്ന പ്രവാസി പുനരധിവാസ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ പലതും വിമുഖത കാണിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തിരിച്ചുവന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള വായ്പയിൽ എത്ര ശതമാനം സബ്സിഡിയും പലിശയിളവും സർക്കാർ നൽകുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ബാങ്കുകളുമായിട്ടാണ് ഈ സ്കീമിൽ വായ്പ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് എം.ഒ.യു. ഒപ്പിട്ടിരിക്കുന്നത്; എന്തെല്ലാം നടപടിക്രമങ്ങളാണ് ഓരോ വായ്പയ്ക്കും ഉള്ളതെന്നും എന്തെല്ലാം രേഖകൾ ലഭ്യമാക്കണമെന്നും, ഓരോന്നിന്റെയും തിരിച്ചടവ് കാലാവധി എത്ര വർഷമാണെന്നും നാളിതുവരെ എത്ര പ്രവാസികൾക്ക് വായ്പ നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശ രാജ്യങ്ങളിൽനിന്നും തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) പദ്ധതി നടപ്പിലാക്കിട്ടുണ്ട്. ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്.

ഈ പദ്ധതിയിൻകീഴിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്റ്റ് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സി.എം.ഡി. സഹായിച്ചുവരുന്നു. ആവശ്യമായ വൈദഗ്ദ്ധ്യമില്ലാത്തതുകാരണം ഒരു സംരംഭവും തുടങ്ങാൻ സാധിക്കാത്ത ആളിന് പ്രസ്തുത ട്രെയിനിംഗിലൂടെ ലഭിക്കുന്ന അറിവ് പ്രയോജനപ്പെടുത്തി സ്വയംതൊഴിൽ ചെയ്ത് വരുമാനം ഉണ്ടാക്കാനും സാധിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി മുഖാന്തരം വായ്പ അനുവദിക്കുന്നത് പൂർണ്ണമായും ബാങ്കുകളുടെ ചട്ടങ്ങൾക്കും വായ്പാ നയങ്ങൾക്കും വിധേയമായും അപേക്ഷകന്റെ CIBIL റെക്കോർഡുകൾ പരിശോധിച്ചുമാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ നിലവിൽ പദ്ധതിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമെ സഹകരണ മേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

(സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇൻഡ്യൻ ബാങ്ക്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായാണ് വായ്പ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് നിലവിൽ ധാരണാപത്രം ഒപ്പിട്ടിരിക്കുന്നത്. അതാത് ധനകാര്യ സ്ഥാപനത്തിന്റെ വായ്പാ നയങ്ങൾക്കും വായ്പാ ചട്ടങ്ങൾക്കും വിധേയമായാണ് വായ്പ അനുവദിക്കുന്നത്. ഓരോ സ്വയംതൊഴിൽ വായ്പയ്ക്കും ബാങ്ക്/ധനകാര്യ സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന രേഖകൾ/തിരിച്ചടവ് കാലാവധി വ്യത്യസ്തമായിരിക്കും. 2017-18 സാമ്പത്തിക വർഷം വരെ 1965 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്.

**ലോക കേരള സഭ**

108(109) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംഘടിപ്പിച്ച ലോക കേരള സഭയുടെ ചെലവുകൾക്ക് സർക്കാർ ഫണ്ടിൽനിന്ന് വക കണ്ടെത്തിയിരുന്നോ; എങ്കിൽ ഏത് തലക്കെട്ടിൽനിന്ന്;

(ബി) ഇതിനായി ആകെ എന്ത് തുക ചെലവാക്കി; ഏതൊക്കെ ഇനങ്ങളിൽ; എന്ത് തുക വീതം;

(സി) ചെലവാക്കിയ ഇനങ്ങളിൽ ചെലവ് കൈപ്പറ്റിയവരുൾപ്പെടെയുള്ളവരുടെ വിശദമായ വിവരം സഹിതം ലഭ്യമാക്കുമോ?

ഉത്തരം

(എ) ലോക കേരള സഭയുടെ ചെലവുകൾക്കായി 2017-18 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽനിന്നും 2230-01-103-90, 2230-01-103-64 എന്നീ ശീർഷകങ്ങളിൽ യഥാക്രമം 4,50,00,000, 2,00,00,000 രൂപ അനുവദിച്ചിരുന്നു. ഇതിൽനിന്നാണ് നടത്തിപ്പിനുള്ള തുക കണ്ടെത്തിയത്.

(ബി) ലോക കേരള സഭയുടെ നടത്തിപ്പിനായി 2,03,21,861 (രണ്ട് കോടി മൂന്ന് ലക്ഷത്തി ഇരുപത്തൊന്നായിരത്തി എണ്ണൂറ്റി അറുപത്തിയൊന്ന്) രൂപയും ആഗോള സാംസ്കാരികോത്സവത്തിനായി 82,07,621 (എൺപത്തിരണ്ട് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ്റി ഇരുപത്തിയൊന്ന്) രൂപയും ചെലവായിട്ടുണ്ട്.

ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | ഘടകങ്ങൾ | തുക |
|---|---|---|
| 1 | ഓഫീസ് സജ്ജീകരണം, പൊതുഭരണം, ഏകോപനം | 9,18,948 |
| 2. | പ്രചാരണം, രജിസ്ട്രേഷനുവേണ്ടി ഇന്ററാക്ടീവ് വെബ്സൈറ്റ്, ലഘുലേഖയും കുറിപ്പുകളും തയ്യാറാക്കുന്നതിനും | 12,16,826 |
| 3. | ബാഹ്യ ഏജൻസികളുമായും ഇവന്റ് മാനേജർമാരുമായുള്ള പങ്കാളിത്തത്തിന് | 1,25,923 |
| 4. | ഇവന്റ് നടത്തിപ്പ്, താമസ സൗകര്യം, പ്രഗല്ഭരായ പ്രാസംഗികർക്കുള്ള യാത്രാച്ചെലവ് | 1,79,15,175 |
| 5. | മറ്റു ചെലവ് | 1,44,989 |
| | ആകെ | 2,03,21,861 |
| | ആഗോള സാംസ്കാരികോത്സവം ആകെ | 82,07,621 |

(സി)ലോക കേരള സഭയുടെ ഇനം തിരിച്ചുള്ള ചെലവുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

**ലോക കേരള സഭ**

109(110) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. ദാസൻ:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന കേരളീയരുടെ പൊതുവേദിയായി രൂപീകരിക്കപ്പെട്ട ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ലോക കേരളസഭയുടെ തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇത്തരം കമ്മിറ്റികളിൽ ഏതെല്ലാം മേഖലയിലുള്ളവരെ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് പ്രവാസി വാണിജ്യ ചേംബറുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദേശത്തുള്ള പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിൽ പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകണം. ഇത്തരം ചേംബറുകളും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോള തലത്തിലെ മലയാളികളായ വ്യവസായ വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉണ്ടാക്കണം.
2. എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിച്ച് പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുകയും വേണം. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്കുവേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും രൂപീകരിക്കണം.
3. കേരള വികസന നിധി രൂപീകരിച്ച് നിശ്ചിത തുകയ്ക്കുള്ള ഡെപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക് പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കണം.
4. പ്രവാസികൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കണം. സംരംഭകരാകാൻ തയ്യാറാകുന്നവരുമായി പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേയ്ക്കുള്ള മടക്കത്തിനുമുമ്പ് തന്നെ ആശയവിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കണം. നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുമതികൾ നൽകണം.

5. പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന സ്കീം ഉണ്ടാക്കണം.

(ബി) ഉണ്ട്. 23-4-2018 -ലെ 290/2018/നോർക്ക നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഏഴ് വിഷയ മേഖലാ സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>കമ്മിറ്റി 1</u> : കേരള വികസന നിധി രൂപീകരണവും നടത്തിപ്പും, ലോക കേരള സഭാ തുടർ സമ്മേളനങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും എന്നിവയ്ക്കുള്ള നയസമീപന നിർദ്ദേശങ്ങളുടെ രൂപീകരണം.

<u>കമ്മിറ്റി 2</u> : പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിനു സുരക്ഷയൊരുക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുടെ രൂപീകരണം.

<u>കമ്മിറ്റി 3</u> : പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

<u>കമ്മിറ്റി 4</u>: മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ പ്രവാസത്തിന് തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നയരൂപീകരണം.

<u>കമ്മിറ്റി 5</u> : പ്രവാസ സമൂഹത്തിന്റെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കാനും അതോടൊപ്പം വനിതാ പ്രവാസികളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനുമായി കുടിയേറ്റ നിയമരൂപീകരണത്തിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരേണ്ട വിഷയങ്ങൾ

<u>കമ്മിറ്റി 6</u> : കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നത ലോകം മുഴുവൻ വിളംബരം ചെയ്ത് വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം.

<u>കമ്മിറ്റി 7</u>: ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെയും അതാത് സംസ്ഥാന സർക്കാരുകളുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സംവിധാന രൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ക്രോഡീകരിക്കുക.

(സി) ലോക കേരള സഭ അംഗങ്ങളിൽനിന്ന് വാണിജ്യ-വ്യവസായം, ശാസ്ത്രം, നിയമം, സാഹിത്യം, പത്രപ്രവർത്തനം, കലാ-സാംസ്കാരികം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ പ്രഗൽഭരായ വ്യക്തികളെയാണ് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) വിദേശത്തുള്ള പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമയി സജീവ ബന്ധം പുലർത്തിനുവേണ്ടി പ്രവാസി വാണിജ്യ ചേംബറുൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. അഞ്ച് ലോക മേഖലകൾക്കും ഓരോ ചേംബറുകൾ ഉണ്ടാക്കാനാണ് തീരുമാനം. ഇതിനായി ഒരു പ്രത്യേക പോർട്ടൽ രൂപകൽപ്പന ചെയ്യാനും താൽപ്പര്യമുള്ളവരെ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാനും ആവശ്യപ്പെടാവുന്നതാണ്. ഇത്തരത്തിൽ രൂപം കൊടുക്കുന്ന ചേംബർ ഓഫ് കോമേഴ്സുകൾക്ക് കേരളത്തിൽ പ്രവർത്തിക്കുന്ന ചേംബർ ഓഫ് കോമേഴ്സുമായി ആശയവിനിമയം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കും. വിദേശ രാജ്യങ്ങളിൽ ചേംബർ ഓഫ് കൊമേഴ്സ് രൂപീകരിക്കുന്നതിനുള്ള നിയമവശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## സി.ബി.ഐ. അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസ്സുകൾ

110(111) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സി. ബി. ഐ. ഏറ്റെടുത്ത് അന്വേഷിച്ചുകൊണ്ടിരിക്കുന്ന എത്ര കേസ്സുകൾ ഉണ്ട്;

(ബി) ഇവയിൽ അഞ്ച് വർഷത്തിലധികമായി അന്വേഷിച്ചു കൊണ്ടിരിക്കുന്നതും കുറ്റപത്രം സമർപ്പിക്കാനുള്ളതുമായ എത്ര കേസ്സുകൾ ഉണ്ട്;അന്വേഷണം പൂർത്തിയാക്കി വിചാരണ കഴിഞ്ഞ് പ്രതികളെ വെറുതെ വിട്ട എത്ര കേസ്സുകൾ ഉണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കള്ള വാഹനങ്ങൾ

111(112) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നിരത്തിലോടുന്ന വാഹനങ്ങളുടെ കണക്ക് എത്ര എന്നതിന്റെ വിശദാംശം ആഭ്യന്തര വകുപ്പിൽ ഉണ്ടോ ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങളിലെ കള്ള വാഹനങ്ങൾ കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു; വിശദാംശം നൽകാമോ;

(സി) വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത കള്ള വാഹനങ്ങൾ തുരുമ്പിക്കാതെ ലേലം ചെയ്ത് സർക്കാർ ഖജനാവിൽ മുതൽക്കൂട്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ കണക്കനുസരിച്ച് 2018 മാർച്ച് 31-ാം തീയതി വരെ സംസ്ഥാനത്ത് 12296567 വാഹനങ്ങൾ നിരത്തിൽ ഓടുന്നു.

(ബി) പോലീസ്, വാഹന പരിശോധന നടത്തുമ്പോൾ തെറ്റായ രേഖകൾ ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുവരുന്നു.

(സി) കേസ്സിൽപ്പെട്ട് കോടതിയുടെ ഉത്തരവ് പ്രകാരം സ്റ്റേഷനിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ ഒഴികെ മറ്റ് വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കോടതി ഉത്തരവ് പ്രകാരം സൂക്ഷിക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ കോടതിയുടെ നിർദ്ദേശ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

**ഹോം ഗാർഡുകളുടെ സേവനം**

112(113) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോം ഗാർഡുകളുടെ സേവനം ഏത് ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഹോം ഗാർഡുകൾ ട്രാഫിക് ഡ്യൂട്ടിക്ക് പുറമെ പോലീസിന്റെ വയർലെസ് ഉപയോഗിക്കുന്നതിനും ജീപ്പ് ഓടിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) ഹോം ഗാർഡുകൾ ഡ്യൂട്ടിയ്ക്കിടയിൽ പൊതുജനങ്ങളോട് മോശമായി പെരുമാറിയിട്ടുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 1960-ലെ കേരള ഹോംഗാർഡ്സ് ആക്ട് പ്രകാരമാണ് സംസ്ഥാനത്ത് ഹോം ഗാർഡുകളുടെ സേവനം നടപ്പാക്കിയിട്ടുള്ളത്. ടി ആക്ടിലെയും 2009-ലെ കേരള ഹോംഗാർഡ്സ് (ഭേദഗതി) ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഹോംഗാർഡ്സ് സംവിധാനം സ.ഉ. (എം.എസ്.) നമ്പർ 190/2009/ആഭ്യന്തരം 26-11-2009-ലെ പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) അധികാരം നൽകിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റക്കാരാണെന്ന് തെളിഞ്ഞവരുടെ നിയമനം റദ്ദ് ചെയ്യുകയോ സേവന കാലയളവിൽ ആറ് മാസം കുറവ് വരുത്തുകയോ ഇത്തരക്കാരെ അവർ ഡ്യൂട്ടി ചെയ്യുന്ന പോലീസ് സ്റ്റേഷൻ പരിധികളിൽനിന്നും മാറ്റി മറ്റ് സ്ഥലങ്ങളിൽ നിയമിക്കുകയോ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പിങ്ക് പോലീസ്**

113(114) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന നഗരങ്ങളിൽ റോന്ത് ചുറ്റുന്ന പിങ്ക് പോലീസിന്റെ പ്രവർത്തനഫലമായി പ്രസ്തുത പദ്ധതി ആരംഭിച്ചനാൾ മുതൽ നാളിതുവരെയായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവർ റോന്ത് ചുറ്റുന്ന പോലീസ് സ്റ്റേഷൻ പരിധിയിലെ വനിതകളെ സംബന്ധിച്ച മിക്കവാറും എല്ലാ കേസ്സുകളും പ്രസ്തുത പോലീസിന്റെ പരിശ്രമഫലമാണെന്ന രീതിയിൽ കേസെണ്ണം പെരുപ്പിച്ച് കാണിച്ച് അത് നിലനിർത്തേണ്ട ആവശ്യകത ഗവൺമെന്റിനെ ബോധിപ്പിക്കുന്ന എന്ന രീതിയിൽ വന്ന റിപ്പോർട്ടുകൾ ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ച നാൾ മുതൽ വന്ന വിമർശനപരമായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള പോലീസ് സംവിധാനം എത്ര എണ്ണം അധികമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി മുഖേന ജനങ്ങൾക്ക് വനിതകൾക്ക് പ്രത്യേകമായി അധിക സുരക്ഷ ഏർപ്പെടുത്തുന്നതിനായിട്ടുണ്ടോ എന്ന് വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പിങ്ക് പട്രോൾ ആരംഭിച്ചിട്ടില്ലാത്ത കൊല്ലം റൂറൽ, എറണാകുളം റൂറൽ, ഇടുക്കി, മലപ്പുറം, വയനാട്, പാലക്കാട്, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ എന്നീ എട്ട് പോലീസ് ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിൽ പിങ്ക് പട്രോളിന്റെ പ്രവർത്തന ഫലമായി പ്രസ്തുത പദ്ധതി ആരംഭിച്ച നാൾ മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | പത്തനംതിട്ട | ഇല്ല |
| 2 | കണ്ണൂർ | 27 |
| 3 | കോഴിക്കോട് സിറ്റി | 5 |
| 4 | തൃശ്ശൂർ സിറ്റി | 31 |
| 5 | തിരുവനന്തപുരം റൂറൽ | ഇല്ല |
| 6 | കോട്ടയം | 7 |
| 7 | കൊല്ലം സിറ്റി | 38 |
| 8 | ആലപ്പുഴ | 35 |
| 9 | കാസർഗോഡ് | ഇല്ല |
| 10 | കൊച്ചി സിറ്റി | 39 |
| 11 | തിരുവനന്തപുരം സിറ്റി | 59 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പിങ്ക് പോലീസിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന വിമർശനങ്ങളും ആക്ഷേപങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയതിലെ ആക്ഷേപങ്ങൾ നിയമാനുസൃതമായ പോലീസിന്റെ പ്രവർത്തനത്തെ തടയുന്നതിനായി യാതൊരു അടിസ്ഥാനവുമില്ലാതെ വ്യാജമായി സൃഷ്ടിച്ചെടുത്ത ആക്ഷേപങ്ങൾ മാത്രമാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) C-DAC മുഖാന്തരം പിങ്ക് പട്രോൾ കൺട്രോൾ റൂമിൽ സ്ഥാപിക്കപ്പെട്ട വിവരവിനിമയ സംവിധാനംവഴി പിങ്ക് പട്രോൾ വാഹനവുമായി CAD Connectivity സംവിധാനം ഒരുക്കിയിട്ടുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള ഉപദ്രവത്തിന്റെയും ലൈംഗിക അതിക്രമത്തിന്റെയും സാധ്യതകൾ തടയുന്നതിനും കൺട്രോൾ റൂമിന്റെ നിർദ്ദേശമനുസരിച്ച് ആവശ്യമുള്ള മേഖലകളിലേയ്ക്ക് കാലതാമസം കൂടാതെ പിങ്ക് പോലീസിനെ വിന്യസിക്കുന്നതിനും ഇതുവഴി

സാധിക്കുന്നുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയും പൊതു സ്ഥലങ്ങളായ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ പ്രധാനമായും പട്രോളിംഗ് നടത്തി സ്ത്രീകൾക്ക് നിർഭയമായി സഞ്ചരിക്കുന്നതിനും ഇടപെടുന്നതിനുമുള്ള അന്തരീക്ഷം ഒരുക്കിക്കൊടുക്കുന്നതിനും പിങ്ക് പട്രോൾ സംവിധാനം സഹായകരമായി തീർന്നിട്ടുണ്ട്. കൂടാതെ, പൊതുസ്ഥലങ്ങളിൽ ഒറ്റപ്പെട്ട് സഞ്ചരിക്കുന്ന സ്ത്രീകളെ സുരക്ഷിത സ്ഥലങ്ങളിൽ എത്തിക്കുന്നതിനും മാനസികാസ്വാസ്ഥ്യം ഉള്ളതും അവശനിലയിലും അപകടത്തിൽപ്പെടുന്നതുമായ സ്ത്രീകളെയും ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ സഹായം ഒരുക്കിക്കൊടുക്കുന്നതിനും പിങ്ക് പോലീസ് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും കൗൺസിലിംഗ് ലഭ്യമാക്കുന്നതിനും പിങ്ക് പോലീസ് മുൻകയ്യെടുത്തുവരുന്നു.

## കുമാരി ജസ്നയുടെ തിരോധാനം

114(115) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കൂട്ടുതറ സ്വദേശിനിയായ കുമാരി ജസ്നയുടെ തിരോധാനം സംഭവിച്ചിട്ട് 2 മാസമായിട്ടും പോലീസ് അന്വേഷണത്തിൽ വേണ്ടത്ര പുരോഗതി ഇല്ലാത്തതിനാൽ മറ്റ് ഏജൻസികൾക്ക് അന്വേഷണം കൈമാറുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഈ തിരോധാനം സംബന്ധിച്ച കേസ്സന്വേഷണത്തിന്റെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുക്കൂട്ടുതി സ്വദേശിനിയായ കുമാരി ജസ്നയുടെ തിരോധാനവുമായി ബന്ധപ്പെട്ട് വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 201/2018 U/s 57 of KP Act പ്രകാരമുള്ള കേസ്സിന്റെ ആദ്യാന്വേഷണം വെച്ചൂച്ചിറ പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക പോലീസ് സംഘമാണ് നടത്തിയത്. പിന്നീട് ഈ കേസ് റാന്നി, പെരുനാട് പോലീസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള പ്രത്യേക പോലീസ് സംഘങ്ങൾ ഏറ്റെടുത്ത് നടത്തിവന്നിരുന്നു. തുടർന്ന് തിരുവല്ല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സൈബർ വിദഗ്ധരും വനിതാ പോലീസ് ഇൻസ്പെക്ടറും അടങ്ങുന്ന 15 അംഗ സ്പെഷ്യൽ പോലീസ് ടീം ഈ കേസ്സിന്റെ അന്വേഷണം നടത്തിവന്നിരുന്നതും spectrum ഉപയോഗിച്ച് ഒരു ലക്ഷത്തോളം ഫോൺകോളുകൾ പരിശോധിച്ചിട്ടുള്ളതും ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തേയും പത്രങ്ങളിൽ Look out Notice പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചും ടി പെൺകുട്ടിയുടെ വീടും പരിസരവും

പരിശോധിച്ച് അയൽവാസികളേയും മറ്റും കണ്ടുചോദിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് 22-3-2018 മുതൽ ഇന്നേവരെ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചയച്ചിട്ടുള്ളതും തുടർന്ന് ടിയാളെ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ നൽകുന്നവർക്ക് പാരിതോഷികം പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കുമാരി ജസ്ന വിദേശ രാജ്യത്തേയ്ക്ക് പോയിട്ടുണ്ടോ എന്നറിയുന്നതിന് Regional Passport Officer-മാരുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഈ കേസ്സിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ ടി പെൺകുട്ടിയെ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ലാത്തതും തിരുവനന്തപുരം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ സൈബർ വിദഗ്ദ്ധരും വനിതാ പോലീസ് ഇൻസ്പെക്ടറും അടങ്ങുന്ന 15 അംഗ സ്പെഷ്യൽ പോലീസ് ടീം ഈ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നതുമാണ്.

## പോലീസ് വിട്ടയച്ചവരിൽ മരണപ്പെട്ടവർ

115(116) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്രപേരെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെടുത്തിയ നിലയിലോ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരുവിവരവും ഇവരെ ചോദ്യം ചെയ്തതിന് കാരണമായ കേസ്സുകൾ സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

### ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച ആരുംതന്നെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെടുത്തിയ നിലയിലോ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടില്ല. എന്നാൽ മകളെ ശല്യം ചെയ്തു എന്നുകാട്ടി നൽകപ്പെട്ട ഒരു പരാതിയിൽ പരാതികക്ഷിയേയും കുറ്റാരോപിതനായ രാംകുമാറിനേയും ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി പ്രശ്നം രമ്യമായി പരിഹരിച്ചിരുന്നു. ഇപ്രകാരം ഒരു സംഭവം ഉണ്ടായതിന്റെ മനോവിഷമത്തിൽ രാംകുമാർ എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്.

## പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും

116(117) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പോലീസ് സേനാംഗങ്ങളിൽ അഴിമതിയും ക്രിമിനൽ സ്വഭാവവും ഇല്ലായ്മ ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി അന്വേഷണം നടത്തി കണ്ടെത്തുന്നതിനും 19 സൈബർ സെല്ലുകളും ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ, സൈബർ ഡോം, സോഷ്യൽ മീഡിയ സെൽ എന്നിവയും പ്രവർത്തിച്ചുവരുന്നു. കൂടാതെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ആസ്ഥാനമായി പുതിയ മൂന്ന് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ പരാതി സമർപ്പിക്കുന്നതിനും അന്വേഷണ സ്ഥിതി അറിയുന്നതിനും പുതുതായി 'തുണ' എന്ന സിറ്റിസൺ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ മുഖാന്തരം പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി.), നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി.), പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആർ.-ന്റെ പകർപ്പ് എന്നിവ ഓൺലൈൻവഴി ലഭ്യമാക്കുവാനും കഴിയും. കാണാതായ വ്യക്തികളുടെ വിവരങ്ങൾ പോലീസിന് നൽകാനും സമ്മേളനങ്ങൾ, ജാഥകൾ, മറ്റ് കലാപരിപാടികൾ എന്നിവ നടത്തുന്നതിനും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നതിനുമുള്ള പോലീസ് അനുവാദം ഓൺലൈൻ അപേക്ഷയിലൂടെ ഇ- പോർട്ടൽവഴി സാധ്യമാകുന്നതാണ്. പൊതുജനങ്ങൾക്ക് സുരക്ഷയ്ക്കായി ഉപയോഗിക്കാവുന്ന 'രക്ഷ', 'ഡയൽ എ കോപ്പ്', 'സിറ്റിസൺ സേഫ്റ്റി' തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ സി.സി.ടി.എൻ.എസ്. സംവിധാനം, ഡിജിറ്റൽ ഫോറൻസിക് സംവിധാനങ്ങൾ, ഓഫീസ് സേവനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് ബീറ്റ് പട്രോൾ തുടങ്ങിയവയും പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള ആധുനീകരണ പ്രവർത്തനങ്ങളാണ്.

(ബി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. സ്റ്റേഷനിൽ വരുന്നവരുടെ പരാതിയും മറ്റും സ്വീകരിക്കുന്നതിനായി പി.ആർ.ഒ. സംവിധാനം, പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം, ജനമൈത്രി പോലീസ്, സീനിയർ സിറ്റിസൺ ഫ്രണ്ട്ലി ഓഫീസർ, വനിതാ ഹെൽപ്പ് ഡെസ്ക്, ഐ.ആപ്സ് പെറ്റീഷൻ സംവിധാനം എന്നീ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നും പൊതുജനങ്ങൾക്ക് മാന്യതയാർന്ന പെരുമാറ്റം ഉറപ്പുവരുത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.-മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയോഗിച്ചും കുറ്റാന്വേഷണ ചുമതലയും ക്രമസമാധാന പരിപാലനവും വിഭജിച്ച് നൽകിയതിലൂടെയും പരാതിക്ക് വേഗത്തിൽ പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ ആഴ്ചയിൽ ഒരിക്കൽ പഞ്ചായത്തിലെത്തി സ്ത്രീകളുടെ പരാതി സ്വീകരിച്ചുവരുന്നു.

(സി) ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരും കുറ്റമറ്റ സ്വഭാവമുള്ളവരും മാത്രമേ പോലീസ് സേനയിൽ നിയമിതരാകുകയുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനായി ഉദ്യോഗാർത്ഥികളുടെ നിയമനത്തിന് മുന്നോടിയായി അന്വേഷണം നടത്തുകയും ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവരുടെ നിയമനം തടയുന്നതിനാവശ്യമായ ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. നിയമനം ലഭിച്ചശേഷം പോലീസുദ്യോഗസ്ഥർ ക്രിമിനൽ സ്വഭാവമുള്ള പ്രവൃത്തികളിലേർപ്പെടുന്നുണ്ടോയെന്നും അഴിമതിയിൽ ഏർപ്പെടുന്നുണ്ടോയെന്നും രഹസ്യാന്വേഷണ വിഭാഗത്തിന്റെ സഹായത്താലും മറ്റും അന്വേഷണം നടത്തിവരുന്നുമുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ നിയമം അനുസരിച്ചുള്ള ശക്തമായ നടപടി സ്വീകരിക്കും.

## പോലീസ് സേനയുടെ നവീകരണം

117(118) <u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പ്രതി ചേർത്ത് കേസ്സെടുത്തിട്ടുണ്ട്;

(ബി) ഓരോരുത്തർക്കുമെതിരെ ചുമത്തിയ വകുപ്പുകൾ ഏതൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) പോലീസ് സേനയിലെ ക്രിമിനൽ സ്വഭാവമുള്ളവരെ ഒറ്റപ്പെടുത്തുന്നതിനും കൃത്യവിലോപം കാണിക്കുന്നവരെ കർശന നടപടികൾക്ക് വിധേയമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) പോലീസ് സേനാംഗങ്ങളെ ജനസേവകരാക്കി മാറ്റിയെടുക്കുന്നതിനും അന്വേഷണത്തിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ആവശ്യമായ പരിശീലനം ട്രെയിനിംഗ് സമയത്തുതന്നെ നൽകുന്നതിനായി നിലവിലുള്ള ട്രെയിനിംഗ് രീതിയിലും പാഠ്യപദ്ധതിയിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) നാളിതുവരെ 9 പോലീസ് ഉദ്യോഗസ്ഥരെ പ്രതിചേർത്ത് കേസ്സെടുത്തിട്ടുണ്ട്.

(ബി) ഇതുവരെയുള്ള അന്വേഷണത്തിൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ 1 മുതൽ 4 വരെയുള്ള പ്രതികൾക്കെതിരെ 323, 342, 302, 34 IPC പ്രകാരമുള്ള വകുപ്പുകളും 5-ാം പ്രതിക്കെതിരെ 342,218 IPC പ്രകാരമുള്ള വകുപ്പുകളും 6 മുതൽ 9 വരെയുള്ള പ്രതിക്കെതിരെ 342 IPC പ്രകാരമുള്ള വകുപ്പുകളും ചുമത്തിയിട്ടുണ്ട്. പ്രസ്തുത കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(സി) സംസ്ഥാനത്ത് പോലീസിലെ മാറ്റങ്ങൾ സ്വാംശീകരിക്കാൻ തയ്യാറല്ലാത്തവരോ ക്രിമിനൽ സ്വഭാവം വച്ചുപുലർത്തുന്നവരോ ആയ പോലീസ് സേനാംഗങ്ങളുടെ പ്രവൃത്തികൾ, പോലീസിന്റെ പ്രതിച്ഛായയ്ക്ക് കളങ്കം ചാർത്തുന്ന പ്രവണതകൾ കുറയ്ക്കുന്നതിനായി എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുള്ളതും കൂടാതെ പോലീസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം സംബന്ധിച്ച് ശരിയായ രീതിയിലുള്ള മേൽനോട്ടവും പരിശോധനകളും അവലോകനങ്ങളും നടത്തി വരികയും ചെയ്യുന്നു. ക്രിമിനൽ സ്വഭാവമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുകയും മറ്റ് വകുപ്പുതല അച്ചടക്ക നടപടികൾക്ക് വിധേയരാക്കുകയും ചെയ്തുവരുന്നു.

(ഡി) ഉദ്ദേശിക്കുന്നുണ്ട്. നിലവിലെ പാഠ്യപദ്ധതിയെക്കുറിച്ചും അതിൽ മാറ്റം വരുത്തേണ്ട ഭാഗങ്ങളെക്കുറിച്ചും വിശദമായി പഠിച്ചുവരുന്നു. പോലീസ് സേനാംഗങ്ങളെ ജനസേവകരാക്കി മാറ്റിയെടുക്കുന്നതിനും അന്വേഷണത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുംവേണ്ടി ഐ.റ്റി. ട്രെയിനിംഗ്, സി.സി.റ്റി.എൻ.എസ്., സൈബർ ഫോറൻസിക്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും BPR&D, MHA, National

Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരുമായി സഹകരിച്ചും നിരവധി ട്രെയിനിംഗ് കോഴ്സുകൾ നിലവിൽ കേരള പോലീസ് അക്കാഡമിയിൽ നടന്നുവരുന്നു. കൂടാതെ ഇതുസംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് 2 ദിവസത്തെ പരിശീലനം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

### സ്കൂൾ കുട്ടികളെ നിറച്ചുകൊണ്ടുപോകുന്ന സ്വകാര്യ വാഹനങ്ങൾ

118(119) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളെ നിറച്ചുകൊണ്ടുപോകുന്ന സ്വകാര്യ ടെമ്പോ, ട്രക്കുകൾ, ഓട്ടോറിക്ഷകൾ, സ്വകാര്യ സ്കൂൾ വാനുകൾ എന്നിവ നിയമ ലംഘനം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് അധികാരപ്പെട്ട വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വകുപ്പുകളിൽ ഏതെല്ലാം വകുപ്പുകൾ ഒറ്റയ്ക്കോ, കൂട്ടായോ രാവിലെയും വൈകുന്നേരവും ഇത്തരം വാഹനങ്ങളിൽ, എത്ര തവണ പരിശോധനകൾ നടത്തിയെന്നും ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കാമോ;

(സി) വാഹന പരിശോധന നടത്തി നിയമലംഘകർക്കെതിരെ നടപടി എടുക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ് എന്നിവയ്ക്കാണ് ഇതിനുള്ള അധികാരം.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വാഹന പരിശോധന നടത്തി നിയമലംഘകർക്കെതിരെ നടപടി എടുക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

### പോലീസ് സ്ക്വാഡുകൾ

119(120) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജില്ലകളിൽ ജില്ലാ പോലീസ് മേധാവികളെ സഹായിക്കുവാൻ പോലീസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെങ്കിലും ജില്ലകളിൽ അനധികൃതമായി പോലീസ് സ്ക്വാഡുകൾ രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് സ്ക്വാഡുകൾ രൂപീകരിക്കുന്നത് ഏത് സർക്കാർ ഉത്തരവിന്റെ പോലീസ് ആക്ടിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) സംസ്ഥാനത്ത് ഒരു ജില്ലയിലും ജില്ലാ പോലീസ് മേധാവികളെ സഹായിക്കാൻ പോലീസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം ആന്റിഗുണ്ടാ സ്ക്വാഡ്, ഓപ്പറേഷൻ കുബേര സ്ക്വാഡ്, ഡിസ്ട്രിക്ട് നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് മേധാവിയുടെ താഴെപ്പറയുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചിപ്പിച്ച സ്ക്വാഡുകൾ രൂപീകരിച്ചത്.

1. ആന്റി ഗുണ്ടാ സ്ക്വാഡ്: Executive Directive No.08/2016 dtd. 1-11-2016
2. ഓപ്പറേഷൻ കുബേര സ്ക്വാഡ്: Executive Directive No.12/2014 dtd. 25-11-2014
3. ഡിസ്ട്രിക്ട് നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ടീം- Executive Directive No.31/2017 dtd. 16-10-2017

ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി *ഉള്ളടക്കം ചെയ്യുന്നു.

**അപ്രഖ്യാപിത ഹർത്താൽ**

120(121) <u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്രഖ്യാപിത ഹർത്താലും അക്രമ സാധ്യതകളും മുൻകൂട്ടി അറിയുന്നതിൽ സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന് ഗുരുതരമായ വീഴ്ച സംഭവിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സോഷ്യൽ മീഡിയവഴി ആഹ്വാനം ചെയ്ത ഹർത്താലിൽ തീവ്രവാദ സ്വഭാവമുള്ളവർ ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഹർത്താലിന് ആഹ്വാനം ചെയ്തവരേയും അക്രമം നടത്തിയവരേയും കണ്ടെത്തിയിട്ടുണ്ടോയെന്നും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) സോഷ്യൽ മീഡിയവഴി ആഹ്വാനം ചെയ്ത ഹർത്താലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 385 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും നാളിതുവരെ 1595 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഇതിൽ 458 പേരെ റിമാന്റ് ചെയ്തിട്ടുള്ളതും ബാക്കിയുള്ളവരെ ജാമ്യ വ്യവസ്ഥയിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ രാഷ്ട്രീയ പ്രവർത്തനം സംബന്ധിച്ച ഹൈക്കോടതി വിധി

121(122) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ പഠിക്കാനാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകുന്നതെന്നും രാഷ്ട്രീയ പ്രവർത്തനത്തിനല്ലായെന്നും അത്തരത്തിൽ കോളേജിനകത്തോ ചുറ്റുമോ പരിസരത്തോ സമരപ്പന്തലുകളോ പിക്കറ്റിങ്ങോ അനുവദിക്കരുതെന്നും അടുത്തിടെ പോലീസിന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ ഇത്തരത്തിലൊരു ഹൈക്കോടതി നിർദ്ദേശം ഉണ്ടാകാനിടയായ സാഹചര്യമെന്തായിരുന്നു; പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഹൈക്കോടതിയുടെ ഈ നിർദ്ദേശത്തെക്കുറിച്ചുള്ള സർക്കാർ നിലപാട് അറിയിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി ഇത്തരത്തിലൊരു നിരീക്ഷണം നടത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മലപ്പുറം ജില്ലയിൽ പൊന്നാനി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള എം.ഇ.എസ്. കോളേജിന് മുന്നിൽ വിദ്യാർത്ഥികൾ പന്തൽകെട്ടി സമരം ചെയ്തതിനെതിരെ ടി കോളേജിലെ പ്രിൻസിപ്പൽ നൽകിയ പരാതി പ്രകാരം കോളേജിലെ 9 വിദ്യാർത്ഥികൾക്കെതിരെ പൊന്നാനി പി.എസ്. ക്രൈം നമ്പർ 257/17 u/s 143, 147, 148, 452, 324, 427, 294 (b), 506 (1) r/w 149 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും കേസ്സുമായി ബന്ധപ്പെട്ട് കുട്ടികളെ മാനേജ്മെന്റ് പുറത്താക്കുകയും തുടർന്ന് മാനേജ്മെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്യുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത കേസ്സ് പരിഗണിക്കവേയാണ് ഇത്തരത്തിൽ ഒരു പരാമർശം നടത്തിയിട്ടുള്ളത്. ഹൈക്കോടതി ഇപ്രകാരം ഒരു വിധി പ്രസ്താവം നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഈ വിഷയത്തിൽ നിലപാട് അറിയിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

## പോലീസുദ്യോഗസ്ഥരുടെ ജോലിഭാരവും ആരോഗ്യ പ്രശ്നങ്ങളും സംബന്ധിച്ച് പഠനം

122(123) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുദ്യോഗസ്ഥരുടെ ജോലിഭാരവും അവർ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളും ശാസ്ത്രീയമായി പഠിക്കാൻ എന്തെങ്കിലും സംവിധാനം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, അത്തരം പഠനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പോലീസുദ്യോഗസ്ഥരുടെ ജോലിഭാരവും അവർ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളും ശാസ്ത്രീയമായി പഠിക്കാനുള്ള സംവിധാനം നിലവിലില്ല. എന്നാൽ മാനസിക സംഘർഷം കുറയ്ക്കുന്നതിനുവേണ്ടി അത്തരം ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്ക് കൗൺസിലിംഗ് നടത്തുവാനും പോലീസ് ഉദ്യോഗസ്ഥർ മാസത്തിൽ ഒരു തവണ അടുത്തുള്ള പബ്ലിക് ഹെൽത്ത് സെന്ററിലോ സർക്കാർ ആശുപത്രിയിലോ പോയി മെഡിക്കൽ പരിശോധന നടത്തണമെന്നുള്ള (Shape Programme) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഇക്കാര്യത്തിൽ സാഹചര്യങ്ങളുടെ ആവശ്യകതയനുസരിച്ചുള്ള നയസമീപനങ്ങൾ അനുവർത്തിക്കുന്നതാണ്.

## ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് പി.എസ്.ഒ.

123(124) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിലെ ഐ.പി.എസ്.-കാരായ ഉദ്യോഗസ്ഥർക്ക് എത്ര പോലീസുകാരെയാണ് സ്വകാര്യ സഹായികളായി (പി.എസ്.ഒ.) അനുവദിച്ച് നൽകിയിരുന്നത്; ഇതിനാധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഐ.പി.എസ്.-കാരായ ഉദ്യോഗസ്ഥർ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ മേധാവികളായോ ഉപമേധാവികളായോ നിയമിക്കപ്പെടുമ്പോൾ ആഭ്യന്തര വകുപ്പിൽ സേവനമനുഷ്ഠിച്ചിരുന്നപ്പോൾ അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾ എല്ലാം അതേപടി നിലനിർത്താറുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിക്കുമ്പോൾ എത്ര പോലീസുകാരെയാണ് സ്വകാര്യ സഹായികളായി (പി.എസ്.ഒ.) അനുവദിച്ച് നൽകുന്നത്; ഇപ്രകാരം സഹായികളെ അനുവദിക്കുന്നതിന് ആധാരമായ സർക്കുലർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പി.എസ്.ഒ.-മാരായി നിയമിക്കുന്നതിന് പോലീസുകാരെ തെരഞ്ഞെടുക്കുന്നത് നീതിപൂർവ്വമാണെന്ന് ഉറപ്പാക്കുവാൻ എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; ഇല്ലെങ്കിൽ അപ്രകാരമുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 3/2002 പ്രകാരം പോലീസ് ഉദ്യോഗസ്ഥർക്ക് താഴെപ്പറയുന്ന പ്രകാരം PSG/PSO-മാരുടെ സേവനം നൽകിവരുന്നു.

1) ഡിവൈ.എസ്.പി.- പോലീസ് കോൺസ്റ്റബിൾ - 1

2) പോലീസ് സൂപ്രണ്ട് - പോലീസ് കോൺസ്റ്റബിൾ - 2

3) ഡി.ഐ.ജി-യും അതിനുമുകളിലും - പോലീസ് കോൺസ്റ്റബിൾ/H.C.-2

(ബി) ഓൾ ഇന്ത്യ സർവ്വീസ് അലവൻസ് ഒഴികെ മറ്റെല്ലാ ആനുകൂല്യങ്ങളും നിയമിക്കപ്പെട്ട സ്ഥാപനത്തിൽ നിന്നാണ് നൽകുന്നത്.

(സി&ഡി) ഐ.പി.എസ്. ഉദ്യോഗസ്ഥർ പൊതുമേഖലാ സ്ഥാപനത്തിൽ നിയമിക്കപ്പെടുമ്പോൾ പി.എസ്.ഒ.-മാരെ അനുവദിച്ചുനൽകുന്നതിനെ സംബന്ധിച്ച്

നിലവിൽ സർക്കുലറുകൾ ഒന്നുംതന്നെ ഇല്ല. എന്നാൽ സംസ്ഥാന സെക്യൂരിറ്റി ക്ലാസ്സിഫിക്കേഷൻ പ്രകാരം സുരക്ഷ നൽകുന്നതിനായി നിയോഗിക്കപ്പെടുന്ന സുരക്ഷാ ഉദ്യോഗസ്ഥരെ, ഓരോ വി.ഐ.പി.-ക്കും നിലവിലുള്ള സുരക്ഷാ ഭീഷണി കണക്കിലെടുത്ത് അതിൻപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്കെയിൽ അനുസരിച്ചാണ് നിയമിച്ചുവരുന്നത്.

## കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ്

124(125) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിനായി രൂപീകരിച്ച കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് പ്രത്യേക സേനക്കാർ നേരിടുന്ന അതേ ഭീഷണി തന്നെ മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിലെ പോലീസ് സേനക്കാരും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവോയിസ്റ്റ് ഭീഷണി നേരിടുന്ന പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന മറ്റ് പോലീസുകാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെ ഇന്റലിജൻസ് വിഭാഗം വിപുലീകരിക്കുവാനോ പുനഃക്രമീകരിക്കുവാനോ ഉദ്ദേശിക്കുന്നുണ്ടോ; സന്നദ്ധമായവരെ കൂടി പ്രസ്തുത സ്ക്വാഡിൽ ഉൾപ്പെടുത്തുന്നതിൽ സർക്കാരിന്റെ അഭിപ്രായം വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

## കേരള പോലീസ് അസോസിയേഷൻ പ്രവർത്തനം

125(126) ശ്രീ. പി. കെ. അബ്ദു റബ്ബ്
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. അബ്ദുൽ ഹമീദ്. പി.
ശ്രീ. എൻ . എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയം പാടില്ല എന്ന വ്യവസ്ഥ പാലിക്കാതെ കേരള പോലീസ്

അസോസിയേഷൻ പ്രവർത്തിക്കുന്നതായി ഇന്റലിജൻസ് മുന്നറിയിപ്പ് നൽകിയിരുന്നുവോ;

(ബി) അസോസിയേഷന്റെ സമ്മേളനങ്ങളിൽ രക്തസാക്ഷി സ്തൂപങ്ങൾ നിർമ്മിച്ച് മുദ്രാവാക്യം വിളിച്ചതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസിന്റെ ക്ഷേമം ലക്ഷ്യമാക്കി സ്വതന്ത്ര സംവിധാനത്തോടെ അസോസിയേഷന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പോലീസിന്റെ ക്ഷേമം ലക്ഷ്യമാക്കി സ്വതന്ത്ര സംവിധാനമായാണ് നിലവിൽ അസോസിയേഷന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നത്.

## കേരള പോലീസ് ആക്ടിൽ വരുത്തിയ ഭേദഗതികൾ

126(127) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആക്ടിൽ വരുത്തിയ ഭേദഗതികൾക്കനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഭേദഗതികൾക്ക് അനുസരിച്ച് ചട്ടങ്ങൾ തയ്യാറാക്കുന്നതിൽ വീഴ്ച വന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വീഴ്ചയുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ചട്ടങ്ങൾ തയ്യാറാക്കുന്നവർക്ക് വ്യക്തമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) 12-12-2017-ലെ സി4/146704/2017 കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച കേരള പോലീസ് ആക്ടിന്റെ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള കരട് ചട്ടങ്ങൾ ആഭ്യന്തര വകുപ്പ് പരിശോധിച്ചുവരുന്നു.

## റൂറൽ ടൈഗർ ഫോഴ്സ്

127(128) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം റൂറൽ എസ്.പി. ഓഫീസിന് കീഴിൽ റൂറൽ ടൈഗർ ഫോഴ്സ് എന്നാണ് രൂപവൽക്കരിച്ചത്; അതിൽ എത്രപേരെയാണ് ഉൾക്കൊള്ളിച്ചിരുന്നത്; അവരുടെ സെലക്ഷൻ എപ്രകാരമായിരുന്നു;

(ബി) റൂറൽ ടൈഗർ ഫോഴ്സ് ഏതൊക്കെ കേസ്സുകളിലെ പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്; പ്രാദേശിക സ്റ്റേഷനുകളിലെ എസ്.ഐ.-യെയോ സി.ഐ.-യെയോ അറിയിക്കാതെയാണ് ടൈഗർ ഫോഴ്സ് പ്രതികളെ കസ്റ്റഡിയിലെടുത്തിരുന്നത് എന്ന ആക്ഷേപം വസ്തുതാപരമാണോ;

(സി) ടൈഗർ ഫോഴ്സിലെ എത്ര പോലീസുകാർക്കാണ് ഗുഡ് സർവ്വീസ് എൻട്രി ലഭിച്ചിട്ടുള്ളത്; ഓരോരുത്തർക്കും ഈ ഫോഴ്സിലെത്തിയശേഷം ലഭിച്ച ക്യാഷ് റിവാർഡ്/ജി.എസ്.സി.-കളുടെ വിശദാംശം നൽകുമോ;

(ഡി) എസ്.പി.-ക്ക് നേരിട്ട് ലഭിക്കുന്ന പരാതികളിലും രാഷ്ട്രീയ നേതൃത്വം ആവശ്യപ്പെടുന്ന സംഭവങ്ങളിലും പ്രതികളെ പിടികൂടുവാൻ ഈ ഫോഴ്സിന് ചുമതല നൽകിയിട്ടുണ്ടോ;

(ഇ) റൂറൽ എസ്.പി. അറിയാതെയും അദ്ദേഹത്തിന്റെ നിർദ്ദേശമില്ലാതെയും റൂറൽ ടൈഗർ ഫോഴ്സ് ഏതെങ്കിലും കേസ്സിൽ ഇടപെട്ടതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കേസ്സുകളിലാണെന്ന് വ്യക്തമാക്കുമോ;

(എഫ്) എറണാകുളം റൂറൽ ടൈഗർ ഫോഴ്സ് പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; നിയമവിരുദ്ധമായിട്ടാണ് പ്രസ്തുത ഫോഴ്സ് രൂപീകരിച്ചതെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നെടുമ്പാശ്ശേരി Film Actress Abduction കേസ്സിനുശേഷം കവർച്ച, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും ദേശീയ പാതകൾ പ്രത്യേകം നിരീക്ഷിക്കുന്നതിനുമായി 24-2-2017 തീയതിയിൽ ജില്ലയിൽ 21 പേരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡ് രൂപികരിച്ചിട്ടുള്ളതാണ്. സേനാംഗങ്ങളിൽനിന്നും നേരിട്ട് തെരഞ്ഞെടുത്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്ക്വാഡ് വിവിധ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെ കസ്റ്റഡിയിൽ എടുക്കുന്നതിന് സഹായിക്കാറുണ്ട്. എസ്.ഐ.-യെയോ സി.ഐ.-യെയോ അറിയിക്കാതെ പ്രതികളെ അറസ്റ്റ് ചെയ്തതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു+.

(ഡി) ചുമതല നൽകിയിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) 24-2-2017-ൽ രൂപീകരിച്ച സ്ക്വാഡ് 13-4-2018-ൽ പിരിച്ചുവിട്ടിട്ടുള്ളതാണ്. വരാപ്പുഴ പി.എസ്. ക്രൈം നമ്പർ 312/2018, 310/2018 എന്നീ കേസ്സുകളിലേയ്ക്ക് ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തതുമായി ബന്ധപ്പെട്ട് ടി സ്ക്വാഡിനെതിരെ ആരോപണം ഉണ്ടായതിനെത്തുടർന്ന് ടി സ്ക്വാഡിനെ പരിച്ചുവിട്ടിട്ടുണ്ട്. ടൈഗർ ഫോഴ്സ് എന്ന പേരിൽ ഔദ്യോഗികമായി ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടില്ല. മറ്റ് കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

**റൂറൽ ടൈഗർ ഫോഴ്സ്**

128(129) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം റൂറൽ എസ്.പി.-യുടെ കീഴിൽ റൂറൽ ടൈഗർ ഫോഴ്സ് (RTF) രൂപീകരിച്ചത് സർക്കാർ അനുമതിയോടുകൂടിയാണോ എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരമുള്ള സേനകൾ ജില്ലാ പോലീസ് മേധാവികളുടേയും സിറ്റി പോലീസ് കമ്മീഷണർമാരുടേയും കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) സർക്കാർ അനുമതിയില്ലാതെ ഇങ്ങനെയുള്ള സേനകൾ രൂപീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ടൈഗർ ഫോഴ്സ് എന്ന പേരിൽ ഔദ്യോഗികമായി ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടില്ല. മറ്റ് കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു. നിലവിൽ ഇത്തരത്തിലുള്ള സ്ക്വാഡ് പ്രവർത്തിച്ചുവരുന്നില്ല. എന്നാൽ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിനും മയക്കുമരുന്ന് കടത്തുന്നവരെ കണ്ടെത്തുന്നതിനുമായി ജില്ലാ ആന്റീ നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡൻസാഫ്) രൂപീകരിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്പെഷ്യൽ ജുവനൈൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

## പോലീസ് സേനയുടെ പ്രവർത്തനം ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

129(130) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജനമൈത്രി പോലീസ് പദ്ധതി ആവിഷ്കരിച്ചതിനുശേഷം പോലീസ് സേനയിൽ ഉണ്ടായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്. മികച്ച സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന്റെ ഭാഗമായി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജി.ഡി. രേഖപ്പെടുത്തുന്നതിനും സി.സി.ടി.എൻ.എസ്. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ iAPS സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യാവുന്നതും അവർക്ക് നിജസ്ഥിതി അറിയുന്നതിന് കിയോസ്കുകൾവഴി സാധിക്കുന്നതുമാണ്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി എഫ്.ഐ.ആർ. പൊതുജനങ്ങൾക്ക് കേരള പോലീസിന്റെ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് പോലിസ് സ്റ്റേഷനിൽ എത്താതെ പരാതി സമർപ്പിക്കുന്നതിനും അന്വേഷണ സ്ഥിതി അറിയുന്നതിനും പുതുതായി 'തുണ' എന്ന സിറ്റിസൺ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പരാതിയും മറ്റും സ്വീകരിക്കുന്നതിന് പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ. സംവിധാനം, റിസപ്ഷൻ സംവിധാനം, സീനിയർ സിറ്റിസൺ ഫ്രണ്ട്ലി ഓഫീസർ, വനിതാ ഹെൽപ്പ് ഡെസ്ക് തുടങ്ങി നിരവധി സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകിവരുന്നുണ്ട്.

(ബി&സി) സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല. സംസ്ഥാന പോലീസ് മേധാവി തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. ജനമൈത്രി പോലീസ് പദ്ധതി ആവിഷ്കരിച്ചശേഷം പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ജനങ്ങൾക്ക് നിർഭയമായി കടന്നുചെല്ലുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനും വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ജനങ്ങളുടെ സുരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾ ജനമൈത്രി ബീറ്റ് ഓഫീസർ മുഖാന്തരം മുൻകൂട്ടി അറിഞ്ഞ് നടപടി സ്വീകരിക്കുന്നതിനും മോഷണ കേസ്സുകളുടെ എണ്ണം കുറയ്ക്കുന്നതിനും ജനമൈത്രി സുരക്ഷ ആവിഷ്കരിച്ചശേഷം സാധിച്ചിട്ടുണ്ട്.

## പോലീസ് അസോസിയേഷൻ സമ്മേളനം

130(131) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് അസോസിയേഷൻ സമ്മേളനം രാഷ്ട്രീയവൽക്കരിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

(ബി) എങ്കിൽ അത് പരിഹരിക്കാൻ ചെയ്ത കാര്യങ്ങൾ വിവരിക്കാമോ;

(സി) പോലീസ് അസോസിയേഷൻ സമ്മേളനങ്ങളിൽ സ്തൂപം സ്ഥാപിക്കൽ, രക്തസാക്ഷികൾക്ക് അഭിവാദ്യമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ നിലവിലെ നിബന്ധനകൾ പ്രകാരം അനുവദനീയമാണോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) പോലീസ് അസോസിയേഷൻ സമ്മേളനങ്ങൾക്ക് നിഷ്കർഷിച്ച മാനദണ്ഡങ്ങൾ/ചട്ടങ്ങൾ എന്നിവ സൂചിപ്പിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പോലീസ് അസോസിയേഷൻ സമ്മേളനങ്ങളിൽ സ്തൂപം സ്ഥാപിക്കൽ, രക്തസാക്ഷികൾക്ക് അഭിവാദ്യമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ നിലവിലുള്ള നിയമങ്ങളുടെ ലംഘനമാകുന്നില്ല.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോലീസ് അസോസിയേഷനിലെ രാഷ്ട്രീയം

131(132) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് അസോസിയേഷനുകളിൽ രാഷ്ട്രീയ അതിപ്രസരം വർദ്ധിക്കുന്നു എന്നുള്ള ഇന്റലിജൻസ് റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം ഒരു റിപ്പോർട്ട് ഇന്റലിജൻസ് നൽകാനിടയായിട്ടുള്ള സാഹചര്യം എന്താണെന്നതിന്റെ വിശദാംശം നൽകുമോ;

(സി) പോലീസ് അസോസിയേഷൻ സമ്മേളനങ്ങളിൽ ഏതെങ്കിലും രാഷ്ട്രീയ ചേരിക്കനുകൂലമായ നിലപാടുകൾ കൈക്കൊള്ളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## പോലീസ് ഉദ്യോസ്ഥരുടെ പേരിലുള്ള പരാതികൾ

132(133) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരപരാധികളെ കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിച്ചുവെന്ന 2016 ജനുവരി മുതലുള്ള പരാതികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; പോലീസ് സ്റ്റേഷനും ഓഫീസും തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; നിരപരാധികളെ മർദ്ദിക്കുകയും കള്ളക്കേസ്സുകൾ ചുമത്തുകയും ചെയ്തത് സംബന്ധിച്ച പരാതികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) ആഭ്യന്തരവകുപ്പിലും സംസ്ഥാന പോലീസ് വകുപ്പ് മേധാവിയുടെ ഓഫീസിലും പോലീസ് കംപ്ലെയിന്റ് അതോറിറ്റിയിലും വിവിധ ഓഫീസുകളിലും പോലീസ് ഉദ്യോഗസ്ഥരുടെ പേരിലുള്ള പരാതികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) പരാതികളുടെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും സ്വീകരിച്ച അച്ചടക്കനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; ഇനിയും നടപടികൾ സ്വീകരിക്കാനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട്; ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പരാതികളിൽ പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥനെക്കൊണ്ടുതന്നെ പരാതി അന്വേഷിപ്പിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ; പരിശോധിക്കുമോ;

(ഇ) അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ വിശദമായ വിവരം ലഭ്യമാക്കുമോ; അന്വേഷണം നേരിടുന്നവരിൽ എത്ര പേരുടെ മേലുള്ള നടപടി തീർപ്പാക്കിയിട്ടുണ്ട്;

(എഫ്) അന്വേഷണം നേരിടുന്നവരുടെ പേര് വിവരം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റിയെ അറിയിച്ചിട്ടില്ലെന്ന പരാതി പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ജി) അച്ചടക്ക നടപടി തീർപ്പാക്കിയിട്ടില്ലാത്തവരുടെ പേരുകൾ ഡി.പി.സി.-യിൽനിന്ന് ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ജി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

### സംസ്ഥാന പോലീസ് സേനയിലെ സമാന്തര സേനകളും സ്ക്വാഡുകളും

133(134) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ ഏതെല്ലാം തരത്തിലുള്ള സമാന്തര സേനകളും സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ടൈഗർ ഫോഴ്സ് എന്ന പേരിൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; ഇത് സർക്കാർ അനുമതിയോടെയാണോ; ചട്ടപ്രകാരമല്ലെങ്കിൽ ആരാണ് ഇത്തരത്തിൽ സ്ക്വാഡ് രൂപീകരിക്കാൻ ഉത്തരവ് നൽകിയത്; എന്തെല്ലാം അധികാരങ്ങളാണ് ഈ സ്ക്വാഡിന് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാന പോലീസ് സേനയിൽ സർക്കാർ അനുമതി കൂടാതെയുള്ള അന്വേഷണ സംഘങ്ങൾ/സ്ക്വാഡുകൾ രൂപീകരിക്കുന്ന പ്രവണത തടയുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന പോലീസ് സേനയിൽ സമാന്തര സേനകൾ രൂപീകരിച്ചിട്ടില്ല. സൈബർ സെൽ, വനിതാ സെൽ, ബോംബ് ഡിറ്റക്ഷൻ & ഡിസ്പോസൽ സ്ക്വാഡ്, കേരള ആന്റി ടെറർ സ്ക്വാഡ് തുടങ്ങിയ സ്ക്വാഡ്/സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ടൈഗർ ഫോഴ്സ് എന്ന പേരിൽ ഔദ്യോഗികമായി ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

## പോലീസ് സേന പരിശീലനം

134(135) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിലെ പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് എന്തെങ്കിലും ആലോചനകൾ നടക്കുന്നുണ്ടോ ; എങ്കിൽ ഇത് ഏതുരീതിയിൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) സംസ്ഥാനത്ത് കസ്റ്റഡിമരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോലിസിന്റെ പെരുമാറ്റത്തിലൂടെ പൊതുജന ബന്ധം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ രീതിയിൽ പാഠ്യപദ്ധതിയും പരിശീലനവും പരിഷ്കരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പോലീസ് സേനയിലെ പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് കേരള പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും വച്ച് പോലീസുകാർക്ക് അറസ്റ്റ് & കസ്റ്റോഡിയൽ മാനേജ്മെന്റ് എന്ന വിഷയത്തിൽ പരിശീലനം നടത്തിവരുന്നു. ജി.ഒ. (പി) നമ്പർ 131/17/ ആഭ്യന്തരം തീയതി 17/10/2017 പ്രകാരം പോലീസ് സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പ്രായോഗിക പരിശീലന കാലഘട്ടം അന്ന് നിലവിലിരുന്ന 485 ദിവസത്തിൽനിന്നും 680 ദിവസത്തിലേയ്ക്ക് ഉയർത്തിയിട്ടുമുണ്ട്.

(ബി) പഠന പദ്ധതികൾ പരിഷ്കരിക്കുന്നതിനും പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രശ്ന നിവൃത്തിക്കായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പൊതുജനങ്ങളോട് മാന്യമായ രീതിയിൽ പെരുമാറണമെന്നും പ്രശ്ന പരിഹാരാർത്ഥം നിയമ വ്യവസ്ഥിതിയിൽനിന്നുകൊണ്ടുള്ള നടപടി കൈക്കൊള്ളണമെന്നുമുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്.

## പോലീസ് അസോസിയേഷൻ

135(136) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേന രാഷ്ട്രീയ പക്ഷപാതം കാണിക്കുന്നതായും,

രാഷ്ട്രീയക്കാരുടെ നിർദ്ദേശങ്ങൾക്ക് വഴങ്ങി നിരപരാധികളെപ്പോലും കള്ളക്കേസ്സിൽ കുടുക്കി ക്രൂരമായി മർദ്ദിക്കുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ, പോലീസ് അസോസിയേഷൻ എന്നിവയിലെ അംഗങ്ങൾക്ക് ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ ലേബലിൽ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) കോട്ടയത്ത് വച്ച് നടന്ന പോലീസ് ഓഫീസേഴ്സ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിൽ പോലീസുദ്യോഗസ്ഥർ കൂട്ടമായി ചുവന്ന ഷർട്ട് ധരിച്ച് പങ്കെടുത്തതും രക്തസാക്ഷി മണ്ഡപം സ്ഥാപിച്ച് മുദ്രാവാക്യം വിളിച്ചതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് ചട്ടപ്രകാരം അനുവദനീയമാണോ; ഇല്ലെങ്കിൽ പ്രസ്തുത അസോസിയേഷൻ ഭാരവാഹികളിൽനിന്നും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനുമതി നൽകിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

**പോലീസ് അസോസിയേഷൻ ജില്ലാ സമ്മേളനങ്ങൾ**

136(137) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയം പാടില്ലെന്ന വ്യവസ്ഥ കാറ്റിൽ പറത്തി കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷനിലും, പോലീസ് അസോസിയേഷനിലും രാഷ്ട്രീയ അതിപ്രസരം നടമാടുന്നതായി സംസ്ഥാന ഇന്റലിജൻസ് മേധാവി സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പോലീസ് അസോസിയേഷൻ ജില്ലാ സമ്മേളനങ്ങളിൽ രക്തസാക്ഷി സ്തൂപങ്ങൾ നിർമ്മിച്ച് ഇൻക്വിലാബ് സിന്ദാബാദ് വിളിക്കുന്നതായും അസോസിയേഷന്റെ എംബ്ലത്തിന്റെ കളർ മാറ്റിയതുമായുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസ് അസോസിയേഷൻ ജില്ലാ സമ്മേളനങ്ങളിൽ ഔദ്യോഗിക പദവിയില്ലാത്ത ഭരണകക്ഷിയുടെ ജില്ലാ നേതാക്കൾ പ്രസംഗിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; കോട്ടയം ജില്ലയിലെ സമ്മേളനത്തിൽ സി. പി. എം. കോട്ടയം ജില്ലാ സെക്രട്ടറി പങ്കെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് ക്രമപ്രകാരമാണോ;

(ഡി) പോലീസ് സേനയിലെ രാഷ്ട്രീയ അതിപ്രസരം തടയുന്നതിനും സേനയിൽ അച്ചടക്കം നിലനിർത്തുന്നതിനും എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അത്തരമൊരു റിപ്പോർട്ട് നൽകിയിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരിശോധിച്ചുവരുന്നു.

(ഡി) സർക്കാരിൽനിന്നും പോലീസ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ കർശനമായി പാലിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജുവനൈൽ സെൽ**

137(138) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ജുവനൈൽ സെൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) നിലവിൽ എവിടെയൊക്കെയാണ് ഇത്തരം സെല്ലുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ജുവനൈൽ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കുവാനും ജുവനൈൽ കുറ്റകൃത്യങ്ങളിൽ കാലതാമസമില്ലാതെ നടപടികൾ സ്വീകരിക്കുവാനും എന്തൊക്കെ പ്രവർത്തനങ്ങളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കോട്ടയം, എറണാകുളം റൂറൽ, ഇടുക്കി, തൃശ്ശൂർ സിറ്റി, വയനാട് എന്നീ ജില്ലകളിലെ പോലീസ് സ്റ്റേഷനുകളിൽ ജവവനൈൽ സെൽ പ്രവർത്തിച്ചുവരുന്നുണ്ട്. (ഡാമിന്റെ സുരക്ഷയ്ക്ക് മാത്രമായി രൂപീകരിച്ചിട്ടുള്ള മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനിൽ ജുവനൈൽ സെൽ പ്രവർത്തിക്കുന്നില്ല.)

(സി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ജുവനൈൽ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കും ജുവനൈൽ കുറ്റകൃത്യങ്ങളിൽ കാലതാമസം ഇല്ലാതെ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരേയും ജുവനൈൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട് വരുന്ന കേസ്സുകളിൽ കൂടുതൽ കൃത്യതയോടെയും വേഗത്തിലും നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലയിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, അഗതി മന്ദിരങ്ങൾ, ചിൽഡ്രൻസ് ഹോം തുടങ്ങിയവ സന്ദർശിച്ച് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ചാലക്കുടി പോലീസ് സ്റ്റേഷൻ**

138(139) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മികച്ച പോലീസ് സ്റ്റേഷനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചാലക്കുടിയിലെ മുഴുവൻ പോലീസ് ഓഫീസുകളും ഒരു കെട്ടിടസമുച്ചയത്തിൻ കീഴിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) ചാലക്കുടി പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ചുള്ള ശിപാർശ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

**കോഴിക്കോട് പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ**

139(140) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പന്തീരങ്കാവിൽ ആരംഭിക്കുന്നതിന് തീരുമാനിച്ച പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുവാൻ കെട്ടിടമുൾപ്പെടെയുള്ള സൗകര്യങ്ങൾ സജ്ജമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പോലീസ് സ്റ്റേഷനിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി പന്തീരങ്കാവ് പോലീസ് സ്റ്റേഷൻ ഉദ്ഘാടനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) ഉണ്ട്. കോഴിക്കോട് പന്തീരങ്കാവിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച കരട് വിജ്ഞാപനം, അംഗബലം അനുവദിക്കുന്നതിനുള്ള ശിപാർശ എന്നിവ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**രാഷ്ട്രപതിയുടെ പോലീസ് മെഡൽ**

140(141) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നൽകുന്ന രാഷ്ട്രപതിയുടെ പോലീസ് മെഡലിനുള്ള ശിപാർശ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംസ്ഥാന പോലീസ് വകുപ്പിൽ നിന്നോ സർക്കാരിന്റെ ഭാഗത്ത് നിന്നോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുമൂലം ഈ മെഡൽ നഷ്ടപ്പെടാനുള്ള എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം ശിപാർശ നൽകേണ്ട അന്തിമ തീയതി എന്ന് വരെയായിരുന്നു; സംസ്ഥാന സർക്കാർ ശിപാർശ നൽകിയത് എന്നാണ്; കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ദിവസത്തെ കാലതാമസമുണ്ടായിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ ഏതെല്ലാം അവസരങ്ങളിൽ യഥാസമയം ശിപാർശ നൽകാത്തതുമൂലം സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങൾക്ക് മെഡൽ നഷ്ടമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വീഴ്ച ഉണ്ടായിട്ടില്ല.

(ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ശിപാർശ നൽകേണ്ട അന്തിമ തീയതി 8-6-2018 ആണ്. സംസ്ഥാന സർക്കാർ ശിപാർശ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ 24-5-2018-ന് നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യഥാസമയം ശിപാർശ നൽകാത്തതുമൂലം സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങൾക്ക് മെഡൽ നഷ്ടമായ സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല.

## ഡ്യൂട്ടിക്കിടെ അക്രമത്തിന് ഇരയായ പോലീസ് ഉദ്യോഗസ്ഥർ

141(142) <u>ശ്രീ. എം. ഉമ്മർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂട്ടിക്കിടെ അക്രമത്തിന് ഇരയായി സേവനം തുടരാൻ കഴിയാതെ കിടപ്പിലായ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ട്;

(ബി) ക്രമസമാധാന പാലനത്തിനിടയിലോ മറ്റ് ഡ്യൂട്ടികൾക്കിടയിലോ ഏതെങ്കിലും തരത്തിലുള്ള അക്രമങ്ങൾക്ക് ഇരയായി ജോലി ചെയ്യാൻ കഴിയാത്ത പോലീസ് ഉദ്യോഗസ്ഥർക്ക് മതിയായ ആനുകൂല്യം നൽകുന്നതിനോ ചികിത്സാ ചെലവുകൾ വഹിക്കുന്നതിനോ നടപടി സ്വീകരിക്കാറുണ്ടോ;

(സി) ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർക്ക് നിലവിൽ എന്തെല്ലാം പ്രത്യേക സഹായങ്ങളാണ് നൽകി വരുന്നത്; ഇത്തരം ഉദ്യോഗസ്ഥർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമായ വിവരം അനുസരിച്ച് കണ്ണൂർ ജില്ലയിലെ പരിയാരം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്.ഐ. 3898 കെ.എം. രാജൻ ഡ്യൂട്ടിക്കിടെ അക്രമത്തിനിരയായി കിടപ്പിലാണ്.

(ബി) ക്രമസമാധാന പാലനത്തിനിടയിലോ മറ്റ് ഡ്യൂട്ടികൾക്കിടയിലോ അക്രമങ്ങൾക്കിരയാകുന്ന പക്ഷം അടിയന്തരമായി ധനസഹായം നൽകുന്നതിനും ചികിത്സാ ചെലവ് വഹിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) കേരള പോലീസ് വെൽഫെയർ ബ്യൂറോ, കേരള പോലീസ് വെൽഫെയർ ആന്റ് അമിനിറ്റി ഫണ്ട് എന്നീ ഫണ്ടുകളിൽനിന്നും അവർക്കർഹതപ്പെട്ട ധനഹായം നൽകിവരുന്നു. കൂടാതെ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയും പലിശരഹിത മെഡിക്കൽ വായ്പയ്ക്കുള്ള അപേക്ഷയും അടിയന്തര പ്രാധാന്യത്തോടെ തീർപ്പാക്കാറുണ്ട്. ഇത്തരം ഉദ്യോഗസ്ഥർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

## നേമം നിയോജകമണ്ഡലത്തിലെ എസ്.പി.സി. യൂണിറ്റുകൾ

142(143) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ എസ്.പി. സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽനിന്നും എസ്.പി. സി. യൂണിറ്റിനായുള്ള അപേക്ഷകൾ പരിഗണനയിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന മൂന്ന് സ്കൂളുകളിൽ നിലവിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

1. ഗവ. ഹൈസ്കൂൾ, വാഴമുട്ടം
2. ഗവ. ഹൈസ്കൂൾ, ചാല
3. ചിന്നമ്മ മെമ്മോറിയൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, പൂജപ്പുര

(ബി) പ്രസ്തുത നിയോജക മണ്ഡലത്തിലെ ബി.എൻ.വി.വി. എച്ച്.എസ്.എസ്., തിരുവല്ലം, ഗവ. ഗേൾസ് എച്ച്.എസ്.എസ്. കരമന എന്നീ സ്കൂളുകൾ 2017-ൽ എസ്.പി.സി. പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിൽ ഗവ. ഗേൾസ് എച്ച്.എസ്.എസ്. കരമന സ്കൂളിന് എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

143 (144) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) മാനന്തവാടി മണ്ഡലത്തിൽ നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുള്ള സ്കൂളുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു*.

(സി) മാനന്തവാടി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

1. ജി.എച്ച്.എസ്.എസ്. കാട്ടിക്കുളം
2. ജി.എച്ച്.എസ്.എസ്. തരുവണ
3. ഗവ. എച്ച്.എസ്.എസ്. പുളിഞ്ഞാൽ
4. ഗവ. എച്ച്.എസ്.എസ്. തലപ്പുഴ
5. ജി.എം.ആർ.എച്ച്.എസ്.എസ്., നല്ലൂർനാട്
6. ജി.എം.ആർ.എച്ച്.എസ്.എസ്. ആശ്രമം സ്കൂൾ, തിരുനെല്ലി
7. ജി.എച്ച്.എസ്.എസ്. വെള്ളമുണ്ട
8. ഗവ. എച്ച്. എസ്.എസ്. മാനന്തവാടി
9. എച്ച്.എസ്.എസ്. സെന്റ് കാതറിൻസ്, പയ്യമ്പള്ളി

മേൽപ്പറഞ്ഞവ കൂടാതെ പുതുതായി മൂന്ന് സ്കൂളുകളിൽകൂടി (ജി.എച്ച്.എസ്.എസ്., വാളാട്, ജി.എച്ച്.എസ്.എസ്. പനമരം, ജി.എച്ച്.എസ്.എസ്. ആറാട്ടുതറ) എസ്.പി.സി. യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

## വെറ്റിലപ്പാറ ഹയർ സെക്കണ്ടറി സ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

144(145) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളായ വെറ്റിലപ്പാറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നേരത്തേ അനുവദിച്ചിരുന്ന 'സ്റ്റുഡന്റ് പോലീസ് കേഡറ്റ്' ഇനിയും അരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ കൂടുതലായി പഠിക്കുന്ന പ്രസ്തുത സ്കൂളിൽ എസ്.പി.സി. ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിവാക്കി എസ്.പി.സി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ വെറ്റിലപ്പാറ ഗവൺമെന്റ് ഹൈസ്കൂളിൽ 2015-16 അദ്ധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിച്ച് നൽകുകയും പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ടി സ്കൂളിലെ പ്രധാന അദ്ധ്യാപികയും മറ്റ് രണ്ട് അദ്ധ്യാപകർക്കും രണ്ട് പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി സ്കൂളിൽ കുട്ടികളുടെ അഭാവംമൂലം പദ്ധതി ആരംഭിക്കുന്നതിന് താൽപ്പര്യമില്ലെന്ന് സ്കൂൾ അധികൃതർ ബന്ധപ്പെട്ട ജില്ലാ അധികാരികളെ അറിയിച്ചതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സ്കൂൾ അധികൃതർ സന്നദ്ധത അറിയിക്കുന്ന പക്ഷം ടി സ്കൂളിൽ പദ്ധതി ആരംഭിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുംതന്നെയില്ല.

**ആഭ്യന്തര വകുപ്പിൽ അനുവദിച്ച പുതിയ തസ്തികകൾ**

145(146) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആഭ്യന്തര വകുപ്പിൽ എത്ര തസ്തികകളാണ് പുതുതായി അനുവദിച്ചതെന്ന് വിശദമാക്കാമോ ;

(ബി) പോലീസ് സ്റ്റേഷനുകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയോഗിച്ചതിനെ തുടർന്ന് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആഭ്യന്തര വകുപ്പിൻകീഴിലുള്ള ജയിൽ വകുപ്പിൽ 308-ഉം ഫയർ ആന്റ് റെസ്ക്യൂവിൽ 85-ഉം പോലീസിൽ 2336-ഉം ചീഫ് കെമിക്കൽ എക്സാമിനറുടെ ഓഫീസിൽ 3-ഉം സ്ഥിര തസ്തികകളും പോലീസിൽ 240 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമെ പോലീസിൽ 1873 താൽക്കാലിക തസ്തികകൾക്ക് തുടർ അനുമതിയും നൽകിയിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയോഗിച്ചതിനെത്തുടർന്ന് താരതമ്യേന പരിചയക്കുറവുള്ള സബ് ഇൻസ്പെക്ടറുടെ സ്ഥാനത്ത് പരിണതപ്രജ്ഞരായ സർക്കിൾ ഇൻസ്പെക്ടർമാർക്ക് കൂടുതൽ കാര്യക്ഷമമായി സ്റ്റേഷൻ ഹൗസ് ഓഫീസർ പദവിയിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയും. സ.ഉ. (എം.എസ്.) നമ്പർ 211/2017/ആഭ്യ. 21-10-2017-ലെ ഉത്തരവ്പ്രകാരം കേരളത്തിൽ 203 പോലീസ് സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുള്ളതും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനവും കുറ്റാന്വേഷണവും ഓരോ എസ്.ഐ.-മാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരുന്നു. ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥന്റെ സേവനം സ്റ്റേഷനുകളിൽ ലഭ്യമാക്കുന്നതോടുകൂടി*. സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ജോലികൾ മികവോടെ നടപ്പാക്കാൻ സാധിക്കുന്നു. ആയതിലൂടെ പൊതുജനങ്ങൾക്ക് മികച്ച പോലീസ് സേവനം ലഭ്യമാക്കുന്നതിനും അവരുടെ പരാതികൾക്ക് പെട്ടെന്ന് പരിഹാരം കാണുന്നതിനും സാധിക്കുന്നു.

## പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം

146(147) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ആകെ എണ്ണം എത്ര എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ വിഭാഗം ജീവനക്കാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം സേനാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണെന്ന അഭിപ്രായമുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള പോലീസിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ആകെ എണ്ണം 2444 ആണ്.

(ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി വിവിധ വിഭാഗങ്ങളിലായി 337 തസ്തികകൾ സൃഷ്ടിക്കുന്നതിനും 17 തസ്തികകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അപ്ഗ്രേഡ് ചെയ്യുന്നതിനുമായും പോലീസ് സ്റ്റേഷനുകളെ സർവ്വീസ് ഡെലിവറി സെന്ററുകൾ ആക്കുന്നതിനുമായി ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർ ആയിട്ടുള്ള പോലീസ് സ്റ്റേഷനുകളിൽ ഒരു ക്ലാർക്ക് തസ്തിക വീതം സൃഷ്ടിക്കുന്നതും സംബന്ധിച്ചത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പോലീസ് മേധാവിയിൽനിന്നും ലഭ്യമായത് പരിശോധിച്ചുവരുന്നു. കൂടാതെ കാലാകാലങ്ങളിൽ ആവശ്യാനുസരണം വിവിധ മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(സി) നിലവിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം സേനാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമല്ല. ആയതിനാലാണ് വിവിധ വിഭാഗങ്ങളിലായി തസ്തിക സൃഷ്ടിക്കുന്നതിനും നിലവിലെ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനുമായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നത്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥയാണ് വിഘാതമായി നിലകൊള്ളുന്നത്.

## മലപ്പുറം പ്രസ് ക്ലബ്ബിലെ ആക്രമണം

147(148) <u>ശ്രീ. സി. മമ്മൂട്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പ്രസ്സ് ക്ലബ്ബിൽ കയറി ആർ.എസ്.എസ്.-കാർ പത്രപ്രവർത്തകരെ ആക്രമിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്രമണത്തിൽ എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(സി) ആക്രമണം നടത്തിയവരെ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആക്രമണത്തിൽ രണ്ടുപേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(സി) പത്തോളം ആർ.എസ്.എസ്. പ്രവർത്തകരാണ് ആക്രമണം നടത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) ആർ.എസ്.എസ്. പ്രവർത്തകർ ന്യായവിരോധമായി സംഘം ചേർന്ന് മലപ്പുറം പ്രസ് ക്ലബ്ബിൽ കയറി പത്രപ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് മലപ്പുറം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 145/2018 u/s. 143, 147, 148, 341, 323, 451, 506, 324, 392, 149 IPC പ്രകാരം പത്തോളം ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും രണ്ട് പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

## രാഷ്ട്രീയ കൊലപാതകങ്ങൾ

148(149) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 18.

(ബി) രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്നതിനായി രാഷ്ട്രീയ സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ്, പോലീസ് ബന്തവസ്സ്, പിക്കറ്റ് പോസ്റ്റ് എന്നിവ നടപ്പിലാക്കിവരുന്നു. രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ എത്രയും വേഗം പ്രതികളെ അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും സ്ഥിരം കുറ്റവാളികളുടെ പ്രവർത്തനങ്ങൾ രഹസ്യമായി നിരീക്ഷിക്കുകയും കാപ്പ മുതലായ നിയമങ്ങൾക്ക് വിധേയമായി പ്രതികളെ തടങ്കലിൽ വയ്ക്കുകയും ചെയ്തുവരുന്നു. കൂടാതെ രാഷ്ട്രീയ സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളിൽ മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും നേതൃത്വത്തിൽ സംസ്ഥാന ജില്ലാ അടിസ്ഥാനത്തിലും ജില്ലാ ഭരണാധികാരികളുടെയും മറ്റും നേതൃത്വത്തിൽ പ്രാദേശികമായും സർവ്വകക്ഷി സമാധാന യോഗങ്ങളും ഉഭയകക്ഷി ചർച്ചകളും ഉൾപ്പെടെയുള്ള സമാധാന ശ്രമങ്ങൾ സർക്കാർ നടത്തിവരുന്നു.

## രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.ബി.ഐ. അന്വേഷണം

149(150) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇതുവരെ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ എത്രയെണ്ണം സി.ബി.ഐ. അന്വേഷണത്തിനായി നൽകിയിട്ടുണ്ടെന്നും ഏതെല്ലാം കേസ്സുകൾ ആണെന്നും വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ വിചാരണ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കുറ്റപത്രം സമർപ്പിക്കൽ, വിചാരണ നടപടികൾ ആരംഭിക്കൽ എന്നിവയിലെ കാലതാമസം, ദൈർഘ്യം എന്നിവ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന കേസ്സുകൾ**

150(151) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊലപാതകം ഉൾപ്പെടെയുള്ള കേസ്സുകളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ അശ്രദ്ധയും, ഒത്തുകളിയും കാരണം പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരപരാധികളായ ചിലരെ വ്യക്തിവൈരാഗ്യത്തിന്റെ പേരിലും രാഷ്ട്രീയ ശത്രുതയുടെ പേരിലും കേസ്സിൽ കുടുക്കുകയും പിന്നീട് കോടതി നിരപരാധികൾ ആണെന്ന് പറഞ്ഞ് അവരെ വിട്ടയയ്ക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ഡി) ഇത്തരം പാളിച്ചകൾക്ക് നടപടി എടുക്കുവാൻ ആവശ്യമായ നിയമങ്ങൾ നിലവിലുണ്ടോ;

(ഇ) ഇതുസംബന്ധിച്ച് നിയമത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇത്തരത്തിൽ വ്യാപകമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഏത് ഉന്നതരായാലും നിയമത്തിന്റെ മുന്നിൽനിന്ന് രക്ഷപ്പെടില്ല എന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ചില ഒറ്റപ്പെട്ട സംഭവങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ അലംഭാവവും അശ്രദ്ധയുംമൂലം കേസ്സുകൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യപ്പെടാത്ത അവസ്ഥ പോലീസിൽ ഉണ്ടായ ഘട്ടങ്ങളിൽ സർക്കാർ ഇടപെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി-ഇ) കേസ്സന്വേഷണത്തിൽ അലംഭാവം പ്രകടിപ്പിക്കുകയും വിവേചന പരമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പോലീസ് അച്ചടക്കനിയമം അനുസരിച്ചും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ രീതികൾ അവലംബിച്ചുകൊണ്ടുമുള്ള മാതൃകാപരമായ

സമീപനമാണ് സർക്കാർ അനുവർത്തിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ നിലപാട് തികച്ചും സുതാര്യമാണ്. കുറ്റക്കാരെ ഒരു കാരണവശാലും സംരക്ഷിക്കരുതെന്ന സമീപനത്തിലധിഷ്ഠിതമാണ് സർക്കാരിന്റെ പ്രവർത്തന ശൈലി. ഏർപ്പെടുന്ന കുറ്റകൃത്യങ്ങൾക്കും പ്രകടമാക്കുന്ന അലംഭാവത്തിനും വീഴ്ചകൾക്കും ആനുപാതികമായുള്ള ശിക്ഷണ നടപടികളാണ് ഇത്തരക്കാർക്ക് നൽകിവരുന്നത്.

**ഷുഹൈബിന്റെ കൊലപാതകം**

151(152) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ് മട്ടന്നൂർ ബ്ലോക്ക് പ്രസിഡന്റായിരുന്ന ഷുഹൈബിന്റെ കൊലപാതകം സംബന്ധിച്ച കേസ്സിൽ, സി.ബി.ഐ അന്വേഷണത്തിന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഏർപ്പെടുത്തിയ സ്റ്റേ നീക്കി കിട്ടുന്നതിനായി, ഷുഹൈബിന്റെ പിതാവ് സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) അപ്രകാരമുള്ള ഒരു നിലപാട് സ്വീകരിക്കുന്നതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കേസ്സിൽ സംസ്ഥാന പോലീസിന്റെ അന്വേഷണം, കേസ്സിലെ ഗൂഢാലോചന പുറത്ത് കൊണ്ടുവരുവാൻ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ, എങ്കിൽ ഇതുവരെയുള്ള കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ ;

(ഡി) ഈ കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇതിൽ ഗൂഢാലോചന സംബന്ധിച്ച കാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ടോ;

(ഇ) ഉന്നത രാഷ്ട്രീയനേതാക്കന്മാരുമായി പ്രതികൾക്കുള്ള ബന്ധം സംബന്ധിച്ച് സംസ്ഥാന പോലീസ് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാരിന്റെ സ്റ്റാൻഡിംഗ് കൗൺസിലിന് പുറമെ മറ്റേതെങ്കിലും അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത അഭിഭാഷകന് നൽകിയ ഫീസും, മറ്റ് ചെലവുകളും എത്രയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ കേസ്സിൽ സംസ്ഥാന പോലീസിന്റെ അന്വേഷണം ശരിയായ രീതിയിലാണ് നടക്കുന്നത്. പോലീസ് കേസ്സിലെ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ ഫയൽ ചെയ്തു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധി ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത കേസ്സിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല, ആയതിനാൽ സർക്കാർ ഫയൽ ചെയ്ത അപ്പീലിൽ തീരുമാനം കൈക്കൊള്ളണമെന്ന് ഹൈക്കോടതിക്ക് നിർദ്ദേശം നൽകണമെന്നും ഷുഹൈബിന്റെ പിതാവ് സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജി പരിഗണിക്കേണ്ടതില്ല എന്നുമാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാട്.

(സി&ഡി) ഉണ്ട്. ഈ കേസ്സിൽ ഗൂഢാലോചന ഉൾപ്പെടെയുള്ള കാര്യങ്ങൾ പോലീസ് അന്വേഷിക്കുകയും പതിനൊന്ന് പ്രതികളെ അറസ്റ്റ് ചെയ്യുകയും കുറ്റപത്രം കോടതി മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയ പ്രാദേശിക രാഷ്ട്രീയ നേതാക്കളുടെ പങ്ക് സംബന്ധിച്ച് കുറ്റപത്രത്തിൽ പരാമർശിക്കുന്നുണ്ട്.

(എഫ്) ഉണ്ട്. ഫീസും മറ്റ് ചെലവുകളും അനുവദിച്ച് നൽകിയിട്ടില്ല.

**പീഡനം സംബന്ധിച്ച വ്യാജ പരാതികൾ**

152(154) <u>ശ്രീ. റോജി എം. ജോൺ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായുള്ള പീഡനാരോപണം സമൂഹത്തിനെതിരായ കുറ്റകൃത്യമായി കോടതികൾ പരിഗണിക്കുകയും ഇരയുടെ മൊഴി മാത്രം കണക്കിലെടുത്ത് ശിക്ഷിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പീഡനം സംബന്ധിച്ച വ്യാജപരാതി നൽകുന്നത് ഗൗരവത്തിലെടുത്ത് കർശനമായി നേരിടണമെന്ന കേരള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളെ കോടതി ഗൗരവമായി കാണുകയും സമൂഹത്തിനെതിരായ കുറ്റകൃത്യമായി പരിഗണിക്കുകയും ചെയ്യുന്നു. ഇരയുടെ മൊഴിമാത്രം കണക്കിലെടുത്ത് ശിക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി &സി) പീഡനം സംബന്ധിച്ച പരാതി ലഭ്യമായാൽ അതിന്റെ നിജസ്ഥിതി അന്വേഷിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്ന സമീപനമാണ് സർക്കാർ അനുവർത്തിക്കുന്നത്. വ്യാജ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഗൗരവമായി എടുത്തുകൊണ്ട് നിലവിലുള്ള നിയമമനുസരിച്ച് കർശന നടപടി സ്വീകരിച്ചുവരുന്നു.

**വിദേശ വനിതയുടെ കൊലപാതകം**

153(155) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശവനിതയുടെ കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ, കോവളം ബീച്ചിൽ ക്രിമിനലുകളുടെയും, ലഹരി വില്പനക്കാരുടെയും അഴിഞ്ഞാട്ടം അവസാനിപ്പിച്ച് സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൊലപാതകത്തിന്റെ അന്വേഷണത്തിൽ പോലീസിന് വീഴ്ച സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) കോവളത്ത് സുരക്ഷാ ക്രമീകരണം ടൂറിസം പോലീസിൽ നിക്ഷിപ്തമാക്കുമോയെന്നും ഇവിടെ ക്രൈം മാപ്പിംഗ് സംവിധാനം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) ബീച്ചിൽ ടൂറിസ്റ്റുകളുടെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പട്രോളിംഗിന് ആൾ-ടെറെയിൻ വെഹിക്കിൾ ഉപയോഗിക്കുവാൻ പദ്ധതിയുണ്ടോ;

(ഇ) കോവളത്ത് എത്തുന്ന ടൂറിസ്റ്റുകൾക്ക് പൂർണ്ണ സുരക്ഷിതത്വം ഒരുക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി വിൽപ്പനക്കാർക്കും ക്രിമിനലുകൾക്കുമെതിരെ ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഒരു തരത്തിലുള്ള അഴിഞ്ഞാട്ടവും അനുവദിക്കുന്നതല്ല. വിദേശ സഞ്ചാരികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പിന്റെ സഹായത്തോടെ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാര മേഖലകളിൽ ജോലി നോക്കിവരുന്ന ലൈഫ്ഗാർഡുകൾ, ചെറുകിട കച്ചവടക്കാർ, ടൂറിസ്റ്റ് ഗൈഡുകൾ എന്നിവരുടെ വിവരങ്ങൾ ശേഖരിച്ച് വിശദമായ അന്വേഷണം നടത്തി അപാകതയില്ലെന്ന് കണ്ടെത്തുന്നവർക്ക് ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. വിനോദ സഞ്ചാരികൾ കൂടുതലായി എത്തുന്ന കോവളത്ത് വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ടൂറിസം പോലീസിനെ വിപുലപ്പെടുത്തിയിട്ടുണ്ട്. പല ജില്ലകളിലും ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റൻസ് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ക്രിമിനൽ പശ്ചാത്തലമുള്ളവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കൊലപാതകത്തിന്റെ അന്വേഷണത്തിൽ പൊലീസിന് വീഴ്ച സംഭവിച്ചിട്ടില്ല.

(സി) പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) പട്രോളിംഗിന് ആൾ-ടെറെയിൻ വിഭാഗത്തിൽപ്പെട്ട പൊളാരിസ് വാഹനം ഉപയോഗിച്ചുവരുന്നു.

(ഇ) പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങൾ**

154(156) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെ ഉണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായ കേസ്സുകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ മേഖലയിലെ തൊഴിൽ സ്ഥലങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 114 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ സർക്കാർ ജീവനക്കാർ പ്രതികളായുള്ള 20 കേസ്സുകളാണുള്ളത്.

(ബി) 35 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 59 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പീഡനക്കേസ്സുകളുടെ എണ്ണം

155(157) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ രജിസ്റ്റർ ചെയ്ത ലൈംഗിക പീഡനക്കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര കേസ്സുകൾ കോടതിയിൽ എത്തിച്ച് വിചാരണ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ എത്ര; വെറുതെ വിട്ടവർ എത്ര;

(ഇ) ഇനിയും പിടികൂടാനുള്ള പ്രതികളെത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) 13953 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 10662 എണ്ണം, കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 97 എണ്ണം, കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ശിക്ഷിക്കപ്പെട്ടവർ 68 പേരും വെറുതെ വിട്ടവർ 130 പേരുമാണ്.

(ഇ) 1026 എണ്ണം.

## ലൈംഗികാതിക്രമങ്ങളുടെ കണക്ക്

156(158) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ലൈംഗികാതിക്രമങ്ങളെ തുടർന്ന് കൊല്ലപ്പെട്ട സ്ത്രീകളുടെയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെയും എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(ബി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയാകാത്തവ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) വിചാരണ പൂർത്തിയായ കേസ്സുകൾ എത്രയാണെന്നും ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ)ലൈംഗികാതിക്രമങ്ങളെ തുടർന്ന് 5 സ്ത്രീകളും പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയും കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി) സ്ത്രീകൾ കൊല്ലപ്പെട്ടതിൽ രജിസ്റ്റർ ചെയ്ത 5 കേസ്സുകളിൽ 3 കേസ്സുകളുടെയും പ്രായപൂർത്തിയാകാത്ത പെൺകുട്ടി കൊല്ലപ്പെട്ടതിൽ വച്ച് രജിസ്റ്റർ ചെയ്ത ഒരു കേസ്സിന്റെയും അന്വേഷണം പൂർത്തിയാകാനുണ്ട്.

(സി) കേസ്സുകളുടെ വിചാരണ പൂർത്തിയായിട്ടില്ല.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അക്രമങ്ങൾ

157(159) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും കേസ്സിലുൾപ്പെട്ട പ്രതികളിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെടാത്തവരുടെ എണ്ണവും ലഭ്യമാക്കാമോ;

(സി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയതും പൂർത്തിയാക്കാത്തതുമായ കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ; വിചാരണ പൂർത്തിയാക്കിയവ എത്രയെന്ന് വ്യക്തമാക്കാമോ; ശിക്ഷിക്കപ്പെട്ടതും വിട്ടയച്ചതുമായ പ്രതികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4964 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി)

| | |
|---|---|
| അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | -4964 |
| കേസ്സിൽ ഉൾപ്പെട്ട പ്രതികളിൽ ഇനിയും അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണം | -465 |

(സി) അനുബന്ധമായി* ചേർക്കുന്നു.

## സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

158(160) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27370 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 4964 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ദളിത് വിഭാഗങ്ങൾക്ക് നേരെയുള്ള അക്രമം

159(161) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അനിൽ അക്കര:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദളിത് വിഭാഗങ്ങൾക്ക് നേരെയുള്ള അക്രമവും പീഡനവും വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ചേങ്ങാലൂരിൽ ദളിത് യുവതിയായ ജിത്തുവിനെ ഭർത്താവ് പട്ടാപ്പകൽ പൊതുജനമധ്യത്തിൽവച്ച് കൊന്ന സംഭവത്തിൽ പ്രതിക്ക് സി.പി.എം. പ്രവർത്തകരുടെ സഹായം ലഭിച്ചുവെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ;

(സി) കുടുംബശ്രീ പ്രവർത്തകയായ ജിത്തുവിനെ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകർ കുടുംബശ്രീ യോഗത്തിലേയ്ക്ക് വിളിച്ചുവരുത്തി പഞ്ചായത്ത് അംഗം ഉൾപ്പെടെയുള്ളവർ കണ്ടുനിൽക്കെ പ്രതി പെട്രോളൊഴിച്ച് തീ കൊളുത്തിയിട്ടും അക്രമം തടയുന്നതിനോ യുവതിയെ രക്ഷിക്കുന്നതിനോ ആരും തയ്യാറായില്ലായെന്ന് കൊല്ലപ്പെട്ട യുവതിയുടെ പിതാവ് വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം കേസ്സുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് സഹായകമായ വിധത്തിൽ കുറ്റപത്രം കാലതാമസം കൂടാതെ സമർപ്പിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘങ്ങളെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ക്രൈം ഇൻ ഇന്ത്യ കണക്കനുസരിച്ച് കേരളത്തിൽ നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദളിത് വിഭാഗങ്ങൾക്കുനേരെയുള്ള വളരെ ചെറിയ തോതിലുള്ള അതിക്രമങ്ങൾക്കുപോലും യഥാസമയം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതുകൊണ്ടാണ് എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ച് വരുന്നത്.

(ബി) കേസ്സന്വേഷണം നടന്നുവരികയാണ്.

(സി) ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുള്ളതും ഈ ആരോപണം അടിസ്ഥാന രഹിതമാണെന്നും അവിടെ കൂടിയിരുന്നവരിൽ മിക്കവരും രക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുണ്ടെന്നും വ്യക്തമായിട്ടുള്ളതാണ്.

(ഡി) ഇത്തരം കേസ്സുകളിൽ പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്ന വിധത്തിൽ കാലതാമസം കൂടാതെ കുറ്റപത്രം സമർപ്പിക്കുന്നതിന് ഡി.വൈ.എസ്.പി.-റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർമാരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘങ്ങളെ തന്നെയാണ് ജില്ലാ പോലീസ് മേധാവിമാർ നിയോഗിച്ചുവരുന്നത്.

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

160(162) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഇത്തരത്തിലുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വയനാട്ടിൽ ആരംഭിച്ച കോടതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

### ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പരാതിയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.സി./എസ്.റ്റി. നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ, പരാതികൾ ഇവ മോണിറ്റർ ചെയ്യുന്നതിനായി എല്ലാ ഡി.സി.ആർ.ബി./സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് ഡിവൈ.എസ്.പി./എ.സി.-മാരെ ജില്ലാതല നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ എല്ലാ ത്രൈമാസത്തിലും എസ്.സി./എസ്.ടി. അവലോകന യോഗം ചേർന്ന് കേസ്സുകൾ സംബന്ധിച്ച അവലോകനം നടത്തുന്നു. കൂടാതെ എസ്.സി./എസ്.ടി. കോളനികൾ സന്ദർശിച്ച് അദാലത്തുകൾ നടത്തുന്നതിന് ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| 2015 | 9 | 57 |
| 2016 | 10 | 87 |
| 2017 | 5 | 48 |
| 2018 upto 27-5-2018 | 6 | 19 |

(സി) വയനാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ആരംഭിച്ച മാനന്തവാടി സ്പെഷ്യൽ കോടതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ

161(163) <u>ശ്രീ. വി. പി. സജീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്തുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർ ആക്രമിക്കപ്പെടുകയുണ്ടായെന്നും, എത്ര പേർ കൊല ചെയ്യപ്പെട്ടെന്നും വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർ ആത്മഹത്യ ചെയ്യുകയുണ്ടായെന്നും ഇതിൽ സ്ത്രീകൾ എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള എത്ര ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിക്കുന്നു.

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1832 പേർ ആക്രമിക്കപ്പെടുകയും 33 പേർ കൊലചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1360 പേർ ആത്മഹത്യ ചെയ്യുകയുണ്ടായി. ഇതിൽ 313 പേർ സ്ത്രീകളാണ്.

(ഡി) പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളിൽ യഥാക്രമം 1019-ഉം 357-ഉം ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സമ്പന്ന ഗൃഹങ്ങളിൽ ജോലി ചെയ്യുവരുന്ന അന്യസംസ്ഥാനങ്ങളിലെ ദരിദ്രരായ കുട്ടികൾ

162(164) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിലും സമീപ പഞ്ചായത്തുകളിലും സമ്പന്ന ഗൃഹങ്ങളിൽ ജോലിചെയ്യുവരുന്ന അന്യസംസ്ഥാനങ്ങളിലെ ദരിദ്രരായ കുട്ടികളെക്കുറിച്ചുള്ള വിവരം പോലീസ് അധികൃതർ ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഇവിടങ്ങളിൽ ജീവിക്കുന്ന കുട്ടികൾ നേരത്തെ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടുകയോ പീഡനമേറ്റ് ഈ വീടുകളിൽ തന്നെ തടവിലാക്കപ്പെട്ടുകയോ ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടത്തുവാനും ബാലവേല ചെയ്യിക്കുന്ന വീട്ടുകാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശങ്ങൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) പോലീസ് ഇതുസംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് നടപടിയെടുക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതര സംസ്ഥാനത്തുള്ള കുട്ടികളെ കൊണ്ടുവന്ന് ബാലവേല ചെയ്യിക്കുന്നതിനെതിരെ ജില്ലയിൽ വീട്ടുടമസ്ഥർക്കെതിരെ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പോക്സോ നിയമപ്രകാരമുള്ള കേസ്സുകൾ

163(165) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോക്സോ നിയമപ്രകാരം എത്രപേരുടെ പേരിൽ കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് 2017 ജനുവരി മുതൽ ഡിസംബർ വരെയും 2018 ജനുവരി മുതൽ ഏപ്രിൽ വരെയുമുള്ള കണക്ക് പ്രത്യേകം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പോക്സോ നിയമപ്രകാരം 10220 പേരുടെ പേരിൽ കേസ്സുകൾ നിലവിലുണ്ട്. (നിലവിലുള്ള കേസ്സുകളുടെ എണ്ണം 8959)

(ബി) ഇത് സംബന്ധിച്ച് 2017, 2018 ഏപ്രിൽ 30 വരെയുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | നിലവിലുള്ള കേസ്സുകളുടെ എണ്ണം | നിലവിലുള്ള കേസ്സുകളിൽ ഉൾപ്പെട്ട ആൾക്കാരുടെ എണ്ണം |
|---|---|---|---|
| 2017 | 2680 | 2879 | 3314 |
| 2018 ഏപ്രിൽ 30 വരെ | 899 | 886 | 992 |

**പോക്സോ കേസ്സുകൾ**

164(166) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായപൂർത്തിയാകാത്ത കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2013, 2014, 2015 എന്നീ വർഷങ്ങളിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര എണ്ണമുണ്ട്;

(സി) പോക്സോ കേസ്സുകളിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തി വേഗത്തിൽ കുറ്റവാളികളെ നിയമത്തിനുമുൻപിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കമ്പോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ദൂഷ്യവശങ്ങളായ സാംസ്കാരികമൂല്യച്യുതി, സാമൂഹ്യ-കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പില്ലായ്മ തുടങ്ങിയ കാരണങ്ങളാലാണ് ലൈംഗികാതിക്രമങ്ങൾ ഉണ്ടാകുന്നത് എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ഇ) സാമൂഹ്യ-കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ് ബലപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണവും നിയമനടപടികളും സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്നതിനും സ്വീകരിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രായപൂർത്തിയാകാത്ത കുട്ടികളെ (ആൺകുട്ടികൾ, പെൺകുട്ടികൾ ഉൾപ്പെടെ) ലൈംഗികമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് 5133 കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2013, 2014, 2015 എന്നീ വർഷങ്ങളിൽ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | ആകെ |
|---|---|
| 2013 | 1152 |
| 2014 | 1532 |
| 2015 | 1695 |

(സി) പോക്സോ കേസ്സുകളിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഇത്തരം കേസ്സുകളിൽ എല്ലാ മാസവും റിവ്യൂ നടത്തി അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്താലുടനെ ബന്ധപ്പെട്ട മേലധികാരികളെ അറിയിക്കുന്നതിനും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അവർക്ക് വേണ്ട നിയമസഹായവും വൈദ്യ സഹായവും നൽകുന്നതിനും പെൺകുട്ടികളാണെങ്കിൽ പ്രത്യേകം വനിതാ പോലീസിന്റെ സേവനം ഉറപ്പുവരുത്തി പ്രതികളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് കേസ്സുകൾ ഉടനെ തീർപ്പാക്കി കുറ്റപത്രം ബന്ധപ്പെട്ട കോടതികളിൽ സമർപ്പിക്കുന്നതിന് എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഡി) കമ്പോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ദൂഷ്യവശങ്ങളായ സാംസ്കാരിക മൂല്യച്യുതി സാമൂഹ്യ-കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പില്ലായ്മ തുടങ്ങിയവയും കൂടാതെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അമിത ഉപയോഗവും ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവയുടെ ഉപയോഗവും ലൈംഗികാതിക്രമങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വലിയ വിലയിരുത്തലുകളൊന്നുംതന്നെ നടത്തിയിട്ടില്ലാത്തതാകുന്നു.

(ഇ) ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസലിംഗ്, സ്കൂൾ കമ്മ്യൂണിറ്റി പഞ്ചായത്ത്/ ജില്ലാതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പോക്സോ നിയമത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി 14 ജില്ലകളിലും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ അംഗൻവാടി വർക്കർമാർ, ശിശു വികസന പദ്ധതി ഓഫീസർമാർ, കുടുംബശ്രീ പ്രവർത്തകർ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ, സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**കുട്ടികൾക്കെതിരെയുള്ള പീഡനം**

165(167) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിഞ്ചു കുട്ടികൾ ലൈംഗിക പീഡനത്തിന് ഇരയായതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇത്തരം കേസ്സുകൾ റിപ്പോർട്ടായാൽ ഉടൻതന്നെ കേസ്സ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് വളരെ വേഗത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുന്നുണ്ട്. കൂടാതെ ബോധവത്കരണ പരിപാടികൾ നടത്തിയും സാമൂഹിക മാധ്യമങ്ങൾ വഴിയും ദൃശ്യ മാധ്യമങ്ങൾ വഴിയും പഞ്ചായത്ത് ജനകീയ സമിതികളുടെയും സ്ത്രീ ശാക്തീകരണ യൂണിറ്റുകളുടെയും സഹകരണത്തോടും ജനമൈത്രി പോലീസിംഗ് ഉപയോഗപ്പെടുത്തിയും ബോധവത്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## മലപ്പുറം പ്രസ് ക്ലബ്ബ് മർദ്ദന കേസ്സിന്റെ അന്വേഷണം

166(168) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പ്രസ്സ് ക്ലബ്ബിൽ കയറി ഒരു കൂട്ടം ആൾക്കാർ മാധ്യമപ്രവർത്തകരെ മർദ്ദിച്ച കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; അവർ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരാണെന്നും ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 145/2018 നമ്പർ കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ബി) ടി കേസ്സുമായി ബന്ധപ്പെട്ട് പത്തോളം ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെ u/s 143, 147, 148, 341, 323, 451, 506, 324, 392, 149 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും രണ്ട് പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

## പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങൾ

167(169) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പകൽ സമയത്ത് നടന്ന കവർച്ച-ഭവനഭേദനക്കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയെന്നും എത്രപേരെ ഇനിയും പിടികൂടാനുണ്ടെന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) വിവരങ്ങൾ ചുവടെ ചേർക്കുന്നു:

25-5-2016 മുതൽ 27-5-2018 വരെ

| | |
|---|---|
| Dacoity Cases | -104 |
| Robbery Cases | -1485 |

(ബി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

25-5-2016 മുതൽ 27-5-2018 വരെ

| | |
|---|---|
| Dacoity Cases | -63 |
| Robbery Cases | -1110 |
| HB Theft by Day | -1291 |

(സി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

25-5-2016 മുതൽ 27-5-2018 വരെ

| | അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | അറസ്റ്റ് ചെയ്യപ്പെടാനുള്ളവരുടെ എണ്ണം |
|---|---|---|
| Dacoity Cases | 424 | 101 |
| Robbery Cases | 1743 | 500 |
| HB Theft by Day | 791 | 212 |

**ഷോജി ഷാജിയുടെ കൊലപാതകം**

168(170) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മാതിരപ്പിള്ളി കണ്ണാടിപ്പാറ ഷാജിയുടെ ഭാര്യ ഷോജി കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷനിൽ 507/12 dtd. 8-8-2012 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് മാതിരപ്പിള്ളി പൗരസമിതി നല്കിയ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ക്രൈം ബ്രാഞ്ച് CID 779/CR/HHW-II/EKM/2012 നമ്പരായി രജിസ്റ്റർ ചെയ്ത ഈ കേസ്സിലെ അന്വേഷണത്തിന്റെ ഭാഗമായി നിരവധി സാക്ഷികളെ കണ്ടുചോദിക്കുകയും സംഭവ സ്ഥലത്തുനിന്നും ശേഖരിച്ച മെറ്റീരിയൽ ഓബജ്ക്ട്സ് വിദഗ്ധ പരിശോധനകൾക്കായി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്ത് ജോലിയിലുണ്ടായിരുന്ന ടോണി, സുനിൽ എന്നിവരെ പോളിഗ്രാഫ് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എറണാകുളം ക്രൈം ബ്രാഞ്ച് സി.ഐ.ഡി. HHW-II വിഭാഗം പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ, ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീം കേസ്സ് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

**കസ്റ്റഡി മരണം**

169(171) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് അഗളി പോലീസ് കസ്റ്റഡിയിലെടുത്ത റിമാന്റ് പ്രതി ടിജോ മരണമടഞ്ഞത് പോലീസിന്റെ ക്രൂരമായ മർദ്ദനം മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) ടിജോയുടെ മരണത്തെ കുറിച്ച് ഉന്നതതലത്തിലുള്ള അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ടിജോയുടെ മരണവുമായി ബന്ധപ്പെട്ട് വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ്സെടുക്കുകയും കമ്മീഷന്റെ ഉത്തരവ് പ്രകാരം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പാലക്കാട് ജില്ലാ പോലീസ് മേധാവിയെ

ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടിജോയുടെ മരണത്തിൽ ദുരൂഹത ആരോപിച്ചുകൊണ്ട് ഭാര്യയും മാതാവും മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരമേഖലാ ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദമ്പതികളുടെ ഇരട്ടക്കൊലപാതകം**

170(172) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമ്പഴിപ്പുറം കണ്ണോർശ്ശി വടക്കേക്കര ഗോപാലകൃഷ്ണൻ-തങ്കമണി ദമ്പതികളുടെ ഇരട്ടക്കൊലപാതക കേസ്സിലെ പ്രതികളെ പിടികൂടുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കേസ്സന്വേഷണം ഊർജ്ജിതമാക്കി അടിയന്തരമായി പ്രതികളെ പിടികൂടുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) കടമ്പഴിപ്പുറം കണ്ണോർശ്ശി വടക്കേക്കര ഗോപാലകൃഷ്ണൻ-തങ്കമണി ദമ്പതികളുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സ് സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി 185-ഓളം സാക്ഷികളെ നേരിൽക്കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തുകയും മറ്റന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംഭവസ്ഥലത്തുനിന്നും ലഭിച്ച വിരലടയാളങ്ങൾ സമാന കുറ്റകൃത്യങ്ങളിൽപ്പെട്ട പ്രതികളുടേതുമായി ഒത്തുനോക്കി അന്വേഷണം നടത്തിവരുന്നു. സംഭവ ദിവസത്തെ മുഴുവൻ ഫോൺകോളുകളുടെയും വിവരങ്ങൾ പരിശോധിച്ച് വിശദമായ അന്വേഷണം നടത്തിവരികയാണ്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തമിഴ്നാട് സ്വദേശികളെക്കുറിച്ച് കമ്പം, തേനി, ഛത്രം എന്നീ സ്ഥലങ്ങളിൽ അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി സംഭവസ്ഥലത്തുനിന്നും ലഭ്യമായ വിരലടയാളങ്ങൾ NCRB-യുടെ താരതമ്യത്തിനായി അയയ്ക്കേണ്ടതായിട്ടുണ്ട്. കേസ്സിന്റെ സംഭവസ്ഥലത്തും പരിസരങ്ങളിലുമുള്ള ടവർ ഡമ്പിൽ വന്നിട്ടുള്ളതായ മുഴുവനാളുകളുടെയും ഫോൺ കോളുകളും നമ്പരുകളും പരിശോധിച്ചുവരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തമിഴ്നാട് സ്വദേശികളെ സംബന്ധിച്ച് മറ്റ് സ്ഥലങ്ങളിൽ അന്വേഷണം നടത്തേണ്ടതുണ്ട്. കേസ്സിന്റെ അന്വേഷണം പാലക്കാട് CBCID HHW-II വിഭാഗം ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു.

## സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിന്റെ പ്രവർത്തനം

171(173) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി മരുന്ന് വില്പനക്കാരെയും കൊള്ളക്കാരെയും ലക്ഷ്യമിട്ട് സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ (1-6-2016 മുതൽ 30-5-2018 വരെ) പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ഈ ഗ്രൂപ്പിന്റെ പ്രവർത്തനം നിലവിലുണ്ടെന്നിരിക്കെ സംസ്ഥാനത്ത് സ്കൂൾ, കോളേജ്, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ പരിസരത്ത് പ്രവർത്തിക്കുന്ന ജ്യൂസ് പാർലറുകൾ, ബേക്കറികൾ, സ്നാക്ക് ബാർ എന്നിവ കേന്ദ്രീകരിച്ച് എന്തെല്ലാം രീതിയിൽ ഉള്ള അന്വേഷണങ്ങൾ എത്ര തവണ ഏതൊക്കെ ഇടങ്ങൾ കേന്ദ്രീകരിച്ച് നടത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത്തരം ഇടങ്ങളിൽ വിറ്റഴിക്കുന്ന ഷാർജ, ബദാം, പിസ്ത, ചോക്ലേറ്റ്, കരിക്ക് തുടങ്ങിയ ഷേക്കുകൾ എന്നിവയിലെ ചേരുവകളിൽ മാരകമായ വിഷം, ആകർഷകമായ നിറങ്ങൾ, ഫ്ളേവറുകൾ എന്നിവ ചേർത്ത് കടകളിലെത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം ലേബലുള്ള പൗഡറുകളുടെ ഉറവിടം നാളിതുവരെ കണ്ടെത്താനായിട്ടുണ്ടോ; അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ ആസ്തി ഉണ്ടാക്കിയിട്ടുള്ള പൗഡർ നിർമ്മാതാക്കളെ നിയമത്തിന്റെ മുമ്പിലെത്തിക്കാൻ തയ്യാറാകുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദീകരിക്കുമോ?

### ഉത്തരം

(എ) ലഹരി മരുന്ന് വിൽപ്പനക്കാരെയും ആയത് ഉപയോഗിക്കുന്നവരെയും ലക്ഷ്യമിട്ട് പോലീസിന്റെ കീഴിൽ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായാണ് നടന്നുവരുന്നത്. ഇതിന്റെ തുടർഫലമായി സംസ്ഥാനത്ത് 2016-ൽ 5924, 2017-ൽ 9242, 2018 ഏപ്രിൽ 30 വരെ 3083 NDPS കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂൾ, കോളേജ്, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവയുടെ പരിസരങ്ങളിൽ പ്രവർത്തിക്കുന്ന ജ്യൂസ് പാലറുകൾ, ബേക്കറികൾ, സ്നാക്ക് ബാർ എന്നിവിടങ്ങളിൽ അനധികൃത ലഹരി വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട് പോലീസ് രഹസ്യ വിവരങ്ങൾ ശേഖരിച്ച് കുറ്റവാളികൾക്കെതിരെ

ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തുള്ള കടകളിൽ പ്രത്യേകമായി പരിശോധനകളും റെയ്ഡുകളും മറ്റും നടത്തിവരുന്നുമുണ്ട്.

(സി&ഡി) ഭക്ഷണ പദാർത്ഥത്തിൽ വിഷാംശമുള്ള ഫ്ലേവറുകൾ/നിറങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി ആലോചിച്ച് ശക്തമായ നിയമ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇത് കൂടുതൽ ശക്തമാക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്വകാര്യ മൈക്രോ ഫിനാൻസ് സംഘങ്ങൾ

172(174) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുടനീളം സ്വകാര്യ മൈക്രോ ഫിനാൻസ് സംഘങ്ങൾ വ്യാപകമായി വളർന്ന് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെയുള്ള സംഘങ്ങളിൽനിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ കഴിയാത്തതുമൂലവും ഇവരിൽനിന്നുള്ള ഭീഷണി മൂലവും പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി പഞ്ചായത്തിൽ കഴിഞ്ഞ നാല് മാസത്തിനിടെ ആറ് പേർ ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ ;

(സി) ഇത്തരം മൈക്രോ ഫിനാൻസ് സംഘങ്ങളെ നിയന്ത്രിക്കുവാനും ഇവരുടെ ഓഫീസുകൾ പരിശോധിക്കുവാനും പോലീസിന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ ഭീഷണിമൂലം തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ 4 മാസക്കാലയളവിൽ ആരും ആത്മഹത്യ ചെയ്തതായി അന്വേഷണത്തിൽ ഇതുവരെ തെളിഞ്ഞിട്ടില്ല.

(സി) നിയമാനുസരണം പ്രവർത്തിക്കുന്ന മൈക്രോഫിനാൻസ് സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. കൂടാതെ അനധികൃത മൈക്രോഫിനാൻസ് സംഘങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യക്തിഹത്യ

173(175) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യമാധ്യമങ്ങളിലൂടെ വ്യക്തിഹത്യ നടത്തുന്നതും തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ശക്തമായ ബോധവൽക്കരണം നടത്തുന്നതിനും വ്യാജ വാർത്തകൾ സൃഷ്ടിച്ച് സമൂഹത്തിൽ പരിഭ്രാന്തി സൃഷ്ടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിച്ച് വ്യക്തിഹത്യ നടത്തുക, തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് പോലീസ് സൈബർ സെല്ലിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖകളുടെ വിതരണം, ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലൂടെ അറിയിപ്പുകൾ നൽകുക തുടങ്ങിയവ നിരന്തരം നടത്തപ്പെടുന്നു. കൂടാതെ. സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഈ സെല്ലിന്റെ പ്രവർത്തനങ്ങളാൽ സമൂഹത്തിന് ദോഷകരമായ രീതിയിൽ പെരുമാറുന്ന സോഷ്യൽ മീഡിയാ ഗ്രൂപ്പുകളെയും അക്കൗണ്ടുകളെയും നിരീക്ഷിക്കുകയും ഓൺലൈൻ പട്രോളിംഗ് തുടങ്ങിയ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യുന്നു. സമൂഹത്തിൽ പരിഭ്രാന്തി സൃഷ്ടിക്കുന്ന ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരം കർശന നിയമനടപടി സ്വീകരിക്കുന്നതാണ്.

## പോലീസ് സേനയ്ക്ക് അപമാനം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർ

174(176) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കള്ളക്കേസ്സിൽ കുടുക്കി ആളുകളെ കസ്റ്റഡിയിലെടുക്കുന്നതായും മോചനത്തിനായി കൈക്കൂലി ആവശ്യപ്പെടുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരാപ്പുഴ കേസ്സിൽ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ട ശ്രീജിത്തിനെ മോചിപ്പിക്കുവാൻ പോലീസ് 25,000 രൂപ കൈക്കൂലി ആവശ്യപ്പെട്ടുവെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ശ്രീജിത്ത് മരിച്ചശേഷം ആറുദിവസം കഴിഞ്ഞ് കൈക്കൂലിയായി വാങ്ങിയ തുക തിരികെ നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) പോലീസ് സേനയ്ക്ക് അപമാനം ഉണ്ടാക്കുന്ന ഇത്തരം ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അന്വേഷിച്ചിട്ടുണ്ട്. അന്വേഷണത്തിൽ 15,000 രൂപ മുൻ നോർത്ത് പറവൂർ സി.ഐ.-യുടെ ഡ്രൈവർ പ്രദീപ് വാങ്ങിയതായും പിന്നീട് തിരികെ കൊടുത്തതായും വെളിവായിട്ടുണ്ട്. ഇക്കാര്യത്തിന് ടിയാനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും സി.ബി.സി.ഐ.ഡി.-യിൽ നേരിട്ട് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 18/2018 u/s 7, 13 (1) (d), 13 (2) of Prevention of Corruption Act & Sec. 115 of KP Act പ്രകാരം കേസ്സെടുത്ത് സി.ബി.സി.ഐ.ഡി., ഒ.സി.ഡബ്ല്യൂ-2, എറണാകുളം യൂണിറ്റ് അന്വേഷിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) പോലീസ് സേനയ്ക്ക് അപമാനമുണ്ടാക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല നിയമ നടപടി സ്വീകരിച്ചുവരുന്നു.

**കസ്റ്റഡി മരണം**

175(177) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ ഇടയ്ക്കാട് പോലീസ് 2018 ഫെബ്രുവരി 22-ന് ഇടയ്ക്കാട് ബസ്സാറിൽ അരച്ചങ്കിൽ ഉനൈസ് എന്ന യുവാവിനെ കസ്റ്റഡിയിലെടുത്തിരുന്നുവോ;

(ബി) എങ്കിൽ ആരുടെ പരാതിയിലാണ് പ്രസ്തുത യുവാവിനെ കസ്റ്റഡിയിലെടുത്തത്;

(സി) പോലീസ് കസ്റ്റഡിയിൽ ഉനൈസിനെ ക്രൂരമായി മർദ്ദിച്ചതായും അതിന്റെ ഫലമായി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഉനൈസ് മരണമടഞ്ഞതായും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) കസ്റ്റഡിയിൽ ക്രൂരമർദ്ദനമേറ്റെന്നും ഇനി അദ്ധ്വാനിച്ച് ജീവിക്കുവാൻ കഴിയുകയില്ലായെന്നും മർദ്ദിച്ച പോലീസുകാർക്കെതിരെ നടപടി എടുക്കണമെന്നും ആവശ്യപ്പെട്ട് ഉനൈസ് ജില്ലാ പോലീസ് മേധാവിക്ക് കത്ത് എഴുതിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ; വിശദാംശം നൽകുമോ;

(ഇ) ആശുപത്രി രേഖകളിൽ ഉനൈസിന് പോലീസ് മർദ്ദനമേറ്റതായി രേഖപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) പോലീസ് മർദ്ദനംമൂലം മരണമടഞ്ഞ ഉനൈസിന്റെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും മർദ്ദിച്ച പോലീസുകാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കസ്റ്റഡിയിലെടുത്തിട്ടില്ല.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള കത്ത് ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചിട്ടില്ല.

(ഇ) രേഖപ്പെടുത്തിയിട്ടില്ല.

(എഫ്) നിലവിൽ പരിഗണനയിലില്ല.

**വരാപ്പുഴ കസ്റ്റഡി മരണം**

176(178) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴയിൽ ശ്രീജിത്ത് എന്ന യുവാവ് പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട സംഭവത്തിന് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ, പോലീസിന് നിലവിൽ നൽകിവരുന്ന പരിശീലനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മരണപ്പെട്ട ശ്രീജിത്തിന്റെ കുടുംബത്തിന് എന്തെല്ലാം സഹായങ്ങൾ നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്;

(ഡി) സർക്കാർ നൽകുന്ന സാമ്പത്തിക സഹായം, ഈ സംഭവത്തിന് ഉത്തരവാദികളായവരിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് സേനയിലെ പരിശീലനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ പോലീസുകാർക്ക് അറസ്റ്റ് ആന്റ് കസ്റ്റോഡിയൽ മാനേജ്മെന്റ് എന്ന വിഷയത്തിൽ പരിശീലനം നടത്തിവരുന്നുണ്ട്.

(സി&ഡി) സ.ഉ. (കൈ) നമ്പർ 169/2018/റവ 4-5-2018-ലെ ഉത്തരവ് പ്രകാരം പോലീസ് കസ്റ്റഡിയിൽ മരണമടഞ്ഞ ശ്രീജിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10,00,000 (പത്ത് ലക്ഷം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ധനസഹായമായി നൽകുന്ന പത്ത് ലക്ഷം രൂപ മരണത്തിനുത്തരവാദികളായ പോലീസുദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ ശ്രീജിത്തിന്റെ ഭാര്യ ശ്രീമതി അഖില ബി.പി.-ക്ക് റവന്യൂ വകുപ്പിൽ എറണാകുളം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിക്കൊണ്ട് സ.ഉ. (കൈ) നമ്പർ 103/2018/പൊ.ഭ.വ. 15-5-2018-ലെ ഉത്തരവ്പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**കസ്റ്റഡി മരണങ്ങൾ**

177(179) <u>ശ്രീ. ഒ. രാജഗോപാൽ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കസ്റ്റഡി മരണങ്ങളാണ് നടന്നിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് 5 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**വരാപ്പുഴ ശ്രീജിത്തിന്റെ അറസ്റ്റ് രേഖകളിൽ കൃത്രിമം**

178(180) ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. റോജി എം. ജോൺ
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാരാപ്പുഴയിൽ പോലീസിന്റെ മർദ്ദനത്തിന് ഇരയായി മരിച്ച ശ്രീജിത്തിനെ വീട്ടിൽനിന്നും അറസ്റ്റുചെയ്തത് ആരാണ്; എന്നാണ് പ്രസ്തുത അറസ്റ്റ് നടത്തിയത് എന്നും ആരുടെ ഉത്തരവ് പ്രകാരമാണ് അറസ്റ്റ് ചെയ്തതെന്നും അറിയിക്കാമോ;

(ബി) വ്യക്തികളെ അറസ്റ്റ് ചെയ്യുമ്പോൾ D.K.Basu v State of West Bengal 1997 എന്ന കേസ്സിലെ സുപ്രീംകോടതി വിധിപ്രകാരം പോലീസ് പാലിക്കേണ്ട നടപടിക്രമങ്ങൾ ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തപ്പോൾ പാലിച്ചിരുന്നുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ് എന്ന് വെളിപ്പെടുത്താമോ;

(സി) സി.പി.എം. പ്രാദേശിക നേതൃത്വത്തിന് ഈ അറസ്റ്റുമായി എന്തെങ്കിലും ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പാർട്ടിയുടെ പ്രാദേശിക നേതാവ് ഈ കേസ്സിൽ കളവായി സാക്ഷിമൊഴി നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹത്തിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ശ്രീജിത്തിന്റെ കസ്റ്റഡി മരണത്തിനുശേഷം അറസ്റ്റ് രേഖകളിൽ കൃത്രിമം കാണിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരം കൃത്രിമം കാണിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) എറണാകുളം റൂറൽ പോലീസ് ജില്ലയിലെ റൂറൽ ടൈഗർ ഫോഴ്സിൽപ്പെട്ട നിലവിൽ അറസ്റ്റിലായിട്ടുള്ള 1 മുതൽ 3 വരെയുള്ള പ്രതി പട്ടികയിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരാണ് 6-4-2018-ൽ ശ്രീജിത്തിനെ വീട്ടിൽനിന്നും കസ്റ്റഡിയിലെടുത്തത്. 7-4-2018 തീയതി നോർത്ത് പറവൂർ ഇൻസ്പെക്ടറും ടി കേസ്സിലെ 5-ാം പ്രതിയുമായ ക്രിസ്പിൻ സാം ആണ് ശ്രീജിത്തിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. മറ്റു കാര്യങ്ങൾ അന്വേഷിച്ചുവരുന്നു.

(ബി) ഇക്കാര്യങ്ങളടക്കം അന്വേഷണത്തിലാണ്.

(സി&ഡി) ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന കാര്യങ്ങളിലെല്ലാം വിശദമായ അന്വേഷണം നടന്നുവരുന്നു.

**കസ്റ്റഡിയിൽ മരിച്ചയാളുടെ കുടുംബത്തിന് ധനസഹായം**

179(181) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ മരിച്ച ശ്രീജിത്തിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സർക്കാർ നൽകുന്ന തുക ശ്രീജിത്തിന്റെ മരണത്തിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രതികളായ പോലീസുകാർ കുറ്റക്കാരാണെന്ന് കോടതി വിധിക്കുന്നതിന് മുൻപ് ഈ തുക അവരിൽനിന്നും ഈടാക്കുവാൻ സാധിക്കുമോ;

(ഡി) സർക്കാർ അനുവദിക്കുന്ന തുക പ്രതികളിൽനിന്നും തുല്യ തോതിൽ പിരിച്ചെടുക്കുവാനാണോ തീരുമാനം; എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കസ്റ്റഡി മരണത്തിന് കാരണക്കാരെന്ന് കോടതി കണ്ടെത്തിയ പോലീസുകാരിൽനിന്നും നഷ്ടപരിഹാര തുക ഈടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സ.ഉ. (കൈ) നമ്പർ 169/2018/റവ. 4-5-2018-ലെ ഉത്തരവ് പ്രകാരം പോലീസ് കസ്റ്റഡിയിൽ മരണമടഞ്ഞ ശ്രീജിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 10,00,000 (പത്ത് ലക്ഷം) രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ധനസഹായമായി നൽകുന്ന പത്ത് ലക്ഷം രൂപ മരണത്തിനുത്തരവാദികളായ പോലീസുദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി&ഡി) വകുപ്പുതല അച്ചടക്ക നടപടിയുടെയും കോടതി വിധിയുടെയും അടിസ്ഥാനത്തിൽ മാത്രമേ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരിൽനിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുള്ളൂ.

(ഇ) ഇല്ല.

**കൊല്ലപ്പെട്ട പ്രണേഷ് കുമാറിന്റെ പിതാവിന്റെ അപകടമരണം**

180(182) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുജറാത്തിൽ വ്യാജ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട പ്രണേഷ് കുമാറിന്റെ പിതാവിന്റെ അപകട മരണത്തിൽ ദുരൂഹത ഉള്ളതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള ദുരൂഹതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എറണാകുളം അമൃത ആശുപത്രിയിലേയ്ക്ക് പോകുകയായിരുന്ന പ്രണേഷ് കുമാറിന്റെ പിതാവിന്റെ കാറിൽ മിനിലോറി ഇടിച്ച് ഗുരുതരമായ പരിക്കുപറ്റി ചേർത്തല ടി.എച്ച്.ക്യൂ. ആശുപത്രിയിലും തുടർന്ന് അമൃത ആശുപത്രിയിലും ചികിത്സയിലിരിക്കെ 12-4-2018-ൽ മരണപ്പെട്ടുപോയതിന് പട്ടണക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 471/18 u/s 279, 338, 304 (എ) പ്രകാരം മിനിലോറി ഡ്രൈവർ (കെ.എൽ. 32 എ/4158) ചേർത്തല രണ്ടുപറമ്പുവെളി വീട്ടിൽ അനിൽകുമാറിനെ പ്രതിയാക്കി രജിസ്റ്റർ ചെയ്ത പ്രസ്തുത കേസ്സിൽ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

### സമൂഹ മാദ്ധ്യമങ്ങൾ വഴിയുള്ള വ്യാജ ഹർത്താൽ

181(183) ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹ മാധ്യമങ്ങൾ വഴി വ്യാജ ഹർത്താലിന് ആഹ്വാനം ചെയ്ത എത്ര പേരെ നാളിതുവരെ അറസ്റ്റ് ചെയ്തുവെന്നറിയിക്കാമോ;

(ബി) അത്തരം സാമൂഹ്യ വിരുദ്ധ ശക്തികളെ ചെറുക്കാൻ സമൂഹ മാദ്ധ്യമങ്ങൾ വഴി പോലീസ് വകുപ്പിന്റെ തന്നെ സന്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സമൂഹ മാധ്യമങ്ങൾവഴി വ്യാജ ഹർത്താലിന് ആഹ്വാനം ചെയ്ത 1593 പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്.

(ബി) പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കുക, ഭീതി പരത്തുക, പൊതുസമാധാനത്തിന് ഭംഗം വരുത്തുക എന്നിവയ്ക്ക് കാരണമായ സന്ദേശങ്ങൾ തടയുന്നതിനും ശരിയായ വിവരം പൊതുജനത്തിന് നൽകുന്നതിന് ഉതകുന്ന തരത്തിലുമുള്ള ഒരു സൈബർ സംവിധാനം രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### സൈബർ കേസ്സുകൾ

182(184) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പോലീസ്, സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവയിൽ കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 626 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) ഈ കാലയളവിൽ പോലീസ്, സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണത്തിനായി കേസ്സുകളൊന്നും കൈമാറി നൽകാറില്ല. ഹൈടെക് സെൽ അന്വേഷണ ഏജൻസികൾക്കാവശ്യമായ സാങ്കേതിക സഹായം മാത്രമാണ് നൽകാറുള്ളത്.

(ഡി) 181 എണ്ണം.

**ഓൺലൈൻ വഴിയുള്ള തട്ടിപ്പ്**

183(185) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 128 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 23 കേസ്സുകളിന്മേൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറ**

184(186) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ലോക്കപ്പുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) മുൻപ് ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിരുന്നുവെന്നും ആയതിന്റെ നിലവിലെ അവസ്ഥയെന്താണെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 110 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 274 പോലീസ് സ്റ്റേഷനുകളിൽകൂടി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ M/s. General Automation Pvt. Ltd, Ernakulam എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ സി.സി.ടി.വി. ക്യാമറകൾ നിലവിലില്ലാത്ത പോലീസ് സ്റ്റേഷനുകളിൽ അവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 110 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് ജില്ലകൾ തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. പ്രസ്തുത ക്യാമറകളെല്ലാം പ്രവർത്തന ക്ഷമമാണ്.

**പോലീസ്, ജയിൽ തുടങ്ങിയവയ്ക്ക് അവാർഡുകളും അംഗീകാരങ്ങളും**

185(187) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ്, ജയിൽ തുടങ്ങിയവയ്ക്ക് ഏതെങ്കിലും അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ISO 9001:2015 പദവി നൽകുന്നതിനുവേണ്ടി കൊല്ലം സിറ്റി പോലീസ് കാര്യാലയത്തിനെ തെരഞ്ഞെടുക്കുകയുണ്ടായി. ഇപ്രകാരം ISO 9001:2015 നേടുന്ന കേരളത്തിലെ ആദ്യത്തെ ജില്ലാ പോലീസ് ഓഫീസായി മാറാൻ കൊല്ലം സിറ്റി പോലീസ് ഓഫീസിന് കഴിഞ്ഞു. കൂടാതെ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷൻ രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി 2017-ൽ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കുന്നതിലെ കാര്യക്ഷമത, ക്രമസമാധാന പരിപാലനത്തിലെ ജാഗ്രത, പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം, ശുചിത്വം, വാറണ്ട് നടപ്പാക്കൽ തുടങ്ങി 30-ഓളം മാനദണ്ഡങ്ങൾ പരിഗണിച്ചാണ് വളപട്ടണം പോലീസ് സ്റ്റേഷനെ മികച്ച പോലീസ് സ്റ്റേഷനായി തെരഞ്ഞെടുത്തത്.

കണ്ണൂർ സെൻട്രൽ ജയിലിന് ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തിയതിന് ജില്ലാ കളക്ടറുടെ മെറിട്ടോറിയസ് മെഡലും സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടന്ന മെഗാ എക്സിബിഷനിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജയിൽ വകുപ്പിന്റെ സ്റ്റാളിന് ജനപ്രിയ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ചീമേനി തുറന്ന ജയിലിനും കൊയിലാണ്ടി സബ് ജയിലിനും സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതിയിൽ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**അരൂർ പെരുമ്പളം പഞ്ചായത്തിൽ പോലീസ് എയ്ഡ് പോസ്റ്റ്**

186(188) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**കോറോം പോലീസ് സ്റ്റേഷൻ**

187(189) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന കോറോം പോലീസ് സ്റ്റേഷൻ ഉടൻ പ്രവർത്തനം ആരംഭിക്കുമോ;

(ബി) കോറോം പോലീസ് സ്റ്റേഷനിലേയ്ക്ക് ഉദ്യോഗസ്ഥരുടെ തസ്തിക അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ഡി) കോറോം പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന വില്ലേജുകൾ ഏതെല്ലാമാണ്?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ പുതുതായി തൊണ്ടർനാട് പോലീസ് സ്റ്റേഷൻ (കോറോം) ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) 26-4-2018-ലെ സ.ഉ. (കൈ) നമ്പർ 75/18/ ആഭ്യന്തരം പ്രകാരം ആകെ 32 തസ്തികകൾ (സബ് ഇൻസ്പെക്ടർ - 2, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ - 2, സീനിയർ സിവിൽ പോലീസ് ഓഫീസർ - 6, സിവിൽ പോലീസ് ഓഫീസർ - 18, വുമൺ സിവിൽ പോലീസ് ഓഫീസർ - 2, ഡ്രൈവർ - 1, പാർട്ട് ടൈം സ്വീപ്പർ-1) അനുവദിച്ചിട്ടുണ്ട്. അതിൽ 11 എണ്ണം പുനർവിന്യാസം മുഖേനയാണ് നിയമിക്കേണ്ടത്.

(ഡി) പ്രാദേശികാധികാര പരിധി നിർണ്ണയിക്കുന്നതിനുള്ള കരട് വിജ്ഞാപനം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## പുതിയ പോലീസ് സ്റ്റേഷനുകൾ

188(190) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുസംബന്ധിച്ച ശിപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട വിനോദ സഞ്ചാര മേഖലയായ കുമ്പളങ്ങിയിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ ബാഹുല്യം കണക്കിലെടുത്ത് ഔട്ട് പോസ്റ്റിനുപകരം പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാപട്ടിക തയ്യാറാക്കി 28-9-2017-ലെ എസ്1/154183/17 നമ്പർ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇതുസംബന്ധിച്ച് പ്രത്യേക പട്ടിക തയ്യാറാക്കിയിട്ടില്ല.

(ഡി) സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കിയ പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ കുമ്പളങ്ങിയും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് വിശദമായ ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

## കൊപ്പം പോലീസ് സ്റ്റേഷൻ

189(191) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന പോലീസ് സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടാമ്പി സ്റ്റേഷൻ വിഭജിച്ച് കൊപ്പം സ്റ്റേഷൻ രൂപപ്പെടുമ്പോൾ കൊപ്പം,പട്ടാമ്പി സ്റ്റേഷനുകളുടെ അതിർത്തികൾ ഏതൊക്കെയായിരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് പുതിയ കെട്ടിടം**

190(192) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന് പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയത് എന്നാണെന്ന് അറിയിക്കുമോ; ഇതിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണം പൂർത്തിയാക്കിയിട്ടും കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് കെട്ടിടം ഉപയോഗിക്കാൻ കഴിയാത്തത് എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ കെട്ടിടം ഉപയോഗയോഗ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പുതിയ കെട്ടിടം എന്നത്തേയ്ക്ക് തുറന്ന് പ്രവർത്തിക്കാനാകും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) കെട്ടിടത്തിന്റെ പണി 18-1-2016-ൽ പൂർത്തിയാക്കിയിട്ടുണ്ട്. റാന്നി പൊലീസ് സ്റ്റേഷനുവേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന് 71 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിൽ സർക്കിൾ ഓഫീസ്, വിസിറ്റേഴ്സ് റൂം കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ, ബി ടൈപ്പ് ഡോർമിറ്ററി, വുമൻസ് റസ്റ്റ് റൂം, ടൂറിസ്റ്റ് എയ്ഡ് പോസ്റ്റ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദ്ഘാടനം നിർവ്വഹിച്ചു കഴിഞ്ഞിട്ടുള്ള കെട്ടിടം റാന്നി പോലീസ് സ്റ്റേഷന്റെ അനക്സ് ആയി പ്രവർത്തിച്ചുവരുന്നു. കൂടാതെ ക്രൈം വിംഗായും റെസ്റ്റ് റൂം കം കോൺഫറൻസ് ഹാളായും ഉപയോഗിച്ചുവരുന്നു.

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് കട്ടിടം**

191(193) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഭൂമി കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ**

192(194) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;വിശദീകരിക്കാമോ;

(ബി) ആവശ്യമായ ജീവനക്കാരും സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുള്ള സ്ഥലവും ലഭ്യമായിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ജില്ലയ്ക്ക് അനുവദിച്ച പിങ്ക് പോലീസ് സംവിധാനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ പിങ്ക് പട്രോൾ വാഹനം ലഭ്യമായിട്ടുണ്ടോ;വനിത പോലീസ് സ്റ്റേഷനോട് ചേർന്നിട്ടാണോ പിങ്ക് പട്രോൾ സംവിധാനം ആരംഭിക്കുക;വ്യക്തമാക്കുമോ;

(ഡി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വനിത പോലീസ് സ്റ്റേഷനും പിങ്ക് പോലീസും ഉടൻ യാഥാർത്ഥ്യമാക്കുമോ?

ഉത്തരം

(എ&ബി) മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

(സി&ഡി) ജില്ലയിൽ ആരംഭിക്കാനിരിക്കുന്ന വനിതാ പോലീസ് സ്റ്റേഷനോടൊപ്പംതന്നെ പിങ്ക് പട്രോളിംഗ് സംവിധാനവും ആരംഭിക്കുന്നതിനായി ഒരു വാഹനം അനുവദിക്കുകയും സേനാംഗങ്ങൾക്ക് ആവശ്യമായ ഡ്രൈവിംഗ് പരിശീലനവും നൽകിയിട്ടുണ്ട്.

## താനൂരിൽ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

193(195) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയായ താനൂരിലെ ക്രമസമാധാന പരിപാലനത്തിനായി ഉണ്യാൽ കേന്ദ്രീകരിച്ച് തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ കുറെയേറെ വർഷങ്ങളായി കൂട്ടായി അഴിമുഖം മുതൽ താനൂർ-പരപ്പനങ്ങാടി ഭാഗം വരെയുള്ള തീരദേശമേഖലയിലെ അക്രമ സംഭവങ്ങൾ കണക്കിലെടുത്തും തീരദേശ മേഖലയിലെ ജാഗ്രതയുടെ ഭാഗമായും ഉണ്യാലിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്യാൽ പ്രദേശംകൂടി ഉൾപ്പെടുത്തി കൂട്ടായിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പോലീസ് മേധാവിയിൽനിന്നും ലഭിച്ച ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

194(196) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇതിനായി പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം പൊളിച്ചുമാറ്റുന്നതിനും, താൽക്കാലികമായി മറ്റൊരിടത്തേയ്ക്ക് സ്റ്റേഷൻ മാറ്റുന്നതിനും അനുമതി നൽകിയിട്ടുണ്ടോ;

(സി) നടപടികൾ ത്വരിതപ്പെടുത്തുന്നതിനും മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വനം വകുപ്പിൽനിന്നും ലഭിച്ച ഭൂമിയിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ വേണ്ട നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്. സ.ഉ. (അച്ചടി) 17/2018/ആഭ്യന്തരം 19-4-2018-ലെ ഉത്തരവ് പ്രകാരം അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ IX/436-ാം നമ്പർ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**പുതുപ്പാടി അടിവാരത്ത് പോലീസ് സ്റ്റേഷൻ**

195(197) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ അടിവാരത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇപ്പോൾ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(സി) അടിവാരത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് പുതുതായി ആരംഭിക്കേണ്ടതായ പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ അടിവാരം പോലീസ് സ്റ്റേഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**കരീലക്കുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം**

196(198) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭൂമിയിൽനിന്നും 25 സെന്റ് സ്ഥലം നല്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ അധീനതയിലുള്ള 25 സെന്റ് സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് സ.ഉ.(സാധാ) 356/2018/വ്യവ. 27-3-2018 -ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കേസ്സുകൾ**

197(199) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കമ്പളക്കാട് പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കേസ്സുകൾ നിലവിൽ മാനന്തവാടി മജിസ്ട്രേറ്റ് കോടതിയിൽ കൈകാര്യം ചെയ്യുന്നത് പൊതുജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നതിനാൽ ഈ സ്റ്റേഷൻ പരിധിയിലുള്ള കേസ്സുകൾ കൽപ്പറ്റ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലേയ്ക്ക് മാറ്റുന്നതിനായി പ്രസ്തുത കോടതിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുമോ?

ഉത്തരം

ഈ ആവശ്യത്തിലേയ്ക്കായി കൽപ്പറ്റ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു നിർദ്ദേശവും സർക്കാരിൽ നിലവിലില്ല.

**നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ**

198(200) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ ചുമതലയുള്ള പോലീസ് സ്റ്റേഷൻ ആയി നിലനിർത്തുന്നതിന് സ്ഥലം എം.എൽ.എ. 3-1-2018-ൽ ഡി.ജി.പി.-ക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ ചുമതലയുള്ള സ്റ്റേഷൻ ആയി ഉയർത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിൽ ഉണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര താലൂക്കിന്റെ പ്രധാന സ്റ്റേഷൻ ആയി പ്രസ്തുത പോലീസ് സ്റ്റേഷനെ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് എസ്.എച്ച്.ഒ. ആയി സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ 471 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ 203 എണ്ണത്തിൽ സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരാക്കി നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള 268 സ്റ്റേഷനുകളിൽക്കൂടി സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരാക്കി നിയമിക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**

199 (201) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദീകരിക്കുമോ;

(ബി) ഇതിനായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) അനുദിനം വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും ഒഴിവാക്കുന്നതിനായി പ്രസ്തുത ട്രാഫിക് പോലീസ് സ്റ്റേഷൻ എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കരുനാഗപ്പള്ളി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവി തയ്യാറാക്കിയ ശിപാർശ സംസ്ഥാന പോലീസ് മേധാവിതലത്തിൽ പരിശോധിച്ച് വരുന്നു.

## തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

200(202) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ച തീയതി ലഭ്യമാക്കുമോ;

(സി) പ്രൊപ്പോസൽ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ-സി) തോട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി ജെ2/6981/2012 5-1-2017-ലെ കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

## സ്റ്റേഡിയങ്ങൾക്ക് ഈടാക്കുന്ന ഫീസ്

201 (203) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ ഏതൊക്കെ സ്റ്റേഡിയങ്ങൾ പോലീസ് വിഭാഗങ്ങൾക്കും പൊതുജനങ്ങൾക്കും കായികാവശ്യത്തിനും മറ്റുമായി ഫീസീടാക്കി അംഗത്വം നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ഖജനാവിൽനിന്ന് തുക ചെലവഴിച്ച് പണികഴിപ്പിച്ച ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ഉപയോഗിക്കുന്നതിന് പോലീസുകാർക്കും കുടുംബാംഗങ്ങൾക്കും ഉള്ള ഫീസിന്റെ മൂന്നിരട്ടി പൊതുജനങ്ങളിൽനിന്ന് ഈടാക്കുന്നുവെന്ന ആക്ഷേപം പരിശോധിക്കുമോ;

(സി) പൊതുജനസമ്പത്ത് ഉപയോഗിച്ച് നിർമ്മിച്ച സ്റ്റേഡിയം സാധാരണക്കാർക്കുകൂടി ഉപയോഗിക്കുന്നതിന് അനുയോജ്യമായ ഫീസ് ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആഭ്യന്തര വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പോലീസ് സേനാ വിഭാഗത്തിനും പൊതുജനങ്ങൾക്കും കായിക ആവശ്യത്തിനും മറ്റുമായി ഫീസ് ഈടാക്കി അംഗത്വം നൽകിവരുന്നുണ്ട്.

(ബി&സി) കേരള പോലീസ് സ്പോർട്സ് ആൻഡ് യൂത്ത് വെൽഫെയർ സൊസൈറ്റിയുടെ കീഴിലാണ് ചന്ദ്രശേഖരൻനായർ സ്റ്റേഡിയം നിലവിൽ പ്രവർത്തിക്കുന്നത്. സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം, അറ്റകുറ്റപ്പണികൾ, പർച്ചേസുകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ തുക സേനാംഗങ്ങളിൽനിന്നും പൊതുജനങ്ങളിൽനിന്നും ഫീസ് ഇനത്തിൽ ഈടാക്കിയാണ് നടത്തുന്നത്. ഉയർന്ന ഫീസീടാക്കുന്നു എന്ന ആരോപണം പരിശോധിക്കുന്നതാണ്.

## ശ്രീ. പുഷ്കരൻ സമർപ്പിച്ച പരാതിയുടെ തുടർനടപടി

202 (204) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. പുഷ്കരൻ, ഡിവൈൻ ഹൗസ്, കൊല്ലഭാഗം, മലയം പി.ഒ., തിരുവനന്തപുരം എന്നയാളുടെ പരാതി ആഭ്യന്തര വകുപ്പിൽ നിലവിലുണ്ടോ; മുഴുവൻ ഫയലുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) ആഭ്യന്തര വകുപ്പിൽനിന്നും ഇതുസംബന്ധിച്ച് വിവിധ വകുപ്പുകളിലേയ്ക്കും ഓഫീസുകളിലേയ്ക്കും അയച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) മലയിൻകീഴ് (തിരുവനന്തപുരം) പോലീസ് സ്റ്റേഷനിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; ഓഫീസുകളിലേയ്ക്കും ഉന്നത ഉദ്യോഗസ്ഥർക്കും അയച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ ;

(ഇ) തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ ;

(എഫ്) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചവന്നതായി സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാമാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

അനുബന്ധം-1* ആയി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

(സി) മലയിൻകീഴ് പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-2* ആയി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

(ഡി&ഇ) വാഹന ഗതാഗതം തടസ്സപ്പെടുത്തിയതിനെതിരെയും കള്ളക്കേസെടുത്ത് ദേഹോപദ്രവം ഏൽപ്പിച്ചതിനെതിരെയും ശ്രീ. പുഷ്കരൻ.എം, കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2014-16) മുമ്പാകെ സമർപ്പിച്ച ഹർജി, പ്രതികരണ ഹർജി, സമിതി നിർദ്ദേശം എന്നിവയിന്മേൽ സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സമിതിക്ക് മറുപടികൾ നൽകിയിട്ടുണ്ട്. വിശദമായ വിവരം അനുബന്ധം-3+ ആയി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

(എഫ്) ഇല്ല.

**ഉന്നത നേതാക്കളുടെ പേരുപറഞ്ഞ് തട്ടിപ്പ്**

203 (205) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. പി. സതീശൻ എന്നയാൾ സി.പി.ഐ.(എം.)-ന്റേയും ഉന്നത നേതാക്കളുടെയും പേരുപറഞ്ഞ് വൻ തുകകൾ തട്ടിച്ചതായ പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതി സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഇതുസംബന്ധിച്ച പരാതിയുമായി കസബ പോലീസ് സ്റ്റേഷനിലെത്തിയ യുവതിയിൽനിന്ന് പരാതി സ്വീകരിക്കുവാൻ കസബ എസ്.ഐ. വിസമ്മതിച്ചുവെന്ന ആരോപണത്തിന്മേൽ അന്വേഷണം നടത്തിയോ; ആരോപണം വസ്തുതപരമെങ്കിൽ പ്രസ്തുത എസ്.ഐ.-ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇതുസംബന്ധിച്ച് രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 199/18 U/s.420, 506(1) IPC പ്രകാരവും, ഫറോക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം നം.189/18 U/s.420, 406 IPC പ്രകാരവും രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസ്സുകൾ ഇപ്പോൾ അന്വേഷണാവസ്ഥയിലുമാണ്.

(ബി) ഇത്തരമൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

## വട്ടോളി സംസ്കൃത ഹൈസ്കൂൾ വിദ്യാർത്ഥി സായിന്തിനെ മർദ്ദിച്ച സംഭവം

204(206) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വട്ടോളി സംസ്കൃത ഹൈസ്കൂളിലെ വിദ്യാർത്ഥി സായിന്തിനെ ചിലർ മർദ്ദിച്ചതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 198/18 U/s.341, 324, 506(1), 294(b) r/w 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ടി കേസ്സിലെ പ്രതികളായ 2 പേരെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതുമാണ്.

## ഒല്ലൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിലെ എഫ്.ഐ.ആർ.-കളുടെ സ്ഥിതി

205 (207) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ 2017-ൽ എത്ര എഫ്.ഐ.ആർ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുകളിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത് എത്രഎണ്ണം വീതമുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിൽ ഉൾപ്പെട്ട ഒല്ലൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ 2017 വർഷം രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-കളുടെയും അതിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടേയും വിശദവിവരം ചുവടെ ചേർക്കുന്നു.

| Police Station | Total FIR Registered in 2017 | Charge sheeted | FR/ FAD | False | Transferred cases | Under investigation cases |
|---|---|---|---|---|---|---|
| Ollur | 1835 | 1605 | 190 | 0 | 6 | 34 |
| Mannuthy | 1460 | 1271 | 102 | 7 | 58 | 22 |
| Peechi | 1256 | 1171 | 73 | 0 | 0 | 12 |

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ഐ.പി.എസ്. ഉദ്യോഗസ്ഥർ**

206(208) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിലുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥർ പൊതുമേഖലാ സ്ഥാപനങ്ങളിൽ മേധാവികളായി നിയോഗിക്കപ്പെടുമ്പോൾ മാതൃവകുപ്പിൽ ഉപയോഗിച്ച് വന്നിരുന്ന യൂണിഫോം, ഔദ്യോഗിക വാഹനത്തിലെ സൗകര്യങ്ങൾ മുതലായവ തുടർന്ന് ഉപയോഗിക്കുന്നതിന് അധികാരം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനാധാരമായ സർക്കുലറിന്റെയോ ഉത്തരവിന്റെയോ പകർപ്പ് നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ നടപടി നടത്തുന്നതിന് ഏതെങ്കിലും അധികാരിക്ക് നിയമത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെന്നും എത്ര കാലത്തേയ്ക്കെന്നും ഏതിന്റെ അടിസ്ഥാനത്തിലാണെന്നും അറിയിക്കുമോ; നിയമത്തിൽ ഇളവ് നൽകിയ ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, ഇത്തരത്തിൽ നിയോഗിക്കപ്പെട്ട എത്രപേർ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നോക്കിവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**അറക്കുന്ന്-പാഞ്ചികാട്-അരുവിപ്പുറം റോഡ് ഉദ്ഘാടനം**

207 (209) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 2.45 കോടി രൂപ ചെലവിൽ പണി പൂർത്തീകരിച്ച അറക്കുന്ന് -പാഞ്ചികാട് -അരുവിപ്പുറം റോഡ് ഉദ്ഘാടന വേളയിൽ സർക്കാരിനെ അപകീർത്തിപ്പെടുത്തി മുൻ നെയ്യാറ്റിൻകര എം.എൽ.എ. ആർ. സെൽവരാജ് ഉദ്ഘാടനപ്രസംഗം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ നെയ്യാറ്റിൻകര പോലീസിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് ഉദ്ഘാടനം നടത്താൻ തീരുമാനിച്ച റോഡ് മുൻ എം.എൽ.എ.-യ്ക്ക് ഉദ്ഘാടനം നടത്താൻ നെയ്യാറ്റിൻകര പോലീസ് മൈക് ഓർഡർ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്ഥലം എം.എൽ.എ. 2018 മാർച്ച് 26-ന് നെയ്യാറ്റിൻകര പോലീസിന് നൽകിയ പരാതിയിൽ പൊതുമരാമത്ത് വകുപ്പിനെയും സ്ഥലം എം.എൽ.എ.-യും അപകീർത്തിപ്പെടുത്തി ജനങ്ങൾക്ക് ഇടയിൽ ആശങ്ക ഉണ്ടാക്കിയതിനു മുൻ എം.എൽ.എ. ആർ. സെൽവരാജിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം ഏതു വകുപ്പ് ആണ് ഈ കേസ്സിൽ ചുമത്തുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എൽ.എ ശ്രീ. കെ. ആൻസലൻ 29-3-2018-ന് ഒരു പരാതി നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) മൈക്ക് ഓർഡർ നൽകിയിട്ടില്ല.

(ഡി&ഇ) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ പരാതിയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനുവേണ്ട നിയമോപദേശത്തിനായി തിരുവനന്തപുരം ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതും ആയതിലേയ്ക്ക് നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## വെഞ്ഞാറമൂട് കേന്ദ്രമാക്കി ഡിവൈ.എസ്.പി. ഓഫീസ്

208 (210) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി ഒരു പുതിയ ഡിവൈ.എസ്.പി. ആഫീസ് ആരംഭിക്കുന്നതിന്റെ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) എന്നത്തേയ്ക്ക് ആഫീസ് പ്രവർത്തനമാരംഭിക്കാൻ കഴിയും എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രമാക്കി ഒരു പുതിയ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## കോടഞ്ചേരിയിൽ ഗർഭസ്ഥശിശു മരിക്കുവാനിടയായ സംഭവം

209 (211) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരിയിൽ ഗർഭിണിയായ ജോത്സ്ന എന്ന യുവതിയുടെ വയറ്റിൽ ചവിട്ടേറ്റതിനാൽ ഗർഭസ്ഥശിശു മരിക്കുവാനിടയായെന്ന് ആരോപിക്കപ്പെട്ട സംഭവത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) കേസ്സിന്റെ തുടരന്വേഷണം ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-ക്ക് കൈമാറിയിട്ടുണ്ടോ; ഈ വിഷയം ഡിവൈ. എസ്. പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ ഈ തീരുമാനം കൈക്കൊണ്ടത് എന്നറിയിക്കാമോ;

(സി) ഈ പ്രശ്നത്തിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയോട് നേരിട്ട് ഹാജരായി റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ദേശീയ ന്യൂനപക്ഷ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കോടഞ്ചേരിയിൽ ഗർഭിണിയായ ജോത്സ്ന എന്ന യുവതിയുടെ വയറ്റിൽ ചവിട്ടിയ സംഭവത്തിന് കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 21/18 U/s, 143, 147, 447, 341, 323, 324, 316 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണ മധ്യേ 354 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുണ്ടെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പുകൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിയതിൽ പ്രതി പട്ടികയിൽ ഉൾപ്പെട്ട 7 പ്രതികളേയും അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുള്ളതും കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലുമാണ്.

(ബി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കുന്നതിന് മുമ്പുതന്നെ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ടി കേസ്സിന്റെ അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം ഡിവൈ.എസ്.പി.-ക്ക് കൈമാറിയിട്ടുള്ളതാണ്.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കമ്മീഷൻ മുമ്പാകെ ജില്ലാ പോലീസ് മേധാവി ഹാജരായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാതിക്കാരിക്ക് എല്ലാ സഹായങ്ങളും സംരക്ഷണവും നൽകുവാൻ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

**ആർ.എസ്.എസ്. മാർച്ചിനിടെ അക്രമം**

210 (212) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.എസ്. മാർച്ചിനിടെ മലപ്പുറം പ്രസ്സ് ക്ലബ്ബിൽ കയറി പത്രപ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ എത്ര പേർക്കെതിരെ കേസ്സെടുത്തു; ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് അവർക്കെതിരെ കേസ്സെടുത്തിട്ടുള്ളത്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ വിശദീകരിക്കുമോ;

(സി) കേസ്സന്വേഷണം ഊർജ്ജിതപ്പെടുത്തുവാനും കുറ്റവാളികൾക്കെതിരെ നടപടികൾ സ്വീകരിക്കുവാനും കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) ആർ.എസ്.എസ് പ്രവർത്തകർ ന്യായവിരോധമായി സംഘം ചേർന്ന് മലപ്പുറം പ്രസ്സ് ക്ലബ്ബിൽ കയറി പത്രപ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് മലപ്പുറം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 145/2018 u/s 143, 147, 148, 341, 323, 451, 506, 324, 392, 149 IPC പ്രകാരം പത്തോളം ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും രണ്ട് പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

(സി) കേസ്സന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രതികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ട്രോമാ കെയർ സംവിധാനം**

211(213) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനുമായി ചേർന്ന് പോലീസ് ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രയോജനം സംസ്ഥാനം മുഴുവൻ ലഭിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ, ഡോ രമേഷ് കുമാർ ഫൗണ്ടേഷൻ എന്നിവയുമായി ചേർന്ന് ട്രോമാ റെസ്ക്യൂ ഇനിഷ്യേറ്റിവ് (TRI) സംവിധാനത്തിന് കേരള പോലീസ് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനം മുഴുവൻ പ്രയോജനം ലഭിക്കുന്ന തരത്തിലാണ് ഈ സംവിധാനം വിഭാവന ചെയ്തിട്ടുള്ളത്. പ്രാഥമികഘട്ടം എന്ന നിലയിൽ, അപകടങ്ങളിൽ സഹായിക്കാൻ കേരളത്തിലെ 1000 ആംബുലൻസുകൾ രജിസ്റ്റർ ചെയ്യുകയും സഹായം ആവശ്യപ്പെടുന്നതിനായി 9188100100 എന്ന എമർജൻസി നമ്പർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നമ്പറിൽ വിളിച്ച് സേവനം ആവശ്യപ്പെടുന്നവർക്ക് സഹായം ലഭ്യമാകുന്നതാണ്.

**സ്കൂൾ വളപ്പുകളിൽ ആർ.എസ്.എസ്. ശാഖാ പ്രവർത്തനം**

212 (215) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയ വളപ്പുകൾ കേന്ദ്രീകരിച്ച് ആർ.എസ്.എസ്. സംഘടിപ്പിച്ചു വരുന്ന ശാഖാ പ്രവർത്തനങ്ങളും കായിക പരിശീലനവും നിയമാനുസൃതമാണോ;

(ബി) നിയമാനുസൃതമല്ലെങ്കിൽ ഇത് അനുവദിക്കുന്ന വിദ്യാലയങ്ങളുടെ അധികാരികൾക്കെതിരെ പോലീസ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) തിരുവനന്തപുരം ഊരൂട്ടമ്പലം സരസ്വതി എച്ച്.എസ്. വിദ്യാലയം കേന്ദ്രീകരിച്ച് ആർ.എസ്.എസ്. നടത്തുന്ന ശാഖാ പ്രവർത്തനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിദ്യാലയങ്ങളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്കൂൾ വക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കുവാൻ പാടില്ലെന്ന നിർദ്ദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിപരീതമായി സ്കൂളുകളുടെയും ക്യാമ്പസുകളുടെയും മറ്റെല്ലാ ഉപയോഗങ്ങളും ചട്ടങ്ങളുടെ ലംഘനമാണ്.

(ബി) ഇത്തരം സംഭവങ്ങൾ പോലീസ് നിരീക്ഷിച്ചുവരുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പിനോട് സ്കൂൾ അധികൃതർക്കെതിരെ നടപടിയെടുക്കാനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ഊരൂട്ടമ്പലം സരസ്വതി എച്ച്.എസ്. വിദ്യാലയം കേന്ദ്രീകരിച്ച് ആർ.എസ്.എസ് ശാഖാ പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്കൂൾ വക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും വിട്ടുനൽകരുതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് നടത്തുന്ന ആർ.എസ്.എസ്.-ന്റെ പ്രവർത്തനങ്ങൾ പോലീസും നിരീക്ഷിച്ചുവരുന്നു.

## വരാപ്പുഴ കസ്റ്റഡി മരണം

213 (216) <u>ശ്രീ. വി. ഡി. സതീശൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ കസ്റ്റഡി മരണത്തിൽപ്പെട്ട ശ്രീജിത്തിന്റെ അമ്മയെ ഭീഷണിപ്പെടുത്തിക്കൊണ്ട് കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ;

(ബി) നേരത്തെ ലഭിച്ച ഭീഷണി കത്ത് ശ്രീജിത്തിന്റെ കുടുംബം പോലീസിന് കൈമാറിയിട്ടും, അതിന്മേൽ ആവശ്യമായ അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) റൂറൽ ടൈഗർ ഫോഴ്സിലെ അംഗങ്ങളായ പോലീസുകാർക്കെതിരെയുള്ള പരാതി പിൻവലിച്ചില്ലെങ്കിൽ ശ്രീജിത്തിന്റെ ഗതി സഹോദരൻ സജിത്തിനും ഉണ്ടാകുമെന്ന ഭീഷണി പോലീസ് ഗൗരവമായി പരിഗണിച്ച് ആവശ്യമായ മേൽനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരാപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 338/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ആദ്യ ഭീഷണി കത്ത് ലഭിച്ചതിനെതുടർന്ന് 26-4-2018-ൽ ശ്രീജിത്തിന്റെ സഹോദരൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വരാപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 338/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ 4-5-2018-ന് രണ്ടാമത്തെ പരാതി ലഭിക്കുകയും ആയത് ടി കേസ്സിനോടു ചേർത്ത് അന്വേഷണം നടന്നുവരികയുമാണ്.

(സി) ഇത്തരം പരാതികളുടെ അടിസ്ഥാനത്തിലാണ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നത്.

**ആത്മഹത്യ ചെയ്തവർ**

214 (217) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്ത്രീകൾ എത്ര, കുട്ടികൾ എത്ര എന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പ്രയാസം, കുടുംബപ്രശ്നങ്ങൾ, കടക്കെണി, രോഗങ്ങൾ എന്നിവ കാരണം ആത്മഹത്യ ചെയ്തവരുടെ എണ്ണം പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

(എ) 15148 എണ്ണം.

(ബി) 3239 സ്ത്രീകൾ, 559 കുട്ടികൾ

(സി)

| സാമ്പത്തിക പ്രയാസം കാരണം ആത്മഹത്യ ചെയ്തവരുടെ എണ്ണം | കുടുംബ പ്രശ്നങ്ങൾ കാരണം ആത്മഹത്യ ചെയ്തവരുടെ എണ്ണം | കടക്കെണി കാരണം ആത്മഹത്യ ചെയ്തവരുടെ എണ്ണം | രോഗങ്ങൾ കാരണം ആത്മഹത്യ ചെയ്തവരുടെ എണ്ണം |
|---|---|---|---|
| 953 | 4996 | 33 | 2448 |

**ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട്**

215 (218) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസ്സുമായി ബന്ധപ്പെട്ട ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷൻ ശിപാർശയനുസരിച്ച് മന്ത്രിസഭ കൈക്കൊണ്ട തീരുമാനങ്ങളിലും തുടർന്ന് ഇറക്കിയ പത്രക്കുറിപ്പിലും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം ഭേദഗതികൾ വരുത്തിയിട്ടുണ്ട് ;

(സി) ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച കേസ്സിൽ ഹൈക്കോടതിയിൽ ഗവൺമെന്റിനുവേണ്ടി ആരെല്ലാമാണ് ഹാജരായതെന്നും അതിനു വേണ്ടി ഫീസിനത്തിൽ എത്ര രൂപ ചെലവായെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സോളാർ കേസ്സുമായി ബന്ധപ്പെട്ട് 15-5-2018-ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം സർക്കാർതലത്തിൽ പരിശോധിച്ച് വരികയാണ്. വിശദമായ നിയമോപദേശം തേടിയശേഷം ഉചിതമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

(സി) ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇതിനകം ആകെ 1,77,16,711 രൂപ ചെലവായിട്ടുണ്ട്.

(ഡി) സർക്കാരിനുവേണ്ടി സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകൻ ശ്രീ. രഞ്ജിത് കുമാറും സീനിയർ ഗവണ്മെന്റ് പ്ലീഡർമാരായ ശ്രീ. പി. നാരായണനും ശ്രീ. വി. മനുവും ഹാജരായി. ശ്രീ. രഞ്ജിത് കുമാറിന് ഫീസിനത്തിൽ ഒരു കോടി ഇരുപത് ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ

216 (219) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ മലയാളത്തിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട കാര്യമാകയാൽ കൂടുതൽ പരിശോധന ആവശ്യമാണ്.

## രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ

217(220) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി നൽകുന്ന പോലീസ് മെഡലിന് ശിപാർശ ചെയ്യുന്ന പട്ടിക സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതിക്കു മുമ്പായി കേരളത്തിൽനിന്നുള്ള പട്ടിക സമർപ്പിച്ചിരുന്നോ;

(ബി) ഇല്ലെങ്കിൽ ഇതുമൂലം അർഹതപ്പെട്ടവർക്ക് മെഡലുകൾ നഷ്ടമാകുന്ന സാഹചര്യമുണ്ടാകുമെന്ന് കരുതുന്നുണ്ടോ;

(സി) കഴിഞ്ഞ റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് നൽകിയ പോലീസ് മെഡൽ പട്ടികയിൽനിന്നും കേരളം പുറത്തായിരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) ഇത്തരം വീഴ്ചകൾ തുടർന്നുണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സമർപ്പിച്ചിരുന്നു.

(സി) കഴിഞ്ഞ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ ശിപാർശ ചെയ്ത പട്ടികയിലുള്ള 6 (ആറ്) പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതി നൽകുന്ന പോലീസ് മെഡൽ ലഭിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

## ദേവസ്വംപാടത്ത് വാസുദേവന്റെ വീടാക്രമണം

218(221) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട ശ്രീജിത്ത്, ദേവസ്വംപാടത്ത് വാസുദേവന്റെ വീടാക്രമണത്തിൽ പങ്കെടുത്തതായി വരുത്തിതീർക്കുവാനുള്ള ശ്രമങ്ങൾ മുൻ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി എ.വി. ജോർജ്ജ് നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭവദിവസം അവധിയിലായിരുന്ന വരാപ്പുഴ എസ്.ഐ. ദീപക്കിനെ റൂറൽ എസ്.പി. ഫോണിൽ വിളിച്ച് പ്രത്യേക നിർദ്ദേശം നൽകിയിരുന്നോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ രാത്രി വരാപ്പുഴ പോലീസ് സ്റ്റേഷനിൽ എത്തിയ എസ്.ഐ. പോലീസ് കസ്റ്റഡിയിലുണ്ടായിരുന്നവരെ ക്രൂരമായി മർദ്ദിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ശ്രീജിത്തിനെ കസ്റ്റഡിയിലെടുക്കുന്ന കാര്യത്തിൽ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ ഇടപെടൽ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏത് രാഷ്ട്രീയ കക്ഷിയുടേതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) കേസുമായി ബന്ധപ്പെട്ട ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് പ്രത്യേക അന്വേഷണ സംഘം സമഗ്രമായി അന്വേഷണം നടത്തിവരുന്നു.

## വിജിലൻസ് അന്വേഷണം കാര്യക്ഷമമാക്കൽ

219(222) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിജിലൻസിന്റെ അന്വേഷണം കാര്യക്ഷമമാക്കാനും വകുപ്പിന്റെ ഇടപെടലുകൾ ഫലപ്രദമാക്കാനും കുറ്റക്കാരെ കണ്ടെത്താനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി നിരോധന നിയമമനുസരിച്ചും സർക്കാർ നിർദ്ദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തിയതുമായ എത്ര പേരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ടവരായി കഴിഞ്ഞ സർക്കാർ കാലയളവിൽ വിജിലൻസ് എത്ര പേരെ കണ്ടെത്തി; എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; എത്ര പേരെ കുറ്റവിമുക്തരാക്കി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിജിലൻസിന്റെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന്റെയും വകുപ്പിന്റെ ഇടപെടലുകൾ ഫലപ്രദമാക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന്റെയും ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1) അഴിമതി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഇന്റലിജൻസ് ഉദ്യോഗസ്ഥർ മുഖേന സോഴ്സ് റിപ്പോർട്ടുകൾ ശേഖരിക്കുകയും ഇതുസംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ നൽകുകയും ചെയ്യുന്നു.

2) ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ്സന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ 52 ഉദ്യോഗസ്ഥർക്ക് ഡി-ഡാക്കിന്റെ സഹായത്തോടെ ഒരു മാസത്തെ വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

3) വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കേരള യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധ ഗവേഷകരുടെ നേതൃത്വത്തിൽ ഒരു പഠനം നടന്നുകൊണ്ടിരിക്കുന്നു.

4) വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിൽ COB മെസ്സേജ് സംവിധാനം ആരംഭിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി നിരോധന നിയമമനുസരിച്ച് സർക്കാർ നിർദ്ദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തിയ 1334 പേർക്കെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ അഴിമതി നിരോധന നിയമമനുസരിച്ചും സർക്കാർ നിർദ്ദേശങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ച 2892 പേർക്കെതിരെ വിജിലൻസ് കേസ്സെടുത്തിട്ടുണ്ട്. വിവിധ കേസ്സുകളിലായി 612 പേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 2*ആയി ചേർക്കുന്നു.

### സർക്കാർ ജീവനക്കാരുടെ അഴിമതി

220(223) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരിൽ ചിലർ വിവിധ തരത്തിലുള്ള അഴിമതികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങളിൽനിന്നും കൈക്കൂലി ആവശ്യപ്പെടുന്ന സർക്കാർ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കാമോ;

(സി) ഏതെങ്കിലും വകുപ്പുകളിൽ ഇടനിലക്കാർ മുഖേന കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ ജീവനക്കാരുടെ ഇടയിലുള്ള അഴിമതിയും കൈക്കൂലിയും കർശനമായി തടയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാർക്കിടയിൽ അഴിമതി ഇല്ലാതാക്കു ന്നതിനായി ശക്തമായ വിജിലൻസ് സംവിധാനം നിലവിലുണ്ട്. അഴിമതി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഇന്റലിജൻസ് ഉദ്യോഗസ്ഥർ മുഖേന സോഴ്സ് റിപ്പോർട്ടുകൾ ശേഖരിക്കുകയും ഇതുസംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ അഴിമതി തടയുന്നതിനുവേണ്ടി വകുപ്പുകളിൽ ഇന്റേണൽ വിജിലൻസ് സംവിധാനവും നിലവിലുണ്ട്.

(സി) സർക്കാർ ആഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയും വിജിലൻസ് സംവിധാനത്തിലേയ്ക്ക് ആധുനിക വിനിമയ സംവിധാനത്തിലൂടെ പരാതികൾ അയയ്ക്കുന്ന സംവിധാനമേർപ്പെടുത്തുകയും ചെയ്തുവഴി മുമ്പ് നിന്നിരുന്ന ഇടനിലക്കാരുടെ സംവിധാനം ഒഴിവാക്കിയിട്ടുണ്ട്.

(ഡി) സ്ഥിരമായി കൈക്കൂലി വാങ്ങുന്നുവെന്ന് പരാതി ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കി അവർക്കെതിരെ "ഡോസിയർ" തയ്യാറാക്കി അവരെ നിരീക്ഷിച്ചുവരുന്നുണ്ട്. ട്രാപ്പ് ചെയ്യാൻ സാധിക്കാതെവരുന്ന അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദ്യം വിജിലൻസിന്റെ സ്പെഷ്യൽ സെൽ മുഖേന അന്വേഷണം നടത്തി മതിയായ തെളിവുകൾ ലഭിക്കുമ്പോൾ അവർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിലും പൊതുജനങ്ങൾ കാണത്തക്ക നിലയിൽ വിജിലൻസിന്റെ ഫോൺ നമ്പറും വിലാസവും പ്രദർശിപ്പിച്ചിട്ടുണ്ട്. ആയതുമുഖേന അഴിമതിയെപ്പറ്റിയും കൈക്കൂലിയെപ്പറ്റിയുമുള്ള വിവരങ്ങൾ വിജിലൻസ് ആന്റ് ആന്റീകറപ്ഷൻ ബ്യൂറോയിൽ അറിയിക്കാവുന്നതാണ്.

**കോടതി സമുച്ചയ നിർമ്മാണ പദ്ധതി**

221(224) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിലനുവദിച്ചിട്ടുള്ള വിവിധ കോടതികൾ പ്രവർത്തിക്കുന്നതിനാവശ്യമായ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി കൈമാറുന്നതിന് തീരുമാനമായിട്ടുണ്ടോ;

(ഡി) സ്ഥലം സംബന്ധിച്ച് ഹൈക്കോടതിയുടെ പരിശോധന നടന്നിട്ടുണ്ടോ ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിന് തഴവ ഗ്രാമപഞ്ചായത്തിലെ തഴവ വില്ലേജിലെ റീസർവ്വേ 200/4 നമ്പറിൽപ്പെട്ട 39.5 ആർ സ്ഥലം കൈമാറുന്നതിന് തഴവ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14-8-2017-ലെ തീരുമാനം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) കൊല്ലം ജില്ലാ ജഡ്ജി സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയിട്ടുണ്ട്.

## കോടതി വിധികൾ മലയാളത്തിൽ ലഭ്യമാക്കൽ

222(225) <u>ശ്രീ. കെ. എൻ. എ. ഖാദർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോടതിവിധികൾ ഔദ്യോഗിക ഭാഷയായ മലയാളത്തിൽ വേണമെന്ന സർക്കാരിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ കോടതി വിധികൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പരിഭാഷപ്പെടുത്തുന്നില്ലെങ്കിൽ ആയത് ചെയ്യുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കോടതി ഭാഷ മലയാളമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഹൈക്കോടതിയുമായി കൂടിയാലോചിച്ച് നടപ്പിൽ വരുത്തി കൊണ്ടിരിക്കുകയാണ്. കീഴ് കോടതികളിൽ നിലവിൽ ഹർജികൾ ഫയൽ ചെയ്യുന്നതും (pleadings) സാക്ഷിവിസ്താരവും മലയാളത്തിലാണ് നടക്കുന്നത്. കോടതി വിധികളുടെ പകർപ്പ് മലയാളത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിൽ 222 പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഔദ്യോഗികഭാഷാ ഉന്നതതല സമിതിയുടെ 16-4-2018-ലെ മീറ്റിംഗിൽ തീരുമാനമായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ

223(226) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ബി) കിനാലൂർ വ്യവസായ കേന്ദ്രം, കക്കയം പവർഹൗസ്, വയലട ടൂറിസം പദ്ധതി തുടങ്ങി പ്രധാനപ്പെട്ട സ്ഥാപനങ്ങളും പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

ഉത്തരം

(എ) മൂന്ന് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി &സി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ മരപ്പാലം തല അംഗനവാടിക്ക് സമീപം പനങ്ങാട് വില്ലേജ് റീ-സർവ്വേ നമ്പർ 59- ൽപ്പെട്ട 50 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഫയർ സ്റ്റേഷന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടതിൻ പ്രകാരം വകുപ്പിന് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കുവാനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം

224(227) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസി എന്ന നിലയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പ് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടുവെന്ന് വിശദീകരിക്കുമോ;

(ബി) ആയതിലേയ്ക്ക് ഇനി എന്തെങ്കിലും നടപടികൾ പൂർത്തീകരിക്കുവാനുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം വിട്ടുകിട്ടുന്നതിന് ആവശ്യമായ തുടർനടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(ഡി) ഇക്കാര്യത്തിൽ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ &ബി) സ്ഥലം വിട്ടുകിട്ടുന്നതിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ടി സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്രോജക്ട് റിപ്പോർട്ടും റവന്യൂ വകുപ്പിന്റെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ആവശ്യമാണ്. ടി സർട്ടിഫിക്കറ്റുകൾക്ക് വനം, പൊതുമരാമത്ത് വകുപ്പുകൾക്ക് അപേക്ഷ നൽകുകയും വനം വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമാവുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പും അഗ്നിരക്ഷാ വകുപ്പും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തി അഗ്നിരക്ഷാ നിലയത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയുള്ള ഭൂമിയാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സൗകര്യപ്രദമായ രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള പ്ലാൻ തയ്യാറാക്കി പ്രോജക്ട് റിപ്പോർട്ട് അടിയന്തരമായി നൽകുന്നതിന് 7-3-2018 ൽ പൊതുമരാമത്ത് വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) നിർദ്ദേശം നൽകുന്നതാണ്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ട് റിപ്പോർട്ട് ലഭിക്കാത്ത തിനാലാണ് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തത്. ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കണ്ണൂർ ഡിവിഷണൽ ഫയർ ആന്റ് റെസ്ക്യൂ ഓഫീസിന്റെ ഉദ്ഘാടനം

225(228) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ കണ്ണൂരിൽ പുതുതായി ആരംഭിക്കുന്ന കണ്ണൂർ ഡിവിഷണൽ ഓഫീസിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ഉദ്ഘാടനം എന്ന് നടത്തുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സർക്കാർ ഉത്തരവ് (കൈ) നമ്പർ 263 2017/ആഭ്യന്തരം 29-12-2017-ലെ പ്രകാരം ഫയർ & റെസ്ക്യൂ വകുപ്പിൽ കണ്ണൂർ ആസ്ഥാനമാക്കി പുതിയ ഡിവിഷണൽ ആഫീസ് രൂപീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡിവിഷണൽ ആഫീസർ, സീനിയർ സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിയമന നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

**താനൂരിൽ അനുവദിച്ച ഫയർ സ്റ്റേഷൻ**

226(229) <u>ശ്രീ. വി. അബ്ദുറഹിമാൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിൽ 2016-17 ബഡ്ജറ്റിൽ അനുവദിച്ച ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയെത്തി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷനുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ നിലവിലുള്ള ഫയലിൽ (F2/348/17) എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിലവിൽ താനൂർ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ;

(ഡി) താനൂർ ഫയർ സ്റ്റേഷൻ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) താനൂരിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് താനൂർ ഫയർ സ്റ്റേഷൻ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള താനൂർ ഫയർ & റെസ്ക്യൂ സ്റ്റേഷൻ സ്ഥിരമായി പ്രവർത്തനം ആരംഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ/തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ലഭ്യമായിട്ടില്ല. എന്നാൽ താനൂരിൽ താല്കാലികമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പരിയാപുരം വില്ലേജിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തോടുകൂടിയുള്ള 40 സെന്റ് സ്ഥലത്ത് വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള സൗകര്യങ്ങളോടുകൂടി താൽക്കാലികമായി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന്

സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് ഭ്രവ്യടമ സമ്മതപത്രം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് താൽക്കാലികമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് 40 പുതിയ തസ്തികകൾ അനുവദിക്കുന്നതിന് 1,14,85,728 രൂപയും, വാഹനം, ഉപകരണം, ഫർണിച്ചർ, ടെലഫോൺ എന്നിവയ്ക്കായി 1,52,80,000 രൂപയും, അഗ്നിരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് 38 ലക്ഷം രൂപയും അനുവദിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് കൈമാറിയിരിക്കുകയാണ്.

(ഡി&ഇ) മേൽ പരാമർശിച്ച കെട്ടിടത്തിൽ ഫയർസ്റ്റേഷൻ താൽക്കാലികമായി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും ഫണ്ട് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി താൽക്കാലികമായി ഫയർസ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

### പെരിങ്ങോം ഫയർ സ്റ്റേഷൻ

227 (230) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടത്തിന് ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടം വരെ ആയെന്ന് വിശദമാക്കാമോ;

(ബി) പെരിങ്ങോം ഫയർ സ്റ്റേഷന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരിങ്ങോം വില്ലേജിലെ റീ-സർവ്വേ നമ്പർ 51-ൽ ഉൾപ്പെട്ട സ്ഥലത്ത് ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വകുപ്പിൽ അംഗീകരിച്ചിട്ടുള്ള പ്ലാൻ തുടർനടപടികൾക്കായി പയ്യന്നൂർ പൊതുമരാമത്ത് കെട്ടിടം വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### ആലത്തൂർ ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം

228(231) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കുഴൽമന്ദം 1 വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ റീ-സർവ്വേ നമ്പർ 672/6-ൽപ്പെട്ട 20.23 ആർ (50 സെന്റ്) ഭൂമി അഗ്നിരക്ഷാ വകുപ്പിന് കൈമാറി നൽകുന്നതിന് ഉത്തരവ് ആയിട്ടുണ്ട്. ആയതിൻപ്രകാരം പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലത്തിന്റെ സ്കെച്ച്, കെട്ടിടത്തിന് ആവശ്യമായ ഫങ്ഷണൽ റിക്വയർമെന്റ്സ്, ജീവനക്കാരുടെ വിവരങ്ങൾ എന്നിവ പാലക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**കാട്ടാക്കട ഫയർസ്റ്റേഷൻ**

229(232) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട ഫയർസ്റ്റേഷന്റെ നിലവിലുള്ള ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാൻ വകുപ്പ് മേധാവി അംഗീകരിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

**കല്ലമ്പലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി**

230(233) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യ നടത്തിയ പഠന റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കല്ലമ്പലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നാവായിക്കുളം വില്ലേജിലെ ബ്ലോക്ക് 23-ൽ സർവ്വേ 233/1-ൽപ്പെട്ട 19.34 ആർ സർക്കാർ ഭൂമി ഫയർ & റസ്ക്യൂ

വകുപ്പിന് കൈമാറുന്നതിനുള്ള അർത്ഥനാ പത്രം വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നല്കിയതിന് മറുപടി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആയതിൻമേൽ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാ കളക്ടറിൽനിന്നും മറുപടി ലഭ്യമായിട്ടില്ല.

(ബി) ഭൂമി കൈമാറ്റത്തിനുള്ള ശിപാർശ വർക്കല തഹസിൽദാർ മുഖേന നാവായിക്കുളം വില്ലേജ് ഓഫീസർക്ക് കൈമാറിയിട്ടുള്ളതും, നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

## കരുനാഗപ്പള്ളി ഫയർസ്റ്റേഷൻ

231(234) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിച്ചിട്ടുണ്ടോ;വിശദീകരിക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം അളന്ന് തിരിച്ച് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(സി) ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) കരുനാഗപ്പള്ളി ഫയർ സ്റ്റേഷനാവശ്യമായ സ്ഥലം അനുവദിച്ച് അനുയോജ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിൽ കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നം.10 ൽ റീ-സർവ്വേ നം.439/12-ൽ ഉൾപ്പെട്ട 73.40 ആർ സർക്കാർ ഭൂമിയിൽ 20 സെന്റ് സ്ഥലത്തിന് കൊല്ലം ജില്ലാ കളക്ടർ ഉപയോഗാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനുവേണ്ടി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ റിക്വിസിഷൻ ഫോം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല.

(ബി) ഇതിനാവശ്യമായ സ്ഥലം റവന്യൂ അധികൃതരുടെ സാന്നിദ്ധ്യത്തിൽ അളന്ന് തിരിക്കുകയും നിർദ്ദിഷ്ട സ്ഥലത്ത് ഫയർസ്റ്റേഷൻ നിർമ്മാണത്തിനായി കല്ലിടുകയും ചെയ്തിട്ടുണ്ട്.

(സി) 2018-19 പദ്ധതിയിനത്തിൽ ബഡ്ജറ്റിൽ ഫയർ & റെസ്ക്യൂ വകുപ്പിലെ കെട്ടിട നിർമ്മാണങ്ങൾക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കരുനാഗപ്പള്ളി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

(ഡി) മേൽ പരാമർശിച്ചിട്ടുള്ള 20 സെന്റ് സ്ഥലത്തിന് ഉപാധികളോടെ ഉപയോഗാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് ഫയർ സ്റ്റേഷന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂരിൽ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനുള്ള നടപടി**

232 (235) <u>ശ്രീ. ജി. എസ്. ജയലാൽ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ആസ്ഥാനമായി പുതിയ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിനുള്ള നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അഗ്നി രക്ഷാനിലയത്തിനായി നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കൊല്ലം താലൂക്കിലെ മീനാട് വില്ലേജിൽ ഉൾപ്പെട്ട റീസർവ്വെ 91/14-ൽ ഉൾപ്പെട്ട 20 സെന്റ് ഭൂമി വകുപ്പിന് കൈമാറിക്കിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും പ്രസ്തുത ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട് എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചാത്തന്നൂർ അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനായി നിലവിൽ കണ്ടെത്തിയിട്ടുള്ള കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ റീ-സർവ്വേ നമ്പർ 91/14 -ൽപ്പെട്ടതും ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ളതുമായ 20 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനുവേണ്ടി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാപത്രം കൊല്ലം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

## സ്ത്രീ തടവുകാരുടെ എണ്ണം

233 (236) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ ജയിലുകളിൽ നിലവിലുള്ള സ്ത്രീ തടവുകാരുടെ എണ്ണം വ്യക്തമാക്കാമോ; ഇതിൽ കരുതൽ തടങ്കലിൽ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് വിവിധ ജയിലുകളിലായി നിലവിൽ 164 വനിതാ തടവുകാരുണ്ട്. ഈ തടവുകാരിൽ ഒരാളെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതാണ്.

## ജയിലിലെ പച്ചക്കറി കൃഷി

234(237) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ കൃഷി ചെയ്യുന്ന പച്ചക്കറികൾ പൊതുജനങ്ങൾക്ക് ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ ;

(സി) കൂടുതൽ പൊതുജനങ്ങൾക്ക് ഇവ ലഭ്യമാക്കുന്നതിനായി നഗരകേന്ദ്രങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും ഇവയുടെ വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിലും, നെട്ടുകാൽത്തേരി, ചീമേനി എന്നിവിടങ്ങളിലെ തുറന്ന ജയിലുകളിലും ജൈവ പച്ചക്കറി കൃഷി ചെയ്തുവരുന്നു. ജയിൽ തോട്ടങ്ങളിൽ തരിശായി കിടക്കുന്ന എല്ലാ സ്ഥലങ്ങളിലും അന്തേവാസികളുടെ സേവനം ഉപയോഗിച്ച് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും ജയിൽ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന പച്ചക്കറി ജയിൽ വിപണന കേന്ദ്രങ്ങൾവഴി പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വില്പന നടത്തുകയും ചെയ്തുവരുന്നു.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ ജയിലുകളിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാർ ഏറെ ആയതിനാൽ ഏറിയ പങ്കും ജയിൽ കൗണ്ടറുകൾവഴി തന്നെ വിറ്റു പോകുകയാണ് പതിവ്. കൂടാതെ സർക്കാർ സംഘടിപ്പിക്കുന്ന മേളകളിൽ പങ്കെടുത്തുകൊണ്ട് ജയിൽ പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നുണ്ട്. ഓണം, വിഷു തുടങ്ങിയ വിശേഷ അവസരങ്ങളിൽ ജയിൽ കവാടത്തിൽ പ്രത്യേക സ്റ്റാൾവഴി പൊതുജനങ്ങൾക്ക് പച്ചക്കറി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തിക

235(238)<u>ശ്രീ. റോഷി അഗസ്റ്റിൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി അച്ചടി വകുപ്പിൽ സൃഷ്ടിക്കപ്പെട്ട രണ്ടാം ഗ്രേഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ നിലവിൽ വന്ന തീയതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 10 ഒഴിവുകളുണ്ട്. 30-9-2016-ൽ നിലയിൽ വന്ന 7 ഒഴിവുകൾ 25-5-2017-ൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്ത 4 ഒഴിവുകൾ 15-10-2009-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

236(239) <u>ശ്രീ. കെ. എം. ഷാജി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ വാതക പൈപ്പ് ലെയിൻ കടന്നുപോകുന്ന പ്രദേശത്തെ ജനങ്ങൾക്കായി കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത് ; എന്തിന് വേണ്ടിയാണ് ഇത്തരമൊരു സേന രൂപീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) അലൈൻമെന്റ് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ പൂർണ്ണമായി ജനസുരക്ഷ ഉറപ്പാക്കി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരമൊരു കർമ്മസേനയുടെ പ്രവർത്തനഫലം വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നല്കുമോ;

(ഡി) ഇത് രൂപീകരിച്ചത് മുതൽ ഈ വകയിൽ നാളിതുവരെയായി ചെലവാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂവുടമകളുടെ ആശങ്കകൾ ദൂരീകരിക്കുവാനും ഈ പദ്ധതിയുടെ ഗുണഫലങ്ങളെപ്പറ്റിയും നഷ്ടപരിഹാരങ്ങളെ സംബന്ധിച്ചും വിവരം നൽകുന്നതിനുമായി ഗെയിൽ ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കുമിടയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളായി പ്രവർത്തിക്കാൻ വേണ്ടിയാണ് ഗെയിൽ വാതക പൈപ്പ് ലൈൻ കടന്നുപോകുന്ന മലപ്പുറം, കോഴിക്കോട് ജില്ലകളിൽ 2017 നവംബർ 17-ന് കർമ്മസേന രൂപീകരിച്ചത്.

(ബി) ജനവാസ മേഖലയെ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് നിലവിലെ അലൈൻമെന്റ് കടന്നുപോകുന്നത്. 1962 ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഗെയിൽ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്നതും പൈപ്പ് ലൈൻ വിന്യസിക്കുന്നതും. വീടുകളും അനുബന്ധ കെട്ടിടങ്ങളും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈനിനുവേണ്ടി സ്ഥലം ഏറ്റെടുത്തിരിക്കുന്നത്. ഈ പദ്ധതിക്കുവേണ്ടി പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടുപോലും പൊളിച്ചുമാറ്റേണ്ട ആവശ്യമില്ല.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് തന്നെ കർമ്മസേന അംഗങ്ങൾ മലപ്പുറം, കോഴിക്കോട് ജില്ലകളിലെ പദ്ധതി പ്രദേശത്ത് ചെന്ന് വീടുവീടാന്തരം കയറി ജനങ്ങളോട് പൈപ്പ് ലൈനിനെക്കുറിച്ചും, അതിന്റെ സുരക്ഷയെയും ഗുണങ്ങളെക്കുറിച്ചും, നഷ്ടപരിഹാരത്തുകയെക്കുറിച്ചും ബോധവൽക്കരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിലനിന്നിരുന്ന തെറ്റിദ്ധാരണ മാറ്റിയെടുക്കാൻ കർമ്മസേനയുടെ പ്രവർത്തനം വളരെയധികം സഹായകമായി. കർമ്മസേനയുടെ പ്രവർത്തനം ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനും പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതിക്കും വളരെയധികം സഹായിച്ചിട്ടുണ്ട്.

(ഡി) കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേകിച്ച് യാതൊരു തുകയും വിനിയോഗിച്ചിട്ടില്ല.

## ഓൾ കേരള ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷന്റെ നിവേദനം

237(240) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾ കേരള ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ ഭാരവാഹികൾ 22-12-2017-ൽ G-171203845 എന്ന നമ്പറിൽ മുഖ്യമന്ത്രിക്ക് നല്കിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 'ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള' ജനറൽ സെക്രട്ടറി ശ്രീ. ഇക്ബാൽ. പി.എച്ച്. നൽകിയ പ്രസ്തുത നിവേദനം മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ 20-12-2017-ന് ലഭിക്കുകയും തുടർന്ന് അന്നേദിവസം തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി സംസ്ഥാന പോലീസ് മേധാവിക്ക് നല്കിയിട്ടുള്ളതുമാകുന്നു. ഉച്ചഭാഷിണിയുടെ ഉപയോഗം നിലവിലെ നിയമങ്ങൾക്ക് വിധേയമായിതന്നെ തുടരുന്നതാണ് അഭികാമ്യമെന്ന് പ്രസ്തുത റിപ്പോർട്ടിൽ ബോധിപ്പിച്ചിരിക്കുന്നു. എന്നാൽ നിയമാനുസരണം ഉച്ചഭാഷിണി ഉപയോഗിക്കുവാൻ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യവും സുഗമവുമാക്കാൻ നടപടി വേണമെന്ന് മുഖ്യമന്ത്രി പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി സംസ്ഥാന പോലീസ് മേധാവി, സി.സി.റ്റി.എൻ.എസ്.-ന്റെ ഭാഗമായ സിറ്റിസൺ പോർട്ടലിൽ കൂടി ഉച്ചഭാഷിണി ഉപയോഗത്തിന് അനുവാദം നൽകുന്നത് സാധ്യമാക്കാനാവുമോ എന്നത് പരിശോധിക്കാൻ എ.ഡി.ജി.പി. (എസ്.സി.ആർ.ബി)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സർക്കാരിന്റെ രണ്ടാം വാർഷികം

238 (241) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന് ചെലവായ തുക എത്രയാണ്;

(ബി) പ്രചാരണപരിപാടിക്കും മറ്റ് ആഘോഷ പരിപാടികൾക്കും ചെലവായ തുകയെത്ര; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഒന്നാം വാർഷികാഘോഷത്തിന് ചെലവായ തുക എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാരിന്റെ രണ്ടാം വാർഷികാഘോഷ പരിപാടികളുടെ നടത്തിപ്പിനോടനുബന്ധിച്ച് 4-6-2018-ലെ വിവരങ്ങൾ പ്രകാരം 3,59,60,000 രൂപ (മൂന്ന് കോടി അമ്പത്തി ഒമ്പത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ചെലവായിട്ടുണ്ട്.

(ബി) 4-6-2018-ലെ വിവരങ്ങൾ പ്രകാരം ചെലവായ തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| പ്രചരണ പരിപാടി | ചെലവായ തുക |
|---|---|
| ജില്ലാതല ഉല്പന്ന പ്രദർശന വിപണന മേളകൾക്ക് താൽക്കാലിക ഹാംഗറുകളും സ്റ്റാളുകളും സജ്ജമാക്കുന്നതിന് | 1,30,00,000 |
| മൊബൈൽ എക്സിബിഷൻ | 9,00,000 |
| ജില്ലാതല പരിപാടികൾ | 1,45,80,000 |
| സംസ്ഥാനതല ഉദ്ഘാടന സമാപന പരിപാടികൾ | 32,00,000 |
| ഉദ്ഘാടനചടങ്ങിലെ സാംസ്കാരിക പരിപാടികൾക്ക് കൊറിയോഗ്രാഫി | 5,00,000 |
| ന്യൂഡൽഹി കേരള ഹൗസിൽ എൽ.ഇ.ഡി. മോണിറ്റർ, ട്രാവൻകൂർ പാലസ് വളപ്പിലും കപൂർത്തല പ്ലോട്ടിലും താത്ക്കാലിക ഹോർഡിംഗുകൾ, പത്രസമ്മേളനം | 2,50,000 |
| ഇലക്ട്രോണിക് മീഡിയ വിഭാഗം | 35,30,000 |

(സി) സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ പരിപാടികൾക്കായി 18,32,80,673 രൂപ (പതിനെട്ട് കോടി മുപ്പത്തി രണ്ട് ലക്ഷത്തി എൺപതിനായിരത്തി അറുന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്.

## വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി

239 (242) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിപ വൈറസുമൂലം മരണം സ്ഥിരീകരിച്ച സാഹചര്യത്തിൽ കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിക്കുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ രോഗംമൂലം എത്ര മരണമാണ് ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(സി) രോഗ നിർണ്ണയം നടത്തുന്നതിനും ലാബ് പരിശോധനകൾ നടത്തുന്നതിനും മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങൾ പര്യാപ്തമാണോ; അല്ലെങ്കിൽ പകരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഓരോ വർഷവും പുതിയ രോഗങ്ങൾ കണ്ടെത്തുന്നതിന്റെ സാഹചര്യങ്ങൾ മനസ്സിലാക്കുവാനും പരിശോധനകൾ നടത്തുവാനും പര്യാപ്തമായ വൈറോളജി ലാബുകൾ സംസ്ഥാനത്തില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ലാബുകൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപ്പെട്ടയുടൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യമായ സാമ്പിളുകൾ ശേഖരിക്കുന്നതിനും അവ പരിശോധനയ്ക്കായി അയക്കുന്നതിനെക്കുറിച്ചും ദ്രുതകർമ്മ സേന വിളിച്ചുകൂട്ടി അനന്തര മേൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. മരണം ശ്രദ്ധയിൽപ്പെട്ടപ്പോൾ ടി മരണം നടന്ന സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരോട് മരണപ്പെട്ട ആളുടെ പോസ്റ്റ്മോർട്ടം എല്ലാവിധ മുൻകരുതലോടുകൂടെ ചെയ്ത് രോഗനിർണ്ണയം നടത്തുന്നതിനാവശ്യമായ സാമ്പിളുകൾ ശേഖരിക്കാൻ നിർദ്ദേശം നൽകി. അതോടൊപ്പം മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. നിപ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ പൊതുജനങ്ങളുടെ സംശയനിവാരണത്തിന് കൺട്രോൾ റൂം തുടങ്ങി. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ രോഗവാഹകരെന്ന് സംശയിക്കുന്ന മൃഗങ്ങളുടെയും രോഗപകർച്ച

സംശയിക്കുന്ന പഴങ്ങളുടെയും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയും ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾക്കായി ജില്ലയുടെ ചാർജ്ജുള്ള തൊഴിൽ വകുപ്പ് മന്ത്രിയും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. നിപ വൈറസ്മൂലമുള്ള പനി നേരിടുന്നതിനായി ആശുപത്രികൾ സുസജ്ജമാക്കിയിട്ടുണ്ട്. നിപ വൈറസ് ബാധമൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനിബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. രോഗം പകരുന്നത് തടയാനും, വരാതിരിക്കാനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ/ക്ലാസ്സുകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മാസ്ക്, ഏപ്രൺ, ഹാന്റ് റബ്ബ്, ഹാന്റ് വാഷ് (PPE Kit) തുടങ്ങിയ അടിസ്ഥാനപരമായ പ്രതിരോധ ഉപാധികൾ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകിവരുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ പനിബാധിച്ച് ചികിത്സ തേടുന്ന ജീവനക്കാരുടെ ഫോൺ നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

(ബി) ജൂൺ 1-ാം തീയതിയിലെ കണക്ക് പ്രകാരം 16 പേർ മരണപ്പെട്ടിട്ടുണ്ട്.

(സി) നിപ വൈറസ് രോഗനിർണയം (ആർ.റ്റി.പി.സി.ആർ.) നടത്തുന്നതിന് ബയോസേഫ്റ്റി ലെവൽ-3 ലാബുകളും ടെസ്റ്റ് ചെയ്യുന്നതിന് ബയോ സേഫ്റ്റി ലെവൽ 4 ലാബുകളുമാണ് ആവശ്യമുള്ളത്. ഇത് മെഡിക്കൽ കോളേജുകളിലും മറ്റ് ലാബുകളിലും ലഭ്യമല്ല. എം.സി.വി.ആർ. മണിപ്പാൽ, എൻ.ഐ.വി. പൂന എന്നിവിടങ്ങളിലാണ് പരിശോധനകൾ നടത്തുന്നത്.

(ഡി) 1. National Institute of Virology (NIV) യുടെ ഒരു യൂണിറ്റ്, സർക്കാർ മെഡിക്കൽ കോളേജ് ആലപ്പുഴയിലുണ്ട്.

2. Rajeev Gandhi Centre for Biotechnology (RGCB) പൂജപ്പുര, തിരുവനന്തപുരം, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ വൈറോളജി ലാബ് പ്രവർത്തിക്കുന്നുണ്ട്.

എന്നിരുന്നാലും പുതിയ രോഗങ്ങൾ കണ്ടെത്തുന്നതിന്റെ സാഹചര്യങ്ങൾ മനസ്സിലാക്കുവാനും പരിശോധനകൾ നടത്തുവാനും പര്യാപ്തമായ വൈറോളജി ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## സൂപ്പർ സ്പെഷ്യാലിറ്റി കേഡർ

240 (243) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഉന്നതയോഗ്യത നേടിയ ഡോക്ടർമാർക്കായി സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ ചട്ടം തയ്യാറാക്കിയിട്ടുണ്ടോ;

(സി) ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ന്യൂറോസർജറി, പ്ലാസ്റ്റിക് സർജറി വിഭാഗങ്ങളിലും സൂപ്പർ സ്പെഷ്യാലിറ്റി കേഡർ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## നിപ വൈറസ് ബാധ തടയാൻ സ്വീകരിച്ച നടപടികൾ

241(244) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് കാരണമുള്ള പകർച്ച വ്യാധികൾ തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സമൂഹ മാധ്യമങ്ങളിൽ അശാസ്ത്രീയ വാർത്തകൾ നൽകിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിപ വൈറസ് ബാധ ശ്രദ്ധയിൽപ്പെട്ടയുടൻ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണ വാർഡ്, ഐസൊലേഷൻ വാർഡ് തുറന്നുപ്രവർത്തിക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽനിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ

വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ചെയ്തു. ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

22-5-2018-ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും, താലൂക്ക് ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും പ്രാഥമികാരോഗ്യ കേന്ദ്രം ചങ്ങരോത്ത് മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുന്നതിനും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകിവരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപ രോഗബാധയുള്ളവരുമായും രോഗം സംശയിക്കുന്നവരുമായും ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കയ്യുറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. മൃതദേഹങ്ങൾ ബന്ധുക്കളും പൊതുജനങ്ങളുമായി അധികം സമ്പർക്കം വരാത്ത രീതിയിൽ ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിക്കുകയും ചെയ്തു.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

# നിപ വൈറസ്- നടപടി സ്വീകരിക്കാൻ കാലതാമസമുണ്ടായതിന്റെ കാരണം

242(245) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധമൂലം ഈ വർഷം എത്ര പേർ മരണപ്പെട്ടു; എത്ര പേർ ഗുരുതരാവസ്ഥയിലാണ് എന്നറിയിക്കുമോ;

(ബി) നിരവധിയാളുകൾ മരണപ്പെട്ടിട്ടും വൈറസ് ബാധ തടയുന്നതിന് നടപടി സ്വീകരിക്കാൻ വൈകിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കാൻ കാലതാമസമുണ്ടായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ വൈറസ് ബാധ തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) നിപ വൈറസ് ബാധമൂലം ഈ വർഷം സംസ്ഥാനത്ത് 16 പേർ മരണപ്പെട്ടിട്ടുണ്ട്. രണ്ട് പേർ ചികിത്സയിലാണ്.

(ബി) വൈകിയെന്ന ആക്ഷേപം ഉണ്ടായിട്ടില്ല. മാത്രമല്ല, രോഗബാധ നിയന്ത്രിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ അന്താരാഷ്ട്രതലത്തിൽ വരെ പ്രശംസിക്കപ്പെട്ടു.

(സി) 20-5-2018 മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണവാർഡ്, ഐസൊലേഷൻ വാർഡ് തുറന്നുപ്രവർത്തിക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽനിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ചെയ്തു. ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

22-5-2018-ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ

ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും, താലൂക്ക്-ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും ചങ്ങരോത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് നിരീക്ഷിക്കുകയും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകിവരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപരോഗബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈ ഉറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. മൃതദേഹങ്ങൾ ബന്ധുക്കളും പൊതുജനങ്ങളുമായി അധികം സമ്പർക്കം വരാത്ത രീതിയിൽ ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിക്കുകയും ചെയ്തു.

## നിപ വൈറസ് ബാധ

243 (246) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി.കെ.നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) വൈറസ് ബാധ സംബന്ധിച്ച ബോധവത്കരണ ശ്രമങ്ങളുടെയും മുൻകരുതലുകളുടെയും വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരം വൈറസുകൾ സംസ്ഥാനത്ത് പ്രകടമാകാനുള്ള കാരണത്തെക്കുറിച്ച് പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപ്പെട്ടയുടൻ ആരോഗ്യവകുപ്പ് ഡയറക്ടർ, ആവശ്യമായ സാമ്പിളുകൾ ശേഖരിക്കുന്നതിനും അവ പരിശോധനയ്ക്കായി അയക്കുന്നതിനെക്കുറിച്ചും, ദ്രുതകർമ്മ സേന വിളിച്ചുകൂട്ടി അനന്തര മേൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. തുടർമരണം ശ്രദ്ധയിൽപ്പെട്ടപ്പോൾ ടി മരണം നടന്ന സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരോട് മരണപ്പെട്ട ആളുടെ പോസ്റ്റ്മോർട്ടം എല്ലാവിധ മുൻകരുതലോടുംകൂടെ ചെയ്ത് രോഗനിർണ്ണയം നടത്തുന്നതിനാവശ്യമായ സാമ്പിളുകൾ ശേഖരിക്കാൻ നിർദ്ദേശം നൽകി. അതോടൊപ്പം മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. നിപ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ പൊതുജനങ്ങളുടെ സംശയ നിവാരണത്തിന് കൺട്രോൾ റൂം തുടങ്ങി. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ രോഗവാഹകരെന്ന് സംശയിക്കുന്ന മൃഗങ്ങളുടെയും രോഗപ്പകർച്ച സംശയിക്കുന്ന പഴങ്ങളുടെയും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്കായി ജില്ലയുടെ ചാർജ്ജുള്ള ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബോധവത്കരണ പ്രതിരോധ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. നിപ വൈറസ് മൂലമുള്ള പനി നേരിടുന്നതിനായി ആശുപത്രികൾ സുസജ്ജമാക്കിയിട്ടുണ്ട്. നിപ വൈറസ് ബാധമൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനിബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. രോഗം പകരുന്നത് തടയാനും, വരാതിരിക്കാനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ/ക്ലാസ്സുകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മാസ്ക്, ഏപ്രൺ,

ഹാന്റ് റബ്ബ്,ഹാന്റ് വാഷ് (PPE Kit) തുടങ്ങിയ അടിസ്ഥാനപരമായ പ്രതിരോധ ഉപാധികൾ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന രോഗികളുടെ തിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി വരുന്നുണ്ട്. കൂടാതെ ആശുപത്രിയിൽ പനിബാധിച്ച് ചികിത്സതേടുന്ന ജീവനക്കാരുടെ ഫോൺ നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

20-ാം തീയതി മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കു വേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണവാർഡ്, ഐസൊലേഷൻ വാർഡ് തുറന്നു പ്രവർത്തിക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽനിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയയ്ക്കുകയും ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും, താലൂക്ക്-ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണവകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും പ്രാഥമികാരോഗ്യ കേന്ദ്രം ചങ്ങരോത്ത് മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുകയും രോഗലക്ഷണങ്ങൾ കാണിക്കുന്നപക്ഷം

വേണ്ട ചികിത്സയും പരിചരണവും നൽകിവരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപരോഗബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈ ഉറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു.

(സി) WHO, NCDC, MCVR മണിപ്പാൽ എന്നിവരുമായി ചേർന്ന് പഠനം നടത്തുന്നതിന് പ്രാരംഭ ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുകവഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യകർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ്തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

ആരോഗ്യ പ്രവർത്തകർക്കാവശ്യമായ കൈപ്പുസ്തകങ്ങൾ പൊതുജനങ്ങൾക്കായി ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

## നിപ വൈറസ് രോഗം

244(247) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ വൈറസ് രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇത് സ്ഥിരീകരിച്ചിട്ടുള്ളതെന്ന് പറയാമോ; ഈ രോഗം ബാധിച്ച രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിപ വൈറസ് രോഗം ബാധിച്ചുള്ള മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രപേർ മരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഈ രോഗം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് രോഗം പടരുന്നത്; എന്തൊക്കെയാണ് രോഗലക്ഷണങ്ങൾ;

(ഡി) രോഗബാധ തടയാൻ എന്തൊക്കെ പ്രതിരോധ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) രോഗം ബാധിച്ചവരെ ശുശ്രൂഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് നിപ വൈറസ് രോഗം സ്ഥിരീകരിച്ചത്. കണക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

(ബി) ഉണ്ട്. നിപ വൈറസ് ബാധിച്ച് ജൂൺ 1-ാം തീയതി വരെ 16 പേർ മരിച്ചിട്ടുണ്ട്.

(സി) പഴംതീനി വവ്വാലുകൾ നിപ വൈറസിന്റെ പ്രകൃതിദത്തമായ ഉറവിടങ്ങളായി കണക്കാക്കപ്പെടുന്നു. ഇങ്ങനെയുള്ള വവ്വാലുകളുടെ വിസർജ്ജ്യങ്ങളും ശരീരസ്രവങ്ങളുംമൂലം മലിനപ്പെട്ട ഭക്ഷണ പാനീയങ്ങളിലൂടെ മനുഷ്യർക്ക് രോഗബാധ വരാൻ സാഹചര്യം ഉണ്ടാകുന്നു. നിപ ബാധയുള്ള മനുഷ്യരുടെ മല മൂത്ര വിസർജ്ജനം, ശരീരസ്രവങ്ങൾ, ചുമയ്ക്കുകയും തുമ്മുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഡ്രോപ്‌ലെറ്റുകളുമായും അടുത്ത ഇടപഴകുന്ന വ്യക്തികൾക്കും ആരോഗ്യ പ്രവർത്തകർക്കും രോഗം പടർന്ന് കിട്ടാനുള്ള സാധ്യത

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടുതലാണ്. കഠിനമായ പനി, കഠിനമായ തലവേദന, ജന്നി, ചുമ, ഛർദ്ദി, ക്ഷീണം, തളർച്ച മുതലായവയാണ് പൊതു ലക്ഷണങ്ങൾ.

(ഡി&ഇ) മേയ് 20-ാം തീയതി മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണവാർഡ്, ഐസൊലേഷൻ വാർഡ് എന്നിവ തുറന്നു പ്രവർത്തിക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽനിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചുനൽകുകയും ചെയ്തു. ഇതുപ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

22-5-2018-ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും, താലൂക്ക്-ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും ചങ്ങരോത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുന്നതിനും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തി. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള

മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപ രോഗബാധയുള്ളവരുമായും രോഗം സംശയിക്കുന്നവരുമായും ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈ ഉറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. മൃതദേഹങ്ങൾ ബന്ധുക്കളും പൊതുജനങ്ങളുമായി അധികം സമ്പർക്കം വരാത്ത രീതിയിൽ ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിക്കുകയും ചെയ്തു.

**നിപ വൈറസ് മൂലമുണ്ടാകുന്ന പനി**

245 (248) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസുമൂലം ഉണ്ടാകുന്ന പനി തടയാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ബി) നിപ വൈറസ് മൂലമുണ്ടാകുന്ന മരണങ്ങളുടെ എണ്ണം അനിയന്ത്രിതമായി പെരുകുന്നത് തടയാൻ ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 20-5-2018 മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണവാർഡ്, ഐസൊലേഷൻ വാർഡ് എന്നിവ തുറന്നുപ്രവർത്തിക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽനിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ചെയ്തു. ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

22-5-2018-ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ

നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും താലൂക്ക് ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും ചങ്ങരോത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുന്നതിനും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകിവരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപ രോഗബാധയുള്ളവരുമായും രോഗം സംശയിക്കുന്നവരുമായും ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈ ഉറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. മൃതദേഹങ്ങൾ ബന്ധുക്കളും പൊതുജനങ്ങളുമായി അധികം സമ്പർക്കം വരാത്ത രീതിയിൽ ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിക്കുകയും ചെയ്തു.

(ബി) നൽകിയിട്ടുണ്ട്. ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും നിപ രോഗബാധയെപ്പറ്റിയുള്ള അവബോധം ഉണ്ടാക്കുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ദിവസങ്ങളിൽ രോഗത്തെപ്പറ്റിയും രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ലഘുലേഖാ വിതരണം, മൈക്ക് അനൗൺസ്മെന്റ്, പോസ്റ്ററുകൾ തുടങ്ങിയ ഐ.ഇ.സി ആക്ടിവിറ്റീസ്‌വഴിയും ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## നിപ വൈറസ് ബാധ സംബന്ധിച്ച് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് നടപടി

246(249) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് പഞ്ചായത്തിൽ നിപ വൈറസ് ബാധമൂലം മൂന്ന് പേർ മരണമടഞ്ഞത് മൂലമുണ്ടായ സ്ഥിതിവിശേഷം ആരോഗ്യ വകുപ്പ് ഗൗരവമായി എടുത്തിട്ടുണ്ടോ;

(ബി) സമൂഹ മാധ്യമങ്ങൾവഴി പ്രചരിക്കുന്ന വാർത്തകൾക്ക് പിന്നാലെ ജനങ്ങൾ പോകുന്നത് കൂടുതൽ ഭീതിജനകമായ അന്തരീക്ഷം സൃഷ്ടിക്കുമെന്നതിനാൽ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് ആരോഗ്യ വകുപ്പ് ഇതിനകം എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) നിപ വൈറസുമായി ബന്ധപ്പെട്ട് കേരളത്തിലെ ആദ്യ മരണം ഉണ്ടായത് എന്നാണ്; പ്രസ്തുത മരണകാരണം കണ്ടെത്തുന്നതിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്ത്നിന്നുണ്ടായ വീഴ്ചയാണ് സ്ഥിതിവിശേഷം ഗുരുതരമാക്കിയതെന്നത് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) രോഗിയെ പരിചരിച്ച നഴ്സുപോലും പ്രസ്തുത രോഗം കാരണം മരണപ്പെട്ടത് നമ്മുടെ ആരോഗ്യസംവിധാനത്തിലുള്ള സൂക്ഷ്മതക്കുറവുമൂലമാണെന്ന് കരുതുന്നുണ്ടോ;

(ഇ) ആരോഗ്യ സൂചികയിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ മുൻപന്തിയിലാണ് കേരളം എന്നിരിക്കെ നാളിതുവരെ കേട്ടിട്ടില്ലാത്ത വൈറസ് രോഗങ്ങൾ സംസ്ഥാനത്തെ ആരോഗ്യ മേഖലയിലുണ്ടാക്കുന്ന പ്രശ്നങ്ങൾ എന്തുകൊണ്ടാണെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിനും അതിന് അനുസൃതമായ നടപടികൾ അടിയന്തരമായി കൈക്കൊള്ളുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി ആരോഗ്യ

വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ദിവസങ്ങളിൽ രോഗത്തെപ്പറ്റിയും രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ജനങ്ങളുടെ ആശങ്കകൾ അകറ്റുകയും ജനങ്ങൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

(സി) 18-5-2018-ലാണ് നിപ വൈറസ് ബാധമൂലമുള്ള ആദ്യത്തെ മരണം സ്ഥിരീകരിച്ചത്. മരണപ്പെട്ടതിനുശേഷം ആണ് രോഗം സ്ഥിരീകരിച്ചത്. പ്രസ്തുത മരണകാരണം കണ്ടെത്തുന്നതിൽ ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടില്ല.

(ഡി) ഇല്ല.

(ഇ) കേരളം അനുദിനം പുരോഗതിയിലേയ്ക്ക് സഞ്ചരിച്ചു കൊണ്ടിരിക്കുന്നതിനാൽ ഓരോ കേരളീയന്റെയും ജീവിത സാഹചര്യത്തിൽ വളരെയധികം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ജനപ്പെരുപ്പം മൂലമുണ്ടാകുന്ന ജനസാന്ദ്രത രോഗവ്യാപനത്തിനും ആളോഹരി മാലിന്യം വർദ്ധിക്കുന്നതുമൂലം ഉണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള അപര്യാപ്തതയും വിവിധതരം രോഗാണുക്കളുടെ കൂടിയ തോതിലുള്ള പ്രജനനത്തിന് കാരണമാകുന്നു. കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, ഊഷ്മാവിലുണ്ടാകുന്ന അനിയന്ത്രിതമായ വ്യതിയാനങ്ങൾ, താരതമ്യേന ഉയർന്ന ആർദ്രതയും പ്രാണിജന്യവും, ജന്തുജന്യവുമായ രോഗാണുവാഹകരുടെ പ്രജനനത്തിന് ആക്കം കൂട്ടുന്നു. ശാസ്ത്രീയമായ മാലിന്യനിർമ്മാർജ്ജനത്തിനുള്ള പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സമീപവാസികളുടെ പ്രകടമായ എതിർപ്പും പ്രശ്നങ്ങളെ തീവ്രമാക്കുന്നു.

## നിപ പകർച്ചവ്യാധി

247(250) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിൽ പടർന്നുപിടിച്ചിരിക്കുന്ന നിപ പകർച്ചവ്യാധി സംബന്ധിച്ച് ഔദ്യോഗിക പഠനങ്ങളെന്തെങ്കിലും നടത്തുകയുണ്ടായോ;

(ബി) സംസ്ഥാനത്ത് നാളിതുവരെ നിപ വൈറസ് ബാധമൂലം മരണപ്പെട്ടവരുടെ എണ്ണമെത്ര;

(സി) ഈ രോഗബാധ അനിയന്ത്രിതമായി പടരുന്ന സാഹചര്യം നിലവിലുണ്ടോ;

(ഡി) എങ്കിൽ ആയത് നിയന്ത്രണ വിധേയമാക്കുന്നതിന് സ്വീകരിച്ച മാർഗങ്ങൾ വിശദമാക്കുമോ;

(ഇ) രോഗബാധ കണ്ടെത്തുന്നതിലും നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലും ബോധവൽക്കരണം നടത്തുന്നതിലും സർക്കാർ സംവിധാനങ്ങൾക്ക് വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ അവ പരിഹരിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഡബ്ല്യു.എച്ച്.ഒ, എൻ.സി.ഡി.സി, എം.സി.വി.ആർ. മണിപ്പാൽ എന്നിവരുമായി ചേർന്ന് പഠനം നടത്തുന്നതിന് പ്രാരംഭ ചർച്ച നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 1-6-2018 വൈകിട്ട് 5 മണിക്കുള്ള റിപ്പോർട്ട് പ്രകാരം നിപാവൈറസ് ബാധമൂലം 16 പേർ മരണപ്പെട്ടിട്ടുണ്ട്.

(സി) ഈ രോഗബാധ അനിയന്ത്രിതമായി പടരുന്ന സാഹചര്യം നിലവിലില്ല.

(ഡി) ബാധകമല്ല.

(ഇ) രോഗബാധ കണ്ടെത്തുന്നതിലും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലും ബോധവൽക്കരണം നടത്തുന്നതിലും സർക്കാർ സംവിധാനങ്ങൾക്ക് വീഴ്ച സംഭവിച്ചിട്ടില്ല.

(എഫ്) ബാധകമല്ല.

**നിപ വൈറസ് പനി**

248(251) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് പനി ബാധിച്ച് സംസ്ഥാനത്ത് ഇതേവരെ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത പനി ബാധിച്ച് എത്ര പേർ ചികിത്സയിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിനുമുൻപ് എപ്പോഴാണ് നിപ വൈറസ് പനി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ;

(സി) നിപ വൈറസ് പനി കൂടുതൽ പേരിലേയ്ക്ക് പകരാതിരിക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) മറ്റ് ഏതെങ്കിലും തരത്തിലുള്ള പകർച്ചപ്പനി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) മറ്റു പകർച്ചപനികൾ പടർന്നു പിടിക്കാതിരിക്കാനുള്ള കാരണം ആരോഗ്യ വകുപ്പിന്റെ മുൻകൂട്ടിയുള്ള പ്രതിരോധ പ്രവർത്തനം കൊണ്ടാണെന്ന് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) ജൂൺ 1-ാം തീയതിയിലെ കണക്കുപ്രകാരം 16 പേർ മരണപ്പെട്ടു. 2 പേർ ചികിത്സയിലുണ്ട്.

(ബി) ഇതിനുമുൻപ് നിപ വൈറസ് പനി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) 20-5-2018 മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണ വാർഡ്, ഐസൊലേഷൻ വാർഡ് തുറന്നു പ്രവർത്തിക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽനിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചുനൽകുകയും ചെയ്തു. ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും താലൂക്ക്-ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും ചങ്ങരോത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുന്നതിനും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകി വരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപ രോഗബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും, ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈ ഉറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു.

(ഡി) ഉണ്ട്.

(ഇ) നടത്തിയിട്ടുണ്ട്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുകവഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ച വ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തിശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തിവരുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി. ആർ. ഡി, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ. എസ്. എസ്.), വീടിനുപുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്ത് വരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്ക് ആവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്‌വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## നിപ വൈറസ് രോഗബാധ

249 (252) <u>ശ്രീ. പി. ടി. എ. റഹീം :</u>
<u>ശ്രീ. ജെയിംസ് മാത്യു :</u>
<u>ശ്രീ. കെ. സുരേഷ് കുറുപ്പ് :</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപാ വൈറസ് രോഗ ബാധ സ്ഥിരീകരിച്ചതിനുശേഷം രോഗപ്രതിരോധത്തിനും രോഗവ്യാപനം കാര്യക്ഷമമായി തടയുന്നതിനും എന്തെല്ലാം സത്വര നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനും മുൻകരുതലുകളും ബോധവൽക്കരണവും നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത രോഗ ചികിത്സയിൽ സ്വീകരിക്കേണ്ട കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ സംബന്ധിച്ച് എയിംസ്-ന്റെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 20-5-2018 തീയതി മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണവാർഡ്, ഐസൊലേഷൻ വാർഡ് എന്നിവ തുറന്ന് പ്രവർത്തിക്കുകയും ഈ വാർഡുകളിൽ പ്രവേശിക്കപ്പെട്ട രോഗികളിൽനിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ചെയ്തു. ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

22-5-2018-ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും, താലൂക്ക് ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

മൃഗസംരക്ഷണ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും ചങ്ങരോത്ത് പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെയും, ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുന്നതിനും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകിവരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം

ലഭ്യമാക്കി. നിപ രോഗബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും, ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈ ഉറകൾ, ഏപ്രണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. മൃതദേഹങ്ങൾ ബന്ധുക്കളും പൊതുജനങ്ങളുമായി അധികം സമ്പർക്കം വരാത്ത രീതിയിൽ ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിക്കുകയും ചെയ്തു.

(ബി) ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും നിപ രോഗബാധയെപ്പറ്റിയുള്ള അവബോധം ഉണ്ടാക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ദിവസങ്ങളിൽ രോഗത്തെപ്പറ്റിയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ജനങ്ങളുടെ ആശങ്കകൾ അകറ്റുകയും ചെയ്തു. അതോടൊപ്പം സാമൂഹിക മാധ്യമങ്ങളിൽ കൂടിയുള്ള തെറ്റായ പ്രചരണങ്ങൾക്കെതിരെ പ്രതികരിക്കുകയും ജനങ്ങൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

(സി) എയിംസിലെ ഡോക്ടർമാർ വികസിപ്പിച്ചെടുത്ത ചികിത്സാരീതി അവലംബിച്ച്, കോഴിക്കോട് മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ സംഘം മറ്റു വിദഗ്ദ്ധരോടൊപ്പം ആവശ്യമായ ചില വ്യതിയാനങ്ങൾ വരുത്തി 'റിബാവൈറിൻ' എന്ന വൈറസിനെതിരെയുള്ള മരുന്ന് ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്നു. കൂടാതെ ഐ.സി.എം.ആർ പ്രതിനിധികളുടെ ഉപദേശം സ്വീകരിച്ച് ഹ്യൂമൺമോണോ ക്ലോണൽ ആന്റീബോഡി ചികിത്സ ആരംഭിക്കുന്നതിനായി വിദേശത്തുനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

## നിപ വൈറസ് - അലോപ്പതി വൈദ്യശാഖക്കെതിരെ കുപ്രചരണങ്ങൾ

250 (253) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ഭീതി നിലനിൽക്കുന്ന സാഹചര്യത്തിൽ അലോപ്പതി വൈദ്യശാഖക്കെതിരെയും ആരോഗ്യ വകുപ്പിനെതിരെയും കുപ്രചരണങ്ങൾ നടത്തി വരുന്ന വ്യാജ വൈദ്യൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ച് മുതലെടുപ്പ് നടത്തുന്ന വ്യാജ ചികിത്സകരെ നിയന്ത്രിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ദിവസങ്ങളിൽ രോഗത്തെപ്പറ്റിയും രോഗ പ്രവർത്തനങ്ങളെപ്പറ്റിയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ജനങ്ങളുടെ ആശങ്കകൾ അകറ്റുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം സാമൂഹമാധ്യമങ്ങളിൽ കൂടിയുള്ള തെറ്റായ പ്രചരണങ്ങൾക്കെതിരെ പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. വ്യാജ ചികിത്സകരെ സംബന്ധിച്ച പരാതി ലഭിക്കുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

## വാഹന അപകടങ്ങളിൽ പരിക്ക് പറ്റുന്നവരുടെ ചികിത്സാ ചെലവ്

251(254) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളിൽ ഗുരുതര പരിക്ക് പറ്റുന്നവർക്ക് സമീപത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയാൽ ചെലവ് സർക്കാർ വഹിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കാർ തീരുമാനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) ഏതൊക്കെ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കാണ് സഹായം നല്കുന്നതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ 2-11-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതാധികാര സമിതിയോഗം തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതം മൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്കുപുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെകൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം

സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിത്സാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകികൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യ പടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി Golden Hour Period-ലെ ചികിത്സാ ചെലവ് വഹിക്കുന്ന കാര്യത്തിൽ പൊതുവായ തീരുമാനം കൈക്കൊള്ളുന്നതിന് ഇൻഷ്വറൻസ് കമ്പനി മേധാവികളുമായി സമഗ്രമായ ചർച്ച ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയും ഫണ്ട് മാനേജ്മെന്റ് സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതിൽ പങ്കാളികളാകുന്ന സ്വകാര്യ ആശുപത്രികളുടെ പട്ടിക നിശ്ചയിച്ചിട്ടില്ലാത്തതാണ്. തീരുമാനമായിട്ടില്ല, നടപടികളെടുത്തുവരുന്നു.

**ആർ.സി.സി.**

252(255) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ക്യാൻസർ ചികിത്സാ കേന്ദ്രമായ ആർ.സി.സി.- യിൽ നടന്ന വിവാദ സംഭവങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവങ്ങൾ അന്വേഷിച്ച് നിജസ്ഥിതി പുറത്ത് കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ട അത്തരം സംഭവങ്ങളിന്മേൽ അന്വേഷണം നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

**വൈറസ് രോഗങ്ങൾ കണ്ടെത്തുവാനുള്ള സംവിധാനം**

253(256) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>

<u>ശ്രീ. വി. ടി. ബൽറാം</u>

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറസ് രോഗങ്ങളുടെ ചികിത്സയിൽ പാലിക്കേണ്ട അടിസ്ഥാന മാനദണ്ഡ പ്രകാരമുള്ള സൗകര്യങ്ങൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ലഭ്യമാണോ;

(ബി) ചികിത്സാ പ്രോട്ടോക്കോൾ സംബന്ധിച്ചും ചികിത്സകരുടെ സുരക്ഷ സംബന്ധിച്ചുമുള്ള കാഴ്ചപ്പാടുകളിൽ ആരോഗ്യ വകുപ്പ് എത്രമാത്രം മുന്നേറിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പേരാമ്പ്ര താലൂക്കാശുപത്രിയിലെ താൽക്കാലിക നഴ്സ് ആയിരുന്ന ലിനിയുടെ മരണം ചികിത്സകരുടെ സുരക്ഷ സംബന്ധിച്ചുള്ള കാഴ്ചപ്പാടിലുണ്ടായ പരാജയമാണെന്ന് കരുതുന്നുണ്ടോ;

(ഡി) നാളിതുവരെ സംസ്ഥാനം കേട്ടിട്ടില്ലാത്ത നിപ പോലുള്ള വൈറസ് രോഗങ്ങൾ സംസ്ഥാനത്തെ കീഴ്പ്പെടുത്തുമ്പോൾ അവയെ കണ്ടെത്തുവാനുള്ള സംവിധാനം നമ്മുടെ ആശുപത്രികളിൽ നിലവിലുണ്ടോ;

(ഇ) മികച്ച സൗകര്യമുള്ള വൈറോളജി ലാബുകൾ സർക്കാരിന് കീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്; അവിടെ നിപ വൈറസ് പോലുള്ള രോഗാണുക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനമുണ്ടോ;

(എഫ്) കോഴിക്കോട് മെഡിക്കൽ കോളേജിൽ വൈറോളജി ലാബ് സ്ഥാപിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയിട്ടുണ്ടോ; അതിനായി എന്ത് തുക അനുവദിച്ചു; പ്രസ്തുത ലാബിന്റെ പ്രവർത്തനം ഇതിനകം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി അത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ലഭ്യമാണ്.

(ബി) നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധ സംഘം ഒരു മാർഗ്ഗരേഖയുണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ച് നൽകുകയും ചെയ്തു. നിപ രോഗബാധയുള്ളവരുമായും രോഗം സംശയിക്കുന്നവരുമായും ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ 95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കയ്യുറകൾ, എപ്രോണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു.

(സി) ഇല്ല.

(ഡി) NIV പൂനെയുടെ ഒരു യൂണിറ്റ് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നുണ്ട്.

(ഇ)

1. National Institute of Virology (NIV) യുടെ ഒരു യൂണിറ്റ് സർക്കാർ മെഡിക്കൽ കോളേജ് ആലപ്പുഴയിലുണ്ട്.
2. Rajeev Gandhi Centre for Biotechnology (RGCB) പൂജപ്പുര, തിരുവനന്തപുരം.
3. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വൈറോളജി ലാബ് പ്രവർത്തിക്കുന്നുണ്ട്. NIV ആലപ്പുഴയിൽ നിപ വൈറസ് പോലുള്ള രോഗാണുക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനമുണ്ട്.

(എഫ്) മുൻസർക്കാരിന്റെ കാലത്ത് 6.58 കോടി രൂപയുടെ VRDL പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് കേന്ദ്രവിഹിതമായി 16-10-2015-ൽ 3.29 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. നിബന്ധനകൾ പ്രകാരം ആയതിന്റെ Utilization Certificate അയയ്ക്കുകയും കേന്ദ്ര വിഹിതമായ ആവർത്തന ചെലവുകൾക്കായുള്ള അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് Basic Level ലാബ് പ്രവർത്തനക്ഷമമാകുന്നതാണ്. നിപ ഉൾപ്പെടെയുള്ള മാരക വൈറസുകളെ കണ്ടുപിടിക്കുന്നതിനായി Level II വൈറോളജി ലാബുകൾ സ്ഥാപിക്കേണ്ടതായുണ്ട്. ആയതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി മൈക്രോബയോളജി വിഭാഗം തലവനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മഴജന്യ രോഗങ്ങൾ

254(257) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഴജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും ആരോഗ്യജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തു വരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി. ആർ.ഡി ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ

റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്), വീടിനുപുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ**

255(258) <u>ശ്രീ. വി. അബ്ദുറഹിമാൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനം ഉൾപ്പെടെയുള്ള ചില ജില്ലകളിൽ മഴക്കാലത്ത് പടർന്നുപിടിക്കുന്ന പകർച്ച വ്യാധികളുടെ യഥാർത്ഥ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) നഗരസഭകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതായി ആരോഗ്യ വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ടോ;

(സി) ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പൂർത്തിയാക്കേണ്ട ശുചീകരണ-ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും വേണ്ടത്ര മുൻകരുതലുകൾക്കുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മഴക്കാലത്തുള്ള പകർച്ചവ്യാധികൾ പലതരം ഉറവിടങ്ങളിൽനിന്നും ഉണ്ടാകുന്നതാണ്. ജലജന്യരോഗങ്ങൾ മിക്കതും ശുദ്ധജലത്തിന്റെ അഭാവംമൂലം ഉണ്ടാകുന്നതാണ്. വായുജന്യ രോഗങ്ങൾ അന്തരീക്ഷത്തിലുണ്ടാകുന്ന മാറ്റങ്ങൾ കൊണ്ട് ഉണ്ടാകുന്നു. ഡെങ്കി പോലുള്ള കൊതുകുജന്യ രോഗങ്ങൾ കൊതുകുകളുടെ സാന്ദ്രത വർദ്ധിക്കുന്നതുമൂലമാണ്. ഇത്തരം കാരണങ്ങൾക്കനുസരിച്ച് വിവിധതരം പഠനങ്ങൾ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്നു.

(ബി) നഗരസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ അവലോകനം നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു.

(സി) പല പകർച്ചവ്യാധികളും മഴക്കാലത്തു മാത്രമല്ല വർഷം മുഴുവൻ ഏറിയും കുറഞ്ഞും റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് ആരോഗ്യ വകുപ്പ് ഓരോ ജില്ലയിലും നടപ്പിലാക്കി വരുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും സഹകരണത്തോടെയും ജനപങ്കാളിത്തത്തോടെയുമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. മാലിന്യ നിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, കൊതുകിന്റെ ഉറവിട നശീകരണം, രോഗനിരീക്ഷണം, ചികിത്സ, കൊതുകുനിരീക്ഷണം, കൊതുക് നിയന്ത്രണം, ഹെൽത്തി കേരള പരിശോധന, രോഗ പ്രതിരോധ ബോധവത്കരണ ക്യാമ്പെയിനുകൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി. ആർ.ഡി. ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല

നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## മഴക്കാല രോഗങ്ങൾ

256(259) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) രോഗം പടർത്തുന്ന കൊതുകുകളേയും മറ്റും നശിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഗ്രാമപഞ്ചായത്തുകൾ തോറും ആരോഗ്യ വകുപ്പിന്റെയും മറ്റ് വോളണ്ടിയർമാരുടെയും സന്നദ്ധപ്രവർത്തകരുടെയും നേതൃത്വത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്; ഇതിനായി എത്ര തുക വീതമാണ് ഓരോ വാർഡിലും ആരോഗ്യവകുപ്പ് ചെലവഴിച്ചിരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) മഴക്കാലത്തുള്ള പകർച്ചവ്യാധികൾ പലതരം ഉറവിടങ്ങളിൽ നിന്നും ഉണ്ടാകുന്നതാണ്. ജലജന്യരോഗങ്ങൾ മിക്കതും ശുദ്ധജലത്തിന്റെ അഭാവംമൂലം ഉണ്ടാകുന്നതാണ്. വായുജന്യ രോഗങ്ങൾ അന്തരീക്ഷത്തിലുണ്ടാകുന്ന മാറ്റങ്ങൾ കൊണ്ട് ഉണ്ടാകുന്നു. ഡെങ്കി പോലുള്ള കൊതുകുജന്യ രോഗങ്ങൾ കൊതുകുകളുടെ സാന്ദ്രത വർദ്ധിക്കുന്നതുമൂലമാണ്. ഇത്തരം കാരണങ്ങൾ ക്കനുസരിച്ച് വിവിധതരം പഠനങ്ങൾ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്നു.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തു വരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു. പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി. ആർ.ഡി. ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെതന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്), വീടിനുപുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തിന്റെ വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട വാർഡ് മെമ്പർ പ്രസ്തുത സമിതികളുടെ അദ്ധ്യക്ഷനാണ്. ഇത്തരം സമിതികളെ സഹായിക്കാനായി ഓരോ പ്രദേശത്തും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 25 മുതൽ 50 വരെ വീടുകൾക്ക് ഒരു സ്ക്വാഡ് എന്ന രീതിയിൽ ആണ് ഘടന. പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ആഫീസറുടെയും ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും നേതൃത്വത്തിൽ ഓരോ പ്രദേശത്തെയും പകർച്ച വ്യാധികളുടെ കാര്യകാരണങ്ങൾ വിശകലനം ചെയ്യുവാനും ആവശ്യമായ പ്രതിരോധ നടപടികൾ നടപ്പിലാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സമയബന്ധിതമായി മാലിന്യനിർമ്മാർജ്ജനം, കുടിവെള്ള ശുചിത്വം ഉറപ്പാക്കൽ, കൊതുക് നിയന്ത്രണം, ആശുപത്രികളിൽ ആവശ്യമായ ചികിത്സാ സൗകര്യം ഉറപ്പാക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ഇതിനുവേണ്ടി ഓരോ വാർഡിനും 10,000 രൂപ വീതം ആരോഗ്യ വകുപ്പ് വകയിരുത്തുകയും ഫണ്ട് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശുചിത്വ മിഷന്റെ വകയായി 10,000 രൂപയും അതതു പഞ്ചായത്തുകളുടെ തനതു ഫണ്ടിൽനിന്നും ചുരുങ്ങിയത് 5,000 രൂപയും നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ഫണ്ടുകളുടെ വിനിയോഗം സമയബന്ധിതമായി അവലോകനം ചെയ്യുന്നുണ്ട്. ലഭ്യമായ കണക്കുകളനുസരിച്ച് ആരോഗ്യവകുപ്പിന്റെ വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി

257(260) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പനി വ്യാപകമായി പടരുന്ന സാഹചര്യത്തിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ 2015-ൽ ധനസഹായം അനുവദിച്ചിരുന്നോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ധനസഹായം ഏത് രീതിയിലാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തുക നാളിതുവരെയായിട്ടും വിനിയോഗിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി കേരള യൂണിറ്റിന് പുറമെ തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 2015-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിക്ക് കേന്ദ്ര സർക്കാർ 20 കോടി 10 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സി &ഡി) പ്രസ്തുത ധനസഹായം സി.പി.ഡബ്ല്യു വകുപ്പ് വഴി കെട്ടിട നിർമ്മാണത്തിനായി ചെലവഴിച്ചുവരുന്നു.

**ആർദ്രം പദ്ധതി**

258(261) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ചാലക്കുടി താലൂക്കാശുപത്രിയിൽ ട്രോമ കെയർ കെട്ടിടവും സർജിക്കൽ വാർഡും അനുവദിക്കുന്നതിനായി സമർപ്പിച്ച പുതുക്കിയ ഡി. പി. ആർ. സഹിതമുള്ള അപേക്ഷയിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷ പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രയുടെ സുഗമമായ നടത്തിപ്പിനായി ചുവടെ ചേർത്തിരിക്കുന്ന വിവിധ കാറ്റഗറികളിലായി 14 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-3

ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് 2-1

ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ-1

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2

ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് 2-1

ഡയാലിസിസ് ടെക്നീഷ്യൻ ഗ്രേഡ് 2-2

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-2

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1-1

മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ് 2-1

(ബി&സി) നബാർഡ് RIDF-2018-19 വർഷത്തെ പദ്ധതിയിൽ ചാലക്കുടി താലൂക്കാശുപത്രിയിൽ ട്രോമാകെയർ കെട്ടിടവും സർജിക്കൽ വാർഡും നിർമ്മിക്കുന്നതിനായിട്ടുള്ള 5 കോടി 35 ലക്ഷം രൂപയുടെ പദ്ധതി ശിപാർശയിൽ നടപടി സ്വീകരിച്ചുവരുന്നു.

**സുരക്ഷിത രക്തദാനം**

259 (262) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ക്യാൻസർ സെന്ററിൽനിന്നും രക്തം സ്വീകരിച്ചവർക്ക് എച്ച്.ഐ.വി. ബാധയുണ്ടായതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രക്തദാനം സുരക്ഷിതമാക്കുവാൻ ന്യൂക്ലിക് ആസിഡ് ടെസ്റ്റ് നിർബന്ധമാക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ;

(സി) ക്യാൻസർ ചികിത്സാ രംഗത്തെ അഭിമാന സ്ഥാപനമായ ആർ. സി.സി.യുടെ വിശ്വാസ്യത നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിൽ ഒരു ആരോപണം ഉണ്ടായിട്ടുണ്ട്.

(ബി) രക്തബാങ്കുകളിൽ ന്യൂക്ലിക് ആസിഡ് ടെസ്റ്റിന് തത്തുല്യമായി കുറഞ്ഞ ജാലകവേളയിൽ തന്നെ എച്ച.ഐ.വി. അണുബാധ കണ്ടെത്താവുന്ന നാലാംതലമുറ എലീസാകിറ്റുകൾ ഉപയോഗിക്കുവാനുള്ള നിർദ്ദേശം എല്ലാ രക്ത ബാങ്കുകൾക്കും നൽകിയിട്ടുണ്ട്.

(സി) ആർ.സി.സി.-യുടെ വിശ്വാസ്യത നഷ്ടപ്പെട്ടിട്ടില്ല. ആധുനിക ചികിത്സാ സൗകര്യങ്ങളും മികച്ച സേവനങ്ങൾ നൽകുന്നതും തുടർന്നുവരുന്നു.

## മെഡിക്കൽ മാലിന്യങ്ങൾ

260(263) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ബി) മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഏതെങ്കിലും സർക്കാർ സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) മെഡിക്കൽ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാത്തതു മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ ?

### ഉത്തരം

(എ) ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൺ, കത്തീറ്ററുകൾ തുടങ്ങിയവ വേർതിരിച്ച ശേഷം ഇവ ശേഖരിച്ച് 'ഇമേജ്' സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇൻസിനറേറ്ററുകൾ, ഷാർപ്പ് പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. ഇതെല്ലാം തന്നെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സർക്കാരിന്റെയും അംഗീകാരത്തോടെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 'ഇമേജ്' എന്ന സ്ഥാപനവുമായി ഒപ്പിട്ട കരാറിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ആശുപത്രികളിൽനിന്നും പുറംതള്ളുന്ന മെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത്.

(സി) നിലവിൽ മെഡിക്കൽ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനായി സ്ഥാപന മേധാവികളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

## മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗം

261(264 ) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര അർബുദ ചികിത്സയുടെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകൾ അനുവദിച്ചു;

(സി) സർജിക്കൽ ഓങ്കോളജി വിഭാഗം പ്രത്യേകമായി മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നത് ക്യാൻസർ ചികിത്സയ്ക്ക് എപ്രകാരം സഹായകമാകുമെന്ന് വിശദമാക്കുമോ;

(ഡി) മെഡിക്കൽ കോളേജുകളിൽ ഇതിനായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് ഇതിനുവേണ്ടി അനുവദിച്ചത് ?

ഉത്തരം

(എ) ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, ആല്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ, അസോസിയേറ്റ് പ്രൊഫസർമാരുടെ ഓരോ തസ്തികകൾ വീതവും അസിസ്റ്റന്റ് പ്രൊഫസർമാരുടെ രണ്ട് തസ്തികകൾ വീതവും സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ ആറ് തസ്തികകൾ വീതവും അനുവദിച്ചിട്ടുണ്ട്.

(സി) സാധാരണയായി ജനറൽ സർജൻമാർ, ഇ.എൻ.റ്റി. സർജൻമാർ, ഗൈനക്കോളജിസ്റ്റ്, ന്യൂറോ സർജൻ, ഗ്യാസ്ട്രോ സർജൻ, പ്ലാസ്റ്റിക് സർജറി സർജൻ, തൊറാസിക് സർജൻ, യൂറൊളജിസ്റ്റ്, പീഡിയാട്രിക് സർജൻ എന്നിവരാണ് അതാത് വിഭാഗങ്ങളിൽപ്പെട്ട ക്യാൻസറുകളുടെ ശസ്ത്രക്രിയ ചെയ്യുന്നത്. സർജിക്കൽ ഓങ്കോളജി വിഭാഗം പ്രത്യേകമായി ആരംഭിക്കുമ്പോൾ മേൽപ്പറഞ്ഞ ശസ്ത്രക്രിയാ വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി ക്യാൻസർ സർജറി ഏകീകരിക്കാൻ സാധിക്കും. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ ബാധിക്കാവുന്ന ക്യാൻസർ കോശങ്ങളെ, ശരീരഭാഗങ്ങൾക്ക് പരിരക്ഷ നൽകിക്കൊണ്ട് വിജയകരമായി നീക്കം ചെയ്യുന്നതിന് സർജിക്കൽ ഓങ്കോളജി വഴി കഴിയുന്നതാണ്. എല്ലുകളിൽ ബാധിക്കുന്ന ക്യാൻസർ, ബ്രെസ്റ്റ് ക്യാൻസർ, മൃദുകലകളിൽ ബാധിക്കുന്ന ക്യാൻസർ എന്നിവയിൽ റീ-കൺസ്ട്രക്ടീവ് സർജറി, സർജിക്കൽ ഓങ്കോളജി വഴി സാധ്യമാണ്.

(ഡി) റേഡിയേഷൻ ചികിത്സയ്ക്കായി ലീനിയർ ആക്സിലറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് 36.5 കോടി രൂപയും കോട്ടയം മെഡിക്കൽ കോളേജിന് 11.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**ഡെങ്കിപ്പനി**

262(265) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2017-18 കാലയളവിൽ എത്ര പേർക്ക് ഡെങ്കിപ്പനി ബാധിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഡെങ്കിപ്പനി ബാധിച്ചവർക്ക് നൽകിയ ചികിത്സകളുടെയും രോഗം പടർന്നുപിടിക്കാതിരിക്കാൻ സ്വീകരിച്ച പ്രതിരോധ നടപടികളുടെയും ഡെങ്കിപ്പനിമൂലം എത്രപേർ മരിച്ചിട്ടുണ്ട് എന്നതിന്റെയും വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഡെങ്കിപ്പനി സ്ഥിരീകരിക്കാനുള്ള ലാബ് പരിശോധനാ സംവിധാനം എല്ലാ ജില്ലകളിലും ഉണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) രക്തത്തിന്റെ ഘടകങ്ങൾ വേർതിരിക്കുന്ന (ബ്ലഡ് സെപ്പറേഷൻ) യൂണിറ്റ് എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിവാരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡെങ്കിപ്പനിക്ക് പരിപൂർണ്ണ വിശ്രമവും രോഗലക്ഷണങ്ങൾക്ക് അനുസൃതമായ ചികിത്സയുമാണ് ലഭ്യമാക്കുന്നത്.

കേരളത്തിൽ 2017-18 കാലയളവിൽ ഡെങ്കിപ്പനി ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(സി) ഉണ്ട്.

(ഡി) സർക്കാർ മേഖലയിൽ ആകെയുള്ള 37 രക്തബാങ്കുകളിൽ 23 രക്തബാങ്കുകളിൽ നിലവിൽ രക്തഘടക വേർതിരിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെ കൂടാതെ 5 സർക്കാർ രക്തബാങ്കുകളിൽ കൂടി രക്തഘടക വേർതിരിക്കൽ യൂണിറ്റുകൾ ഉടൻ തന്നെ പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

നിലവിൽ ഇടുക്കി, കാസർഗോഡ് ജില്ലകളിൽ സർക്കാർ മേഖലയിൽ രക്തഘടക വേർതിരിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.

## മഴക്കാലത്തെ പകർച്ചവ്യാധി നിയന്ത്രണം

263(266) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ വരുന്ന മഴക്കാലത്ത് പകർച്ച വ്യാധികൾ നിയന്ത്രണ വിധേയമാക്കുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

പല പകർച്ചവ്യാധികളും മഴക്കാലത്തുമാത്രമല്ല വർഷം മുഴുവൻ ഏറിയും കുറഞ്ഞും റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് ആരോഗ്യവകുപ്പ് ഓരോ ജില്ലയിലും നടപ്പിലാക്കി വരുന്നത്. പ്രാദേശികാടിസ്ഥാനത്തിലുള്ള മാറ്റങ്ങളോടെ ഈ പരിപാടി കോഴിക്കോട് ജില്ലയിലും നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും സഹകരണത്തോടെയും ജനപങ്കാളിത്തത്തോടെയുമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. മാലിന്യ നിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, കൊതുകിന്റെ ഉറവിട നശീകരണം, രോഗനിരീക്ഷണം, ചികിത്സ, കൊതുകുനിരീക്ഷണം, കൊതുക് നിയന്ത്രണം, ഹെൽത്തി കേരള പരിശോധന, രോഗ പ്രതിരോധ ബോധവത്കരണ ക്യാമ്പെയിനുകൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. കോഴിക്കോട് ജില്ലയിലുണ്ടായ തദ്ദേശീയ മലമ്പനി, നിപ വൈറസ് ബാധ എന്നിവ നിയന്ത്രിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ട്രോമാകെയർ നയം**

264(267) ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ട്രോമാകെയർ നയം വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് എവിടെ അപകടമുണ്ടായാലും ഒറ്റ മൊബൈൽ നമ്പരിൽ ബന്ധപ്പെട്ടാൽ ആംബുലൻസ് സഹായം ലഭ്യമാകുന്ന തരത്തിൽ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ട്രോമാകെയർ ശൃംഖലയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ശൃംഖലയിലെ ആംബുലൻസുകളുടെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നവരുടെ എണ്ണം കുറയ്ക്കുവാൻ സർക്കാർ, സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഇടപെടുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി ആംബുലൻസുകൾ സംസ്ഥാനത്താകമാനം സ്വകാര്യ-സർക്കാർ പങ്കാളിത്തത്തോടെ വിന്യസിക്കുക, സർക്കാർ മേഖലയിൽ ട്രോമാകെയർ യൂണിറ്റുകൾ വികസിപ്പിക്കുക, അപകടത്തിൽപ്പെട്ട ആദ്യത്തെ 48 മണിക്കൂർ വരെ ഇൻഷ്വറൻസ് മുഖാന്തരം സൗജന്യ ചികിത്സ നൽകുക എന്നിവയാണ് സമഗ്ര ട്രോമാകെയർ നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് എവിടെ അപകടം ഉണ്ടായാലും ടോൾ ഫ്രീ ബന്ധപ്പെട്ട ആംബുലൻസ് സഹായം ലഭ്യമാക്കുന്നതിനായി 315 ആംബുലൻസുകൾ സംസ്ഥാനത്തൊട്ടാകെ വിന്യസിച്ച് കേന്ദ്രീകൃത കൺട്രോൾ റൂം ജി.പി.എസ്. സംവിധാനങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കുന്നതിനായി 27-3-2018-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഒരു ടെൻഡർ വിളിക്കുകയും അതിന്റെ ഫലമായി രണ്ട് കമ്പനികൾ അതിൽ ടെൻഡർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെൻഡറിന്റെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തൊട്ടാകെ ആംബുലൻസുകളുടെ സേവനം ലഭ്യമാകുന്ന തരത്തിൽ സംവിധാനം നിലവിൽ വരുന്നതാണ്.

(സി) Mobile/app based Ambulance network-നുവേണ്ടി 315 ആംബുലൻസുകളുടെ സേവനം ലഭിക്കാനുള്ള പദ്ധതിക്കുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന e-tender നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ആംബുലൻസുകളുടെ സേവനം പൊതുജനങ്ങൾക്ക് സൗജന്യമായി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

## പ്ലാസ്റ്റിക് വിമുക്ത/മാലിന്യവിമുക്ത ക്യാമ്പസ്സുകൾ

265(268) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് വിമുക്ത/മാലിന്യവിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസ-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ചേർന്ന് ആരോഗ്യ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിദ്യാലയങ്ങൾ ആരോഗ്യ സൗഹൃദമാക്കാൻ മികച്ച പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മികച്ച ആരോഗ്യ പരിപാലനം നടത്തുന്ന വിദ്യാലയങ്ങൾക്ക് ആരോഗ്യ വകുപ്പ് പുരസ്കാരം നൽകി ആദരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിദ്യാലയങ്ങളിൽ ആരോഗ്യ ബോധവൽക്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പ് ശുചിത്വ മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന ഗ്രീൻ കേരള മിഷൻ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് സ്കൂളുകളിൽ ബോധവത്കരണം നടത്തുന്നുണ്ട്. ഇത് പ്ലാസ്റ്റിക് വിമുക്ത/മാലിന്യവിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കുന്നതിന് സഹായകമാകുന്നതാണ്.

(ബി) വിദ്യാലയങ്ങൾ ആരോഗ്യ സൗഹൃദമാക്കാൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

1. ഗ്രീൻ കേരള മിഷൻ പ്രവർത്തനങ്ങൾ

2. ആരോഗ്യ വകുപ്പ് വഴി ആരോഗ്യ ബോധവത്കരണ പരിപാടികൾ

3. ഹെൽത്തി കേരള സ്കൂൾ/ഹോസ്റ്റൽ പരിശോധന

4. സ്കൂളുകളിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന മെഡിക്കൽ പരിശോധന

(സി) ഇതു സംബന്ധിച്ച ശിപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 1. എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ടസ്, ഗൈഡ്സ് സ്കൂൾ ഹെൽത്ത് ക്ലബ് തുടങ്ങിയവയിലെ വിദ്യാർത്ഥികൾ വഴി മറ്റു വിദ്യാർത്ഥികൾക്ക് ആരോഗ്യ സംരക്ഷണത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക

2. സ്റ്റുഡന്റ് പോലീസ്, സ്റ്റുഡന്റ് ഡോക്ടർ എന്നിവരെ ഓരോ സ്കൂളിൽനിന്നും തെരഞ്ഞെടുത്ത് ആരോഗ്യ പരിപാലനം, ഹരിത കേരളം പരിപാടി തുടങ്ങിയവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് സജ്ജമാക്കുക

3. സ്കൂൾ അസംബ്ലികളിലും ആരോഗ്യ സംബന്ധമായ ദിനവാരമാസാചരണങ്ങളിലും വിദ്യാർത്ഥികൾക്കായി ബോധവത്കരണശീലവത്കരണ പരിപാടികൾ നടത്തുക.

4. വിദ്യാർത്ഥികളെ കൊണ്ട് ആരോഗ്യ സംബന്ധമായ പ്രോജക്ടുകൾ ചെയ്യിപ്പിക്കുക.

## പകർച്ചപ്പനി വ്യാപനം തടയുന്നതിന് ആരോഗ്യജാഗ്രതാ പരിപാടി

266(269) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പകർച്ചപ്പനിമൂലം ആയിരത്തോളം ആളുകൾ മരിച്ച സാഹചര്യത്തിൽ പകർച്ചപ്പനി വ്യാപനം തടയുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യജാഗ്രതാ പരിപാടി ഈ വർഷം ആദ്യം മുതൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജനമുൾപ്പെടെയുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചിരുന്നുവെങ്കിലും ഫലപ്രദമായി ഇക്കാര്യത്തിൽ ഇടപെടുന്നതിന് ഇതേവരെ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) സംസ്ഥാനത്തുനിന്ന് നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ തിരിച്ചു വരവും നിപ വൈറസ് പോലുള്ള പുത്തൻ രോഗങ്ങളുടെ ആവിർഭാവവും നാടിന്റെ ആരോഗ്യത്തിന് ഗുരുതരമായ ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ സ്ഥായിയായ എന്ത് നടപടിയാണ് ആരോഗ്യ വകുപ്പ് കൈകൊള്ളുവാൻ ആലോചിക്കുന്നത് ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ പ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മ സേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി. ആർ.ഡി. ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ച് വരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ

തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇത്തരം ശ്രമങ്ങൾ വിജയം കണ്ടുവരുന്നു. കേരളത്തിലെ ഉയർന്ന ജനസാന്ദ്രതമൂലം പല പ്രദേശങ്ങളിലും മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതമായ ഉപയോഗം, ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം തുടങ്ങിയവയും പ്രധാന കാരണമായി കരുതാവുന്നതാണ്. പൊതുജനാരോഗ്യ മേഖലയിലെ കർശന നിയമങ്ങളുടെ അപര്യാപ്തതയും ഇത്തരം പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു.

(ഡി) ഈ രണ്ട് പ്രതിഭാസങ്ങളും വികസ്വര രാജ്യങ്ങളുടെ വളർച്ചയ്ക്ക് വെല്ലുവിളിയാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ശക്തമായ രോഗ നിരീക്ഷണ സംവിധാനങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഏതു രോഗവും നേരത്തേ കണ്ടുപിടിക്കുവാൻ എല്ലാ തരത്തിലുമുള്ള ആരോഗ്യ കേന്ദ്രങ്ങളിലും സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. ഇത്തരം പുതിയ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ഘടകങ്ങൾ വിശദമായി അവലോകനം ചെയ്ത് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നു. മൃഗസംരക്ഷണ വിദഗ്ദ്ധരുമായി സംയുക്തമായ പ്രവർത്തനങ്ങൾ ആവശ്യമുള്ളപ്പോൾ നടത്തിവരുന്നു. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ശക്തമായ ദ്രുതകർമ്മസേന (RRT) ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. ഏത് രോഗചികിത്സയ്ക്കും ആവശ്യമായ ആധുനിക രോഗ നിർണ്ണയ സാമഗ്രികളും ഏറ്റവും പുതിയ മരുന്നുകളും ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

## ആന്റിബയോട്ടിക് നയം

267(270) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ആന്റിബയോട്ടിക് നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) സ്വകാര്യ ആശുപത്രികൾ ചെറുരോഗങ്ങൾക്കുപോലും വ്യാപകമായി ആന്റിബയോട്ടിക് മരുന്നുകൾ കുറിച്ച് കൊടുക്കുന്നത് അവർക്ക് രോഗത്തിന് ശാന്തി ഉണ്ടാക്കുമെങ്കിലും മറ്റ് രോഗങ്ങൾക്ക് തുടക്കം കുറിക്കുമെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ഇതിന്റെ അമിത ഉപയോഗം പുതിയ അജ്ഞാത രോഗങ്ങൾക്ക് കാരണമാകുന്നത് ഗൗരവമായി കണക്കിലെടുത്ത് ലാഭേച്ഛയോടെ ഉള്ള സ്വകാര്യ ചികിത്സാ രീതിയ്ക്ക് നിയന്ത്രണമേർപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആന്റിബയോട്ടിക് നയം പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആന്റിബയോട്ടിക്കുകളുടെ അമിതവും അനിയന്ത്രിതവുമായ ഉപയോഗം Drug Resistant Organisms മൂലമുണ്ടാകുന്ന അസുഖങ്ങൾക്ക് കാരണമാകുന്നുണ്ട്. സ്വകാര്യ ആശുപത്രയികളിലെ ചികിത്സാ രീതികളെ നിയന്ത്രിക്കാൻ സഹായകരമാകുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഇത് നടപ്പിലാകുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സാരീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ട്രീറ്റ്മെന്റ് പ്രോട്ടോകോൾസ് തീരുമാനിച്ച് നടപ്പിൽ വരുത്തുന്നതാണ്.

**മഴക്കാലപൂർവ്വ ശുചീകരണം**

268 (271) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാലപൂർവ്വ ശുചീകരണം നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) അതിനായി എത്ര രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ പ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം 'പ്രതിദിനം പ്രതിരോധം' നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മ സേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി. ആർ.ഡി, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്ലാൻ ഫണ്ട് വഴി 672.85 ലക്ഷവും, നാഷണൽ വെക്റ്റർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം (എൻ.വി.ബി.ഡി.സി.പി) വഴി 229.7 ലക്ഷവും, സംസ്ഥാനത്തെ 19489 വാർഡുകൾക്ക്, വാർഡ് ഒന്നിന് പതിനായിരം രൂപയും നൽകിയിട്ടുണ്ട്.

**മഴക്കാലപൂർവ്വ ശുചീകരണം**

269(272) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പകർച്ചവ്യാധികൾ, പ്രത്യേകിച്ച് പനി തടയുന്നതിന് സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ പ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുക വഴി പകർച്ച വ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീട്ടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡ് തല ആരോഗ്യ ശുചിത്വ കർമ്മ സേനാംഗങ്ങൾ വീട്ടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി. ആർ.ഡി, ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യ ജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐഎസ്എസ്), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ്

എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘു-ലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**പകർച്ചപ്പനികളെ പ്രതിരോധിക്കാൻ നടപടി**

270(273) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ പനി പടർന്ന് എത്രപേർ മരണപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(ബി) എന്ത് തരം പനിയാണ് പ്രസ്തുത മരണങ്ങൾക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പനിമൂലമുള്ള പ്രസ്തുത മരണങ്ങൾക്ക് കാരണം നിപ വൈറസാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പകർച്ചപ്പനികളെ പ്രതിരോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പേരാമ്പ്രയിലെ ചങ്ങരോത്ത് പഞ്ചായത്തിൽ 4 പേർ മരണപ്പെട്ടു.

(ബി) ഇതിൽ 3 മരണങ്ങൾക്ക് കാരണം നിപ വൈറസ് ബാധയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ഇതിൽ 3 മരണം നിപ വൈറസ് മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടത്തിയ പരിശോധനകളിലാണ് നിപ വൈറസ് സ്ഥിരീകരിച്ചത്.

(ഡി) പകർച്ചവ്യാധി പ്രതിരോധപ്രവർത്തനത്തിനായി സർക്കാരിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന 'ആരോഗ്യജാഗ്രത' പ്രതിദിനം പ്രതിരോധം എന്ന കർമ്മ പരിപാടി നടപ്പിലാക്കിവരുന്നു.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ച വ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് തുടങ്ങിയവ ചെയ്തു വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപ്പുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## പകർച്ചവ്യാധികൾ തടയാൻ നടപടി

271(274) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കാലവർഷ സമയത്ത് പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും റിപ്പോർട്ടുകൾ ഒന്നും ലഭ്യമായിട്ടില്ല. ആവശ്യമായ പ്രദേശങ്ങളിൽ സത്വര പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴവൻ നീണ്ടുനിൽക്കുന്ന ബഹു. മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പ് മന്ത്രിയുടെയും നിർദ്ദേശാനുസരണം പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ പ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധം നടത്തുക വഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ കൂടുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മ സേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി. ആർ.ഡി, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യജാഗ്രതാ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകുനിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ-സംസ്ഥാനതല നടപടികൾ സ്വീകരിച്ചു വരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനു പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

## പകർച്ചവ്യാധികൾ വ്യാപകമാകുന്ന സാഹചര്യം

272(275) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലിപ്പനിയും ഡെങ്കിപ്പനിയും ചിക്കൻപോക്സും മഞ്ഞപ്പിത്തവും വ്യാപകമായി പടരുന്ന സാഹചര്യം ഗൗരവമായി കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വർഷം ഇതുവരെ എത്രപേരെ മേൽപ്പറഞ്ഞ രോഗങ്ങൾ ബാധിച്ചുവെന്നും സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും എത്രപേർ മരണമടഞ്ഞുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് പ്രസ്തുത രോഗാവസ്ഥയിൽ ഗണ്യമായ കുറവാണുള്ളത്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 108 ആംബുലൻസുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

273 (276) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സേവനം നടത്തുന്ന 108 ആംബുലൻസുകളുടെ എണ്ണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 108 ആംബുലൻസുകളുടെ സേവനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 24 (ഇരുപത്തിനാല്) 108 ആംബുലൻസുകളും ആലപ്പുഴ ജില്ലയിൽ 18 (പതിനെട്ട്) 108 ആബുലൻസുകളും സേവനം നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് എവിടെ അപകടം ഉണ്ടായാലും ഒറ്റ മൊബൈൽ നമ്പറിൽ ബന്ധപ്പെട്ട് ആംബുലൻസ് സഹായം ലഭ്യമാക്കുന്നതിനായി 315 ആംബുലൻസുകൾ സംസ്ഥാനത്തൊട്ടാകെ വിന്യസിച്ച് കേന്ദ്രീകൃത കൺട്രോൾ റൂമും ജി.പി.എസ്. സംവിധാനങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കുന്നതിനായി 27-3-2018 ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഒരു ടെൻഡർ വിളിക്കുകയും രണ്ട് കമ്പനികൾ ടെൻഡർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെൻഡറിന്റെ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തൊട്ടാകെ ആംബുലൻസുകളുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

## ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ

274(277) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ കഴിഞ്ഞ വർഷം എന്തെല്ലാം സംസ്ഥാന - കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക ഉൾപ്പെടെയുള്ള വിവരങ്ങൾ ജില്ല തിരിച്ചു ലഭ്യമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്ന് പ്രതീക്ഷിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ആരോഗ്യ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുക, രോഗീ സൗഹൃദ ആശുപത്രി സംവിധാനം വികസിപ്പിക്കുക, ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം വികസിപ്പിക്കുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുക എന്നീ പദ്ധതികൾ കഴിഞ്ഞ വർഷം നടപ്പിലാക്കിയിട്ടുണ്ട്. എഫ്.ഡബ്ല്യു. 2211 ശീർഷകത്തിൽ കേന്ദ്ര സർക്കാരിന്റെ ഇൻഫ്രാസ്ട്രക്ചർ മെയിന്റനൻസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 4 കമ്പോണന്റുകളിലായി കുടുംബക്ഷേമം എന്ന XIX-ാം ധനാഭ്യർത്ഥനയിൽ 14 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയെല്ലാം തുടർ പദ്ധതികളാണ്.

കഴിഞ്ഞ വർഷം പ്ലാൻ/നോൺ പ്ലാൻ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

പ്ലാൻ പദ്ധതികൾ

1. സംസ്ഥാനതല സംഘടന
2. നഗര ജില്ലാതലത്തിൽ കുടുംബക്ഷേമ ബ്യൂറോകൾ (മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ)
3. പ്രാദേശിക കുടുംബക്ഷേമ പരിശീലന കേന്ദ്രങ്ങൾ
4. ഹെൽത്ത് വിസിറ്റേഴ്സ്, മിഡ്‌വൈഫുമാർ മുതലായവർക്ക് പരിശീലനം
5. സബ്-സെന്ററുകൾ
6. ഐ.സി.ഡി.എസ്. പ്രവർത്തന വികസനം
7. പബ്ലിക് ഹെൽത്ത് കേന്ദ്രങ്ങളിൽ വാഹന വിതരണവും സംരക്ഷണവും
8. ജില്ലാ കുടുംബക്ഷേമ ബ്യൂറോകളിൽ വാഹന വിതരണവും സംരക്ഷണവും
9. റീജിയണൽ കുടുംബക്ഷേമ കേന്ദ്രങ്ങളിൽ വാഹന വികരണവും സംരക്ഷണവും
10. ഹെൽത്ത് ട്രാൻസ്പോർട്ട് സംഘടന
11. സമൂഹ വിദ്യാഭ്യാസം
12. പ്രജനനം-ശിശു സേവന പദ്ധതി
13. കിടക്കകൾ, വന്ധീകരണ യൂണിറ്റുകൾ ഇവയുടെ സംരക്ഷണം
14. ധനസഹായം

സംസ്ഥാന നോൺ പ്ലാൻ പദ്ധതികൾ

1. ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളും പോസ്റ്റ് പാർട്ടം കേന്ദ്രങ്ങളും (ബ്ലോക്ക് പി.എച്ച്.സി.-കൾ)
2. പ്രസവാനന്തര ശുശ്രൂഷാ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ മറ്റ് പ്രധാന ആശുപത്രികൾ
3. പ്രസവാനന്തര ശുശ്രൂഷാ കേന്ദ്രം സബ്-ഡിവിഷണൽ-താലൂക്ക് ലെവൽ ഹോസ്പിറ്റലുകൾ
4. കുടുംബാസൂത്രണ ശസ്ത്രക്രിയയിൽ പരാജയം സംഭവിച്ചവർക്ക് നഷ്ടപരിഹാരം (ചാർജ്ജ് ചെയ്തത്)
5. കുടുംബാസൂത്രണ ശസ്ത്രക്രിയയിൽ പരാജയം സംഭവിച്ചവർക്ക് നഷ്ടപരിഹാരം (വോട്ട് ചെയ്തത്)

(ബി) ദേശീയ ആരോഗ്യ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

(സി) XIX-ാം ധനാർഭ്യർത്ഥനയിൽ 14 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയെല്ലാം continuing പദ്ധതികളാണ്.

**ഇ-ഹെൽത്ത് പദ്ധതി**

275(278) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇ-ഹെൽത്ത് പദ്ധതിയുടെ ആരോഗ്യസംബന്ധമായ വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇ-ഹെൽത്ത് പദ്ധതിക്കായി ശേഖരിക്കുന്ന വിവരങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു പദ്ധതിയാണ് ഇ-ഹെൽത്ത്. കേരള ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്ന വ്യക്തികളുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ കൈയ്യിൽ കൊണ്ടു നടക്കാവുന്ന ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചു നടത്തുന്ന ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ ഓരോ വ്യക്തിയുടെയും ആധാർ, വോട്ടർ ഐ.ഡി. മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു.

ഇ-ഹെൽത്ത് കേരള പദ്ധതിയുടെ ലക്ഷ്യങ്ങൾ:

1. വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏരിയ നെറ്റ്‌വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രിളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടും

എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാകുകയും ചെയ്യുക. വൈദ്യശാസ്ത്രഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണ നയപരിപാടികളുടെ രൂപവത്കരണം പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ പുരോഗതിക്ക് സഹായകമാകുന്നതാണ് ഈ പദ്ധതി.

തിരുവനന്തപുരം ജില്ലയിലെ വിവിധ ശ്രേണിയിലുള്ള സ്ഥാപനങ്ങളിൽ ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി. വിജയകരമായി പ്രവർത്തനം ഉറപ്പാക്കിയ ശേഷം ജില്ലയാകെ വ്യാപിപ്പിക്കുകയും അതിനെ തുടർന്ന് ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നിങ്ങനെ ഏഴ് ജില്ലകളിൽ ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുകയും രണ്ടാം ഘട്ടത്തിൽ മറ്റ് ഏഴ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതോടെ കേരളത്തിൽ സർക്കാർ മേഖലയിലെ അലോപ്പതി പൊതുജനാരോഗ്യ കേന്ദ്രങ്ങൾ പൂർണ്ണമായും ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ അധിഷ്ഠിത ശൃംഖലയുടെ ഭാഗമായി മാറുന്നതാണ്.

<u>പദ്ധതിയുടെ പാരോഗതിയുടെ ഒരു സംക്ഷിപ്ത രൂപം ചുവടെ കൊടുക്കുന്നു:</u>

പദ്ധതിയുടെ പ്രവർത്തനം ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള 13 ആശുപത്രികളിൽ pilot implementation തീരുമാനിച്ചതിൽ 12 ആശുപത്രികളിൽ Hardware, Networking, connectivity പൂർത്തിയാക്കി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Networking പുരോഗമിച്ച് വരുന്നു. വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വെള്ളനാട്, മണമ്പൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട് താലൂക്കാശുപത്രി, ചിറയിൻകീഴ് താലൂക്കാശുപത്രി, പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഉപയോക്താക്കളിൽനിന്നും അഭിപ്രായം സ്വീകരിച്ച് കുറ്റമറ്റ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

9500 tablet കമ്പ്യൂട്ടറുകൾ സംസ്ഥാനത്തൊട്ടാകെയായി ആരോഗ്യ പ്രവർത്തകർക്ക് വിതരണം ചെയ്യുകയും ആവശ്യമായ പരിശീലനം നല്കിയ ശേഷം വ്യക്തിഗത ആരോഗ്യ വിവര ശേഖരണ നടപടികൾ പുരോഗമിക്കുന്നു.

ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഇ ഹെൽത്ത് ഭാഗമാകുന്നുണ്ട്. സംസ്ഥാനത്തെ 8 സർക്കാർ മെഡിക്കൽ കോളേജുകളിലും, O.P Transformation

നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 9 ഡിപ്പാർട്ട്മെന്റുകളിലും SAT-യിലും കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇത് പ്രാവർത്തികമായി. മറ്റു കേന്ദ്രങ്ങളിൽ സർവെ പൂർത്തീകരിച്ച് ഹാർഡ് വെയർ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി 170 PHC-കൾ FHC കളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ networking പ്രവർത്തനം പുരോഗമിക്കുന്നു.

(ബി) ആരോഗ്യ വിവരശേഖരണം പൂർത്തിയായിട്ടില്ല. ആദ്യഘട്ട നടപടിയായ registration ആരംഭിച്ചു. 45 ലക്ഷത്തോളം വ്യക്തികളുടെ registration പൂർത്തിയായിട്ടുണ്ട്. Registration പൂർത്തിയാക്കിയ ശേഷം ആരോഗ്യ വിവരശേഖരണം ആരംഭിക്കും. ഇതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) ആധികാരികമായി 'access' നൽകിയിട്ടില്ലാത്ത വ്യക്തികൾക്ക് അപ്രാപ്യമായ സംവിധാനത്തിലാണ് tab കമ്പ്യൂട്ടറുകളിൽ വിവരങ്ങൾ പ്രാഥമികമായി ശേഖരിക്കുന്നത്. ആശുപത്രികളിൽനിന്നുള്ള വിവരങ്ങൾ ശേഖരിക്കുന്ന സംസ്ഥാന സർക്കാരിന്റെ data center-ൽ Tier-3 സുരക്ഷാ സംവിധാനമാണുള്ളത്. Data transmit ചെയ്യുന്നത് അതീവ സുരക്ഷാ സംവിധാനമുള്ള Virtual Private Network-ലൂടെയാണ്. രോഗികൾ ആശുപത്രിയിൽ എത്തിയാൽ മാത്രമേ പ്രസ്തുത വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമാകൂ. അതുതന്നെ ചികിത്സയുമായി നേരിട്ട് ബന്ധപ്പെടുന്ന മെഡിക്കൽ സംഘത്തിനു മാത്രമേ ലഭ്യമാകൂ. ഇ-ഹെൽത്ത് പദ്ധതി നടപ്പാകുന്ന മുറയ്ക്ക് ISO-27001 എന്ന Information Security Management System അനുസരിച്ചുള്ള സമ്പൂർണ്ണ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.

## സമഗ്ര മാനസികാരോഗ്യ പദ്ധതി

276(279) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും പകൽവീട് പുനരധിവാസകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മാനസികാരോഗ്യ ചികിത്സ പ്രാഥമിക തലത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ 26 പകൽവീടുകളാണ് സമഗ്ര മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളത്. ഇതിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ 4 പകൽ വീടുകൾ കൂടി ആരംഭിക്കുന്നതാണ്. മാനസികരോഗം ചികിത്സിച്ച് ഭേദമാക്കുകയും/കുറവുവരികയും, എന്നാൽ ജോലിക്ക് പോകാതിരിക്കുകയും ചെയ്യുന്ന രോഗികളെയാണ് പകൽ വീടുകളിൽ എത്തിക്കുന്നത്. ഇതിന് വേണ്ടി വാഹന സൗകര്യം ഓരോ പകൽ വീടിനും ഏർപ്പെടുത്തിയിട്ടുണ്ട്. കൊണ്ടുവരുന്ന രോഗികൾക്ക് ഉച്ചഭക്ഷണവും രാവിലെയും വൈകുന്നേരവുമുള്ള ചായയും ലഘുഭക്ഷണവും പകൽ വീടുകളിൽനിന്ന് തന്നെ നൽകി വരുന്നു. കൂടാതെ തൊഴിൽ പരിശീലനം (മരുന്ന് കവർ നിർമ്മാണം, ലോഷൻ നിർമ്മാണം, ഹോർട്ടികൾച്ചർ തുടങ്ങിയവ) റെക്രിയേഷൻ തെറാപ്പി, വായന തുടങ്ങിയവയെല്ലാം നടപ്പിലാക്കുന്നു.

(സി) വിഷാദരോഗ ചികിത്സ പ്രാഥമികാരോഗ്യ തലത്തിൽ ലഭ്യമാക്കാൻ വേണ്ടി 2017 ഏപ്രിൽ 7-ന് ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് "ആശ്വാസം" പദ്ധതി നടപ്പിലാക്കിതുടങ്ങി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയുള്ള 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദരോഗത്തിനുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിൽ തന്നെ ഇത് കണ്ടെത്തുവാനായി ആരോഗ്യപ്രവർത്തകർക്ക് സ്ക്രീനിംഗ് പരിശീലനം നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആശുപത്രികളിൽ മറ്റുരോഗങ്ങളുമായി വരുന്നവർക്ക് തന്നെയും വിഷാദ രോഗസ്ക്രീനിംഗ് ചെയ്യുന്നതിന് നഴ്സുമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ക്രീനിംഗിൽ പോസിറ്റീവ് ആയിട്ടുള്ളവരെ കുടുംബാരോഗ്യ കേന്ദ്രത്തിലെ തന്നെ ഡോക്ടർമാർ പരിശോധിക്കുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യും. ഔഷധ ചികിത്സ ആവശ്യമെങ്കിൽ അതിനുള്ള

ഔഷധങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽതന്നെ ലഭ്യമാക്കിയിട്ടുണ്ട്. വിദഗ്ദ്ധ ചികിത്സ ആവശ്യമായിട്ടുള്ളവരെ തൊട്ടടുത്തുള്ള ജില്ലാ മാനസികാരോഗ്യ പരിപാടിയിലേയ്ക്ക് റഫർ ചെയ്യുന്നു.

2018 മാർച്ച് മുതൽ 'സമ്പൂർണ്ണ മാനസികാരോഗ്യ' പരിപാടിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിലെല്ലാം നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആശാവർക്കർമാർക്ക് പരിശീലനം നൽകുകയും പഞ്ചായത്തിലെ എല്ലാ വീടുകളും സന്ദർശിച്ച് മാനസിക പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടത്തുന്ന മാനസികാരോഗ്യ ക്യാമ്പുകളിൽ എത്തിച്ച് ജില്ലാ മാനസികരോഗ്യ പരിപാടിയുടെ കീഴിൽ ചികിത്സ നല്കുന്നു. ഇതുവഴി മാനസിക സമ്മർദ്ദം, മാനസിക രോഗങ്ങൾ, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയ പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തി പ്രാഥമികാരോഗ്യ തലത്തിൽതന്നെ ചികിത്സ നൽകാൻ കഴിയുന്നു. കൂടാതെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മാനസികാരോഗ്യ ക്യാമ്പുകൾ മാസം തോറും ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ നടത്തി വരുന്നു. ഇതിലൂടെ മാത്രമായി മാസം 20,000- ൽ അധികം പേർക്ക് മാനസികാരോഗ്യ സേവനം നൽകുവാൻ കഴിയുന്നു. ഇവർക്കുള്ള തുടർ ചികിത്സ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ ഇത് വിജയകരമായി നടപ്പിലാക്കി കഴിഞ്ഞു. കൂടാതെ എല്ലാ മെഡിക്കൽ ഓഫീസർമാർക്കും ജില്ലകളിൽ മാനസികാരോഗ്യത്തെപ്പറ്റിയും ചികിത്സാ രീതികളെപ്പറ്റിയും ട്രെയിനിംഗ് നൽകി വരുന്നുണ്ട്.

(ഡി) ജില്ലാ മാനസികാരോഗ്യ പരിപാടിക്കായി ആറുകോടി അറുപതുലക്ഷം രൂപയും (6,60,00,000 രൂപ) പകൽ വീടുകൾക്കായി ആറുകോടി രൂപയുമാണ് (6,00,00,000 രൂപ) അനുവദിച്ചിട്ടുള്ളത്.

**സുകൃതം പദ്ധതി**

277(280) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ്സിന് മുകളിലുള്ള കാൻസർ രോഗികൾക്ക് ചികിത്സാസഹായ പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 'സുകൃതം' പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഈ പദ്ധതിക്ക് വേണ്ടി നടപ്പു വർഷം തുക നീക്കിവച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകാമോ;

(സി) 'സുകൃതം' പദ്ധതി ഇപ്പോൾ നിലവിലില്ലെങ്കിൽ അത് നിർത്തിവക്കാനിടയായ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) 'സുകൃതം' പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആകെ എത്ര പേർക്ക് എത്ര തുക സഹായധനമായി അനുവദിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 18 വയസ്സിന് മുകളിലുള്ള കാൻസർ രോഗികൾക്ക് താഴെ പറയുന്ന ചികിത്സാ പദ്ധതികൾ നിലവിലുണ്ട്.

1. കാരുണ്യ ബനവലന്റ് ഫണ്ട്-ഈ പദ്ധതി പ്രകാരം റേഷൻ കാർഡിൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കാൻസർ രോഗികൾക്ക് 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം ലഭിക്കും.

2. സുകൃതം- ബി.പി.എൽ റേഷൻ കാർഡ് ഉടമകളായ കാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സ ഈ പദ്ധതി പ്രകാരം സൗജന്യമായി ലഭിക്കും.

3. പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി- ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരാണെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന പക്ഷം കാൻസർ ചികിത്സ സൗജന്യമായി നൽകുന്നു.

4. ചിസ്സ് പ്ലസ്- ഈ പദ്ധതി പ്രകാരം 70,000 രൂപ വരെ വർഷത്തിൽ ചികിത്സാ സഹായം ലഭിക്കും.

5. സ്നേഹസാന്ത്വനം പദ്ധതി- ഈ പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് കാൻസർ ചികിത്സ സൗജന്യമായി നൽകി വരുന്നു.

(ബി&സി) 2014-15 സാമ്പത്തിക വർഷം നവംബർ മാസത്തിൽ ആരംഭിച്ച സുകൃതം പദ്ധതി ഇപ്പോഴും നിലവിലുണ്ട്. ഇതിനായി പ്രത്യേകം തുക നീക്കി വച്ചിട്ടില്ല. സുകൃതം പദ്ധതിക്കുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗ്രാന്റ് ഇൻ എയ്ഡിൽനിന്നും ആദ്യം 30 കോടി രൂപ പദ്ധതി നിർവ്വഹണ സ്ഥാപനങ്ങൾക്ക് നൽകുകയും ടി സ്ഥാപനങ്ങൾ തുക

ചെലവാക്കിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് വീണ്ടും തുക നൽകുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകുന്ന തുക വിവിധ ഘട്ടങ്ങളിലായി സർക്കാർ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതി ആരംഭിച്ച് നാളിതു വരെ 11622 രോഗികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 78,46,38,867 രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## നികുഷ്ഠ പദ്ധതി

278(281) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോഴുള്ള കുഷ്ഠ രോഗികളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) 2017-18 കാലഘട്ടത്തിൽ പുതിയതായി എത്ര രോഗികളെ കണ്ടെത്തി എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിൽ "നികുഷ്ഠ പദ്ധതി"നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഈ മേഖലയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) കോട്ടയം ജില്ലയിൽ 2015, 2016, 2017, 2018 എന്നീ വർഷങ്ങളിൽ എത്ര പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018 ഏപ്രിൽ 30-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽനിന്ന് 145 പി ബി രോഗികളും 547 എം ബി രോഗികളും ഉൾപ്പെടെ 692 കുഷ്ഠരോഗികൾ ചികിത്സ എടുത്തുവരുന്നു.

(ബി) 192 പി ബി രോഗികളും 328 എം ബി രോഗികളും ഉൾപ്പെടെ 520 കുഷ്ഠരോഗികൾ 2017-18 കാലഘട്ടത്തിൽ പുതുതായി കണ്ടെത്തി ചികിത്സക്ക് വിധേയമാക്കുകയുണ്ടായി.

(സി) സംസ്ഥാനത്ത് നികുഷ്ഠ (NIKUSHTH) പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായി വരുന്നു. ജില്ലാ തലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതിനുള്ള പരിശീലനം നൽകുകയുണ്ടായി. പാലക്കാട്, ഇടുക്കി ജില്ലകൾ ഒഴികെ മറ്റു ജില്ലകളിൽ ബ്ലോക്ക്

തലത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. പാലക്കാട്, ഇടുക്കി ജില്ലകളിൽ പരിശീലനം ഉടൻ പൂർത്തിയാകുന്നതാണ്. കൂടാതെ നികുഷ്ഠ (ഓൺലൈൻ റിപ്പോർട്ടിംഗ് സിസ്റ്റം) സുഗമമായി നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലാ ലെപ്രസി യൂണിറ്റിനും കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങി നൽകിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ കുഷ്ഠരോഗ നിയന്ത്രണ വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നികുഷ്ഠ ഓൺലൈൻ റിപ്പോർട്ടിംഗ് സിസ്റ്റം നടപ്പിലാക്കുന്നത്. കേന്ദ്ര വിഭാഗത്തിൽ ഓൺലൈൻ റിപ്പോർട്ടിംഗ് സിസ്റ്റത്തിലെ സർവർ പ്രശ്നങ്ങൾ കാരണം ഡാറ്റ എൻട്രി കുറ്റമറ്റ രീതിയിൽ നടത്തുവാൻ സാധിച്ചിട്ടില്ല. സർവറിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് 2018 ഏപ്രിൽ 1 മുതലുള്ള online reporting കാര്യക്ഷമമായി നടത്തുന്നതാണ്. ഇതുസംബന്ധിച്ച് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ നിർദ്ദേശം കാത്തിരിക്കുകയാണ്.

(ഡി) 21 അസിസ്റ്റന്റ് ലെപ്രസി ഓഫീസർമാരും 55 നോൺ മെഡിക്കൽ സൂപ്പർവൈസർമാരും ഉൾപ്പടെ 76 ജീവനക്കാർ ദേശീയ കുഷ്ഠരോഗ നിർമാർജ്ജന പരിപാടിയിൽ ജോലി ചെയ്യുന്നു. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 (ലെപ്രസി)-യുടെ ഒരു തസ്തികയും അസിസ്റ്റന്റ് ലെപ്രസി ഓഫീസർമാരുടെ 3 തസ്തികകളും ഒഴിഞ്ഞു കിടക്കുന്നു. ഇതിനു പുറമെ സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെപ്രസി ഓഫീസറും, ജില്ലാ തലത്തിൽ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ചാർജുള്ള 14 ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർമാരും ഈ പ്രാഗ്രാമിന്റെ ചുമതലകൾ നിർവഹിച്ചു വരുന്നു.

(ഇ) കോട്ടയം ജില്ലയിൽ 2015-ൽ 13-ഉം, 2016-ൽ 18-ഉം, 2017-ൽ 14 -ഉം, 2018 -ൽ 19 -ഉം പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

## താലൂക്കാശുപത്രികളിലെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി

279(282) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താലൂക്കാശുപത്രികളിലെ ഭൗതിക സാഹചര്യവും സേവനവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകളും കാത്ത് ലാബുകളും ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ആയത് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഈ സൗകര്യങ്ങൾ സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് വൃക്കരോഗികളുടെയും ഹൃദ്രോഗികളുടെയും എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളും കാത്ത് ലാബുകളും സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അടിസ്ഥാനസൗകര്യങ്ങൾ കുറവുള്ള ആശുപത്രികളെ കിഫ്ബിയിൽ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചില സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വഴി പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നുണ്ട്. ഇതിനുപുറമേ ആരോഗ്യ വകുപ്പിന്റെ സംസ്ഥാനപ്ലാൻ ഫണ്ട്, നബാർഡ്, എം.പി., എം.എൽ.എ., തദ്ദേശസ്വയംഭരണം തുടങ്ങിയ ധനസ്രോതസ്സ് വഴിയും അടിസ്ഥാനസൗകര്യ വികസനത്തിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആർദ്രം മിഷന്റെ ഭാഗമായി ഒ.പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കാനുള്ള പ്രാരംഭപ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

2017-18-ൽ താലൂക്കാശുപത്രികളുടെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കാനായി 24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ധനകാര്യ വകുപ്പ് ഈ ഫണ്ട് ഇ-ലാബ്സിൽ ഉൾപ്പെടുത്തുകയുണ്ടായി. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനങ്ങളാരംഭിക്കാൻ കഴിയുന്നതാണ്. 2018-19-ലേയ്ക്ക് 14 താലൂക്കാശുപത്രികളെക്കൂടി തെരഞ്ഞെടുത്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പ്രവർത്തനത്തിനായി 17.5 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. 14 താലൂക്കുതല ആശുപത്രികൾക്കുകൂടി വിശദമായ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള നടപടി എൻ.എച്ച്.എം. വഴി ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗം ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാരും സ്പെഷ്യലിസ്റ്റുകളും, പാരാമെഡിക്കൽ ജീവനക്കാരുമടക്കം 891 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. ഈ ആശുപത്രികളിലേക്കാവശ്യമായ അധിക ആശുപത്രി ഉപകരണങ്ങൾ ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് വഴി ലഭ്യമാക്കിവരികയും ചെയ്യുന്നു.

(ബി) 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രധാന താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി മുഖേന താലൂക്കാശുപത്രി നെടുങ്ങോലം, താലൂക്കാശുപത്രി ഹരിപ്പാട്, താലൂക്കാശുപത്രി വർക്കല, താലൂക്കാശുപത്രി കട്ടപ്പന, താലൂക്കാശുപത്രി അടിമാലി, താലൂക്കാശുപത്രി ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ താലൂക്കാശുപത്രികളിൽ കാത്ത് ലാബ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി മുഖേന താലൂക്കാശുപത്രി നെടുങ്ങോലം, താലൂക്കാശുപത്രി ഹരിപ്പാട്, താലൂക്കാശുപത്രി വർക്കല, താലൂക്കാശുപത്രി കട്ടപ്പന, താലൂക്കാശുപത്രി അടിമാലി, താലൂക്കാശുപത്രി ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2019-ഓടുകൂടി പൂർത്തീകരിക്കുന്നതായിരിക്കും. മുൻപുണ്ടായിരുന്ന 43 ഡയാലിസിസ് സെന്ററുകൾ കൂടാതെ കിഫ്ബി മുഖേന ഇപ്പോൾ 3 സെന്ററുകളും കൂടി ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 5-7 ശതമാനം പേർ ക്രോണിക്ക് കിഡ്നി ഡിസീസുള്ളവരാണ്. അനിയന്ത്രിതമായ ഡയബറ്റീസ്, രക്താതിസമ്മർദ്ദം എന്നിവയാണ് പ്രധാന കാരണം. ക്രോണിക് കിഡ്നി ഡിസീസുള്ളവരിൽ 0.5 മുതൽ 0.6 ശതമാനം പേർക്ക് എൻഡ് സ്റ്റേജ് റീനൽ ഡിസീസ് എന്ന അവസ്ഥ ഉണ്ടാകുന്നു. എൻഡ് സ്റ്റേജ് റീനൽ ഡിസീസ് ആയി കഴിഞ്ഞാൽ കിഡ്നി മാറ്റിവയ്ക്കേണ്ടതാണ്. എന്നാൽ അനുയോജ്യമായ കിഡ്നി ലഭിക്കാത്തതു കൊണ്ടും സാമ്പത്തിക പരാധീനതകൊണ്ടും ഇവരിലധികം പേർക്കും ഡയാലിസിസ് എന്ന ചികിത്സാ രീതി നേരിടേണ്ടിവരുന്നു. ഇപ്പോൾ പ്രവർത്തനത്തിലുള്ള ഡയാലിസിസ് സെന്ററുകൾ മുഖേന 2994 പേർക്ക് ഡയാലിസിസ് ചികിത്സ ലഭിച്ചുവരുന്നു.

| ക്രമ നം. | സ്ഥാപനം | കിഫ്ബി | പഴയത് | ആകെ |
|---|---|---|---|---|
| 1 | ജനറൽ ആശുപത്രി | 3 | 9 | 12 |
| 2 | ജില്ലാ ആശുപത്രി | 5 | 11 | 16 |
| 3 | താലൂക്കാശുപത്രി | 35 | 18 | 53 |
| 4 | സി.എച്ച്. സെന്റർ | - | 3 | 3 |
| 5 | പി.എച്ച്. സെന്റർ | - | 1 | 1 |
| 6 | മറ്റുള്ളവ | 1 | 2 | 2 |
| | ആകെ | 44 | 44 | 87 |

നിലവിൽ 2994 രോഗികൾക്കാണ് ഡയാലിസിസ് സേവനം നൽകിവരുന്നത്. ഒരു എന്റ് സ്റ്റേജ് റീനൽ ഡിസ്സീസ് രോഗിക്ക് രണ്ട് മുതൽ ആറ് വരെ ഡയാലിസിസ് ആഴ്ചയിൽ വേണ്ടിവരുന്നു. ഇപ്പോൾ ഇത്തരം 12561 ഡയാലിസിസ് നൽകാൻ സാധിക്കുന്നു. 49 ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാക്കുന്നതോടെ 6000 പേർക്ക് ഡയാലിസിസ് നൽകാൻ സാധിക്കും സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ (നെഫ്രോളജിസ്റ്റ്) ലഭ്യതയുള്ളതുകൊണ്ട് ഇപ്പോൾ Accute Kidney Injury -ക്ക് ജനറൽ ആശുപത്രി, തിരുവനന്തപുരത്ത് ഡയാലിസിസ് നൽകുവാൻ സാധിക്കുന്നുണ്ട്.

Non Communicable disease നിയന്ത്രണത്തിന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്റർ തലത്തിൽ തന്നെ ഡയബെറ്റീസ്, ഹൈപ്പർ ടെൻഷൻ എന്നീ രോഗങ്ങൾ നേരത്തെതന്നെ കണ്ടുപിടിക്കാൻ സാധിക്കുകവഴി ഇവർ ക്രോണിക് കിഡ്നി ഡിസീസ് എന്ന അവസ്ഥയിൽ എത്തുന്നത് തടയാൻ സാധിക്കുന്നതാണ്.

ഇപ്പോൾ നെഫ്രോളജിസ്റ്റിന്റെ തസ്തികകൾ ജനറൽ ആശുപത്രി, തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ ഓരോന്ന് വീതം സൃഷ്ടിച്ചിട്ടുണ്ട്. Sepsis Viper Snake bite എലിപ്പനി എന്നിവ മൂലമുള്ള Accute Kidney Injury എന്നീ അവസ്ഥകൾക്കുള്ള ഡയാലിസിസും ജില്ലാ ആശുപത്രി തലത്തിൽ നൽകാൻ സാധിക്കുന്നുണ്ട്.

ഇതു കൂടാതെ വിവിധ ആശുപത്രികളിലായി 68 ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

കിഫ്ബി മുഖാന്തരം ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി തിരൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി തൃശ്ശൂർ, ജനറൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കാത്ത് ലാബ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2016-17-ലെ പ്ലാൻ ഫണ്ട് ഉൾപ്പെടുത്തി കോഴിക്കോട് ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് തുടങ്ങാൻ നടപടി ആരംഭിച്ചിട്ടുണ്ട്. 2017-18 -ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മാനന്തവാടി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് തുടങ്ങാൻ പദ്ധതിയുണ്ട്. ഈ രണ്ട് പദ്ധതികളും പ്രാരംഭ ദിശയിലാണ്. ഇത് കൂടാതെ കിഫ്ബി മുഖാന്തരം 8 ജില്ലാ ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-ഓടെ ഈ സ്ഥാപനങ്ങളിൽ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കുവാൻ കഴിയുന്നതാണ്.

(ഡി) ഡയാലിസിസ് യൂണിറ്റ് ആവശ്യമുള്ള സ്ഥാപനങ്ങളിൽനിന്നും പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## ഡയാലിസിസ് യൂണിറ്റുകൾ

280(284) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ, നീലേശ്വരം താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രിയിലും അനുവദിക്കപ്പെട്ട ഡയാലിസിസ് യൂണിറ്റുകൾ എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൃക്കരിപ്പൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് കേന്ദ്രത്തിന്റെ പണി അവസാന ഘട്ടത്തിലാണ്. ആഗസ്റ്റ് മാസത്തോടെ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് പ്രവർത്തന സജ്ജമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലേശ്വരം താലൂക്കാശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായിട്ടില്ല. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇവിടെ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുവാൻ കഴിയും. കാസർഗോഡ് ജില്ലാ ആശുപത്രിയിൽ 2017 ആഗസ്റ്റ് മുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

## മെഡിക്കൽ ടൂറിസം സമിതി

281(285) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ടൂറിസം രംഗത്ത് സംസ്ഥാന സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് ആരംഭിച്ചിരിക്കുന്നത്;

(ബി) ടൂറിസം വകുപ്പുമായി ചേർന്ന് മെഡിക്കൽ ടൂറിസം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും നിലവിൽ സംവിധാനമുണ്ടോ;

(സി) ഇല്ലെങ്കിൽ അത്തരം ഒരു സമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ കേന്ദ്രം ഉയർത്തുന്നതിനായി ആയുർവ്വേദ ക്ലാസിഫിക്കേഷൻ പദ്ധതി വിനോദസഞ്ചാര വകുപ്പ് നടപ്പാക്കി വരുന്നു. ദേശീയ അന്തർദേശീയ തലത്തിൽ വിനോദ സഞ്ചാര

വകുപ്പ് പങ്കെടുക്കുന്ന ഫെയറുകളിലും സംഘടിപ്പിക്കുന്ന ട്രേഡ് മീറ്റുകളിലും ആയുർവ്വേദ യോഗ എന്നിവയുടെ പ്രചരണത്തിന് പരിഗണന നൽകിവരുന്നു. കൂടാതെ വിനോദ സഞ്ചാര വകുപ്പിന്റെ മാർക്കറ്റിംഗ് ക്യാമ്പയിനുകളിലും ആയുർവ്വേദത്തിന് പ്രധാന പരിഗണന നൽകി വരുന്നു.

(ബി) ഇല്ല.

(സി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മൃതസഞ്ജീവനി പദ്ധതി**

282(286) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവങ്ങൾ മാറ്റിവയ്ക്കപ്പെടേണ്ട രോഗികൾക്ക് യഥാസമയം അവയവങ്ങൾ ദാനമായി ലഭിക്കാത്തതുമൂലം നിരവധിപേർ മരണപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൃതസഞ്ജീവനി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത രോഗികളിൽ കഴിഞ്ഞ വർഷം ഇത്തരത്തിൽ എത്ര രോഗികൾ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് അവയവദാനം കുറഞ്ഞുവരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണ് ഈ പ്രവണതയ്ക്ക് കാരണമെന്ന് വിശദമാക്കാമോ ;

(ഡി) അവയവദാനത്തിലെ നടപടി ക്രമങ്ങളിലെ സങ്കീർണ്ണത അവയവദാനം കുറയ്ക്കുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൃതസഞ്ജീവനി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത രോഗികളിൽ ഏകദേശം 56 ഓളം പേർ വിവിധ കാരണങ്ങളാൽ കഴിഞ്ഞവർഷം മരണപ്പെട്ടിട്ടുണ്ട്.

(സി) മസ്തിഷ്കമരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി സ.ഉ.(കൈ)നമ്പർ 16/2017 ആ.കു.വ. 1-2-2017-ലെ പ്രകാരം കൂടുതൽ മാർഗ്ഗ

നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻ പ്രകാരം മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള നാല് ഡോക്ടർമാരുടെ പാനലിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്ക മരണസ്ഥിരീകരണം നടത്തുന്ന ആശുപത്രിക്ക് പുറത്തുള്ളവരായി രിക്കണമെന്നും അതിൽ ഒരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ള ഡോക്ടർ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനു വേണ്ടി ആറ് മണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് ആപ്നിയ (APNOEA) ടെസ്റ്റുകളും വീഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കർശന നിർദ്ദേശങ്ങൾ ഏർപ്പെടുത്തിയതിനെ തുടർന്ന് മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017-ൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിൽ കുറവുണ്ടായിട്ടില്ല.

(ഡി) 1994-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ക്യാൻസർ ഡിറ്റക്ഷൻ പദ്ധതി**

283(287) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്യാൻസർ ഡിറ്റക്ഷൻ പദ്ധതി നേരത്തെ തന്നെ നടപ്പിലാക്കിയിരിന്നോ;

(ബി) ഇപ്പോൾ ഈ പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് നടക്കുന്നത് ;വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി വിപുലീകരിച്ച് സാധാരണക്കാർക്ക് ആശ്വാസം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചങ്ങനാശ്ശേരി താലൂക്കാശുപത്രിയിൽ 2010-11 വർഷത്തിൽ ഗൈനക്കോളജി വിഭാഗത്തോടനുബന്ധിച്ച് ഗർഭാശയ ക്യാൻസർ രോഗനിർണ്ണയ ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ഗർഭാശയ ക്യാൻസർ നിർണ്ണയിക്കുന്നതിനുള്ള "പാപ്സ്മിയർ" പരിശോധന, എൻഡോമെട്രിയൽ ബയോപ്സി, സ്തനാർബുദ രോഗ നിർണ്ണയം തുടങ്ങിയ പരിശോധനാ സംവിധാനം, ക്ലിനിക് എന്നിവ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ശേഖരിക്കുന്ന സാമ്പിളുകൾ കോട്ടയം മെഡിക്കൽ കോളേജ്

പാത്തോളജി വിഭാഗത്തിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഭൗതിക സാഹചര്യവും, വൈദഗ്ദ്ധ്യവും ഉറപ്പാക്കിക്കൊണ്ട് ഈ കേന്ദ്രം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**റോഡപകടങ്ങളിൽപ്പെട്ടവർക്ക് ചികിത്സയ്ക്കുള്ള ട്രോമാകെയർ പദ്ധതി**

284 (288) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ ഉണ്ടായാൽ അടിയന്തര ചികിത്സ ലഭിക്കുന്നതിനുള്ള ആധുനിക ട്രോമാ കെയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി ആരുടെയൊക്കെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്കായി എല്ലാ ആശുപത്രികളിലും നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ ;

(ഡി) റോഡപകടങ്ങളിൽ പരിക്ക് പറ്റുന്നവർക്ക് സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡപകടങ്ങൾ വർദ്ധിച്ച് വരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകടമരണ നിരക്ക് കുറച്ച് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കണ്ടുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-11-2017-ൽ ചേർന്ന യോഗത്തിൽ, റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി നടപടി എടുക്കുമെന്ന തീരുമാനം എടുത്തിരുന്നു. മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവനം ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ-സ്വകാര്യ ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളും റോഡ് സുരക്ഷാ

വിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താൽപ്പര്യമുള്ള ഇൻഷ്വറൻസ് കമ്പനിയോ, കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

റോഡപകടങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതംമൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യ മണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിൽസയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിത്സാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകിക്കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലെ ആംബുലൻസുകളും അവയുടെ പ്രവർത്തനവും സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിനായി 27-3-2018-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഒരു ടെൻഡർ വിളിക്കുകയും അതിന്റെ ഫലമായി രണ്ട് കമ്പനികൾ അതിൽ ടെൻഡർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടെൻഡറിന്റെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തൊട്ടാകെ ആംബുലൻസുകളുടെ സേവനം ലഭ്യമാകുന്ന തരത്തിൽ സംവിധാനം നിലവിൽ വരുന്നതാണ്.

(സി) ഇല്ല.

(ഡി) സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിത്സയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിത്സാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ

സഹകരണത്തോടെ അതാത് ആശുപത്രികൾക്ക് നൽകിക്കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

തിരഞ്ഞെടുക്കപ്പെടുന്ന പ്രസ്തുത കമ്പനികൾ സ്വകാര്യ ആശുപത്രികളുമായി റോഡപകടങ്ങളിൽപ്പെടുന്നവരെ ചികിത്സിയ്ക്കുവാനായി ഒരു കരാറിൽ ഏർപ്പെടേണ്ടതായുണ്ട്. രേഖകൾ പരിശോധിച്ച് നടപടിക്രമങ്ങൾക്കു ശേഷം ചികിത്സാ ചെലവ് 21 ദിവസത്തിനകം ആശുപത്രിക്ക് മടക്കി നൽകേണ്ടതാണ്. ഇതിനായി അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ ഇൻഷ്വർ ചെയ്ത് കമ്പനികളിൽ നിന്നും തുക ഈടാക്കി അപകടത്തിൽപ്പെട്ട വ്യക്തിയുടെ ആശുപത്രി ചെലവുകൾ തീർക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന വാഹനത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കാതെ വന്നാൽ സർക്കാർ ഫണ്ടിൽ നിന്നോ റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നോ നഷ്ടപരിഹാര തുക ഈടാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുമാണ്. ഇതിന്റെ ഭാഗമായി 24-4-2018 ന് രാജ്യത്തെ സ്വകാര്യ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനി പ്രതിനിധികളെ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത ചർച്ചയിൽ പൊതു/സ്വകാര്യ മേഖലകളിലെ 11 കമ്പനികളുടെ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെയും ചർച്ചകളുടെയും തുടർ നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഏകോപിപ്പിച്ച് വരുന്നു.

**ആർദ്രം പദ്ധതി**

285(289) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്; ഇതിലേയ്ക്കായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ; ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിനും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇതുവരെ നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഇവിടെ 830 വിവിധ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ 2017-18 ബഡ്ജറ്റിൽ 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ എൻ.എച്ച്.എം വഴി അംഗീകൃത ഏജൻസികൾ മുഖാന്തിരം നടന്നുവരുന്നു. ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കി വരുന്നു.

കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കുള്ള 4.845 ലക്ഷം രൂപയുടെ അധിക ആശുപത്രി ഉപകരണങ്ങൾ, പ്ലാൻ ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ വഴി വാങ്ങി ലഭ്യമാക്കിയിട്ടുണ്ട്. ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിനും ചെലവായ തുകയുടെ വിശദാംശം അനുബന്ധം II* ആയി ചേർക്കുന്നു.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി എൻ.എച്ച്.എം. വഴി ഒ.പി നവീകരിക്കുകയും, ലാബിലേയ്ക്കുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും നിരീക്ഷണ മുറികൾ, പരിശോധന മുറികൾ (3 എണ്ണം) എന്നിവ സജ്ജീകരിക്കുകയും, കാത്തിരിപ്പു കേന്ദ്രത്തിൽ ആവശ്യമായ എയർപോർട്ട് ചെയറുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ സൗഹൃദ മുലയൂട്ടൽ കേന്ദ്രം നിർമ്മിക്കുകയും, പൂന്തോട്ട നിർമ്മാണം നടത്തുകയും, മൾട്ടിപ്പിൾ ടോക്കൺ സിസ്റ്റം, ഇ.സി.ജി. ഓക്സിജൻ കോൺസന്റ്രേറ്റർ, പൾസ് ഓക്സീമീറ്റർ മുതലായ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പബ്ലിക് ടോയ്‌ലറ്റ് (2 എണ്ണം), ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് എന്നിവ സ്ഥാപിക്കുകയും, കാത്തിരിപ്പ് കേന്ദ്രത്തിൽ ടി.വി., വാട്ടർ പ്യൂരിഫയറുകൾ എന്നിവ സ്ഥാപിക്കുകയും, ഇലക്ട്രിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്വാസ് ക്ലിനിക് തുടങ്ങുവാനുള്ള ഉപകരണം, ആശ്വാസ് ക്ലിനിക്കിനുള്ള മരുന്നുകൾ എന്നിവ ലഭ്യമാക്കിയിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആർദ്രം പദ്ധതിയുടെ പുരോഗതി

286(290) <u>ശ്രീമതി പി. അയിഷാ പോറ്റി :</u>
<u>ശ്രീ.ജോൺ ഫെർണാണ്ടസ് :</u>
<u>ശ്രീ. ഡി. കെ. മുരളി :</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തലങ്ങളിലുള്ള സർക്കാർ ആശുപത്രികളെ ശാക്തീകരിച്ചുകൊണ്ടുള്ള ആർദ്രം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) വിവിധ തലങ്ങളിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനോടൊപ്പം അവയെ രോഗീ സൗഹൃദമാക്കിത്തീർക്കുന്നതിനും ആവശ്യത്തിന് മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കുന്നതിനും അവരിൽനിന്ന് ഉചിതമായ സേവനം രോഗികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും വേണ്ടി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

### <u>ഉത്തരം</u>

(എ&ബി) സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനുമായി ആവിഷ്കരിച്ച 'ആർദ്രം' പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചുവരികയാണ്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 139 കേന്ദ്രങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 22 കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി ആരോഗ്യ വകുപ്പിന്റെ 2017-18-ലെ പ്ലാൻ ഫണ്ടിൽ 23 കോടി രൂപ വകയിരുത്തിയിരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെ മാനദണ്ഡമാക്കിക്കൊണ്ട് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നാഷണൽ ഹെൽത്ത് മിഷന്റെ എഞ്ചിനിയറിംഗ് വിഭാഗം ഗ്യാപ് അനാലിസിസ് നടത്തുകയും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള റിപ്പോർട്ട് തയ്യാറാക്കുകയുമുണ്ടായി. ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾ പ്രാവർത്തികമാക്കുന്നതിനായി എച്ച്.എൽ.എൽ., ജില്ലാ നിർമ്മിതി കേന്ദ്രം, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എന്നീ ഏജൻസികൾ വഴി നിർമ്മാണ പ്രവർത്തനങ്ങൾ 14 ജില്ലകളിലും നടന്നുവരുന്നു. സംസ്ഥാന പ്ലാൻ ഫണ്ട് വഴി

ലഭ്യമായ 5 കോടി രൂപ ചെലവഴിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഫീൽഡുവിഭാഗം ജീവനക്കാർക്ക് നൽകിയിട്ടുള്ള ടാബ്‌ലെറ്റ്, കമ്പ്യൂട്ടറുകൾ വഴി ഗർഭിണികളുടെ രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവെയ്പ് എന്നിവയുടെ മോഡ്യൂളുകളും ജീവിതശൈലീ രോഗ മോഡ്യൂളുകളും ഉപയോഗിക്കാൻ സജ്ജമാക്കിയിട്ടുണ്ട്. മറ്റ് വിവിധ മോഡ്യൂളുകൾ സജ്ജമാക്കുന്ന പ്രക്രിയ നടന്നു വരുന്നു.

2018-19-ലേയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തേണ്ട 500 കേന്ദ്രങ്ങളുടെ കരട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ ഗ്യാപ് അനാലിസിസ് നാഷണൽ ഹെൽത്ത് മിഷന്റെ എഞ്ചിനിയറിംഗ് വിഭാഗം നടത്തി വരികയാണ്. കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കാനുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ ഗ്യാപ് അനാലിസിസ് നടപടികൾ പുരോഗമിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ ഫണ്ടിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കാൻ 28.55 കോടി രൂപയും ലാബ് സജ്ജമാക്കാൻ 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരികയാണ്.

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനും അവയെ രോഗീസൗഹൃദമാക്കി തീർക്കുന്നതിനും ആവശ്യത്തിന് മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഒരു ഡോക്ടർ, 2 സ്റ്റാഫ് നേഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നിങ്ങനെയും ഒ.പി. കൂടുതലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 1 ഫാർമസിസ്റ്റ് എന്ന കണക്കിലും ആകെ 170 ഡോക്ടർമാർ, 340 സ്റ്റാഫ് നേഴ്സ്, 170 ലാബ് ടെക്നീഷ്യൻ, 150 ഫാർമസിസ്റ്റ് (ഒ.പി. കൂടുതലുള്ള 150 ഇടങ്ങളിലായി) എന്നിവരുടെ തസ്തിക സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി വരുന്നു.

**ആർദ്രം പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുക**

287 (291) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി നടത്തിപ്പിനായി നാളിതുവരെ ഈ സർക്കാർ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്കായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുടെ കീഴിൽ എത്ര പുതിയ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിലേയ്ക്കായി 2017-18 കാലയളവിൽ 23 കോടി രൂപയും ലാബ് സജ്ജമാക്കുന്നതിനായി ലാബുപകരണങ്ങൾ വാങ്ങുന്നതിന് 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് തുടർനടപടികൾക്കായി നൽകിയിട്ടുണ്ട്. ലബോറട്ടറി സജ്ജീകരിക്കുന്നതിനായി 5 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. ലഭ്യമാക്കി വരുന്നുണ്ട്. ഇതുകൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കുള്ള 4.845 കോടി (നാലുകോടി എൺപത്തിനാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ അധിക ആശുപത്രി ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകിയിട്ടുണ്ട്. 2018-19 കാലയളവിലേയ്ക്കായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് 28.55 കോടി രൂപയും ലാബ് സജ്ജമാക്കുന്നതിന് 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.

സ.ഉ.(ആർ.ടി.)നമ്പർ 3342/2017/ആ.കു.വ 24-11-2017-ലെ ഉത്തരവ് അനുസരിച്ച് രോഗീസൗഹൃദ ആശുപത്രികളുടെ നിർമ്മാണത്തിനായി 2475.05 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ബഡ്ജറ്റിൽ ലഭ്യമായ 1500 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറുകയും ചെയ്തു.

സ.ഉ.(ആർ.ടി.)നം.2732/2017/ആ.കു.വ. 5-10-2017-ലെ ഉത്തരവ് അനുസരിച്ച് ജില്ലാ താലൂക്കുതല ആശുപത്രികളുടെ, സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളുടെ വികസനത്തിനായി 1500 ലക്ഷം രൂപ അനുവദിക്കുകയും ആധുനിക ആശുപത്രി ഉപകരണങ്ങൾ ലഭിക്കാനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

സ.ഉ.(ആർ.ടി.)നമ്പർ 2731/2017/ആ.കു.വ. 5-10-2017-ലെ ഉത്തരവ് അനുസരിച്ച് ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി എന്നിവയുടെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 505 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഫണ്ട് പി.ഡബ്ല്യൂ.ഡി-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. വിവിധ വിഭാഗം ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴി വാങ്ങി ലഭ്യമാക്കിവരുന്നുണ്ട്. ആശുപത്രികളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ട്, നബാർഡ്, കിഫ്ബി, എം.പി./എം.എൽ.എ.- മാരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവ വഴിയും നടന്നു വരുന്നുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി മൊത്തം 1721 വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ആർദ്രം മിഷൻ ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രിയും ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്കുതല ആശുപത്രിയും നിശ്ചിത സൗകര്യങ്ങളോടെ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഡയാലിസിസ് യൂണിറ്റുകൾ അടക്കമുള്ള സൗകര്യങ്ങൾ ഇതിന്റെ ഭാഗമായി വികസിപ്പിച്ച് വരികയാണ്. ആരോഗ്യ വകുപ്പിൽ നിലയിൽ പ്രവർത്തിച്ചു വരുന്ന 43 ഡയാലിസിസ് യൂണിറ്റുകൾക്കു പുറമെ കിഫ്ബിയിൽ ഉൾപ്പെടുത്തി 44 ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടം**

288(292) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നുണ്ടോ ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ ഉദ്ദേശിക്കുന്ന പി.എച്ച്.സി.-കൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) അവ തെരഞ്ഞെടുക്കുന്നതിനിടയാക്കിയ മാനദണ്ഡം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കുടുംബാരോഗ്യ കേന്ദ്രമായി മാറ്റാനുള്ള സ്ഥാപനങ്ങളുടെ കരട് ലിസ്റ്റിന് അവസാന രൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) കഴിഞ്ഞ വർഷം (2017-18) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ഒഴിവാക്കി മറ്റു പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിലവിലെ ഡോക്ടർമാരുടെ എണ്ണം, മറ്റ് സ്റ്റാഫിന്റെ നിലവിലെ എണ്ണം, പ്രവർത്തന നിലവാരം എന്നിവ അടിസ്ഥാനമാക്കിയും എല്ലാ പ്രാദേശങ്ങളും പ്രത്യേകിച്ച് തീരദേശ മലയോര മേഖലകൾക്ക് മുൻതൂക്കം നൽകിയുമാണ് കരട് ലിസ്റ്റ് തയ്യാറാക്കിയത്. ഈ ലിസ്റ്റിലെ സ്ഥാപനങ്ങളുടെ കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നുള്ള റിപ്പോർട്ടുകൾ കൂടി ലഭ്യമാക്കി 500 സ്ഥാപനങ്ങളുടെ പരിഷ്കരിച്ച പുതുക്കിയ ലിസ്റ്റ് തയ്യാറാക്കുന്ന നടപടി നടന്നുവരികയാണ്.

## ആർദ്രം പദ്ധതി

289 (293) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലങ്കോട് പി.എച്ച്.സി.യിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായ കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ ലാബ് ടെക്നീഷ്യൻ, അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്ലറ്റ് സൗകര്യം എന്നിവ ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സ് പ്രീചെക്കും കൗൺസിലിംഗും വൈകിട്ട് 6 മണി വരെ ഒ.പി.സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) 2018 ജൂൺ 15-നകം ഈ പദ്ധതി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആർദ്രം പദ്ധതിയിലൂടെ ജില്ല/താലൂക്കുതല ആശുപ്രത്രികളുടെ വിപുലീകരണം

290(294) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത മാനദണ്ഡങ്ങളോടെ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ജില്ല താലൂക്കുതല ആശുപത്രികളെ നിശ്ചിത മാനദണ്ഡത്തിൽ ഏകീകരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനഃക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഇന്ത്യൻ ഹെൽത്ത് സ്റ്റാൻഡേർഡിന് അനുസൃതമായി സംസ്ഥാനത്തെ താലൂക്ക്/ജില്ല ആശുപത്രികളിൽ ലഭ്യമാക്കേണ്ട ഉപകരണങ്ങളും ഭൗതിക സൗകര്യങ്ങളും മരുന്നുകളും ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രകാരം രോഗീസൗഹൃദ ആശുപത്രികളായി പ്രസ്തുത ആശുപത്രികളെ മാറ്റിയെടുക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) ആർദ്രം പദ്ധതി ആവിഷ്കരിച്ച ശേഷം ഇത്തരം ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണത്തിലും കിടത്തിച്ചികിത്സ തേടുന്നവരുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ടോ ?

### ഉത്തരം

(എ) ഉണ്ട്. ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയും ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്കുതല ആശുപത്രിയും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്. 24-4-2017 ലെ സ.ഉ.(കൈ)നം. 58/17/ആ.കു.വ. ഉത്തരവ് അനുസരിച്ച് വിവിധ ജില്ല/താലൂക്കാശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി ഈ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) ഇന്ത്യൻ ഹെൽത്ത് സ്റ്റാൻഡേർഡ്സ് കൂടി പരിഗണിച്ചുകൊണ്ട് കേരളത്തിന് അനുയോജ്യമായ രീതിയിലുള്ള ആശുപത്രി വികസനവും അതിന് ഇണങ്ങുന്ന ഭൗതിക സാഹചര്യങ്ങളും ഉപകരണങ്ങളുമാണ് ആർദ്രം മിഷൻ വഴി ലഭ്യമാക്കി വരുന്നത്.

(സി) പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിചരണ പരിവർത്തനമാണ് നവ കേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2017-18 ലേയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 139 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 22 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സൗകര്യങ്ങളുടെ കുറവുമൂലം 9 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് താമസം നേരിടുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പിന്റെ 23 കോടി രൂപയുടെ പ്ലാൻ ഫണ്ട് അനുവദിക്കുകയുണ്ടായി. NHM വഴിയാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. എഫ്.എച്ച്.സി.കളിലേയ്ക്ക് വേണ്ട ആശുപത്രി ഉപകരണങ്ങളും ലാബ് ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കിയിട്ടുണ്ട്.

ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ 17 ജില്ലാതല ആശുപത്രികളുടെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കാൻ (ഒ.പി.ട്രാൻസ്ഫർമേഷൻ) ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ 15 കോടി വകയിരുത്തിയിരിക്കുന്നു. ഒ.പി. വിഭാഗത്തിലെ ഇ-ഹെൽത്ത് പ്രവൃത്തികളടക്കം 24.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ ലഭ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ NHM വഴി നടന്നുവരുന്നു. 2017-18 ലെ ആരോഗ്യ വകുപ്പിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 14 താലൂക്കുതല ആശുപത്രികളുടെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിന് 24 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിന് 2017-18 -ൽ 17.5 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. 14 താലൂക്കുതല ആശുപത്രികൾക്കുകൂടി വിശദമായ പ്രോജക്ട് പ്രൊപ്പോസലുകൾ NHM മുഖേന തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കിഫ്ബി (മാസ്റ്റർ പ്ലാൻ, നബാർഡ്, പ്ലാൻ ഫണ്ട് തുടങ്ങിയവ വഴി നടപ്പിലാക്കി വരുന്നു. ഈ ആശുപത്രികളിലേയ്ക്ക് ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ പ്ലാൻഫണ്ട് വഴി ലഭ്യമാക്കിവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കുള്ള ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മറ്റു തസ്തികകളും മറ്റ് ആശുപത്രികളിലേയ്ക്കുള്ള 891 തസ്തികയും ഉൾപ്പെടെ 1721 തസ്തിക

സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. ഈ പ്രവർത്തനങ്ങൾ വഴി വിവിധ വിഭാഗ ആരോഗ്യ സ്ഥാപനങ്ങൾ വഴിയുള്ള ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയ സ്ഥാപനങ്ങളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

**ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിൽ സമഗ്ര പരിഷ്കരണം**

291(295) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ പുതുതായി ഏതൊക്കെ പി.എച്ച്.സി.-കളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് എന്നറിയിക്കാമോ;

(ബി) ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിൽ സമഗ്ര പരിഷ്കരണം കൊണ്ടു വരുമ്പോൾ കമ്യൂണിറ്റി ഹെൽത്ത് സെന്ററിന് വേണ്ടത്ര പരിഗണന ലഭിക്കാതെ പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2017-18 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ച എത്ര പി.എച്ച്.സി.-കൾ ഇപ്പോൾ ആർദ്രം മിഷൻ നിഷ്കർഷിച്ച രീതിയിൽ പ്രവർത്തിക്കുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; ഇവിടെ വൈകുന്നേരം 6 മണി വരെ ചികിത്സ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളുടെ കരട് ലിസ്റ്റിൽ അന്തിമ തീരുമാനമായിട്ടില്ല.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന സ്ഥാപനങ്ങളുടെ കരട് ലിസ്റ്റിൽ ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു.

(സി) ഉണ്ട്. 2017-18 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. അതിൽ 5 എണ്ണം ഉദ്ഘാടനം കഴിഞ്ഞ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വൈകുന്നേരം 6 മണി വരെ ചികിത്സ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളതിൽ 6 എണ്ണം പ്രവർത്തന സജ്ജമായിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

292 (297) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഉയർത്തുന്ന ഏതെല്ലാം കുടുംബാരോഗ്യകേന്ദ്രങ്ങളിലാണ് വൈകുന്നേരം വരെ ഒ.പി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മൂന്ന് ഡോക്ടർമാരുടേയും ആവശ്യമായ ജീവനക്കാരുടേയും സേവനം ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.

(ബി) ഈ വർഷത്തേയ്ക്കുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയ ശേഷം ഗ്യാപ്പ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും വൈകുന്നേരം വരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളുടെ അന്തിമ പട്ടികയിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്.

## മാനന്തവാടി മണ്ഡലത്തിലെ ആർദ്രം പദ്ധതി

293(298) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി കൂടുതൽ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മാനന്തവാടി മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) രണ്ടാം ഘട്ട ആർദ്രം പദ്ധതിയിലേയ്ക്ക് (2018-19) ഉൾപ്പെടുത്താനുള്ള സ്ഥാപനങ്ങളുടെ കരട് പട്ടികയിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

**ചാത്തന്നൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

294 (299) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ആരോഗ്യകേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശം എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം സർക്കാരാശുപത്രികളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ: രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിൽ ആർദ്രം പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷം കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിവേദനത്തിന്മേലുള്ള റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമായാലുടൻ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ആർ.സി.സി.-യിലെ പ്രശ്നങ്ങൾ**

295 (300) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.യിലെ ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ നടക്കുന്ന രൂക്ഷമായ ഭിന്നതയിൽ സർക്കാർ ഇടപെടാത്തത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഡയറക്ടർ, അക്കാഡമിക് വിഭാഗം അഡീഷണൽ ഡയറക്ടർ, മെഡിക്കൽ സൂപ്രണ്ട് എന്നിവർ സ്ഥാനമൊഴിയുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിലെ ഡോക്ടർമാരുടെ തമ്മിലടി പ്രസ്തുത വിഭാഗത്തിലെ പ്രവർത്തനത്തെ താളം തെറ്റിക്കുകയും ആലപ്പുഴ സ്വദേശിയായ പെൺകുട്ടി എച്ച്.ഐ.വി. ബാധിതയായി മരണപ്പെടുവാനും ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പെൺകുട്ടിക്ക് എച്ച്.ഐ.വി. ബാധയുണ്ടായത് ആർ.സി.സി.യിലെ ചികിത്സയിൽനിന്നല്ലായെന്ന ആരോഗ്യമന്ത്രിയുടെ മുൻനിലപാട് മാറ്റേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഇ) ഇപ്രകാരമുള്ള തർക്കങ്ങളിൽ സമയത്ത് ഇടപെട്ട് ആയിരക്കണക്കിന് സാധാരണക്കാരായ രോഗികളുടെ ആശ്രയമായ ആർ.സി.സി.-യെ രക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർ.സി.സി.-യിലെ ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ ഭിന്നത നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആർ.സി.സി. ഡയറക്ടർ സ്ഥാനമൊഴിയാൻ സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) ആലപ്പുഴ സ്വദേശിയായ പെൺകുട്ടി മരിക്കാനിടയായത് ക്യാൻസർ രോഗം മൂലമാണ്. (Relapsed Acute Luckaemia).

(ഡി) ഇല്ല.

(ഇ) ആർ.സി.സി.-യിലെ രോഗികളുടെ ചികിത്സയെ ബാധിക്കുന്ന തരത്തിലുള്ള ഒരു പ്രശ്നവും നിലവിലില്ല.

**ഇടുക്കി മെഡിക്കൽ കോളേജ്**

296(301) <u>ശ്രീ. വി. പി. സജീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഇടുക്കി മെഡിക്കൽ കോളേജിൽ 2019-20 അദ്ധ്യയന വർഷം എം.ബി.ബി.എസ്.-ന് പ്രവേശനം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയെ സമീപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിന് ആവശ്യമായ അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 40 ഏക്കർ സ്ഥലം മെഡിക്കൽ കോളേജിന് കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ 2019-20 അദ്ധ്യയന വർഷം എം.ബി.ബി.എസ്.-ന് പ്രവേശനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ സർവ്വകലാശാലയിൽനിന്നും 'Consent of Affiliation Certificate' ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 97 അദ്ധ്യാപക തസ്തികയും 52 അനദ്ധ്യാപക തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 82 തസ്തികകൾ ഔട്ട്സോഴ്സിംഗ് മുഖേന നികത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 60,17,61,593 രൂപയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുകയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ 30 ശതമാനത്തിലധികം ജോലികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായും മെക്കാനിക്കൽ പ്രവൃത്തികൾക്കായും യഥാക്രമം 18,56,24,000 രൂപയുടെയും 13,06,77,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ഡി) സ്ഥലം കൈമാറ്റി കിട്ടുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജ്**

297(302) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കൈവശത്തിലിരിക്കുന്നതും സൗജന്യമായി വിട്ടുകിട്ടിയതുമായ മാവൂർ തെങ്ങിലക്കടവിലെ സ്ഥലവും കെട്ടിടവും സർക്കാരിന് കൈമാറിയിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഒരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ സ്ഥലം തിരിച്ചുനൽകണമെന്ന് നേരത്തേയുള്ള ഉടമകൾ ലോകായുക്തയിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥലം തിരിച്ചുനൽകുന്നതിന് സമ്മതമാണെന്ന് സർക്കാർ ലോകായുക്തയെ അറിയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ അഭിപ്രായം പ്രകടിപ്പിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജി.ഒ.(ആർ.റ്റി.) നമ്പർ 2174/2016/എച്ച്&എഫ്.ഡബ്ല്യു.ഡി. തീയതി 05-08-2016 പ്രകാരം കാൻസർ സ്ക്രീനിംഗ് സെന്റർ ആരംഭിക്കുന്നതിനായി മാവൂരിലെ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്ററിൽനിന്നും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറ്റം ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി & ഡി) പരിശോധിച്ചുവരുന്നു.

## കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

298(303) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്നും, എത്ര തുകയാണ് ഓരോ പദ്ധതിക്കും ചെലവഴിച്ചതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട് മെഡിക്കൽ കോളേജിൽ 14 കോടി രൂപ ചെലവഴിച്ച് വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് 3 റ്റി. എം.ആർ.ഐ. സ്കാനറും ഡ്യുവൽ സി.ടി. സ്കാനറും വാങ്ങുന്നതിനുള്ള പണം കെ.എം.എസ്.എസ്.സി.എൽ.-ന് കൈമാറിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മെഷീനറി & എക്യുപ്മെന്റ് ഹെഡ്ഡിൽ അനുവദിച്ച 2 കോടി രൂപ വിനിയോഗിച്ച് എംബഡിംഗ് സ്റ്റേഷൻ (പത്തോളജി), വീഡിയോ

എൻഡോസ്കോപ്പി സിസ്റ്റം, പോർട്ടബിൾ ഡയാലിസിസ് മെഷീൻ, കളർ ഡോപ്ളർ യു.എസ്.ജി, എച്ച്.ഡി. ക്യാമറ, ക്രയോസർജിക്കൽ യൂണിറ്റ്, എച്ച്.ഡി. ലാപ്രോസ്കോപ്പി, എച്ച്.ഡി. ക്യാമറ സിസ്റ്റം എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ വെന്റിലേറ്റർ, അനസ്തേഷ്യ മെഷീനുകളും വാങ്ങിച്ചിട്ടുണ്ട്. ഹോസ്പിറ്റലിൽ പേഷ്യന്റ് ഫ്രണ്ട്ലി അറ്റ്മോസ്ഫിയർ സൃഷ്ടിക്കുന്നതിനുവേണ്ടി 2 കോടി രൂപയും ഹോസ്പിറ്റലുകളുടെ അറ്റകുറ്റപ്പണികൾക്കായും വില കൂടിയ ഉപകരണങ്ങളുടെ പരിപാലനത്തിനുമായി 5.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 13 കോടി രൂപ ചെലവഴിച്ച് പുതിയ എക്സാമിനേഷൻ ഹാൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുകയും 8 എം.എൽ.ഡി. പ്ലാന്റ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഒ.പി. വിഭാഗത്തിന്റെ ആധുനികവത്കരണത്തിനായി ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 7.5 കോടി രൂപയുടെ ഭരണാനുമതി നൽകി. കൂടാതെ താഴപ്പറയുന്ന പദ്ധതികൾക്കും ഇക്കാലയളവിൽ ഭരണാനുമതി നൽകി.

1. റെസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഫോർ പി.ജി. സ്റ്റുഡന്റ്സ്
2. ലക്ചർ തീയേറ്റർ കോംപ്ലക്സ്, ജറിയാട്രിക് വാർഡ്, പാരാമെഡിക്കൽ ഹോസ്റ്റൽ, ഗസറ്റഡ് ഓഫീസേഴ്സ് ഫ്ലാറ്റ്
3. അഡീഷണൽ ഫ്ലോർ ഫോർ എം.എച്ച് 3 ഹോസ്റ്റൽ & പി.എം.ആർ.
4. മോഡണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ
5. ഹോസ്റ്റൽ ഫോർ 250 സ്റ്റുഡന്റ്സ്
6. ടേർഷ്യറി ക്യാൻസർ സെന്റർ
7. പി.എം.എസ്.എസ്.വൈ പദ്ധതിയിൽ പുതിയ കാഷ്വാലിറ്റി ബ്ലോക്ക്

## സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ സ്കാനിംഗ് മെഷീനുകൾ

299(304) <u>ശ്രീ. ഡി. കെ. മുരളി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ സർക്കാർ മെഡിക്കൽ കോളേജ് അശുപത്രികളിൽ സി.ടി. സ്കാൻ, എം.ആർ.ഐ സ്കാൻ മെഷീനുകൾ എത്ര വീതം ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഈ മെഷീനുകൾ എത്ര വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| മെഡിക്കൽ കോളേജ് | സി.ടി സ്കാൻ | എം.ആർ.ഐ. സ്കാൻ |
|---|---|---|
| തിരുവനന്തപുരം | 2 | 1 |
| ആലപ്പുഴ | 1 | '1(H L L) |
| കോട്ടയം | 1 | 1(H L L) |
| തൃശ്ശൂർ | 1 | 1(H L L) |
| കോഴിക്കോട് | 1 | 1 |

(ബി)

| മെഡിക്കൽ കോളേജ് | സി.ടി സ്കാൻ | എം.ആർ.ഐ. സ്കാൻ |
|---|---|---|
| തിരുവനന്തപുരം | 4 | 2 (1 Hind lab in SAT Hospital) |
| ആലപ്പുഴ | 1 | 2 (1 H L L) |
| കോട്ടയം | 2 | 1(H L L) |
| തൃശ്ശൂർ | 2 | 1(H L L) |
| കോഴിക്കോട് | 2 | 2 (H L L) |
| എറണാകുളം | 1 | ---- |
| കൊല്ലം | 1 | ---- |

കോട്ടയം മെഡിക്കൽ കോളേജിലും എറണാകുളം മെഡിക്കൽ കോളേജിലും ഓരോ എം.ആർ.ഐ. സ്കാൻ മെഷീൻ വാങ്ങുന്നതിന് (ഭരണാനുമതി നൽകിയിട്ടുണ്ട്) നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്രവികസന പദ്ധതി**

300(305) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സമഗ്രമായ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കോഴിക്കോട് മെഡിക്കൽ കോളേജിൽ 14 കോടി രൂപ ചെലവഴിച്ച് വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് 3 റ്റി. എം.ആർ.ഐ. സ്കാനറും ഡ്യൂവൽ സി.ടി സ്കാനറും വാങ്ങുന്നതിനുള്ള പണം കെ.എം.എസ്.സി.എൽ.-ന് കൈമാറിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മെഷീനറി & എക്യുപ്മെന്റ് ഹെഡിൽ അനുവദിച്ച 2 കോടി രൂപ വിനിയോഗിച്ച് എംബഡിംഗ് സ്റ്റേഷൻ (പത്തോളജി), വീഡിയോ എൻഡോസ്കോപ്പി സിസ്റ്റം, പോർട്ടബിൾ ഡയാലിസിസ് മെഷീൻ, കളർ ഡോപ്ളർ യു.എസ്.ജി, എച്ച്.ഡി. ക്യാമറ, ക്രയോസർജിക്കൽ യൂണിറ്റ്, എച്ച്.ഡി. ലാപ്രോസ്കോപ്പി, എച്ച്.ഡി. ക്യാമറ സിസ്റ്റം എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ വെന്റിലേറ്റർ, അനസ്തേഷ്യ മെഷീനുകളും വാങ്ങിച്ചിട്ടുണ്ട്. ഹോസ്പിറ്റലിൽ പേഷ്യന്റ് ഫ്രണ്ട്ലി അറ്റ്മോസ്ഫിയർ സൃഷ്ടിക്കുന്നതിനുവേണ്ടി 2 കോടി രൂപയും ഹോസ്പിറ്റലുകളുടെ അറ്റകുറ്റപ്പണികൾക്കായും വില കൂടിയ ഉപകരണങ്ങളുടെ പരിപാലനത്തിനുമായി 5.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 13 കോടി രൂപ ചെലവഴിച്ച് പുതിയ എക്സാമിനേഷൻ ഹാൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുകയും 8 എം.എൽ.ഡി. പ്ലാന്റ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഒ.പി. വിഭാഗത്തിന്റെ ആധുനികവത്കരണത്തിനായി ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 7.5 കോടി രൂപയുടെ ഭരണാനുമതി നൽകി. കൂടാതെ താഴെപ്പറയുന്ന പദ്ധതികൾക്കും ഇക്കാലയളവിൽ ഭരണാനുമതി നൽകി.

1. റസിഡൻഷ്യൽ ക്വാർട്ടേഴ്സ് ഫോർ പി.ജി സ്റ്റുഡന്റ്സ്
2. ലക്ചർ തീയേറ്റർ കോംപ്ലക്സ്, ജറിയാട്രിക് വാർഡ്, പാരാമെഡിക്കൽ ഹോസ്റ്റൽ, ഗസറ്റഡ് ഓഫീസേഴ്സ് ഫ്ലാറ്റ്
3. അഡീഷണൽ ഫ്ലോർ ഫോർ എം.എച്ച്3 ഹോസ്റ്റൽ & പി.എം.ആർ.
4. മോഡേണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ
5. ഹോസ്റ്റൽ ഫോർ 250 സ്റ്റുഡന്റ്സ്
6. ടേർഷ്യറി ക്യാൻസർ സെന്റർ
7. പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ പുതിയ കാഷ്വാലിറ്റി ബ്ലോക്ക്

## തിരുവനന്തപുരം മെഡിക്കൽ കോളേജ്

301(306) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗിയെ എലി കടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പത്രവാർത്തയല്ലാതെ ടി വിഷയത്തിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. എലി കടിച്ചതായി ആരോപിക്കപ്പെട്ട രോഗി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയും എടുത്തിട്ടില്ല.

(ബി) എലികളെ നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതോടൊപ്പം ആശുപത്രി പരിസരത്തുള്ള മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്ത് എലികളുടെ വരവ് തടയുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

## തിരുവനന്തപുരം മെഡിക്കൽ കോളേജ് കാത്ത് ലാബ് മെഷീൻ

302(307) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കെ.എച്ച്.ആർ. ഡബ്ല്യു.എസ്.-ന്റെ കാത്ത് ലാബ് മെഷീൻ തകരാറിലായത് കാരണം അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(ബി) കാത്ത് ലാബിന്റെ ഇ.റ്റി.ഒ. മെഷീൻ സർവ്വീസ് ചെയ്യാതെ കേടായത് പ്രസ്തുത മെഷീൻ സർവ്വീസ് ചെയ്യുന്ന കമ്പനിക്ക് തുക നൽകാതിരുന്നത് കൊണ്ടാണെന്നത് വസ്തുതയാണോ;

(സി) ആർദ്രം പദ്ധതിയുടെ കീഴിൽ സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുമെന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി , പാവപ്പെട്ട രോഗികൾക്ക് ആശ്വാസമായ മെഡിക്കൽ കോളേജിലെ കാത്ത് ലാബ് മെഷീന്റെ തകരാർ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അല്ല. കാത്ത് ലാബിലെ ഇ.റ്റി.ഒ. മെഷീൻ സർവ്വീസ് ചെയ്യുന്നതിനായി ബാംഗ്ലൂരിലുള്ള M/s. Prompt Solutions Pvt. Ltd. എന്ന കമ്പനിക്ക് 1-1-2018 മുതൽ 31-12-2018 വരെ സി.എ.എം.സി. നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന ഇ.റ്റി.ഒ. മെഷീനിന്റെ തകരാർ ഇതിനകം ബന്ധപ്പെട്ട കമ്പനി (M/s. Prompt Solutions Pvt. Ltd.) പരിശോധിക്കുകയും കേടായ പാർട്ട് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ആശുപത്രി വികസനം**

303(308) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ആരോഗ്യമേഖലയിൽ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, തീരദേശ മേഖലയിൽ സ്ഥിതിചെയ്യുന്ന പാറശ്ശാല ഗവ. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 1. കേരളത്തിലെ ആശുപത്രികളിൽ ഒഴിഞ്ഞ് കിടന്ന തസ്തികകൾ നികത്താനുള്ള നടപടി സ്വീകരിച്ചു.

2. എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലെ അത്യാഹിത വിഭാഗം ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ ജീവനക്കാർക്കും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് ദുരന്തങ്ങൾ നേരിടുന്നതിനാവശ്യമായ പരിശീലനം നൽകാൻ തീരുമാനിച്ചു. ഈ പരിശീലന പരിപാടി ജൂൺ മാസം ആരംഭിക്കുന്നതാണ്.

3. പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികൾ മാസ് മീഡിയ വിഭാഗത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും നടന്നുവരുന്നു.

(ബി) പാറശ്ശാല താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനം 90% പൂർത്തീകരിച്ചിട്ടുണ്ട്. ആയത് പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ വൈദ്യുതീകരണം, ലിഫ്റ്റ്, റാമ്പ് തുടങ്ങിയവ നിർമ്മിക്കാൻ വേണ്ട പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കി നൽകിയിട്ടുണ്ട്. (1,65,45,000 രൂപ) ആയത് 2018-19 ലെ താലൂക്കാശുപത്രികളുടെ മെറ്റേണിറ്റി യൂണിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അടൂർ ജനറലാശുപത്രിയുടെ വിപുലീകരണം

304(309) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ജനറലാശുപത്രിയുടെ വിപുലീകരണത്തിന് ജലവിഭവ വകുപ്പിന്റെ സ്ഥലം ക്രമീകരിക്കുന്നതിന് വേണ്ടി അനുബന്ധവകുപ്പുകളുടെ സംയുക്ത യോഗം വിളിച്ചുചേർക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ബന്ധപ്പെട്ട യോഗം വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അടൂർ ജനറലാശുപത്രിയുടെ വികസനത്തിനായി സമയബന്ധിതമായി ഭൂമി കൈമാറ്റ ക്രമീകരണം സാധ്യമാക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ)അടൂർ ജനറൽ ആശുപത്രിയുടെ വിപുലീകരണ പ്രവർത്തനങ്ങൾക്ക് ആശുപത്രി കോമ്പൗണ്ടിനോടടുത്തുള്ള ഐ.എച്ച്.ആർ.ഡി.-യുടെ സ്ഥലമോ സ്വകാര്യ വ്യക്തിയുടെ സ്ഥലമോ ലഭ്യമാക്കുന്നതിനായി സർക്കാരിലേയ്ക്ക് നിവേദനം നൽകാൻ എച്ച്.എം.സി. തീരുമാനിക്കുകയുണ്ടായി. ഇക്കാര്യത്തിൽ മുനിസിപ്പാലിറ്റിക്ക് ആശുപത്രി സൂപ്രണ്ട് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി &സി) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും വിശദമായ റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ഇരിക്കൂർ സി.എച്ച്.സി.

305(311) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയാക്കി ഉയർത്തിക്കൊണ്ടുള്ള മന്ത്രിസഭാ തീരുമാനം അനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന വെളിപ്പെടുത്തുമോ ;

(ബി) ഇരിക്കൂർ സി.എച്ച്.സി.യിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 16-11-2015-ലെ സ.ഉ.(കൈ) നമ്പർ 261/15/ആ.കു.വ ഉത്തരവുപ്രകാരം കാഷ്വാലിറ്റി യൂണിറ്റുകൾ ഇല്ലാത്ത 35 താലൂക്കാശുപത്രികളിലേയ്ക്കായി കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓഫീസർമാരുടെ 148 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ പാനൂർ/ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ കാഷ്വാലിറ്റി യൂണിറ്റുകളുള്ള താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ താലൂക്കാശുപത്രിക്കാവശ്യമായ തസ്തിക സൃഷ്ടിച്ചിരുന്നില്ല.

(ബി) ഇപ്പോൾ അധിക തസ്തിക അനുവദിച്ചു നൽകിയിട്ടില്ല. നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി വിവിധ ആശുപത്രികളെ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിച്ച് രോഗീസൗഹൃദമാക്കുക എന്നതാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്. അതിനാൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളിലാണ് അടിസ്ഥാന സൗകര്യങ്ങളും അധിക തസ്തിക സൃഷ്ടിക്കലും നടത്തിവരുന്നത്. ഇതിനാൽ ഓരോ ആശുപത്രികളുടെ ആവശ്യം പ്രത്യേകം പ്രത്യേകമായി ഇപ്പോൾ പരിഗണിക്കുന്നില്ല.

## മലയിൻകീഴ് താലൂക്കാശുപത്രിയുടെ വികസനം

306(312) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ഇവിടത്തെ ഭൗതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങളും തുടർ നടപടികളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മലയിൻകീഴ് സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ഭൗതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ആശുപത്രിയുടെ 25 സെന്റ് സ്ഥലവും ക്വാർട്ടേഴ്സിന്റെ 25 സെന്റ് സ്ഥലവും സർവ്വേ നടത്തുകയുണ്ടായി. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 62 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ എൻ.ആർ.എച്ച്.എം. മുഖേന തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നു. ടി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിനായി ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷത്തിന്റെ പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്. ഡോ. ടി. എൻ. സീമ, എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 21 ലക്ഷം രൂപ ചെലവാക്കി എക്സ്റേ യൂണിറ്റ് ഉൾപ്പെടെ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി സജ്ജമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ ടി ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിനായി 62 കോടി രൂപയുടെ എസ്റ്റിമേറ്റ് എൻ.ആർ.എച്ച്.എം. മുഖേന തയ്യാറാക്കിവരുന്നു.

## ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി

307(313) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റിയുടെ ഘടന വ്യക്തമാക്കാമോ?

(ബി) മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തിന്റെയും പ്രദേശത്തുള്ള ഹോസ്പിറ്റലുകളുടെ എച്ച്. എം. സി. ഘടനയിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2010 ജൂൺ 22-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റ് നമ്പർ 1412-ൽ പ്രസിദ്ധപ്പെടുത്തിയ കേരള സർക്കാർ തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ വിജ്ഞാപനത്തിൽ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ ഘടന വ്യക്തമാക്കിയിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തിന്റെയും പ്രദേശത്തുള്ള ഹോസ്പിറ്റലുകളുടെ എച്ച്.എം.സി. ഘടനയിൽ വ്യത്യാസമില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊട്ടാരക്കര താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

308(314) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് കൊട്ടാരക്കര താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് 2017-18 വർഷത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ആശുപത്രി വികസനത്തിന് പ്രസ്തുത ഫണ്ടിൽപ്പെടുത്തി അനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാത്തതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കൊട്ടാരക്കര താലൂക്കാസ്ഥാന ആശുപത്രിയിൽ 2017 വർഷത്തിൽ 6,59,000 രൂപയുടെ (ആറുലക്ഷത്തി അൻപത്തി ഒൻപതിനായിരം രൂപ മാത്രം) നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. ഒ.പി. ഫാർമസി പെയിന്റിംഗ്
2. ഫാർമസി ഫിസിയോ തെറാപ്പി യൂണിറ്റിലെ ഇലക്ട്രിക്കൽ വയറിംഗ്
3. ഫാർമസിയിൽ എ.സി. സ്ഥാപിക്കൽ
4. നാപ്കിൻ ഇൻസിനറേറ്റർ വർക്ക്
5. പീഡിയാട്രിക് ബേൺഡ് വാർഡ് വർക്ക്
6. പീഡിയാട്രിക് ഐസോലേഷൻ വാർഡ്
7. സർജിക്കൽ വാർഡ് പാർട്ടീഷ്യൻ
8. ലേബർ റൂം പ്ലാസ്റ്റിക് കർട്ടൻ
9. സർജിക്കൽ വാർഡ്, ചിൽഡ്രൻസ് വാർഡ്, ലേബർ വാർഡ്, ഡി -അഡിക്ഷൻ സെന്റർ എന്നിവിടങ്ങളിലെ കർട്ടൻ വർക്ക്
10. അലുമിനിയം ഫാബ്രിക്കേഷൻ വർക്ക്

11. ഫാം മെത്തകൾക്ക് കവറുകൾ

12. പുതിയ 20 മെത്തകൾ

13. ഫർണിച്ചർ റിപ്പയറിംഗ് വർക്കുകൾ

(ബി) ആശുപത്രി വികസനത്തിന് പ്രസ്തുത ഫണ്ടിൽപ്പെടുത്തി അനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാത്തതുമായ പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല.

## സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഡെന്റൽ സർജൻ

309(315) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക്, ജില്ലാ ആശുപത്രികളുടേതിന് സമാനമായി എല്ലാ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും ഡെന്റൽ സർജൻമാരുടെ തസ്തിക നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഡെന്റൽ സർജൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 28-12-2016 ലെ സർക്കാർ ഉത്തരവ് നമ്പർ 230/2016 ആകുവ പ്രകാരം 47 ഡെന്റൽ സർജൻമാരുടെ തസ്തിക സൃഷ്ടിച്ചതിൽ 35 എണ്ണവും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലാണ്.

(ബി) നിലവിൽ ആർദ്രം പദ്ധതിയിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല.

## സി.എച്ച്.സി.-കളുടെ അപ്ഗ്രഡേഷൻ

310(316) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.എച്ച്.സി.-കളുടെ അപ്ഗ്രഡേഷന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ചുനക്കര, കുറത്തികാട് സി.എച്ച്.സി.-കളെ അപ്ഗ്രേഡ് ചെയ്യുന്നതിനും 24 മണിക്കൂർ ചികിത്സ ലഭ്യമാക്കുന്ന തരത്തിൽ പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിന്മേൽ നടപ്പിലാക്കിയ കാര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഒഴികെയുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താനാണ് സർക്കാർ ആലോചിച്ചുവരുന്നത്. 2018-19 ലേയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിഗണിക്കുന്ന സ്ഥാപനങ്ങളിൽ ഈ വിഭാഗം സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി) 2013 മുതൽ 16 കിടക്കകളോടുകൂടി 24 മണിക്കൂർ ഐ.പി. വിഭാഗം പ്രവർത്തിക്കുന്ന സ്ഥാപനമാണ് ചുനക്കര സാമൂഹികാരോഗ്യ കേന്ദ്രം. ടി സ്ഥാപനം സ്ഥിതി ചെയ്യുന്നത് മാവേലിക്കരയ്ക്കും കായംകുളത്തിനും ഇടയിലാണ്. ചുനക്കരയിൽനിന്നും ഏകദേശം 15 കിലോമീറ്റർ ചുറ്റളവിൽ മാവേലിക്കര ജില്ലാ ആശുപത്രിയും 14 കിലോമീറ്റർ ചുറ്റളവിൽ കായംകുളം താലൂക്കാശുപത്രിയും സ്ഥിതിചെയ്യുന്നു. ടി സ്ഥാപനത്തിൽ ഒ.പി. സമയം കഴിഞ്ഞാൽ കോൾ ഡ്യൂട്ടി മുഖാന്തിരവും ജനങ്ങൾക്ക് ചികിത്സാ സേവനം ലഭ്യമാകുന്നുണ്ട്. ടി സ്ഥാപനത്തിലെ ദിവസേനയുള്ള ശരാശരി ഒ.പി. 400-ഉം ഐ.പി. 10-ഉം ആണ്.

കുറത്തിക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 24 കിടക്കകളോടുകൂടി ഐ.പി. വിഭാഗം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽനിന്ന് 8 കിലോമീറ്റർ മാറിയും കായംകുളം താലൂക്കാശുപത്രിയിൽനിന്ന് 10 കിലോമീറ്റർ മാറിയുമാണ് കുറത്തിക്കാട് സാമൂഹികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ടി സ്ഥാപനത്തിലെ പ്രതിദിന ശരാശരി ഒ.പി. 400 -ഉം ഐ.പി. 10-ഉം ആണ്. ദിവസേനയുള്ള ഒ.പി. സമയം കഴിഞ്ഞാൽ ഡോക്ടറുടെ സേവനം കോൾ ഡ്യൂട്ടി മുഖാന്തിരം നൽകിവരുന്നുണ്ട്.

നിലവിൽ പദവി ഉയർത്തുക എന്നതല്ല, നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം

ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്.സി.-കളുടെ പദവി ഉയർത്തി താലൂക്കാശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് ചുനക്കര, കുറത്തികാട് എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ രോഗീസൗഹൃദമാക്കുന്നതിനും പ്രദേശത്താകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യ സുരക്ഷയ്ക്ക് അനുകൂലമായ സ്ഥാപനമാക്കി നിലനിർത്തുന്നതിനും ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കൂടൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

311(317) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ കൂടലിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഡി.എം.ഒ.-യുടെ പരിശോധന കഴിഞ്ഞ് ആശുപത്രിയുടെ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സ്ഥലമേതെന്ന് തീർപ്പാക്കിയോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആരംഭിച്ചിട്ടില്ല.

(ബി) നിലവിൽ കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രം നിലനിൽക്കുന്നത് 78 സെന്റ് ഉൾപ്പെടുന്ന പുറമ്പോക്ക് ഭൂമിയിലാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുറകിലുള്ള ക്വാർട്ടേഴ്സ് കെട്ടിടം പൊളിക്കാനുള്ള അനുമതി ലഭ്യമായതിനുശേഷവും പുറമ്പോക്ക് സ്ഥലം ആരോഗ്യവകുപ്പിന് കൈമാറിയതിനുശേഷവും മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

(സി) ആശുപത്രിയുടെ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) പത്തനംതിട്ട ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മിക്കുന്നതിനായി 311 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. മല്ലപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഈ ആശുപത്രി പരിഗണിച്ചിരുന്നു. എങ്കിലും എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം ടി ആശുപത്രി കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തേയ്ക്ക് മാറ്റുകയുണ്ടായി. 79 സെന്റ് പുറമ്പോക്ക് ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിടത്തിന്റെ പുറകിലുള്ള സ്ഥലത്താണ് ഈ ആശുപത്രി നിർമ്മിക്കുവാൻ പരിഗണിച്ചത്. മേൽ റവന്യൂ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. ടി സാഹചര്യത്തിൽ പത്തനംതിട്ട ജില്ലയിലെ മറ്റു മൂന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥലങ്ങൾ (പ്രാഥമികാരോഗ്യ കേന്ദ്രം വഞ്ചിക്കോട്, റാന്നി, പഴയങ്ങാടി, കോന്നി) ടി ആശുപത്രി നിർമ്മാണത്തിന് പരിഗണിക്കാമെന്ന് കാണിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകുകയും ചെയ്തു. ആയത് പരിശോധനയിലാണ്. കൂടാതെ കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ടി ആശുപത്രി കെട്ടിട നിർമ്മാണത്തിന് ടെണ്ടർ ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ പൂർത്തിയായതായി പൊതുമരാമത്ത് വകുപ്പ് ഓഫീസിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 3-4-18-ൽ ആരോഗ്യവകുപ്പ് ഡയറക്ടർ യോഗം കൂടിയിരുന്നു.

**മങ്കട സി.എച്ച്.സി. കെട്ടിട നിർമ്മാണം**

312(318) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ.-യുടെ LAC-ADS പദ്ധതിയിലൂടെ നൽകിയ ഒരു കോടി രൂപയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) തുക അനുവദിച്ച് കാലങ്ങൾ ഏറെയായിട്ടും കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) 2018-19 സാമ്പത്തിക വർഷം കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കരട് പട്ടികയിൽ മങ്കട സി.എച്ച്.സി.- യെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മങ്കട ഗ്രാമപഞ്ചായത്തിൽ പുതുതായി ഹോമിയോ ആശുപത്രി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രവൃത്തിയുടെ സാങ്കേതിക അനുമതി ലഭിക്കുന്നതിനുവേണ്ടി മലപ്പുറം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ കത്തു നൽകിയിട്ടുണ്ട്. അനുമതി ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) സാങ്കേതികാനുമതി ലഭിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് പഞ്ചായത്തിൽനിന്നും ലഭ്യമാകുന്നതിന് കാലതാമസം സംഭവിച്ചിട്ടുണ്ട്. പിന്നീട് ഭരണാനുമതിയിൽ പ്രതിപാദിച്ചിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിന് പ്രവർത്തിപ്പിക്കുവാൻ സാധ്യമല്ലാത്തതിനാൽ സാങ്കേതിക അനുമതി നൽകുന്നതിന് ആവശ്യമായ തുക 8443-00-108-FW Department എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുള്ളതായും എന്നാൽ നിയമസഭാ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന പദ്ധതികളുടെ ഫണ്ട് അതാത് ജില്ലാ കളക്ടറേറ്റുകൾ മുഖേനയാണ് കൈമാറ്റം ചെയ്യുന്നത് എന്നതിനാൽ മലപ്പുറം ജില്ലാ കളക്ടറേറ്റുമായി ബന്ധപ്പെട്ട് ആസ്തി വികസന ഫണ്ടിൽ ലഭിച്ച തുക ലഭ്യമാക്കി PWD-യ്ക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ബ്ലോക്കുതല സി.എച്ച്.സി.-കൾ ഒഴികെയുള്ള സി.എച്ച്.സി.കളെയും കഴിഞ്ഞ വർഷം എഫ്.എച്ച്.സി. ആക്കാതിരുന്ന പി.എച്ച്.സി.കളെയുമാണ് 2018-19 ലേയ്ക്ക് എഫ്.എച്ച്.സി.-കളാക്കാനുള്ള കരട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് മങ്കട സി.എച്ച്.സി. കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) 2018-19 സാമ്പത്തിക വർഷം ഡിസ്പെൻസറികൾ ആരംഭിക്കുന്ന അവസരത്തിൽ മറ്റ് പഞ്ചായത്തുകളോടൊപ്പം മങ്കട ഗ്രാമപഞ്ചായത്തിന്റെ വിഷയവും പരിശോധിച്ച നടപടി സ്വീകരിക്കുന്നതാണ്.

## എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം

313(319) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഏകദേശം ഒരേക്കറിൽ താഴെ സ്ഥലമാണുള്ളത്. 10-6-2009 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1608/09/ആകുവ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ തെക്ക പടിഞ്ഞാറെ മൂലയിൽനിന്ന് ഒരു സെന്റ് സ്ഥലം നിബന്ധനയ്ക്ക് വിധേയമായി എളവള്ളി ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ മുൻഭാഗത്തു മാത്രമാണ് മതിൽ കെട്ടിയിട്ടുള്ളത്. കോമ്പൗണ്ടിന്റെ 2 വശത്തുകൂടി വഴി വിട്ടുകൊടുക്കണമെന്നുള്ള പൊതുജനങ്ങളുടെ ആവശ്യംമൂലം മതിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രശ്ന പരിഹാരത്തിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കോന്നി താലൂക്കാശുപത്രി**

314(320) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി താലൂക്കാശുപത്രി കെട്ടിട നിർമ്മാണം നിലവിൽ ഏത് അവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഡി.എച്ച്.എസ്.-ൽനിന്നും തിരുത്തൽ വരുത്തുന്നതിനായി ഡി.എം.ഒ.-യിലേയ്ക്കു നൽകിയ പ്രപ്പോസൽ ന്യൂനത പരിഹരിച്ച് തിരികെ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അടിയന്തരമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കോന്നി താലൂക്കാശുപത്രിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനത്തിനായി 14-8-2009-ലെ സ.ഉ (സാധാ) 1184/2009/പി.ഡബ്ല്യൂ.ഡി. പ്രകാരം മാന്ദ്യവിരുദ്ധ പാക്കേജിൽ 290 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ സെല്ലുലാർ ലാബ്, ഫാർമസി ഗോഡൗൺ, ഡെന്റൽ ക്ലിനിക്, NCD പീഡിയാട്രിക് ക്ലിനിക് എന്നിവയും ആദ്യ നിലയിൽ ഒ.പി. കൗണ്ടർ, ഒ.പി. നിരീക്ഷണം, എക്സ്-

റേ, ഓർത്തോ ഒ.പി., ജനറൽ ഒ.പി., വിശ്രമമുറി എന്നിവയും ഉൾപ്പെടുന്നു. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 318 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി & സി) ഇല്ല.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പുതുക്കിയ പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ആഫീസിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ഇടുക്കി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

315(321) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പന താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് ആകെ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്റർ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2017-18 പ്ലാൻ പദ്ധതിയിൽ കട്ടപ്പന താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ 360 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 210 ലക്ഷം നിർമ്മാണ പ്രവർത്തനത്തിനായി പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലേയ്ക്കും 150 ലക്ഷം രൂപ യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലേയ്ക്കും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സെന്റർ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിന് 210 ലക്ഷം രൂപയാണ് പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് നൽകിയിട്ടുള്ളത്. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്.

## കൊച്ചി മഹാരാജാസ് താലൂക്കാശുപത്രി

316(322) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബഡ്ജറ്റിലും 2018-2019-ലും പ്രഖ്യാപിച്ചിട്ടുള്ളതും പശ്ചിമ കൊച്ചിയിലെ കച്ചേരിപ്പടിയിൽ പ്രവർത്തിക്കുന്നതുമായ മഹാരാജാസ് താലൂക്കാശുപത്രിയുടെ സമഗ്രവികസനത്തിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ആരെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർവ്വാഹക ഏജൻസിയായി നിയമിച്ചിട്ടുള്ളത് ;

(സി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്നും നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പശ്ചിമകൊച്ചിയിലെ തീരദേശ ആശുപത്രിയായ ഈ താലൂക്കാശുപത്രിയുടെ സമഗ്രവികസനത്തിന് മുൻഗണന നൽകുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കരിവേലിപ്പടി സർക്കാർ മഹാരാജാസ് താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി ഹൗസിംഗ് ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ ഹൗസിംഗ് ബോർഡ് ഉദ്യോഗസ്ഥർ തയ്യാറാക്കികൊണ്ടിരിക്കുന്നു.

(ബി) ഹൗസിംഗ് ബോർഡിനെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി നിയമിച്ചിട്ടുള്ളത്.

(സി) മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന മുറയ്ക്കേ ടി കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ആശുപത്രിയുടെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. കാത്ത് ലാബ്, ഇമേജിംഗ് സെന്റർ, ഒ.റ്റി. കോംപ്ലക്സ്, ഡയാലിസിസ് യൂണിറ്റ്, കാർഡിയോളജി വാർഡ്, ലാബ് എന്നിവ ടി പ്ലാനിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ അംഗീകരിച്ച് നടപ്പാക്കുന്നതോടെ ആശുപത്രിയുടെ സമഗ്ര വികസനം സാധ്യമാകുന്നതാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സ്ഥാപനത്തിൽ 2017-18 ൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ - 1

2. സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 - 1

3. ലാബ് ടെക്നീഷ്യൻ - 1

**കായംകുളം താലൂക്കാശുപത്രിയിലേയ്ക്ക് സ്കാനിംഗ് മെഷീൻ**

317(323) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിലേയ്ക്ക് സ്കാനിംഗ് മെഷീൻ അനുവദിച്ചിട്ടും നാളിതുവരെ ഇത് സ്ഥാപിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തെന്നും എന്നത്തേക്ക് പ്രസ്തുത മെഷീൻ താലൂക്കാശുപത്രിയിൽ സ്ഥാപിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിക്ഷിപ്തമാണ്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ SIEMENS എന്ന കമ്പനി മുഖേനയാണ് ടി യൂണിറ്റ് സ്ഥാപിക്കുന്നത്. ടി യൂണിറ്റ് സ്ഥാപിക്കുന്നതിലേയ്ക്ക് 70 KWA വൈദ്യുത ലൈൻ അനുവദിക്കേണ്ടതായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് (പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ തയ്യാറാക്കിയ) 6,75,000 (ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് കായംകുളം മുനിസിപ്പാലിറ്റിയ്ക്ക് ടി തുക സർക്കാർ ഹെഡ്ഡായ 8443-00-108-PWD-ലേയ്ക്ക് അടയ്ക്കുന്നതിനായി കൈമാറിയിട്ടുണ്ട്. 70 KWA പവർ സപ്ലൈയോടൊപ്പം റേഡിയേഷൻ സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽനിന്നുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ യൂണിറ്റ് സ്ഥാപിക്കാൻ കഴിയുന്നതാണ്.

## ബേഡഡുക്ക സി.എച്ച്.സി.

318(324) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക സി.എച്ച്.സി. യിൽ സി.എച്ച്.സി. പാറ്റേണിലുള്ള തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മേൽ ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ ഉയർത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ പ്രൊപ്പോസലിൽ (1-14101/2017/ Dated 23-3-2018) എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാസർഗോഡ് താലൂക്കാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ബേഡഡുക്ക സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ബേഡഡുക്ക സി.എച്ച്.സി.-യിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേണിലുള്ള തസ്തികകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി & ഡി) നിലവിൽ പദവി ഉയർത്തുക എന്നതല്ല, നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജന വിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്.സി.-കളുടെ പദവി ഉയർത്തി താലൂക്കാശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സേവനങ്ങൾ രോഗീസൗഹൃദമാക്കുന്നതിനും പ്രദേശത്താകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യസുരക്ഷയ്ക്ക് അനുകൂലമായ സ്ഥാപനമാക്കി നിലനിർത്തുന്നതിനും ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## തലശ്ശേരി ജനറൽ ആശുപത്രിയ്ക്ക് തീയേറ്റർ കോംപ്ലക്സ്

319(325) <u>ശ്രീ. എ. എൻ. ഷംസീർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും 150 ലക്ഷം രൂപ ഉപയോഗിച്ച് തലശ്ശേരി ജനറൽ ആശുപത്രീയ്ക്ക് തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 14-12-2017-ന് ഭരണാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും ഇതുവരെയും ആയതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3529/2017/ആ.കു.വ തീയതി 14-12-2017 പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിൽ പൊതുമരാമത്ത് വകുപ്പിന്റെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## അപ്പപ്പാറ പി.എച്ച്.സി.

320(326) <u>ശ്രീ. ഒ. ആർ. കേളു :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി നടപ്പാക്കിയതിലൂടെ മാനന്തവാടി മണ്ഡലത്തിലെ അപ്പപ്പാറ പി.എച്ച്.സി.-യിൽ പുതുതായി അനുവദിച്ച തസ്തികകൾ ഏതെല്ലാമാണ്;

(ബി) അപ്പപ്പാറ പി.എച്ച്.സി.-യിൽ ആർദ്രം പദ്ധതി നടപ്പാക്കിയതിലൂടെ മാനന്തവാടി ജില്ലാ ആശുപത്രിയിലേയ്ക്ക് രോഗികളെ റഫർ ചെയ്യുന്നത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) അപ്പപ്പാറ പി.എച്ച്.സി.-യിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആർദ്രം പദ്ധതി പ്രകാരം അപ്പപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച നൽകിയിട്ടുണ്ട്.

(ബി) രോഗികളെ മാനന്തവാടി ജില്ലാ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുന്നത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) 24 രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനുള്ള സംവിധാനം അപ്പപ്പാറ പി.എച്ച്.സി.-യിൽ ഉണ്ട്.

## വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

321(327) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശമായ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇല്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ സി.എച്ച്.സി. നിലവിലില്ല. സി.എച്ച്.സി.-കൾ ഇല്ലാത്ത ബ്ലോക്കുകളിൽ ഒരു പി.എച്ച്.സി.-യെ പദവി ഉയർത്തി ബ്ലോക്കുതല സി.എച്ച്.സി. ആക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന

എടവനക്കാട് പി.എച്ച്.സി.-യുടെ 5 ½ കി.മീ. ചുറ്റളവിൽ ഞാറക്കൽ താലൂക്കാശുപത്രിയും 3 കി.മീ. ചുറ്റളവിൽ അയ്യമ്പള്ളി പി.എച്ച്.സി.-യും 10 കിലോമീറ്ററിനുള്ളിൽ മുനമ്പം പി.എച്ച്.സി.-യും സ്ഥിതി ചെയ്യുന്നു.

72 സെന്റ് സ്ഥലമുള്ളതിൽ എടവനക്കാട് പി.എച്ച്.സി. 52 സെന്റ് സ്ഥലത്തും ബാക്കി 20 സെന്റ് സ്ഥലത്ത് ഓൾഡ് ഏജ് ഹോമും പ്രവർത്തിക്കുന്നു. ദിവസേന ഏകദേശം 100 രോഗികൾ മാത്രം ചികിത്സ നേടി എത്തുന്ന എടവനക്കാട് പി.എച്ച്.സി.-യിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും ദൈനംദിന ചികിത്സയും ലഭ്യമാക്കുന്നുണ്ട്.

സ്ഥാപനങ്ങളുടെ പദവി ഉയർത്തുക, പുതിയ സ്ഥാപനങ്ങൾ അനുവദിക്കുക എന്നതിലുപരി ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകി വരുന്നത്. ആയതിന്റെ ഭാഗമായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചു വരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## മാലിപ്പുറം സി.എച്ച്.സി.

322(328) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിപ്പുറം സി.എച്ച്.സിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹൗസ് സർജൻമാരുടെ സേവനം ഈ ആശുപത്രിയിൽ ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര പേരുടെയെന്നും രാത്രികാല സേവനമുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) കിടത്തിച്ചികിത്സ സംവിധാനമുള്ള മാലിപ്പുറം സി.എച്ച്.സി.-യിൽ ഹൗസ് സർജൻമാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി രാത്രികാലങ്ങളിലും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 5 ഡോക്ടർമാരുടെ തസ്തികയാണ് നിലവിലുള്ളത്. 3 അസിസ്റ്റന്റ് സർജൻമാരും 2 സിവിൽ സർജന്മാരും. എല്ലാ തസ്തികകളിലും ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്.

(ബി) 3 മുതൽ 7 വരെ ഹൗസ് സർജന്മാർ 15 ദിവസം മാറി മാറി പബ്ലിക് ഹെൽത്ത് (പ്രതിരോധ പ്രവർത്തനങ്ങൾ, കുത്തിവെയ്പ്, ഫീൽഡ് പ്രവർത്തനം) പരിശീലനത്തിനായി എത്തുന്നുണ്ട്. ഹൗസ് സർജന്മാരുടെ സേവനം രാത്രി 8 മണി വരെ ലഭിക്കുന്നുണ്ട്.

(സി) മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജിനെ കൂടാതെ 7 ഡോക്ടർമാരുടെ സേവനം ഉണ്ടെങ്കിൽ മാത്രമേ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നൽകാൻ സാധിക്കുകയുള്ളൂ. ഒരു സൂപ്പർവൈസർ മെഡിക്കൽ ഓഫീസറുടെ കീഴിൽ മാത്രമേ നിലവിലെ നിയമമനുസരിച്ച് ഹൗസ് സർജന്മാരെ രാത്രികാല സേവനത്തിന് നിയോഗിക്കാനാവുകയുള്ളൂ.

**മാവേലിക്കര ജില്ലാ ആശുപത്രി**

323(329) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് ജില്ലാ ആശുപത്രിയുടെ നിലവാരത്തിനനുസൃതമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങൾ അനുവദിച്ച് നിലവാരം ഉയർത്തുന്നതിനും ആരോഗ്യവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയുടെ നിലവാരത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ വികസിപ്പിക്കാനും ഒരു താലൂക്കിൽ ഒരു താലൂക്കുതല ആശുപത്രി നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കാനുമാണ് ലക്ഷ്യമിടുന്നത്. ജി.ഒ.(എം.എസ്) നമ്പർ 58/2017/ആ.കു.വ. തീയതി 22-4-2017 അനുസരിച്ച് ആലപ്പുഴ ജില്ലയിലെ ജനറൽ ആശുപത്രിയാണ് ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത്. ടി ഉത്തരവ് അനുസരിച്ച മാവേലിക്കര ആശുപത്രിയെ താലൂക്കുതല ആശുപത്രി വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളിൽ 3 വർഷം കൊണ്ട് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 2017-18 ൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ വിവിധ തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

16-4-2018-ലെ സ.ഉ(ആർ.റ്റി) നമ്പർ 1247/2018/ആ.കു.വ പ്രകാരം മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് KIIFB-ൽ ഉൾപ്പെടുത്തി 126.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിനും INKEL Limited എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിലെ അനുവദനീയ തസ്തികകളിലെല്ലാം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

## കോടഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ

324(330) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ട കോടഞ്ചേരി, ചെറുവാടി എന്നിവിടങ്ങളിലെ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് കിടത്തി ചികിത്സ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) കിടത്തി ചികിത്സ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ - സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ

തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്.സി.-കളുടെ പദവി ഉയർത്തി താലൂക്കാശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് കോടഞ്ചേരി, ചെറുവാടി എന്നീ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സേവനങ്ങൾ രോഗീസൗഹൃദമാക്കുന്നതിനും പ്രദേശത്താകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യസുരക്ഷയ്ക്ക് അനുകൂലമായ സ്ഥാപനമാക്കി നിലനിർത്തുന്നതിനും ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2018-19 വർഷത്തിൽ ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട സ്ഥാപനങ്ങളുടെ കരട് പട്ടികയിൽ കോടഞ്ചേരി സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

ചെറുവാടി സി.എച്ച്.സി.-യിൽ പുതിയ കെട്ടിടം പൂർത്തിയായിട്ടുണ്ട്. ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ**

325(331) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്കാശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്റർ എന്ന് പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മുഖേന മരാമത്ത്, ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിച്ചാൽ ഉടൻ ഡയാലിസിസ് സെന്റർ പ്രവർത്തനം തുടങ്ങാൻ സാധിക്കുന്നതാണ്.

(ബി) ആർ.ഒ. പ്ലാന്റ്, ജനറേറ്റർ, ഡയാലിസിസ് മെഷീൻ മുതലായവയുടെ കമ്പനി പ്രതിനിധികൾ ഡയാലിസിസ് യൂണിറ്റിന്റെ സ്ഥലം പരിശോധിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ മരാമത്ത്, ഇലക്ട്രിക്കൽ പണി പൂർത്തിയാക്കിയാൽ ഉടൻ പ്രസ്തുത ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണ്.

## ഇരിമ്പിളിയം ആയുർവ്വേദ ആശുപത്രി

326(332) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ആയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനം താൽക്കാലികമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇരിമ്പിളിയം ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടത്തിന് പുതിയ ബ്ലോക്ക് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്കോ ആയുർവ്വേദ ഡയറക്ടർക്കോ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് സർക്കാരിലുള്ള ഫയലിന്റെ വിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ആയുർവ്വേദ ആശുപത്രിയുടെ പ്രവർത്തനം വയോജന കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) ഇതു സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## തിരുവങ്ങൂർ സി.എച്ച്.സി.

327(333) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തിരുവങ്ങൂർ സി.എച്ച്.സി.-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ആർദ്രം പദ്ധതിയിൽ സി.എച്ച്.സി.- കളെ ഉൾപ്പെടുത്തുമ്പോൾ എത്ര തസ്തികകളാണ് ഒരു സി.എച്ച്.സി.-യിൽ സൃഷ്ടിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രിയിൽ ലഭ്യമാവുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ പരിശോധിച്ച് നടപടി സ്വീകരിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്ലെറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കപ്പും കൗൺസലിംഗും, വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാകുന്നതാണ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ ജില്ലാ താലൂക്കുതല ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി അധിക തസ്തികകളും സൃഷ്ടിച്ചുവരുന്നു.

### കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

328(334) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ രണ്ടും മൂന്നും നിലകളുടെ പൂർത്തീകരണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിന്റെ പൂർത്തീകരണത്തിനുള്ള പദ്ധതി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ഇവിടെ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള കൂടുതൽ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ രണ്ടും മൂന്നും നിലകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ആശുപത്രി സൂപ്രണ്ട് സമർപ്പിച്ച 27 കോടിയുടെ എസ്റ്റിമേറ്റ് അപാകതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും പൊതുമരാമത്ത് വകുപ്പിന് അയച്ചിരിക്കുകയാണ്.

(ബി) 10 കോടി രൂപയിൽ കൂടുതലുള്ള പ്രൊപ്പോസൽ ആയതിനാൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.

(സി) 1. പുതുക്കിയ എ.സി. ഫാർമസിയും സ്റ്റോറും

2. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

3. ഡയാലിസിസ് യൂണിറ്റ്

4. മെഡിക്കൽ റിക്കാർഡ് ലൈബ്രറി

5. പവർ ലാൺട്രി മെഷീൻ

6. ഡിജിറ്റൽ എക്സ്റേ മുറി

## ശ്രീകണ്ഠപുരം കൂട്ടുമുഖം സി.എച്ച്.സി.-യിൽ ആവശ്യമായ തസ്തികകൾ

329(335) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകണ്ഠപുരം കൂട്ടുമുഖം സി.എച്ച്.സി.-യിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആവശ്യമായ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അനുവദിച്ച തസ്തികകളിൽ ഏതെല്ലാം ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ & ബി) സ.ഉ.(കൈ) നമ്പർ 230/2013/ ആ.കു.വ. 10-6-2013-ലെ ഉത്തരവ് പ്രകാരം കൂട്ടുമുഖം പ്രാഥമികാരോഗ്യ കേന്ദ്രത്തെ സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തി 2 അസിസ്റ്റന്റ് സർജൻ, 3 സ്റ്റാഫ് നഴ്സ്, 2 നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) കുട്ടമ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അനുവദനീയമായ 5 തസ്തികകളിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

**നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ഫാമിലി വെൽഫയർ സബ് സെന്റർ**

330(336) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അൻപതിനായിരത്തിലധികം ജനസംഖ്യയുള്ള നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ഫാമിലി വെൽഫെയർ സബ് സെന്റർ തുടങ്ങുന്നതിനായി സർക്കാരിൽ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) നെല്ലിക്കുഴി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഫാമിലി വെൽഫയർ സെന്റർ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ഫാമിലി വെൽഫെയർ സബ് സെന്റർ/ഫാമിലി വെൽഫെയർ സെന്റർ തുടങ്ങുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്**

331(337) <u>ശ്രീ. കെ. ആൻസലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത യൂണിറ്റിന് എത്ര ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം 2018 സെപ്റ്റംബർ മാസത്തിൽ ആരംഭിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിന് ആശുപത്രി അധികൃതർ ഏതെങ്കിലും തരത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിന്റെ സിവിൽ വർക്കുകളും ഇലക്ട്രിക്കൽ വർക്കുകളും അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതാണ്.

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിന്റെ സിവിൽ വർക്കുകളും ഇലക്ട്രിക്കൽ വർക്കുകളും പൂർത്തിയാക്കുകയും പ്രസ്തുത യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്താൽ മാത്രമേ 2018 സെപ്റ്റംബർ മാസത്തിൽ ടി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ എമർജൻസി ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫുകൾക്കും ഡോക്ടർമാർക്കും ട്രോമാകെയറിലേയ്ക്ക് ആവശ്യമായ ട്രെയിനിംഗ് ലഭിച്ചിട്ടുണ്ട്.

**കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ടി.ബി. ആശുപത്രി**

332(338) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചിയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ടി. ബി. ആശുപത്രിയും പരിസരവും കാടുപിടിച്ച് ജീർണ്ണാവസ്ഥയിലായതും പാമ്പുശല്യംമൂലം പൊതുജനങ്ങളുടെ ജീവന് ഭീഷണി നേരിടുന്നതും കണക്കിലെടുത്ത് ഇതിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജീവിത ശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞ് പരിസരം വൃത്തിയാക്കി ജനങ്ങളുടെ ആരോഗ്യസുരക്ഷയ്ക്കായി എൻ.സി.ഡി. പാർക്ക് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ ടി.ബി. സെന്ററിന്റെ പരിസരം വൃത്തിയാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എറണാകുളം ജില്ലാ ടി.ബി. സെന്ററിലെ ഐ.പി. വിഭാഗം, അടുക്കള എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവിടെ എൻ.സി.ഡി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വലിയകുന്ന് താലൂക്കാശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് തസ്തികകൾ

333(339) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ എത്ര തസ്തികകളാണുള്ളത്;

(ബി) നിലവിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്തത് നിമിത്തം ആശുപത്രിയിലെത്തിയിരുന്ന രോഗികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗൈനക്കോളജി വിഭാഗം പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രിയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഗൈനക്കോളജി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ രണ്ട് തസ്തികകളാണ് നിലവിലുള്ളത്.

(ബി) ഗൈനക്കോളജിസ്റ്റിന്റെ ഒഴിവ് നിലവിലില്ല.

(സി) അനുവദിക്കപ്പെട്ട തസ്തികയിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്.

(ഡി) ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളായ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവയുണ്ട്. എങ്കിലും ഡോക്ടർമാർ, ബ്ലഡ് ബാങ്ക് എന്നിവയുടെ സേവനം 24 മണിക്കൂറും ലഭ്യമല്ല. പുതിയ മോണിറ്ററി വാർഡിനായി 3.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ജോലികൾ പുരോഗമിക്കുന്നു.

## ദേശീയ അയോഡിൻ അപര്യാപ്തത നിയന്ത്രണ പദ്ധതി

334(340) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അയോഡിൻ അപര്യാപ്തത നിയന്ത്രണ പദ്ധതി (എൻ.ഐ.ഡി.ഡി.സി.പി.) ഓഫീസിന്റെ മേലധികാരി ടെക്നിക്കൽ ഓഫീസർ (ഗോയിറ്റർ) എന്ന തസ്തികയ്ക്ക് ആവശ്യമായ അടിസ്ഥാന യോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയ്ക്ക് യോഗ്യത നിശ്ചയിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ എൻ.ഐ.ഡി.ഡി.സി.പി. ടെക്നിക്കൽ ഓഫീസർ (ഗോയിറ്റർ) തസ്തികയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓഫീസറുടെ പേര്, വിദ്യാഭ്യാസ യോഗ്യത എന്നിവ വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ലായെങ്കിൽ ചാർജ്ജ് ആർക്കെങ്കിലും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) കേരള സർക്കാർ കത്ത് No. 28699/112/2006/H&FWD, dtd 28-11-2006 പ്രകാരം സീനിയർ ഗ്രേഡ് ഡയറ്റീഷ്യനെ എൻ.ഐ.ഡി, ഡി.സി.പി.ടെക്നിക്കൽ ഓഫീസർ (ഗോയിറ്റർ) തസ്തികയിൽ നിയമിക്കുന്നത് തടഞ്ഞിരുന്നതിനാൽ പ്രസ്തുത കത്തിന്റെ തീയതിക്കു ശേഷം സീനിയർ ഗ്രേഡ് ഡയറ്റീഷ്യനെ ഈ തസ്തികയിൽ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 11-10-1998 ലെ സ.ഉ (കൈ) നമ്പർ 182/88/ആ.കു.വ പ്രകാരമാണ് ആരോഗ്യ വകുപ്പിലെ ഗോയിറ്റർ കൺട്രോൾ സെല്ലിൽ ടെക്നിക്കൽ ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ഈ തസ്തികയ്ക്ക് ആവശ്യമായ അടിസ്ഥാന യോഗ്യത കെമിസ്ട്രി, ബയോ കെമിസ്ട്രി, ഫുഡ് & ന്യൂട്രീഷൻ എന്നിവയിലേതെങ്കിലും വിഷയത്തിൽ ഒന്നാം/രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും ഫീൽഡ് സർവ്വേയിൽ കുറഞ്ഞത് മൂന്നുവർഷത്തെ പ്രവൃത്തി പരിചയവും ആകുന്നു. പബ്ലിക് ഹെൽത്ത് ന്യൂട്രിഷനിലുള്ള പ്രവൃത്തി പരിചയം അഭികാമ്യ യോഗ്യതയാണ്.

(ബി) ഇപ്പോൾ എൻ.ഐ.ഡി.ഡി.സി.പി. ടെക്നിക്കൽ ഓഫീസർ (ഗോയിറ്റർ) തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല. എന്നാൽ, സീനിയർ ഡയറ്റീഷ്യന്മാരിൽ സീനിയറായ ശ്രീമതി താരാകുമാരി ടി തസ്തികയുടെ ചുമതലകൾ നിർവ്വഹിക്കുന്നു. ശ്രീമതി താരാകുമാരിയുടെ വിദ്യാഭ്യാസ യോഗ്യത ഫുഡ് & ന്യൂട്രീഷ്യനിൽ ബിരുദാനന്തര ബിരുദമാണ്.

(സി) 2006-ൽ സീനിയർ ഗ്രേഡ് ഡയറ്റീഷ്യനായ ശ്രീമതി എലിസബത്ത് തോമസും 2008-ൽ സീനിയർ ഗ്രേഡ് ഡയറ്റീഷ്യനായ ശ്രീമതി അനിത മോഹനും ഗോയിറ്റർ സെല്ലിൽ സേവനം അനുഷ്ഠിച്ചിരുന്നു. അനിത മോഹൻ അടുത്തുണ് പറ്റി പിരിഞ്ഞ തസ്തികയിൽ സീനിയർ ഗ്രേഡ് ഡയറ്റീഷ്യനായ ശ്രീമതി താരാകുമാരിയെ ഐ.ഡി.ഡി. സെല്ലിൽ നിയമിക്കുകയും ടെക്നിക്കൽ ഓഫീസർ തസ്തികയുടെ ചുമതലകൾ നിർവ്വഹിച്ചുവരികയും ചെയ്യുന്നു.

## സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഒഴിവുകൾ

335(341) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട കുറിച്ചി പഞ്ചായത്തിലെ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ എത്രയും വേഗം നികത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറിച്ചി പഞ്ചായത്തിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ ഒരു ഒഴിവ് നിലവിലുണ്ട്.

(ബി) ഈ ഒഴിവിൽ നടപടിക്രമങ്ങൾ പാലിച്ച് സ്ഥിരനിയമനം നടത്തുന്നതുവരെ താൽക്കാലികാടിസ്ഥാനത്തിൽ ഒരു സ്റ്റാഫ് നഴ്സിനെ നിയമിച്ചിട്ടുണ്ട്.

## വർക്കല താലൂക്കാശുപത്രിയിലെ ഒഴിവുകൾ

336(342) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കാശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ അത് എന്നുമുതൽ എന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ രണ്ട് ഒഴിവുകളും മെഡിക്കൽ കൺസൾട്ടന്റ് തസ്തികയിൽ ഒരു ഒഴിവും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ രണ്ട് ഒഴിവുകളും ആശുപത്രി അറ്റൻഡർ ഗ്രേഡ്-2 തസ്തികയിൽ 6 ഒഴിവുകളും നിലവിലുണ്ട്.

(ബി) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ രണ്ട് ഒഴിവുകളും മെഡിക്കൽ കൺസൾട്ടന്റ് തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.

(സി) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 1-5-2018, 16-5-2018

മെഡിക്കൽ കൺസൾട്ടന്റ് - 1-6-2015 മുതൽ

പാർട്ട്ടൈം സ്വീപ്പർ- 1-11-2015 മുതൽ

ആശുപത്രി അറ്റൻഡർ ഗ്രേഡ് 2- 22-5-2018 മുതൽ

(ഡി) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവുകളും 2018-ലെ പൊതു സ്ഥലംമാറ്റത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നികത്തുന്നതാണ്. കൂടാതെ കൺസൾട്ടന്റ് തസ്തികയിലുള്ള ഒഴിവ് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലുള്ള ഉദ്യോഗക്കയറ്റം നടക്കുന്ന മുറയ്ക്കും നികത്തുന്നതാണ്. പാർട്ട് ടൈം സ്വീപ്പർ, ആശുപത്രി അറ്റൻഡർ ഗ്രേഡ് 2 എന്നീ തസ്തികകളിലെ നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു.

**ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ കൊല്ലം ജില്ലയിലെ ഒഴിവുകൾ**

337(343) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I, ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ കൊല്ലം ജില്ലയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ കൊല്ലം ജില്ലയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ആരോഗ്യ വകുപ്പിൽ കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ പട്ടാഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരൊഴിവും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ തെന്മല പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരൊഴിവും നിലവിലുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 21 ഒഴിവുകൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഒഴിവുകളുടെ എണ്ണം |
|---|---|
| പ്രാഥമികാരോഗ്യ കേന്ദ്രം, തലച്ചിറ | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, ആര്യങ്കാവ് | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, അലയമൺ | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, ഇളമാട് | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, പിറവന്തൂർ | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, കുളത്തുപ്പുഴ | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, ഇരവിപുരം | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, മൈനാഗപ്പള്ളി | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, മടത്തറ | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, മാങ്കോട്, ചിതറ | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, ഏരൂർ | 1 |
| സാമൂഹികാരോഗ്യ കേന്ദ്രം, തെക്കുഭാഗം | 1 |
| സാമൂഹികാരോഗ്യ കേന്ദ്രം, അഞ്ചൽ | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, ചവറ | 1 |
| സാമൂഹികാരോഗ്യ കേന്ദ്രം, ചവറ | 3 |
| സാമൂഹികാരോഗ്യ കേന്ദ്രം, നിലമേൽ | 2 |
| പ്രാഥമികാരോഗ്യ കേന്ദ്രം, തെന്മല | 1 |
| പ്രാഥമികാരോഗ്യ കേന്ദ്രം, തഴവ | 1 |

## ഒറ്റപ്പാലം താലൂക്കാശുപത്രിയിലെ ഒഴിവുകൾ

338(344) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ സൂപ്രണ്ട് ഉൾപ്പെടെ ഡോക്ടർമാർ, പാരാമെഡിക്കൽ, ക്ലറിക്കൽ, മറ്റനുബന്ധ ജീവനക്കാർ എന്നിവരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ തസ്തികയിലും എത്ര പേർ വീതം ജോലി ചെയ്യുന്നുണ്ടെന്നുള്ളത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെങ്കിൽ എന്ന് മുതലാണ് ഒഴിവ് വന്നിട്ടുള്ളതെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ - സി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ഒഴിവുകൾ

339(345) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്;വ്യക്തമാക്കുമോ ;

(ബി) ഈ ഒഴിവുകൾ എത്രകാലമായി നിലനില്ക്കുന്നു എന്ന് അറിയിക്കുമോ;

(സി) ഈ ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ;വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ - സി) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈറോളജി ലാബ്/ഇൻസ്റ്റിറ്റ്യൂട്ട്

340(346) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈറോളജി ലാബ്/ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇല്ലായെങ്കിൽ അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ& ബി) ആലപ്പുഴയിൽ കേരള സർക്കാരിന്റെ കീഴിലുള്ള ഒരു വൈറോളജി ലാബും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൂനെ എന്ന സ്ഥാപനത്തിന്റെ ഒരു യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## നിപ വൈറസ് പരിശോധന സംവിധാനം

341(347) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതിനുമുൻപ് നിപ വൈറസിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് ഇത്തരം വൈറസുകളുടെ പരിശോധന നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കായി അത്യന്താധുനിക സജ്ജീകരണങ്ങളോടെ ഒരു ലാബ് സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലില്ല. നടപടി സ്വീകരിച്ചുവരുന്നു.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ നടപടി

342(348) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് പോലുള്ള രോഗാണുക്കൾ സംബന്ധിച്ച പരിശോധന നടത്തുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ കേരളത്തിലും ആധുനിക സൗകര്യങ്ങളുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി കേരള യൂണിറ്റ് നിപ വൈറസ് പരിശോധനയ്ക്കായി സുസജ്ജമാക്കി വരുന്നു.

(ബി) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി കേരള യൂണിറ്റിന് പുറമെ തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ

343(349) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ആലപ്പുഴ ജില്ലയിൽ സ്ഥാപിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ആവശ്യത്തിന് ജീവനക്കാരോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ ലോക നിലവാരത്തിലേയ്ക്ക് ഉയർത്തി കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മലബാർ മേഖലയിൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആലപ്പുഴയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി.

2. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, ആലപ്പുഴ

3. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി - വൈറോളജി സംബന്ധിച്ച പഠനങ്ങളും പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി & സി) ഇല്ല. ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ മൂന്ന് സയന്റിസ്റ്റുകളും ഏഴ് ടെക്നീഷ്യന്മാരും രണ്ട് എഞ്ചിനീയറിംഗ് സപ്പോർട്ട് സ്റ്റാഫും ഒരു അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫും രണ്ട് ഡ്രൈവർമാരും അഞ്ച് പ്രോജക്ട് സ്റ്റാഫുകളും പ്രവർത്തിക്കുന്നുണ്ട്. മാരകമായ പല വൈറസ് രോഗങ്ങളും നിർണ്ണയിക്കുന്നതിന് ആവശ്യമായ റീ-ഏജന്റുകളും ഉപകരണങ്ങളും അനുബന്ധ സംവിധാനങ്ങളും ഉണ്ട്. കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**സ്വകാര്യ ലാബുകൾ**

344(350) <u>ശ്രീ. പി. കെ. ശശി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലേയും സ്വകാര്യ നഴ്സിംഗ് ഹോമുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെയും ലാബുകളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും പരിശോധനകളിൽ ഗുണനിലവാരം ഉറപ്പുവരുത്താനും അമിത ഫീസ് ഈടാക്കുന്നത് തടയുവാനുമായി വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സേഫ് കേരള പദ്ധതി വഴിയുള്ള സംസ്ഥാനത്തെ ലബോറട്ടറി പരിശോധനകളിൽ കഴിഞ്ഞ രണ്ട് വർഷമായി കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമെന്നും എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ഫൈൻ ഈടാക്കിയെന്നും എത്ര എണ്ണം പൂട്ടുകയുണ്ടായിയെന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവയുടെ പ്രവർത്തനം കുറ്റമറ്റതാക്കാനായി ഇവരുടെ രജിസ്ട്രേഷൻ, നിയന്ത്രണം, ഫീസ് ഏകീകരണം എന്നിവയ്ക്ക് കർശന നിയന്ത്രണവും സമയബന്ധിതമായ പരിശോധനകളും അതുവഴി കുറ്റക്കാർക്കെതിരെ കർശന നടപടി ഉറപ്പുവരുത്താനുമായി എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സ്വകാര്യ ആശുപത്രികളിലെയും സ്വകാര്യ നഴ്സിംഗ് ഹോമുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെയും ലാബുകളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും പരിശോധനകളിൽ ഗുണനിലവാരം ഉറപ്പുവരുത്താനും അമിത ഫീസ് ഈടാക്കുന്നത് തടയുവാനുമായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 1-2-2018 ൽ കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ആക്ട് നിലവിൽ വരുമ്പോൾ സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ എന്നിവ അമിത ഫീസ് ഈടാക്കുന്നത് തടയുവാനും ഗുണനിലവാരം ഉറപ്പുവരുത്താനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും ഒരു പരിധിവരെ കഴിയുന്നതാണ്. സേഫ് കേരള പദ്ധതി രണ്ട് വർഷമായി നിലവിലില്ല.

**വൈറോളജി ലാബ്**

345(351) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ തരം വൈറസ് രോഗങ്ങൾ പടർന്നുപിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) വൈറസ് കാരണം ഉണ്ടാവുന്ന രോഗങ്ങൾ പരിശോധിച്ചറിയുന്നതിന് നിലവിൽ കേരളത്തിൽ ഒരു വൈറോളജി ലാബ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിൽ അടുത്തിടെ കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധ ശ്രദ്ധയിൽപ്പെടുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രോഗം ഏറെക്കുറെ നിയന്ത്രണ വിധേയമായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈറോളജി ലാബ് തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മെഡിക്കൽ കോളേജുകളിൽ വൈറോളജി ലാബുകൾ**

346(352) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളോട് അനുബന്ധമായോ അല്ലാതെയോ വൈറോളജി ലാബുകൾ നിലവിലുണ്ടോ;

(ബി) നിപ വൈറസ് ബാധ പോലെയുള്ള സാഹചര്യങ്ങൾ ഫലപ്രദമായി നേരിടുന്നതിന്, വൈറോളജി ലാബുകൾ സജ്ജീകരിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ഒരു ലാബ് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) നിപ വൈറസ് ബാധയോടനുബന്ധിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന വൈറോളജി ലാബിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ മെഡിക്കൽ കോളേജുകളിൽ വൈറോളജി ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**സംസ്ഥാനത്തെ വൈറോളജി ലാബുകൾ**

347(353) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലതരം പകർച്ചപ്പനികളും വൈറസ് രോഗങ്ങളും വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്ത് ആവശ്യമായ വൈറോളജി ലാബുകൾ ഇല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആലപ്പുഴയിൽ നിലവിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ മാരകമായ പല വൈറസ് രോഗങ്ങളും നിർണ്ണയിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മാരകമായ വൈറസ് രോഗബാധ നിർണ്ണയത്തിന് ഇപ്പോൾ സംസ്ഥാനം സ്വീകരിച്ചുവരുന്ന രീതി എന്തെന്നും ഇതിന് വരുന്ന ചെലവ് എത്രയെന്നും അറിയിക്കുമോ;

(ഡി) വർദ്ധിച്ചുവരുന്ന വൈറസ് രോഗങ്ങൾ കാലതാമസം കൂടാതെ നിർണ്ണയിച്ച് വേണ്ട ചികിത്സകൾ നൽകുന്നതിലേയ്ക്കായി സംസ്ഥാനത്ത് കൂടുതൽ വൈറോളജി ലാബുകൾ തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ മാരകമായ പല വൈറസ് രോഗങ്ങളും നിർണ്ണയിക്കുന്നതിന് ആവശ്യമായ സ്റ്റാഫുകളും റീ-ഏജന്റുകളും ഉപകരണങ്ങളും ഉണ്ട്.

(സി) ബയോസേഫ്റ്റി ലെവൽ 2 വരെയുള്ള പരിശോധനകൾ കോളേജാശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന എൻ.ഐ.വി. സൗജന്യമായി ചെയ്തു വരുന്നുണ്ട്. ബയോസേഫ്റ്റി 4-ൽ വരുന്ന ടെസ്റ്റുകൾ ചെയ്യുന്നില്ല.

(ഡി) തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ അത്യന്താധുനിക സൗകര്യങ്ങളോടെ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്തപരിശോധന**

348(354) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എ.സി.ആർ. ലാബിൽ നടത്തിയ രക്തപരിശോധനയിൽ വീഴ്ച സംഭവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരമുള്ള പരിശോധനാ ഫലങ്ങൾ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ കീഴിലുള്ള എ.സി.ആർ. ലാബുകളിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പരിശോധന രീതികളാണ് നിലവിലുള്ളത്. യു.എസ്.എ., ഇറ്റലി, ജർമ്മനി തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിർമ്മിച്ച അനലൈസറുകൾ ഉപയോഗിച്ചാണ് വിവിധങ്ങളായ ടെസ്റ്റുകൾ നടത്തിവരുന്നത്. പ്രസ്തുത ലാബുകൾക്ക് 14/02/2018 മുതൽ 13/02/2020 വരെ NABH അംഗീകാരം ലഭ്യമായിട്ടുണ്ട്. പരിശോധന ഫലങ്ങളിൽ വീഴ്ച സംഭവിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ ഐ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാസസ്ഥലങ്ങളിൽ തയ്യാറാക്കുന്ന ഭക്ഷ്യോൽപ്പന്നങ്ങൾ

349(355) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനത്തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ തയ്യാറാക്കുന്ന ഭക്ഷ്യോൽപ്പന്നങ്ങൾ ഗ്രാമപ്രദേശങ്ങളിലെ തട്ടുകടകളിലും ചായക്കടകളിലും ദിനംപ്രതി വിതരണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം, പാചകം ചെയ്യുന്നയിടങ്ങളിലെ ശുചിത്വം, പാചകക്കാരുടെ ആരോഗ്യനിലവാരം എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിനും സ്ഥിരമായി മോണിറ്റർ ചെയ്യുന്നതിനും ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥിരമായി നടത്തുന്ന പരിശോധനകളുടെ ഭാഗമായും ക്വിക്ക് റെസ്പോൺസ് ടീം (QRT) സംവിധാനത്തിന്റെ ഭാഗമായും ഇത്തരം കേസ്സുകൾ പരിശോധിച്ച് അവലോകനം ചെയ്യാറുണ്ട്. ഇത്തരക്കാർക്ക് ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ നോട്ടീസ് മുഖേന നൽകുകയും പാചകത്തിന് ഉപയോഗിക്കുന്ന വെള്ളവും ജീവനക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റും പരിശോധിക്കുകയും ചെയ്തുവരുന്നു. മാത്രവുമല്ല ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ ലൈസൻസ് എടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു.

## മായം കലർത്തിയ സ്ഥാപനങ്ങളുടെ വിവരം

350(356) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ ഭക്ഷ്യവസ്തുക്കളിൽ നോൺ പെർമിറ്റഡ് ഫ്ളേവേഴ്സ്, മായം എന്നിവ കലർത്തുന്ന സ്ഥാപനങ്ങൾക്കെതിരെയുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും ഇത്തരത്തിൽ നടപടിക്ക് വിധേയമായ സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം പരിശോധിക്കാമോ;

(സി) നടപടികൾക്ക് വിധേയമായ സ്ഥാപനങ്ങളിൽ തുടർനടപടി തുടർപരിശോധന ഇവ സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മായം കലർത്തിയ സ്ഥാപനങ്ങളുടെ വിവരം ദൃശ്യമാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിത്യോപയോഗ ഭക്ഷ്യവസ്തുക്കളിൽ അംഗീകൃതമല്ലാത്ത കളറുകളോ ഫ്ളേവേഴ്സുകളോ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിരന്തര പരിശോധനകളിലൂടെ പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും നിയമാനുസൃതം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ടി പരിശോധനയിൽ ശരീരത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയാൽ ടി സ്ഥാപനങ്ങൾക്കെതിരെ ക്രിമിനൽ കേസ്സ് ഫയൽ ചെയ്യുകയും കൂടാതെ മായം ചേർക്കുന്നതുവഴി നിശ്ചിത ഗുണനിലവാരമില്ലാത്തതെന്ന് കണ്ടെത്തുന്ന പക്ഷം അത്തരം സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസ്സുകൾ ആർ.ഡി.ഒ. കോടതികളിൽ ഫയൽ ചെയ്യുകയും അനന്തര നടപടി സ്വീകരിക്കുകയുമാണ് ചെയ്തുവരുന്നത്.

(ബി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരം നിയമം 2006 പ്രകാരം നിലവിൽത്തന്നെ പരിശോധനകൾ നടത്തുകയും നിയമനടപടി സ്വീകരിക്കുകയും കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കുറ്റകരമായ പ്രവണതകൾ ആവർത്തിക്കുന്ന പക്ഷം ഈ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത രേഖകൾ ശേഖരിച്ചുവരുന്നു.

(ഡി) നിലവിൽ നൽകിവരുന്നുണ്ട്.

**കാലാവധി കഴിഞ്ഞ പാക്ക് ചെയ്ത ഭക്ഷണസാധനങ്ങൾ**

351(357) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ പാക്ക് ചെയ്ത ഭക്ഷണസാധനങ്ങൾ ലേബൽ മാറ്റി വിൽക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് ഈ വർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്എന്ന് അറിയിക്കാമോ;

(സി) ഇത്തരം കേസ്സുകളിൽ കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ കാലാവധി കഴിഞ്ഞ പായ്ക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾ ലേബൽ മാറ്റി വിൽക്കുന്നത് സംബന്ധിച്ച് ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം കേസ്സുകളിൽ കുറ്റക്കാർക്കെതിരെ പിഴ ചുമത്തൽ, അഡ്ജ്യൂഡിക്കേഷൻ, ക്രിമിനൽ നടപടികൾ എന്നിവ സ്വീകരിക്കുന്നുണ്ട്.

(ഡി) ഇത്തരം പ്രവൃത്തികൾ നിയന്ത്രിക്കുന്നതിനുവേണ്ടി ഭക്ഷ്യ ഉൽപ്പാദന, വിതരണ, സംഭരണ സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 റെഗുലേഷൻ 11(പാക്കേജ് & ലേബലിംഗ്) പ്രകാരമുള്ള പൂർണ്ണ ലേബലിംഗ് വിവരങ്ങൾ അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ മാത്രമേ വിതരണം നടത്താവൂ എന്ന നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ കച്ചവടക്കാർക്ക് ഇതിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ബോധവത്കരണ ക്ലാസ്സുകൾ നൽകുകയും ചെയ്തുവരുന്നു. കാലാവധി കഴിഞ്ഞിട്ടും ലേബൽ മാറ്റി റീപാക്കറ്റ് ചെയ്തതതാണെന്ന് ഉറപ്പുവരുത്തിയ ഭക്ഷ്യ പദാർത്ഥങ്ങൾ നശിപ്പിച്ചു കളയുകയും അവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുംപ്രകാരം നിയമ നടപടികൾ സ്വീകരിക്കാറുമുണ്ട്. ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ FSSAI ലൈസൻസ് റദ്ദ് ചെയ്യാറുമുണ്ട്.

## വ്യാജ വെളിച്ചെണ്ണ വ്യാപകമാകുന്നതായ പരാതി

352(358) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ വെളിച്ചെണ്ണ വിപണിയിൽ വ്യാപകമാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരയുടെ ട്രേഡ് മാർക്കിൽ ചെറിയ വ്യത്യാസം വരുത്തി സമാനമായ പേരുകളിൽ വിപണികളിൽ വെളിച്ചെണ്ണ വിൽപ്പന നടത്തുന്നത് തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏതെങ്കിലും ഭക്ഷ്യവസ്തു ഉൾപ്പെടെയുള്ളവയുടെ ട്രേഡ് മാർക്കിൽ മാറ്റം വരുത്തുന്നതോ ദുരുപയോഗം ചെയ്യുന്നതോ സംബന്ധിച്ച് നിയമനടപടികൾ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് അധികാരമില്ല. കേര വെളിച്ചെണ്ണയുടെ ട്രേഡ് മാർക്കിൽ വ്യത്യാസം വരുത്തി വിൽപ്പന നടത്തുന്ന വിഷയം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള സാമ്പിളുകളുടെ പരിശോധനാഫലത്തിൽ ശരീരത്തിന് ഹാനികരമാണെന്നും നിശ്ചിത ഗുണനിലവാരമില്ലെന്നും ലാബുകളിലെ പരിശോധനകളിലെ കണ്ടെത്തുന്ന പക്ഷം ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുശാസിക്കുന്ന പ്രകാരം നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളെ ആശ്രയിക്കുന്ന സാഹചര്യം

353(359) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികളും മാരകരോഗങ്ങളും ബാധിക്കുമ്പോൾ അന്യസംസ്ഥാനങ്ങളിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളെ ആശ്രയിക്കുന്നതായ സാഹചര്യം ഒഴിവാക്കുന്നതിനായി സംസ്ഥാനത്തും ഇത്തരത്തിലുള്ള സൗകര്യം ഒരുക്കുന്നതിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ ;

(ബി) സൗകര്യങ്ങളുടെ അഭാവം മാരക രോഗങ്ങളെ ചെറുക്കുന്ന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാങ്കേതിക വൈദഗ്ദ്ധ്യവും പരിചയ സമ്പന്നരായ ഗവേഷകരുടെയും കുറവാണ് പ്രധാന കാരണം. മാത്രമല്ല, ഇത്തരം ലബോറട്ടറികളിൽ വളരെയധികം ആധുനികമായ യന്ത്രസാമഗ്രികളും അത് കൈകാര്യം ചെയ്യ് പരിചയ സമ്പന്നരായ വിദഗ്ദ്ധരുടെയും ആവശ്യമുണ്ട്.

(ബി) ഇല്ല.

## തീർപ്പാക്കാത്ത മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഫയലുകൾ

354(360) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ എത്ര മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഫയലുകൾ ഇനിയും തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ഒരു വർഷത്തിലേറെയായി തീർപ്പാക്കാത്ത ഫയലുകളുടെ എണ്ണം അറിയിക്കുമോ;

(സി) ഇത്തരത്തിൽ തീർപ്പാക്കാത്ത ഫയലുകളിൽ ജോലിയിൽനിന്ന് വിരമിച്ചിട്ട് വർഷങ്ങളായവരുടെ ഫയലുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ എം.എച്ച് സെക്ഷനിൽ 8 റീ-ഇമ്പേഴ്സ്മെന്റ് ബില്ലുകളും എം.ആർ സെക്ഷനിൽ 1319 ബില്ലുകളും തീർപ്പാക്കാനുണ്ട്.

(ബി) 21

(സി) ഫയലുകൾ പരിശോധനയ്ക്കായി എടുക്കുമ്പോൾ ശ്രദ്ധയിൽപ്പെടാറുണ്ട്.

(ഡി) ഈ ഫയലുകൾ മുൻഗണന നൽകി അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## അവയവദാനം

355(361) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവദാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഓൺലൈൻ രജിസ്ട്രി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ രജിസ്ട്രിയിൽ പേരു ചേർക്കാൻ എന്തൊക്കെ നിബന്ധനകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) രക്തബന്ധമില്ലാത്തവർക്കും അവയവം നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്കായി സർക്കാരിന്റെ മരണാനന്തര അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി'യുടെ കീഴിൽ 'www.knos.org.in' എന്ന പേരിൽ ഒരു ഓൺലൈൻ രജിസ്ട്രി നിലവിലുണ്ട്. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ട് വരുന്നവർക്കും സ്വാപ്പ് ഡൊണേഷനും വേണ്ടി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ മുഖാന്തിരം പുതിയ വെബ് രജിസ്ട്രി വികസിപ്പിച്ചുവരുന്നു.

(ബി) മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്ക് 'മൃതസഞ്ജീവനി' പദ്ധതി മുഖാന്തിരം അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകരാ തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിനു മുന്നോട്ട് വരുന്നവർക്കും സ്വാപ്പ് ഡൊണേഷന് വേണ്ടിയും നിലവിൽ വരുന്ന പുതിയ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗരേഖകൾ 15.02.2018 ലെ സ.ഉ. (കൈ) നം. 26/2018 ആകുവ നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നവർക്ക് രജിസ്ട്രിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

1. നിയമപ്രകാരം സമ്മതപത്രം നൽകാൻ കഴിയുന്ന പ്രായപൂർത്തിയായ വ്യക്തിയായിരിക്കണം.
2. കാര്യങ്ങൾ അവലോകനം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും പ്രാപ്തനായിരിക്കണം.
3. ശസ്ത്രക്രിയയെത്തുടർന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, തുടർന്നുള്ള പരിണിത ഫലങ്ങൾ എന്നിവയെക്കുറിച്ച് ബോധ്യപ്പെടുത്തേണ്ടതും ആയത് മനസ്സിലാക്കാൻ കഴിയുന്ന വ്യക്തിയും ആയിരിക്കണം.
4. ശാരീരികമായും മാനസികമായും ആരോഗ്യവാനായിരിക്കണം.

(സി) ഉണ്ട്. സ.ഉ. (കൈ) നമ്പർ 26/2018/ആ.കു.വ. 15-2-2018 ലെ ഉത്തരവ് പ്രകാരം രക്തഗ്രൂപ്പ് ചേരാത്ത സാഹചര്യത്തിൽ രക്തബന്ധമില്ലാത്തവരിൽ നിന്നും സ്വാപ്പ് ഡൊണേഷൻ വഴി അവയവം സ്വീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്വാപ്പ് ഡൊണേഷൻ വഴി അവയവക്കൈമാറ്റം നടത്തുന്നതിന് ബന്ധപ്പെട്ട ജില്ലാതല ആതറൈസേഷൻ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

## സ്റ്റേറ്റ് ന്യൂട്രീഷൻ ബ്യൂറോ മേധാവി നിയമനം

356(362) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ന്യൂട്രീഷൻ ബ്യൂറോ (എസ്.എൻ.ബി.)-യുടെ ഓഫീസ് മേധാവിയായ ചീഫ് സയന്റിഫിക് ഓഫീസറുടെ(ന്യൂട്രീഷൻ) തസ്തികയിൽ ഇപ്പോൾ ആരെയാണ് നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ലെങ്കിൽ സ്റ്റേറ്റ് ന്യൂട്രീഷൻ ബ്യൂറോയുടെ ചാർജ് ഏത് ഓഫീസർക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ചീഫ് സയന്റിഫിക് ഓഫീസറുടെ (സി.എസ്.ഒ.) ചാർജ് പ്രസ്തുത ഓഫീസിൽ തന്നെയുള്ള ജൂനിയർ സയന്റിഫിക് ഓഫീസർക്ക് (ജെ.എസ്.ഒ) നൽകാതെ പ്രസ്തുത ഓഫീസിന്റെ പരിധിയിൽ വരാത്ത ഓഫീസർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചീഫ് സയന്റിഫിക് ഓഫീസർ തസ്തികയിൽ ഇപ്പോൾ ആരെയും നിയമിച്ചിട്ടില്ല.

(ബി) നിലവിൽ സ്റ്റേറ്റ് ന്യൂട്രീഷൻ ബ്യൂറോയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ചാർജ് വഹിക്കുന്നത് സീനിയർ മോസ്റ്റ് സീനിയർ ഗ്രേഡ് ഡയറ്റീഷ്യൻ ആയ ശ്രീമതി എസ്. താരകുമാരിയാണ്.

(സി) പ്രസ്തുത ഓഫീസിന്റെ പരിധിയിൽ വരാത്ത ഓഫീസർക്ക് ചാർജ്ജ് നൽകിയിട്ടില്ല.

## പകർച്ചപ്പനി

357(363) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് എലിപ്പനി, ഡെങ്കി, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, നിപാ പനി എന്നിവ എത്രപേർക്ക ബാധിച്ചുവെന്നും ഈ രോഗങ്ങൾകാരണം മരണപ്പെട്ടവർ എത്രയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ കേട്ടിട്ടില്ലാത്ത വൈറൽ രോഗങ്ങൾ കേരളത്തിലേക്കെത്തുമ്പോൾ അവയെ കണ്ടെത്താനും നേരിടാനും ഒരുക്കിയ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മികച്ച സൗകര്യങ്ങളുള്ള എത്ര വൈറോളജി ലാബുകൾ കേരളത്തിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ മെഡിക്കൽ കോളേജുകൾക്കായി ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ എത്ര ഫണ്ടാണ് അനുവദിച്ചതെന്നും, ഏതാവശ്യത്തിനാണ ഫണ്ടെന്നും, ഈ ഫണ്ട് വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ബി) ആരോഗ്യ വകുപ്പിന് കീഴിലുള്ള IDSP സംവിധാനം പകർച്ചവ്യാധികൾ നേരത്തേ കണ്ടെത്തി ആവശ്യമായ പ്രതിരോധ നടപടികൾ കൈക്കൊള്ളാനായി നടപ്പിലുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 2006 മുതൽ ഈ പദ്ധതി കേരളത്തിൽ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ഏതൊരു രോഗവും സംസ്ഥാനത്തിന്റെ നഗരഗ്രാമ പ്രദേശങ്ങളിൽ സംഭവിക്കുമ്പോൾ അതത് പ്രദേശത്തെ ആരോഗ്യ പ്രവർത്തകരുടേയും സർക്കാർ-സ്വകാര്യ ആശുപത്രികളുടെയും വിവിധതരം രോഗപരിശോധനാ ലാബുകളിൽ കൂടെയും ദിനംപ്രതി രോഗസംബന്ധമായ വിവരങ്ങൾ ജില്ലാ സർവൈലൻസ് യൂണിറ്റിലേയ്ക്കും (SSU) പിന്നീട് കേന്ദ്ര സർവൈലൻസ് യൂണിറ്റിലേയ്ക്കും (CSU) സമയബന്ധിതമായി അറിയിക്കാനുള്ള സംവിധാനം ലഭ്യമാണ്. 1075 എന്ന ടോൾഫ്രീ നമ്പരിൽ കൂടി പൊതുജനങ്ങൾക്ക് എവിടെനിന്നും ഈ നിരീക്ഷണ ശൃംഖലയിലേയ്ക്ക് വിവരങ്ങൾ അറിയിക്കാനുള്ള സംവിധാനവും കേന്ദ്ര തലത്തിൽ നിലവിലുണ്ട്.

(സി) കേരളത്തിലെ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലും പൂണെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലപ്പുഴ യൂണിറ്റിലും മികച്ച വൈറോളജി ലാബ് സൗകര്യങ്ങൾ ലഭ്യമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ തിരുവനന്തപുരത്തുള്ള രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിലും വൈറോളജി ടെസ്റ്റുകൾക്കുള്ള സൗകര്യം ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി & ഇ) കോഴിക്കോട് മെഡിക്കൽ കോളേജിൽ MRU പ്രോജക്ടിനായി 1-10-2013-ന് 1.25 കോടി രൂപയും 1-10-2014-ന് 2.34 കോടി രൂപയും 25-1-2018 ന് 5,92,793 രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ 3.25 കോടി രൂപ non recurring expenditure ആയും 39,92,793 രൂപ recurring expenditure ആയുമായാണ് അനുവദിച്ചത്. ജനിതക തകരാർ മൂലമുള്ള കാൻസർ, ശിശുരോഗങ്ങൾ, മറ്റു സാംക്രമിക രോഗങ്ങൾ എന്നിവയുടെ നിർണ്ണയത്തിനും ചികിത്സയ്ക്കും സഹായകരമായ ആധുനിക മോളിക്യൂലാർ ഗവേഷണ സൗകര്യം എം.ആർ.യു.-വിൽ ഇന്ന് ലഭ്യമാണ്. 2017-ൽ ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സെർബ് എന്ന ഗവേഷണ ഏജൻസിയിൽനിന്നും കുട്ടികളുടെ പ്രാഥമിക രോഗപ്രതിരോധ വൈകല്യങ്ങളെക്കുറിച്ചും സ്ത്രീകളിലെ എൻഡോമെട്രിക് കാൻസറിനെക്കുറിച്ചുമുള്ള മോളിക്യൂലാർ പഠനത്തിനായി ഏകദേശം 76 ലക്ഷം രൂപ ഗവേഷണ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ ഗവേഷണ പഠനത്തിന്റെ ഭാഗമായി ഇപ്പോൾ മലബാറിൽ തന്നെ ലഭ്യമല്ലാത്ത പല അത്യാധുനിക ടെസ്റ്റുകളും മെഡിക്കൽ കോളേജിൽ ലഭ്യമാക്കുവാൻ സാധിക്കുകയും ഇത് രോഗികളുടെ മെച്ചപ്പെട്ട ചികിത്സയ്ക്ക് പ്രയോജനപ്പെടുത്തുവാനും കഴിയുന്നു. അതുപോലെതന്നെ അവയവ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് അനിവാര്യമായ എച്ച്.എൻ.എ. ടൈപ്പിംഗ് മുതലായ സങ്കീർണ്ണമായ പരിശോധനകൾ ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുക്കുന്നതുവഴി രോഗികൾക്ക് ഇപ്പോൾ സ്വകാര്യ ലാബുകളിൽ ഭീമമായ തുക ചെലവഴിച്ച് നടത്തേണ്ട ടെസ്റ്റുകൾ മെഡിക്കൽ കോളേജിൽ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാൻ സാധിക്കും. മുന്തിരിക്കുല ഗർഭം കാൻസറാകാനുള്ള സാധ്യത കണ്ടെത്താനുള്ള പഠനം, നവജാത ശിശുക്കളിലെ വിറ്റാമിൻ ഡി യുടെ കുറവും അതുമൂലമുള്ള അസുഖങ്ങളും കാൻസറിന് കാരണമായ മൂലകോശങ്ങളുടെ ജനിതക പഠനം, കുഷ്ഠരോഗികളെ രോഗത്തിന്റെ തീവ്രത അനുസരിച്ച് തരം തിരിക്കാനുള്ള പ്രോട്ടീൻ മാർക്കറുകൾ, ക്രോണിക് മൈലോയിഡ് ലൂക്കീമിയ, ശ്വാസകോശ അർബുദം, സ്തനാർബുദം എന്നിവയിലെ മോളിക്യൂലാർ പഠനം തുടങ്ങിയവ MRU-വിൽ നടത്തിവരുന്ന ഗവേഷണങ്ങളിൽ ചിലതാണ്. ഈ പഠനങ്ങളുടെ ഫലം രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാൻ സഹായകരമാണ്. ഐക്യരാഷ്ട്ര സംഘടനയുടെ വേൾഡ് ഫുഡ് പ്രോഗ്രാമിന്റെയും കേരള സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടുകൂടി കേരളത്തിലെ കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടിയുള്ള പഠനം എം.ആർ.യു.-വിലെ ഗവേഷണ സൗകര്യത്താൽ വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചു. കൂടാതെ മെഡിക്കൽ/ദന്തൽ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട പ്രബന്ധം സമർപ്പിക്കുന്നതിന് ആവശ്യമായ ഗവേഷണ സൗകര്യം എം.ആർ.യു.-വിൽ ലഭ്യമാക്കുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക്സ് വകുപ്പിന്റെ Multicentric Collabrative study of the Clinical Biochemical and Molecular Characterization by Lisosomal Storage Disorders in India എന്ന പഠന വിഷയത്തിനായി 23,43,200 രൂപ(ഇരുപത്തി മൂന്ന് ലക്ഷത്തി നാൽപത്തി മൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നന്നുവരുന്നു. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. എൻഡോക്രൈനോളജി വകുപ്പിന്റെ ICMR Multicentre PCOS Taskforce Study എന്ന പഠന വിഷയത്തിനായി ആദ്യത്തെ വർഷത്തേയ്ക്ക് 11,46,050 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 5,73,025 രൂപ (അഞ്ചു ലക്ഷത്തി എഴുപത്തി മൂവായിരത്തി ഇരുപത്തഞ്ച് രൂപ മാത്രം) ആദ്യ ഇൻസ്റ്റാൾമെന്റായി ലഭിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗിച്ചു കൊണ്ടിരിക്കുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രസ്തുത ഫണ്ട് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ തൈറോയിഡ് രോഗസംബന്ധമായ പഠനത്തിനുവേണ്ടി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അത് വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിന് ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് ഫണ്ട് നേരിട്ട് അനുവദിച്ചിട്ടില്ല. എന്നാൽ ഇൻസ്റ്റിറ്റ്യൂഷണൽ റിസർച്ച് കമ്മിറ്റിയുടെ കീഴിലുള്ള സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ചിന് സ്റ്റേറ്റ് പ്ലാൻ ഹെഡിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ എസ്.ബി.എം.ആർ.-ന് സ്റ്റേറ്റ് പ്ലാൻ ഹെഡിൽ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**തേർത്തല്ലി, ഉദയഗിരി കുടുംബക്ഷേമ കേന്ദ്രങ്ങൾ**

358(364) <u>ശ്രീ. കെ. സി. ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തേർത്തല്ലി, ഉദയഗിരി കുടുംബക്ഷേമ കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തസ്തികകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) അനുവദിച്ച തസ്തികകളിൽ ഏതിലെല്ലാം ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ തേർത്തല്ലി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. ഉദയഗിരി പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(സി) തേർത്തല്ലി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല. ഉദയഗിരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II, പബ്ലിക് ഹെൽത്ത് നഴ്സ്, പാർട്ട് ടൈം സ്വീപ്പർ എന്നിവയുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്.

## എം.ബി.ബി.എസ്. പ്രവേശനം

359(365) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കരുണ മെഡിക്കൽ കോളേജുകളിൽ 2016-17 ൽ ക്രമവിരുദ്ധമായി എം.ബി.ബി.എസ്.-ന് പ്രവേശനം ലഭിച്ച 180 വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിന് പുറപ്പെടുവിച്ച ഓർഡിനൻസ് കോടതി അലക്ഷ്യമാണെന്ന് സുപ്രീംകോടതി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ ഓർഡിനൻസിന് നിയമപ്രാബല്യം നൽകുന്നതിന് നിയമസഭ പാസ്സാക്കിയ ബില്ലിന് ഗവർണർ അനുമതി നിഷേധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും മേൽനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഗവർണറുടെ അനുമതി ലഭ്യമായിട്ടില്ല.

(സി) ഓർഡിനൻസിന്റെ ഭരണഘടനാപരമായ നിയമസാധുത സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ഇക്കാര്യത്തിൽ തൽക്കാലം തുടർനടപടി സ്വീകരിച്ചിട്ടില്ല.

## പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്

360(366) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജതജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ പുതുതായി ഏതൊക്കെ പി.ജി.കോഴ്സുകൾക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത കോഴ്സുകൾ ഈ വർഷംതന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. രജതജൂബിലി ആഘോഷിക്കുന്ന കണ്ണൂർ സർക്കാർ ആയുർവ്വേദ കോളേജിൽ സർക്കാരിന്റെ ജി.ഒ.(എം.എസ്.) 32/2017/30-10-2017-ലെ ആയുഷ്, ഉത്തരവ് പ്രകാരം ആയുഷ് മന്ത്രാലയത്തിന്റെയും കേരളാ ആരോഗ്യ സർവ്വകലാശാലയുടെയും അനുമതിക്ക് വിധേയമായി ശല്യതന്ത്ര, ശാലാക്യതന്ത്ര, രസശാസ്ത്ര & ഭൈഷജ്യ കൽപ്പന എന്നീ മൂന്ന് വിഷയങ്ങളിൽ 5 സീറ്റുകൾ വീതമുള്ള പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും ക്രിയാശരീര, രോഗനിദാന എന്നീ വിഷയങ്ങളിൽ നിലവിലുള്ള പി.ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം 5-ൽനിന്നും 7 സീറ്റാക്കി വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കേരള സർക്കാരിൽനിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രവും കേരള ആരോഗ്യ സർവ്വകലാശാലയിൽനിന്ന് ശല്യതന്ത്ര, ശാലാക്യതന്ത്ര, രസശാസ്ത്ര & ഭൈഷജ്യ കൽപ്പന എന്നീ മൂന്ന് വിഷയങ്ങളിൽ 5 സീറ്റുകൾ വീതമുള്ള പി.ജി. കോഴ്സുകൾ തുടങ്ങുന്നതിനും ക്രിയാശരീര, രോഗനിദാന വിഷയങ്ങളിൽ വർദ്ധിപ്പിച്ച 2 സീറ്റുകൾക്കും കൺസന്റ് ഓഫ് അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെയാണ് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത്, പ്രസ്തുത കാലയളവിൽ അപേക്ഷ സമർപ്പിക്കുന്നതാണ്. അപേക്ഷയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആയുഷ് മന്ത്രാലയം അനുമതി നൽകുന്ന മുറയ്ക്ക് പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനും വർദ്ധിപ്പിച്ച പി.ജി. കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിനും സാധിക്കുന്നതാണ്.

## പരിയാരം മെഡിക്കൽ കോളേജ്

361(367) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പരിയാരം മെഡിക്കൽ കോളേജിന് നിലവിൽ എന്ത് ബാദ്ധ്യതയാണ് ഉള്ളത്; അത് പൂർണ്ണതോതിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(സി) സർക്കാർ ഏറ്റെടുത്തിട്ടും പ്രസ്തുത മെഡിക്കൽ കോളേജിൽ രോഗികൾക്ക് സൗജന്യ ചികിത്സ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളേജിൽ എം.ബി.ബി.എസ്., പി.ജി. കോഴ്സുകൾക്ക് വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസ് സർക്കാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്നതിന് തുല്യമാണോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഇ) പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജിലെ ഫീസ് ഏർപ്പെടുത്തുന്നതിനും രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആകെ ബാദ്ധ്യതയായുണ്ടായിരുന്ന 586,13,02,508(അഞ്ഞൂറ്റി എൺപത്തിയാറ് കോടി പതിമൂന്ന് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റിയെട്ട്) രൂപയിൽ ഹഡ്കോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക ഇനത്തിൽ സർക്കാർ ഏറ്റെടുത്ത ബാദ്ധ്യതയായ 279,23,02,508 (ഇരുന്നൂറ്റി എഴുപത്തി ഒൻപത് കോടി ഇരുപത്തി മൂന്നുലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റിയെട്ട്) രൂപയും സർക്കാർ ധനസഹായം നൽകിയ വകയിലുള്ള 189 കോടി 10 ലക്ഷം രൂപയും ഒഴിച്ച് നിർത്തിയാൽ 117.8 കോടി രൂപയുടെ ബാധ്യതയാണ് അവശേഷിക്കുന്നതായി കണക്കാക്കിയിട്ടുള്ളത്. ഇതിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന് നൽകുവാനുള്ള 110 കോടി രൂപ ഒറ്റ തവണ തീർപ്പാക്കുന്നതിനായുള്ള സാധ്യതകളാണ് പരിശോധിക്കുന്നത്.

(സി - ഇ) അക്കാദമി ഓഫ് മെഡിക്കൽ സയൻസ് പരിയാരം, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്ത് ബോർഡ് ഓഫ് കൺട്രോളിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. പരിയാരം മെഡിക്കൽ കോളേജിന്റെ ചികിത്സാ ചെലവ്, വിദ്യാർത്ഥികളുടെ ഫീസ് നിരക്ക് എന്നിവയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അഞ്ചംഗ സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റുകൾ

362(368) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സർക്കാർ മെറിറ്റ് സീറ്റുകൾ എത്രയാണ്എന്നറിയിക്കാമോ ;

(ബി) ഈ മെരിറ്റ് സീറ്റുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് ഒരു വർഷത്തേക്ക് ഈടാക്കുന്ന ഫീസ് എത്രയാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മാനേജ്മെന്റ് സീറ്റുകൾ എത്രയാണ്; ഇതിൽ ഈടാക്കുന്ന ഫീസിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) കോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്വാശ്രയ മാനേജ്മെന്റുകളുമായി കരാറിലേർപ്പെടാൻ കഴിയില്ലെന്നതിനാൽ സർക്കാർ മെരിറ്റ് സീറ്റുകൾ, മാനേജ്മെന്റ് സീറ്റുകൾ എന്ന വേർതിരിവ് സാധ്യമല്ല.

ന്യൂനപക്ഷ പദവിയില്ലാത്ത സ്ഥാപനങ്ങളിൽ 85% പൊതുവിഭാഗം, 15% NRI വിഭാഗം എന്നിങ്ങനെയാണ് പ്രവേശനം നടത്തുന്നത്. അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച 2018-19 വർഷത്തെ ഫീസ് ഘടന അനുബന്ധമായി നൽകിയിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലക്കാട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം

363(369) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, മഞ്ചേരി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ 2018-19 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തടഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) പാലക്കാട് മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം മെഡിക്കൽ കൗൺസിൽ തടഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറവുകൾ പരിഹരിക്കാമെന്ന സർക്കാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പിന്നീട് അനുമതി ലഭിച്ചുവോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുറവുകൾ പരിഹരിക്കുന്നതിലുണ്ടായ വീഴ്ച, ഈ വർഷത്തെ പ്രവേശനം തടയുവാൻ കാരണമായിട്ടുണ്ടോ;

(ഡി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് പ്രസ്തുത കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനത്തിന് അനുമതി തേടുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

### ഉത്തരം

(എ) പാലക്കാട് മെഡിക്കൽ കോളേജിൽ 2018-19 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനാനുമതി അദ്ധ്യാപക ജീവനക്കാരുടെ കുറവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ലഭ്യമാക്കിയിട്ടില്ല. എന്നാൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ 100 എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിബന്ധനകൾക്കുവിധേയമായി അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കുറവുകൾ പരിഹരിക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽനിന്നും മരുന്ന് കടത്ത്

364(370) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ മെഡിക്കൽ സ്റ്റോറുകളിൽനിന്നും സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് വൻതോതിൽ മരുന്നുകൾ കടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം, നിർദ്ധനരായ രോഗികൾക്ക് അവശ്യമരുന്നുകൾ ലഭിക്കാതെ വരുന്ന സാഹചര്യം പരിശോധിക്കുമോ;

(സി) ഇത്തരം മരുന്ന് കടത്ത് തടയുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ - സി) ഇല്ല. അവശ്യമരുന്നുകളുടേയും വിലകൂടിയ മരുന്നുകളുടേയും സംഭരണവും വിതരണവും ദൈനംദിനം നിരീക്ഷിക്കുകയും നിശ്ചിത കാലയളവിൽ അവലോകനം ചെയ്യുകയും ചെയ്തു വരുന്നതിനാൽ സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് മരുന്ന് കടത്തുന്നതിനുള്ള സാഹചര്യം നിലവിലില്ല. കൂടാതെ ഓരോ വർഷവും വാർഷിക കണക്കെടുപ്പ് നടത്തി വ്യതിയാനമുള്ളത് അനുബന്ധ വിഭാഗത്തിൽ അറിയിക്കുന്നതിനുള്ള ഒരു സംവിധാനവും നിലവിലുണ്ട്.

നിർദ്ധനരായ രോഗികൾ ഉൾപ്പെടെയുള്ളവർക്ക് യാതൊരു തടസ്സവും കൂടാതെ മരുന്നുകൾ ഡിപ്പോകളിൽ സംഭരിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിതരണം ചെയ്തുവരുന്നുണ്ട്.

## അലോപ്പതി മരുന്നുകളും വാക്സിനുകളും ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ

365(371) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ അലോപ്പതി മരുന്നുകളും വാക്സിനുകളും ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഏതെല്ലാം മരുന്നുകളും വാക്സിനുകളുമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ആലപ്പുഴയിലുള്ള കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനം അലോപ്പതി മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ വാക്സിനുകൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളൊന്നും തന്നെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലില്ല.

(ബി) ബീറ്റാലാക്ടം, നോൺ ബീറ്റാലാക്ടം വിഭാഗങ്ങളിൽപ്പെടുന്ന ആന്റിബയോട്ടിക്കുകളും (ടാബ്ലെറ്റ്സ്, ക്യാപ്സ്യൂൾസ്, ഡ്രൈ പൗഡർ ഫോർ ഓറൽ സസ്പെൻഷൻസ്), നോൺ ബീറ്റാലാക്ടം വിഭാഗത്തിൽപ്പെടുന്ന അനാൾജെസിക്, ആന്റി ഇൻഫ്ലമേറ്ററി, അന്റാസിഡ്, ആന്റി ഡയേറിയൽ, ആന്റി ഹൈപ്പർ ടെൻസീവ്, ആന്റി എപിലപ്റ്റിക്, ആന്റിമലേറിയൽ, വൈറ്റമിൻ/മൾട്ടി വൈറ്റമിൻ, സ്റ്റിറോയിഡ്, ആന്റിഹിസ്റ്റമെനിക്, ഇമ്മ്യൂണോ സപ്രസന്റ്, ആന്റി റ്റി.ബി., ആന്റി ലെപ്രൊട്ടിക്, ആന്റി ആസ്മാറ്റിക് എന്നീ വിഭാഗങ്ങളിലുള്ള മരുന്നുകളും നിർമ്മിക്കുന്നതിനുള്ള അനുമതി ഡ്രഗ്സ് കൺട്രോൾ വകുപ്പ് കെ.എസ്.ഡി.പി.-യ്ക്ക് നൽകിയിട്ടുണ്ട്.

**ക്യാൻസർ രോഗികൾക്കുള്ള മരുന്നുകൾ**

366(372) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾക്കുള്ള മരുന്നിന്റെ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് കുറഞ്ഞ ചെലവിൽ ആവശ്യമായ മരുന്ന് ഉൽപ്പാദിപ്പിക്കുവാൻ കെ.എസ്.ഡി.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഏങ്കിൽ ഏതൊക്കെ മരുന്നുകളാണ് ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇവ ഓരോന്നിനും നിലവിലുള്ള മാർക്കറ്റ് വില എത്രയാണ്;

(ബി) പ്രസ്തുത മരുന്നുകൾ കെ.എസ്.ഡി.പി. വഴി ഉൽപ്പാദിപ്പിക്കുമ്പോൾ മാർക്കറ്റ് വിലയെക്കാൾ എത്ര ശതമാനം വരെ വിലകുറച്ച് രോഗികൾക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ഡി.പി. വഴി ഉൽപ്പാദനം നടത്തുന്ന ഈ മരുന്നുകൾ പൊതുവിപണിയിൽ വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധചെലുത്തുമോ?

<u>ഉത്തരം</u>

(എ) ക്യാൻസർ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഡി.പി.യ്ക്ക് പ്രാഥമികമായി 2018-19-ലെ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്യാൻസർ രോഗികൾ കൂടുതലായി ഉപയോഗിക്കുന്നതും പേറ്റന്റ് കാലാവധി കഴിഞ്ഞതുമായ മരുന്നുകളാണ് ഇവിടെ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ക്യാൻസർ മരുന്നുകൾ നിലവിലെ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുവാൻ സാധിക്കുന്നതാണ്. വിശദാംശങ്ങൾ ഉല്പാദനം നടക്കുന്ന മുറയ്ക്ക് തീരുമാനിക്കുന്നതാണ്.

(സി) കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന ക്യാൻസർ മരുന്നുകൾ പൊതുവിപണിയിൽ ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഇത്തരം മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ചെയ്യുന്നതാണ്.

**പുതിയ ഹോമിയോ ഡിസ്പെൻസറികൾ**

367(373) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ ഡിസ്പെൻസറികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പുതുതായി അനുവദിച്ച ഡിസ്പെൻസറികൾ ഏതെല്ലാമാണെന്നും ഇതിൽ ഏതെല്ലാം ഡിസ്പെൻസറികളുടെ പ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 10 പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പുതുതായി അനുവദിച്ച ഡിസ്പെൻസറികളുടെ പട്ടിക ചുവടെ ചേർക്കുന്നു. ടി ഡിസ്പെൻസറികളിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പുതിയ ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

| ക്രമ നമ്പർ | പഞ്ചായത്ത് | ജില്ല |
|---|---|---|
| 1 | പെരിങ്ങളം | കണ്ണൂർ |
| 2 | വളപ്പട്ടണം | |
| 3 | കാറളം | തൃശ്ശൂർ |
| 4 | താന്ന്യം | |
| 5 | ചൊവ്വന്നൂർ | |
| 6 | പറപ്പൂക്കര | |
| 7 | ഒഴൂർ | മലപ്പുറം |
| 8 | മുണ്ടൂർ | പാലക്കാട് |
| 9 | നെല്ലിയാമ്പതി | |
| 10 | തേങ്കുറിശ്ശി | |

**മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി**

368(374) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ വാർഷിക പദ്ധതി പ്രകാരം ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്ന പട്ടികയിൽനിന്നും മങ്കട ഗ്രാമപഞ്ചായത്ത് ഒഴിവായതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള അനുമതി നൽകാമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം 10 ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഇനി ഡിസ്പെൻസറികൾ ആരംഭിക്കുവാനുള്ള പട്ടികയിൽ മങ്കട ഗ്രാമപഞ്ചായത്തിന്റെ പേര് ഉൾപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക കാരണത്താൽ അല്ല മങ്കടയെ പുതുതായി ആരംഭിച്ച പട്ടികയിൽ ഉൾപ്പെടുത്താതിരുന്നത്. 2018-19 സാമ്പത്തിക വർഷം പുതുതായി ഡിസ്പെൻസറികൾ ആരംഭിക്കുന്ന അവസരത്തിൽ മങ്കട ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള മറ്റ് പഞ്ചായത്തുകളുടെ വിഷയം പരിശോധിക്കുന്നതാണ്.

## മാവേലിക്കര ആയുർവ്വേദാശുപത്രി

369(375) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ആയുർവ്വേദാശുപത്രിയെ താലൂക്ക് ആയുർവ്വേദാശുപത്രിയായി ഉയർത്തുന്നതിനും ആയുർവ്വേദ തെറാപ്പിസ്റ്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും ചികിത്സാ നിലവാരം ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയുർവ്വേദ ആശുപത്രിയുടെ നവീകരണത്തിനായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) മാവേലിക്കര ആയുർവ്വേദ ആശുപത്രിയുടെ നവീകരണത്തിനായി 2017-18 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽനിന്ന് 2,56,800 (രണ്ട് ലക്ഷത്തി അൻപത്തിയാറായിരത്തി എണ്ണൂറ് രൂപാ മാത്രം) അനുവദിച്ചിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷത്തെ നഗരസഭാ ഫണ്ടും കൂടെ ചേർത്ത് ആകെ 10,00,000(പത്ത് ലക്ഷം രൂപാ മാത്രം) അറ്റകുറ്റ പണികൾക്കും കിഴിമുറിയുടെ നിർമ്മാണത്തിനുമായി അനുവദിച്ചിട്ടുണ്ട്. അനുമതി ലഭ്യമായിട്ടുള്ള പ്രസ്തുത പദ്ധതി നടത്തിപ്പിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വനിത ശിശുവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

370(376) ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. എസ്.രാജേന്ദ്രൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച വനിതാ ശിശുവികസന വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനും ശാക്തീകരണത്തിനുമായി നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ജോലി സംബന്ധമായി നഗരങ്ങളിൽ ഒറ്റയ്ക്ക് താമസിക്കുകയോ യാത്രചെയ്യുകയോ ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ്; കൈത്താങ്ങ് കർമസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) ട്രാൻസ്ജെൻഡറുകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതാ ശിശു വികസന വകുപ്പ് മുഖേന താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. അഭയകിരണം - നിരാലംബരായ വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഒരംഗത്തിന് നിബന്ധനകൾക്ക് വിധേയമായി 1,000 രൂപ പ്രതിമാസം ധനസഹായം നൽകുന്നു.

2. കൈത്താങ്ങ് പദ്ധതി - സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി കൈത്താങ്ങ് എന്നൊരു കർമ്മസേന രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

3. വൺ ഡേ ഹോം - വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാനത്ത് തനിച്ച് എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസസൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ വൺ ഡേ ഹോം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീ ശാക്തീകരണത്തിനും നിയമാവബോധം വളർത്തുന്നതിനുമായി 'സധൈര്യം മുന്നോട്ട്' എന്ന പേരിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

4. മംഗല്യ പദ്ധതി - പുനർ വിവാഹ ധനസഹായ പദ്ധതി പ്രകാരം സാധുക്കളായ വിധവകളുടെ പുനർവിവാഹത്തിന് 25,000 രൂപ നൽകുന്നു. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു.

5. ലൈംഗിക ചൂഷണം തടയാൻ ഇരകളെ മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി 'ഉജ്ജ്വല സ്കീം'.

6. ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ തുടങ്ങിയവരെ പുനരധിവസിപ്പിക്കുന്നതിനുള്ള 'സ്വാധാർ ഗേഹ പദ്ധതി'.

7. ഗാർഹിക പീഡന നിരോധന നിയമം 26-10-2006-ൽ നിലവിൽ വന്ന സംസ്ഥാനത്ത് ടി നിയമം വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖേന നടപ്പിലാക്കിവരുന്നു.

8. സ്ത്രീധന നിരോധന നിയമം സംബന്ധിച്ച ബോധവൽക്കരണ പരിപാടി 2017-18 മുതൽ നടപ്പിലാക്കുന്നു.

9. കൗമാരക്കാരായ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാനത്തെ 163 സ്കൂളുകളിൽ കേന്ദ്ര സർക്കാർ പദ്ധതിയായി 'കിശോരി ശക്തി യോജന' നടപ്പിലാക്കുന്നു.

10. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യം നേടാൻ ഉപയുക്തമാക്കുന്നതിനുമായി പ്രധാനമന്ത്രി മാതൃവന്ദനാ യോജന പദ്ധതി.

11. കുട്ടികളുടെ പോഷണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നാഷണൽ ന്യൂട്രിഷൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചു.

12. ജാതക്-ജനനി പദ്ധതി - പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിലേയ്ക്കായി ഐ.സി.ഡി.എസ്. മുഖേന നടപ്പിലാക്കിവരുന്ന തുടർ പദ്ധതി. Schemes for adolescent girls എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 11 മുതൽ 18 വയസ്സുവരെയുള്ള പെൺകുട്ടികൾക്കായി കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലായി നടത്തിവരുന്നു.

13. അനുപൂരക പോഷണ പദ്ധതി, പ്രീ-സ്കൂൾ കിറ്റ്, മെഡിക്കൽ കിറ്റ് എന്നിവയുടെ വിതരണം തുടങ്ങിയവ അംഗൻവാടികൾ മുഖേന നടപ്പിലാക്കിവരുന്നു.

14. രാജ്യത്ത് ആൺ-പെൺ കുട്ടികളുടെ അനുപാതം കുറഞ്ഞുവരുന്നതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിവരുന്ന 'ബേട്ടി ബചാവോ ബേട്ടി പഠാവോ' പദ്ധതി.

15. കുട്ടികളുടെ സംരക്ഷണത്തിനായി 571 ക്രഷുകൾ പ്രവർത്തിക്കുന്നു.

16. 18 വയസ്സിനുതാഴെ പ്രായമായ കുട്ടികൾക്കുണ്ടാകുന്ന ഗുരുതര രോഗചികിത്സയ്ക്കായി 'താലോലം' എന്നൊരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

17. ടൈപ്പ് 1 പ്രമേഹ രോഗം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യസുരക്ഷാ മിഷൻ 'മിഠായി' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

18. സംസ്ഥാനത്ത് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'കാവൽ'.

19. വിഷമകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികളുടെ Vulnerability Mapping തിരുവനന്തപുരത്ത് വിളപ്പിൽ പഞ്ചായത്തിലും മലപ്പുറം ജില്ലയിലെ കോഡൂർ പഞ്ചായത്തിലും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

20. സ്വന്തം കുടുംബത്തിൽ കുട്ടികളെ വളർത്താൻ കഴിയാത്ത മാതാപിതാക്കൾ അവരെ താല്പര്യമുള്ള മറ്റ് കുടുംബങ്ങളിൽ നിശ്ചിതകാലയളവിലേയ്ക്ക് താമസിപ്പിച്ച് വളർത്തുന്ന പരിപാടിയാണ് വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി.

21. അനാരോഗ്യപരമായ സ്വഭാവദൂഷ്യങ്ങളിലേയ്ക്ക് നയിക്കാവുന്ന സാഹചര്യങ്ങളിൽനിന്നും കുട്ടികളെ ഫലപ്രദമായി സംരക്ഷിക്കുന്നതിനും ആശ്വാസകരമല്ലാത്ത സ്വഭാവ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് കൗൺസിലിംഗ്, മെന്ററിംഗ്, വിദഗ്ദ്ധ പരിചരണം എന്നിവ നൽകുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC).

22. സമൂഹത്തിലെ നാനാവിഭാഗത്തിൽപ്പെടുന്ന സ്ത്രീജന വിഭാഗങ്ങളെ സമസ്ത മണ്ഡലങ്ങളിലും മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:- സ്നേഹസംഗമം, ഗാർഹിക പീഡനത്തിനിരയായവരുടെ ഷെൽട്ടർ ഹോമുകൾ, ഗാർഹിക പീഡനത്തിനിരയായവർക്കുള്ള നിയമസേവന കേന്ദ്രങ്ങൾ, സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള നിയമബോധവൽക്കരണ പരിപാടി, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിന് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമ ബോധവൽക്കരണം നൽകുന്ന 'ശ്രദ്ധ' പദ്ധതി.

നിർഭയസെൽ മുഖേന ഷെൽട്ടർ ഹോം ഇല്ലാത്ത കണ്ണൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കൊല്ലം ജില്ലയിൽ പുതിയ ഷെൽട്ടർ ഹോം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ ചെറുക്കുന്നതിനായി ബോധവൽക്കരണം നടത്തുന്നതിനു വേണ്ടി പരിശീലകർക്കുള്ള പരിപാടിയും ഹാന്റ്ബുക്കും തയ്യാറാക്കി വരുന്നു. പൊതുയിടങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി റേഡിയോ വഴിയും റെയിൽവേ സ്റ്റേഷൻ, കെ.എസ്.ആർ.ടി.സി, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലും പരസ്യ പ്രചരണം നടത്തിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം മുതൽ കേരള വനിതാ കമ്മീഷൻ വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാർക്ക് സൗജന്യ ഡി.എൻ.എ. ടെസ്റ്റും അവരുടെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുവാൻ ഉതകുന്ന രീതിയിൽ സൗജന്യ നിയമ സഹായവും നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. മലബാർ മേഖലയിലുള്ള സ്ത്രീകളുടെ പ്രശ്ന പരിഹാരത്തിനായി കോഴിക്കോട് ജില്ലയിൽ വനിതാ കമ്മീഷന്റെ ഒരു മേഖലാ ഓഫീസ് തുടങ്ങുവാനുള്ള നടപടിക്രമങ്ങൾ നടത്തിവരുന്നു. കൂടാതെ തുടർന്നു വരുന്ന പദ്ധതികളായ സ്റ്റേറ്റ് പ്ലാൻ സ്കീം, ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം എന്നിവയുടെ ഭാഗമായി അദാലത്തുകൾ, ഫാമിലി കൗൺസിലിംഗ്, ജാഗ്രതാ സമിതി പരിശീലനം, ഗവേഷണ പഠനങ്ങൾ, ശില്പശാല/സെമിനാറുകൾ, ഓഡിയോ, വീഡിയോ, പ്രിന്റ് മീഡിയ വഴിയുള്ള ബോധവൽക്കരണം, കലാലയ ജ്യോതി എന്നീ പദ്ധതികൾ കേരള വനിതാ കമ്മീഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണത്തിനുമായി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മിത്ര 181(24X7) ടോൾ ഫ്രീ വിമൻ ഹെൽപ്പ് ലൈൻ പദ്ധതി.
2. വനമിത്ര - കോഴിക്കോട് പേരാമ്പ്രയിൽ ആദിവാസി വനിതകൾക്ക് സമഗ്ര വികസന പദ്ധതി
3. വനിതകളെ തൊഴിലുകൾ ചെയ്യുന്നതിന് സജ്ജരാക്കുന്ന ഫിനിഷിംഗ് സ്കൂൾ പദ്ധതി
4. തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി രണ്ട് വനിതാ ഹോസ്റ്റലുകൾ ആരംഭിച്ചു.
5. വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന ഷീപാഡ് പദ്ധതി.
6. സ്വയം തൊഴിൽ വായ്പ പദ്ധതി.

സംസ്ഥാനത്തുടനീളം 10 ജില്ലകളിലായി 300 വിധവകൾക്ക് സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നു.

(ബി) വിവിധ ആവശ്യങ്ങൾക്കായി നഗരങ്ങളിൽ തനിച്ച് എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസസൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റടിസ്ഥാനത്തിൽ വൺ ഡേ ഹോം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൈത്താങ്ങ് പദ്ധതി - സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി 'കൈത്താങ്ങ് എന്നൊരു കർമ്മസേന രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) ഇൻഡ്യയിലാദ്യമായി ഒരു ട്രാൻസ്ജെൻഡർ നയം സംസ്ഥാനത്ത് പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കായി ചുവടെ പറയുന്ന ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

1. <u>തിരിച്ചറിയൽ കാർഡ് വിതരണം</u>

സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടന്നുവരുന്നു. ഇതിന്റെ ഒന്നാംഘട്ടമെന്ന നിലയിൽ സംസ്ഥാനത്ത് ഏകദേശം മൂന്നൂറോളം ഐ.ഡി.കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ വ്യക്തികൾക്കും 2018 ഒക്ടോബറോടെ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. ബോധവൽക്കരണ പരിപാടികൾ

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ട്രാൻസ്ജെൻഡർ വിഭാഗത്തോടുള്ള അവഗണന ഇല്ലാതാക്കുന്നതിനായി പൊതുജനങ്ങൾ, അദ്ധ്യാപകർ, വിവിധ വകുപ്പുദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ, ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനകൾ, പത്രമാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ സൂക്ഷ്മ ബോധന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു.

3. ട്രാൻസ്ജെൻഡർ സെൽ

ട്രാൻസ്ജെൻഡർ പോളിസി പ്രകാരം ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഏകോപനത്തിനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമാവശ്യമായ സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു കേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ ഒരു ട്രാൻസ്ജെൻഡർ സെൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. ട്രാൻസ്ജെൻഡർ സെല്ലിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ 1 പ്രോജക്ട് ഓഫീസർ, 2 പ്രോജക്ട് അസിസ്റ്റന്റ്, 1 ഓഫീസ് അറ്റൻഡർ എന്നീ തസ്തികകളിൽ (ആകെ 4 പേർ) ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട വ്യക്തികളെ നിയമിച്ചിട്ടുണ്ട്.

4. തുടർ വിദ്യാഭ്യാസ പദ്ധതി

പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടിവന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സാക്ഷരതാ മിഷൻ അതോറിറ്റി വഴി സർവ്വേ നടത്തുകയും അതിൻ പ്രകാരം തുല്യതാ പരീക്ഷാ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ളവർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനായി സമന്വയ എന്ന പേരിൽ ഒരു പദ്ധതി സാക്ഷരതാ മിഷനുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാംതരം, പത്താംതരം, പന്ത്രണ്ടാം തരം എന്നീ തുല്യതാ പരീക്ഷകൾക്ക് ആവശ്യമായ പരിശീലനമാണ് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നൽകിവരുന്നത്.

5. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്

സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രിതലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1,000 രൂപയും +1, +2 വിദ്യാർത്ഥികൾക്ക് 1500 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് 2,000 രൂപയുമാണ് സ്കോളർഷിപ്പ് തുക. കഴിഞ്ഞ സാമ്പത്തിക വർഷം 5 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. അർഹമായ മുഴുവൻ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കും വകുപ്പ് തുക വിതരണം ചെയ്തുവരുന്നു.

6. ട്രാൻസ്ജെൻഡർമാർക്ക് ഡ്രൈവിംഗ് പരിശീലനം

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ഒരു ജില്ലയിൽ 5 പേർക്ക് വീതം ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി നടന്നുവരുന്നു.

7. 24x7 ഹെൽപ്പ് ലൈൻ

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ഹെൽപ്പ് ലൈൻ ട്രാൻസ്ജെൻഡർമാർക്കായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പലതരത്തിലുള്ള ശാരീരിക, മാനസിക പീഡനത്തിനിരയാകുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനും ആവശ്യമെങ്കിൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നതിനും ഹെൽപ്പ് ലൈൻ പര്യാപ്തമാണ്. നിലവിൽ ഓഫീസ് സമയങ്ങളിൽ മാത്രം പ്രവർത്തിച്ചുവരുന്ന ഹെൽപ്പ് ലൈൻ 2018 ജൂൺ 15 ആകുമ്പോഴേയ്ക്കും പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതാണ്. 24x7 ഹെൽപ്പ് ലൈൻ നമ്പർ -18004252147

8. തൊഴിൽ നൈപുണ്യ പരിശീലനം

സംസ്ഥാനത്താകമാനമുള്ള ട്രാൻസ്ജെൻഡർ സമൂഹത്തിന് അവരുടെ അഭിരുചിക്കനുസരിച്ചും തൊഴിൽ ലഭ്യത, വിദ്യാഭ്യാസ യോഗ്യത എന്നിവ മുൻനിർത്തിയും സർക്കാർ അംഗീകൃതവും അല്ലാത്തതുമായ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി വകുപ്പ് പത്രപരസ്യം വഴി അക്രെഡിറ്റഡായ സന്നദ്ധ സംഘടനകളുടെ സഹായം തേടിയിട്ടുണ്ട്. 2018 ജൂൺ അവസാന വാരത്തോടുകൂടി നൈപുണ്യ പരിശീലന പരിപാടികൾ ആരംഭിക്കാൻ കഴിയും.

9. <u>കെയർഹോം</u>

സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ, മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും ചികിത്സാ കാലയളവിൽ താൽക്കാലിക താമസസൗകര്യം സജ്ജമാക്കുന്നതിനും തിരുവനന്തപുരം കേന്ദ്രീകരിച്ച് ഒരു കെയർ ഹോം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. ഇതിനായി കെട്ടിടം കണ്ടെത്തുകയും അനുബന്ധ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.

10. <u>ഷോർട്ട് സ്റ്റേ ഹോമുകൾ</u>

സംസ്ഥാനത്തെ നല്ലൊരു ശതമാനം ട്രാൻസ്ജെൻഡർ വ്യക്തികളും കുടുംബത്തിൽനിന്നും പുറത്താക്കപ്പെട്ടിട്ടുള്ളവരോ അസ്വസ്ഥമായ കുടുംബാന്തരീക്ഷവുമായി പൊരുത്തപ്പെടാൻ കഴിയാത്തവരോ ആണ്. ഇത്തരം പ്രതിസന്ധികൾ നേരിടുന്നവർക്ക് താൽക്കാലിക സുരക്ഷ ഒരുക്കുന്നതിനായി ഷോർട്ട് സ്റ്റേ ഹോമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ കെട്ടിടം കണ്ടെത്തുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് 5 ജില്ലകളിലും ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതാണ്.

ഇതോടൊപ്പം നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ഇവയാണ്.

1. <u>HIV സീറോ സർവ്വയലൻസ് സെന്റർ</u>

ട്രാൻസ്ജെൻഡർ വ്യക്തികളിൽ ഒരു ചെറിയ വിഭാഗമെങ്കിലും HIV ഉൾപ്പെടെയുള്ള ലൈംഗിക രോഗങ്ങൾ ബാധിച്ചിട്ടുള്ളവരാണ്. ഈ സാഹചര്യത്തിൽ HIV മുക്തമായ സമൂഹം സൃഷ്ടിക്കുന്നതിനായി സാമൂഹ്യക്ഷേമ ബോർഡ് വഴി HIV സീറോ സർവ്വയലൻസ് സെന്റർ നടപ്പുസാമ്പത്തിക വർഷം പ്രാവർത്തികമാക്കുന്നതാണ്.

2. <u>ബോധവൽക്കരണം</u>

ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ ഹ്രസ്വ ചിത്രങ്ങൾ ഉൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിനും ആയത് വ്യാപകമായി ജനങ്ങളിലെത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കും.

3. സ്വയംതൊഴിൽ പദ്ധതിക്കായി ധനസഹായം

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനം സാധ്യമാക്കുന്ന തരത്തിൽ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിക്കുന്നതാണ്. തൊഴിൽ നൈപുണ്യ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ ഉറപ്പാക്കുന്ന തരത്തിലുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നതാണ്.

4. SRS സർജറി

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പ് ആവിഷ്കരിക്കുന്നതാണ്. ഇതിലേയ്ക്കായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ തുടർ നടപടി സ്വീകരിക്കുന്നതാണ്.

5. ട്രാൻസ്ജെൻഡർ കലോത്സവം

ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് പൊതുസമൂഹത്തിൽ കൂടുതൽ സ്വീകാര്യത ലഭ്യമാക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം എറണാകുളത്ത് വച്ച് സംസ്ഥാനതല ട്രാൻസ്ജെൻഡർ കലോത്സവം നടത്തുന്നതാണ്.

**മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും**

371(377) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്നവർ നൽകുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിലും, കേസ്സുകൾ തീർപ്പാക്കുന്നതിലും അസാധാരണമായ കാലതാമസം ഉണ്ടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പരാതികൾ അതിവേഗം പരിഗണിച്ച് തീർപ്പാക്കുന്നതിന് ആർ.ഡി.ഒ.- മാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമം 2007-ലെ സെക്ഷൻ 32(2)A യിലെ നിർദ്ദേശാനുസരണം 28-8-2009 ലെ സ.ഉ.(പി) നം. 38/2009/സാ.ക്ഷേ.വ നമ്പർ ഉത്തരവ് പ്രകാരം ചട്ടങ്ങൾ രൂപീകരിച്ച് പ്രസ്തുത നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മക്കൾ സംരക്ഷിക്കാത്ത മാതാപിതാക്കൾ നൽകുന്ന പരാതിയിൽ അസാധാരണമാംവിധം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിൽ ലഭ്യമാകുന്ന പരാതികൾ അതിവേഗം പരിഗണിക്കുന്നതിനും അന്വേഷണ നടപടികൾ വേഗത്തിലാക്കി പരാതികളിൽ തീർപ്പു കൽപ്പിക്കുന്നതിനും സംസ്ഥാനത്തെ 21 മെയിന്റനൻസ് ട്രൈബ്യൂണലുകളിലും സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർമാരെ സഹായിക്കുന്നതിന് ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. അവരുടെ പ്രവർത്തനം പരാതികളിൽ വേഗത്തിൽ തീർപ്പു കല്പിക്കുന്നതിന് സഹായകരമാണ്.

**വയോജന ക്ഷേമ പദ്ധതികൾ**

372(379) <u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വൃദ്ധജനങ്ങളുടെ ആരോഗ്യ സംരക്ഷണം, സുരക്ഷ തുടങ്ങിവയ്ക്കായി ആവിഷ്കരിച്ച സായംപ്രഭ പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നിലവിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഓഫീസുകൾ, പൊതു സ്ഥലങ്ങൾ മുതലായവ വയോജന സൗഹൃദമാക്കുന്നതിനും എല്ലാ ജില്ലകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ, ഹെൽപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സായംപ്രഭ പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം 5.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പൊതുയിടങ്ങൾ വയോസൗഹൃദമാക്കുന്നതിനുള്ള പദ്ധതി തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ 7 പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകൾ വയോസൗഹൃദമാക്കുന്നതിന്റെ ഭാഗമായി വിവിധ ആവശ്യങ്ങൾക്കായി വരുന്ന ശാരീരികാവശതയുള്ള മുതിർന്ന പൗരന്മാർക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വകുപ്പുതലവന്മാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ, ഹെൽപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ 'വയോമിത്രം' പദ്ധതിയിൽ പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ലഭ്യമാക്കുന്നുണ്ട്.

**പരിരക്ഷ പദ്ധതി**

373(380) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്ക് അടിയന്തര ഘട്ടത്തിൽ സഹായമെത്തിക്കുവാൻ പരിരക്ഷ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതിക്കായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; പരമാവധി എത്ര രൂപയുടെ ധനസഹായമാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അടിയന്തര സാഹചര്യം നേരിടുന്ന അംഗപരിമിതർക്കായി പരിരക്ഷ എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 40%ന് മുകളിൽ വൈകല്യമുള്ള എല്ലാ അംഗപരിമിതർക്കും ടി പദ്ധതിയുടെ സേവനം ലഭിക്കുന്നതാണ്. പദ്ധതിയുടെ മാർഗ്ഗരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഒരു ജില്ലയ്ക്ക് പരമാവധി 5 ലക്ഷം രൂപയാണ് അനുവദിക്കാനുദ്ദേശിക്കുന്നത്.

(സി) ടി പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം എറണാകുളം ജില്ലയിൽ വച്ച് 20-5-2018 തീയതിയിൽ നിർവ്വഹിച്ചിട്ടുണ്ട്. തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് ഉടനെ അനുവദിച്ചു നൽകുന്നതാണ്.

**അനുയാത്ര പദ്ധതി**

374(381) ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗപരിമിതരുടെ ക്ഷേമത്തിനും അവകാശ സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിടുന്ന 'അനുയാത്ര' പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അംഗപരിമിതരുടെ പുനരധിവാസത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അംഗപരിമിതരുടെ ക്ഷേമത്തിനായി ചുവടെ പറയുന്ന വിവിധ തരം പദ്ധതികൾ സാമൂഹ്യനീതി വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്നു.

1. വിദ്യാജ്യോതി പദ്ധതി
2. വിദ്യാകിരണം പദ്ധതി
3. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
4. അംഗപരിമിതരുടെ വ്യക്തിഗത പരിപാലന പദ്ധതി
5. സ്വാശ്രയ പദ്ധതി
6. പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് ധനസഹായം നൽകുന്ന പദ്ധതി
7. അംഗപരിമിതർക്ക് കൃത്യനിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി
8. ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്ന പദ്ധതി.
9. അംഗപരിമിതിർക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി
10. അംഗപരിമിത ക്ഷേമപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സർക്കാർ അംഗീകാരമുള്ള സർക്കാർ ഇതര സ്ഥാപനങ്ങൾക്ക് (NGO) അംഗപരിമിതർക്ക് തൊഴിൽ പരിശീലനം, ഒക്കുപ്പേഷണൽ തെറാപ്പി എന്നിവ നൽകുന്നതിന് ധനസഹായം.
11. Persons with Disabilities Act 1995 നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ 3% തൊഴിൽ സംവരണം ഉറപ്പാക്കുന്നതിനുള്ള നടപടി. ആയതിനോടൊപ്പം 2677 സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് താൽക്കാലിക അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള 2131 അംഗപരിമിതർക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സ്ഥിരനിയമനം നൽകിയിട്ടുണ്ട്.
12. 1996 മുതൽക്കുള്ള വികലാംഗ നിയമനത്തിലെ 3% സംവരണം ബാക്ക് ലോഗ് ഒഴിവുകൾ നികത്താനും ബാക്ക് ലോഗ് നിയമനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുമായി സർക്കാർ ഒരു എക്സ്പർട്ട്

കമ്മിറ്റിയെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റി 3% ബാക്ക് ലോഗ് സ്റ്റഡി നടത്തുന്നതിനുള്ള നടപടികൾ ത്വരിതമായി നടത്തിവരുന്നു. സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും 3% റിസർവേഷൻ ബാക്ക് ലോഗ് ഡേറ്റാ ശേഖരിച്ചു വരികയും ചെയ്യുന്നു.

13. അംഗപരിമിതരുടെ അവകാശ സംരക്ഷണത്തിനായി Rights of Persons with Disabilities Act 2016-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല ചട്ടങ്ങളുടെ കരട് പരിശോധിച്ചുവരുന്നു.
14. എല്ലാ വർഷവും അന്തർദ്ദേശീയ വികലാംഗ ദിനമായ ഡിസംബർ 3-ന് എല്ലാ ജില്ലകളിലും അംഗപരിമിതർക്കായി കായിക മേളയും കലാപരിപാടികളും സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ ടി ദിവസം അംഗപരിമിതർക്കുള്ള സംസ്ഥാന അവാർഡും വിതരണം ചെയ്യുന്നു.
15. സംസ്ഥാനത്തെ എല്ലാ പൊതുകെട്ടിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>സർക്കാർ സാമ്പത്തിക സഹായം നൽകുന്ന സംഘടനകൾ</u>

1. CDMRP - Community Disability Management and Rehabilitation Programme
2. Epilepsy Care through Schools
3. State Nodal Agency Centre (SNAC)
4. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO)
5. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)
6. Insight Project (SPACE)
7. District Psychiatric Rehabilitation Project (IMHANS)
8. യോഗ ക്ലാസ്
9. സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ്

സംസ്ഥാനത്തെ അംഗപരിമിതരുടെ ക്ഷേമത്തിനും അവകാശ സംരക്ഷണത്തിനുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി ആരംഭിച്ച് നടപ്പാക്കിവരുന്നു.

അംഗപരിമിതരുടെ ക്ഷേമത്തിനും അവകാശ സംരക്ഷണത്തിനുമായി വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണസഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം
2. ഭിന്നശേഷിയുള്ളവർക്ക് വേണ്ടി ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ മാനദണ്ഡങ്ങൾക്ക് വിധേയമായി വിതരണം
3. മാനദണ്ഡങ്ങൾക്ക് വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം
4. ഭിന്നശേഷിയുള്ളവർക്ക് പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. സബ്സിഡിയോടുകൂടി നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ
6. സ്വയംതൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി
7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി
8. ഭിന്നശേഷിയുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം
9. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി
10. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ 10,000 രൂപ ധനസഹായം
11. ഭിന്നശേഷി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും

12. ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനംപരിപാലനം

13. കാഴ്ചവൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി

14. കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റ് വഴി സഹായോപകരണങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതി

(ബി) അനുയാത്രയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതികൾപ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്ററുകളും
3. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
4. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
5. 'കാതോരം' പദ്ധതി
6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
7. ഹെൽപ്പ് ഓട്ടിസം
8. പ്രോജക്ട് ഡെസ്ക്
9. സ്പെഷ്യൽ അങ്കണവാടികൾ
10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
11. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം
12. കറക്ഷൻ സർജറികൾ
13. Student Initiative in Community Rehabilitation പദ്ധതി
14. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
15. വ്യക്തിഗത പരിപാലന പദ്ധതി

16. ദേശീയ ശില്പശാല

17. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ- എം. പവർ

18. പരിക്കുകൾമൂലം ഉണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ

19. അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവൽ ഓൺ ഡിസെബിലിറ്റീസ്

20. പ്രോസ്റ്റെറ്റിക് ആന്റ് ഓർത്താട്ടിക് യൂണിറ്റ്

(സി) 'അനുയാത്ര' പദ്ധതിയുടെ ഭാഗമായ തെറാപ്പി സെന്ററുകളിലൂടെ ആരോഗ്യ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതാണ്. കൂടാതെ അനുയാത്രയുടെ ഭാഗമായി അംഗപരിമിതികളുടെ തരംതിരിച്ച് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കുകയും അതനുസരിച്ചുള്ള പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നതാണ്.

**ആശ്വാസകിരണം പദ്ധതി**

375(382) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന ആശ്വാസകിരണം പദ്ധതിയിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ; എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആശ്വാസകിരണം പദ്ധതിക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആശ്വാസകിരണം പദ്ധതി പ്രകാരം ആകെ 1080 അപേക്ഷകളാണ് കാട്ടാക്കട നിയോജക മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ളത്. ഇതിൽ 881 പേർക്ക് ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ 199 പേർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്കും 100% അന്ധത ബാധിച്ചവരെ പരിചരിക്കുന്നവർക്കും ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്കും ആശ്വാസകിരണം പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചുവരുന്നു. പൊതുവിഭാഗത്തിൽ ഉൾപ്പെട്ടവരിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽപ്പെടുന്നവർക്ക് 22,375 രൂപയും പഞ്ചായത്ത് പരിധിയിൽപ്പെടുന്നവർക്ക് 20,000 രൂപയും വരുമാനപരിധി നിജപ്പെടുത്തിയിട്ടുണ്ട്. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ചവരെ വരുമാനപരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിയുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ശിശുവികസന പദ്ധതി ഓഫീസറുടെ ശിപാർശ സഹിതം ലഭ്യമാകുന്ന അപേക്ഷകളിൽ അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നു.

**അർബുദരോഗികൾക്ക് ലഭിക്കുന്ന പെൻഷൻ**

376(383) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബുദരോഗികൾക്ക് ലഭിക്കുന്ന പെൻഷൻ സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിൽ അർബുദരോഗികൾക്ക് എത്ര രൂപയാണ് പെൻഷൻ നൽകുന്നത് എന്നും ഏത് സർക്കാർ ഓഫീസിനാണ് ഇതിന്റെ ചുമതലയെന്നും വിശദമാക്കുമോ;

(സി) അർബുദരോഗികൾക്ക് നൽകുന്ന പെൻഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ- സി) സ.ഉ.(സാധാ) നമ്പർ 2352/2014/ആ.കു.വ. 10-7-2014-ലെ പ്രകാരം ക്യാൻസർ, കുഷ്ഠം, ക്ഷയം രോഗികൾക്കുള്ള പ്രതിമാസ പെൻഷൻ 1,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. സ.ഉ.(അച്ചടി) 394/76/എച്ച്.ഡി 9-11-1976-ലെ

പ്രകാരം ആയതിനുള്ള അപേക്ഷ നൽകേണ്ടത് ബന്ധപ്പെട്ട തഹസീൽദാർക്കാണ്. വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ [അപേക്ഷകന്റെ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. (സ.ഉ.(കൈ) നമ്പർ 485/2013/ആ.കു.വ. 13-12-2013 പ്രകാരം) ഫാറം നമ്പർ 10-ൽ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷമാണ് രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നത്]. ഈ ആവശ്യത്തിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം സർക്കാർ ഉത്തരവ് (സാധാ)നമ്പർ 2636/2017/ ആ.കു.വ. 26-9-2017-ലെ പ്രകാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേഡ് ഓങ്കോളജിസ്റ്റുകൾക്കും പുറമേ ജില്ല/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യൂറേറ്റീവ് ആന്റ് പാലിയേറ്റീവ്)/റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട ഓഫീസർക്കുകൂടി നൽകിയിട്ടുണ്ട്. ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ അനുവദിക്കുന്നതിന് തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനുള്ള നിവേദനം സർക്കാർ പരിശോധിച്ചു വരികയാണ്.

### നേമം മണ്ഡലത്തിലെ അങ്കണവാടികൾ

377(384) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) അവയിൽ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽ ആകെ 151 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) നേമം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ എണ്ണം 37, അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം അർബൻ 1

| അങ്കണവാടി സെന്റർ നമ്പർ | അങ്കണവാടിയുടെ പേര് |
|---|---|
| 99 | മേനിലം |
| 100 | വേങ്കറ |
| 102 | കന്യാർനട |
| 107 | തിനവിള |
| 109 | മുട്ടളക്കുഴി |
| 111 | പുഞ്ചക്കരി വായനശാല |
| 112 | കാഞ്ഞിരവിള |
| 114 | കല്ലടച്ചാംമൂല |
| 115 | കുഴിയാൻവിള |
| 117 | പൂങ്കുളം |
| 119 | വള്ളിക്കണ്ടം |
| 121 | കുമളി |
| 122 | പിപ്പാറ |
| 124 | ഇടവിളാകം |
| 127 | നെട്ടമം |
| 128 | കോവളം |

തിരുവനന്തപുരം അർബൻ 2

| അങ്കണവാടി സെന്റർ നമ്പർ | അങ്കണവാടിയുടെ പേര് |
|---|---|
| 16 | ടാഗോർനഗർ, തൃക്കണ്ണാപുരം |
| 17 | തൃക്കണ്ണാപുരം ഹെൽത്ത് സെന്റർ |
| 28 | സൗത്ത് റോഡ്, മുടവൻമുഗൾ |
| 29 | ഹെൽത്ത് സെന്റർ, മുടവൻമുഗൾ |
| 30 | മുടവൻമുഗൾ ജംഗ്ഷൻ |
| 94 | കഞ്ഞിപ്പുര, ആറ്റുകാൽ |
| 97 | കല്ലടിമുഖം |
| 83 | എം.എസ്.ആർ നഗർ |

| | |
|---|---|
| 98 | കളിപ്പാൻകുളം |
| 103 | കമലേശ്വരം |
| 120 | ആലിൻചുവട് |
| 121 | കരമന ഹെൽത്ത് സെന്റർ |
| 125 | വിവേകാനന്ദ നഗർ |
| 128 | നീറമൺകര |
| 129 | സത്യൻ നഗർ |
| 132 | കാരയ്ക്കാമണ്ഡപം |
| 138 | ശിശുവിഹാർ |
| 142 | സെറ്റിൽമെന്റ് കോളനി |
| 150 | എൻ.എസ്.എസ്. കരയോഗം |
| 151 | കണ്ണൻകോട് |
| 171 | ബന്ദ്രിയ നഗർ |

**അങ്കണവാടികളെ സർക്കാർ സ്കൂളുകളുമായി ബന്ധിപ്പിക്കുന്ന പദ്ധതി**

378(385) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളെ സർക്കാർ സ്കൂളുകളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് പ്രീ സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഈ പദ്ധതിക്ക് എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; അതിൽ കേന്ദ്ര വിഹിതമായി എത്ര തുക ലഭിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അങ്കണവാടികളെ സർക്കാർ സ്കൂളുകളുമായി ബന്ധിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(ബി&സി) ഇതുസംബന്ധിച്ച് ശിപാർശകളൊന്നും കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

## ചൂണ്ടൽ പഞ്ചായത്തിൽ മാതൃകാ അങ്കണവാടി

379(386) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ ചൂണ്ടൽ 42-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കുന്നതിലേയ്ക്കായി 2.2.2018 ലെ A1/41/29/2016-17 നമ്പരായി പൂജപ്പുര സാമൂഹ്യക്ഷേമ ബോർഡ് ഓഫീസിലേയ്ക്ക് നൽകിയിട്ടുള്ള ശിപാർശയിൻമേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ ചൂണ്ടൽ 42-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കി ഉയർത്തുന്നതിനായി ലഭ്യമായ സ്ഥലത്ത് നിർദ്ദിഷ്ട പ്ലാനിൽ കെട്ടിടം നിർമ്മിക്കുന്നതിന് സാധിക്കാത്തതിനാൽ ഡിസൈനിൽ മാറ്റം വരുത്തി കെട്ടിടം നിർമ്മിക്കുന്നതിന് 22-5-2018-ലെ സ.ഉ(സാധാ) നം. 292/2018/സാനീവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ മാതൃകാ അങ്കണവാടികൾ

380(387) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളെ ആധുനീകരിക്കുന്നതിന്റെ ഭാഗമായി മാതൃക അങ്കണവാടിയായി ഉയർത്തുന്നതിന് ആലത്തൂർ മണ്ഡലത്തിൽനിന്നും ഏതെങ്കിലും അങ്കണവാടിയെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ നെന്മാറ അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലെ മേലാർകോട് ഗ്രാമപഞ്ചായത്തിലെ 81-ാം നമ്പർ അങ്കണവാടി.

**ശിശുപീഡനങ്ങൾ തടയുന്നതിലേയ്ക്കായി പദ്ധതികൾ**

381(388) <u>ശ്രീ. എം. സ്വരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശിശു പീഡനങ്ങൾ തടയുന്നതിലേയ്ക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനും കുറ്റക്കാർക്കെതിരായി ശരിയായ ശിക്ഷാ നടപടി കൈക്കൊള്ളുന്നതിനും സർക്കാർ കർശന നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

<u>ഉത്തരം</u>

(എ-സി) 2015-ലെ ബാലനീതി (ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ) നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് ശിശുപീഡനങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ട് സംയോജിത ശിശുസംരക്ഷണ പദ്ധതി(ICPS)യും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. ശിശുപീഡനങ്ങൾ തടയുന്നതിന് ബോധവൽക്കരണ പരിപാടികളും നടത്തുന്നു.

കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ബാലാവകാശ ലംഘനങ്ങൾ എന്നീ കേസ്സുകളുടെ പെട്ടെന്നുള്ള വിചാരണയ്ക്കായി എല്ലാ ജില്ലകളിലെയും അഡീഷണൽ ജില്ലാ & സെഷൻസ് കോടതികളെ അധികാരപ്പെടുത്തിക്കൊണ്ട് 31/03/2015-ലെ G.O(P) No. 23/2015/SJD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ വഴി ഇത് സംബന്ധിച്ച ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിനും കുറ്റക്കാർക്കെതിരായ ശിക്ഷാ നടപടികൾ വേഗത്തിലാക്കുന്നതിനുമായി ഐ.സി.പി.എസ്-ൽ ശ്രീമതി നിശാന്തിനി ഐ.പി.എസ്.-നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

## ഭിന്നശേഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

382(389) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വെല്ലുവിളി എന്നിവ ബാധിച്ച ഭിന്നശേഷിക്കാർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ വിഭാഗത്തിൽപ്പെട്ടവർക്കായി നിലവിൽ എത്ര ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക വെല്ലുവിളി എന്നിവ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നു. കൂടാതെ വിദ്യാജ്യോതി എന്ന പദ്ധതിയിലൂടെ യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും തുല്യതാ പരീക്ഷ എഴുതുന്നതിനും ധനസഹായം നൽകുന്നു. ഇത് കൂടാതെ ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളി എന്നിവ ഉൾപ്പെടെയുള്ള ഭിന്നശേഷി വിഭാഗക്കാർക്കായി ചികിത്സാ ധനസഹായം നൽകുന്നു. നാഷണൽ ട്രസ്റ്റ് ആക്ട് 1999 പ്രകാരം ലീഗൽ ഗാർഡിയൻഷിപ്പ് നൽകുന്നതിലേയ്ക്കായി 14 ജില്ലകളിൽ Local Level Commitee കൾ പ്രവർത്തിച്ചുവരുന്നു.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വൊക്കേഷണൽ കം കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്നതിലേയ്ക്കായി ശ്രദ്ധ എന്ന NGO യ്ക്ക് ധനസഹായം നൽകുന്നു. കൂടാതെ മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്ന NGO കൾക്ക് ധനസഹായവും മെന്റലി ഇൽ ആയിട്ടുള്ളവരെ പുനരധിവസിപ്പിക്കുന്ന സർക്കാർ അംഗീകൃത സ്ഥാപനങ്ങൾക്ക് സൈക്കോ സോഷ്യൽ ഗ്രാൻഡ്-ഇൻ-എയ്ഡും അനുവദിക്കുന്നുണ്ട്. ഇത് കൂടാതെ ബുദ്ധിവികാസ വൈകല്യമുള്ളവർക്ക് ചികിത്സ, പുനരധിവാസം, പരിശീലനം എന്നിവ ഉൾപ്പെടുത്തി ക്ലിനിക്കൽ സേവനങ്ങൾ നൽകുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സൈക്കോളജി വിഭാഗവുമായി ചേർന്ന് Community Disability Management and Rehabilitation Programme (CDMRP) എന്ന പദ്ധതി മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലായി നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>ഗുരുതര ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി</u>

12 വയസ്സ് വരെ പ്രായമുള്ള ഗുരുതര വൈകല്യങ്ങളുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഇവയാണ്.

(എ) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 20,000 രൂപ

(ബി) യോഗ്യത

i. ജന്മനാ 50 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ

ii. പ്രതിവർഷ കുടുംബവരുമാനം 1,00,000 രൂപയിൽ താഴെ

iii. പ്രായപരിധി -നവജാത ശിശു മുതൽ 12 വയസ്സ് വരെ

(സി) ട്രസ്റ്റി കോർപ്പറേഷൻ

(ഡി) ഫണ്ട് റിലീസ് - 18 വയസ്സിനു ശേഷമോ അത്യാവശ്യഘട്ടങ്ങളിലോ

2. സി.പി. ചെയർ, എം.ആർ. കിറ്റ് തുടങ്ങി ആവശ്യമായ സഹായോപകരണങ്ങൾ നൽകിവരുന്നു.

3. 14 വയസ്സ് മുതൽ മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കളുടെ പേരിൽ സ്വയംതൊഴിൽ ചെയ്യുന്നതിന് നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള വായ്പ നൽകിവരുന്നു.

4. 14 വയസ്സ് മുതൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കാളുടെ പേരിലും 18 വയസ്സ് പ്രായമുള്ള മറ്റ് ഭിന്നശേഷിക്കാരായവർക്ക് സ്വയംതൊഴിൽ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്.

5. എൻ.എച്ച്.എഫ്.ഡി.സി.യിൽനിന്നും 25 ലക്ഷം രൂപ വരെ സ്വയം തൊഴിൽ വായ്പ നാമമാത്ര പലിശയിനത്തിൽ സബ്സിഡിയോടുകൂടി നൽകിവരുന്നു.

സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്ക് അനുയോജ്യമായ സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിലേയ്ക്കായി മേൽപ്പറഞ്ഞ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് സാമൂഹ്യ സുരക്ഷാമിഷൻ, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് - അനുയാത്രാ പദ്ധതിയുടെ ഭാഗമായി തെറാപ്പി സൗകര്യങ്ങൾ എന്നിവ നൽകിവരുന്നു. കൂടാതെ ഇവർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, ഏകീകൃത തിരിച്ചറിയൽ കാർഡ്, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക അങ്കണവാടികൾ എന്നിവയും ലഭ്യമാക്കുന്നു. ഓട്ടിസം വിഭാഗക്കാർക്ക് വേണ്ടി പ്രോജക്ട് ഓട്ടിസത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള National Institute of Physical Medicine and Rehabilitation (NIPMR) എന്ന സ്ഥാപനത്തിൽ സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ളവർക്ക് സേവനങ്ങൾ നൽകുന്നതിനായി ഫിസിയോ തെറാപ്പി ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

(ബി) നടപ്പാക്കുന്നുണ്ട്. നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വൈകല്യങ്ങളായ സെറിബ്രൽ പാൾസി, ഓട്ടിസം, ബുദ്ധിമാന്ദ്യം, ബഹുവിധ വൈകല്യം എന്നിവ ബാധിച്ചവർക്ക് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ നിരാമയ ഇൻഷ്വറൻസ് പദ്ധതി, സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിയിലേയ്ക്കായി മുൻ സാമ്പത്തിക വർഷം 98,98,500 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നാഷണൽ ട്രസ്റ്റിന്റെ സംസ്ഥാനതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്റ്റേറ്റ് നോഡൽ എജൻസി സെന്റർ (SNAC)-ന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ വിഭാഗക്കാർക്ക് വേണ്ടിയുള്ള ബഡ്സ് സ്കൂളുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ കുടുംബശ്രീയാണ് നടപ്പിലാക്കിവരുന്നത്. നിലവിൽ കേരളത്തിൽ കുടുംബശ്രീയുടെ കീഴിൽ 72 അംഗീകൃത ബഡ്സ് സ്കൂളുകളാണ് പ്രവർത്തിച്ചുവരുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വനിതാ പ്രൊട്ടക്ഷൻ ഓഫീസർ നിയമനം

383(390) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ നിയമനത്തിനുവേണ്ടി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ടെന്നും റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരേയും ആർക്കും നിയമനം നല്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് നിയമനം വൈകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമനവുമായി ബന്ധപ്പെട്ട ഫയലിന്റെ പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) നിയമന നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്നതിൽ കാലതാമസം നേരിടുമെന്നതിനാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുവാൻ തീർത്തും താൽക്കാലികമായി വകുപ്പിലെ യോഗ്യരായ ജീവനക്കാരിൽനിന്നും വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിനായി ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി 20-9-2017 തീയതിയിൽ സാമൂഹ്യ നീതി ഡയറക്ടർ അംഗീകരിച്ച ലിസ്റ്റിൽ 7 പേർ ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താൽക്കാലിക നിയമനത്തിന്റെ ശമ്പള സ്കെയിലിൽ വ്യക്തത വരുത്തേണ്ടതുണ്ടായിരുന്നു. ആയതിനാലാണ് നിയമനത്തിന് കാലതാമസം ഉണ്ടായത്.

(ഡി) താൽക്കാലിക നിയമനത്തിന്റെ ശമ്പള സ്കെയിലിനുള്ള സ്പഷ്ടീകരണം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ഇ) തുടർനടപടി വനിതാ ശിശു വികസന ഡയറക്ടറേറ്റ് മുഖേന ത്വരിതഗതിയിൽ നടത്തുന്നതാണ്.

## പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത അനാഥാലയങ്ങൾ

384 (391) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അവയുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും അനാഥാലയങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയ്ക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത 55 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) സുപ്രീം കോടതിയുടെ ഉത്തരവിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ 31/03/2018-ന് ശേഷം പ്രവർത്തിക്കുവാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാത്ത 66 സ്ഥാപനങ്ങൾക്ക് closure notice നൽകിയിട്ടുണ്ട്.

## സാമൂഹ്യനീതി വകുപ്പിൽ വിശേഷാൽ ചട്ടം ഭേദഗതി

385(392) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ(എം.എസ്.) നമ്പർ 65/15 30-9-2015 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ വിശേഷാൽ ചട്ടം ഭേദഗതി ചെയ്ത് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്2,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൂപ്രണ്ട് ഗ്രേഡ് 3, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ എന്നിവയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന്റെ ഫീഡർ കാറ്റഗറിയിൽനിന്നും മിനിസ്റ്റീരിയൽ വിഭാഗത്തെ ഒഴിവാക്കി മാത്രമേ നിയമനം നടത്താവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി 73 ഐ.സി.ഡി.എസ്. പ്രോജക്ട് മാനേജർ തസ്തികകൾ പുനർനാമകരണം ചെയ്ത് ജൂനിയർ സൂപ്രണ്ട് ആക്കി മാറ്റിയ ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവ് നമ്പരും തീയതിയും വിശദാംശങ്ങളും അറിയിക്കാമോ;

(ബി) മേൽ സൂചിപ്പിച്ച ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 73 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ നിയമനം നടന്നിട്ടുണ്ടെങ്കിൽ അത് പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തെ ഒഴിവാക്കിയ തസ്തികകളിൽ മറ്റ് അർഹതപ്പെട്ട വിഭാഗങ്ങളിൽനിന്നും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ഇത്രയും കാലതാമസമുണ്ടാകാനുള്ള കാരണം എന്താണ്;

(സി) വിശേഷാൽ ചട്ടം ഭേദഗതി ചെയ്യാത്തതുമൂലം ഓരോ തസ്തികയിലും ഉദ്യോഗക്കയറ്റം നൽകാതെ ഉണ്ടായിരിക്കുന്ന ഒഴിവുകൾ എത്ര;

(ഡി) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാനായി 8694/A1/15/എസ്.ജെ.ഡി. 15-9-2017-ലെ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) 244/A2/2017- എസ്.ജെ.ഡി 20-7-2017-ലെ ഫയലിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സാമൂഹ്യനീതി വകുപ്പ് ഐ.സി. പി. എസ്.-ലെ ഐ.സി.പി.എസ്.2/15214/2016 14-6-2016-ലെ അനൗദ്യോഗിക കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. വകുപ്പിൽ നിലവിലുണ്ടായിരുന്ന 22 തസ്തികകൾക്ക് പുറമേ 73 ജൂനിയർ സൂപ്രണ്ട് തസ്തികകൾ കൂടി അധികമായി അനുവദിച്ചിരുന്നു. ഈ അനുവദിക്കപ്പെട്ട 73 തസ്തികകളിൽ താൽക്കാലിക നിയമനം നൽകിവരുന്നു. വകുപ്പിൽ ആകെ 95 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ 73 എണ്ണം കെ.എസ്&എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം ലഭിച്ചവരും 22 പേർ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ(1) പ്രകാരം സ്ഥിരനിയമനം ലഭിച്ചവരും ആണ്. താൽക്കാലിക നിയമനം അനുവദിച്ച ഉത്തരവ് നമ്പരും തീയതിയും ജീവനക്കാരുടെ എണ്ണവും ചേർക്കുന്നു.

| | |
|---|---|
| ഇ 7-11650/2016, 11-3-2016 | 17 |
| ഇ 7-11650/2016, 8-8-2016 | 12 |
| ഇ 7-11650/2016, 8-12-2016 | 6 |
| ഇ 7-11650/2016, 22-2-2017 | 1 |
| ഇ 7-11650/2016, 4-5-2017 | 6 |
| ഇ 7-36436/2017, 7-11-2017 | 17 |
| ഇ 7-36436/2017, 25-4-2018 | 14 |
| | 73 |

(ബി) ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടില്ല. വിശേഷാൽ ചട്ടം ഭേദഗതി ചെയ്ത് ഉത്തരവാകാത്തതിനാൽ ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടില്ല. വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(സി) ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ - 14 ഒഴിവുകൾ, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 - 4 ഒഴിവുകൾ.

(ഡി) വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിശോധനയ്ക്കായി അയയ്ക്കുകയും ടി വകുപ്പിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ കരട്, ഇതിനായി രൂപീകരിച്ച കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയുണ്ടായി. കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടം നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി അയയ്ക്കുകയും പ്രസ്തുത വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പി.എസ്.സി.-യുടെ ഉപദേശത്തിനായി അയയ്ക്കുകയും ആയത് ഭേദഗതികളോടെ കമ്മീഷൻ അംഗീകരിച്ച് തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. വിശേഷാൽ ചട്ടം ഭേദഗതിയുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങളുടെ ഭാഗമായി കരട് വിശേഷാൽ ചട്ടം സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No. 997/2017 6-6-2017-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. സെയ്ദലവി തുടങ്ങിയവരെ 3-8-2017-ൽ നേരിൽ കേൾക്കുന്നതിനായി 244/എ 2/2017/ സാ.നീ.വ. 20-7-2017-ലെ കത്ത് പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. ടിയാളുകളെ നേരിൽ കേട്ടതിനുശേഷം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 618/2017/സാ.നീ.വ. 23-9-2017-ലെ പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് ഐ.സി.പി.എസ്.-ലെ ഐ.സി.പി.എസ്.2/15214/ 2016, 14-6-2016-ലെ അനൗദ്യോഗിക കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ വകുപ്പ് തലത്തിൽ പരിശോധിച്ചുവരുന്നു.

**കെയർടേക്കർമാരുടെ അമിതജോലിഭാരം**

386(393) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽനിന്നും വനിതാ ശിശു വികസന വകുപ്പിലേയ്ക്ക് മാറ്റം ചെയ്യപ്പെട്ടതും ഒബ്സർവേഷൻ ഹോമുകളിലും ചിൽഡ്രൻസ് ഹോമുകളിലും ജോലി ചെയ്യുന്നതുമായ കെയർടേക്കർമാർ നിലവിൽ പകൽ മുതൽ രാത്രി വരെ തുടർച്ചയായി 16 മണിക്കൂർ ജോലി ചെയ്യുന്നത് നിലവിലെ ലേബർ ആക്ടിന് വിരുദ്ധമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കെയർടേക്കർമാർ തമ്മിലുള്ള ജോലി ക്രമീകരണത്തിന്റെ ഭാഗമായി കൂടുതൽ സമയം ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അതവസാനിപ്പിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ 4 കെയർടേക്കർമാരുടെ സേവനം ഉറപ്പാക്കുന്നതിനുള്ള ചുമതല അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് നൽകികൊണ്ട് 5-10-2013-ൽ PDMC4/31615/13-ാം സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പല സ്ഥാപനങ്ങളിലെയും കെയർ ടേക്കർ തസ്തികയിലെ ജീവനക്കാർ അവരുടെ സൗകര്യാർത്ഥം ആഴ്ചയിൽ മൂന്ന് ദിവസം തുടർച്ചയായി ജോലി

നോക്കിയതിനുശേഷം അടുത്ത മൂന്ന് ദിവസം അനൗദ്യോഗികമായി ഡ്യൂട്ടി ഓഫ് എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കെയർടേക്കർമാർക്ക് 24 മണിക്കൂർ തുടർച്ചയായി ഡ്യൂട്ടി നൽകുന്ന പ്രവണത ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

അതനുസരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം വരാത്ത രീതിയിൽ സ്ഥാപന സൂപ്രണ്ടുമാർ അതാത് മാസങ്ങളിലെ ഡ്യൂട്ടി മുൻകൂട്ടി ക്രമീകരിച്ച് നൽകുന്നതിനും കെയർടേക്കർമാർ ഡ്യൂട്ടി ഓഫ് എടുക്കുന്നതിന് സ്ഥാപന സൂപ്രണ്ടിന്റെ അനുമതി ലഭ്യമാക്കേണ്ടതാണെന്നും E5/31574/16(2) നമ്പർ സർക്കുലർ 7-12-2016-ലെ പ്രകാരം എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ഇത്തരത്തിൽ കെയർടേക്കർമാരുടെ അമിത ജോലിഭാരം ക്രമീകരിക്കുന്നതിനും ഒപ്പം കുട്ടികളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## ആധാർ കാർഡ് ഇല്ലാത്തവർക്ക് റേഷൻ വിതരണം

387(394) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡ് ഇല്ലാത്തവർക്കും ആധാർ കാർഡിനെതിരെയുള്ള സുപ്രീം കോടതി വിധി കാത്ത് ഇത് എടുക്കാതിരിക്കുന്നവർക്കും റേഷൻകടകളിൽ ഇ-പോസ് മെഷീൻ ഏർപ്പെടുത്തിയതു മുതൽ കേന്ദ്ര ഗവൺമെന്റിന്റെ ചുവട് പിടിച്ച് റേഷൻ നിഷേധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ആധാർ കാർഡ് ഇല്ലാത്തതിന്റെ പേരിൽ റേഷൻ ഭക്ഷ്യവിതരണം തടസ്സപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത വ്യവസ്ഥ ഉടൻ മാറ്റി റേഷൻ ആവശ്യമുള്ള കാർഡ് ഉടമകൾക്ക് ആധാർ കാർഡില്ലാത്തതിന്റെ പേരിൽ റേഷൻ ധാന്യങ്ങൾ നൽകാതിരിക്കുന്ന സമീപനം മാറ്റുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ആധാർ ഇല്ലാത്തതുമൂലം റേഷൻ നിഷേധിക്കപ്പെടുന്നില്ല.

## കാസർഗോഡ് ജില്ലയിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങളിലായി ലഭിച്ച പരാതി

388(395) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങളിലായി ലഭിച്ച പരാതികളിൽ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെടേണ്ട നിരവധി പേർ എ. പി.എൽ.- ലും തീർത്തും അർഹതയില്ലാത്തവർ ബി.പി.എൽ.-ലും കടന്നുകൂടിയ നടപടി കുറ്റമറ്റ രീതിയിൽ പരിഹരിക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി നിലവിൽ ലഭിച്ച 7797 പരാതികളിൽ അദാലത്തുകൾ നടത്തി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(ബി) അന്തിമ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിന്മേൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണ്.

## റേഷൻ സാധനങ്ങളിൽ തൂക്കക്കുറവ് ഉണ്ടാകുന്നതായി പരാതി

389(396) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം റേഷൻ കടകളിലെത്തുന്ന സാധനങ്ങളിൽ ഓരോ ചാക്കിലും രണ്ട് മുതൽ നാല് കിലോഗ്രാം വരെ തൂക്കക്കുറവ് ഉണ്ടാകുന്നതായി വ്യാപാരികൾ പരാതിപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ വ്യാപാരികളുടെ മുമ്പിൽ ചാക്കുകളുടെ തൂക്കം ഉറപ്പാക്കണമെന്ന നിബന്ധന പാലിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) റേഷൻ സാധനങ്ങളുടെ തൂക്കത്തിലുണ്ടാകുന്ന തട്ടിപ്പ് തടയുന്നതിനായി അരിയും ഗോതമ്പും പാക്കറ്റുകളിലാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുവാൻ ഏതെങ്കിലും വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) ചാക്കുകളിൽ റേഷനരി കടകളിലെത്തിക്കുന്നതിനെക്കാൾ കുറഞ്ഞ ചെലവിൽ അത് പാക്കറ്റുകളിലാക്കി ലഭ്യമാക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൂക്കക്കുറവ് ഉണ്ടാകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) കൃത്യമായ അളവിലും തൂക്കത്തിലും വാതിൽപ്പടി വിതരണം നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റേഷൻ കട ലൈസൻസികൾക്ക് ഡിപ്പോയിൽ വച്ച് തൂക്കം ഉറപ്പു വരുത്തുന്നതിനുള്ള അവസരം നൽകുന്നുണ്ട്.

(സി & ഡി) റേഷൻ സാധനങ്ങളുടെ തൂക്കക്കുറവ് പരിഹരിക്കുന്നതിനായി റേഷനരിയും ഗോതമ്പും പായ്ക്കറ്റുകളിലാക്കി ഉപഭോക്താക്കൾക്ക് എത്തിക്കുന്നത് പൈലറ്റടിസ്ഥാനത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ച് പൈലറ്റ് പദ്ധതിയായി നടപ്പാക്കി വിജയകരമാണെങ്കിൽ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്ന പരിഗണിക്കുന്നതാണ്.

**ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം**

390(397) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>

<u>ശ്രീ. കെ. രാജൻ:</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് നിലവിൽ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റേഷൻ കടകളുടെ നവീകരണത്തിനും വൈവിധ്യവത്ക്കരണത്തിനുമായി സർക്കാർ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. സംസ്ഥാന സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.

2. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുംവിധം കരട് രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

3. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പരാതികൾ സ്വീകരിച്ച്, അപ്പീൽ കേട്ട് അന്തിമ ലിസ്റ്റ് കീഴ്വഴക്കങ്ങൾ അനുസരിച്ച് പ്രസിദ്ധപ്പെടുത്തി ആയതുപ്രകാരം റേഷൻ വിതരണം തുടർന്നുവരുന്നു.

4. വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ-യെ അംഗീകൃത ഏജൻസിയായി നിയമിച്ചു.

5. നിലവിൽ റേഷൻ വിതരണം ഇ-പോസ് മുഖേന ക്രമപ്പെടുത്തി.

6. കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റീഡ്രസ്സൽ കമ്മീഷന് സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ചുമതല നൽകി.

7. സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾ അംഗീകരിച്ചു.

8. പൊതുവിതരണം സോഷ്യൽ ആഡിറ്റിന് വിധേയമാക്കാൻ തീരുമാനിച്ചു.

9. വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുവാനും കേരള റേഷനിംഗ് ഓർഡർ, മാനുവൽ എന്നിവ പരിഷ്കരിക്കാനുമുള്ള നടപടികൾ തുടർന്നുവരുന്നു.

10. റേഷൻ വിതരണക്കാർക്ക് പ്രത്യേക കമ്മീഷൻ പാക്കേജ് അംഗീകരിച്ചു.

11. സർക്കാർ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) ഉണ്ട്. സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഒരു മൊബൈൽ കണക്ടിവിറ്റിയും ലഭ്യമല്ലാത്ത 42 റേഷൻ കടകളിൽ ഇ-പോസ് മുഖേന വിതരണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കടകളിൽ റേഷൻ വിതരണം മാന്വൽ രീതിയിലാണ് നടത്തിവരുന്നത്.

(സി) റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ് മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. നിലവിലെ റേഷൻ കടകളുടെ രൂപത്തിലും ഭാവത്തിലും തനതായ മാറ്റങ്ങൾ വരുത്തി റേഷൻകടകളെ ആകർഷകമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരേ മാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് ബോർഡ്, വില വിവര പട്ടിക, ഒരേ രീതിയിലുള്ള പെയിന്റ് എന്നിവ നൽകി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വൈവിധ്യവത്കരണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

**ഭക്ഷ്യഭദ്രതാ നിയമം**

391(398) <u>ശ്രീ. വി. ഡി.സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയശേഷം ലഭിച്ചുകൊണ്ടിരിക്കുന്ന അരിവിഹിതം നിശ്ചിത അളവിൽ റേഷൻ നൽകുന്നതിന് പര്യാപ്തമാണോ;

(ബി) ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം നടത്തിയതോടെ പ്രതിമാസം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അന്ത്യോദയ, അന്നയോജന ഒഴികെയുള്ള എല്ലാവിഭാഗങ്ങൾക്കും ചുരുങ്ങിയത് അഞ്ച് കിലോ അരി നൽകുന്നതിനായി കൂടുതൽ വിഹിതം അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് സർവ്വകക്ഷി നിവേദക സംഘം പ്രധാനമന്ത്രിയെ കാണുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള എ.എ.വൈ/മുൻഗണനാ വിഭാഗങ്ങളുടെ എണ്ണത്തിനും ടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻകാലങ്ങളിൽ അധിക വിഹിതമുൾപ്പെടെ എ.പി.എൽ വിഭാഗത്തിനു ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവാണ്. ആയതിനാൽ മുൻഗണനേതര സബ്സിഡിയിതര (NPNS) വിഭാഗത്തിന് റേഷൻ വിഹിതം തൃപ്തികരമാംവിധം നൽകാൻ അപര്യാപ്തമാണ്.

(ബി) ഇല്ല.

(സി & ഡി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വിഹിതം സംസ്ഥാനത്തിന് അപര്യാപ്തമായതിനാൽ വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.പി.മാരുടെ യോഗത്തിലും ഗവർണ്ണർമാരുടെ യോഗത്തിലും കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും നിവേദനങ്ങൾ നൽകിയിരുന്നു. എന്നാൽ കേന്ദ്രം ആയതിന്മേൽ അനുകൂലമായ നടപടി സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 15-5-2018-ന് <u>ബഹു</u>. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷിയോഗം ചേരുകയും ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘത്തെ അയയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**പുതിയ റേഷൻ കാർഡുകൾ**

392(399) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ അനുവദിച്ച അവസാന തീയതി എന്നാണ്;

(ബി) പുതിയ റേഷൻകാർഡുകൾ ലഭ്യമല്ലാത്തത് നിമിത്തം ആനുകൂല്യം നഷ്ടമായ ഭവന രഹിതരുടേയും, ഭൂരഹിതരുടേയും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പരാതി പരിഹാരത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2014 ജൂലൈയിലാണ് സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ അവസാനമായി അനുവദിച്ചത്.

(ബി) ഉണ്ട്.

(സി) താൽക്കാലിക റേഷൻ കാർഡുകൾ നൽകിവരുന്നു.

**റേഷൻകാർഡിലെ മുൻഗണനാവിഭാഗത്തിലെ അനർഹർ**

393(400) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മുൻഗണനാവിഭാഗം റേഷൻ കാർഡുകൾ എത്ര എണ്ണമുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) സബ്സിഡി വിഭാഗം എത്ര എണ്ണമുണ്ടെന്നും അവയിൽ ഉൾപ്പെടുന്ന എത്ര കാർഡുകളുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) മുൻഗണന വിഭാഗത്തിൽനിന്നും അനർഹരാണെന്ന് കണ്ടെത്തി എത്ര പേരെ മുൻഗണനേതരവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ഡി) 1000 സ്ക്വയർ ഫീറ്റിലധികമുള്ള വീട്, നാലു ചക്രവാഹനം, ഒരേക്കറിലധികം ഭൂമി, വിദേശത്ത് ഉയർന്ന ശമ്പളമുള്ള ജോലി, ഇവയുള്ളവരുടെ റേഷൻ കാർഡുകൾ ഇനിയും മുൻഗണനാവിഭാഗത്തിൽ ഉണ്ട് എന്നത് കണക്കിലെടുത്ത് കൂടുതൽ കർശനപരിശോധനകൾ നടത്തി അനർഹരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 35,02,509 മുൻഗണനാ വിഭാഗം റേഷൻ കാർഡുകളുണ്ട്.

(ബി) സബ്സിഡി വിഭാഗം റേഷൻ കാർഡ് ഒരിനമാണുള്ളത്. പ്രസ്തുത കാർഡുകളുടെ എണ്ണം 2935436 ആണ്.

(സി) മുൻഗണനാ വിഭാഗത്തിൽനിന്നും അനർഹരാണെന്ന് കണ്ടെത്തി 176328 പേരെ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 20722 |
| കൊല്ലം | 18042 |
| പത്തനംതിട്ട | 7722 |
| ആലപ്പുഴ | 10070 |
| കോട്ടയം | 7662 |
| ഇടുക്കി | 3156 |
| എറണാകുളം | 14289 |
| തൃശ്ശൂർ | 21866 |
| പാലക്കാട് | 16395 |
| മലപ്പുറം | 21837 |
| കോഴിക്കോട് | 17454 |
| വയനാട് | 3426 |
| കണ്ണൂർ | 7578 |
| കാസർഗോഡ് | 6109 |

(ഡി) മോട്ടോർ വെഹിക്കിൾ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിൽനിന്നും ലഭിച്ച ഡാറ്റ ആർ.സി.എം.എസ്.- ഉം ആയി മാപ്പ് ചെയ്ത് ഫീൽഡ് വെരിഫിക്കേഷൻ നടത്തി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**റേഷൻകാർഡുകളുടെ അച്ചടിയും വിതരണവും**

394 (401) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തിമ റേഷൻ പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം അനർഹരെന്ന് കണ്ടെത്തിയവരെ ഒഴിവാക്കിയതിൻ പ്രകാരം ഒഴിവുള്ള മുൻഗണനാ

പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വളരെക്കാലമായി മുടങ്ങിക്കിടന്നിരുന്ന റേഷൻ കാർഡുകളുടെ അച്ചടിയും വിതരണവും പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) നിലവിൽ റേഷൻ കാർഡുകൾ ഇല്ലാത്തവർക്ക് കാർഡുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകളിന്മേൽ അദാലത്തുകൾ നടത്തി പരിശോധനയിലൂടെ അർഹരാണെന്ന് കണ്ടെത്തിയവരെ പ്രസ്തുത പട്ടികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെയും ലഭ്യമായ മാർക്കിന്റെയും അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) റേഷൻ കാർഡുകളുടെ അച്ചടിയും വിതരണവും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ആദിവാസി ഊരുകളിലെ കുടുംബങ്ങൾക്ക് റേഷൻ വിഹിതം എത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതിയിലൂടെ തൃശ്ശൂർ താലൂക്കിലെ പുത്തൂർ, പാണഞ്ചേരി പഞ്ചായത്തുകളിലായി ഏകദേശം 300-ൽപ്പരം കുടുംബങ്ങൾക്ക് 14-7-2017 മുതൽ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി പഞ്ചായത്തിലെ പെരിങ്ങൽക്കുത്ത് മേഖലയിലെ 296 ആദിവാസി കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിപ്രകാരം 29-3-2018 മുതൽ വനംവകുപ്പിന്റെ സഹകരണത്തോടെ റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

**പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടികൾ**

395(402) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും പുതിയ റേഷൻ കാർഡുകൾ എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡുകളിൽനിന്ന് പേരുകൾ കുറവ് ചെയ്ത് പുതിയ റേഷൻ കാർഡുകളെടുക്കുന്നതിനുള്ള അപേക്ഷകൾ എന്ന് മുതൽ സ്വീകരിക്കുമെന്നും അത്തരത്തിലുള്ള അപേക്ഷകർക്ക് റേഷൻ കാർഡ് എന്ന് ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡുടമകൾക്ക്, അവർ നേരത്തെ താമസിച്ചിരുന്ന താലൂക്കിൽനിന്നും ഇപ്പോൾ താമസിക്കുന്ന താലൂക്കിലേയ്ക്ക് റേഷൻ കാർഡ് മാറ്റുന്നതിനും റേഷൻ കടകൾ മാറുന്നതിനും നിലവിൽ സൗകര്യം ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ലഭ്യമല്ലെങ്കിൽ ഈ സൗകര്യങ്ങൾ എന്ന് മുതൽ ലഭ്യമാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) നിലവിൽ റേഷൻ കാർഡ് ലഭ്യമല്ലാത്തവർക്കും റേഷൻ കാർഡ് പുതുക്കലിൽ ഫോട്ടോ എടുത്ത് പുതുക്കാൻ കഴിയാത്തവർക്കും റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള റേഷൻ കാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക, മറ്റൊരു താലൂക്കിലേയ്ക്ക് റേഷൻ കാർഡ് മാറ്റുക തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുന്നതാണ്.

**റേഷൻ കാർഡ് മുൻഗണനാ പട്ടിക**

396(403) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽനിന്ന് അനർഹരാണെന്ന് കണ്ടെത്തി ഒഴിവാക്കപ്പെട്ടവർക്ക് പകരമായി അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തുന്ന നടപടികൾ ഏത് ഘട്ടം വരെ ആയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഇപ്രകാരം ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത ജോലി അന്തിമഘട്ടത്തിലാണ്.

(ബി) ഉണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 20722 |
| കൊല്ലം | 18042 |
| പത്തനംതിട്ട | 7722 |
| ആലപ്പുഴ | 10070 |
| കോട്ടയം | 7662 |
| ഇടുക്കി | 3156 |
| എറണാകുളം | 14289 |
| തൃശ്ശൂർ | 21866 |
| പാലക്കാട് | 16395 |
| മലപ്പുറം | 21837 |
| കോഴിക്കോട് | 17454 |
| വയനാട് | 3426 |
| കണ്ണൂർ | 7578 |
| കാസർഗോഡ് | 6109 |
| ആകെ | 176328 |

**റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്തുന്നതിന് നടപടി**

397(404) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ റേഷൻ കാർഡിൽ പേരില്ലാത്തതും എന്നാൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിച്ച സമയത്ത് ഉൾപ്പെടുത്താൻ പേര് നൽകിയതുമായ പലരേയും പുതിയ റേഷൻ കാർഡിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതുകാരണം ചില ആളുകൾ രണ്ടു റേഷൻ കാർഡിലും ഉൾപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവാഹശേഷമോ മറ്റോ പഴയകാർഡിൽ പേര് ഉൾപ്പെടുത്താതെ പോയ ആളുകൾക്ക് ഭർതൃഗൃഹത്തിലെ റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണ്;

(ഡി) ഒരേ സപ്ലൈ ഓഫീസിനു കീഴിലുള്ളവരെയാണ് പുതുതായി കാർഡിൽ ഉൾപ്പെടുത്തുന്നതെങ്കിൽ നടപടി ക്രമങ്ങൾ ലഘൂകരിക്കുമോ; വിശദമാക്കാമോ;

(ഇ) നിലവിൽ ലഭിച്ച റേഷൻ കാർഡിൽ ഇത്തരത്തിൽ പുതുതായി പേര് ഉൾപ്പെടുത്തുന്ന നടപടി എന്നാണ് ആരംഭിക്കുക; വിശദമാക്കാമോ?

ഉത്തരം

(എ) ഡാറ്റാ എൻട്രി പിഴവുമൂലമോ പേര് ചേർക്കുന്നതിന് ആധാരമായ രേഖകൾ ഹാജരാകാത്തതുമൂലമോ ആണ് പലരേയും പുതിയ റേഷൻ കാർഡിൽ ഉൾപ്പെടുത്താത്തത്.

(ബി) ഉണ്ട്.

(സി) നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്

(ഡി) ഒരേ താലൂക്കിൽ നിലവിൽ ഡാറ്റാ ഉള്ളതിനാൽ വളരെ പെട്ടന്നുതന്നെ പുതിയ കാർഡിൽ ഉൾപ്പെടുത്താവുന്നതാണ്.

(ഇ) നിലവിൽ മുൻഗണനാ പട്ടിക ശുദ്ധീകരണം നടക്കുന്നതിനാൽ മേൽ പ്രക്രിയ തീരുന്ന മുറയ്ക്ക് കാർഡിൽ പുതുതായി പേര് ഉൾപ്പെടുത്തുന്ന നടപടി സ്വീകരിക്കുന്നതാണ്.

**റേഷൻ കാർഡുകൾ**

398(405) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര റേഷൻകാർഡുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാർഡുകളിൽ ഉൾപ്പെട്ട മുഴുവൻ ആളുകളുടെയും സമ്പൂർണ്ണ വ്യക്തിവിവരം സൂക്ഷിക്കുന്ന സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന് തകരാർ സംഭവിച്ചത് കാരണം മുഴുവൻ ആളുകളുടെയും സമ്പൂർണ്ണ വ്യക്തിവിവരം പരസ്യമായിട്ടുണ്ടെന്ന വാർത്ത ശരിയാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിൽ മൊത്തം 8018030 റേഷൻ കാർഡുകളുണ്ട്. പ്രസ്തുത കാർഡുടമകളുടെ സമ്പൂർണ്ണ വ്യക്തിവിവരം ഡാറ്റാ സെർവറുകളിൽ സൂക്ഷിച്ചിട്ടുണ്ട്.

(സി) ശരിയല്ല.

(ഡി) ബാധകമല്ല.

**റേഷൻ കാർഡുകളിലെ കൂട്ടിച്ചേർക്കലുകൾ**

399(406) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 2 വർഷമായി റേഷൻ കാർഡുകളിൽ കൂടിച്ചേർക്കലുകളോ കുറയ്ക്കലോ നടക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇവ നടക്കാതെ പോയത് എന്ന് വിശദമാക്കാമോ;

(ബി) ഇതുമൂലം ലൈഫ് മിഷൻ പദ്ധതിയിൽ വീടിനായി അപേക്ഷിച്ചിട്ടുള്ള പലർക്കും വീട് ലഭിക്കാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ വീട് ലഭിക്കാതെ പോയ ലൈഫ് മിഷൻ ഗുണഭോക്താക്കളെ വീണ്ടും ഇതിൽ ഉൾപ്പെടുത്തി വീട് ലഭിക്കുന്നതിനായി അവരുടെ നിലവിലുള്ള റേഷൻ കാർഡുകളിൽ മാറ്റം വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നിലവിൽ റേഷൻ കാർഡ് ലഭ്യമല്ലാത്തവർക്കും റേഷൻ കാർഡ് പുതുക്കലിൽ ഫോട്ടോ എടുത്ത് പുതുക്കാൻ കഴിയാത്തവർക്കും റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള റേഷൻ കാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക, മറ്റൊരു താലൂക്കിലേയ്ക്ക് കാർഡ് മാറ്റുക തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുന്നതാണ്.

(ബി&സി) ലൈഫ്മിഷൻ പദ്ധതിയിൽ വീടിനായി അപേക്ഷിക്കുമ്പോൾ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെയാണ് ഒരു കുടുംബമായി പരിഗണിച്ചത്. അതുകൊണ്ടുതന്നെ കാർഡിൽനിന്ന് പേര് വെട്ടി പുതിയ റേഷൻ കാർഡ്

എടുക്കാൻ കഴിയാത്തവരുടെ പല അപേക്ഷകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരസിച്ചിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഡി.ബി1/374/18/ത.സ്വ.ഭ.വ. 23-5-18-ലെ സർക്കുലർ പ്രകാരം റേഷൻ കാർഡ് ഇല്ല എന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തേയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്ന് ഒഴിവാക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ ജൂൺ മാസത്തിൽ തന്നെ സ്വീകരിച്ച് തുടങ്ങാനും അവ താലൂക്ക് സപ്ലൈ ഓഫീസുകളിൽനിന്നുതന്നെ അച്ചടിച്ച് നൽകാനുമാണ് തീരുമാനിച്ചിരിക്കുന്നത്.

### ആദിവാസി പിന്നോക്ക വിഭാഗങ്ങൾക്ക് റേഷൻ കാർഡ്

400(407) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത ആദിവാസി പിന്നോക്ക വിഭാഗങ്ങൾക്ക് റേഷൻ കാർഡ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) വയനാട് ജില്ലയിൽ റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്;

(സി) പുതിയ റേഷൻ കാർഡുകൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു.

(ബി) വയനാട് ജില്ലയിൽ റേഷൻ കാർഡ് ലഭിച്ചിട്ടില്ലാത്ത 1040 കുടുംബങ്ങൾ ഉണ്ടായിരുന്നു. അവർക്ക് റേഷൻ കാർഡ് നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്തവരും പഴയ റേഷൻ കാർഡ് ഫോട്ടോ എടുത്ത് പുതുക്കാത്തവർക്കും പുതിയ റേഷൻ കാർഡ് നൽകുവാനുള്ള അപേക്ഷ സ്വീകരിച്ചുവരുന്നു. കൂടാതെ മുൻഗണനാ ശുദ്ധീകരണത്തിന്റെ ഭാഗമായി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന പ്രക്രിയ നടന്നുവരുന്നു. ആയത് തീരുന്ന മുറയ്ക്ക് പുതിയ റേഷൻ കാർഡുകൾ നൽകുന്നതാണ്.

**റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ**

401(408) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഒരു റേഷൻകാർഡിലും പേരില്ലാത്തവർക്ക് കുടുംബ റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്തി നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ പുതുതായി പേര് ഉൾപ്പെടുത്തി നൽകുന്നതിന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിന് സംവിധാനമുണ്ടോ; അപേക്ഷ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലെന്ന് എം.പി./ എം.എൽ.എ./ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/ മെമ്പർ/ചെയർമാൻ-യുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കുടുംബ റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്തി നൽകുന്നതാണ്.

(ബി) ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുന്നതിനുള്ള സാങ്കേതിക നടപടികൾ പൂർത്തിയായി വരുന്നു.

**ഭക്ഷ്യ സുരക്ഷ നിയമം**

402(409) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻകാർഡ് മുൻഗണനാ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിന് കോഴിക്കോട്, താമരശ്ശേരി താലൂക്കുകളിൽ എത്ര അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ചത് പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയവരുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) അന്തിമ ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റേഷൻ കാർഡ് മുൻഗണനാ പട്ടികയിലെ അപാകതകൾ പരിഹരിക്കുന്നതിന് കോഴിക്കോട് താലൂക്കിൽ 15000 അപേക്ഷകളും താമരശ്ശേരി താലൂക്കിൽ 6201 അപേക്ഷകളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് കോഴിക്കോട് താലൂക്കിൽ 5891 പേരെയും താമരശ്ശേരി താലൂക്കിൽ 2862 പേരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(സി) അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽനിന്നും അനർഹരെ മാറ്റി അർഹരെ ഉൾപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചുവരുന്നുണ്ട്. മാത്രമല്ല, ലിസ്റ്റ് നിരന്തരമായ പരിഷ്കരണത്തിന് വിധേയവുമാണ്.

**റേഷൻ വ്യാപാരികൾക്ക് വേതനം**

403(410) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വേതനത്തിന്റെ കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) റേഷൻ വ്യാപാരികളുടെ വേതനകാര്യത്തിൽ ശിപാർശ നൽകുവാനായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയാണ് ; പ്രസ്തുത ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) റേഷൻ വ്യാപാരികൾക്ക് വേതനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷനരിക്ക് വില കൂട്ടിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ വർദ്ധനവാണ് വരുത്തിയതെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഒരു സ.ഉ.(കൈ)നമ്പർ 29/17/ഭ.പൊ.വി.വ 10-11-2017 പ്രകാരം റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ പാക്കേജ് നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി പ്രസ്തുത ഉത്തരവ് അനുബന്ധം-1*ആയി ചേർത്തിട്ടുണ്ട്.

(ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ സംബന്ധിച്ച കമ്മിറ്റിയുടെ ശിപാർശകൾ അനുബന്ധം-2* ആയി ചേർത്തിട്ടുണ്ട്.

(സി) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി എ.എ.വൈ ഒഴികെയുള്ള എല്ലാ വിഭാഗങ്ങളുടെയും പക്കൽനിന്നും കൈകാര്യ ചെലവിനത്തിൽ കിലോഗ്രാമിന് 1 രൂപ വീതം ഈടാക്കുന്നുണ്ട്.

**ഇ-പോസ് മെഷീനുകൾ**

404(411) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ പുതുതായി സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനുകൾ, കുറ്റമറ്റ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് എത്രത്തോളം പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇ-പോസ് മെഷീനുകളിൽ ഉപഭോക്താക്കളുടെ വിരലടയാളം പതിയാത്ത സാഹചര്യങ്ങളിൽ വിരലടയാളം പതിക്കാതെതന്നെ അർഹരായ ഉപഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ ലഭിക്കുവാനും ഇ-പോസ് മെഷീന്റെ മറ്റ് സാങ്കേതിക ന്യൂനതകൾ കാരണം ഉപഭോക്താവിന് റേഷൻ സാധനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും 2018 മെയ് മാസത്തിൽ ഇ-പോസ് വഴിയുള്ള റേഷൻ വിതരണം പൂർത്തിയാക്കി. ഇത് കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് ഏറെ സഹായിച്ചുവെന്നാണ് വിലയിരുത്തൽ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആധാർ ഇല്ലാത്തവർക്കും വിരലടയാളം പതിച്ച് ആതന്റിക്കേഷൻ പരാജയപ്പെടുന്നവർക്കും റേഷൻ വിതരണം നടത്തുന്നതിന് സംവിധാനമുണ്ട്. ആധാർ പരാജയപ്പെടുകയാണെങ്കിൽ OTP (one Time Password) മുഖേന ആതന്റിക്കേറ്റ് ചെയ്യുന്നതിനും അതും പരാജയപ്പെടുകയാണെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെ തന്നെ റേഷൻ വിതരണം ചെയ്യുന്നതിനും സാധിക്കും. കണക്ടിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തരമായി അറിയിക്കുന്നതിന് കാൾ സെന്റർ രൂപീകരിച്ചിട്ടുണ്ട്. അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഇ-പോസ് മെഷീൻ സ്ഥാപിക്കൽ

405(412) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് നടപടി പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-പോസ് മെഷീനിലൂടെ എ.റ്റി.എം. മുഖാന്തരം ലഭ്യമാകുന്ന സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇ-പോസ് മെഷീൻ തകരാറിലായാൽ റേഷൻ വിതരണത്തിന് എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ-പോസ് മെഷീനിലൂടെ എ.ടി.എം. സേവനങ്ങൾ ലഭ്യമാക്കുന്ന വിഷയം പരിഗണനയിലാണ്. ഇതുസംബന്ധിച്ച് കാനറാ ബാങ്കുമായി ചർച്ച നടന്നുവരികയാണ്.

(സി) കണക്ടിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവ്വീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേടുവന്ന മെഷീനുകൾ മാറ്റി പകരം മെഷീൻ സ്ഥാപിക്കുന്നതാണ്.

## എ.പി.എൽ. വിഭാഗക്കാർക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിനുണ്ടായ കാലതാമസം

406(413) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-പോസ് മെഷീൻ ഏർപ്പെടുത്തിയ ശേഷം എ.പി.എൽ. വിഭാഗക്കാർക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വിവിധ മുൻഗണനാ വിഭാഗങ്ങൾക്കുള്ള വിതരണ അനുമതി ലഭിച്ച് ദിവസങ്ങൾ കഴിയുമ്പോഴാണ് പല ജില്ലകളിലും എ.പി.എൽ. വിഭാഗക്കാർക്ക് റേഷൻ വിഹിതം ലഭിക്കുന്നത് എന്നതിനാൽ ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റേഷൻ വിഹിതത്തിനു പുറമേ കാർഡുടമകൾക്ക് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ റേഷൻ കട വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എല്ലാ വിഭാഗത്തിനുമുള്ള ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റും വിതരണാനുമതിയും ഒന്നിച്ചാണ് നൽകിവരുന്നത്.

(സി) മുൻഗണനേതര പട്ടികയിലെ നോൺ സബ്സിഡി വിഭാഗത്തിന്റെ റേഷൻ വിഹിതം 2 കിലോഗ്രാമിൽനിന്നും 4 കിലോഗ്രാമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ലഭ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## റേഷൻ കടകളിൽ ഇ-പോസ് സംവിധാനം

407(414) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ചില റേഷൻ കടകളിൽ സിഗ്നൽ ലഭിക്കാത്തത് മൂലം ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിഗ്നൽ ലഭിക്കാത്ത ഇടങ്ങളിൽ സിഗ്നൽ ലഭ്യമായ കണക്ഷൻ ലഭ്യമാക്കുകയുണ്ടായി. ബി.എസ്.എൻ.എൽ., ഐഡിയ, വോഡഫോൺ, എയർടെൽ എന്നീ സേവനദാതാക്കളുടെ കണക്ഷൻ എടുത്തിട്ടുണ്ട്. ഒരു കണക്റ്റിവിറ്റിയും ലഭ്യമല്ലാത്ത 42 റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പഴയപടി മാനുവൽ രീതിയിൽ റേഷൻ വിതരണം നടന്നുവരുന്നു. ഈ കടകളിൽ ബ്രോഡ് ബാൻഡ് കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻ വിതരണം**

408(415) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായും ഇ-പോസ് മെഷീൻ വഴി ആക്കിയതോടെ റേഷൻ കടകൾ വഴി നടന്നിരുന്ന തട്ടിപ്പിന് അറുതി വരുത്തുവാൻ കഴിഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ സംവിധാനം ഏർപ്പെടുത്തുക വഴി കരിഞ്ചന്തയിലേയ്ക്ക് മാറ്റിക്കൊണ്ടിരുന്ന റേഷനരിയുടെ എത്ര ശതമാനം ലാഭിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം അധികമായി ലഭിക്കുന്ന അരി മുൻഗണനേതര വിഭാഗങ്ങൾക്ക് അധികമായി ലഭ്യമാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായും ഇ-പോസ് മെഷീൻ വഴി ആക്കിയതോടെ പൊതുവിതരണ രംഗത്തുണ്ടായിരുന്നുവെന്ന് പറയുന്ന ആശാസ്യകരമല്ലാത്ത ചില പ്രവണതകൾ ഒരു പരിധിവരെ നിയന്ത്രിക്കാനും ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ട്. ആയതിലൂടെ റേഷൻ വിതരണം എത്രത്തോളം സുതാര്യമായി മുന്നോട്ടുപോകുന്നുവെന്നത് പരിശോധിച്ചുവരുന്നു.

(സി) കരിഞ്ചന്ത ഒഴിവാകുമ്പോൾ അർഹതപ്പെട്ടവർക്ക് വിഹിതം ലഭ്യമാവുകയാണ് ചെയ്യുന്നത്. അതിനാൽ അധികമായി അരി ലഭ്യമാക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. മുൻഗണനേതര വിഭാഗങ്ങൾക്ക് കൂടുതൽ അരി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## റേഷൻ കടകളിൽ ഇ-പോസ് മെഷീൻ

409(416) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കൽ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇ-പോസ് മെഷീൻ സ്ഥാപിച്ച റേഷൻ കടകളിൽ പ്രായോഗികമായി എന്തെങ്കിലും ബുദ്ധിമുട്ടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) രോഗികൾ, അവശതയനുഭവിക്കുന്നവർ തുടങ്ങി റേഷൻ കടകളിൽ നേരിട്ട് പോകുവാൻ സാധിക്കാത്തവർക്ക് റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മുഴുവൻ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമല്ലാത്ത 42 റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പഴയപടി മാനുവൽ രീതിയിൽ റേഷൻ വിതരണം നടന്നുവരുന്നു.

(ബി) കണക്ടിവിറ്റി ഇല്ലാത്ത പ്രശ്നം ചിലയിടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റേഷൻ കടകളിൽ നേരിട്ടുപോകാൻ സാധിക്കാത്തവർക്ക് അതേ കടയിൽ തന്നെയുള്ള ഏതെങ്കിലും കാർഡിലെ അംഗത്തിനെ പ്രോക്സി ആയി നിയമിക്കാൻ സാധിക്കും. ടിയാളുടെ ആധാർ ആതന്റിക്കേഷൻ വഴി റേഷൻ വിതരണം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ

410(417) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താല്ക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) റേഷൻകടകൾക്ക് താല്കാലിക ലൈസൻസ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം താല്കാലിക ലൈസൻസ് ലഭിച്ചിട്ടുള്ള ലൈസൻസികളെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 178 റേഷൻ കടകൾ താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 2 |
| ആലപ്പുഴ | 2 |
| കോട്ടയം | 4 |
| ഇടുക്കി | 1 |
| എറണാകുളം | 19 |
| തൃശ്ശൂർ | 3 |
| മലപ്പുറം | 18 |
| കോഴിക്കോട് | 17 |
| വയനാട് | 1 |
| കണ്ണൂർ | 26 |
| കാസർഗോഡ് | 77 |
| ആകെ | 178 |

(ബി) നിലവിൽ റേഷൻ കടകൾക്ക് സ്ഥിര ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

- ഇന്ത്യൻ പൗരനായിരിക്കണം.
- 18 വയസ് പൂർത്തിയായിരിക്കണം.
- നിർദ്ദിഷ്ട വാർഡിലെ സ്ഥിരതാമസക്കാരനായിരിക്കണം.
- മാതൃഭാഷ എഴുതാനും വായിക്കാനുമുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.
- 1955-ലെ അവശ്യ സാധന നിയമപ്രകാരം ശിക്ഷിക്കപ്പെട്ടിട്ടില്ലാത്ത വ്യക്തിയായിരിക്കണം.

- സർക്കാരുമായി ഉടമ്പടി ഉണ്ടാക്കുന്നതിനോ ലൈസൻസ് എടുക്കുന്നതിനോ നിയമപരമായി ഒഴിവാക്കപ്പെട്ട ആളായിരിക്കരുത്.
- റേഷൻ കടമുറി സ്വന്തമായോ വാടകയ്ക്കോ ലഭ്യമാക്കുകയും വകുപ്പ് നിശ്ചയിക്കുന്ന ഗ്യാരന്റി, സെക്യൂരിറ്റി, സോൾവൻസി തുകകൾ അടവാക്കുന്നതിന് പ്രാപ്തിയുള്ള ആളായിരിക്കണം.
- ഏതെങ്കിലും സ്ഥാപനത്തിൽ മുഴുവൻസമയ ജോലിയുള്ള ആളാകാൻ പാടില്ല.

എന്നാൽ താൽക്കാലിക ലൈസൻസിന് ഇന്ത്യൻ പൗരനായിരിക്കണമെന്ന മാനദണ്ഡമൊഴികെ മറ്റ് നിബന്ധനകൾ പാലിക്കണമെന്ന് നിർബന്ധമില്ല.

(സി) പരിഗണനയിലില്ല.

## സ്മാർട്ട് റേഷൻ കടകൾ

411(418) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ഓരോ സ്മാർട്ട് റേഷൻ കട ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇരുപത് ബാങ്കിംഗ് സേവനങ്ങൾ റേഷൻ കടകൾ വഴി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അവശ്യസാധനങ്ങളുടെ കുതിച്ചുയരുന്ന വില നിന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തിവരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. നിലവിലെ റേഷൻ കടകളുടെ രൂപത്തിലും ഭാവത്തിലും തനതായ മാറ്റങ്ങൾ വരുത്തി റേഷൻ കടകളെ ആകർഷകമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ

റേഷൻ കടകൾക്കും ഒരേ മാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് ബോർഡ്, വില വിവര പട്ടിക, ഒരേ രീതിയിലുള്ള പെയിന്റ് എന്നിവ നൽകി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റേഷൻ കടകൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കി വൈവിധ്യവത്കരണം നടപ്പിലാക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു.

(ബി) തീരുമാനമായിട്ടില്ല. കാനറാ ബാങ്ക് അധികൃതരുമായി ചർച്ച നടത്തിവരുന്നു.

(സി) വിലക്കയറ്റം തടയുന്നതിന് നിലവിലുള്ള കാര്യക്ഷമമായ വിപണി ഇടപെടൽ പദ്ധതി പ്രകാരം കൂടുതൽ സ്റ്റോക്ക് എത്തിച്ച് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക വഴി നിലവാരം ഒരളവുവരെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെ വില സ്ഥിരത ഉറപ്പുവരുത്തുന്നുണ്ട്. ഇതിന് പുറമെ 28 ഇനം ഫ്രീസെയിൽ സബ്സിഡി ഉൽപ്പന്നങ്ങൾ, സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാന്റഡ് കമ്പനികളുടെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് എന്നിവയും പൊതു വിപണിയിലേതിനേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. പൊതുവിതരണത്തിനേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. പൊതുവിപണിയിലെ അരിയുടെ വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമേ ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

ഉത്സവകാലങ്ങളിൽ നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമേ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കാറുണ്ട്. സബ്സിഡി നിരക്കിൽ വിൽക്കുന്ന അവശ്യ സാധനങ്ങളായ പയറുവർഗ്ഗങ്ങൾ പലവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവയുടെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വിൽപ്പന അവലോകനം ചെയ്തുകൊണ്ടുള്ള പട്ടിക താഴെ നൽകുന്നു:

| ഇനം | വിൽപ്പന നടത്തിയ അളവ് (മെ. ടണ്ണിൽ) | | |
|---|---|---|---|
| | 2015-16 | 2016-17 | 2017-18 |
| പയറുവർഗ്ഗങ്ങൾ | 40415 | 53820 | 59553 |
| പലവ്യഞ്ജനങ്ങൾ | 8148 | 11630 | 9139 |
| പഞ്ചസാര | 30504 | 41903 | 47817 |
| അരി | 70449 | 81892 | 136500 |
| വെളിച്ചെണ്ണ (ലിറ്ററിൽ) | 5608170 | 4602212 | 9123917 |

**ഇ-പോസ് മെഷീൻ**

412(419) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ ഇ-പോസ് മെഷീൻ സ്ഥാപിച്ചതിനെത്തുടർന്ന് ഗുണഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ വാങ്ങാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കിടപ്പിലായതും രോഗിയായവരുമായ ഗുണഭോക്താക്കൾക്ക് റേഷൻ വാങ്ങുന്നതിന് എന്തുതരം ക്രമീകരണമാണ് സർക്കാർ നടപ്പിലാക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അതത് മാസം റേഷൻ വാങ്ങുവാൻ കഴിയാത്ത ആളുകളുടെ റേഷൻ വിഹിതം നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ; ഈ വിഹിതം അടുത്ത മാസം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇ-പോസ് മെഷീൻ സ്ഥാപിച്ചത് വഴി റേഷൻ കട ഉടമകളുടെ വരുമാനം ഏത് രീതിയിൽ ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) എ. പി. എൽ. വിഭാഗത്തിന് ഇന്ന് ലഭ്യമായിരിക്കുന്ന റേഷൻ വിഹിതത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത കാർഡുടമകൾക്ക് പകരക്കാരെ (പ്രോക്സി) നിശ്ചയിക്കാൻ സാധിക്കും. പ്രോക്സി ആയി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡംഗം ആയിരിക്കണം. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകിയാൽ മതിയാകും.

(സി) ഉണ്ട്. വാങ്ങാത്ത റേഷൻ വിഹിതം അടുത്ത മാസം ലഭ്യമാക്കുന്ന രീതി നടപ്പാക്കിയിട്ടില്ല.

(ഡി) സർക്കാരിന്റെ സ.ഉ.(കൈ) നം.29/2017/പൊ.വി.വ 10-11-2017-ലെ പ്രകാരം റേഷൻ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് 220 രൂപയായി വർദ്ധിപ്പിച്ച് മിനിമം കമ്മീഷൻ ഉറപ്പാക്കുന്ന രീതിയിൽ കമ്മീഷൻ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതും സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ഇ) പൊതുവിതരണ സമ്പ്രദായത്തിൽ നിലവിൽ മുൻഗണനാ/ മുൻഗണനേതര വിഭാഗം മാത്രമേ ഉള്ളൂ. എ.പി.എൽ., ബി.പി.എൽ. എന്ന രീതി 1-11-2016 മുതൽ നിർത്തലാക്കിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വിഹിതം സംസ്ഥാനത്തിന് അപര്യാപ്തമായതിനാൽ വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.പി.-മാരുടെ യോഗത്തിലും ഗവർണർമാരുടെ യോഗത്തിലും, കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും നിവേദനങ്ങൾ നൽകിയിരുന്നു. എന്നാൽ കേന്ദ്രം അനുകൂലമായ നടപടികൾ ആയതിന്മേൽ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 15-5-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷി യോഗം ചേരുകയും ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘത്തെ അയയ്ക്കുവാനും തീരുമാനിച്ചിട്ടുമുണ്ട്. കേന്ദ്രത്തിൽനിന്നും അധിക ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനേതര വിഭാഗത്തിനുള്ള വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഇ-പോസ് മെഷീൻ

413(420) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇ-പോസ് മെഷീൻ സമ്പ്രദായം അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പ്രതിരോധിക്കാൻ ഏർപ്പെടുത്തിയ നടപടികൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മേയ് മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനുള്ള ബോധപൂർവ്വമായ ശ്രമം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്.

## ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം

414(421) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണം കുറ്റമറ്റതും കാര്യക്ഷമവുമാക്കി മാറ്റുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ പൊതുവിതരണ രംഗം അഴിമതി വിമുക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. റേഷൻ വിതരണ രംഗത്തെ അഴിമതി തടയുന്നതിനായി സംസ്ഥാനതല പരിശോധനാസംഘം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ മറ്റെല്ലാ കടകളിലും ഇ-പോസ് മെഷീനുകൾ മുഖേന റേഷൻ വിതരണം നടത്തിവരുന്നു. കണക്ടിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയരീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-പോസ് മെഷീൻ ദുരുപയോഗം

415(422) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിന് പുതുതായി ലഭ്യമാക്കിയ ഇ-പോസ് മെഷീൻ ദുരുപയോഗം ചെയ്ത് റേഷൻ സാധനങ്ങൾ തട്ടിയെടുക്കുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ-പോസ് മുഖേന ആതന്റിക്കേഷനില്ലാതെ, ഗുണഭോക്താവിന്റെ അറിവില്ലാതെ റേഷൻ തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുണഭോക്താവിന്റെ അറിവോടെയല്ലാതെ റേഷൻ തട്ടിയെടുത്ത സംഭവത്തിൽ റേഷൻ കടകൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആതന്റിക്കേഷൻ ഇല്ലാതെ റേഷൻ വിതരണം നടത്തുന്ന കടകൾ തെരഞ്ഞെടുത്ത് വകുപ്പുദ്യോഗസ്ഥൻ പരിശോധന നടത്തുന്നുണ്ട്. ആതന്റിക്കേഷൻ ഇല്ലാതെ വിതരണം ചെയ്ത റേഷൻ സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണോ ലഭിച്ചതെന്ന് ഫീൽഡുതല പരിശോധന നടത്തുന്നുണ്ട്. (ആധാർ ഇല്ലാത്തതുമൂലമോ ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുന്നതുമൂലമോ ഒരാൾക്കും റേഷൻ നിഷേധിക്കപ്പെടരുത് എന്നതിനാലാണ് ബില്ലിംഗ് അനുവദിക്കുന്നത്). ഓരോ കാർഡുടമയ്ക്കും തങ്ങളുടെ വിഹിതം സംബന്ധിച്ച വിവരങ്ങൾ epos.kerala.gov.in എന്ന പോർട്ടലിൽനിന്നും അറിയുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## റേഷൻ വിതരണം

416(423) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകളിൽനിന്നും മാവേലി സ്റ്റോറുകളിൽനിന്നും വിറ്റഴിക്കുന്ന ഭക്ഷ്യവസ്തുക്കളും മറ്റും അർഹതപ്പെട്ടവരുടെ കൈകളിൽ തന്നെയാണോ എത്തുന്നതെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ മുഖേന, ആധാർ മുഖേന യഥാർത്ഥ ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് റേഷൻ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ആയതിലൂടെ അർഹതപ്പെട്ടവർക്ക് തന്നെ റേഷൻ സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിൽ റേഷൻ കാർഡ് ഡാറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് OTP(One Time Password) അയയ്ക്കുകയും ആയത് വഴി ആതന്റിക്കേറ്റ് ചെയ്യുകയും ചെയ്യാം. മൊബൈൽ ലഭ്യമല്ലെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെതന്നെ റേഷൻ വിതരണം നടത്താൻ സാധിക്കും. ഇ-പോസ് മുഖേന റേഷൻ വിതരണം നടത്തി തുടങ്ങിയശേഷം ഓരോ ട്രാൻസാക്ഷനും തത്സമയം epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. റേഷൻ കടയിലെ സ്റ്റോക്ക് വിവരം, ഓരോ ട്രാൻസാക്ഷനും സംബന്ധിച്ച വിവരം, ഓരോ ഗുണഭോക്താവും കൈപ്പറ്റിയ വിഹിതം തുടങ്ങിയ വിവരങ്ങൾ തത്സമയം അറിയാൻ കഴിയും.

സപ്ലൈകോ ഔട്ട്‌ലെറ്റുകൾ മുഖേന വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനും സബ്സിഡി അർഹമായ കരങ്ങളിൽ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കിംഗ് ആന്റ് ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വിൽപ്പനശാലകളിൽ പരിശോധനയും നടത്തിവരുന്നുണ്ട്.

**റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത**

417(424) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത തടയുന്നതിന് എഫ്.സി.ഐ.-യിൽനിന്നും ഭക്ഷ്യസാധനങ്ങളെടുത്ത് റേഷൻ കടകളിൽ എത്തിക്കുന്നത് നിരീക്ഷിക്കുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ബി) വാതിൽപ്പടി വിതരണം നടപ്പിലാക്കിയത് മൂലം റേഷൻ വിതരണത്തിൽ കൈവന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള മുഴുവൻ റേഷൻ സാധനങ്ങളും എഫ്.സി.ഐയിൽനിന്നും ലഭ്യമാക്കുവാൻ ഈ സർക്കാരിന് കഴിയുന്നുണ്ടോ; 2018 ജനുവരി മുതൽ സംസ്ഥാനത്തിന് അനുവദിച്ചതും, ലഭ്യമായതുമായ ഭക്ഷ്യധാന്യങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ആർ.എഫ്.പി.(കരട്) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പ്രാവർത്തികമാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) റേഷൻ വ്യാപാരികൾക്ക് കൃത്യമായ തൂക്കത്തിലും അളവിലും റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണംവഴി ലഭിക്കുന്നുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലെ കരിഞ്ചന്ത, അഴിമതി എന്നിവ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. 2018 ജനുവരി മുതൽ സംസ്ഥാനത്ത് അനുവദിച്ചതും ലഭ്യമായതുമായ ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## പൊതുവിരണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

418(425) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഏതൊക്കെ സർക്കാർ ഏജൻസികൾക്കാണ് ചുമതല നല്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി സർക്കാർ നല്കിയിട്ടുള്ള സാമ്പത്തിക സഹായം സംബന്ധിച്ചുള്ള വിവരം വിശദമാക്കുമോ?

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) റേഷൻ പൊതുവിതരണ രംഗം അഴിമതി വിമുക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തിവരുന്നു. ഓരോ കാർഡിനും അർഹതപ്പെട്ട റേഷൻ വിഹിതം, കൈപ്പറ്റിയ വിഹിതം, ഓരോ കടയിലെയും സ്റ്റോക്ക് വിവരങ്ങൾ, വിതരണക്രമം മുതലായവ epos.kerala.gov.in എന്ന പോർട്ടിലൂടെ നിരീക്ഷിക്കാൻ സാധിക്കും. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. റേഷൻ വിതരണ രംഗത്തെ അഴിമതി തടയുന്നതിനായി സംസ്ഥാനതല സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) കമ്പോളത്തിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സർക്കാർ ചുമതലയുള്ള ഏജൻസിയാണ് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ.

(സി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കമ്പോള ഇടപെടലിനായി സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | തുക |
|---|---|
| 2016-17 | 200 കോടി രൂപ |
| 2017-18 | 200 കോടി രൂപ |
| 2018-19 | 150 കോടി രൂപ (ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്) |

**റേഷൻ വിതരണം ഡിജിറ്റലൈസ് ചെയ്തതിന്റെ നേട്ടങ്ങൾ**

419(426) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) റേഷൻ കട നടത്തിപ്പുകാർക്കുള്ള ഹോണറേറിയം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഡിജിറ്റലൈസ് ചെയ്തതിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മെഷീൻ മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഒരു മൊബൈൽ കണക്ടിവിറ്റിയും ലഭ്യമല്ലാത്ത 42 റേഷൻ കടകളിൽ ഇ-പോസ് മുഖേന വിതരണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത കടകളിൽ മാന്വലായി റേഷൻ വിതരണം ചെയ്യുന്നുണ്ട്. ഇ-പോസ് മുഖേന നടക്കുന്ന ട്രാൻസാക്ഷനുകൾ തത്സമയംതന്നെ സെർവറിലേയ്ക്ക് അപ്ഡേറ്റ് ചെയ്യപ്പെടുകയും epos.kerala.gov.in എന്ന പോർട്ടലിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു.

(ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നിശ്ചയിച്ചുകൊണ്ടുള്ള സ.ഉ.(കൈ) നമ്പർ 29/2017/ഭ.പൊ.വി.വ. 10-11-2017-ലെ അനുബന്ധമായി* ചേർക്കുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്. റേഷൻ വിതരണത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. ഏത്ര റേഷൻകടയിൽ നിന്നും റേഷൻ വിഹിതം കൈപ്പറ്റാൻ സാധിക്കും, റേഷൻ കടയിലെ സ്റ്റോക്ക് വിവരങ്ങളും വിൽക്കുന്ന വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും, ഗുണഭോക്താക്കളുടെ വിവരങ്ങൾ, ഗുണഭോക്താവിന് അർഹതപ്പെട്ട വിഹിതം, കൈപ്പറ്റിയ വിഹിതം തുടങ്ങിയ വിവരങ്ങൾ സുതാര്യതാ പോർട്ടലിൽ പ്രദർശിപ്പിക്കുന്നതുമൂലം റേഷൻ സാധനങ്ങളും തിരിമറി തടയാൻ സാധിക്കും

**റേഷൻ കടകളിലെ ഇ-പോസ് മെഷീൻ**

420(427) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ സ്ഥാപിച്ച ഇ-പോസ് മെഷീന്റെ പ്രവർത്തനം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരമില്ലായ്മയാണോ ആക്ഷേപങ്ങൾക്ക് കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിൽ സംസ്ഥാനത്ത് സ്ഥാപിച്ച ഇ-പോസ് മെഷീനുകളിൽ എത്ര ശതമാനമാണ് ശരിയായി പ്രവർത്തിക്കാത്തത് എന്ന് വ്യക്തമാക്കാമോ;

(സി) ശരിയായി പ്രവർത്തിക്കാത്ത ഇ-പോസ് മെഷീനുകൾ റേഷൻ വിതരണത്തെ ദോഷകരമായി ബാധിക്കുന്നത് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നെറ്റ്വർക്ക് തകരാറുമൂലം ബില്ലിംഗ് സാധിക്കാത്തത്, ആധാർ ആതന്റിക്കേഷൻ നടത്താത്തത്, മെഷീൻ കൈകാര്യം ചെയ്യുന്നതിലെ വ്യാപാരികളുടെ പരിചയക്കുറവ് തുടങ്ങിയവയുമായി ബന്ധപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് നെറ്റ്വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ മറ്റെല്ലാ കടകളിലും മെഷീനുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. കണക്ടിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്കതലത്തിൽ സർവ്വീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടുവന്ന മെഷീനുകൾ മാറ്റി അടിന്തരമായി പകരം മെഷീനുകൾ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്.

**റേഷൻ വിതരണത്തിന് നൂതന പദ്ധതികൾ**

421(428) <u>ശ്രീ. പി. കെ. ശശി:</u>

<u>ശ്രീ. എ. എം. ആരിഫ്:</u>

<u>ശ്രീ. മുരളി പെരുനെല്ലി:</u>

<u>ശ്രീ. എം. രാജഗോപാലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങളുടെ വിതരണം അഴിമതിരഹിതവും കാര്യക്ഷമവുമാക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഒരു റേഷൻ കടയുടെ കീഴിൽ കാർഡുള്ളയാൾക്ക് മറ്റൊരു റേഷൻ വിതരണ കേന്ദ്രത്തിൽനിന്ന് സാധനങ്ങൾ ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത പോർട്ടബിലിറ്റി സംവിധാനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) റേഷൻ കടകളിലേയ്ക്ക് സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണം മുഖേന നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നുണ്ട്. റേഷൻ കടകളിലെ സ്റ്റോക്ക് വിവരങ്ങൾ, ട്രാൻസാക്ഷൻ വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന ട്രാൻസ്പാരൻസി പോർട്ടൽ മുഖേന പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും നിരീക്ഷിക്കാൻ സാധിക്കും. കൂടുതൽ ഫലപ്രദവും അഴിമതി രഹിതവും സുതാര്യവുമായ ഒരു റേഷൻ സംവിധാനം നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. റേഷൻ വിഹിതം കടകളിൽ എത്തിയിട്ടുണ്ടെന്ന് എസ്.എം.എസ്. നൽകാറുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പോർട്ടബിലിറ്റി സംവിധാനം ഉപയോഗിച്ച് ഏത് റേഷൻ കടയിൽനിന്നുവേണമെങ്കിലും റേഷൻ വാങ്ങാൻ സാധിക്കുന്നതാണ്.

(ഡി) ജി.പി.എസ്. സംവിധാനം നടപ്പിൽവരുത്തുന്നതിനുള്ള RFP (Request for Proposal) തയ്യാറാക്കി വരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

422(429) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധനകൾ നടത്തുന്നതിനായി നിലവിൽ സ്വീകരിച്ച് വരുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ കോർപ്പറേഷൻ വിതരണം നടത്തിയ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധനകളിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ ഭക്ഷ്യവസ്തുക്കളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വാങ്ങിയത് ഏത് സ്ഥാപനങ്ങളിൽ നിന്നാണെന്നും എത്ര അളവ് വാങ്ങിയെന്നും ആയതിൽ വിപണനം നടത്തിയത് എത്ര അളവെന്നും ശേഷിച്ചവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡിപ്പോതലത്തിലും വിൽപ്പനശാലാതലത്തിലും കർശനമായ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ CFRD/RAL (Regional Analytical Laboratory) മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റഡ് ലാബുകളിലേയ്ക്ക് നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. വിൽപ്പനശാലകളിൽനിന്നും ഡിപ്പോകളിൽനിന്നും റാൻഡമായി പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ശേഖരിച്ച് CFRD മറ്റ് NABL ലാബുകളിൽ ക്രമമായി പരിശോധിച്ചുവരുന്നു. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP (Hazardous and Critical Control Point)/AGMARK/FSSAI (Food Safety and Standard authority of India) ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## മണ്ണെണ്ണ വിഹിതം

423(430) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതം കേന്ദ്രം വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനം 100 ശതമാനം വൈദ്യുതീകരിച്ചുവെന്ന പ്രഖ്യാപനം മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തുവാൻ കാരണമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയത് പുനഃസ്ഥാപിക്കണമെന്ന ആവശ്യത്തിന്മേലുള്ള കേന്ദ്രപ്രതികരണ മെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. കേരളം സമ്പൂർണ്ണ വൈദ്യുതീകരിച്ച സംസ്ഥാനമായി പ്രഖ്യാപിച്ചതിനുശേഷം 2017-18 വർഷത്തിൽ മൂന്നാംപാദ (ജൂലൈ മുതൽ സെപ്തംബർ വരെ) അലോട്ട്മെന്റിലെ കേന്ദ്ര വിഹിതം 15456 കിലോ ലിറ്ററും നാലാം പാദത്തിൽ (ഒക്ടോബർ മുതൽ ഡിസംബർ വരെ) ഇത് 13908 കിലോ ലിറ്ററുമായി കുറവ് ചെയ്തിട്ടുണ്ട്. നിലവിൽ ത്രൈമാസ അലോട്ട്മെന്റായി കേന്ദ്രം അനുവദിച്ചിട്ടുള്ളത് 13908 കിലോ ലിറ്ററാണ്.

(സി) പി.ഡി.എസ്. മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന നയമാണ് കേന്ദ്ര സർക്കാരിനുള്ളത്. ആയതിനാൽ സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കണമന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ കാലാകാലങ്ങളായുള്ള ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയാണുണ്ടായിട്ടുള്ളത്.

## കൊരട്ടി ആശുപത്രിയിലെ അന്തേവാസികൾക്ക് ബി.പി.എൽ. റേഷൻ വിഹിതം

424(431) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള റേഷൻ വിഹിതം ഇപ്പോൾ ലഭിയ്ക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ബി.പി.എൽ.വിഭാഗത്തിൽ ഉൾപ്പെടുത്തി നേരത്തെ ലഭിച്ചിരുന്ന റേഷൻ വിഹിതം ഇവിടുത്തെ അഗതികളായ അന്തേവാസികൾക്ക് തുടർന്നും ലഭിയ്ക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റേഷൻ വിഹിതം കൃത്യമായി നൽകുന്നുണ്ട്.

(ബി) ടി സ്ഥാപനത്തെ വെൽഫെയർ വിഭാഗത്തിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വെൽഫെയർ വിഭാഗത്തിന് കേന്ദ്ര അലോട്ട്മെന്റ് നിലവിൽ ലഭ്യമല്ലെങ്കിലും നിലവിലെ നീക്കിയിരിപ്പിൽനിന്നും വകമാറ്റി വെൽഫെയർ പെർമിറ്റിന്റെ റേഷൻ സാധനങ്ങൾ മുടങ്ങാതെ നൽകുന്നുണ്ട്.

## മാനന്തവാടി മണ്ഡലത്തിലെ റേഷൻ കടകളിൽ ഇ-പോസ് മെഷീൻ

425(432) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) നെറ്റ്‌വർക്ക് തടസ്സപ്പെടുന്നതുമൂലം വയനാട് ജില്ലയിൽ ചിലയിടങ്ങളിൽ റേഷൻ വിതരണം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വയനാട് പോലുള്ള വനമേഖലകൾ ഉൾക്കൊള്ളുന്ന പ്രദേശത്ത് ഇ-പോസ് മെഷീന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചില സമയങ്ങളിൽ നെറ്റ്‌വർക്ക് തടസ്സം അനുഭവപ്പെടുന്നുണ്ടെങ്കിലും റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(സി) നെറ്റ്‌വർക്ക് കുറവുള്ള മേഖലകളിൽ ബൂസ്റ്റർ ആന്റിനകൾ സ്ഥാപിച്ചിട്ടുണ്ട്.

**കേരളത്തിന് അർഹതപ്പെട്ട റേഷൻ വിഹിതം**

426(433) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് അർഹതപ്പെട്ട റേഷൻ വിഹിതം വെട്ടിക്കുറച്ച കേന്ദ്ര നടപടി പുനഃപരിശോധിപ്പിക്കുന്നതിനും അർഹതപ്പെട്ട റേഷൻവിഹിതം ലഭ്യമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട റേഷൻ വിഹിതത്തിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് എം.പി.-മാർ മുഖേനയും സർക്കാർ തലത്തിലും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയാണുണ്ടായത്. കേന്ദ്ര ഭക്ഷ്യവകുപ്പ് സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും ഗവർണ്ണർമാരുടെ സമ്മേളനത്തിലും സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഒരു പൗരന് പ്രതിമാസം കുറഞ്ഞത് 5 കിലോഗ്രാം ധാന്യം നൽകുന്നതിന് പ്രതിവർഷം ഏകദേശം 22 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ ആവശ്യമാണ്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്. ഈ നിയമം നടപ്പാക്കുന്നതിന് തൊട്ടുമുമ്പ് 16 ലക്ഷം മെട്രിക് ടൺ ധാന്യം ലഭിച്ചിരുന്നു.

(സി) ഭക്ഷ്യ ഭദ്രതാ നിയമം 2013 എല്ലാ അർത്ഥത്തിലും പൂർണ്ണമായ തോതിൽ നടപ്പിലാക്കി. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതായി ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവത്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കി വരുന്നു. ആയതുവഴി പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**താൽക്കാലിക കാർഡുടമകൾക്കുള്ള റേഷൻ വിഹിതം**

427(434) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽ ഇ-പോസ് ബില്ലിംഗ് സംവിധാനം നിലവിൽ വന്നപ്പോൾ താൽക്കാലിക റേഷൻകാർഡ് ഉടമകൾക്ക് റേഷൻ വിഹിതം വാങ്ങാൻ കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ താൽകാലിക കാർഡുടമകൾക്കും റേഷൻ വിഹിതം ലഭിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. RCMS ഡേറ്റയനുസരിച്ച് ഇ-പോസ് മെഷീൻ മുഖേനയാണ് നിലവിൽ റേഷൻ വിതരണം നടക്കുന്നത്. താൽക്കാലിക റേഷൻ കാർഡുടമകളെയും RCMS-ൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഇവർക്ക് റേഷൻ വിഹിതം ലഭിക്കുന്നതാണ്.

## ശാരീരികാവശതകൾ ഉള്ളവരുടെ റേഷൻ

428(435) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് സംവിധാനം നടപ്പിലാക്കി ക്കഴിഞ്ഞതിനുശേഷം അസുഖങ്ങളാലും വിവിധ ശാരീരികാവശതകൾ കാരണവും റേഷൻകടകളിൽ നേരിട്ട് ഹാജരാകാൻ കഴിയാത്തവർക്ക് റേഷൻ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇപ്രകാരമുള്ള റേഷൻകാർഡ് ഉടമകൾക്ക് പകരമായി റേഷൻ കൈപ്പറ്റാൻ ചുമതലപ്പെടുത്താവുന്ന വ്യക്തികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) റേഷൻ കടയിൽ നേരിട്ട് പോകാൻ സാധിക്കാത്ത കാർഡുടമകൾക്ക് പകരക്കാരെ (പ്രോക്സി) നിശ്ചയിക്കാൻ സാധിക്കും. പ്രോക്സി ആയി നിയമിക്കുന്ന ആൾ അതേ റേഷൻ കടയിലെ കാർഡംഗം ആയിരിക്കണം. ഇതിനായി ടിയാളുടെ പേർ, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നൽകിയാൽ മതിയാകും.

## ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയതിനെ തുടർന്നുള്ള റേഷൻ വിതരണം

429(436) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി.കെ.അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയതോടെ റേഷൻ വിതരണം ഫലപ്രദമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) മുൻപ് നിലനിന്നിരുന്നതുപോലെ ആളോഹരി ഭക്ഷ്യധാന്യം നിലനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) അഞ്ച് വർഷത്തേക്ക് വില വർദ്ധിപ്പിക്കില്ല എന്ന നയത്തിനു വിരുദ്ധമായി വരുത്തിയ ഈ വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയതോടെ റേഷൻ വിതരണം ഫലപ്രദമായി തന്നെയാണ് നടക്കുന്നത്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം എ.എ.വൈ. വിഭാഗങ്ങൾക്ക് പ്രതിമാസം ഒരു കാർഡിന് 35 കിലോഗ്രാം ഭക്ഷ്യധാന്യവും എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗത്തിന് ഒരാൾക്ക് 5 കിലോഗ്രാം വീതവും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നുണ്ട്. മുൻഗണനേതര വിഭാഗത്തിനുള്ള വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.പി.മാരുടെ യോഗത്തിലും ഗവർണ്ണർമാരുടെ യോഗത്തിലും കേന്ദ്ര ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി സംസ്ഥാനം സന്ദർശിച്ചപ്പോഴും നിവേദനങ്ങൾ നൽകിയിരുന്നു. എന്നാൽ കേന്ദ്രം ആയതിന്മേൽ അനുകൂലമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് 15-5-2018-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷിയോഗം ചേരുകയും ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിനായി കേന്ദ്രസർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘത്തെ അയയ്ക്കുവാൻ തീരുമാനിച്ചിട്ടുമുണ്ട്.

(സി&ഡി) സപ്ലൈകോ വഴി വിതരണം നടത്തുന്ന 14 ഇനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണത്തിനായി എ.എ.വൈ. ഒഴികെയുള്ള വിഭാഗങ്ങളിൽനിന്ന് മാത്രം കൈകാര്യ ചെലവായി കിലോഗ്രാമിന് ഒരു രൂപ വീതം അധികം ഈടാക്കുന്നുണ്ട്.

**വിലവർദ്ധനവ് പരിഗണിച്ച് കമ്പോള ഇടപെടൽ**

430(437) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ വിലവർദ്ധനവ് പരിഗണിച്ച് കമ്പോള ഇടപെടലിന്

സപ്ലൈകോയ്ക്കും, കൺസ്യൂമർ ഫെഡിനും 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത തുക 2016-17-ലും, 2017-18-ലും പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ സപ്ലൈകോയ്ക്ക് 200 കോടി രൂപ വീതം ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡിന് 2016-17 വർഷത്തിൽ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ 2017-18 വർഷത്തിൽ 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ സപ്ലൈകോയ്ക്ക് 150 കോടി രൂപയും കൺസ്യൂമർ ഫെഡിന് 100 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന് അനുവദിച്ച തുകയിൽ 69.66 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

**ഹോട്ടലുകളിൽ അമിതവില**

431(438) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അരിക്കും പലവ്യഞ്ജനത്തിനും പൊതുകമ്പോളത്തിലുണ്ടായിട്ടുള്ള വില വർദ്ധനവ് ഹോട്ടൽ ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതിന് കാരണമായിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഭക്ഷ്യവില നിയന്ത്രണസെൽ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇക്കാര്യത്തിൽ തീരുമാനം എടുക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അരിക്കും പലവ്യഞ്ജനത്തിനും പൊതുകമ്പോളത്തിലുണ്ടായിട്ടുള്ള വില വർദ്ധനവിന് ആനുപാതികമായി ഹോട്ടൽ ഭക്ഷണ വിലയിലും വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല. വിവിധ നിലവാരത്തിലുള്ള ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ വില നിശ്ചയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സർക്കാരിന് നിയമപരമായ പരിമിതികളുണ്ട്.

**ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റം**

432(439) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിക്കും പലവ്യഞ്ജനത്തിനും ഉണ്ടായ അമിതമായ വിലവർദ്ധനവ് സാധാരണക്കാരുടെ ജീവിതം ബുദ്ധിമുട്ടിലാക്കിയെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) അരിവില വർദ്ധനവ് തടയുന്നതിന് വിവിധ ജില്ലകളിൽ ആരംഭിച്ച അരിക്കടകൾ വിജയപ്രദമായിരുന്നോ ; അതിന്റെ പ്രവർത്തനം മൂലം അരിയുടെ പൊതുകമ്പോളത്തിലെ വില പിടിച്ചുനിർത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഡി) സിവിൽ സപ്ലൈസ് സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരം കുറഞ്ഞതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) അരിക്കും പലവ്യഞ്ജനത്തിനും വില കുറയുകയാണുണ്ടായത്.

(ബി) കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി വഴി 14 ഇനം സബ്സിഡി സാധനങ്ങളും 28 ഇനം ഫ്രീസെയിൽ സബ്സിഡി ഉൽപ്പന്നങ്ങളും "ശബരി ' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങളും മറ്റു ബ്രാൻഡഡ്

കമ്പനികളുടെ എഫ്.എം.സി.ജി. (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും സപ്ലൈകോ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഉത്സവ സീസണുകളിൽ നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമെ, പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിച്ചുവരുകയും ചെയ്യുന്നു.

(സി) അരിവില വർദ്ധനവ് തടയുന്നതിനായി ആരംഭിച്ച അരിക്കടകളും സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ കൂടുതൽ സ്റ്റോക്ക് കുറഞ്ഞ വിലയിൽ എത്തിക്കുകവഴിയും അരിയുടെ പൊതുവിപണിയിലെ വില ഒരു പരിധിവരെ പിടിച്ച് നിർത്തുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡിപ്പോതലത്തിലും വിൽപ്പനശാലാ തലത്തിലും കർശനമായ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ജില്ലയിലുമുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്ക് ശേഷമാണ് ഭക്ഷ്യവസ്തുക്കൾ ഡിപ്പോകളിൽ സ്വീകരിക്കുന്നതും ആയവ വിൽപ്പനയ്ക്കായി വിൽപ്പനശാലകളിലേയ്ക്ക് അയയ്ക്കുന്നതും. കൂടാതെ ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ CFRD/RAL (Regional Analytical Laboratory) മറ്റ് NABL (National Accreditation Board for Testing and Calibration Laboratory) അക്രെഡിറ്റഡ് ലാബുകൾ എന്നിവകൾക്ക് നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് ആയവ സ്വീകരിക്കുന്നത്. വിൽപ്പനശാലകളിൽ നിന്നും ഡിപ്പോകളിൽനിന്നും റാൻഡമായി പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ശേഖരിച്ച് CFRD മറ്റ് NABL ലാബുകളിൽ ക്രമമായി പരിശോധിച്ചുവരുന്നുമുണ്ട്.

**സപ്ലൈകോ വാങ്ങുന്ന ഗ്ലാക്സോ കമ്പനി ഉൽപ്പന്നങ്ങൾ**

433(440) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലാക്സോ കമ്പനി ഉൽപന്നങ്ങൾ കൂടിയ വിലയ്ക്ക് വാങ്ങുന്നതിനാൽ സപ്ലൈകോയ്ക്ക് നഷ്ടമുണ്ടാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം ഭക്ഷ്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) ഗ്ലാക്സോ കമ്പനിയിൽനിന്നും എന്തെല്ലാം ഉൽപന്നങ്ങളാണ് സപ്ലൈകോ വാങ്ങുന്നത്;

(ഡി) കമ്പനിയും സപ്ലൈകോയിലെ പർച്ചേസ് വിഭാഗവും രഹസ്യധാരണയോടെ പ്രവർത്തിക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെൻട്രൽ പോലീസ് ക്യാന്റീൻ ഒഴികെ സമാനസ്വഭാവമുള്ള മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്ന വിലയിലും മെച്ചപ്പെട്ട വിലയ്ക്കാണ് സപ്ലൈകോയ്ക്ക് ഗ്ലാക്സോ കമ്പനി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നത്.

(സി) ഹോർലിക്സ്, ബൂസ്റ്റ്, സെൻസൊഡൈൻ ബ്രഷ്, പേസ്റ്റ്, വിവ, അയഡക്സ് തുടങ്ങിയ ഉൽപ്പന്നങ്ങളാണ് ഗ്ലാക്സോ കമ്പനിയിൽനിന്നും വാങ്ങുന്നത്.

(ഡി) ഇത്തരം പരാതി ലഭിച്ചിട്ടില്ല.

## പാവറട്ടി സപ്ലൈകോ സൂപ്പർ മാർക്കറ്റ്

434(441) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സപ്ലൈകോ സൂപ്പർ മാർക്കറ്റിലെ തുരുമ്പെടുത്ത റാക്കുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി സപ്ലൈകോ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ:

(ബി) സാധനങ്ങൾ റാക്കുകളിൽ സൂക്ഷിക്കാനാവാതെ തറയിൽ കൂട്ടിയിട്ടിരിക്കുന്നതുമൂലം, പൊതുജനങ്ങൾ അവർക്കാവശ്യമായ സാധനം തെരഞ്ഞെടുക്കാൻ ബുദ്ധിമുട്ടുന്നതിനാൽ അടിയന്തരമായി റാക്കുകൾ മാറ്റിസ്ഥാപിക്കാൻ നടപടി എടുക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) പാവറട്ടി സൂപ്പർ മാർക്കറ്റിന്റെ റാക്കുകൾ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി സപ്ലൈകോയുടെ അംഗീകൃത ഫർണിഷിംഗ് കോൺട്രാക്ടറായ സാറാ ഇംപോർട്ട് & എക്സ്പോർട്ട് കമ്പനി സ്ഥലം പരിശോധിച്ച് ആദ്യം 4,46,474 (നാല് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി നാനൂറ്റി എഴുപത്തിനാല് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ സപ്ലൈകോയുടെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തിയുള്ള പരിഷ്കരിച്ച 4,71,039 (നാല് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി മുപ്പത്തിയൊൻപത് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകൃത ഫർണിഷിംഗ് കോൺട്രാക്ടർ 28-5-2018-ന് സമർപ്പിക്കുകയും ഫർണിഷിംഗ് ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

435(442) ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽനിന്നും ലൈസൻസ്, പായ്ക്കർ രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ ലഭ്യമാക്കുന്നതിന് ലീഗൽ മെട്രോളജി ഓപ്പറേഷൻ മാനേജ്മെന്റ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 21 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പുതുതായി 14 ടാറ്റാ സുമോ ഗോൾഡ് വാഹനങ്ങൾ അനുവദിച്ചു.

തിരുവനന്തപുരം പട്ടത്ത് വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം അവസാന ഘട്ടത്തിലാണ്.

കൊല്ലത്ത് ആധുനിക ലബോറട്ടറി സൗകര്യങ്ങളോടുകൂടിയ ജില്ലാ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചു.

വകുപ്പിന്റെ ഓഫീസ് നിർമ്മാണത്തിനായി കോട്ടയം ജില്ലയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിന് 'സുതാര്യം' എന്ന ഒരു മൊബൈൽ ആപ്പ് പുറത്തിറക്കി.

(ബി) പായ്ക്കർ രജിസ്ട്രേഷൻ, ലൈസൻസ് തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ നൽകുന്നതിന് LMCMS എന്ന പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. NIC വികസിപ്പിച്ച LMCMS എന്ന പോർട്ടൽ സോഫ്റ്റ്‌വെയർ അവസാനഘട്ടത്തിലാണ്.

(സി) പരാതി സെൽ കൺട്രോളറാഫീസിൽ നിലവിലുണ്ട്. പരാതികൾ ഇ-മെയിലായും 'സുതാര്യം' എന്ന ഒരു ആപ്പ് വഴിയും സ്വീകരിക്കുന്നതാണ്.

**പെട്രോൾ പമ്പുകളിലെ കൃത്രിമം**

436(443) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിലെ അളവുകളിലെ കൃത്രിമവും പെട്രോളിലെ മായവും പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) കഴിഞ്ഞ വർഷം ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ നല്കാമോ ?

ഉത്തരം

(എ) ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ പെട്രോൾ പമ്പുകളിലെ ഡിസ്പെൻസിംഗ് യൂണിറ്റുകൾ എല്ലാ വർഷവും പരിശോധന നടത്തി സീൽ ചെയ്യാറുണ്ട്. കൂടാതെ എല്ലാ മാസവും ഇടവിട്ട ദിവസങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താറുള്ളതും അളവിൽ വ്യത്യാസം കാണുന്ന യൂണിറ്റുകളിൽ കൂടിയുള്ള വിതരണം നിർത്തി വെയ്പ്പിക്കുകയും കൃത്യത ഉറപ്പുവരുത്തിയശേഷം വിതരണം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്യുന്നു. അതോടൊപ്പം ഓയിൽ കമ്പനി അധികൃതരും ആന്റി അഡൽട്രേഷൻ സെൽ ഓഫീസർമാരും പരിശോധന നടത്താറുണ്ട്.

(ബി) ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനയിൽ കൊല്ലം ജില്ലയിലും കാസർഗോഡ് ജില്ലയിലും ഓരോ കേസ്സ് വീതം രജിസ്റ്റർ ചെയ്യുകയും രാജിഫീസ് ഇനത്തിൽ യഥാക്രമം 10,000 രൂപ 20,000 രൂപ എന്നിങ്ങനെ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഓയിൽ കമ്പനികൾ നടത്തിയ പരിശോധനയിൽ ഷോർട്ട് ഡെലിവറിയുമായി ബന്ധപ്പെട്ട് 11 റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | കൊല്ലം | 1 |
| 3 | ഇടുക്കി | 1 |
| 4 | എറണാകുളം | 3 |
| 5 | കോഴിക്കോട് | 2 |
| 6 | വയനാട് | 1 |

## പെട്രോളിന് പകരം പച്ചവെള്ളം നൽകിയ സംഭവം

437(444) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ സെക്രട്ടേറിയറ്റിന് സമീപം M/s ദീദി ഫ്യൂവൽസ് എന്ന പെട്രോളിയം ഔട്ട്ലെറ്റിൽനിന്നും 15-10-2017-ൽ പെട്രോൾ

നിറയ്ക്കാൻ വന്ന ഉപഭോക്താവിന് പെട്രോളിന് പകരം പച്ചവെള്ളം നല്കിയ സംഭവത്തിൽ പമ്പിന്റെ ഡിസ്പെൻസിംഗ് ഉപകരണത്തിന് ഉണ്ടായ പാകപ്പിഴ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പാകപ്പിഴ മറ്റേതെങ്കിലും പമ്പുകളിൽ നാളിതുവരെയായി സംഭവിച്ചിട്ടുണ്ടെങ്കിൽ എവിടെയൊക്കെയാണ് സംഭവിച്ചിട്ടുള്ളത്;

(സി) കേരളത്തിലെ പെട്രോൾ പമ്പുകളിൽ മാത്രമുണ്ടാകുന്ന പ്രതിഭാസമായി ഇതിനെ വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 15-10-2017-ൽ M/s ദീദി ഫ്യൂവൽസ് എന്ന പെട്രോളിയം ഔട്ട്ലെറ്റിൽനിന്നും പെട്രോളിന് പകരം പച്ചവെള്ളം നൽകിയ സംഭവം അന്വേഷിച്ചപ്പോൾ ഡിസ്പെൻസിംഗ് യൂണിറ്റിന്റെ സാങ്കേതിക പിഴവാണ് അതിന് കാരണമെന്ന് മനസ്സിലാക്കിയെന്നും ഔട്ട്ലെറ്റിലെ പമ്പിന്റെ സക്ഷൻ ലെവൽ താഴ്ന്ന നിലയിലായതുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നും ആയത് പരിഹരിക്കുകയും ഉപഭോക്താവിന്റെ വാഹനം ഡീലറുടെ ചെലവിൽ സർവ്വീസ് ചെയ്ത് കൊടുത്തിട്ടുണ്ടെന്നും ഇത്തരം പാകപ്പിഴവുകൾ ഉണ്ടാകാതിരിക്കാൻ ഡീലർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഈ പാകപ്പിഴ മറ്റ് പമ്പുകളിൽ ഇതുവരെ സംഭവിച്ചിട്ടില്ലെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 40,153,214,283,296,310,378 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

9.30 AM.]

## II. ചരമോപചാരം

### ഡോ. എ. വി. ഐസക്കിന്റെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗം ഡോ. എ. വി. ഐസക്, 2018 മേയ് 27-ാം തീയതി നിര്യാതനായി. കോലഞ്ചേരി എളൂർ-കൊഴമുറ്റത്തിൽ എ. വി. ഐസക്, വർക്കിയുടെ മകനായി 1924 ജൂൺ 25-ന് ജനിച്ചു.

യു. സി. കോളേജ് ആലുവ, മദ്രാസ് ക്രിസ്ത്യൻ കോളേജ്, കസ്തൂർബ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കിയശേഷം അദ്ദേഹം അറക്കുളം, പിറവം, കൂത്താട്ടുകുളം, എറണാകുളം, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സർക്കാർ സർവ്വീസിലും മൂവാറ്റുപുഴയിലെ ഒരു സ്വകാര്യ ആശുപത്രിയിലും ദീർഘകാലം ഡോക്ടറായി സേവനമനുഷ്ഠിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച അദ്ദേഹം കുന്നത്തുനാട് മണ്ഡലം പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. തുടർന്ന്, 1987-ൽ സി.പി.ഐ. പിന്തുണയുള്ള സ്വതന്ത്രനായി മൂവാറ്റുപുഴ മണ്ഡലത്തിൽ നിന്നും എട്ടാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. മൂവാറ്റുപുഴ റോട്ടറി ക്ലബ് പ്രസിഡന്റ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഭാരവാഹി, വെല്ലൂർ മെഡിക്കൽ കോളേജ്, കോലഞ്ചേരി എം.ഒ.എസ്.സി. മെഡിക്കൽ കോളേജ്, സെന്റ് പീറ്റേഴ്സ് കോളേജ് എന്നിവിടങ്ങളിലെ ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിൽ ഡോ. എ. വി. ഐസക് പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. എ. വി. ഐസക്കിന്റെ നിര്യാണത്തോടെ കർമ്മോത്സുകനായ ഒരു ഭിഷഗ്വരനെയും ഒരു മികച്ച പൊതുപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

## III. സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ

നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, ചെങ്ങന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. സജി ചെറിയാൻ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതനായിട്ടുണ്ട്.

<u>ശ്രീ. സജി ചെറിയാൻ</u>: സജി ചെറിയാൻ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

(സത്യപ്രതിജ്ഞയ്ക്കുശേഷം ബഹുമാനപ്പെട്ട അംഗം സ്വസ്ഥാനത്ത് ഉപവിഷ്ടനായി.)

## IV. ചെയർമാൻമാരുടെ പാനൽ

<u>മി. സ്പീക്കർ</u>: ശ്രീ. ബി. ഡി. ദേവസ്സി, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. കെ. എൻ. എ. ഖാദർ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## V. അടിയന്തരപ്രമേയം

### കെവിന്റെ കൊലപാതകം

<u>മി. സ്പീക്കർ</u>: പോലീസിന്റെ അറിവോടെയും പിന്തുണയോടെയും കോട്ടയം ഗാന്ധിനഗർ സ്റ്റേഷൻ അതിർത്തിയിൽ നടന്ന കെവിൻ എന്ന യുവാവിന്റെ ദുരഭിമാനക്കൊലയുമായി ബന്ധപ്പെട്ട് നിയമവാഴ്ച പാലിക്കാൻ ഉത്തരവാദപ്പെട്ട പോലീസുതന്നെ നിയമലംഘകരായി മാറുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കോട്ടയം അമലഗിരി കോളേജ് വിദ്യാർത്ഥിനിയും തെന്മല ഒറ്റക്കൽ സ്വദേശിനിയുമായ 20 വയസ്സുള്ള നീനു ചാക്കോ എന്ന പെൺകുട്ടിയെ 24-5-2018-ന് കാണാതായതായി പിതാവ് ചാക്കോ കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. 25-05-2018-ന് നീനു ചാക്കോ കോട്ടയം എസ്.എച്ച്. മൗണ്ട് സ്വദേശി കെവിൻ പി. ജോസഫിനോടൊപ്പം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഹാജരായി 'താൻ കെവിൻ പി. ജോസഫിനോടൊപ്പം ജീവിക്കാൻ സ്വന്തം ഇഷ്ടപ്രകാരം പോകുന്നു'

എന്ന് രേഖാമൂലം ആവശ്യപ്പെട്ടതിനാൽ പെൺകുട്ടിയുടെ ആവശ്യപ്രകാരം കെവിൻ പി. ജോസഫിനോടൊപ്പം വിട്ടിരുന്നു. 27-05-2018-ന് പുലർച്ചെ നീനു ചാക്കോയുടെ സഹോദരനായ ഷാനു ചാക്കോയുടെ നേതൃത്വത്തിൽ ഒരു സംഘം ആൾക്കാർ കെവിൻ പി. ജോസഫ് താമസിച്ചുവന്നിരുന്ന ബന്ധുവായ അനീഷിന്റെ മാന്നാനത്തുള്ള വീട്ടിലെത്തി കെവിൻ പി. ജോസഫിനെയും അനീഷിനെയും ബലമായി വാഹനങ്ങളിൽ കയറ്റികൊണ്ടുപോകുകയുണ്ടായി. തുടർന്ന് 27-05-2018-ന് പകൽ 11.30-ഓടെ അനീഷ് ഗാന്ധി നഗർ പോലീസ് സ്റ്റേഷനിൽ ഹാജരായി നൽകിയ മൊഴിയിൽ നാലുപേർ തന്റെ വീട്ടിൽ അതിക്രമിച്ച് കയറി തന്നെയും കെവിൻ പി. ജോസഫിനെയും തട്ടിക്കൊണ്ടുപോയെന്നും തന്നെ കാറിൽ വച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും നീനു ചാക്കോയെ വിട്ടുതന്നാൽ മാത്രമേ കെവിൻ പി. ജോസഫിനെ മോചിപ്പിക്കുകയുള്ളൂവെന്നും പറഞ്ഞു. ഇത് സമ്മതിച്ച പ്രകാരം തന്നെ രാവിലെ സംക്രാന്തി കവലയിൽ ഇറക്കിവിട്ടുവെന്നും പറഞ്ഞു. തുടർന്ന് ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 452, 427, 323, 365, 34 എന്നീ വകുപ്പുകൾ ചേർത്ത് ക്രൈം 745/18 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ഇതിനിടെ 28-05-2018-ന് രാവിലെ 9.00 മണിയോടെ കെവിൻ പി. ജോസഫിന്റെ മൃതദേഹം കൊല്ലം പുനലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ചാലിയക്കരയിലുള്ള തോട്ടിൽ നിന്നും കണ്ടെത്തി. പ്രതികൾ കെവിൻ പി. ജോസഫിനെ തട്ടിക്കൊണ്ടുപോയി ആക്രമിച്ചതിൽ കൊലപ്പെട്ടതാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. 29-5-2018-ന് കുറ്റകൃത്യത്തിലുൾപ്പെട്ട നിയാസ്, ഇഷാൻ, റിയാസ് എന്നീ 3 പ്രതികളെയും 30-5-2018-ന് ഷാനു ചാക്കോ, ജോൺ ചാക്കോ, മനു മുരളീധരൻ, ടിറ്റു ജെറോം, നിഷാദ്, ഷിഫിൻ, ഷാനു, വിഷ്ണു, ഷിനു, ഫസൽ, റമീസ് ഉൾപ്പെടെ 14 പ്രതികളെയും അറസ്റ്റ് ചെയ്യുകയും കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കെവിൻ പി. ജോസഫിനെ കാണാതായ സംഭവത്തിൽ രജിസ്റ്റർ ചെയ്ത ക്രൈം 745/18 കേസ് കൊലപാതകമാണെന്ന് തെളിഞ്ഞതിനാൽ ഐ.പി.സി. 302 വകുപ്പ് കൂടി ചേർത്ത് ഊർജ്ജിതമായ തുടരന്വേഷണം എറണാകുളം റെയ്ഞ്ച് ഐ.ജി. വിജയ് സാക്കറെയുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. ഈ സംഭവത്തിൽ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിന് ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ എസ്.ഐ. ഷിബുവിനെയും ജി.ഡി. ചാർജ് വഹിച്ചിരുന്ന സണ്ണി മോഹനെയും അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലാ പോലീസ് മേധാവിയെ സ്ഥലം മാറ്റിയിട്ടുണ്ട്. സംഭവ ദിവസം നൈറ്റ് പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥർ

അക്രമികളിൽ നിന്നും പണം അപഹരിച്ചതായി പരാതിയുണ്ടായതിനെത്തുടർന്ന് എ.എസ്.ഐ. ബിജു, സി.പി.ഒ. 7225 അജയകുമാർ എന്നിവരുടെ പേരിൽ ഐ.പി.സി. 384, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 752/18 ആയി കേസ് രജിസ്റ്റർ ചെയ്ത് അറസ്റ്റ് ചെയ്യുകയും നിയമനടപടിക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത ഒന്നാണ് ഇവിടെയുണ്ടായിട്ടുള്ളത്. പ്രായപൂർത്തിയായ രണ്ടുപേർ വിവാഹം കഴിച്ച പ്രശ്നത്തിൽ ഒരാളെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തുക എന്ന സംഭവം ഒരിക്കലും അംഗീകരിക്കാനാകുന്നതല്ല. ഇത്തരം ജീർണ്ണിച്ച സംസ്കാരത്തിനെതിരെ കേരള ജനതയെ അണിനിരത്തി മുന്നോട്ടുകൊണ്ടുപോകുന്ന ശ്രമങ്ങൾ കൂട്ടായി ഉയർന്നുവരേണ്ടതുണ്ട്. നമ്മുടെ ജനാധിപത്യപരമായ സംസ്കാരം കാത്തു സൂക്ഷിക്കുന്നതിനായി മാനവികത സംരക്ഷിക്കുന്നതിനുള്ള ഇടപെടൽ ശക്തിപ്പെടണമെന്നാണ് ഈ സംഭവം തെളിയിക്കുന്നത്. അത്തരത്തിലുള്ള ഒരു മുന്നേറ്റം കേരളം ആവശ്യപ്പെടുന്നുണ്ട്. നവോത്ഥാന ആശയങ്ങൾ പുതിയ കാലത്തിന്റെ ആവശ്യങ്ങൾകൂടി കണക്കിലെടുത്ത് മുന്നോട്ട് കൊണ്ടു പോകേണ്ടതുണ്ടെന്നാണ് ഈ സംഭവം തെളിയിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ പറഞ്ഞത് 27-ാം തീയതി പുലർകാലത്ത് രണ്ട് മണിക്ക് നടന്ന ഒരു സംഭവമാണ്. ആ സംഭവത്തിൽ 28-ാം തീയതി രാവിലെയാണ് ക്രൈം രജിസ്റ്റർ ചെയ്യുന്നത്, അതും അനീഷിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ. അനീഷിനെയും കെവിൻ പി. ജോസഫിനെയും 100 കിലോമീറ്റർ അകലെയുള്ള ഒരു സ്ഥലത്തേയ്ക്ക് തട്ടിക്കൊണ്ടുപോയി. 10 പോലീസ് സ്റ്റേഷൻ കടന്നാണ് ഈ അക്രമിസംഘം പോയതെന്നുള്ള യാഥാർത്ഥ്യം നമ്മൾ മറക്കരുത്. ആ 10 പോലീസ് സ്റ്റേഷനുകൾ ഏതാണ്? ഈ കടന്നുപോയ റോഡിന്റെ ഓരത്തിരിക്കുന്ന പോലീസ് സ്റ്റേഷൻ വരെയുണ്ട്. ആ പോലീസ് സ്റ്റേഷന്റെ പേരൊന്നും പറയുന്നില്ല. ഈ പോലീസ് സ്റ്റേഷനിൽ നിന്നും കാലെടുത്തു കുത്തുന്നത് എം.സി. റോഡിലേയ്ക്കാണ്, അങ്ങനെയുള്ള പോലീസ് സ്റ്റേഷൻ വരെയുണ്ട്. അത്തരത്തിലുള്ള 10 പോലീസ് സ്റ്റേഷനുകൾ കടന്നാണ് ഈ രണ്ടാളുകളെയും തട്ടിക്കൊണ്ടുപോയത്. 13 ആളുകൾ രണ്ടു വണ്ടികളിലാണ് ഇവരെ കൊണ്ടുപോകുന്നത്. ഇന്നോവ വണ്ടിയിൽ കെവിൻ പി. ജോസഫ്, തൊട്ടുപുറകിൽ മറ്റൊരു വണ്ടിക്കകത്ത് അനീഷ് ഈ തരത്തിലാണ് കൊണ്ടുപോയത്. അങ്ങ് ഇവിടെ പറഞ്ഞത് പോലീസ് എഴുതി തന്നതാണെന്ന് എനിക്കറിയാം. ആ പറഞ്ഞിരിക്കുന്ന പോലീസ് അവസാനത്തെ നിമിഷത്തിലും ഇതിനകത്ത് തിരിമറിയുണ്ടാക്കാൻ ശ്രമിക്കുകയാണ്. അവർ ചെയ്തുകൊണ്ടിരിക്കുന്ന ക്രോണോളജിക്കൽ ഓർഡറിൽ നമ്മൾ ആ കേസെടുത്ത് നോക്കിയാൽ മതി.

അത് പരിശോധിച്ചാൽ ഇതിൽ ബോധപൂർവ്വമായ തിരിമറിയുണ്ടാക്കുന്നതിനുള്ള പരിശ്രമം നടത്തുന്നുവെന്നുള്ളത് ആർക്കും ഒറ്റനോട്ടത്തിൽ ബോദ്ധ്യപ്പെടും. 27-ാം തീയതി ഇവരെ തട്ടിക്കൊണ്ടുപോയി എന്ന വിവരം വെളുപ്പിന് 3 മണിക്ക് പോലീസ് സ്റ്റേഷനിൽ അറിഞ്ഞിട്ടും ക്രൈം രജിസ്റ്റർ ചെയ്തിട്ടില്ല. അതിനുശേഷം ഇവരിൽ ചില പോലീസുകാർ ഈ വീടിന്റെ ഭാഗത്തേയ്ക്ക് പോയിരുന്നു. 27-ാം തീയതി രാവിലെ 6 മണിക്ക് കെവിൻ പി. ജോസഫിന്റെ പിതാവ് ജോസഫ് പെറ്റീഷൻ കൊടുക്കുകയും 11 മണിക്ക് പാവപ്പെട്ട ഈ പെൺകുട്ടി പോലീസ് സ്റ്റേഷന്റെ പടിക്കൽ കരഞ്ഞുകലങ്ങിയ കണ്ണുമായി കാത്തുനിൽക്കുകയായിരുന്നു. എന്നിട്ടും അവർ ക്രൈം രജിസ്റ്റർ ചെയ്തില്ല. അതിന് അങ്ങയുടെ പേരുകൂടി കൂട്ടിച്ചേർത്ത് പോലീസുകാർ പുതിയൊരു കഥയുണ്ടാക്കുകയാണ്. അവർക്ക് സമയമില്ല, കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വരുന്നതുകൊണ്ട് സുരക്ഷാ ഡ്യൂട്ടിയിലായതിനാൽ അത് കഴിഞ്ഞതിനുശേഷം ക്രൈം രജിസ്റ്റർ ചെയ്യാമെന്നാണ് അവർ പറഞ്ഞത്. അക്രമത്തിൽ നിന്ന് ഒരുതരത്തിൽ രക്ഷപ്പെട്ട് തെന്മലയിൽ നിന്നും മടങ്ങി കോട്ടയത്തെത്തി സംക്രാന്തി കവലയിൽ വന്നതിനുശേഷം അനീഷ് ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ പോയി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് 28-ാം തീയതി ക്രൈം രജിസ്റ്റർ ചെയ്തത്. ഇത് കേരളമല്ലേ, കേരളത്തിൽ ഈ രൂപത്തിലുള്ള ഒരു നടപടിയെടുക്കാൻ സാധിക്കുമോ? ഗവൺമെന്റ് എന്തുകൊണ്ട് അത് കാണുന്നില്ല. പോലീസ് എന്തുകൊണ്ട് അത് അന്വേഷിച്ചില്ല; എന്തുകൊണ്ട് ഈ ലാപ്സുണ്ടായി എന്ന് നോക്കിയില്ല; ഈ കുറ്റകൃത്യമുണ്ടാകുന്നതിനുള്ള കാരണം അങ്ങ് മനസ്സിരുത്തി ആലോചിക്കണം. ഇതിന് രണ്ടുമൂന്നുദിവസം മുമ്പ് ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ നീനു ചാക്കോയുടെ പിതാവ് ചാക്കോ ചെന്നിരുന്നു. അതിനുശേഷം ചെന്ന് നീനു ചാക്കോയേയും കെവിൻ പി. ജോസഫിനെയും അവിടെ വിളിച്ചുവരുത്തി. നീനു ചാക്കോ പിതാവ് ചാക്കോയൊടൊപ്പം പോകണമെന്ന് എസ്.ഐ. പറഞ്ഞപ്പോൾ, ഇല്ല ഞാൻ കെവിൻ ചേട്ടനോടൊപ്പം ഒരുമിച്ച് ജീവിക്കാൻ പോകുകയാണെന്ന് പറഞ്ഞ് വാശിപിടിച്ച് നിന്ന പെൺകുട്ടിയെ പോലീസ് സ്റ്റേഷനകത്ത് വച്ച് അടിച്ചിട്ടും യാതൊരു നടപടിയും സ്വീകരിക്കാൻ പോലീസ് അധികൃതർ തയ്യാറായില്ല. എത്ര ക്രൂരമാണത്. പോലീസ് സ്റ്റേഷനകത്ത് പോലീസുകാരുടെ മുന്നിൽ വച്ച് ആ പെൺകുട്ടിയെ ക്രൂരമായി മർദ്ദിച്ചിട്ട് ഒരു നടപടിയുമെടുക്കാത്ത എസ്.ഐ.യെ സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് അങ്ങെടുത്തത്. ഇവിടെയാണ് ലാപ്സസ് വരുന്നത്. പോലീസ് ബോധപൂർവ്വമായി അന്നത്തെ സംഭവങ്ങൾ മറച്ചുവയ്ക്കുകയാണ്. എന്നിട്ട് ഒരു പുതിയ കഥ കൊണ്ടുവന്ന് അതിന് പിന്നാലെ പോകുകയാണ്. ഈ വിവാഹം നടന്നുവെന്നറിഞ്ഞ് ഒരു പക്ഷേ അക്രമിസംഘം വന്നേയ്ക്കുമെന്നും അവർ വളരെ സ്വാധീനമുള്ള ആളുകളാണെന്ന് ബോദ്ധ്യമുള്ളതുകൊണ്ടും കെവിൻ പി. ജോസഫും

അനീഷും ഭയപ്പെട്ട് മാന്നാനത്തിന് രണ്ട് കിലോമീറ്റർ അകലെയുള്ള കുട്ടംപുറം എന്ന ഒരു ഗ്രാമപ്രദേശത്ത് പോയി താമസിക്കുകയായിരുന്നു. രാത്രി 12.00 മണി വരെ അവരുടെ കൂട്ടുകാർ അവിടെയുണ്ടായിരുന്നു. അവരെല്ലാവരും ഒരുമിച്ച് ആ വീട്ടിലിരുന്നു. കെവിൻ പി. ജോസഫിനെ ഒരു മുറിയിൽ കിടത്തിയുറക്കി, അനീഷ് അടുക്കളയ്ക്ക് തൊട്ടടുത്തുള്ള മറ്റൊരു മുറിയിൽ കിടന്നു. വെളുപ്പിന് രണ്ട് മണി കഴിഞ്ഞപ്പോൾ ഈ ഗുണ്ടാസംഘം വരികയാണ്. ഈ ഗുണ്ടാസംഘത്തിനെ പോലീസ് വഴിയിൽ വച്ച് കാണുന്നുണ്ട്. എന്തിന് വന്നുവെന്ന് ചോദിച്ചപ്പോൾ ഒഴിവുകഴിവുകൾ പറഞ്ഞു. എന്നിട്ട് ആ ഗുണ്ടാസംഘം നേരെ അങ്ങോട്ടാണ് പോയത്. ഇവർക്ക് വഴി കാണിച്ചുകൊടുത്തതാരാണ്. ഈ വഴി കൃത്യമായി അറിയാവുന്നയാളുകളാണ് അവർക്ക് വഴി കാണിച്ചുകൊടുത്തത്. മാന്നാനം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ജോലിയുള്ള ഒരു ജീവനക്കാരനാണത്. ആളാരാണെന്ന് അങ്ങ് പരിശോധിക്കണം. അയാളാണ് വഴി കാണിച്ചുകൊടുത്തത്. ഈ പറയുന്ന വ്യക്തി ഉൾപ്രദേശത്തുള്ള വീട് നേരത്തെ അവർക്ക് കാണിച്ചു കൊടുക്കുകയായിരുന്നു. കെവിൻ പി. ജോസഫിന്റെ കൊലയാളിക്ക് കൂട്ടുനിൽക്കുന്നത് എന്തിനാണ്; ഈ കൊലയാളിക്ക് കൂട്ടുനിൽക്കാമോ? ഞാൻ പറയുന്ന വാക്കുകളെ എതിർക്കുന്ന ആളുകൾ ഭംഗ്യന്തരേണ ചെന്ന് നിൽക്കുന്നത് കെവിൻ പി. ജോസഫിന്റെ കൊലയാളികളുടെ കൂടെയാണ്. നിയമസഭാ മന്ദിരത്തിനകത്ത് അത് ചെയ്യാൻ കഴിയുമോ? ഒരു മനുഷ്യജീവനെ പിടിച്ചുവലിച്ചുകൊണ്ടുപോയി ദുരഭിമാനകൊല നടത്തിയിട്ട് ആ കൊലയാളിയെ പിടിക്കണമെന്ന് പറയുമ്പോൾ ഒരു കടലാസ് ഉയർത്തിക്കാണിച്ചുകൊണ്ട് നിൽക്കുകയാണ്. ഇത് എന്ത് ന്യായമാണ്; ഇവിടെ അല്ലാതെ എവിടെ പറയും; ഇവിടെ പോലും പറയാൻ കഴിഞ്ഞില്ലെങ്കിൽ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ പറയാൻ കഴിമോ? ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ പോയ പെൺകുട്ടിക്കാണ് ഈ പറയുന്ന വിഷമങ്ങളെല്ലാം ഉണ്ടായത്. 24 മണിക്കൂർ താമസിച്ച് ക്രൈം എടുത്തത് സംബന്ധിച്ച് ഞാൻ ഇവിടെ പറയുമ്പോൾ അതിന് എതിരായാണ് പ്രതിഷേധം ഉയരുന്നതെങ്കിൽ ഇവർ ആർക്കുവേണ്ടിയാണ് വാദിക്കുന്നത്? ഇവിടെ രണ്ട് കാര്യങ്ങൾ നിൽക്കുകയാണ്. കെവിൻ പി. ജോസഫിനെ കൊന്ന സംഭവത്തെക്കുറിച്ചുള്ള അന്വേഷണം.......

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്റെ സമയം കഴിഞ്ഞെന്ന് ഇടയ്ക്കിടയ്ക്ക് പറയരുത്. കാരണം അത്ര ഗൗരവതരമായിട്ടുള്ള വിഷയമാണ്. അതുകൊണ്ട് പറയാതിരിക്കാൻ നിവൃത്തിയില്ല.

മി. സ്പീക്കർ : അത് പറയാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസിന്റെ അനാസ്ഥയെ സംബന്ധിച്ച് ഞാൻ മാത്രമല്ല പറഞ്ഞത്, കോടതിയുടെ ഒബ്സർവേഷനുണ്ട്. പോലീസിന് സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചതാണ്. പോലീസിന് സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ച എന്നുപറഞ്ഞ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രസ്താവന ഉണ്ടായിരുന്നു. വനിതാ കമ്മീഷൻ ചെയർപേഴ്സണായ ശ്രീമതി ജോസഫൈനും അതുതന്നെയാണ് പറയുന്നത്. അവർക്ക് എല്ലാം പറയാം; എനിക്ക് മാത്രം പറയാൻ കഴിയില്ലെന്നതാണ് ഇവിടെ സ്വീകരിക്കുന്ന നിലപാട്. കെവിൻ പി. ജോസഫിന്റെ മരണത്തിലേയ്ക്ക് നയിച്ചത് ഈ സംഭവങ്ങളാണ്. അതിന് എതിരായിട്ടുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അക്രമം നടന്ന മാന്നാനം കുട്ടംപുറത്തുനിന്ന് ഏകദേശം 12 കി.മീ. അകലെ കുമാരനല്ലൂരിലുള്ള കെവിൻ പി. ജോസഫിന്റെ പിതാവ് രാവിലെ ആറ് മണിക്ക് ഈ വിവരം അറിഞ്ഞാണ് പോലീസ് സ്റ്റേഷനിൽ എത്തുന്നത്. ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ നടന്ന സംഭവങ്ങൾ ആരെയും വേദനിപ്പിക്കുന്നതാണ്. ഒരു മാതാവും പിതാവും അംഗീകരിക്കാത്ത കാര്യങ്ങളാണ്. പോലീസിന്റെ നിർദ്ദേശപ്രകാരം നീനു ചാക്കോ ഹാജരായി. ഈ സംഭവത്തിന് പുതിയ ടേൺ ഉണ്ടാകുന്നത് ഇതിനെക്കുറിച്ച് അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് ഞങ്ങൾ ഗാന്ധിനഗർ പോലീസ് സ്റ്റേഷന് മുമ്പിൽ സത്യാഗ്രഹം ഇരിക്കുമ്പോഴാണ്. ഗാന്ധിനഗർ പോലീസ് സ്റ്റേഷന് മുന്നിൽ ബഹുജന സമരവും ഉപവാസവും നടക്കുന്നു. പ്രതിപക്ഷ നേതാവ്, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. കെ. എം. മാണി എല്ലാവരും ഒരുമിച്ച് അവിടെ എത്തിയതിനുശേഷമാണ് തിരുവനന്തപുരത്തെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ചില നടപടികൾ ഉണ്ടാകുന്നത്. അതിനുശേഷമാണ് അവർ ആദ്യമായി കണ്ണുതുറക്കുന്നതെന്ന് പറയാതിരിക്കാൻ കഴിയുമോ? മൂന്ന് പ്രധാനപ്പെട്ട പ്രശ്നങ്ങൾ നമ്മൾ അറിയണ്ടേ? ദുരഭിമാനക്കൊല കേരളത്തിൽ അംഗീകരിക്കാൻ കഴിയുമോ; ആ കൊലയാളികളെ കണ്ടുപിടിക്കണ്ടേ; അവർക്കെതിരെ നടപടി സ്വീകരിക്കണ്ടേ? ഈ കൊലയാളി സംഘത്തിൽ രണ്ട് ഡി.വൈ.എഫ്.ഐ. നേതാക്കൾ ഉണ്ടായിരുന്നു..... (ബഹളം)....

മി. സ്പീക്കർ: പ്ലീസ്.....അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിങ്ങൾ രണ്ട് പേരെയും സസ്പെൻഡ് ചെയ്തല്ലോ; എന്തിനാണ് നിങ്ങൾ സസ്പെൻഡ് ചെയ്തത്; വെറുതെയിരുന്നവരെ സസ്പെൻഡ് ചെയ്യുമോ? അവർ ആ കൂട്ടത്തിൽ ഉണ്ടായിരുന്നതുകൊണ്ടല്ലേ സസ്പെൻഡ് ചെയ്തത്; അവർ ഡി.വൈ.എഫ്.ഐ.-ക്കാർ ആണെന്ന് നിങ്ങൾക്ക് ബോധ്യപ്പെട്ടതുകൊണ്ടല്ലേ? ഡി.വൈ.എഫ്.ഐ.-യുടെ ആ രണ്ട് പ്രവർത്തകർ

ഇതിനകത്ത് പ്രതികളാണ്. അതിനുശേഷം സ്വീകരിക്കേണ്ട ഓരോ നടപടിയും സ്വീകരിക്കണം. ഇവർ രണ്ട് സ്ഥലത്തും ഒരുപോലെ നിന്നു. ചാക്കോയൊടൊപ്പം ഒരുപറ്റം ആളുകൾ നിന്നു, മറുവശത്ത് കെവിൻ പി. ജോസഫിനോടൊപ്പം ഇപ്പുറത്തുള്ള പാർട്ടിക്കാർ നിന്നു. 'കൊന്നതും നീയേ ചാപ്പാ, കൊണ്ടുപോയതും നീയേ ചാപ്പാ' എന്നൊരു മട്ടിൽ രണ്ടുവശത്തും നിങ്ങൾ ഒരുപോലെ നിന്നു. ഒരുവശത്ത് ചാക്കോയ്ക്കുവേണ്ടി വാദിച്ചു. മറുവശത്ത് കെവിൻ പി. ജോസഫിനെ കണ്ടുപിടിക്കുന്നതിനുവേണ്ടി സഹായിക്കുന്നു, കെവിൻ പി. ജോസഫിനെ കൊല്ലുന്നതിനുവേണ്ടി കൂട്ടുനിൽക്കുന്നു, അതിനുവേണ്ടിയുള്ള നടപടിയിൽ ഒരുമിച്ച് അവർ പോകുകയാണ്. പോസ്റ്റുമോർട്ടം ചെയ്യുന്ന സ്ഥലത്ത് ഞാൻ പോയിരുന്നു. ഇതുപോലൊരു സംഭവം ഉണ്ടായാൽ പോസ്റ്റുമോർട്ടം വിദഗ്ദ്ധമായി ചെയ്യണ്ടേ? പോസ്റ്റുമോർട്ടം നടത്തുന്നതിന് സീനിയർ ഡോക്ടറായ രഞ്ചു രവീന്ദ്രനെ മാറ്റി നിർത്തി, അദ്ദേഹം പോയില്ല. ജൂനിയർ ഡോക്ടറായ സന്തോഷാണ് പോസ്റ്റുമോർട്ടം നടത്തിയത്. പി.ജി. വിദ്യാർത്ഥിയാണ് അത് റെക്കോർഡ് ചെയ്തത്. ആ പോസ്റ്റുമോർട്ടം റിപ്പോർട്ടിനകത്താണ് മുങ്ങി മരിച്ചതാണെന്ന നിലയിലേയ്ക്ക് എത്തുന്നത്. പോസ്റ്റുമോർട്ടത്തിനായി കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുവരേണ്ട ആവശ്യമില്ല. 1956 ജൂലൈ മാസം 3-ാം തീയതി ഹോം ഡിപ്പാർട്ടുമെന്റിൽ നിന്ന് ഇറക്കിയ ഓർഡറിൽ ഓരോ പോലീസ് സർജനും ഏരിയ തിരിച്ച് കൊടുത്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ നടന്ന കൊലപാതകത്തിന് പോസ്റ്റുമോർട്ടത്തിനായി തിരുവനന്തപുരത്തെ പോലീസ് സർജന്റെ അടുത്താണ് കൊണ്ടുവരേണ്ടത്. തിരുവനന്തപുരത്ത് വരുന്നതിനേക്കാൾ ഏറെ ദൂരമുള്ള കോട്ടയം മെഡിക്കൽ കോളേജിലെ പോലീസ് സർജനെക്കൊണ്ട് ചെയ്യിക്കാൻ ശ്രമിച്ചു. അവിടെ പോലീസ് സർജൻ ഉണ്ടായിരുന്നില്ല. അവിടെ ഉണ്ടായിരുന്ന സർജനെ അവധി എടുപ്പിച്ചു. ജൂനിയർ ഡോക്ടറെക്കൊണ്ടാണ് പോസ്റ്റുമോർട്ടം ചെയ്യിച്ചത്. ഈ നടപടികളിലെല്ലാം വളരെ ദുരൂഹമായ ഇടപെടലുകളാണ് നടന്നത്. കെവിൻ പി. ജോസഫിന്റെ വീട്ടിൽ ഞങ്ങൾ ചെന്നപ്പോൾ രണ്ടുമൂന്ന് ആളുകൾ വെറുതെ മേശയുടെ പുറത്തും തൊട്ടടുത്ത ബെഞ്ചിലും ഇരിക്കുകയാണ്. അവിടെ ധാരാളം ആളുകൾ വരുന്നുണ്ട്. ഞങ്ങളുടെ കൂടെയുള്ള ആളുകളോട് ഇവർ ആരാണെന്ന് ചോദിച്ചപ്പോൾ പാർട്ടിയുടെ നേതാക്കന്മാരാണെന്നാണ് പറഞ്ഞത്. അവിടെ നടക്കുന്നത് എന്താണെന്ന് അറിയാൻ കാവൽ ഇരുത്തിയിരിക്കുകയാണ്. നിഷ്ഠൂരമായ കൊലപാതകത്തിലെ പ്രതികളെ പിടിക്കുന്നതിനുള്ള നടപടികൾ നടക്കുമ്പോൾ ആ പ്രതികൾക്ക് ഏറെ സഹായം ചെയ്യത്തക്ക വിധത്തിൽ കെവിൻ പി. ജോസഫിന്റെ വീട്ടിൽ കാവൽ ഇരുന്ന് ഈ കേസ് അട്ടിമറിക്കാൻ ശ്രമിച്ചവർക്കെതിരെയാണ് കേരളത്തിലെ ജനങ്ങളുടെ മന:സാക്ഷി പോകുന്നത്. ഈ കേസ് വഴിതിരിച്ച് വിടാൻ ശ്രമിക്കുകയാണ്. ഈ കേസ് വഴിതിരിച്ച് വിടുന്നതിനുവേണ്ടി റേഞ്ച് ഐ.ജി. ശ്രീ. വിജയ് സാക്കറെയെ അന്വേഷണ

സംഘത്തിൽ നിയോഗിച്ചു. വിജയ് സാക്കറെയുടെ പ്രസ്താവന അങ്ങ് വായിച്ചിട്ടുണ്ടാകും. കേസിലെ പോലീസുകാർ പ്രതികളല്ലെന്ന് അന്വേഷണത്തിന് നേതൃത്വം നൽകിയ റേഞ്ച് ഐ.ജി. വിജയ് സാക്കറെ പ്രസ്താവിച്ചു. പോലീസുകാരുടെ കൃത്യവിലോപം മാത്രമാണെന്നാണ് വിജയ് സാക്കറെ പറയുന്നത്. ഇത് കൃത്യവിലോപം മാത്രമാണോ; ഐ.പി.സി. 221-നകത്ത് ഇക്കാര്യം കൃത്യമായി ഡിഫൈൻ ചെയ്യുന്നുണ്ട്. അതിൽ പറയുന്നത് ഒരു abduction നടന്നാൽ അതിനകത്ത് bad intention-ഓടുകൂടി .....

മി. സ്പീക്കർ : അങ്ങ് അവസാനിപ്പിക്കണം. 15 മിനിറ്റ് ആയി. സമയബന്ധിതമായി കാര്യങ്ങൾ തീർക്കണ്ടേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇങ്ങനെ പറയുകയാണെങ്കിൽ ഇവിടെ വച്ച് ഞാൻ നിർത്തും. ഞാൻ വെല്ലിൽ ഇരുന്നുകൊള്ളാം.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിനുള്ള സമയം നമ്മൾ നിശ്ചയിച്ചതാണ്. സമയനിഷ്ഠ പാലിക്കാൻ നമ്മൾ എല്ലാവരും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഓരോന്നിനും പരിധിയുണ്ട്. പരിധിവിട്ട് പോകാൻ പാടില്ല.

മി. സ്പീക്കർ : അതുതന്നെയാണ് എനിക്കും പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ക്രൂരമായ കൊലപാതകത്തിന് കൂട്ടു നിൽക്കുന്നതുപോലെ ആരെങ്കിലും നടപടി എടുക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: സമയത്തിനുള്ളിൽ നിന്നുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സംസാരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എഫ്.ഐ.ആർ. എടുക്കാൻ 24 മണിക്കൂർ താമസിച്ചപ്പോൾ സമയത്തെക്കുറിച്ച് ചോദിച്ചില്ലല്ലോ ?

മി. സ്പീക്കർ: അങ്ങനെ കഴിയില്ല. നമുക്ക് എല്ലാ കാര്യത്തിനും റൂൾസ് ഉണ്ട്. അങ്ങ് ഒരു മിനിറ്റ് കൊണ്ട് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എഫ്.ഐ.ആർ. എടുക്കാൻ 24 മണിക്കൂർ താമസിച്ചതിനെ സംബന്ധിച്ച് അങ്ങ് എന്തുകൊണ്ടാണ് ചോദിക്കാതിരുന്നത്. അത് പറയുന്നതിനുവേണ്ടി രണ്ട് മിനിറ്റ് സമയം എടുത്തതിനെ ചോദ്യം ചെയ്യുകയാണോ?

മി. സ്പീക്കർ : അങ്ങ് 16 മിനിറ്റ് എടുത്തു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ കേസ് പറയണ്ടേ; ഈ കേസ് പറയരുതെന്നാണോ അങ്ങയുടെ ആഗ്രഹം. അങ്ങയുടെ ആഗ്രഹം പറഞ്ഞാൽ മതി, അതനുസരിച്ച് ചെയ്യാം.

<u>മി. സ്പീക്കർ</u>: എന്റെ ആഗ്രഹം അങ്ങയെപ്പോലുള്ള അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് എല്ലാ അംഗങ്ങൾക്കും ഉണ്ട്. ഇപ്പോൾ ഞാൻ എഴുതി തന്നിട്ടാണല്ലോ അടിയന്തരപ്രമേയം അനുവദിച്ചത്. അപ്പോൾ ആ അവകാശം എനിക്കാണ്. അങ്ങയുടെ ആഗ്രഹം ഞാനിത് പറയരുതെന്നാണോ? കോടതി കാണിച്ച രൂപത്തിലെങ്കിലും ഈ നിയമസഭയിൽ ഉണ്ടാകണ്ടേ? ചിലർ ഇരകൾക്കും വേട്ടക്കാർക്കുമൊപ്പം ഒരേ സമയം ഓടുന്നു എന്നും പ്രതികൾക്ക് അധികാര കേന്ദ്രങ്ങളുടെ പിന്തുണയുണ്ട് എന്നുമാണ് കോടതി പറഞ്ഞത്. കോടതിയുടെ ഒബ്സർവേഷൻ ശരിയല്ലേ?

സമാന സ്വഭാവമുള്ള സംഭവം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ആദ്യമല്ലേ ഇത്തരത്തിലൊരു സംഭവമുണ്ടായത്. അത് നിയമസഭയിൽ പറയാതിരിക്കാൻ കഴിയുമോ? അതിനെ എന്തിനാണ് തടസ്സപ്പെടുത്തുന്നത്? ഈ കേസ് വഴിതിരിച്ചുവിടാൻ ശ്രമിക്കുകയാണ്. കേരള പോലീസ് അന്വേഷിച്ചാൽ ഈ കേസ് ശരിയാവില്ല. ഇവിടെ കീഴടങ്ങൽ നാടകം നടന്നു. ബാംഗ്ലൂരിൽ പോയ ചാക്കോ സേഫായി ലാന്റ് ചെയ്യാൻവേണ്ടി കണ്ണൂരിലെ ഒരു പോലീസ് സ്റ്റേഷനിലാണ് കീഴടങ്ങിയത്. ഇതിലെ പ്രതികളെല്ലാം കീഴടങ്ങുകയാണ്. പോലീസ് പിടിച്ചിട്ടില്ലല്ലോ? എറണാകുളത്തെ ഒരു യുവനടിയെ ആക്രമിച്ച കേസിലെ പ്രതി കോടതിയിൽ കീഴടങ്ങാൻ വന്നിട്ട് ആ പ്രതിയെ പോലീസുകാർ പിടിച്ചോ? ഇവിടെ പരവതാനി വിരിച്ച് സേഫായി ഈ പ്രതികൾക്ക് കീഴടങ്ങുന്നതിനുള്ള സംവിധാനമുണ്ടാക്കി കൊടുക്കുകയാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്..... കൺക്ലൂഡ്. പ്ലീസ്.....കൺക്ലൂഡ്.....

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ രൂപത്തിൽ പ്രതികളെയും........

<u>മി. സ്പീക്കർ</u>: സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറയൂ. അങ്ങയുടെ സീനിയോറിറ്റി പരിഗണിച്ച് 18 മിനിട്ട് സംസാരിച്ചു. ഇത് കീഴ്വഴക്കമായാൽ സഭ നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങയുടെ താല്പര്യം ഞാൻ സംസാരം നിർത്തണം, ഇത് പറയരുത് എന്നാണെങ്കിൽ; ഇവിടെ വേറെ താല്പര്യമുള്ള ആളുകളുണ്ട്, XXXXXXXX*

<u>മി. സ്പീക്കർ</u>: അങ്ങ് അവസാനിപ്പിക്കു. ഇങ്ങനെയൊന്നും സംസാരിക്കുന്നത് ശരിയല്ല. പ്ലീസ്......

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു. (ഫയൽ നമ്പർ 3226/ ഇ.ബി/2018/നി. സെ. തീയതി 4-6-2018)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ സംസാരിക്കുന്നതുകൊണ്ട് ......... (ബഹളം)........ അങ്ങ് പറയുന്നത് എനിക്ക് കേൾക്കാൻ കഴിയില്ല.

മി. സ്പീക്കർ: ഇതൊന്നും ശരിയല്ല. എന്റെ വ്യക്തിപരമായ കാര്യങ്ങളല്ല. അങ്ങ് ഇയർ ഫോൺ എടുത്തുവയ്ക്കൂ.

10.00Am]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഇപ്പോൾ രണ്ടാമത്തെ പ്രാവശ്യമാണ് ബഹുമാനപ്പെട്ട ചെയറിനെ വിമർശിക്കുന്നത്. .... (ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് മോണിറ്ററോ? അങ്ങേയ്ക്ക് എന്താണ് കാര്യം?

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യുന്നുണ്ടോ? പ്ലീസ്....പ്ലീസ്... അങ്ങ് ഇയർഫോൺ വച്ചാൽ മാത്രമേ പറയുന്നത് കേൾക്കുകയുള്ളൂ. പ്ലീസ് കൺക്ലൂഡ് ചെയ്യൂ. വളരെ നിർഭാഗ്യകരമാണ്. 19 മിനിട്ടായി. ഇനി സമയം നൽകാൻ കഴിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് എന്താണ് കാര്യം?

ശ്രീ. മാത്യു ടി. തോമസ്: സർ, സഭയുടെ നാഥനായ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ ദു:സൂചനയുള്ള പരാമർശം നടത്താൻ പാടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ നാഥനെ ഞങ്ങൾ നോക്കിക്കൊള്ളാം. നിങ്ങൾക്ക് എന്താണ് കാര്യം? നിങ്ങൾ ആരാണ്?നിങ്ങൾ എവിടെ നിന്നാണ് വന്നത്? നിങ്ങളും കൊലയാളിക്ക് കൂട്ടാണ്. ....ബഹളം...

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... 19 മിനിട്ട് കഴിഞ്ഞു. സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറഞ്ഞ് അങ്ങ് അവസാനിപ്പിക്കൂ. ....ബഹളം...

ശ്രീ. മാത്യു ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ. അങ്ങ് ഇരിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുകയാണെങ്കിൽ എനിക്കും തരണം. അങ്ങ് അനുവദിച്ചാൽ ഞാൻ ഇരിക്കാം. സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് പോയിന്റ് ഓഫ് ഓർഡർ വന്നാൽ അതൊരു പുതിയ കീഴ്വഴക്കമാണ്. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവകാശം എനിക്കും തന്നാൽ മതി.

<u>മി. സ്പീക്കർ</u>: ഇത് കഴിഞ്ഞിട്ട് തരാം. അങ്ങ് കൺക്ലൂഡ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അടിയന്തരപ്രമേയത്തിനകത്ത് പോയിന്റ് ഓഫ് ഓർഡർ....

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യുന്നുണ്ടോ? 20 മിനിട്ടായി. എന്താണിത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, റൂൾ ബുക്കൊക്കെ കണ്ടതിനുശേഷം കഴിഞ്ഞ കുറേക്കാലമായി നമ്മളിവിടെ കയറിയിറങ്ങുകയാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇല്ല.

<u>മി. സ്പീക്കർ</u>: എങ്കിൽ ഉച്ചഭാഷിണി ഓഫാക്കേണ്ടിവരും. പ്ലീസ്.... ആ സ്ഥിതിയിലേയ്ക്ക് എത്തിക്കരുത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങേയ്ക്ക് എല്ലാ കാര്യവും അറിയാവുന്നതാണ്. ഈ കേസിന്റെ അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം.

<u>മി. സ്പീക്കർ</u>: യെസ്. എങ്കിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറയൂ. പ്ലീസ്.... ഇരിക്കൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ കേസ് സി.ബി.ഐ.-ക്ക് വിടണം, കുറ്റക്കാരെ പിടിക്കണം. പാർട്ടിക്കാരായ കുറ്റക്കാരുമുണ്ട്, അവരെ പിടിക്കണം. പോലീസുകാർക്കെതിരെ നടപടിയെടുക്കണം. 221-ാം വകുപ്പനുസരിച്ച് സബ് ഇൻസ്പെക്ടർ ഈ കേസിലെ പ്രതിയാണ്. അയാളെ രക്ഷിക്കാനുള്ള നടപടിയാണ്.

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് തന്നെ സംസാരിച്ചുകൊണ്ടിരുന്നാൽ ഞാനെന്ത് ചെയ്യും?

<u>മി. സ്പീക്കർ</u>: 20 മിനിട്ട് കഴിഞ്ഞിട്ടും അങ്ങ് എന്താണിത്? അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. ....(ബഹളം)...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ കേസ്സിനകത്തെ സബ് ഇൻസ്പെക്ടർക്ക് ഉന്നതതലങ്ങളിൽനിന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ സബ് ഇൻസ്പെക്ടറുടെ ടെലിഫോൺ കോൾ അറിയാൻ കോൾ രജിസ്റ്റർ പരിശോധിക്കണം. ഈ കേസ്സന്വേഷണം സി.ബി.ഐ.-ക്ക് വിടണം, നടപടിയെടുക്കണം, കൊലയാളികളെ ബഹുജന മധ്യത്തിൽ കൊണ്ടുവരണം. കേരളത്തിൽ ഒരു ദുരഭിമാന കൊലക്കുടി ഉണ്ടാകാൻ ഇടയാകരുത്. അതിനുവേണ്ടിയുള്ള നടപടിയെടുക്കാൻ ഈ ഗവൺമെന്റ് മടിക്കുകയാണ്. അതുകൊണ്ടാണ് വിശദമായി ഈ അടിയന്തരപ്രമേയം ഞാനിവിടെ കൊണ്ടുവന്നത്. അതുകൊണ്ട് സഭ നിർത്തിവച്ച് ഇതിനെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. മാത്യു ടി. തോമസിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം.

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നതിനിടയിൽ രണ്ട് തവണ ഈ സഭയുടെ ചെയറായ സ്പീക്കർക്കെതിരെ ദു:സൂചനയുള്ള പരാമർശം നടത്തുകയുണ്ടായി. ഞാൻ ഈ വിഷയം ചൂണ്ടിക്കാണിച്ചപ്പോൾ 'അങ്ങേയ്ക്ക് എന്താണ് കാര്യം, ഞങ്ങൾ തമ്മിൽ പറഞ്ഞുകൊള്ളാം' എന്നാണ് പറഞ്ഞത്. ഈ സഭയുടെ അദ്ധ്യക്ഷനായ സ്പീക്കർക്കെതിരെ അത്തരം ദു:സൂചനകൾ ആരും ഉന്നയിക്കാൻ പാടുള്ളതല്ല. റൂൾ 307 പ്രകാരം അത് രേഖയിൽനിന്ന് നീക്കം ചെയ്യണമെന്നതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയത്തിന് മറുപടി പറയുന്നതിനുമുമ്പ് ബഹുമാനപ്പെട്ട അംഗം ഇപ്പോൾ പറഞ്ഞ കാര്യം സംസാരിക്കാനായിരുന്നു ഞാനും ഉദ്ദേശിച്ചിരുന്നത്. അങ്ങ് ഒരു നിലപാടെടുത്തതു കൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. ക്രൂരമായ കൊലപാതകത്തിന് കൂട്ടുനിൽക്കുന്നതുപോലെ ഈ നിലപാടെടുക്കുന്നത് ശരിയാണോ എന്നാണ് അങ്ങയോട് ചോദിച്ചത്. അത് വ്യക്തമായും ചെയറിനെതിരെയുള്ള ഒരു കുറ്റാരോപണമാണ്. അത് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള ഒരു അംഗത്തിൽനിന്നുണ്ടാകാൻ പാടില്ലാത്തതായിരുന്നു. ചെയർ അത് പരിശോധിക്കാമെന്ന് പറഞ്ഞതുകൊണ്ട് പരിശോധിക്കുന്നത് നല്ലതാണ്. അതിനെക്കാൾ പ്രധാനപ്പെട്ട കാര്യം, ബഹുമാന്യനായ ഒരംഗം അക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നോക്കുമ്പോൾ അദ്ദേഹത്തോട് ബഹുമാന്യനായ

തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിക്കുകയാണ്, 'നിങ്ങൾക്ക് എന്താണ് കാര്യം;. നിങ്ങൾ എവിടെ നിന്ന് വന്നു' എന്ന്. എന്താണിത്? എന്താണ് ഇങ്ങനെയൊരു നിലപാട്? സഭയിൽ ഇത്തരം കാര്യങ്ങൾ വരുമ്പോൾ ഏതൊരംഗവും അതുമായി ബന്ധപ്പെട്ട് പരാമർശിക്കില്ലേ? ഏതായാലും അങ്ങ് ഒരു നിലപാടെടുത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല.

ഈ കേസിന്റെ നടപടിക്രമങ്ങളിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ആ ദുരഭിമാനഹത്യ നമ്മുടെ സംസ്ഥാനത്തുണ്ടാകാൻ പാടില്ലാത്തതാണ്. ആ ഘട്ടത്തിൽ പോലീസും അതുമായി ബന്ധപ്പെട്ടവരും ഗൗരവമായ നടപടിയെടുത്തില്ലെന്നുള്ളതാണ് പോലീസും കണ്ടെത്തിയിരിക്കുന്നത്. അതിന്റെ ഭാഗമായാണ് പോലീസിനെതിരെയും ഉത്തരവാദപ്പെട്ട ആളുകൾക്കെതിരെയും സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഇത്തരം വീഴ്ചകൾ അംഗീകരിക്കാൻ കഴിയുന്നതല്ല. അതുമായി ബന്ധപ്പെട്ട് കർക്കശമായ നിലപാടിലേയ്ക്ക് സർക്കാർ നീങ്ങുമെന്നാണ് വ്യക്തമാക്കാനുള്ളത്. തെറ്റുപറ്റിയ, ബോധപൂർവ്വം വീഴ്ച വരുത്തിയ, ഇതിന്റെ ഭാഗമായി ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്ത ഒരു പോലീസ് ഉദ്യോഗസ്ഥനെയും സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുകയില്ല. കർക്കശമായ നടപടികളിലേയ്ക്കുതന്നെ കടക്കും. അതാണ് അതുമായി ബന്ധപ്പെട്ട് വ്യക്തമാക്കാനുള്ളത്. ഈ സംഭവത്തിന്റെ യഥാർത്ഥവശം കണ്ടുകൊണ്ട് നമ്മുടെ സമൂഹത്തിനുണ്ടാകാനിടയുള്ള ആപത്തിനെക്കുറിച്ചല്ല അദ്ദേഹം അധികവും പറഞ്ഞത്. നമ്മുടെ സമൂഹത്തിലെ പ്രായം തികഞ്ഞ ഒരു യുവാവും യുവതിയും തമ്മിൽ വിവാഹം കഴിക്കുന്നതിൽ എന്താണ് തെറ്റ്? അങ്ങനെ വിവാഹം കഴിച്ചതിനോട് ഒരു കുടുംബത്തിൽപ്പെട്ടവർക്ക് യോജിക്കാൻ കഴിയുന്നില്ലെന്നതിന്റെ പേരിൽ ആ ചെറുപ്പക്കാരനെ കൊലപ്പെടുത്താൻ തയ്യാറാകുകയാണ്. ഇതാണല്ലോ യഥാർത്ഥത്തിലുള്ള ദുരഭിമാനഹത്യയെന്ന് പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഒരു ഘട്ടത്തിലും നടക്കാൻ പാടില്ലാത്ത ഒരു സംഭവമാണ് നടന്നിട്ടുള്ളത്. ഇക്കാര്യത്തിൽ നമ്മുടെ നാട്ടിലാകെ ഒരേ രീതിയിലുള്ള പ്രതികരണമാണല്ലോ ഉണ്ടാകേണ്ടത്. അക്കാര്യത്തിൽ സമൂഹത്തിന്റെ ജാഗ്രത നല്ല രീതിയിൽ ഉയർത്തിക്കൊണ്ടുവരാൻ നാമെല്ലാം ശ്രമിക്കുകയാണല്ലോ വേണ്ടത്. അതിനെ മറ്റൊരു വഴിക്ക് തിരിച്ചുവിടാനുള്ള ശ്രമമാണുണ്ടായത്. ഈ സംഭവം യഥാർത്ഥ രീതിയിൽ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ശക്തമായ നടപടികളിലേയ്ക്കാണ് പോലീസ് നീങ്ങിയിട്ടുള്ളത്. അതുകൊണ്ടാണ് ഐ. ജി. ശ്രീ. വിജയ് സാഖറെയുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകൃതമാക്കി ഈ

അന്വേഷണം തുടർന്നുപോകുന്നത്. ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് അനാവശ്യമായ രാഷ്ട്രീയം കൊണ്ടുവരാൻ നോക്കിയതെന്ന് ഒരുതരത്തിലും മനസ്സിലാകുന്നില്ല. ഉള്ള രാഷ്ട്രീയമെല്ലാം വിളിച്ചുപറയാനാണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലായി; അത് നല്ലതുതന്നെ. ഈ കൊലയ്ക്ക് നേതൃത്വം കൊടുത്ത ആളുകളുണ്ടല്ലോ; അവരുടെ രാഷ്ട്രീയമെന്താണ്? ഒരു കേസ് വന്നാൽ അത് അങ്ങോട്ടുമിങ്ങോട്ടും രാഷ്ട്രീയമായി പറയാനുള്ളതല്ല. കൊലയാളി കൊലയാളിയല്ലേ? ആ കൊലയാളിയെ കൊലയാളിയെന്ന നിലയ്ക്കാണല്ലോ കാണേണ്ടത്. കൊലയാളി ഇന്ന രാഷ്ട്രീയക്കാരനാണെന്ന് പറഞ്ഞിട്ടാണോ നടപടിയെടുക്കേണ്ടത്? ഇവിടെ പ്രധാന പ്രതിയായി വന്ന ചാക്കോയും അദ്ദേഹത്തിന്റെ ഭാര്യ രഹനയുമൊക്കെ ഏത് പാർട്ടിക്കാരാണ്? ഈ സംഭവത്തിൽ നല്ല നിലയിൽ ആക്ട് ചെയ്തുവെന്ന് പൊതുസമൂഹത്തിനറിയാവുന്ന ചാക്കോയുടെ മകനും പെൺകുട്ടിയുടെ സഹോദരനുമായ ഷാനു ചാക്കോ ഇവരെല്ലാം കോൺഗ്രസ്സ് പ്രവർത്തകരല്ലേ? .........ബഹളം....

<u>മി. സ്പീക്കർ:</u> ........പ്ലീസ്......... പ്ലീസ്........

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവർ കോൺഗ്രസ് പ്രവർത്തകരാണെന്നുള്ളതു കൊണ്ട് കോൺഗ്രസ്സാണ് ഈ കൊലപാതകം നടത്തിയതെന്ന് ആരെങ്കിലും പറയുമോ? ......(ബഹളം)....

<u>മി. സ്പീക്കർ:</u> ........പ്ലീസ്......... പ്ലീസ്........ കോൺഗ്രസ്സാണെന്ന് പറയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ........പ്ലീസ്......... പ്ലീസ്........ ദയവായി ഇരിക്കു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ പറയുന്ന പ്രതികളെ പ്രതികളായിട്ടാണല്ലോ കാണേണ്ടത്. പ്രതികളുടെ പേരിൽ പ്രതികളാണെന്ന നിലയിലാണല്ലോ കുറ്റം വരുന്നത്. ഇവർ പ്രതികളാണെന്നുള്ളതുകൊണ്ട് കോൺഗ്രസ്സാണ് കുറ്റം ചെയ്തതെന്ന് ആരെങ്കിലും പറയുമോ? അങ്ങനെ പറയാൻ കഴിയില്ല. കോൺഗ്രസ്സാണ് കുറ്റം ചെയ്തതെന്ന് പറയാൻ പറ്റുമോ; അപ്പോൾ പ്രതികളെ പ്രതികളായിട്ട് തന്നെയാണ് കാണേണ്ടത്. .........(ബഹളം) .....

<u>മി. സ്പീക്കർ:</u> ........പ്ലീസ്......... എന്താണിത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ പ്രതികളുമായി ഏറ്റവും കൂടുതൽ ബന്ധമുള്ള മുൻ ജില്ലാ പഞ്ചായത്തംഗം, മുൻ യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറി; അക്കാര്യം ഇതിന്റെ ഭാഗമായി ഉയർന്നുവന്നില്ലേ; അന്വേഷണം അവിടേയ്ക്ക് എത്തിയല്ലോ. .........( ബഹളം).....

<u>മി. സ്പീക്കർ:</u> ........പ്ലീസ്......... ഇരിക്കൂ.... ശ്രീ. തിരുവഞ്ചൂർ സംസാരിച്ചില്ലേ; നിങ്ങൾ പറയുന്നത് അദ്ദേഹം പറയണമെന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ:</u> ഈ കേസ്സുമായി ബന്ധപ്പെട്ട് യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന ആളിന്റെ ഭാര്യാമാതാവിന്റെ വീട്ടിൽ പോലീസ് പരിശോധന നടത്തിയെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തല്ലോ; എങ്ങനെയാണ് ആ റിപ്പോർട്ട് വന്നത്?

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, പോലീസ് റെയ്ഡിനെ സംബന്ധിച്ച് ഈ പറയുന്ന യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി 'രാഷ്ട്രീയവിരോധം തീർക്കാനാണ് തന്റെ പേരിൽ ഇത് നടത്തിയിട്ടുള്ളത് എന്നുപറഞ്ഞ് എനിക്കൊരു പരാതി നൽകുകയും ഞാൻ അത് ഡി.ജി.പി.-ക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങ് അത് അന്വേഷിക്കുമോ? ഡി.വൈ.എഫ്.ഐ.-ക്കാരെ സഹായിക്കാൻവേണ്ടി അനാവശ്യമായി യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ വീടുകളിൽ അങ്ങ് ഇങ്ങനെ പോലീസിനെ ഉപയോഗിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇവിടെ ഞാൻ പ്രതികളുടെ രാഷ്ട്രീയമൊന്നും പറയാൻ തയ്യാറാകുന്നില്ല. കാരണം പ്രതികളെ പ്രതികളായിട്ടാണ് കാണേണ്ടത്. എന്നാൽ അനാവശ്യമായി രാഷ്ട്രീയ പ്രശ്നങ്ങൾ ഉന്നയിക്കാൻ തയ്യാറാകുമ്പോൾ യഥാർത്ഥ്യമെന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ, ആരെപ്പറ്റിയാണോ പരാമർശിച്ചത് ആ ആളിന്റെ ഭാര്യാമാതാവിന്റെ ഫോണിലൂടെ പ്രതികളുമായി നിരന്തരം ബന്ധം പുലർത്തിയെന്ന വാർത്തയും പുറത്തുവന്നിരുന്നല്ലോ; അതൊക്കെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളാണല്ലോ. ഇത്തരമൊരു കേസിൽ പോലീസ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ, കൃത്യമായ വഴിക്കുതന്നെ പോകും. അതിൽ ഒരു രാഷ്ട്രീയ ബന്ധത്തിന്റെയും പ്രശ്നമില്ല. ഏത് രാഷ്ട്രീയക്കാരായാലും പ്രതികൾ പ്രതികളാണ്. ആ പ്രതികൾക്കെതിരെ കർക്കശ നടപടിയെടുത്തുതന്നെ പോകും. അക്കാര്യത്തിൽ ഒരു ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല. പ്രതികളുമായി ബന്ധമുള്ള വേറെ ആളുകളുമുണ്ട്. ഇപ്പോൾത്തന്നെ കുറച്ച് അസഹിഷ്ണുതയുള്ളതു കൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ലെന്നേയുള്ളൂ. ഇവിടെ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുമ്പോൾ ഒരു കാര്യം പറയുകയുണ്ടായി. പോസ്റ്റുമോർട്ടം കോട്ടയത്ത് വച്ച് നടത്തിയത് ശരിയായില്ലന്നാണ് അദ്ദേഹം പറഞ്ഞത്. കെവിന്റെ ബന്ധുക്കൾ ആവശ്യപ്പെട്ടതനുസരിച്ചാണ് കോട്ടയം മെഡിക്കൽ കോളേജിൽ വച്ച്

പോസ്റ്റ്മോർട്ടം നടത്താൻ തയ്യാറായത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഏതെങ്കിലും ഒരാളല്ല, ഒരു മെഡിക്കൽ സംഘമാണ് പോസ്റ്റുമോർട്ടം നടത്തിയത്. ഡോ. വി. എം. രാജീവ്, അഡീഷണൽ പ്രൊഫസർ ആന്റ് ഡെപ്യൂട്ടി പോലീസ് സർജൻ, കോട്ടയം മെഡിക്കൽ കോളേജ്, ഡോ. സന്തോഷ് ജോയി, അസിസ്റ്റന്റ് പ്രൊഫസർ ആന്റ് അസിസ്റ്റന്റ് പോലീസ് സർജൻ എന്നിങ്ങനെയുള്ള ഡോക്ടർമാരുടെ ഒരു ടീമാണ് കെവിന്റെ മൃതദേഹം പോസ്റ്റുമോർട്ടം നടത്തിയത്. അത് ഏതെങ്കിലും ഒരാളെന്ന നിലയ്ക്കല്ല പോസ്റ്റുമോർട്ടം നടത്തിയത്.

ഇവിടെ ഒരുതരത്തിലുള്ള സംശയവും ഉണ്ടാകേണ്ടതില്ല. ഈ കേസിൽ ശക്തമായ നടപടിയുമായി മുന്നോട്ടുപോകുകയാണ്. ഒരു തരത്തിലുള്ള സംരക്ഷണവും ഒരു ഭാഗത്തുനിന്നും പ്രതികൾക്ക് കിട്ടില്ല. പ്രതികൾക്ക് നേരെ കർക്കശ നടപടിയുണ്ടാകും. പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച വന്നതിനെതിരെ അതികർക്കശമായ നടപടിയിലേയ്ക്ക് നീങ്ങും. ഒരു ശങ്കയും ആ കാര്യത്തിലും ഉണ്ടാകേണ്ടതായിട്ടില്ല. രാഷ്ട്രീയമാനം കലർത്താനുള്ള വലിയ ശ്രമമുണ്ടായി എന്നത് വസ്തുതയാണ്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രതിപക്ഷ നേതാവും മുൻമുഖ്യമന്ത്രിയുമൊക്കെ ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ പോയി എന്നുപറയുന്നത് ഈ സംഭവത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ എന്തെങ്കിലും കുറവുണ്ടാകുമെന്ന് ഭയപ്പെട്ടിട്ടല്ല, അത് ആ ദിവസത്തിന്റെ പ്രത്യേകതയായിരുന്നു. നമ്മുടെ സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് നടക്കുന്നതുകൊണ്ട് അതിന്റെ ഭാഗമായി വന്ന ഒരു കാര്യമായിരുന്നു. അതിനുവേണ്ടി കളിച്ച ഒരു കളിയായിരുന്നു. അതൊക്കെ ജനങ്ങൾക്ക് വേഗം മനസ്സിലാകുകയും ചെയ്തു. അതാണ് ഈ ഉപതെരഞ്ഞെടുപ്പിൽ കണ്ടത്. ......(ബഹളം)..... വേഗം അത് വ്യക്തമായല്ലോ. അതൊന്നും ആ രീതിയിൽ സ്വീകരിക്കുന്ന നാടല്ല നമ്മുടേത്. നമ്മുടെ നാട് വളരെ പ്രബുദ്ധമല്ലേ; ആളുകൾക്ക് വേഗം മനസ്സിലാകുമല്ലോ; സർക്കാരിന്റെ നിലപാടും വ്യക്തമാണ്. ഇക്കാര്യത്തിൽ ഒരു തരത്തിലുള്ള അലംഭാവവുമില്ല. ശക്തമായ നടപടിയെടുക്കും. എന്നാൽ ആദ്യഘട്ടത്തിൽ ഈ കേസുമായി ബന്ധപ്പെട്ട ചില പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കുറവുകളുണ്ടായി എന്നുതന്നെയാണ് കാണുന്നത്. അതിന്റെ ഭാഗമായി തന്നെയാണ് നടപടികളിലേയ്ക്ക് കടന്നിട്ടുള്ളത്. അതടക്കമുള്ള കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. കർക്കശമായ നടപടികൾ ഇക്കാര്യത്തിലുണ്ടാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പോസ്റ്റ്മോർട്ടം നടത്തിയതിനെക്കുറിച്ച് പറഞ്ഞു. വകുപ്പ് മേധാവി ഡോ. രഞ്ജു രവീന്ദ്രൻ അന്ന് അവധിയായിരുന്നു. അവധി എടുപ്പിച്ചതാണെന്നാണ് നാട്ടിലെ വർത്തമാനം. പി. ജി. സ്റ്റുഡന്റായ ഡോ. രേഷ്മയാണ് ഇതെല്ലാം റെക്കോർഡ് ചെയ്തത്. ഡോ.

രാജീവ്, ഡോ. സന്തോഷ് എന്നീ രണ്ട് ജൂനിയർ ഡോക്ടർമാരാണ് പോസ്റ്റുമോർട്ടം നടത്തിയത്. ഡോ. സന്തോഷ് ഏറ്റവും ജൂനിയർ ആണ്. സീനിയർ ഡോക്ടർമാരെ മാറ്റി നിർത്തി ജൂനിയർ ഡോക്ടർമാരെക്കൊണ്ട് പോസ്റ്റുമോർട്ടം നടത്തിച്ചുവെന്ന് മാത്രമല്ല, ഒരു പി. ജി. ഡോക്ടറെക്കൊണ്ട് റിപ്പോർട്ട് എഴുതിച്ചു എന്ന യാഥാർത്ഥ്യം അങ്ങ് മറയ്ക്കുന്നത് ശരിയാണോ? ഈ അന്വേഷണത്തിൽ ഇതുംകൂടി ചേർക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ പറഞ്ഞതിൽ നിന്നും ഒരു വ്യത്യാസവും അദ്ദേഹം പറഞ്ഞ കാര്യത്തിലില്ല. അദ്ദേഹം പറഞ്ഞതിൽ ഒരു സീനിയർ ഡോക്ടറുടെ പേര് പറഞ്ഞു. ആ സീനിയർ ഡോക്ടർ അന്ന് ലീവായിരുന്നുവെന്ന് അദ്ദേഹം തന്നെ പറഞ്ഞു. ഒരു രാഷ്ട്രീയ താൽപ്പര്യം വച്ച് അദ്ദേഹത്തെക്കൊണ്ട് ലീവ് എടുപ്പിച്ചതാണെന്ന് ബഹുമാന്യനായ അംഗം കൂട്ടിചേർത്തു. അത് ദുരുദ്ദേശപൂർണ്ണമായ ആരോപണമാണ്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ സമയത്ത് ഇത് പറയുന്നു. ഈ പോസ്റ്റുമോർട്ടം നടക്കുന്ന സമയത്ത് ടെലിവിഷൻ ചാനലുകളിൽ നടത്തിയ സംപ്രേഷണത്തിൽ അദ്ദേഹം പറയുന്നൊരു വാചകമുണ്ട്. അദ്ദേഹത്തെ മാത്രമേ മോർച്ചറിയുടെ ഭാഗത്തേയ്ക്ക് കയറ്റിവിട്ടുള്ളൂ. മറ്റുള്ളവരെ കയറ്റിയില്ല. കേബിൾ കട്ട് ചെയ്തുവെന്ന് പറയുന്നതുപോലെ, ടെലിവിഷനിൽ പറയുന്നതെല്ലാം ശരിയാണെങ്കിൽ, അങ്ങ് ഇപ്പോൾ സംതൃപ്തനാണോയെന്ന് അദ്ദേഹത്തോട് ചോദിച്ചു? ഞങ്ങൾ മൂന്ന് ഡിമാന്റുകൾ വച്ചു. ഏറ്റവും വിദഗ്ദ്ധനായ ഡോക്ടറെ വച്ച് ഇത് നടത്തണമെന്നായിരുന്നു ഞങ്ങളുടെ ആദ്യത്തെ ഡിമാന്റ്. ഞങ്ങളുടെ മൂന്ന് ഡിമാന്റുകളും അംഗീകരിച്ചു കൊണ്ടാണ് പോസ്റ്റുമോർട്ടം നടക്കുന്നതെന്ന് അദ്ദേഹം ടി.വി.-യിൽ പറയുന്നത് ലൈവായി ഞാനും ഈ നാട്ടിലെ ജനങ്ങൾ മുഴുവനും കേട്ടതാണ്. ഇപ്പോൾ മാറ്റി പറയുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കാര്യങ്ങൾ ഇപ്പോൾ വളരെ വ്യക്തമാണ്. ഒരു മെഡിക്കൽ ടീമാണ് പോസ്റ്റുമോർട്ടം നടത്തിയത്. അതിന് യാതൊരു തരത്തിലുള്ള വീഴ്ചയും ഉണ്ടായിട്ടില്ല. ഇത് എല്ലാവർക്കും ബോധ്യമുള്ളതാണ്. ഇതിനെതിരെ ഒരു പുകമറ സൃഷ്ടിക്കാനുള്ള ശ്രമം മാത്രമാണ് ബഹുമാന്യനായ തിരുവഞ്ചൂർ നടത്തിയത്. അത് വസ്തുതയുമായി ബന്ധമുള്ളതല്ല; ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അലംഭാവം സർക്കാരിന്റെയോ പോലീസ് ഡിപ്പാർട്ടുമെന്റിന്റെയോ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നുള്ളതാണ് പ്രശ്നം. ഞാൻ ആവർത്തിച്ചു പറയുന്നു, ഈ കേസ്സുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടത്തിൽ ചില

പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും കുറവുകളുണ്ടായി എന്നത് ശരിയാണ്. അവർക്കെതിരെയുള്ള നടപടികളിലേക്ക് കടന്നിട്ടുണ്ട്. ആ നടപടി ഇതുകൊണ്ട് അവസാനിച്ചുവെന്ന് കണക്കാക്കേണ്ട. കർക്കശമായ നടപടികളിലേക്ക് നീങ്ങും. അതോടൊപ്പം ഈ കേസിന്റെ ഭാഗമായ പ്രതികളിൽ ഒരാൾക്കും രക്ഷപ്പെടാൻ അവസരമില്ലാത്ത രീതിയിലേയ്ക്കുള്ള ശക്തമായി നടപടികളിലേക്കാണ് നീങ്ങുന്നത്. ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരാൾക്ക് എങ്ങനെയെങ്കിലും രക്ഷപ്പെടാമെന്ന് കരുതണ്ട. അതിന്റെ പിന്നാലെ തന്നെ പോലീസുണ്ട്. ആ പോലീസ് ടീം അതുമായി ബന്ധപ്പെട്ട നടപടികളിലേക്ക് തന്നെയാണ് കടക്കുന്നത്. ഇതിനെല്ലാം പുറമെ ഈ സംഭവം നമ്മുടെ നാടിന് അങ്ങേയറ്റം അപമാനകരമാണ്. ഒരു ദുരഭിമാനഹത്യയാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. അതിനെതിരെ പൊതു ജാഗ്രത ഉയർത്താൻ നമുക്കെല്ലാം ഒന്നിച്ചുനിന്ന് നീങ്ങേണ്ടതായിട്ടുണ്ട്. ഇതാണ് പ്രശ്നം. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, കെവിന്റെ മരണത്തിൽ പോലീസിന് സംഭവിച്ചത് അസാധാരണമായ വീഴ്ചയാണെന്നാണ് മുഖ്യമന്ത്രി ഇവിടെയും പുറത്തും പറഞ്ഞത്. അസാധാരണമായ വീഴ്ചയല്ല, ശ്രീ. പിണറായി വിജയന്റെ പോലീസിന് ഇതൊക്കെ സാധാരണ വീഴ്ചകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആവർത്തിച്ചുള്ള വീഴ്ചകളാണ് കേരളാ പോലീസിന് സംഭവിക്കുന്നതെന്ന് എത്ര ഉദാഹരണങ്ങൾ വഴി വേണമെങ്കിലും നമുക്ക് പറയാൻ കഴിയും. ഈ നിയമസഭയിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എത്ര തവണ കുറ്റം ഏറ്റുപറയേണ്ടി വന്നു. വാളയാറിൽ പിഞ്ചുകുട്ടികൾ പീഡനത്തിരയായി കൊല്ലപ്പെട്ടപ്പോൾ കേസ് അട്ടിമറിക്കാൻ പോലീസ് ശ്രമിച്ചത് തെറ്റുപറ്റിയെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. കൊച്ചിയിൽ നടിയെ തട്ടികൊണ്ടുപോയി പീഡിപ്പിച്ചപ്പോഴും പ്രതിയെ സമയത്തിന് പിടികൂടാതെ അവസരം കളഞ്ഞുകുളിച്ച പോലീസിന്റെ നടപടിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സന്ദർഭത്തിൽ ഏറ്റുപറഞ്ഞു. എറണാകുളത്ത് മിഷേൽ എന്ന പെൺകുട്ടിയെ കാണാതായപ്പോൾ പോലീസ് സ്റ്റേഷനുകൾ കയറിയിറങ്ങി നടന്ന അച്ഛനോട് പിറ്റേന്ന് വരാൻ പറഞ്ഞു. പിറ്റേ ദിവസം മിഷേലിന്റെ ശവശരീരം കൊച്ചി കായലിൽ കണ്ടതിനെക്കുറിച്ച് സഭയിൽ പറഞ്ഞപ്പോൾ പോലീസിന്റെ വീഴ്ചയാണെന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചു. എറണാകുളത്ത് മറൈൻ ഡ്രൈവിൽ ശിവസേനക്കാർ യുവതീ- യുവാക്കളെ അടിച്ചോടിച്ചപ്പോൾ കാഴ്ചക്കാരായി നിന്ന പോലീസിന്റെ കാര്യം പറഞ്ഞപ്പോൾ പോലീസിന് വീഴ്ച സംഭവിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. കൂടുതൽ പറഞ്ഞാൽ ലിസ്റ്റ് നീളും. കേരളത്തിൽ സംഭവിക്കുന്ന എല്ലാ ഗുരുതരമായ കുറ്റങ്ങൾക്കും കേരളാ പോലീസിന് വീഴ്ച വന്നുവെന്ന് പറഞ്ഞാൽ, അങ്ങയുടെ കീഴിലുള്ള പോലീസിന് രോഗം വന്നിട്ടില്ലേയെന്ന് അങ്ങ് ചിന്തിക്കണ്ടേ എന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്. ആ രോഗം എന്താണെന്ന് അങ്ങ് കണ്ടെത്തണ്ടേ? ഞാനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആഭ്യന്തര വകുപ്പുമന്ത്രിമാരായിരുന്നവരാണ്. ഞങ്ങളുടെ കാലഘട്ടങ്ങളിൽ ഉണ്ടാകാത്ത തരത്തിൽ കേരളാ പോലീസിന് ഉണ്ടായിരിക്കുന്ന ഗുരുതരമായ രോഗം എന്താണെന്ന് കണ്ടെത്താൻ എന്തുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രമിക്കുന്നില്ല? അങ്ങ് എല്ലാ കുറ്റത്തിനും പോലീസുകാരെ കുറ്റം പറയുന്നു. വരാപ്പുഴയിൽ നടന്ന ശ്രീജിത്തിന്റെ കൊലപാതകം, ആൾ മാറി പോലീസ് ചവിട്ടി കൊന്നപ്പോൾ ഗുരുതരമായ വീഴ്ചയാണ് പോലീസിനുണ്ടായതെന്ന് അങ്ങ് പറഞ്ഞില്ലേ? എടപ്പാൾ സിനിമാ തിയേറ്ററിൽ ബാലികയെ പീഡിപ്പിച്ച സംഭവത്തിൽ കേസ് എടുക്കുന്നില്ലെന്ന് പറഞ്ഞപ്പോൾ പോലീസിന് തെറ്റുപറ്റിയെന്ന് അങ്ങ് പറഞ്ഞല്ലോ? അങ്ങയുടെ നാട്ടിലല്ലേ അത് നടന്നത്? ഇപ്പോൾ കെവിന്റെ കൊലപാതകം, കേരള സമൂഹത്തിൽ അടുത്തകാലത്തായി നടക്കുന്ന എല്ലാ കുറ്റകൃത്യങ്ങളിലും കേരളാ പോലീസിന് വീഴ്ചയുണ്ടാകുന്നുവെന്നത് അതീവ ഗുരുതരമായ കാര്യമല്ലേ?ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കാൻവേണ്ടി പറയുകയാണ്. അങ്ങ് ഏതായാലും ഇനി മൂന്നുവർഷം കൂടി മുഖ്യമന്ത്രിയായിരിക്കുമല്ലോ? നിങ്ങൾക്ക് മൂന്ന് വർഷം എന്നെ സഹിക്കേണ്ടി വരുമെന്ന് അങ്ങ് പറഞ്ഞല്ലോ, ഞങ്ങൾ അങ്ങയെ സഹിച്ചുകൊണ്ടിരിക്കുകയാണ്, കേരളം സഹിച്ചുകൊണ്ടിരിക്കുകയാണ്. കെവിന്റെ കൊലപാതകത്തിലെ വീഴ്ച അസാധാരണമാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇതെല്ലാം ബഹുമാന്യനായ അങ്ങയുടെ ഭരണത്തിൻ കീഴിൽ സാധാരണ സംഭവങ്ങളായി മാറുന്നു. ജനങ്ങളെ ചവിട്ടി കൊല്ലുന്നതും കൊല്ലാൻ ഒത്താശ ചെയ്യുന്നതും ജനത്തിന്റെ നെഞ്ചത്ത് നൃത്തം ചെയ്യുന്നതും കേരളത്തിൽ പോലീസിന്റെ നിത്യകർമ്മങ്ങളായി മാറുന്ന ദുരവസ്ഥയാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും സമർത്ഥമായ പോലീസ് സേനയായിരുന്നു കേരളത്തിലെ പോലീസ് സേന. ഇന്ന് കാൽ കാശിന് കൊള്ളരുതാത്ത ഒരു സേനയായി നിങ്ങൾ ഇതിനെ മാറ്റിയിരിക്കുന്നു. പോലീസിന്റെ കുറ്റം പോലീസ് തന്നെ അന്വേഷിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പോലീസിന്റെ കുറ്റം പോലീസ് തന്നെ അന്വേഷിച്ചാൽ എവിടെ നീതി കിട്ടും? എത്രയോ

സുപ്രീംകോടതി വിധികളുണ്ട്; പോലീസ് കുറ്റം ചെയ്താൽ സ്വതന്ത്ര ഏജൻസികൾ അന്വേഷിച്ചാൽ മാത്രമേ യഥാർത്ഥ വസ്തുത പുറത്തുവരികയുള്ളുവെന്ന് എത്രയോ തവണ സുപ്രീംകോടതി വിധിച്ചിട്ടുള്ളത് ഞാൻ ഓർക്കുന്നു. കെവിന്റെ മരണം ഒരു 'cold blooded murder' ആണ്. കേരള സമൂഹത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത സംഭവമാണ് ദുരഭിമാനകൊല. ഉത്തരേന്ത്യയിൽ ദുരഭിമാനകൊല നടക്കുന്നുവെന്ന കേട്ടറിവാണ് നമുക്കുള്ളത്. പ്രായപൂർത്തിയായ ആളുകൾ പരസ്പരം സ്നേഹിച്ചുവെന്ന കുറ്റത്തിന്റെ പേരിൽ, ജാതിയുടെയും മതത്തിന്റെയും പേരിൽ അവരെ കൊല ചെയ്യുന്ന സംഭവം നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുവെന്നത് വേദനാജനകമാണ്. നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കേരളത്തിന്റെ മണ്ണിൽ നടന്ന ഏറ്റവും പൈശാചികമായ ഈ കൊലപാതകത്തിന് പോലീസ് കൂട്ടുനിന്നുവെന്നുള്ളത് അതീവ ഗുരുതരമായ കാര്യമാണ്. പോലീസിന്റെ ജോലി എന്താണ്? ബഹുമാനപ്പെട്ട സ്പീക്കർ, പൗരന്മാരുടെ ജീവനും സ്വത്തിനും സുരക്ഷ നൽകുകയല്ലേ പോലീസിന്റെ ജോലി? പോലീസ് ഈ കടമ നിറവേറ്റിയില്ല. പകരം എന്തു ചെയ്തു? കൊലപാതകികളിൽ നിന്നും കൈക്കൂലി വാങ്ങിയ ശേഷം ഇരയുടെ വീട് കാണിച്ചു കൊടുക്കുകയും തട്ടിക്കൊണ്ടുപോകാൻ കൂട്ടുനിൽക്കുകയും ചെയ്തു. കേരളത്തിൽ ഇതിനുമുമ്പ് എന്നെങ്കിലും ഇത്തരം സംഭവം ഉണ്ടായിട്ടുണ്ടോ? ഇപ്പോൾ എന്താണ് സംഭവിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. കെവിൻ കേസിലെ മുഴുവൻ പ്രതികൾക്കും പോലീസുകാർക്കും ജാമ്യം കിട്ടിയിരിക്കുന്നു, അമ്പരപ്പിക്കുന്ന കാര്യമാണിത്. അസാധാരണമായ വീഴ്ചയാണ് പോലീസിന് സംഭവിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടും ആ വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥന്മാർ പുഷ്പം പോലെ കോടതിയിൽ നിന്നും ജാമ്യം കിട്ടി ഇന്ന് ഇറങ്ങിനടക്കുകയാണ്. എന്തുനടപടിയാണ് നിങ്ങൾ സ്വീകരിക്കുന്നത്? ഗവൺമെന്റിന്റെ ആത്മാർത്ഥത ഇത്രയേയുള്ളൂ. കെവിൻ ഒളിച്ചിരിക്കുന്ന വീട് കാണിച്ചുകൊടുക്കുകയും കൊലയ്ക്ക് കൂട്ട് നിൽക്കുകയും ചെയ്ത പോലീസുകാർക്കെതിരെ എന്തുകൊണ്ട് ഗൂഢാലോചന കുറ്റം ചുമത്തിയില്ലെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു. അത്തരത്തിൽ കുറ്റം ചുമത്തിയിരുന്നെങ്കിൽ അവർക്ക് ജാമ്യം കിട്ടുമായിരുന്നില്ല. കെവിനെ തട്ടിക്കൊണ്ടുപോയ വിവരം എ.എസ്.ഐ. ബിജുവിന് അറിയാമായിരുന്നുവെന്ന് പോലീസ് അന്ന് കോടതിയിൽ കൊടുത്ത റിപ്പോർട്ടിലുണ്ട്. എന്നിട്ടും അയാൾക്ക് എങ്ങനെ ജാമ്യം കിട്ടി? ഇവിടെ മാത്രമല്ല, വരാപ്പുഴയിൽ ശ്രീജിത്തിനെ ചവിട്ടിക്കൊന്ന എസ്.ഐ.-യ്ക്ക് എങ്ങനെ ജാമ്യം കിട്ടി? ഇത് വളരെ അപകടകരമായ ഒന്നാണെന്നാണ് പോലീസിന് നൽകുന്ന സന്ദേശം. ആരെ കൊന്നാലും രക്ഷിക്കാൻ ആളുണ്ടെന്നുവരുന്നത് സമൂഹത്തിൽ, പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്ത് അരാജകത്വം വളർത്താനേ സഹായിക്കൂ. കെവിന്റെയും നീനുവിന്റെയും ദുരന്തകഥ കേരളത്തിന്റെ മന:സാക്ഷിയെ പൊള്ളിച്ച ഒന്നാണ്. ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ വച്ച് തന്റെ ഭർത്താവിനെ കാണാനില്ലെന്ന്

കരഞ്ഞുപറയുന്ന ആ സാധു യുവതിയുടെ മുഖം കേരള മനസ്സിലെന്നും ഒരു നൊമ്പരമായി നിൽക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. എന്തു തെറ്റാണ് ഈ കുട്ടികൾ ചെയ്തത്? ഈ പ്രണയം കൊലപാതകത്തിലെത്തുന്നതിന് മുമ്പുതന്നെ പോലീസിന്റെ അടുക്കലെത്തിയിരുന്നു. അന്ന് പോലീസ് പക്ഷം പിടിച്ചതുകൊണ്ടല്ലേ ഇത് സംഭവിച്ചത്. പ്രായപൂർത്തിയായ രണ്ടുപേർ, ഇത്തരത്തിൽ വിവാഹം കഴിച്ചവരെ സംരക്ഷിക്കുകയായിരുന്നില്ലേ പോലീസ് ചെയ്യേണ്ടിയിരുന്നത്. കെവിനെതിരെ ആക്രമണമുണ്ടാകുമെന്ന് എല്ലാവർക്കുമറി യാമായിരുന്നു. എന്തുകൊണ്ട് ഇത് തടയാൻ പോലീസിന് കഴിഞ്ഞില്ല? അതാണ് ഇവിടത്തെ പ്രശ്നം. അതുകഴിഞ്ഞ്, മകനെ പിടിച്ചുകൊണ്ടുപോയ വിവരം അക്രമികളുടെ പേര്, വാഹനത്തിന്റെ നമ്പർ സഹിതം പിതാവ് പോലീസ് സ്റ്റേഷനിൽ നൽകിയിട്ടും പോലീസ് അനങ്ങിയില്ല. അന്ന് എസ്.ഐ. പറഞ്ഞതെന്താണ്? മുഖ്യമന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്ക് പോയതുകൊണ്ട് ഈ പരാതി ഇന്ന് എടുക്കാൻ കഴിയില്ലെന്നാണ്. മുഖ്യമന്ത്രി പറഞ്ഞു, 'എന്റെ സുരക്ഷാകാര്യങ്ങൾ തീരുമാനിക്കുന്ന ആ ഡ്യൂട്ടിയിൽ ടി എസ്.ഐ. ഇല്ലായിരുന്നു' എന്ന്. പിന്നീട് അദ്ദേഹം പറഞ്ഞു, 'മുഖ്യമന്ത്രി പോയാൽ ലോക്കൽ എസ്.ഐ. വരില്ലേ' എന്ന്. പറഞ്ഞ കാര്യങ്ങൾ മാറ്റിമാറ്റി പറഞ്ഞതത് മുഖ്യമന്ത്രിയല്ലേ? ഈ സത്യം പുറത്തുവന്നതിന് മുഖ്യമന്ത്രി എന്തിനാണ് പ്രതിപക്ഷത്തോടും മാധ്യമങ്ങളോടും കോപിക്കുന്നത്?മാധ്യമപ്രവർത്തകരുടെയും പ്രതിപക്ഷത്തിന്റെയും തലയിൽ കുറ്റങ്ങൾ ആരോപിച്ച് രക്ഷപ്പെടാനാണ് മുഖ്യമന്ത്രി ശ്രമിച്ചത്. ബഹുമാന്യനായ മുഖ്യമന്ത്രി നാട് ഭരിക്കുമ്പോൾ ആരും സത്യം പറയരുതെന്നാണ് അങ്ങയുടെ ധാരണയെങ്കിൽ അത് വളരെ പ്രയാസകരമായൊരു കാര്യമാണ്. സത്യം പറയേണ്ടിവരും. മാധ്യമങ്ങളെയും പ്രതിപക്ഷത്തെയും ഭീക്ഷണിപ്പെടുത്താമെന്നാണെങ്കിൽ ഇത് കേരളമാണെന്ന കാര്യം മാത്രമേ എനിക്ക് അങ്ങയോട് പറയാനുള്ളൂ. 2016, മെയ് 4-ന് ജിഷാ കേസുണ്ടായ സമയത്ത് അങ്ങയുടെ ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് ഞാൻ വായിക്കാം. "സംഭവിക്കാൻ പാടില്ലാത്തതാണ് സംഭവിക്കുന്നത്. അതിന് ഉമ്മൻചാണ്ടി നേരിട്ട് കാർമ്മികത്വം വഹിക്കുകയാണ്. പോലീസ് സംവിധാനം മുഖ്യമന്ത്രിക്ക് അകമ്പടി സേവിക്കാൻ മാത്രമുള്ളതല്ല, പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുണ്ട്" എന്നാണ്. ആ ഫെയ്സ്ബുക്ക് പോസ്റ്റ് ഞാൻ അങ്ങയെ അനുസ്മരിപ്പിക്കുകയാണ്. മുഖ്യമന്ത്രിയുടെ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക മാത്രമല്ല പോലീസിന്റെ ചുമതല, കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകാനുള്ള ഉത്തവാദിത്തം അങ്ങേയ്ക്കുണ്ടെന്ന് അങ്ങയുടെ പോസ്റ്റ് തന്നെ ആവർത്തിക്കുകയാണ്. ഈ കേസ്സിൽ ഞാൻ രാഷ്ട്രീയം പറയാൻ ആഗ്രഹിച്ചതല്ല, കാരണം ഇത് കേരളത്തെ ഞെട്ടിച്ചൊരു സംഭവമാണ്. പക്ഷേ അങ്ങ് രാഷ്ട്രീയം പറഞ്ഞതുകൊണ്ട് എനിക്ക് പറയേണ്ടിവരും. ഈ കേസ്സിലെ

പ്രതികൾ ഡി.വൈ.എഫ്.ഐ.ക്കാരാണ്. അവരെയാണല്ലോ നമ്മുടെ എം.എൽ.എ. കൂടിയായ ഡി.വൈ.എഫ്.ഐ.യുടെ സംസ്ഥാന ജനറൽ സെക്രട്ടറി പുറത്താക്കിയത്. എന്തിനാണ് ഡി.വൈ.എഫ്.ഐ.ക്കാരെ പുറത്താക്കിയത്? അവർ ഡി.വൈ.എഫ്.ഐ. ക്കാരായതുകൊണ്ടല്ലേ? അല്ലാതെ അവർ യൂത്ത് കോൺഗ്രസ്സുകാരായതുകൊണ്ടാണോ പുറത്താക്കിയത്? കെവിനെ വേട്ടയാടാനും മോചിപ്പിക്കാനും ഓടിയത് ഡി.വൈ.എഫ്.ഐ.ക്കാരാണെന്ന് ഉറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ കേസ്സിലെ സി.പി.ഐ.(എം)-ന്റെ കള്ളക്കളി നാണംകെട്ടതാണ്. ഇരയ്ക്കും വേട്ടക്കാർക്കും ഒപ്പം ഓടുന്നത് ആരാണെന്ന് കോടതി ചോദിച്ചത് ഡി.വൈ.എഫ്.ഐ.ക്കാരെ ഉദ്ദേശിച്ചാണ്. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി സഞ്ജയ്ഖാന്റെ കാര്യം പറഞ്ഞു, ഡി.വൈ.എഫ്.ഐ.ക്കാരുടെ പേരിൽ വന്ന കുറ്റം മറയ്ക്കാൻവേണ്ടി യൂത്ത്കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് മെമ്പറുമായിരുന്ന സഞ്ജയ്ഖാന്റെ വീട് റെയ്ഡ് ചെയ്യാൻ പോയി. ആ പരാതിയാണ് ഞാൻ ബഹുമാന്യനായ ഡി.ജി.പി.ക്ക് കൊടുത്തിട്ടുള്ളത്. ഞങ്ങൾക്ക് ഇതിൽ മറച്ചുവയ്ക്കാനൊന്നുമില്ല. ആ ചെറുപ്പക്കാരൻ എന്നെ നേരിട്ട് കണ്ട് പരാതി എഴുതിത്തന്നു. ആ പരാതി ഡി.ജി.പി.ക്ക് ഞാൻ നേരിട്ട് ഫോർവേഡ് ചെയ്തു. അത് അന്വേഷിക്കേണ്ട കാര്യമാണ്. അനാവശ്യമായി അയാളുടെ വീട് എന്തിനാണ് റെയ്ഡ് ചെയ്തത്. ഡി.വൈ.എഫ്.ഐ.ക്കാരെ സംരക്ഷിക്കാൻവേണ്ടി യൂത്ത് കോൺഗ്രസ്സുകാരന്റെ വീട്ടിലുംകൂടെ റെയ്ഡ് ചെയ്ത്, ഇത് ചെയ്തത് യൂത്ത് കോൺഗ്രസ്സുകാരാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം അങ്ങേയറ്റം അപലപനീയമാണെന്നാണ് എനിക്ക് പറയാനുള്ളത്. കെവിനും കുടുംബവും സി.പി.ഐ. അനുഭാവികളാണ്. കെവിന്റെ പ്രണയം പോലീസ് സ്റ്റേഷനിൽ ചെന്ന് കയറിയപ്പോൾ ഒത്തുതീർപ്പിന് കൂടെ ചെന്നത് സി.പി.ഐ.(എം) -ന്റെ ആളുകളായിരുന്നു. പിന്നീട് കെവിനെ വേട്ടയാടാൻ ചെന്ന കൊലയാളി സംഘത്തിലുണ്ടായതും ഡി.വൈ.എഫ്.ഐ.ക്കാർ തന്നെയാണ്. ഇത് ജനങ്ങൾ മനസ്സിലാക്കുന്ന കാര്യമാണ്, കെവിൻ അക്രമികളെ പേടിച്ച് ഒളിച്ചിരുന്ന അനീഷിന്റെ വീട് എവിടെയാണെന്ന് പറഞ്ഞുകൊടുത്തതും സി.പി.ഐ. (എം)കാർ തന്നെയാണ്. ഇവിടെ ഇല്ലാത്ത ആളായതുകൊണ്ട് ഞാൻ ആ പേര് പറയുന്നില്ല. അത് പോലീസ് അന്വേഷിക്കേണ്ട കാര്യമാണ്. അന്വേഷിക്കട്ടെ. കെവിനെ കൊലപ്പെടുത്തിയശേഷം രാവിലെ പോലീസ് സ്റ്റേഷനിൽ കെവിന്റെ പിതാവും മറ്റും പരാതികൊടുക്കാൻ ചെന്നത് ഈ ഡി.വൈ.എഫ്.ഐ.-ക്കാരോടൊപ്പമായിരുന്നു. കൊല്ലാനും രക്ഷിക്കാനും ഒരേ സംഘടന തന്നെയാണെന്നതാണ് ഇതിനകത്തെ ഏറ്റവും കൗതുകകരമായ കാര്യം. ഇന്ന് കേരളത്തിലെ പോലീസിന് ഭ്രാന്ത് പിടിച്ചിരിക്കുകയാണ്. ഇന്ന് ജനങ്ങൾക്ക് പേടിയാണ്. പോലീസ് സ്റ്റേഷനിലേയ്ക്ക് ജീവനോടെ നടന്നുപോകുന്നവൻ മൂക്കിൽ പഞ്ഞിവച്ച് ശവമായി തിരിച്ചുവരുന്ന കാഴ്ചയാണ് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഉത്തരവാദിത്തം ആർക്കാണ്? 'എസ്.പി.യെ ഞാൻ മാറ്റി' എന്ന് ബഹുമാന്യനായ മുഖ്യമന്ത്രി

പറഞ്ഞു. ആരെയും വ്യക്തിപരമായി പറയുന്നത് ശരിയല്ല, എനിക്ക് അറിയാവുന്ന ഉദ്യോഗസ്ഥന്മാരാണ്. ആ ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കേണ്ട ജോലിയേ കൊടുക്കാവൂ. ചില ജോലികളിൽ അവർ പ്രാവീണ്യം നേടിയവരാണ്. അത് കൊടുക്കാതെ ലോ ആൻഡ് ഓർഡറിൽ കൊടുത്താലുള്ള ദുരന്തമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. രണ്ട് വർഷം കൊണ്ട് അഞ്ച് തവണ എസ്.പി.മാരെ മാറ്റി. കുഴപ്പങ്ങൾ പോലീസിലല്ലേ, അല്ലാതെ പ്രതിപക്ഷത്തിന്റേതോ മാധ്യമങ്ങളുടേതോ ആണോ? പോലീസിന്റെ തലപ്പത്തിരിക്കുന്ന ആളുകളുടെ ഗുരുതരമായ തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് മനസ്സിലാക്കി തിരുത്തുക എന്നത് അങ്ങേയ്ക്കുള്ള ഉത്തരവാദിത്തമാണെന്ന് ഞാൻ കരുതുന്നു. ഒരു കാര്യം എനിക്ക് പറയാനുണ്ട്, അവിടെ സത്യാഗ്രഹം ഇരുന്നപ്പോൾ ഞാനും ശ്രീ. ഉമ്മൻചാണ്ടിയും മാണിസാറും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അവിടെ പോയി എന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ അവിടെ പോകാൻ ബാദ്ധ്യസ്ഥരല്ലേ? സത്യത്തിൽ ആ സ്റ്റേഷന് അകത്തോ പരിസരത്തോ പോകാൻ ഇഷ്ടപ്പെടാത്ത ആളാണ് ഞാൻ. പക്ഷേ അവിടത്തെ ജനക്കൂട്ടം വികാരവായ്പോടുകൂടി നിന്നതുകൊണ്ടാണ് ഞങ്ങൾ അതിനകത്ത് കയറിയത്. ഇല്ലെങ്കിൽ ഒരിക്കലും അതിനകത്ത് കയറില്ലായിരുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു, 'ആ ദിവസത്തിന്റെ പ്രത്യേകത കൊണ്ടാണ് എന്ന്. ആ ദിവസത്തിന്റെ പ്രത്യേകത എന്താണെന്ന് എല്ലാവർക്കുമറിയാം, ചെങ്ങന്നൂർ തെരഞ്ഞെടുപ്പായിരുന്നു. ചെങ്ങന്നൂരിൽ ഒരു തെരഞ്ഞെടുപ്പിൽ വിജയിച്ചുവെന്ന് കരുതി ബഹുമാന്യനായ മുഖ്യമന്ത്രി അഹങ്കരിക്കേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ ആവശ്യമില്ല. തിരുവമ്പാടി തെരഞ്ഞെടുപ്പിൽ ശ്രീ. ജോർജ് എം. തോമസ് 225 വോട്ടിന് ജയിച്ചശേഷം, കേരളത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കണ്ണൂർ, എറണാകുളം, ആലപ്പുഴ, പിറവം, നെയ്യാറ്റിൻകര, അരുവിക്കര, മലപ്പുറം, വേങ്ങര തുടങ്ങി നടന്ന എട്ട് തെരഞ്ഞെടുപ്പിലും യു.ഡി.എഫ്. ആണ് ജയിച്ചത്. ഒരു തെരഞ്ഞെടുപ്പിൽ തോറ്റാൽ ഒലിച്ചുപോകുന്ന പ്രസ്ഥാനമല്ല യു.ഡി.എഫ്. എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആ കാര്യത്തിൽ ഒരു സംശയവും വേണ്ട. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ തോറ്റശേഷം 2015 ജൂൺ 30-ന് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ഒരു പോസ്റ്റ് ഞാൻ വായിക്കാം. "കേരളത്തിലെ പൊതുവായ അന്തരീക്ഷം വച്ചല്ല, യു.ഡി.എഫ്. ജയിക്കേണ്ട സാഹചര്യമില്ല. മാത്രമല്ല, നല്ല രീതിയിൽ പരാജയപ്പെടേണ്ടതായിരുന്നു. എന്തുകൊണ്ട് യു.ഡി.എഫ്. ജയിക്കാനിടയായി. സ്വാഭാവികമായും പരിശോധിക്കേണ്ട കാര്യമാണ്. ഇതുപോലെ ജനവികാരം എതിരായ ഒരു സർക്കാർ ഒരു കാലത്തും കേരളത്തിൽ അധികാരത്തിലുണ്ടായിട്ടില്ല. പക്ഷേ ജനവികാരം എന്തുകൊണ്ട് അരുവിക്കരയിൽ പ്രതിഫലിച്ചില്ല. അരുവിക്കരയിലെ ജനങ്ങളിലും സർക്കാരിനെതിരായ വികാരം ഇല്ലെന്ന് ആർക്കും പറയാൻ കഴിയില്ല.

കാർത്തികേയന്റെ മരണത്തിനുശേഷം നടന്ന ഉപതെരഞ്ഞെടുപ്പ് ആയതിനാൽ സ്വാഭാവികമായും സഹതാപമുണ്ടാകും. എന്നാൽ അതിനെയെല്ലാം കവച്ചുവയ്ക്കുന്ന ജനവികാരമാണ് സർക്കാരിനെതിരായുള്ളത്. ആ ജനവികാരത്തെ അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ നീക്കങ്ങൾ കാലേക്കൂട്ടി യു.ഡി.എഫ്.ന്റെ ഭാഗത്തുനിന്നുണ്ടായി. ജനവികാരത്തെ അട്ടിമറിക്കാനുള്ള ആ നീക്കത്തിന് വിജയം നേടാൻ കഴിഞ്ഞുവെന്നതാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്." ഇതേ വാചകമാണ് എനിക്ക് ശ്രീ. പിണറായി വിജയനോട് പറയാനുള്ളത്. ചെങ്ങന്നൂരിലെ തെരഞ്ഞെടുപ്പിനെപ്പറ്റി അങ്ങയുടെ അരുവിക്കരയിലെ വിലയിരുത്തൽ തന്നെയാണ് എനിക്കുള്ളത്. ഈ രണ്ടുവർഷക്കാലത്തെ ജനവിരുദ്ധ സർക്കാരിനെ ചെങ്ങന്നൂരിലെ ജനങ്ങൾ ഉൾക്കൊള്ളുന്നുണ്ട് എന്നതാണ് സത്യം. ആ ജനവികാരം പ്രതിഫലിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് സത്യമാണ്. അതിന് വേറെ കാരണങ്ങളുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അതിലേക്ക് കടക്കേണ്ട സമയമുണ്ട്, ഞാൻ കടക്കും. എനിക്ക് പറയാനുള്ളത് അത് മാത്രമാണ്. അതുകൊണ്ട് ഇതെല്ലാം കഴിഞ്ഞുവെന്ന് ധരിക്കേണ്ട, ഇതൊരു തുടക്കമാണ്. ഞാൻ അതാണ് 10 വർഷക്കാലത്തെ തെരഞ്ഞെടുപ്പ് ചരിത്രം ചൂണ്ടിക്കാണിച്ചത്. ആ 10 തെരഞ്ഞെടുപ്പിൽ 8 തെരഞ്ഞെടുപ്പിലും ജയിച്ചത് ഞങ്ങളാണ്. എന്റെ പഞ്ചായത്തിലെ എന്റെ ബൂത്തിൽ ഞാൻ പരാജയപ്പെട്ട കാര്യം അങ്ങ് പറഞ്ഞു, .....(ബഹളം).... ഞാൻ പറയാം.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...അങ്ങയുടെ വാക്കൗട്ട് സ്പീച്ചാണിത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 2009-ലെ ലോക് സഭാ തെരഞ്ഞെടുപ്പിൽ ശ്രീ. കെ. കെ. രാഗേഷ് മത്സരിച്ചപ്പോൾ ശ്രീ. പിണറായി വിജയന്റെ വീട് നിൽക്കുന്ന ബൂത്തിൽ സി.പി.ഐ.(എം) രണ്ടാമതായിപ്പോയി. ചുവപ്പുകോട്ടയായ ധർമ്മടം മണ്ഡലത്തിലെ 57-ാം നമ്പർ ബൂത്തിൽ സി.പി.ഐ.(എം)-ന് 412 വോട്ട്, ശ്രീ. കെ. സുധാകരന് 457 വോട്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എന്റെ വീട് നിൽക്കുന്ന ബൂത്തിൽ ഒരുകാലത്തും ഞാൻ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിലല്ലാത്ത മറ്റൊരാൾക്കും ഭൂരിപക്ഷമുണ്ടായിട്ടില്ല. ഒരു കാലത്തുമില്ല, എല്ലാകാലത്തും അവിടെ തമ്പിംഗ് മെജോറിറ്റിയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയുടെ വീട് നിൽക്കുന്ന 57-ാം നമ്പർ ബൂത്തിനെപ്പറ്റിയാണ് ഞാൻ പറയുന്നത്. ധർമ്മടം മണ്ഡലത്തിലെ 57-ാം നമ്പർ ബൂത്തിൽ സി.പി.ഐ.(എം)-ന് 412 വോട്ടും 457 വോട്ട് ശ്രീ. കെ. സുധാകരനും നേടി. ഞാൻ ഇവിടെ ഇരിക്കുന്ന പലരുടെയും ബൂത്തിന്റെ കാര്യം പറയാം. ഞാൻ 30 വർഷമായി തിരുവനന്തപുരത്താണ് താമസിക്കുന്നത്....(ബഹളം).....

<u>മി. സ്പീക്കർ</u>: അങ്ങയുടെ വാക്കൗട്ട് സ്പീച്ചാണിത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ പലരുടെയും ബൂത്തിനെപ്പറ്റി ഞാൻ പറയാം. എന്റെ മാന്യത കൊണ്ട് ഞാനത് പറയുന്നില്ല. ഞാൻ തിരുവനന്തപുരത്തെ താമസക്കാരനാണെങ്കിലും എന്റെ നാട്ടിലെ ബൂത്തിൽ നിന്നും മാറിയിട്ടില്ല. ഞാൻ രണ്ടുതവണ മാവേലിക്കരയിൽ നിന്നും പാർലമെന്റിലേയ്ക്ക് മത്സരിച്ചു. രണ്ടുതവണയും എന്റെ പഞ്ചായത്തിലും എന്റെ ബൂത്തിലും എനിക്ക് ഭൂരിപക്ഷമായിരുന്നു. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങയുടെ ആ പ്രസംഗം വളരെ നിലവാരം താഴ്ന്നതായിപ്പോയി എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ മത്സരിച്ച എല്ലാ തെരഞ്ഞെടുപ്പിലും, രണ്ട് തെരഞ്ഞെടുപ്പിൽ ഒഴികെ (ഒന്നിൽ നാലായിരം വോട്ടിനും മറ്റൊന്നിൽ ആറായിരം വോട്ടിനും) ഒന്നിൽ ശ്രീ. കെ. സുരേഷ് കുറുപ്പിനോടും മറ്റൊന്ന് മാവേലിക്കരയിലും- അങ്ങനെ രണ്ടുതവണ മാത്രമേ ഞാൻ പരാജയപ്പെട്ടിട്ടുള്ളൂ. എന്റെ നാട്ടിലും എന്റെ പ്രദേശത്തും എനിക്കുള്ള അംഗീകാരം ജനങ്ങൾക്കറിയാവുന്നതാണ്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, കഴിഞ്ഞ 10 വർഷത്തിനിടയിൽ നിങ്ങൾക്ക് ഒരേയൊരു തെരഞ്ഞെടുപ്പിൽ മാത്രമേ ജയിക്കാൻ കഴിഞ്ഞുള്ളൂ. അത് ഇതാണ്. ഇതിന്റെ പേരിൽ നിങ്ങൾ അഹങ്കരിക്കേണ്ട. ശക്തമായ തിരിച്ചടി യു.ഡി.എഫ്. നിങ്ങൾക്ക് നൽകുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. ഇവിടത്തെ പ്രധാന കാര്യം, കെവിന്റെ കൊലപാതകത്തിൽ പോലീസ് സ്വീകരിച്ച തെറ്റായ നടപടിയാണ്. അത് മറച്ചുവയ്ക്കാനാണ് മുഖ്യമന്ത്രി യൂത്ത് കോൺഗ്രസ്സുകാരുടെ കാര്യം രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ട് ഇത് ഒരു കാരണവശാലും കേരളാ പോലീസ് അന്വേഷിച്ചാൽ തെളിയില്ല. കേരളാ പോലീസിനെ ഇക്കാര്യത്തിൽ വിശ്വാസത്തിലെടുക്കാൻ കഴിയില്ല. എസ്.പി. ഉൾപ്പെടെയുള്ള ആളുകൾ ഇക്കാര്യത്തിൽ കുറ്റക്കാരാണ്. പോലീസ് സംവിധാനത്തിന്റെ ഗുരുതരമായ വീഴ്ചയാണ് ഈ സംഭവത്തിന് കാരണം. ഈ ദുരഭിമാനക്കൊല കേരളാ പോലീസിന്റെ സംഭാവനയാണ്. അതുകൊണ്ടുതന്നെ ഈ കേസ് സി.ബി.ഐ. അന്വേഷിച്ചേ മതിയാകൂ എന്ന് ഞാൻ ആവർത്തിച്ചു പറയാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യം അംഗീകരിക്കാൻ കഴിയില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

(ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ ബാനറുകൾ ഉയർത്തിപ്പിടിച്ച് ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

# VI. ശ്രദ്ധ ക്ഷണിക്കൽ

## കടലാക്രമണ പ്രതിരോധ നടപടികൾ

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിലെ തീരദേശ മേഖല വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 550 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശമാണ് കേരളത്തിന്റേത്. 14 ജില്ലകളിലെ 9 ജില്ലകളിലും കടൽത്തീരമുണ്ട്. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ജില്ല കണ്ണൂരാണ്. കേരളത്തിലെമ്പാടും തീരദേശ മേഖലയിലെ ജനങ്ങൾ കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. .......(ബഹളം).....

## (അടിയന്തര പ്രമേയ ...... തുടർച്ച)

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കൽ വിളിച്ചുപോയി. ശ്രീ. കെ. എം. മാണി സാർ, പ്രതിപക്ഷം വാക്കൗട്ട് ചെയ്യുന്നില്ല. അങ്ങ് വാക്കൗട്ട് ചെയ്യുകയാണോ? നിങ്ങൾ സീറ്റിലിരിക്കൂ. അദ്ദേഹം ഒരു മിനിട്ടുകൊണ്ട് പറഞ്ഞ് അവസാനിപ്പിക്കട്ടെ.

ശ്രീ. കെ. എം. മാണി: സർ, യഥാർത്ഥ പ്രശ്നമെന്ന് പറയുന്നത്, 'എന്റെ ഭർത്താവിനെ തട്ടിക്കൊണ്ടുപോയി' എന്നുപറഞ്ഞുകൊണ്ട് ആ ചെറുപ്പക്കാരി പോലീസ് സ്റ്റേഷനിൽ രാവിലെ പരാതി കൊടുത്തിട്ട് പോലീസ് കേസെടുക്കാൻ താമസിച്ചു. താമസിച്ചില്ലായിരുന്നുവെങ്കിൽ ഈ ദാരുണ സംഭവം ഉണ്ടാകുമായിരുന്നില്ല. അതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റ് ഏറ്റെടുക്കണം. അതുകൊണ്ട് ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറുന്ന ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## (ശ്രദ്ധക്ഷണിക്കൽ.......തുടർച്ച)

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ മൊത്തം കടൽത്തീരം ഏതാണ്ട് 550 കിലോമീറ്ററാണ്. 14 ജില്ലകളിൽ 9 ജില്ലകളിലും കടൽത്തീരം ഉണ്ട്. ഇപ്പോൾ പ്രതികൂലമായ കാലാവസ്ഥയാണ്. കാലാവസ്ഥ നമുക്ക് predict ചെയ്യാൻ സാധിക്കുന്നില്ല. പല ഘട്ടങ്ങളിലായിട്ടാണ് മഴ പെയ്യുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഏറ്റവും ജനസാന്ദ്രമായ തീരദേശങ്ങളിലെ ജനങ്ങൾ ആധിയിലും

വലിയ പ്രയാസത്തിലുമാണ്. കേരളത്തിന്റെ കടലോരത്തോട് ചേർന്ന് ജീവിക്കുന്ന ജനങ്ങൾക്ക് വലിയ പ്രയാസം നേരിട്ടുകൊണ്ടിരിക്കുകയാണ്. കടലോരത്ത് മത്സ്യത്തൊഴിലാളികൾ മാത്രമല്ല സാധാരണജനങ്ങളും ജീവിച്ചു കൊണ്ടിരിക്കുകയാണ്. കാലം തെറ്റി പെയ്യുന്ന മഴ, ഓഖി,സുനാമി തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ എന്നിവ ഈ മേഖലയിലുണ്ടാക്കിയ ദുരന്തത്തിന്റെ ഭയാനക അനുഭവങ്ങൾ ഇന്നും നമ്മെ വിട്ടുമാറിയിട്ടില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെ തീരദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താൻ സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ അതിനേക്കാൾ കൂടുതൽ ജാഗ്രത ഇനിയും സർക്കാർ കാണിക്കേണ്ടതുണ്ട്. അവരുടെ സുരക്ഷയ്ക്ക് വലിയ തുകതന്നെ മാറ്റിവച്ചുവെന്ന് ഞാൻ മനസ്സിലാക്കുന്നു. പക്ഷെ ഈ തുകകൊണ്ട് മാത്രം കേരളത്തിലെ തീരദേശ മേഖലയിൽ ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുകയില്ല. ഞാൻ നേരത്തേ സൂചിപ്പിച്ചു, കണ്ണൂർ ജില്ല ഏറ്റവും കൂടുതൽ തീരദേശമുള്ള ജില്ലയാണ്. അവിടത്തെ ജനങ്ങൾ വലിയ പ്രതിസന്ധിയിലാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള കടലോര മേഖലയിൽ വലിയ രീതിയിൽ കടലാക്രമണം നടന്നു കൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കാൻ കടൽഭിത്തി നിർമ്മാണം അനിവാര്യമാണ്. കടൽഭിത്തി നിർമ്മാണം ത്വരിതഗതിയിൽ നടത്താൻ സർക്കാർ ഇടപെടണം. അവിടെ അധിവസിക്കുന്ന ജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കണ്ണൂർ ജില്ലയിലെ തലശ്ശേരി, ധർമ്മടം, കല്യാശ്ശേരി മണ്ഡലത്തിന്റെ ഭാഗമായ തീരദേശ മേഖല എന്നിവിടങ്ങളിലെ ജനങ്ങൾ വലിയ പ്രയാസം അനുഭവിക്കുകയാണ്. കടൽ കയറിക്കൊണ്ടിരിക്കുന്നു. ജനജീവിതം ദുരിതപൂർണ്ണമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഈ ബഹളം വയ്ക്കുന്ന എം.എൽ.എ.-മാർക്കും ഇത് ബാധകമാണ്. ഇവിടെ സഭ സ്തംഭിപ്പിക്കുന്ന എം.എൽ.എ.-മാർക്കും തീരദേശ മേഖലയിലെ എം.എൽ.എ.-മാരെയും ബാധിക്കുന്ന വിഷയമാണ് ഈ സഭയിൽ ഞാൻ ശ്രദ്ധ ക്ഷണിക്കലായി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ബഹുമാന്യരായ പ്രതിപക്ഷം ഒന്നുരണ്ട് മിനിട്ടെങ്കിലും മൗനമായിരിക്കണം. കാരണം നിങ്ങളെക്കൂടി ബാധിക്കുന്ന, ശ്രീ. ഹൈബി ഈഡനെ ബാധിക്കുന്ന, അതുപോലെ പല എം.എൽ.എ.-മാരെയും ബാധിക്കുന്ന വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ് ....അങ്ങയുടെ വിഷയം പറയൂ.

(ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. എ. എൻ. ഷംസീർ: സർ, അടിയന്തര പ്രാധാന്യത്തോടുകൂടി സംസ്ഥാന സർക്കാർ ഇതിൽ ഇടപെടണം. കടൽഭിത്തി നിർമ്മാണത്തിന് ആവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കടൽഭിത്തി നിർമ്മാണമാണ് പരിഹാരം. പലപ്പോഴും പുലിമുട്ടുകൾ നിർമ്മിക്കുന്നുണ്ട്. പക്ഷെ പുലിമുട്ടുകൾ നിർമ്മിക്കാത്ത ഭാഗത്ത് പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഈ സാഹചര്യത്തിൽ കേരളത്തിലെ തീരദേശ മേഖലയിലെ ജനങ്ങളെ സംരക്ഷിക്കാൻ കടൽഭിത്തി നിർമ്മാണം അനിവാര്യമാണ്. ആ കടൽഭിത്തി നിർമ്മാണത്തിന്റെ പ്രവർത്തനം വളരെ പെട്ടെന്ന് ആരംഭിക്കാൻ, എന്റെ മണ്ഡലമുൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജനങ്ങളെ രക്ഷിക്കാൻ, ജീവിതം ദുരിതപൂർണ്ണമാകുന്ന ജനങ്ങൾക്ക് ജീവിക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്ന് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കേരളത്തിന്റെ മൊത്തം കടൽത്തീരത്തിലെ 576 കിലോമീറ്ററിൽ 366 കിലോമീറ്ററും കടൽ ഭിത്തി കെട്ടി സംരക്ഷിച്ചിരുന്നതാണ്. ഇതിൽ 125 കിലോമീറ്റർ നീളം കടൽഭിത്തിക്ക് പുനരുദ്ധാരണ ജോലികൾ ആവശ്യമാണ്. കടൽഭിത്തിയില്ലാത്ത 210 കിലോമീറ്ററിൽ ഏകദേശം 187 കിലോമീറ്ററോളം കടലാക്രമണം രൂക്ഷമല്ലാത്ത സ്ഥലങ്ങളാണ്. ശേഷിക്കുന്ന 23 കിലോമീറ്റർ കടൽത്തീരം സംരക്ഷിക്കുന്നതിന് പുതിയ നിർമ്മാണങ്ങൾ ആവശ്യമുണ്ട്.

2017 നവംബർ, ഡിസംബർ മാസങ്ങളിലായി തീരമേഖലയിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റും കടുത്ത മഴയുംമൂലം പല നിർമ്മാണങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ ആഴ്ചകളിൽ ഉണ്ടായ കടൽക്ഷോഭത്തിൽ തീരദേശ ജില്ലകളിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കടൽ 30 മുതൽ 40 മീറ്റർ വരെ കരഭാഗത്തേയ്ക്കു കയറിവന്നിട്ടുണ്ട്. ചിലയിടത്ത് ഇതിലും കൂടുതലായി കടൽ കയറ്റം ഉണ്ടായിട്ടുണ്ട്. തീരദേശ മേഖലയിലെ നിരവധി വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുകയും ചിലത് ഭാഗികമായി തകരുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മന്ത്രിസഭായോഗംതന്നെ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ സ്ഥലം കണ്ടെത്തി വീടുകൾ നിർമ്മിക്കുന്നതിന് പ്രായോഗികമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള Rubble mount seawall നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കിവരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിച്ചുവരുന്നു. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി, ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം, അനുമതിക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നൽകുന്നതിന് എല്ലാ ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണഭിത്തികളില്ലാത്ത സ്ഥലങ്ങളിൽ Central Water and Power Research Station (CWPRS) IIT-യിൽനിന്നും design ലഭ്യമാക്കിയാണ് അനുയോജ്യമായ സ്ഥലങ്ങളിൽ കടൽഭിത്തിയും ഗ്രോയിനുകളും നിർമ്മിച്ചുവരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ ശാസ്ത്രീയ രീതിയിലുള്ള കടലാക്രമണ പ്രതിരോധ നടപടികളുടെ ഭാഗമായി രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു.

പാറയുടെ ദൗർലഭ്യം പരിഗണിച്ച് ജിയോ ട്യൂബിൽ മണൽ നിറച്ചുള്ള കടൽഭിത്തികളും നിർമ്മിച്ചുവരുന്നു. എന്നാൽ ജിയോ ട്യൂബ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേന ജിയോ ട്യൂബ് വാങ്ങി ശേഖരിച്ച് അത്യാവശ്യ സാഹചര്യങ്ങളിൽ ലഭ്യമാക്കി യുദ്ധകാലാടിസ്ഥാനത്തിൽ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശവും സജീവ പരിഗണനയിലാണ്.

എറണാകുളം ജില്ലയിൽ വൈപ്പിൻ, എടവനക്കാട് മേഖലയിൽ 4 പുലിമുട്ടുകൾക്കും 3.77 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. ചെല്ലാനം മേഖലയിൽ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന് 8 കോടി രൂപയുടെ 5 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്.

ഉത്തര മേഖലയിൽ Gabion box ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കടലാക്രമണ പ്രവൃത്തികൾക്കായി പ്ലാൻ ഹെഡ്ഡിൽ 46 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെങ്കിലും ആവശ്യമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ നിർദ്ദേശിച്ചിട്ടുണ്ട്.

കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിലും മറ്റും ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് തലശ്ശേരിയുടെ തീരദേശത്തും കടലാക്രമണം രൂക്ഷമായി അനുഭവപ്പെട്ടു. ഇതിന്റെ ഫലമായി തലശ്ശേരിയിലെ പ്രധാനപ്പെട്ട വാണിജ്യ മേഖലയായ മത്സ്യ മാർക്കറ്റ്, കടൽപ്പാലം, തലശ്ശേരി ജനറൽ ആശുപത്രിയുടെ പിൻഭാഗം എന്നീ ഭാഗങ്ങളിൽ രൂക്ഷമായ തീരശോഷണം സംഭവിക്കുകയും ഇവ അപകട ഭീഷണിയിലാവുകയും ചെയ്തു. ആശുപത്രിയിലെ കുട്ടികളുടെ വാർഡ് ഒഴിപ്പിച്ച് അവിടെയുള്ളവരെ മാറ്റിപ്പാർപ്പിച്ചു.

2018 മാർച്ച് മാസം ആദ്യ ദിവസങ്ങളിലും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കടലാക്രമണം രൂക്ഷമായിട്ടുണ്ട്. ഇതിന്റെ ഫലമായി മത്സ്യ മാർക്കറ്റിന് സമീപമുള്ള റോഡിന്റെ സംരക്ഷണഭിത്തി ചില ഭാഗങ്ങളിൽ തകർന്നിട്ടുണ്ട്. ഇവിടെയുള്ള ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറും തകർന്നുവീഴുകയും തുടർന്ന് മാറ്റി സ്ഥാപിക്കുകയും ചെയ്തു. താൽക്കാലിക ഷെഡ്ഡുകൾ തകരുകയും മരങ്ങൾ കടപുഴകുകയും ചെയ്തിട്ടുണ്ട്. ഇവിടെ സമീപവാസികളായ ജനങ്ങൾ കടലാക്രമണ ഭീഷണിയിലാണ്. മത്സ്യ മാർക്കറ്റിന് സമീപം 90 മീറ്റർ നീളത്തിലും ജനറൽ ആശുപത്രിക്ക് പിൻഭാഗം 82 മീറ്റർ നീളത്തിലും താൽക്കാലിക സംരക്ഷണ പ്രവൃത്തിക്കുള്ള കോർവാൾ നിർമ്മിക്കുന്നതിനുള്ള രണ്ട് പ്രവൃത്തികൾക്ക് 51 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമായി മത്സ്യമാർക്കറ്റ് മുതൽ ജവഹർഘട്ട് വരെ തലശ്ശേരി ജനറൽ ആശുപത്രിക്ക് പുറകുവശത്ത് 255 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 247 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകംതന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ കടലാക്രണം നേരിടുന്നതിന് ബഡ്ജറ്റ് വിഹിതത്തിൽ കൂടുതൽ തുക ചെലഴിച്ചുകഴിഞ്ഞു. കൂടുതൽ പ്രവൃത്തികൾ ആവശ്യമനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, നേരത്തെ ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ തലശ്ശേരി ബ്രിട്ടീഷുകാരുടെ കാലത്തേയുള്ള പൈതൃകനഗരമാണ്. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ടില്ലെങ്കിൽ ആ പൈതൃകനഗരം കടലെടുക്കും. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് സ്വാതന്ത്ര്യ

സമരത്തിൽ പങ്കെടുത്ത പ്രദേശമാണ് ജവഹർഘട്ട് എന്ന് നേരത്തെ ഇവിടെ പരാമർശിക്കുകയുണ്ടായി. ആ ജവഹർഘട്ട് കടലെടുത്തു കൊണ്ടുപോകുകയാണ്. ഈ ജൂൺ മാസത്തിൽ ശക്തമായ കടലാക്രമണമുണ്ടായാൽ 200 വർഷത്തിലേറെ പഴക്കമുള്ള തലശ്ശേരി ജനറൽ ആശുപത്രി ഉൾപ്പെടെ പൂർണ്ണമായും നാമാവശേഷമാകും. അതുകൊണ്ട് ഇതിന് സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായ ഇടപെടൽ ഉണ്ടാകണം. ഭരണാനുമതിക്കുവേണ്ടി കൊടുത്തുവെന്നാണ് പറയുന്നത്. അതിൽ ബഹുമാനപ്പെട്ട മന്ത്രിയും അനുമതി നൽകേണ്ട വകുപ്പുമന്ത്രിയുമെല്ലാം ഇടപെടണം. തലശ്ശേരിയോട് തൊട്ടുകിടക്കുന്ന ധർമ്മടം മണ്ഡലത്തിന്റെ ഭാഗമായ മുഴപ്പിലങ്ങാട്, ധർമ്മടം മേഖലയിലും ഇതേ വിഷയമുണ്ട്. അതുകൊണ്ട് ഇത് ഗൗരവത്തിൽ കാണാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, കഴിഞ്ഞ വർഷങ്ങളേക്കാൾ രൂക്ഷമായ രീതിയിലാണ് ഈ വർഷം കടലാക്രമണമുണ്ടായത്. കൂടുതൽ കരപ്രദേശം കടലെടുത്തുകൊണ്ടിരിക്കുകയാണ്. ഓരോ വർഷവും ഇത് വർദ്ധിച്ചുവരികയാണ്. ഗവൺമെന്റ് ഇത് വളരെ ഗൗരവമായാണ് കാണുന്നത്. സാധ്യമായ നടപടികളൊക്കെ ഇക്കാര്യത്തിൽ സ്വീകരിക്കുന്നുണ്ട്. വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ മാത്രമല്ല മന്ത്രിസഭതന്നെ ഇക്കാര്യങ്ങൾ ഗൗരവമായി ചർച്ച ചെയ്യുകയും കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഭാവി പ്രവർത്തനങ്ങളിൽ അടിയന്തര പരിഗണന നൽകി, ചെയ്യാൻ കഴിയുന്ന പ്രവൃത്തികൾ ഗവൺമെന്റ് ഏറ്റെടുക്കുന്നതാണ്.

(ശ്രീ. കെ. എസ്. ശബരീനാഥൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## VII. സബ്മിഷൻ

### (1) ശബരിമല വിമാനത്താവളം

ശ്രീ. രാജു എബ്രഹാം: സർ, ശബരിമല വിമാനത്താവളം ഏറെ പ്രതീക്ഷയോടെയാണ് കേരളത്തിലെയും തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, ഒറീസ്സ അടക്കമുള്ള സംസ്ഥാനങ്ങളിലെയും ജനങ്ങൾ കാണുന്നത്. മധ്യതിരുവിതാംകൂറുകാർക്കും ശബരിമല തീർത്ഥാടകർക്കും മാത്രമല്ല, കേരളത്തിലെയും തൊട്ടടുത്ത തമിഴ്നാട്ടിലെയും യാത്രക്കാർക്ക് 365 ദിവസവും പ്രയോജനപ്പെടുന്ന വിമാനത്താവളമെന്ന നിലയിൽക്കൂടി കേരളത്തിലെ അഞ്ചാമത്തെ ഇന്റർനാഷണൽ എയർപോർട്ടായ ശബരിമല വിമാന ത്താവളത്തിന്റെ പ്രസക്തിയേറുകയാണ്. ഈ സഭയിൽ ഞാൻ

നേരത്തെസബ്മിഷൻ ഉന്നയിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തുകൊണ്ട് ഏകദേശം 5 കോടി രൂപയോളം മുടക്കി അമേരിക്കൻ കമ്പനിയായ ലൂയിസ് ബർഗർ എന്ന കൺസൾട്ടിംഗ് കമ്പനിയെ വിമാനത്താവളത്തിന്റെ പഠന റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ചു. ആ റിപ്പോർട്ട് ലഭിക്കുമെന്നാണ് കഴിഞ്ഞ സഭയിൽ ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയത്. ആ റിപ്പോർട്ട് ലഭിച്ചുകാണും. വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള അനന്തര നടപടികൾ അടിയന്തരമായി ആരംഭിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഏകദേശം എല്ലാ കാര്യവും ബഹുമാനപ്പെട്ട അംഗംതന്നെ പറഞ്ഞിട്ടുണ്ട്. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തി പദ്ധതിക്കാവശ്യമായ അംഗീകാരം, അനുമതി എന്നിവ ഒമ്പത് മാസത്തിനകം ലഭ്യമാക്കണമെന്ന വ്യവസ്ഥയിലാണ് ലൂയിസ് ബർഗർ എന്ന കൺസൾട്ടിംഗ് കമ്പനി കെ.എസ്.ഐ.ഡി.സി.-യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## (2) ജെസ്ന മരിയ ജെയിംസിന്റെ തിരോധാനം

ശ്രീ. പി. സി. ജോർജ്: സർ, ശബരിമല വിമാനത്താവളത്തിന് പേര് നിശ്ചയിച്ചോ എന്ന് എനിക്ക് സംശയമുണ്ട്. എരുമേലി പഞ്ചായത്തിലാണ് വിമാനത്താവളം വരുന്നത്. അതുംകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം പരിഗണിക്കണം.

മുക്കൂട്ടുതറയിലുള്ള കുമാരി ജെസ്ന മരിയ ജെയിംസ് എന്ന വിദ്യാർത്ഥിനിയുടെ തിരോധാനമുണ്ടായിട്ട് 75 ദിവസമായി. ഗവൺമെന്റ് പല പ്രാവശ്യം അന്വേഷണച്ചുമതല മാറ്റി സംസ്ഥാന പോലീസ് മേധാവിക്കുവരെ കൊടുത്തുവെങ്കിലും നാളിതുവരെയായി ആ പെൺകുട്ടി എവിടെയെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ ആളുകൾ നഷ്ടപ്പെടുന്ന സാഹചര്യം കേരള സംസ്ഥാനത്ത് ഉണ്ടാകുന്നതിന്റെ പ്രശ്നമെന്തെന്നുപോലും പരിശോധിക്കേണ്ടിയിരിക്കുന്നു. ഞാൻ കുമാരി ജെസ്ന മരിയ ജെയിംസിന്റെ കാര്യം മാത്രമായി ചൂണ്ടിക്കാണിക്കുന്നുവെങ്കിലും ഇപ്പോൾ കേരളത്തിന്റെ പലഭാഗത്തും ഇതുപോലെ ആളുകൾ കാണാതാകുന്ന സാഹചര്യമുണ്ട്. ഗവൺമെന്റ് വളരെ ശക്തമായി

ഇടപെടണം. കുമാരി ജെസ്ന മരിയ ജെയിംസിന്റെ കാര്യത്തിൽ ഗവൺമെന്റ് വളരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽപ്പോലും ആ കുട്ടി എവിടെയെന്ന് വ്യക്തമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആ കുട്ടിയെ പലയിടത്തും കണ്ടുവെന്ന് പലരും പറയുന്നുണ്ടെങ്കിലും അതൊക്കെ അവിശ്വസനീയമാണെന്നാണ് എന്റെ അഭിപ്രായം. ആ കുട്ടിയെ കണ്ടുവെന്ന് പറയുന്നവരെ വിളിച്ച് ക്വസ്റ്റ്യൻ ചെയ്താൽ പറയുന്നത് ശരിയാണോ എന്ന് അറിയാൻ കഴിയും. ഞാൻ മനസ്സിലാക്കിയിടത്തോളം, ആ പെൺകുട്ടിയുടെ വീട്ടിൽ പിതാവും സഹോദരിയും സഹോദരനും മാത്രമാണുള്ളത്. ആ വീട്ടിലെ നാലാമത്തെ ആളാണ് കാണാതായ പെൺകുട്ടി. ആ മൂന്നുപേരെക്കൂടി ചോദ്യം ചെയ്യേണ്ടതായിട്ടില്ലേ; എന്തുകൊണ്ടാണ് അതിന് പോലീസ് മടിച്ചുനിൽക്കുന്നത്; സ്വാഭാവികമായി ഒരു കുഞ്ഞിനെ കാണാതെ പോയാൽ ആ വീട്ടുകാർക്ക് അതിലെന്ത് ഉത്തരവാദിത്വം ഉണ്ടെന്നുകൂടി പരിശോധിക്കണ്ടേ? ഈ പെൺകുട്ടിയുടെ തിരോധാനം കേരളത്തിന്റെ മുമ്പിൽ വലിയ വേദനയായി നിൽക്കുകയാണ്. ഗവൺമെന്റ് അടിയന്തരമായി പ്രശ്നത്തിന് പരിഹാരമുണ്ടാക്കി പെൺകുട്ടി എവിടെയെന്ന് കണ്ടെത്താനുള്ള നടപടി സ്വീകരിക്കണമെന്ന് താഴ്മയായി അഭ്യർത്ഥിക്കുകയാണ്.

11.00 AM.]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പ്രകടിപ്പിച്ച ഉത്കണ്ഠയോടൊപ്പം സംസ്ഥാന സർക്കാരും ചേരുകയാണ്. ഇക്കാര്യത്തിൽ തിരുവനന്തപുരം റേഞ്ച് ഐ.ജി.-യുടെ മേൽനോട്ടത്തിൽ സൈബർ വിദഗ്ദ്ധൻമാരും വനിതാ പോലീസ് ഇൻസ്പെക്ടർമാരും അടങ്ങുന്ന 15 അംഗ സ്പെഷ്യൽ പോലീസ് ടീം അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നുണ്ട്. അന്വേഷണ ഘട്ടത്തിൽ ബഹുമാന്യനായ അംഗം മുന്നോട്ടുവച്ച നിർദ്ദേശവും അവർ പരിഗണിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.[1]

## (3) ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനുമുള്ള തടസ്സം നീക്കൽ

ശ്രീ. ജോർജ് എം. തോമസ്: സർ, കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ നാല് വാർഡുകളിലായി 9 സർവ്വേ നമ്പരുകളിൽ രണ്ടായിരത്തിലധികം വരുന്ന ചെറുകിട കർഷകരുടെ കൈവശഭൂമിക്ക് പട്ടയമോ ആധാരമോ കൊടുക്കുന്നത് കോഴിക്കോട് സബ്കോടതി O.S. 346/1989-ാം നമ്പർ കേസ് പ്രകാരം തടഞ്ഞിരിക്കുകയാണ്. ശ്രീ. മുഹമ്മദ് അഷ്റഫ്, സ്റ്റേറ്റ് ജനറൽ സെക്രട്ടറി, ജനമിത്ര കുടുംബക്ഷേമ നീതിവേദി എന്നൊരാൾ കൊടുത്ത വ്യാജ

1 അനുബന്ധമായി ചേർത്തിട്ടുണ്ട്.

പരാതിയുടെ അടിസ്ഥാനത്തിലാണ് കോടതി ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മാസം 13-ാം തീയതി മുതൽ അവിടെ നികുതി സ്വീകരിക്കുന്നതിനും മറ്റ് കാര്യങ്ങൾ ചെയ്യുന്നതിനും ജനങ്ങളെ തടസ്സപ്പെടുത്തിക്കൊണ്ട് വിധി വന്നിരിക്കുകയാണ്. ഇത് ഏകപക്ഷീയമായിട്ടുള്ള വിധിയാണ്. അതിനെതിരെ അപ്പീൽ കൊടുത്ത് ഈ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കണം. നേരത്തെ തന്നെ അവിടെ സർവ്വേ 1/1, 100/1 തുടങ്ങിയ പ്രദേശങ്ങളിലെ പട്ടയത്തിന്റെ പ്രശ്നം വളരെ രൂക്ഷമായി നിൽക്കുകയാണ്. അതിന് പുറമെയാണ് ഇപ്പോൾ രണ്ടായിരത്തിലേറെ ആളുകളെ ബാധിക്കുന്ന ഈ പ്രശ്നംകൂടി വന്നുചേർന്നിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിച്ച്, മേൽ കോടതികളിൽ അപ്പീൽ സമർപ്പിച്ച് കൈവശക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കോഴിക്കോട് സബ്കോടതിയുടെ O.S. 346/89, I.A.748/18 നമ്പർ ഇൻജംഗ്ഷൻ ഓർഡർ പുതുപ്പാടി വില്ലേജ് ഓഫീസർക്ക് ആമീൻ മുഖാന്തരം ലഭിച്ചിരുന്നു. ആയതുപ്രകാരം ജില്ലാ നിയമ ഓഫീസറിൽനിന്നും നിയമോപദേശം ആരാഞ്ഞതിൽ നികുതി സ്വീകരിക്കുന്നതിനും കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും തടസ്സമില്ല എന്ന ഉപദേശം ലഭിച്ചതിന്റെയും കൂടാതെ പുതുപ്പാടി ഈങ്ങാപ്പുഴ ഭൂമി കൈവശക്കാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടും കൈവശ സർട്ടിഫിക്കറ്റ് നൽകാനും നികുതി സ്വീകരിക്കാനും 28-04-2018-ന് താമരശ്ശേരി തഹസിൽദാർ പുതുപ്പാടി വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപറഞ്ഞ കേസിൽ റവന്യൂ വകുപ്പ് കക്ഷിയല്ല എന്ന വിവരവും ബോധിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (4) സിനിമാ തിയേറ്ററുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച്

ശ്രീ. എം. രാജഗോപാലൻ: സർ, ആദ്യകാലങ്ങളിൽ സിനിമയുമായി എത്തിയവരെ ജനം ഭ്രാന്തൻമാരെന്നും മന്ത്രവാദികളെന്നും പറഞ്ഞ് ഓടിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വെള്ളിത്തിരയിലെ ചലിക്കുന്ന രൂപങ്ങൾ ഭൂതങ്ങളാണെന്നുവരെ അന്ന് പലരും കരുതി. പിന്നീട് സിനിമ ഏറെ വളർന്ന് ജനകീയമായി. ഇന്ന് നമ്മെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന ഒന്നായി സിനിമ മാറിയിരിക്കുകയാണ്. എന്നാൽ ഈ മേഖലയിൽ വിസ്മയകരമായ പുരോഗതി

കൈവരിക്കുമ്പോഴും ഗ്രാമപ്രദേശങ്ങളിലെ തിയേറ്ററുകൾ അനുദിനം അടച്ചുപൂട്ടേണ്ടി വരികയാണ്. കേരളത്തിൽ ഇന്ന് ശരാശരി 120-ഓളം തിയേറ്ററുകൾ 'ബി' ക്ലാസ് തിയേറ്ററുകളാണെന്നാണ് മനസ്സിലാക്കുന്നത്. ഇവ ഇന്ന് വലിയ പ്രതിസന്ധികൾ നേരിടുകയാണ്. തിയേറ്ററുകളുടെ കുത്തകവൽക്കരണം, സാറ്റലൈറ്റ് റിലീസ്, വ്യാജ സി.ഡി., ഇന്റർനെറ്റ് എന്നിവയെല്ലാം 'ബി' ക്ലാസ് തിയേറ്ററുകളുടെ പ്രതിസന്ധികളെ മൂർച്ഛിപ്പിക്കുന്നതാണ്. പൊതുവെ ഈ രംഗത്ത് ഇതിന്റെ പുരോഗതി കൈവരിക്കാനുള്ള ഇടപെടലുകൾ വളരെ ശ്രദ്ധേയമാണ്. ഗ്രാമങ്ങളിലെ ജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ ആസ്വദിക്കാൻ കഴിയുന്ന വിനോദമാണ് സിനിമ. അതുകൊണ്ടുതന്നെ ഗ്രാമപ്രദേശങ്ങളിലെ തിയേറ്ററുകൾ നിലനിൽക്കേണ്ടത് ആവശ്യമാണ്. 'എ' ക്ലാസ് തിയേറ്ററുകളിൽ റിലീസ് ചെയ്യുന്ന സിനിമകൾ ശരാശരി 50 ദിവസമെങ്കിലും കഴിഞ്ഞാലേ 'ബി' ക്ലാസ് തിയേറ്ററുകൾക്ക് ഇന്ന് കൈമാറുന്നുള്ളൂ. സാമ്പത്തിക നേട്ടം കൈവരിക്കാൻ സാധ്യതയുള്ള നല്ല സിനിമയാണെങ്കിൽ 90 ദിവസം കഴിഞ്ഞാൽ സാറ്റലൈറ്റ് സംപ്രേഷണം നൽകുകയും ചെയ്യും. സാമ്പത്തിക നേട്ടമില്ലാത്തവയാണെങ്കിൽ ഒരു മാസം കഴിഞ്ഞാൽത്തന്നെ സാറ്റലൈറ്റ് സംപ്രേഷണത്തിന് നൽകുകയാണ്. 'ബി' ക്ലാസ് തിയേറ്ററുകളിൽ സിനിമ എത്തുമ്പോഴേക്കും ടി.വി.-യിൽ സംപ്രേഷണം ചെയ്യുന്ന സ്ഥിതിയുമുണ്ട്. ഇത് 'ബി' ക്ലാസ് തിയേറ്ററുകളിൽ പ്രേക്ഷകരില്ലാത്ത സ്ഥിതിയും ഉണ്ടാക്കുകയാണ്. ഇതുകൊണ്ടുതന്നെ ഇവർ അടച്ചുപൂട്ടലിനെ ആശ്രയിക്കുകയാണ്. കാസർഗോഡ് ജില്ലയിൽമാത്രം മുപ്പതോളം 'ബി' ക്ലാസ് തിയേറ്ററുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ മൂന്നെണ്ണം മാത്രമാണ് ബാക്കിയുള്ളത്. അതേസമയം 'എ' ക്ലാസ് തിയേറ്ററുകളിൽ ഒരു ദിവസംതന്നെ രണ്ടോ മൂന്നോ സിനിമകൾ പ്രദർശിപ്പിക്കുമ്പോഴാണ് ഗ്രാമപ്രദേശങ്ങളിലെ തിയേറ്ററുകൾക്ക് ഈ ഗതി അനുഭവിക്കേണ്ടി വരുന്നത്. ഇതിന് പുറമേ റിലയൻസ്, കാർണിവൽ സിനിമ, കോൺഫിഡൻസ് ഗ്രൂപ്പ്, മെട്രോ ഗ്രൂപ്പ് പോലുള്ള വൻകിട കമ്പനികൾ വ്യാപകമായി സിനിമാ തിയേറ്ററുകൾ ലീസിനെടുത്ത് ഈ മേഖലയെ കുത്തകവൽക്കരിക്കുകയാണ്. ഈ പ്രതിസന്ധി നിറഞ്ഞ ഘട്ടത്തിൽ സർക്കാർ ഇത് പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടി വളരെ ശ്രദ്ധേയമാണ്. തിയേറ്ററുകളെ ക്ലാസ്സിഫൈ ചെയ്യുന്നതിനുവേണ്ടി സർക്കാർ ചില ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. 3 മേഖലാ കമ്മിറ്റി രൂപീകരിച്ച് ഉത്തരവിറക്കുകയും 399 തിയേറ്ററുകൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മറ്റെല്ലാ മേഖലയേയും സംരക്ഷിക്കാൻ സാംസ്കാരിക വകുപ്പുമന്ത്രി മുൻകയ്യെടുക്കുന്നതുപോലെതന്നെ ഗ്രാമീണ മേഖലയിലെ തിയേറ്ററുകൾ അടച്ചുപൂട്ടാതിരിക്കാനുള്ള മുൻകരുതൽ എന്നുള്ള നിലയിലും ശക്തമായ

ഇടപെടലുകൾ നടത്തി ഈ മേഖലയിലെ തിയേറ്ററുകൾ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരളത്തിലെ ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലുമുള്ള നോൺ എ.സി. തിയേറ്ററുകളിൽ പുതിയ ചിത്രങ്ങൾ റിലീസിംഗിന് നൽകുന്നതിൽ നിർമ്മാതാക്കളും വിതരണക്കാരും വിമുഖത കാണിക്കുന്നു എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.സി. തിയേറ്ററുകളിൽ മാത്രമേ സിനിമകൾ റിലീസ് ചെയ്യാവൂ എന്ന് സർക്കാർ പ്രത്യേകം നിർദ്ദേശം നൽകിയിട്ടില്ല. സിനിമാ സംഘടനകളുടെ ഏകപക്ഷീയമായ നിലപാടാണ് ഇതിന് കാരണം. എ.സി./നോൺ എ.സി. തിയേറ്ററുകൾ ഉൾപ്പെടെയുള്ള എല്ലാ തിയേറ്ററുകളിലും വൈഡ് റിലീസ് എന്ന ആശയം സർക്കാർ പരിശോധിക്കുന്നതാണ്. സിനിമാ മേഖലയിൽ നിലനിൽക്കുന്ന ഇത്തരത്തിലുള്ള അനഭിലഷണീയ പ്രവണതകളും തീരുമാനങ്ങളും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകൾ സിനിമാ റെഗുലേഷൻ അതോറിറ്റിയുടെ നിയമനിർമ്മാണ ഘട്ടത്തിൽ പരിശോധിക്കുന്നതാണ്.

ഗ്രാമീണ മേഖലയിൽ നല്ല സിനിമയുടെ പ്രോത്സാഹനം ഉദ്ദേശിച്ച് കേരളത്തിലുടനീളം 100 സർക്കാർ തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വിട്ടുനൽകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. ഇത്തരത്തിൽ നീലേശ്വരം, പയ്യന്നൂർ, അളഗപ്പ നഗർ, കുത്താട്ടുകുളം, വൈക്കം, കായംകുളം, പുനലൂർ, ഏറ്റുമാനൂർ, താനൂർ എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

## (5) നെയ്യാറ്റിൻകര താലൂക്ക് തിരുവനന്തപുരം ആർ.ഡി.ഒ.-യിൽ നിലനിർത്തുന്നത് സംബന്ധിച്ച്

ശ്രീ. കെ. ആൻസലൻ: സർ, പുതുതായി ആരംഭിച്ച നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസിന്റെ കീഴിൽ നെയ്യാറ്റിൻകര താലൂക്കിനെ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് നെടുമങ്ങാട് എത്തണമെങ്കിൽ വളരെയേറെ യാത്രാ അസൗകര്യങ്ങൾ ഉണ്ടെന്ന് മാത്രമല്ല, ഏകദേശം

45 കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽ മാത്രമേ റവന്യൂ ഓഫീസിൽ എത്താൻ കഴിയുകയുള്ളൂ. രണ്ടും മൂന്നും ബസ്സുകൾ കയറിയാണ് സാധാരണക്കാർക്ക് അവിടെ എത്താൻ കഴിയുന്നത്. മുമ്പുണ്ടായിരുന്ന തിരുവനന്തപുരത്തെ കുടപ്പനക്കുന്നിലെ കളക്ടറേറ്റിനോടൊപ്പം തന്നെ നെയ്യാറ്റിൻകര താലൂക്കിനെക്കൂടി റവന്യൂ ഡിവിഷണൽ ഓഫീസിന്റെ ഭാഗമാക്കി നിലനിർത്തുന്നതിന് ആവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇതുമായി ബന്ധപ്പെട്ട് അവിടെ പ്രാദേശികമായി ഹർത്താലും മറ്റു കാര്യങ്ങളും വ്യാപകമായ അധിക്ഷേപവും, പ്രത്യേകിച്ച് ഗവൺമെന്റിനെതിരായ കുറ്റപ്പെടുത്തലുകളും എല്ലാംതന്നെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രൂപത്തിലേക്ക് പോകുന്ന ആ പ്രശ്നം ബഹുമാനപ്പെട്ട അങ്ങ് ഗൗരവമായി പഠിച്ച് ഇക്കാര്യത്തിൽ ഒരു പുനഃപരിശോധന നടത്തി നെയ്യാറ്റിൻകര താലൂക്കിനെക്കൂടി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിന്റെ ഭാഗമാക്കി പഴയതുപോലെ കുടപ്പനക്കുന്നിൽ നിലനിർത്തുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുന്നതിന് വേണ്ടി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റേയും പ്രസ്തുത ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിന്റേയും അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിൽ പുതിയ റവന്യൂ ഡിവിഷനുകൾ രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് സർക്കാർ ഉത്തരവ് 45/2018/റവ. 6-2-2018-ലെ പ്രകാരം നെടുമങ്ങാട്, ഇരിങ്ങാലക്കുട, വടകര, തളിപ്പറമ്പ്, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ ഓരോന്നു വീതം പുതിയ അഞ്ച് റവന്യൂ ഡിവിഷൻ യഥാക്രമം തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ രൂപീകരിക്കുന്നതിനും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുകയുണ്ടായി. നെടുമങ്ങാട് ആസ്ഥാനമായി രൂപീകരിച്ച റവന്യൂ ഡിവിഷണൽ ഓഫീസ് 30-3-2018-ൽ പ്രവർത്തനം ആരംഭിച്ചു. അപ്രകാരം റവന്യൂ ഡിവിഷൻ ആരംഭിച്ചപ്പോൾ നെയ്യാറ്റിൻകര താലൂക്കിനെ, പുതിയതായി രൂപീകരിച്ച നെടുമങ്ങാട് റവന്യൂ ഡിവിഷന്റെ കീഴിലാണ് ഉൾപ്പെടുത്തിയത്. നെയ്യാറ്റിൻകര പ്രദേശത്തുള്ള ആളുകൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നും 50 കിലോമീറ്റർ ദൂരം സഞ്ചരിച്ചാണ് നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസിൽ എത്തിച്ചേരേണ്ടതെന്നും എന്നാൽ 25 കിലോമീറ്റർ മാത്രം സഞ്ചരിച്ച് കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരാൻ കഴിയുമായിരുന്നുവെന്നും ആയതിനാൽ നെയ്യാറ്റിൻകര താലൂക്കിനെ

തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ തന്നെ നിലനിർത്തണമെന്നുമുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിന്റെ കിഴക്കൻ ഭാഗങ്ങളിൽ നിന്നും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസിലേക്ക് 50 കിലോമീറ്റർ ദൂരമാണുള്ളത്. എന്നാൽ നെയ്യാറ്റിൻകര താലൂക്കിൽ കുടപ്പനക്കുന്നിനേക്കാൾ നെടുമങ്ങാടിനോടടുത്തുള്ള നിരവധി പ്രദേശങ്ങളുണ്ട്. നെയ്യാറ്റിൻകരയിൽ നിന്ന് ബസ് മാർഗ്ഗം നെടുമങ്ങാട് എത്താൻ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നു. എന്നാൽ റവന്യൂ ഡിവിഷണൽ ഓഫീസ് കൂടി ആരംഭിച്ച സാഹചര്യത്തിൽ നേരിട്ടുള്ള ബസ്സുകളുടെ സർവ്വീസ് തുടങ്ങുന്നതോടെ ദൂരക്കൂടുതൽ ഉണ്ടാകില്ല. ഈ സാഹചര്യത്തിൽ നെയ്യാറ്റിൻകര താലൂക്കിനെ തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ നിലനിർത്തണമെന്ന ആവശ്യമുള്ളതായി കാണുന്നില്ലെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയത്തിന്റെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിക്കുന്നതും ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

## (6) യു.ജി.സി.-യുടെ പുതിയ നിബന്ധന

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന ഒരു പ്രധാന വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. സർവ്വകലാശാലകളിലെ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ അംഗീകാരത്തിന് യു.ജി.സി. ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിബന്ധന കേരളത്തിലെ വിദൂര പഠന മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കി യിരിക്കുകയാണ്. NAAC അക്രഡിറ്റേഷൻ പ്രകാരം 3.26-ന മുകളിൽ ഗ്രേഡ് പോയിന്റുള്ള സർവ്വകലാശാലകൾ മാത്രമേ ഇനി വിദൂര പഠന കേന്ദ്രങ്ങൾ നടത്താൻ പാടുള്ളൂ എന്നാണ് യു.ജി.സി.-യുടെ നിബന്ധന. ഇപ്രകാരം സംസ്ഥാനത്ത് ഒരു സർവ്വകലാശാലയ്ക്കും വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്താനാകില്ല. കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പ്രത്യേകിച്ച് മലബാർ മേഖലയിലും കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലയിലുള്ള പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് ഈ വിദൂര പഠന കേന്ദ്രത്തിന് കീഴിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്നത്. കുറഞ്ഞ ഫീസിൽ പഠിക്കാൻ കഴിയുമെന്നതാണ് ഇതിന്റെ മെച്ചം. മാത്രമല്ല കോളേജുകളുടെയും കോഴ്സുകളുടെയും എണ്ണം അവിടെ വളരെക്കുറവാണ്. ഈ മേഖലയെ ആശ്രയിച്ച് നിരവധി പാരലൽ കോളേജുകളുമുണ്ട്. അത്തരം കോളേജുകളെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന ആയിരക്കണക്കിന് ആളുകൾക്കും ഈ തീരുമാനം ദോഷകരമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായി ഇടപെടണം, എച്ച്.ആർ.ഡി. മിനിസ്റ്ററെ കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊണ്ട്, യു.ജി.സി.-യുടെ ഈ തീരുമാനം തിരുത്തിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, യു.ജി.സി.-യുടെ പുതിയ നിബന്ധന നിലവിൽ വന്നതുമൂലം കേരളത്തിലെ വിദൂര വിദ്യാഭ്യാസ രംഗത്ത് പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. വിശദമായ മറുപടി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു[2].

## (7) തസ്തിക സൃഷ്ടിക്കലും സ്ഥലം ഏറ്റെടുക്കലും

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യമുണ്ടാക്കുന്നതിന്റെ ഭാഗമായി കരുനാഗപ്പള്ളി താലൂക്കിൽ 2015-ൽ അനുവദിച്ച തഴവ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് 2016-ൽ പ്രവർത്തനം ആരംഭിച്ചു. കോളേജിനുവേണ്ടി നോട്ടിഫൈ ചെയ്ത സ്ഥലം ഏറ്റെടുക്കുന്നതിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. പ്രസ്തുത കോളേജിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി കിഫ്ബിയിൽ നിന്നും തുക അനുവദിച്ചുവെങ്കിലും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റീ-നോട്ടിഫിക്കേഷൻ നടപടികൾ നാളിതുവരെ നടത്തിയിട്ടില്ലാത്തതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും കഴിഞ്ഞിട്ടില്ല. പ്രസ്തുത കോളേജിന് ആവശ്യമായ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നത് സർക്കാർ നിയമിച്ചിട്ടുള്ള സ്പെഷ്യൽ ഓഫീസറുടെ ചുമതലയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സഹായത്തോടെയാണ്. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ പാഠ്യേതര മേഖലയിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തത് വിദ്യാർത്ഥികളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. മേൽ വിവരിച്ച കാരണങ്ങളാൽ കോളേജ് വളരെയധികം പ്രതിസന്ധിയിലാണ്. ആയതിനാൽ കോളേജിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ എത്രയും വേഗം നൽകണമെന്നും അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ നിശ്ചയിച്ച് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, തഴവ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് പുതിയ വസ്തു കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അത്യാവശ്യ തസ്തികകളിലേയ്ക്ക് കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. എൻ.എസ്.എസ്. ഓഫീസർക്ക് കോളേജിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. വിശദമായ മറുപടി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.[3]

---

2 & 3 അനുബന്ധമായി ചേർത്തിട്ടുണ്ട്.

## VIII. മേശപ്പുറത്തുവച്ച കടലാസുകൾ

(i) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2)പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2018 | 22 | ദി കേരള ഹൈക്കോർട്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്,2018 | അല്ല |

(ii) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ.ടി.തോമസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2)പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2018 | 30 | 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി)ഓർഡിനൻസ് | അല്ല |

(iii) ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യൂ ടി.തോമസ്):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2)പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2018 | 21 | ദി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്,2018 | അല്ല |

(iv) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2)പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2018 | 33 | ദി കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലെക്സ് ആന്റ് ദി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് (ടേക്കിംഗ് ഓവർ ദി മാനേജ്മെന്റ്ആന്റ് അഡ്മിനിസ്ട്രേഷൻ) ഓർഡിനൻസ്, 2018 | അല്ല |

(v) തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2)പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2018 | 20 | ദി അബ്കാരി (അമെന്റ്മെന്റ്) ഓർഡിനൻസ്,2018 | അല്ല |

(vi) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2)പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2018 | 28 | ദി ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അമെന്റ്മെന്റ്) ഓർഡിനൻസ്,2018 | അല്ല |

(vii) വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2018 | 23 | 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് | അല്ല |
| 2 | 2018 | 24 | ദി ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 3 | 2018 | 25 | 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 4 | 2018 | 26 | ദി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 5 | 2018 | 27 | ദി കേരള യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2018 | അല്ല |
| 6 | 2018 | 36 | 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് | അല്ല |
| 7 | 2018 | 37 | 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും താൽക്കാലിക ബദൽ ക്രമീകരണം) (ഭേദഗതി) ഓർഡിനൻസ് | അല്ല |

(viii) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2018 | 29 | ദി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ് )ഓർഡിനൻസ്, 2018 | അല്ല |
| 2 | 2018 | 31 | 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 3 | 2018 | 32 | 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 4 | 2018 | 34 | 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് | അല്ല |
| 5 | 2018 | 35 | 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് | അല്ല |

## IX. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

(i)2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാംഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി.സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി)

ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാംഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിച്ചിട്ടില്ല, ചർച്ചയില്ല.

2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ..........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയക്കുന്നു.

2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ..........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ 5-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.18-ന് പിരിഞ്ഞു.)

# അനുബന്ധം I

## പി.സി. ജോർജ് എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടിയുടെ ബാക്കി ഭാഗം മേശപ്പുറത്തുവച്ചത്

22-3-2018-ൽ പത്തനംതിട്ട, സന്തോഷ്കവല, ഒമ്പതാം കോളനിയിൽ ജെയിംസിന്റെ മകൾ ജെസ്നയെ കാൺമാനില്ല എന്ന പരാതിയിന്മേൽ വെച്ചൂച്ചിറ പോലീസ് സ്റ്റേഷനിൽ ക്രൈം 201/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

വെച്ചൂച്ചിറ പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള ആദ്യ അന്വേഷണത്തെത്തുടർന്ന് റാന്നി പോലീസ് ഇൻസ്പെക്ടർ, പെരുനാട് പോലീസ് ഇൻസ്പെക്ടർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രത്യേക പോലീസ് സംഘങ്ങൾ അന്വേഷണം ഏറ്റെടുത്ത് നടത്തിവന്നിരുന്നതുമാണ്. തുടർന്ന് തിരുവല്ല ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ പോലീസ് ടീം ഈ കേസിന്റെ അന്വേഷണം കൈമാറി.

ഇതിനകം ഒരു ലക്ഷത്തോളം ഫോൺകോളുകൾ പരിശോധിച്ചിട്ടുള്ളതും ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തെയും പത്രങ്ങളിൽ ലുക്കൗട്ട് നോട്ടീസ് ഉൾപ്പെടെ വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ബാംഗ്ലൂർ, മൈസൂർ, വേളാങ്കണ്ണി, തിരുപ്പൂർ, കാഞ്ചീപുരം എന്നീ സ്ഥലങ്ങളിലും അന്വേഷണത്തിനായി ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നു.

കുമാരി ജെസ്ന വിദേശത്തേയ്ക്ക് പോയിട്ടുണ്ടോ എന്നറിയുന്നതിന് റീജിയണൽ പാസ്പോർട്ട് ഓഫീസർമാരുമായി ബന്ധപ്പെട്ടും അന്വേഷണം നടത്തി വരുന്നു.

ഇപ്പോൾ തിരുവനന്തപുരം റേഞ്ച് ഐ.ജി.-യുടെ മേൽനോട്ടത്തിൽ സൈബർ വിദഗ്ധരും വനിതാ പോലീസ് ഇൻസ്പെക്ടറും അടങ്ങുന്ന പതിനഞ്ചംഗ അംഗ സ്പെഷ്യൽ പോലീസ് ടീം ഈ കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

# അനുബന്ധം-II

## ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവച്ചത്

സർവ്വകലാശാലകളുടെ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനായി നാക് അക്രഡിറ്റേഷനിൽ 3.26 മുതൽ മുകളിലേയ്ക്ക് ഗ്രേഡ് പോയിന്റ് നേടിയിരിക്കണം. അല്ലാത്ത പക്ഷം റീ അക്രഡിറ്റേഷൻ 2019-ന് മുൻപ് എടുത്ത് ഈ ഗ്രേഡിംഗ് നേടിയിരിക്കണം എന്ന യു.ജി.സി.-യുടെ പുതിയ നിബന്ധന നിലവിൽ വന്നതുമൂലം 2018-19 വർഷത്തെ വിദൂര

വിദ്യാഭ്യാസകോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. കേരളത്തിലെ സർവ്വകലാശാലകൾക്കൊന്നുംതന്നെ നിലവിൽ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള ഗ്രേഡ് പോയിന്റ് നേടുവാൻ സാധിച്ചിട്ടില്ല. ഇത് കേരളത്തിലെ വിദൂര വിദ്യാഭ്യാസ രംഗത്ത് പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

# അനുബന്ധം-III

## ശ്രീ. ആർ. രാമചന്ദ്രൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവച്ചത്

കരുനാഗപ്പള്ളി താലൂക്കിൽ 2016-ൽ പ്രവർത്തനം ആരംഭിച്ച തഴവ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനുവേണ്ടി നോട്ടിഫൈ ചെയ്ത കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തഴവ ഗ്രാമപഞ്ചായത്തിലെ പാവുമ്പ പ്രദേശത്ത് അംബേദ്കർ കോളനിക്ക് സമീപമുള്ള 5 ഏക്കർ സ്ഥലം കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുയോജ്യമല്ലാത്തതിനാലും, ഉടമസ്ഥരിലൊരാൾ റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതിനാലും വസ്തുവിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതിനാലും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ വസ്തു കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത കോളേജിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ, അത്യാവശ്യ തസ്തികകളിലേയ്ക്ക് കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രസ്തുത കോളേജിൽ എൻ.സി.സി, എൻ.എസ്.എസ്. തുടങ്ങിയ പാഠ്യേതര മേഖലകളിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമാനുസൃത അപേക്ഷ എൻ.സി.സി. അഡീഷണൽ ഡയറക്ടർക്കും സ്റ്റേറ്റ് എൻ.എസ്.എസ്. ഓഫീസർക്കും കോളേജിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്. 2022